എന്നെയൊരുക്കു നീ

ആത്മാവിന്റെ ഭക്തിഭാവവും സാക്ഷാത്കാരവും

ഡോ. ഫ്രാൻസീസ് വിനീത് സി.എം.എ.

എന്നെയൊരുക്കൂ നീ

ആത്മാവിന്റെ ഭക്തിഭാവവും സാക്ഷാത്കാരവും

കവർ ചിത്രം

ചെളിയിൽ ജനിച്ച്, ജലത്തിൽ ജീവിച്ച്, വിടരാൻ കൊതിക്കുന്ന ചെന്താമര ഉദയസൂര്യനോട് യാചിക്കുന്നു: 'നിന്നിൽ വിരിയുവാൻ എന്നെയൊരുക്കു നീ'യെന്ന്.

പാപത്തിൽ പിറന്ന്, ലോകത്തിൽ വളർന്ന്, ദൈവസായൂജ്യം ആഗ്രഹിക്കുന്ന ആത്മാവും പ്രാർത്ഥിക്കുന്നു: 'നിന്നിൽ വിരിയുവാൻ എന്നെയൊരുക്കു നീ'യെന്ന്.

ആർട്ടിസ്റ്റ് : ഡേവിഡ്, സ്മൃതി ഡിസൈൻ, തൃശ്ശൂർ

എന്നെയൊരുക്കൂ നീ

ആത്മാവിന്റെ ഭക്തിഭാവവും സാക്ഷാത്കാരവും

ഡോ. ഫ്രാൻസീസ് വിനീത് സി. എം. ഐ.

DHARMARAM COLLEGE LIBRARY
Ac. No. 77445
Call No.

Title: **ENNE ORUKKU NEE**
(Malayalam)

Author: Dr. Francis Vineeth CMI

Copyright: Author

First Edition: 2007

Published by: Vidyavanam Publications
Bangalore
&
Maria Publications
Bangalore

Printed at: Matha Prints
Bangalore

ISBN: 81-902749-6-1

Price: Rs.125.00

Maria Publications
4/1-24, II Main, Bridavan Nagar, Ramaiah Gardens, Bangalore- 560 029
Tel. 080-26840026, 41310081, 41508981
E-mail: mariapublications@yahoo.com

ഉള്ളടക്കം

ഗുരുവിന്റെ കാലടികൾ തേടി 7
ആമുഖം 15
ആസ്വാദനം 17
അവതാരിക 19
എന്നെയൊരുക്കൂ നീ 25

അദ്ധ്യായം ഒന്ന്: ആദ്യ പ്രാർത്ഥന 28

എന്നെ ഒരുക്കു നീ 28
എന്തിനാണെന്നതും ചൊൽകവേണ്ട 32
എന്തെന്നു നിൻമനമെന്നും നിനയ്ക്കുമോ 34
നിത്യവും നിൻ പദേ 37
ശിഷ്യയാമെന്നിൽ നിൻ രൂപം രചിക്കാനും 44
ത്യക്തയായ് മുക്തയായ് ത്യാഗത്തിൻ വേദിയിൽ 50
വിസ്മൃതവീഥിയിൽ 58
പാതാളലോകത്തിനാഴത്തിലെത്താനും 60
ഉത്തുംഗശൃംഗം കയറിടാനും 64
പാരിന്റെ സീമകൾ ഭേദിച്ചുയരാനും 80

അദ്ധ്യായം രണ്ട്: സമഭാവന 88

സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ 88
മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും 95
ആശാവിനാശങ്ങൾ 99
ആശീഷാക്ഷേപങ്ങൾ 102
മിത്രങ്ങൾ എന്നുള്ളിൽ മോദം വിതയ്ക്കുമ്പോൾ 104

അദ്ധ്യായം മൂന്ന്: താമസരാത്രി 109

താമസരാത്രിയിൽ താളം പിഴയ്ക്കാതെ 116
താവക പൊൻമുഖം തേടുവാനും 122
രാവിൻപ്രശാന്തിയിൽ നിന്നിൽ ലയിക്കാനും 122
ഉള്ളിന്റെ ഉള്ളിലായ് പള്ളികൊള്ളുന്ന 135
എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ 140

എന്നും എവിടെയും നിൻപദം പുൽകുവാൻ 146
നീ നൽകും ശിഷ്യർക്കായ് ജീവിതം ഹോമിച്ച് 147

അദ്ധ്യായം നാല്: തിരുവരവും കാത്ത് 154

നിന്തിരുവാണികളെന്നിലൊഴുക്കുന്ന 154
നീ തന്ന ദീപത്തിലെണ്ണ പകർന്നു ഞാൻ 159
എന്നകക്കാവിലെ കൽപ്പക വല്ലിയിൽ 165
നീ പാടും മൗനമനോജ്ഞമാം ഗാനങ്ങൾ 167
നീ സ്വയം ഹോമിച്ചെൻ ജീവിതം 170
പാരം പ്രഭാപൂരം 182
ഓരോ ദിനത്തിലും ത്യാഗസുമങ്ങളെൻ 188
നീവരും തുവെള്ള പൂമേഘത്തേരിന്റെ 191
ആഗ്നേയ ദൂതന്മാർ..... 192
നിൻ പദം ചുംബിച്ചു നിന്നെ വരിക്കുവാൻ 201
ആരാധ്യനാഥൻ നീ 203
ആദ്യന്തഹീനൻ നീ..... 203
ആത്മാവിനാധാര ജീവസാരം 204
ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും 205
ശാന്തി ശുഭാപ്തിയും അങ്ങുമാത്രം 212

ഗുരുവിന്റെ കാലടികൾ തേടി

(ഈ കാവ്യഭാവനയെക്കുറിച്ച്: ഉത്ഭവം, സാരം, നന്ദി)

1

ചാലക്കുടിപ്പുഴയെന്നറിയപ്പെടുന്ന പെരിയാറിന്റെ പോഷകനദി ശാന്തസുന്ദരമായൊഴുകുന്ന പരിയാരം തീരം. അവിടെയൊരു പ്രാർത്ഥനാഭവനത്തിൽ ഞാൻ ഏതാനും ദിവസങ്ങൾ ചിലവഴിച്ചു കൊണ്ടിരിക്കുന്ന കാലം. പരിശുദ്ധാത്മാവിന്റെയും പ്രസാദവര ധാരയുടെയും പ്രതീകമായ ജലം ആയിരങ്ങൾക്ക് ദേഹശുദ്ധിയും ദാഹശമനവും നൽകി അനായസേനയൊഴുകിക്കൊണ്ടിരിക്കുന്നു. കണ്ണഞ്ചിക്കുന്ന കമനീയതയാണ് ചുറ്റും. മറ്റൊന്നുകൊണ്ടുമല്ല. അചുംബിതവും അചൂഷിതവുമായ ഗ്രാമഭംഗി നിറഞ്ഞുതുളുമ്പി നിൽക്കുന്നു. ഇവിടെയാണ് ദൈവം. ഇവിടെയാണ് നാദബ്രഹ്മം മുഴങ്ങുന്ന ദിവ്യവേദി. കറതീർന്ന പ്രകൃതിയിലെ മൂലവസ്തുക്കളായ വായു, വെള്ളം, അഗ്നി, ആകാശം, ഭൂമി എന്നി പഞ്ചഭൂതങ്ങളാണ് ദൈവാരൂപിയുടെ ഏറ്റവും ഉന്നത പ്രതീകങ്ങൾ. അവയെല്ലാം അവിടെയുണ്ട്. എപ്പോൾ വേണമെങ്കിലും മനുഷ്യനിർമ്മിതമല്ലാത്ത, മനുഷ്യൻ ഇനിയും കീഴ്പ്പെടുത്തിക്കഴിയാത്ത ഈ മാധ്യമങ്ങളിലൂടെ ദൈവത്തിന് സംസാരിക്കാം, ശ്രവിക്കാൻ ചെവിയുണ്ടെങ്കിൽ, ശ്രദ്ധിക്കാൻ ഏകാഗ്രമായ മനസ്സുണ്ടെങ്കിൽ!

ഇവിടെ സന്നിധി എന്ന പേരിലറിയപ്പെടുന്ന ഒരു ചെറിയ കപ്പേളയുണ്ട്. ഇത് നിശബ്ദ സുന്ദരമായ ഒരു പ്രാർത്ഥനാമന്ദിരമാണ്. നന്നേ ചെറുതാണ്, എന്നാൽ ധ്യാനോപാസകർക്ക് വളരെ വലുതാണ്. എന്റെ ഗുരുവും ആത്മനിയന്താവുമായിരുന്ന ധന്യനായ കനീസിയൂസച്ചൻ എല്ലാ ജോലികളിൽനിന്നും വിരമിച്ച് ഈ ചെറിയ കപ്പേളയിൽ പല മണിക്കുറുകളോളം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ ഈ സ്ഥലം എനിക്ക് കൂടുതൽ പ്രിയങ്കരമായിരുന്നു.

ഒരു ദിവസം ഈ നദിതീരത്തുള്ള പ്രാർത്ഥനാമന്ദിരത്തിലേക്ക് ഒരു ചെറുപ്പക്കാരി പെൺകുട്ടിയും അവളുടെ ചേച്ചിയും എന്നെ കാണുവാനായി വന്നു. ചേച്ചി എനിക്ക് നേരത്തെ പരിചയമുള്ള ഒരു സിസ്റ്ററായിരുന്നു. പെൺകുട്ടിയുടെ കണ്ണുകളിൽ ചിന്തയുടെ രശ്മികൾ നിഴലിക്കുന്നുണ്ടായിരുന്നെങ്കിലും മുഖത്ത് പുഞ്ചിരിവിടർന്നുനിന്നിരുന്നു. "ഇവൾക്ക് മഠത്തിൽ ചേരാനാഗ്രഹമുണ്ട്," ചേച്ചി എന്നോട് പറഞ്ഞു. "അച്ചൻ പ്രാർത്ഥിക്കണം മുഴുവനും ശരിപ്പെടുന്നില്ല. ജന്മനായുള്ള ഒരു ചെറിയ ശാരീരിക വൈകല്യമാണിതിനു കാരണം." ഞാനാകുട്ടിയുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. നിഷ്ക്കളങ്കമായ മുഖം. എന്തുകൊണ്ടോ ആഗ്രഹം നടക്കുന്നില്ല! ഞങ്ങളെല്ലാവരും "സന്നിധി"യിൽ പ്രാർത്ഥിക്കാനായിപ്പോയി. എന്റെ ഗുരുഭൂതനായ കനീസിയൂസച്ചൻ അവിടെ മുട്ടിൻമേൽനിന്ന്, നിശ്ചലനായി, നിർനിമേഷനായി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഈ പെൺകുട്ടിയെ ഈശോയ്ക്ക് കാഴ്ചവെച്ച് ഞാൻ പ്രാർത്ഥിച്ചു. പുറത്തു വന്നപ്പോൾ എന്റെ മനസ്സിൽ വന്ന ഒരു കവിത ഒരുതുണ്ടുകടലാസിലെഴുതി ആ കുട്ടിക്കു കൊടുത്തുകൊണ്ട് ഞാൻ ഇപ്രകാരം പറഞ്ഞു. "നീ എല്ലാ ദിവസവും ഈ കവിത ചൊല്ലി പ്രാർത്ഥിച്ചാൽ മതി. ബാക്കി കാര്യങ്ങളെല്ലാം ഈശോ നോക്കികൊള്ളും." ആ കവിതയിതായിരുന്നു.

"എന്നെയൊരുക്കൂ നീ, എന്നും ഒരുക്കുനീ
എന്തിനാണെന്നതും ചൊൽകവേണ്ട
എന്തെന്ത് നിൻമനം എന്നും നിനയ്ക്കുവോ
അന്നന്ന് ഞാനത് ചെയ്തുകൊള്ളാം"

അങ്ങനെ ഈ കാവ്യത്തിന്റെ ആദ്യപാദം വിരചിതമായി.

"പ്രാർത്ഥിക്കുകയാണെങ്കിൽ ഈ അച്ചൻ പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിക്കണം. അല്ലാതെ വെറുതെ സ്വരം ഉണ്ടാക്കിയതുകൊണ്ടൊന്നും കാര്യമില്ല." പ്രാർത്ഥനാനിരതനായി ചാപ്പലിൽ മുട്ടുകുത്തി നിന്നിരുന്ന എന്റെ ഗുരുഭൂതനെ ഓർമ്മിപ്പിച്ചുകൊണ്ട് അവൾ പറഞ്ഞു. ഞങ്ങൾ മൂന്നുപേരും എന്റെ ഗുരുഭൂതന്റെ അരികിൽച്ചെന്ന് അദ്ദേഹത്തിന്റെ പ്രാർത്ഥന യാചിക്കുകയും ആശീർവാദം നേടുകയും ചെയ്തു.

കാലങ്ങൾ കഴിഞ്ഞു. ഒരു കൊല്ലത്തിനകം അവൾ ധ്യാനജീവിതം നയിക്കുന്നൊരു മിണ്ടാമഠത്തിൽ ചേർന്നു. അവളുടെ ആഗ്രഹം അങ്ങനെ

സഫലീകൃതമായി. കേരളത്തിൽനിന്നും വളരെ വിദൂരമായൊരുസ്ഥലത്ത് ഉത്തരേന്ത്യയുടെ വടക്കേ അതിർത്തിയോടടുത്ത്, സന്യാസിനിയായി, ധ്യാനനിർലീനമായി ജീവിതം തുടരുന്നു.

അവൾക്കുവേണ്ടി ഞാനെഴുതിയ ആദ്യപാദം അറിഞ്ഞും അറിയാതെയും എന്റെ ഹൃദയത്തിൽ മാറ്റൊലികൾ സൃഷ്ടിച്ചു കൊണ്ടിരുന്നു. പിന്നീട് ഞാനേതാനും പാദങ്ങൾകൂടി അതിലെഴുതി ച്ചേർത്തു. ഈ ഗ്രന്ഥത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങളാണവ. എന്റെ സന്യാസസഭയിലെ നവസന്യാസികൾക്ക് ഔദ്യോഗികമായ സഭാപ്രവേശനത്തിന്റെ പ്രാർത്ഥനാക്രമം രചിക്കുവാൻ എന്നോടാവശ്യ പ്പെട്ടതനുസരിച്ച് ഞാനത് നിയമിത കമ്മറ്റിക്കുവേണ്ടി തയ്യാറാക്കി. അതിൽ ആദ്യഗാനമായിട്ട് ഈ കവിത ചേർത്തിരുന്നു. അത് അംഗീക രിക്കപ്പെടുകയും ചെയ്തു. അങ്ങനെ ഇതിന്റെ ആദ്യപാദങ്ങൾ പ്രാർത്ഥ നാക്രമത്തിലെ ഒരുഗാനമായി പ്രസിദ്ധീകരിക്കപ്പെട്ടു. പക്ഷേ അത് ലോകത്തിനജ്ഞാതമായിരുന്നു.

കാലങ്ങൾ പിന്നെയും കടന്നുപോയി. കർത്താവെന്നെയൊരു ക്കിയത് ഒരാശ്രമം സ്ഥാപിക്കാനായിരുന്നു. അതിന്റെ സമയം സമാഗതമായി. ഞാൻ വൈദികസെമിനാരിയിൽ നിന്നും നേരത്തെ വിരമിച്ച്. സഭയുടെ അംഗീകാരത്തോടെ, ഒരാശ്രമം സ്ഥാപിച്ചു. അതിന്റെ പേര് "വിദ്യാവനം". ദൈവസാക്ഷാത്ക്കാരമാകുന്ന സാക്ഷാൽ വിദ്യക്കുവേണ്ടി വനത്തിലേയ്ക്കു പോയ നമ്മുടെ പിതാമഹന്മാരെ യനുസ്മരിച്ചുകൊണ്ടായിരിക്കാം ഇങ്ങനെയൊരു പേര് വരുവാൻ കാരണം. മാത്രമല്ല, ഞങ്ങളുടെ സഭയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ആദ്യമാഗ്രഹിച്ചത് വനവാസത്തിന് പോകാനായിരുന്നു. എന്തായാലും 1996ൽ വിദ്യാവനം സാക്ഷാത്ക്കരിക്കപ്പെട്ടു.

കാലചക്രം പിന്നെയും തിരിഞ്ഞു. ഞാൻ രോഗിയാവുകയും കുറച്ചുനാളത്തേക്ക് ചികിത്സാർത്ഥം കേരളത്തിലെയൊരു ആയുർ വേദാശുപത്രിയിലേക്ക് പോവുകയും ചെയ്തു. അവിടെ വിശ്രമം നിമയമായിരുന്നു. വളരെ നേരം കട്ടിലിൽ കിടക്കണം "എന്നെയൊരുക്കൂ നീ" എന്ന കവിത വീണ്ടുമെന്റെ മനസ്സിലുദിച്ചുയർന്നു. "താമസരാത്രി" "തിരുവരവും കാത്ത്" എന്നീ അദ്ധ്യായങ്ങളിലെ കവിതകൾ രചിച്ചത് ഈ വേളയിൽ കട്ടിലിൽ കിടന്നുകൊണ്ടാണ്. പക്ഷേ വ്യാഖ്യാനത്തേ ക്കുറിച്ച് അപ്പോൾ ചിന്തിച്ചിരുന്നില്ല.

ചികിത്സ കഴിഞ്ഞെങ്കിലും ആറാഴ്ചത്തെ സമ്പൂർണ്ണ വിശ്രമമാണ് നിർദ്ദേശിച്ചത്. അപ്പോഴാണ് ഈ കവിതയ്ക്ക് വ്യാഖ്യാനമെഴുതാമെന്ന പ്രചോദനം എനിക്കു ലഭിച്ചത്. വ്യാഖ്യാനത്തിലെ ഏറെ ഭാഗവും കട്ടിലിൽ കിടന്ന് പറഞ്ഞുകൊടുത്തെഴുതിപ്പിച്ചതാണ്. ആശുപത്രിയിലും ആശ്രമത്തിലുമായി വ്യാഖ്യാനം എഴുതിത്തീർന്നു. അസുഖമെന്നത് വളരെ വലിയ ഒരു ക്രിയാത്മകശക്തിയാണെന്ന് ഞാൻ അങ്ങനെ മനസ്സിലാക്കി.

2

'എന്നെ ഒരുക്കൂ നീ'. ദൈവസായുജ്യം പ്രാപിക്കാനാഗ്രഹിക്കുന്ന ഒരു ആത്മാവിന്റെ കഥയാണിത്. നമ്മുടെ ആദ്ധ്യാത്മികജീവിതം ഒരു യാത്രയാണ്. നിരവധി ദൈവശാസ്ത്രജ്ഞന്മാർ ആത്മാവിന്റെ ജീവിതം ആന്തരികതയിലേക്കുള്ള യാത്രയായി വിവരിച്ചിട്ടുണ്ട്. ബാഹ്യലോകത്തിൽ നിന്നു മാറി, ഉള്ളിന്റെയുള്ളിൽ വസിക്കുന്ന ആത്മാവിനെ, ദൈവാരൂപിയെ, തേടിയാണ് സന്ന്യാസികൾ ഈ യാത്ര ആരംഭിക്കുന്നത്. ആത്മാവിനെ തേടി തപോവനങ്ങളിലേക്കു പോയ ഭാരതീയ ഋഷിവര്യന്മാരും മധ്യപൂർവദേശങ്ങളിൽ, മരുഭൂമികളിൽ ദൈവസാന്നിധ്യം തേടിയിറങ്ങിയ പുണ്യാത്മാക്കളും ഈ യാത്രയാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്.

ബൃഹദാരണ്യക ഉപനിഷത്തിലെ ഗുരുഭൂതനായ യാജ്ഞവൽക്യന്റേത് ഇങ്ങനെയുള്ള ഒരു യാത്രയുടെ കഥയാണ്. അറിവും ആദ്ധ്യാത്മികതയും സദാ ആഗ്രഹിച്ചുകൊണ്ടിരുന്ന തന്റെ പ്രിയതമയായ മൈത്രേയിയോട് അദ്ദേഹം പറയുന്നത് ശ്രദ്ധേയമാണ്: "എന്റെ പ്രിയ മൈത്രേയീ ഞാൻ ഈ നാടും വീടും വിട്ട് വനാന്തരങ്ങളിലേക്കു പോകുകയാണ്. എന്റെ സ്വത്തെല്ലാം നിന്റെയും കാത്ത്യായിനിയുടെയും ആയിരിക്കും. നിങ്ങളിരുവരും ഈ സ്വത്തുപയോഗിച്ച് സുഖമായി ജീവിക്കുക." ധനത്തിലും ധനം തരുന്ന സുഖത്തിലും കണ്ണുവയ്ക്കാതിരുന്ന മൈത്രേയി ഈ വിടവാങ്ങൽ വചനങ്ങൾ കേട്ട് അദ്ഭുതപ്പെട്ടു. അവൾ ചോദിച്ചു; "ഈ സ്വത്തെല്ലാം കൊണ്ട് ഞാനെന്തു ചെയ്യും? ക്ഷയോന്മുഖമായ ഈ ധനം എനിക്ക് അമർത്യത പകരുമോ?" "ഇല്ല, ഒരിക്കലുമില്ല," യാജ്ഞവൽക്യൻ പ്രതിവചിച്ചു. "ധനം അമർത്യതയെ കൊണ്ടുവരികയില്ല. പക്ഷേ, ധനികയായ ഒരു രാജകുമാരിയെപ്പോലെ ജീവിക്കാൻ നിനക്കവസരം നൽകും."

"അമർത്യതയിലേക്ക് എന്നെ ആനയിക്കാത്ത ഈ ധനം കൊണ്ട് എന്തു ഫലം! എനിക്ക് ഈ അവകാശം വേണ്ട പക്ഷേ, നിങ്ങൾ എന്റെ ഭർത്താവാണ്. ഇതെല്ലാം ഉപേക്ഷിച്ച്, നാടും വീടും വിട്ട് നിങ്ങൾ എങ്ങോട്ടു പോകുന്നുവെന്ന് എന്നോടു പറയണം. എനിക്കറിയാൻ ആഗ്രഹമുണ്ട്."

യാജ്ഞവൽക്യൻ പറഞ്ഞു: "പ്രിയ മൈത്രേയീ, നീ എനിക്ക് എപ്പോഴും പ്രിയപ്പെട്ടവളാണ്. എന്നാൽ ഇപ്പോൾ നീ അതീവം പ്രിയപ്പെട്ടവളാണ്. നിന്റെ ആത്മീയാന്വേഷണം അത്ര വലുതാണ്. ഞാൻ പറയുന്നത് നീ ധ്യാനപൂർവം കേൾക്കുക. ഭർത്താവ് ഭാര്യയ്ക്കു പ്രിയങ്കരനാണ്. കാരണം ഭർത്താവിൽ ആത്മാവ് അധിവസിക്കുന്നുണ്ട്. ഭാര്യ ഭർത്താവിനും പ്രിയങ്കരിയാണ്. കാരണം ഭാര്യയിലും ആത്മാവ് അധിവസിക്കുന്നുണ്ട്. മാതാപിതാക്കന്മാർക്കു കുട്ടികളും, കുട്ടികൾക്കു മാതാപിതാക്കന്മാരും പ്രിയങ്കരരാണ്. കാരണം എല്ലാവരിലും ആത്മാവ് ഒരുപോലെ അധിവസിക്കുന്നുണ്ട്. നമുക്കു പ്രിയങ്കരമായ എല്ലാറ്റിലും വ്യക്തിയിലും വസ്തുവിലും, വനത്തിലും വസതിയിലും ആത്മാവ് അധിവസിക്കുന്നുണ്ട്. ഈ ആത്മാവിനെ അറിയാനും അറിവിലൂടെ സാക്ഷാത്കരിക്കാനുമാണ്, നാടും വീടും വിട്ട്, എന്റെ പ്രേമഭാജനങ്ങളായ നിങ്ങളെ ഏവരെയും വിട്ട്, ഞാൻ വനാന്തരങ്ങളിലേക്കു പോകുന്നത്. ആത്മാവിനെ അറിയുമ്പോൾ നാം എല്ലാം അറിയും. ആത്മാവിൽ എല്ലാം കുടികൊള്ളുന്നു. ആത്മാവ് എല്ലാറ്റിലും അധിവസിക്കുന്നു. എനിക്ക് എല്ലാറ്റിലും എല്ലാമായ ആത്മാവിനെ സദാ മനസ്സിൽ നിനച്ച് ധ്യാനിക്കാനും ധ്യാനിച്ച് സാക്ഷാത്കരിക്കാനുമായാണ് ഞാൻ പോകുന്നത്."

ധ്യാനനിർലീനയായി, നിർമ്മല മാനസയായി, യാജ്ഞവൽക്യൻ ഗുരുവിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന മൈത്രേയിയുടെ ഹൃദയം തുടിച്ചു. അവളുടെ മനസ്സിൽ ഉറച്ച തീരുമാനമുദിച്ചു. "ഈ ആത്മാവിനെത്തന്നെയാണ് എനിക്കും വേണ്ടത്. ഈ ആത്മാവിനെ തേടിയാണെന്റെ ഹൃദയം തുടിക്കുന്നത്. ഞാനും സർവവും പരിത്യജിച്ച് ആത്മാവിനെ തേടി യാത്ര ചെയ്യും" (ബൃഹ. ഉപ. II.4.1...).

യാജ്ഞവൽക്യനും മൈത്രേയിയും തേടിപ്പുറപ്പെട്ട ആത്മാവ് നമ്മിൽ അധിവസിക്കുന്ന ദൈവമാണ്. ദൈവം അരൂപിയാണ്. ആദ്ധ്യാത്മികതയുടെ സാക്ഷാത്തായ സ്രോതസ്സ് ഈ അരൂപിയാണ്. നമ്മുടെ മനസ്സ്,

മനസ്സിന്റെ ഉൾക്കാമ്പായ അവബോധവും സദാ ചിത്സ്വരൂപനുമായ അനന്താരൂപിയിൽ ലയിക്കുമ്പോൾ, ആ ദൈവാരൂപി നമ്മിലേക്ക് പ്രവഹിക്കുമ്പോൾ, നമ്മൾ ആദ്ധ്യാത്മിക മനുഷ്യരായി മാറുന്നു. അതുകൊണ്ടാണ് ആദ്ധ്യാത്മികത നമ്മുടെ ഉള്ളിന്റെ ഉള്ളിൽ പള്ളികൊള്ളുന്ന ദൈവത്തിലേക്കുള്ള യാത്രയും ദൈവത്തിൽ നിന്ന് നമ്മിലേക്കുള്ള പുത്തൻ ജീവന്റെ തേജോപ്രവാഹവുമായി കരുതുന്നത്.

ഈ ഈരടികളിലെ കഥാനായിക യേശുശിഷ്യയാണ്. എല്ലാ മനുഷ്യരിലും അഗോചരമായി അധിവസിക്കുന്ന ദൈവാത്മാവ് യേശു തന്നിൽ നിവേശിപ്പിച്ച ദൈവാരൂപിയായി, യേശുവിന്റെ ആത്മാവായി, യേശുശിഷ്യ കാണുന്നു. തന്നിൽ അധിവസിക്കുന്നത് വൈയക്തിക സ്വഭാവമില്ലാത്ത വെറും ഒരു ശക്തിവിശേഷമല്ല എന്നവൾക്കറിയാം. പ്രത്യുത യേശുവിന്റെതന്നെ അവബോധം ആത്മനായി, അന്തര്യാമിയായി, തന്നിൽ അധിവസിക്കുന്നതാണെന്ന് അവൾ വിശ്വസിക്കുന്നു. ഈ ആത്മാവ് തന്നിൽ ഉണർന്ന്, വിടർന്ന്, വികസിച്ച്, പുഷ്പിക്കണം, ഫലദായകമായി പ്രവർത്തിക്കണം. അതാണ് യേശുശിഷ്യയുടെ അടങ്ങാത്ത ആഗ്രഹം.

പ്രവർത്തനങ്ങൾക്ക് മാനദണ്ഡമായി വീണ്ടും അവൾ ചരിത്രപുരുഷനായ യേശുവിലേക്കു തന്നെ നോക്കുന്നു. ദൈവാവബോധം പരിമിതിയാർന്ന മനുഷ്യമാംസത്തിൽ എങ്ങനെ പ്രവർത്തിക്കണം? ഇതിന് അവളുടെ മുമ്പിൽ വിരിഞ്ഞു നിൽക്കുന്ന മനോഹര മാതൃക, അവളുടെ ഗുരുനാഥനായ യേശുവിന്റേതു തന്നെയാണ്. മണമുള്ള മണ്ണിലും നിറവ്യത്യാസങ്ങളാൽ തനിമയാർന്ന സംസ്കാരത്തിലും വളർന്നു വന്ന യേശു മണ്ണും വിണ്ണും എങ്ങനെ കലർത്തണമെന്നു കാണിച്ചു തരുന്നു. മണ്ണിന്റെ പരിമിതിയും വിണ്ണിന്റെ അപരിമേയതയും നമുക്കു മനസ്സിലാക്കിത്തരുന്നു. തന്റെ ജിവിതത്തിലൂടെ വരച്ചുകാട്ടുന്നു.

വചനം മാംസമായത് മണ്ണിനെയും വിണ്ണിനെയും ഒന്നിപ്പിക്കുന്ന ഒരു മംഗലവാർത്തകൊണ്ടു നമ്മെയെല്ലാവരെയും അനുഗ്രഹിക്കാനാണ്. ജാതിമതഭേദമെന്യേ എല്ലാവരിലും ദൈവം അധിവസിക്കുന്നു. സ്വയം വിട്ടുകൊടുക്കുന്നവരിൽ അധികമായി പ്രവർത്തിക്കുന്നു. നല്ല മണ്ണിൽ വിതയ്ക്കപ്പെട്ട വിത്തുപോലെ അത് നൂറുമേനി ഫലം നൽകുകയും ചെയ്യുന്നു.

3

പ്രശസ്ത കവിയായ സുഗതകുമാരി ഈ പുസ്തകത്തിനനുയോജ്യമായ ഒരാമുഖമെഴുതി എന്നെയനുഗ്രഹിച്ചതിന് ഞാൻ വളരെ നന്ദിയുള്ളവനാണ്. ഞാൻ ഒരിക്കൽപോലും കണ്ടിട്ടില്ലെങ്കിലും ഇക്കാര്യത്തിനായി ഞാൻ സുഗതകുമാരിയെ സമീപിച്ച് ആഗ്രഹമുണർത്തിച്ചപ്പോൾ എനിക്കു കിട്ടിയ മറുപടി ഇതായിരുന്നു. "ശരി, ഫാദർ, ഒരു ദൈവികകാര്യം ചെയ്യുന്നുവെന്നു വിചാരിച്ച് ഞാനിതെഴുതുന്നതായിരിക്കും." ഈ മറുപടി എന്റെ എല്ലാ പ്രതീക്ഷകളേയും അതിജീവിക്കുന്ന ഒരു വലിയ സമ്മാനമായിരുന്നു. ഇതിന് എന്റെ കവിതയുമായി യാതൊരു ബന്ധവുമില്ലെന്ന് വായനക്കാർ മനസ്സിലാക്കണം. ഞാൻ നന്ദിയോടെ സ്മരിക്കുന്ന ഒരു വലിയ ഹൃദയത്തിന്റെ മഹാമനസ്സു മാത്രമാണിത്.

ധർമ്മാരാമിൽ 1975ൽ വിശ്വമതപഠനകേന്ദ്രം സ്ഥാപിച്ചനാൾ മുതൽ ഞാൻ വളരെയധികം ബന്ധപ്പെട്ടിട്ടുള്ള ഒരു ഹിന്ദുസന്യാസസമൂഹമാണ് രാമകൃഷ്ണമിഷൻ. ഈ പശ്ചാത്തലത്തിലാണ് ഞാൻ ശ്രീ ശക്രാനന്ദസ്വാമിയെ സമീപിച്ചത്. സഹസന്യാസിയെന്ന രീതിയിൽ സ്നേഹപൂർവ്വം ഒരുസന്ദേശം നൽകി ഈ പുസ്തകത്തെ സഹൃദയർക്ക് പരിചയപ്പെടുത്തിയതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അദ്ദേഹത്തിന് സമർപ്പിക്കുകയും ചെയ്യുന്നു.

മലയാളികൾക്ക് സുപരിചിതനായ കവിയും ഗ്രന്ഥകർത്താവുമായ റവ. ഫാ. ചെറിയാൻ കുനിയന്തോടത്താണ് ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത്. രണ്ടു കണ്ണുകളും ചികിൽസയിലായിരുന്ന ഒരു കാലഘട്ടത്തിലാണ് ഞാനദ്ദേഹത്തെ സമീപിച്ചത്. പക്ഷേ, അതു വകവയ്ക്കാതെ പഴയകാലത്തെ ഗുരുശിഷ്യബന്ധത്തെ ഇപ്പോഴും അനുസ്മരിച്ചുകൊണ്ട്, ആത്മകഥാകഥനംപോലെ തുടങ്ങുന്ന വിശേഷമായ ഒരു അവതാരിക എഴുതി അദ്ദേഹം ഈ പുസ്തകത്തെ ധന്യമാക്കി. മാത്രമല്ല ഇതിലെ ഭാഷാവൈകല്യങ്ങൾ തിരുത്തുകയും വളരെ നല്ല നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അക്ഷരത്തെററുകൾ തിരുത്തുവാൻ അദ്ദേഹത്തെ സഹായിച്ച ശ്രീമാൻ പ്രീമൂസിനെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

"എന്നെയൊരുക്കൂ നീ" എന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് വിദ്യാവനം ആശ്രമവും മരിയ പബ്ലിക്കേഷൻസ് എന്ന പ്രസാധക ഗ്രൂപ്പും കൂടിയാണ്. അവരത് വളരെ താൽപര്യപൂർവ്വം നിർവഹിച്ചതിൽ എനിക്ക് സമ്പൂർണ്ണ തൃപ്തിയുണ്ട്. അവർക്കും എന്റെ അകൈതവമായ കൃതജ്ഞത. ഈ പുസ്തകം സാക്ഷാത്ക്കരിക്കപ്പെടുന്നത് മറ്റുള്ളവർ അരികിലിരുന്ന് എഴുതിത്തരുവാൻ സന്നദ്ധരായതുകൊണ്ടാണ്. ആദ്യം അതിനു തയ്യാറായത് അസുഖകാലത്ത് ആശുപത്രിയിൽ എന്നെ സഹായിക്കാനായി എന്നോടൊത്ത് താമസ്സിച്ചിരുന്ന ചെറുപ്പക്കരനായ ജിൻസനാണ്. പിന്നീട് ആശ്രമത്തിൽ ആദ്ധ്യാത്മിക സാധനക്കായി വന്ന സി. ആൻസലം ഇതിനായി സ്വയം മുന്നോട്ടു വന്നു.

അവസാനഭാഗങ്ങൾ എഴുതിത്തീർത്തത് ആശ്രമത്തിലെ സെക്രട്ടറിയായ മോളിയാണ്. കൈയ്യെഴുത്തു പ്രതിയിലെ അക്ഷരത്തെറ്റുകൾ ആദ്യമായി തിരുത്തിയത് സി. ട്രീസാ സിറിയക്, എഫ്. എം എം. ആണ്. പ്രൂഫ് റീഡിംങ് കാര്യക്ഷമമായി നിർവ്വഹിച്ചത് ഡോ. സാജു ചക്കാലക്കലച്ചനും ആശ്രമാംഗമായ ഡോ. ആന്റോ വട്ടക്കുഴിയച്ചനുമാണ്. അനുയോജ്യമായ ഒരു കവർ ചിത്രത്തിലൂടെയും അവസരോചിതമായ ചിത്രീകരണങ്ങളിലൂടെയും ഈ പുസ്തകത്തെ ധന്യമാക്കിയ ഡേവിഡ്, (സ്മൃതി, തൃശ്ശൂർ) ബ്ര. റിന്റോ എന്ന അനുഗ്രഹീത കലാകാരന്മാരെ ഞാനിപ്പോൾ അനുസ്മരിക്കുന്നു. ഇവരോടെല്ലാവരോടുമുള്ള എന്റെ ആദരവും അകൈതവമായ നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു. ഈ പുസ്തകത്തിന്റെ എല്ലാ കാര്യത്തിലും എല്ലാവരും അകമഴിഞ്ഞ് സഹകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവരെല്ലാം നല്ല ഓർമ്മകൾ നൽകി ഇന്നുമെന്നെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരുടെയും മുൻപിൽ എന്റെ വിനീതമായ കൂപ്പുകൈ.

ഫാ. ഫ്രാൻസീസ് വിനീത് സി. എം. ഐ.

സെപ്റ്റംബർ, 8, 2007
മാതാവിന്റെ ജന്മദിനം

Vidyavanam Ashram
Post Box No. 8303
Bangalore - 560 083

ആമുഖം

ഭക്തിക്ക് വിവിധ ഭാവങ്ങളുണ്ട്. പ്രഭുവിന്റെ മുന്നിൽ ദാസ ഭാവേനയുള്ള ഭക്തി, ഗുരുവിന്റെ മുന്നിൽ ജ്ഞാനാർത്ഥിയായ ശിഷ്യന്റെ ഭക്തി, ഭീതന്റെ 'രക്ഷിക്കണേ' എന്നു കൈയുയർത്തി ക്കേഴുന്ന ഭക്തി, 'ദാരിദ്ര്യമകററി സമ്പത്തു തരേണമെ' എന്ന അർത്ഥാർത്ഥിയുടെ ഭക്തി, 'ദുഃഖമകററിത്തരേണമേ' എന്ന അർത്ഥനാ ഭക്തി, 'നീയും ഞാനും ഒന്ന്' എന്ന അദ്വൈത ഭക്തി, 'നാഥാ, ഞാൻ നിന്റെ പ്രണയിനി, സ്വീകരിച്ചാലും' എന്ന പ്രേമ ഭക്തി, 'അവിടുത്തെ ഹിതം നടക്കട്ടെ' എന്ന സമർപ്പണ ഭക്തി.

ഇവയുടെ വൈവിധ്യം ഈശ്വരോന്മുഖമായ 'ജീവന്മാരുടെ' വൈവിധ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഓരോ ജീവനും അതിന്റെ ചിരന്തന കർമ്മ വാസനകളുമായി പിറന്നു വീഴുന്നുവെന്നും ആ വാസനയ്ക്കനുസൃതമായി മാത്രമേ അതിനു ജീവിക്കാൻ സാധ്യ മാവുകയുള്ളു എന്നും ഹിന്ദുമതം ചൂണ്ടിക്കാട്ടുന്നു. ഈ നാനാ ഭക്തികളിൽ അത്യാകർഷകവും ഭാരതീയതത്ത്വചിന്ത ഹൃദയത്തോടു ചേർത്തു പിടിച്ചതുമാണ് പ്രണയിനി ഭാവമാർന്ന മധുരഭക്തി. ശ്രീ രാധയും ഗോപികമാരും മീരയും ആണ്ടാളുമെന്നല്ല ചൈതന്യനും തുളസീദാസും സൂർദാസും കബീറുമെല്ലാം ഈ മധുര ഭക്തിയുടെ ഉപാസകരാണ്. പ്രേമത്തിന്റെ ദ്വൈതഭാവം ഒന്നുചേരലിന്റെ അദ്വൈത സാക്ഷാത്കാരമായിത്തീരുവോളം അതു വിരഹത്താൽ തപിച്ചു കൊണ്ടേയിരിക്കും. "നിലാവേ, ഇങ്ങനെ തീയ് കോരിയിടരുതേ" എന്നു വിലപിക്കുന്ന ഗോപികമാരും, "ഞാനിതാ കാലിൽ ചിലങ്ക കെട്ടി ആടിപ്പാടുന്നു. എന്നെ ഭ്രാന്തിയെന്നോ പതിതയെന്നോ എല്ലാവരും വിളിച്ചോട്ടെ. എന്റെ പതി അവിടുന്നുമാത്രം" എന്നു പാടിയലയുന്ന മഹാറാണി മീരാബായിയും, ഭക്തിയിലലിഞ്ഞുരുകിയ സ്പെയിനിലെ അമ്മത്രേസ്യയും ഫ്രാൻസിലെ കൊച്ചുത്രേസ്യയും ചോരയിററുന്ന നഗ്നമായ കാലടികളോടെ നാഥനെത്തേടി ഉഴറി നടന്ന ഫ്രാൻസീസ് പുണ്യവാളനും ഇതേ ഭാഷയിലാണ് ഈശ്വരനെ വിളിക്കുന്നതും എന്നു നാം ശ്രദ്ധിക്കുക. ഈ വ്യഥയെ, പൂർണ്ണവും ആനന്ദമയവുമായ ഈ തേടലിനെയാണ് നാം സത്യം ശിവം സുന്ദരം എന്നു വാഴ്ത്തുന്നത്. ഇത് തപ്തമായ മനുഷ്യാത്മാവിന്റെ വിശ്വഭാഷയാണ്.

ഫാദർ ഫ്രാൻസീസ് വിനീതിന്റെ ഈ കവിതയിലും ഇതേ ആരാധികാഭാവമാണ് പ്രകടീകൃതമാകുന്നത്. ജീവേശ്വരാ, നിന്നെ സ്വീകരിക്കുവാൻ എന്നെ അർഹയാക്കുക എന്ന കവിതയുടെ ആരംഭ വചസ്സുകൾ തന്നെ അതീവ ലളിതമായി തന്റെ ആത്മസമർപ്പണം സുവ്യക്തമാക്കിത്തരുന്നു. "എന്നെയൊരുക്കൂ നീ" എന്നു തന്നെയാണ് ഇവിടെ ആരാധികയുടെ പ്രാർത്ഥന. സ്നേഹസ്വരൂപനും കരുണാമയനുമായ യേശുനാഥനെ കാത്തിരിക്കുകയാണ് തപ്തമായ ഈ മനുഷ്യാത്മാവ്. അവിടുന്നു വരും എന്നതിൽ ദൃഢവിശ്വാസമുണ്ട്. ആ അനന്തകാരുണ്യത്തിൽ ശരണമർപ്പിച്ചുകൊണ്ട് എഴുന്നള്ളത്തിനു തയ്യാറെടുക്കാനുള്ള, സ്വയം സജ്ജയാക്കാനുള്ള പ്രയത്നമാണിത്. മനഃകായങ്ങൾ ശുദ്ധമാകണം. ബുദ്ധിയാകട്ടെ മനനവും ധ്യാനവും കൊണ്ട് സ്വീകാര്യക്ഷമമാവണം. അതിനുവേണ്ടിയുള്ള ഭക്തിമയവും വിനീതവുമായ പ്രാർത്ഥനയാണ് ഈ പുരോഹിതൻ നടത്തുന്നത്. ഈ പുസ്തകം ഒരു ലളിതമായ പ്രാർത്ഥന മാത്രമല്ല ജീവിതചര്യ എങ്ങനെയായിരിക്കണമെന്നുള്ള വിശദമായ ഉപദേശം കൂടിയാണ്. ഇതിന്റെ തത്വം ഗ്രഹിച്ച് മുന്നോട്ടുപോവുക എന്നതിനർത്ഥം ഒരു യഥാർത്ഥ ക്രിസ്തു ഭക്തയായിത്തീരുക എന്നതു തന്നെയാണ്. ഫാദർ ഫ്രാൻസീസ് ഈ വേദിയിൽ നിൽക്കുന്നതും കളങ്കമറ്റ ആരാധിക ഭാവത്തിലത്രേ.

ഇത് കവിതയെന്ന നിലയിൽ നോക്കിക്കാണാനുള്ളതല്ല. നിറഞ്ഞ ഭക്തിയുടെ നൈസർഗികമായ ഒരു ഉറവ മാത്രമാണിത്. അതിനാൽ ഇതിന്റെ ഗുണദോഷവിചാരം ചെയ്യേണ്ടതില്ല. കൈകൂപ്പി കരഞ്ഞു കൊണ്ടുള്ള ആത്മ സമർപ്പണം മാത്രമാണിത്. ഭാരതീയവും ക്രൈസ്തവവുമായ ഒട്ടേറെ ബിംബങ്ങളെ ഈ കവിതയുടെ വിവരിച്ചുള്ള വിശദീകരണത്തിൽ ഫാദർ ഫ്രാൻസീസ് രഞ്ജിപ്പിച്ചിരിക്കുന്നു. ഈ ഭക്തന്റെ ഗാനാഞ്ജലി കരുണാമയനായ നാഥൻ സ്വീകരിക്കുക തന്നെ ചെയ്യും. 'അസതോമാ സദ്ഗമയ തമസോമാ ജ്യോതിർഗമയ' എന്നു ജപിച്ച നാടാണല്ലോ ഇത്. ഏതു തമസ്സിലും ഒരു തിരികൊളുത്തി വയ്ക്കുന്നത് ഈശ്വരാരാധന മാത്രം.

ഫാദർ ഫ്രാൻസീസ് വിനീതിന് എന്റെ സ്നേഹാശംസകൾ!
ദൈവം കാത്തുകൊള്ളട്ടെ.

സുഗതകുമാരി

ആസ്വാദനം

ഒരു സഹസന്യാസിയുടെ സന്ദേശം

പ്രിയപ്പെട്ട ഫാദർ ഫ്രാൻസീസ് വിനീത് അവർകൾക്ക് സ്നേഹപൂർവ്വം

താങ്കൾ ഭാരതീയ ആദ്ധ്യാത്മിക സമ്പ്രദായത്തിന്റെ ചോടുപിടിച്ച് രചിച്ച പ്രാർത്ഥന സ്തോത്രങ്ങൾ കണ്ടു. വളരെ സന്തോഷം.

ഈശ്വരൻ മാത്രമാണ് സത്യം എന്നും ഈശ്വരസാക്ഷാത്ക്കാരമാണ് മനുഷ്യ ജന്മംകൊണ്ട് നേടേണ്ട പരമ ലക്ഷ്യം എന്നും ഉള്ള ആദ്ധ്യാത്മിക സംസ്കാരം ഒന്നിനുമാത്രമേ "വസുധൈവ കുടുംബകം" എന്ന ഭാവനയോടുകൂടി പരസ്പരം സ്നേഹിച്ചും സേവിച്ചും സന്തോഷമായി സമാധാനപൂർവ്വം ജീവിക്കുവാൻ മനുഷ്യനെ സമർത്ഥനാക്കുകയുള്ളു.

ഭക്തൻ ഭാവനചെയ്ത് ലൗകീക ജീവിതത്തിൽ പരിചയമുള്ള ഏതെങ്കിലും ഒരു സ്നേഹബന്ധം ഈശ്വരനുമായി പുലർത്തി നിരന്തരം പ്രാർത്ഥിച്ചാൽ ഈശ്വര പ്രീതി നേടുവാൻ എളുപ്പമാണ്. ഭക്തൻ ഭഗവാന്റെ ശിഷ്യയാണ് എന്ന പരിപാവന ഭാവനയാണ് താങ്കൾ സാധനയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ഭാരതത്തിൽ സഹസ്രാബ്ദങ്ങളായി നിലനിന്നു വരുന്ന ഗുരുശിഷ്യപരമ്പരയിലൂടെയാണ് ഇവിടുത്തെ ആദ്ധ്യാത്മിക സംസ്കാരം ഇടമുറിയാതെ നിലനിന്നു വരുന്നത്. സനാതന ധർമ്മം എന്നറിയപ്പെടുന്ന ഈ സംസ്കാരം നിഷ്കപടമായ ശ്രദ്ധയോടുകൂടി പഠിക്കുകയും പ്രായോഗികമാക്കാൻ എല്ലാ ഭാരതീയരും ശ്രദ്ധിക്കുകയും ചെയ്താൽ ഇന്ന് അനുഭവപ്പെടുന്ന മതസ്പർദ്ധയും കലഹങ്ങളും ഒഴിവാക്കിക്കൊണ്ട് ഒരുമിച്ച് ഒന്നായി വിശ്വസാഹോദര്യം വളർത്തി എടുക്കുവാൻ സാധിക്കും.

1893ൽ ചിക്കാഗോയിലെ മതമഹാ സമ്മേളനത്തിൽ ഈ സത്യം സൂര്യതുല്യം തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

സഹോദരാ, താങ്കളുടെ ഈ സദുദ്യമം അത്യന്തം ശ്ലാഘനീയമാണ്. നമ്മുടെ ആദ്ധ്യാത്മിക സാധന നമ്മെ ദിവ്യത്വ സാക്ഷാൽക്കാരത്തിന് പ്രചോദിപ്പിക്കുമാറാകട്ടെ എന്നു പ്രാർത്ഥനയോടെ.

സജ്ജനവിധേയൻ,

രാമകൃഷ്ണാശ്രമം നെട്ടയം പി.ഒ. ശക്രാനന്ദസ്വാമി
തിരുവനന്തപുരം 695013

അവതാരിക

നാലു ദശസംവൽസരങ്ങൾക്കപ്പുറം ധർമ്മാരാം കോളെജിൽ, ഭാരതീയ തത്ത്വചിന്തയിൽ അഗാധമായ അവഗാഹം നേടിയ ഒരു ഗുരുവിന്റെ ക്ലാസ്സിലിരുന്നു പഠിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. അദ്ദേഹം പഠിപ്പിച്ചത് തത്ത്വശാസ്ത്രമാണെങ്കിലും കവിതയുടെ അപൂർവസുന്ദരമായ തേജസ്സ് വാക്കുകളിലെല്ലാം തെളിഞ്ഞു നിന്നു. അദ്ദേഹത്തെ കൂടുതൽ അറിയുവാൻ അവസരം ലഭിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി, കവിതാവാസന അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജന്മസിദ്ധമാണ്. പക്ഷേ, എഴുതാത്ത കവിതയാണ് മഹത്തരം എന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നു മനസ്സിലായി. നല്ല കവിതകൾ വായിച്ച് കാവ്യ വാസനയുള്ളവരെ അദ്ദേഹം ഉദ്ബുദ്ധരാക്കുമായിരുന്നു. എങ്ങനെ കവിത എഴുതണമെന്നല്ല എങ്ങനെ കവിത എഴുതരുത് എന്നാണ് അദ്ദേഹത്തിന്റെ വചസ്സുകളിൽ നിന്ന് എനിക്കു ബോധ്യപ്പെട്ടത്. കാനോന നമസ്കാരത്തിൽ ആബേലച്ചനെഴുതിയ,

"സുന്ദര ചിന്തകളോ
ടെൻ പ്രിയനായകനെ
തേടിയലഞ്ഞു ഞാൻ
പുലരിയിലങ്ങേ കാലടികൾ
തേടി നടന്നെൻ മനമുഴറി
സായം കാലമണഞ്ഞപ്പോൾ
അന്തിമരാഗവിരിപ്പുകളിൽ
വീണ്ടും നിൻ
വദനം തേടീ ഞാൻ"

ഈ വരികളിൽ തുളുമ്പി നിൽക്കുന്ന കാവ്യ സൗന്ദര്യം അദ്ദേഹം ആവർത്തിച്ചു പറയുമായിരുന്നു.

"മിന്നൽപ്പിണരുകളിൽ
മിന്നിമറന്നതു നിൻ
സുന്ദരമുഖമാകാം
തെന്നലിലോടിയകന്നതു നിൻ
നിർമ്മല പാദസുമങ്ങളുമാം"

തുടങ്ങിയ വരികൾ കൂടുതൽ ഉത്കൃഷ്ടങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പിൽക്കാല കാവ്യപാരായണത്തിൽ ചങ്ങമ്പുഴക്കവിതകളിൽ നിന്ന് സ്വാധീനമുൾക്കൊണ്ടാണ് ആബേലച്ചൻ ആ വരികളെഴുതിയതെന്ന് മനസ്സിലായെങ്കിലും കാവ്യരചനയിൽ അതെല്ലാം അപ്രസക്തമെന്നു ഞാൻ വിചാരിച്ചു. ആരാണീ ഗുരുനാഥൻ? മറന്നാരുമല്ല, എല്ലാവർക്കും പ്രിയങ്കരനായ ഡോ. ഫ്രാൻസീസ് വിനീത് വടക്കേത്തല! ഇടക്കാലത്ത് എന്റെ 'നട്ടുച്ചനേരത്ത്' എന്ന ഖണ്ഡകാവ്യത്തിന് അനുപമ സുന്ദരമായ അവതാരികയെഴുതി അനുഗ്രഹിച്ച കാവ്യാസ്വാദകൻ, വിനീതച്ചൻ.

"എന്നെയൊരുക്കൂ നീ" എന്ന, ആദ്ധ്യാത്മികതയുടെ സാംഗോപാംഗം അനുഭവിപ്പിക്കുന്ന ഒരു കൃതി എന്നെ ഏൽപ്പിച്ചിട്ട് അതിനൊരു അവതാരികയെഴുതിത്തരണമെന്ന് ആ ഗുരുനാഥൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന് അവതാരികയെഴുതാൻ ഞാനാരെന്ന് ഓർത്തുപോയി. പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ ആ ചിന്ത ശക്തിപ്പെട്ടു. എന്നിട്ടും, മഹാകവി ജി. ശങ്കരക്കുറിപ്പ് വിശ്വദർശനത്തിൽ പാടിയിരിക്കുന്നതുപോലെ,

"ഞാനഹങ്കാരത്തോടെ
കൈയിലേന്തിയതാണീ
പ്പേന, വയ്ക്കട്ടെ താഴെ
കുനിഞ്ഞും വിറപൂണ്ടും"

എന്നു പറയേണ്ടി വരുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം, അഗാധചിന്തയുടെ, ആദ്ധ്യാത്മികതയുടെ അനന്തസാഗരത്തിലേക്കാണു ഞാൻ എടുത്തു ചാടുന്നത്. ഒരു കൊച്ചു നൗകപോലും ദൂരെ കാണാനില്ല. ഓളങ്ങളെന്നെ പിടിച്ചമർത്തുകയാണ്, മുകളിലേക്ക് പൊന്തിവരാതിരിക്കും വിധം. എങ്കിലും ഞാൻ കുതിച്ചു നോക്കുന്നു; ഓളപ്പരപ്പിൻ ശ്വാസത്തിനായി കേഴുന്നു. അനർഹമായ ഒരു കൃത്യത്തിനു സ്നേഹത്തിന്റെ പൊന്നിഴകളാൽ മാത്രം സമ്മതിച്ചുപോയ അഹന്തയ്ക്കു മാപ്പു ചോദിക്കുന്നു.

ജീവിതം ഒരു തീർത്ഥയാത്രയാണ്. ഈ യാത്ര തടുങ്ങിയതെവിടെനിന്നോ, ഇനിയൊരു വിശ്രമമെവിടെച്ചെന്നോ എന്നു മനുഷ്യാത്മാവു വ്യാകുലപ്പെടുന്നു. ഗദ്ഗദങ്ങൾ ഉയരുന്നു. തീർത്ഥയാത്രയായതുകൊണ്ടു മാത്രം ഈശ്വരസഹായം എപ്പോഴും കൂടെയുണ്ടാകുമെന്നു

വിശ്വസിക്കുന്നു. ''ജീവിതംപോലെ രണ്ടറ്റവും കാണാത്ത'' വീഥിയിലൂടെയല്ല ഞാൻ ചരിക്കുന്നതെന്നു സ്വയം ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നു. ഈ ജീവിതം ഒരന്വേഷണം തന്നെയെന്നു ചിന്തിച്ചു മുന്നോട്ടു നീങ്ങുന്നു. പ്രകൃതിയിൽ നിന്ന് മനുഷ്യനിലേക്ക്, മനുഷ്യനിൽ നിന്ന് ആത്മാവിലേക്ക്, ആത്മാവിൽ നിന്ന് യേശുവിലേക്ക്: പടിപടിയായുള്ള പ്രയാണമാണിത്.

യേശുശിഷ്യയുടെ പ്രാർത്ഥന ഇതാണ്:

> "എന്നെയൊരുക്കൂ നീ, എന്നുമൊരുക്കൂ നീ
> എന്തിനാണെന്നതു ചൊൽകവേണ്ടാ.
> എന്തെന്തു നിൻ മനമെന്നും നിനയ്ക്കുമോ
> അന്നന്നുഞാനവ ചെയ്തുകൊള്ളാം."

സവിശേഷമായ ഒരു പ്രതിജ്ഞാബദ്ധത അതിലുണ്ട്. തീർത്ഥയാത്ര യേശുവിൽ ചെന്നെത്തുന്നതുവരെ ഈ ഒരുക്കം തുടരുന്നു. എങ്ങനെയെല്ലാമെന്നു ചിന്തിച്ചു ചിന്തിച്ചു ലക്ഷ്യപ്രാപ്തി അർത്ഥപൂർണ്ണമാക്കുന്നു.

അപാരതയോടു മനുഷ്യാത്മാവിനുള്ള ആഭിമുഖ്യമാണു ഭക്തി. നിറഞ്ഞു നിൽക്കുന്ന ഈ ഭക്തിഭാവം ജീവിതമാകുന്ന തീർത്ഥയാത്രയിൽ നല്ലൊരു കൈചൂണ്ടിയാണ്. ഒരുക്കത്തിന് ഭക്തിഭാവം ആത്മാവിൽ തീ പടർത്തുന്നതുപോലെ ഉപകാരപ്രദമായിത്തീരുന്നു. ആത്മാവിന്റെ പ്രണയകാലം ഈ ഭക്തിഭാവത്തിൽ അടങ്ങിയിരിക്കുന്നു. പ്രണയിനി വെറുതെയിരിക്കുന്നില്ല. യേശുവാകുന്ന വല്ലഭനിൽ കണ്ണും നട്ടാണു മുന്നോട്ടുള്ള പ്രയാണം. എങ്ങനെ തന്റെ വല്ലഭനെ പ്രസാദിപ്പിക്കാൻ സാധിക്കുമെന്ന ചിന്തമാത്രമാണ് പ്രണയിനിയുടെ മനസ്സിൽ. അവിടെ ഒരുക്കത്തിനു കൂടുതൽ പ്രധാന്യം ലഭിക്കുന്നു.

ജീവിതത്തിന്റെ അനിശ്ചിതത്വം ആത്മാവിൽ ഉൽക്കണ്ഠാകുലത നിറച്ചേക്കാം. എല്ലാ ആകുലതകളും നീക്കിക്കളഞ്ഞ് പ്രയാണം തുടരേണ്ടിയിരിക്കുന്നു. ഭക്തിഭാവം ആശ്രയഭാവമായിപ്പകരുന്നു. ഈശ്വരനിൽ വിശ്വസിക്കുന്ന എല്ലാവർക്കും എല്ലാം നന്മയ്ക്കായി ഭവിക്കുന്നു എന്ന ചിന്ത ധൈര്യം പകരുന്നു. പ്രണയിനിക്കു പ്രണേതാവിന്റെ ഏതിഷ്ടവും പ്രധാനപ്പെട്ടതാണ്. ഏറ്റവും ചെറിയ ആഗ്രഹം പോലും സ്വന്തം ഇഷ്ടമായി കരുതും യഥാർത്ഥ പ്രണയിനി. ആ

കരുതൽനടപടിതന്നെ ആത്മാവിനെ സ്വാതന്ത്ര്യത്തിന്റെ അത്യുന്നതിയിലേക്കു നയിക്കുന്നു. ആശാപാശങ്ങളെയെല്ലാം ഇല്ലായ്മചെയ്യുന്നതാണ് ഈ സ്വാതന്ത്ര്യം. അതാകട്ടെ, ബാഹ്യപ്രേരണകൾക്കു വിധേയയാകാതെ, പ്രണയിനിക്ക് സമചിത്തതയോടെ, അഭീഷ്ടങ്ങളുടെ പൂർത്തീകരണമായ ഈശ്വരനെ ഓരോ കർമ്മത്തിലും സ്വീകരിക്കുവാൻ പ്രേരണ നൽകുന്നു.

ഇവിടെയാണ് ധ്യാനജീവിതത്തിന് ആക്കം വർദ്ധിക്കുന്നത്. "നിത്യവും നിൻപദേ ധ്യാനിച്ചിരിക്കുക" എന്നത് യേശുശിഷ്യയുടെ പ്രധാന നിയോഗമായിത്തീരുന്നു. ഒപ്പം പ്രണേതാവിന്റെ ചിത്രം തന്നിൽ ആരചിക്കാൻ തുടങ്ങുന്നു. അങ്ങനെ ഒരുക്കം മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു.

ഡോ. ഫ്രാൻസീസ് വിനീത് വളരെ സൂക്ഷ്മമായിത്തന്നെ ഈ ഒരുക്കം സംവിധാനം ചെയ്തിരിക്കുന്നതു കാണുമ്പോൾ അദ്ദേഹം തന്നെയും ഇതു തന്റെ ആത്മാവിൽ പൂർത്തീകരിച്ചു കഴിഞ്ഞതാണെന്ന് അനുവാചകർക്ക് അനുഭവവേദ്യമായിത്തോന്നാതിരിക്കില്ല. ഒരുക്കത്തിന്റെ ആ കഥ സ്വന്തം ജീവിതവൃത്തിയായിത്തന്നെ അദ്ദേഹം കരുതിയിട്ടുണ്ടാകണം. അവസാനമില്ലാത്ത ധ്യാനത്തിലൂടെ പ്രാണനാഥന്റെ തൃപ്പാദപൂജയാണു പ്രണയിനി നടത്തുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

തൃക്തയായി, മുക്തയാവുന്ന പ്രണയിനിയെ വരച്ചുകാട്ടാൻ ഫാ. വിനീത് ഉപയോഗിച്ചിരിക്കുന്ന ബ്രഷും ചായവും ശ്രദ്ധേയമാണ്. ഗുരുവും മാതൃകയുമായ യേശുവിനെ ധ്യാനിക്കുന്ന ആത്മാവിന് തൃക്തത അറിയാനോ ആഗ്രഹിക്കാനോ സാധിക്കാത്ത വസ്തുതയല്ലെന്നും അദ്ദേഹം സമർത്ഥിക്കുന്നു. ആശാപാശങ്ങളിൽ നിന്നു വിമോചിതയാകുമ്പോഴാണു പ്രണയിനി മുക്തയാകുന്നത്. തൃക്തയും മുക്തയുമായി കഴിയുമ്പോൾ അവൾ പ്രാർത്ഥിക്കുന്നത് ഇങ്ങനെ:

"പാതാളം തന്നുടെയാഴത്തിലെത്താനും
ഉത്തുംഗ ശൃംഗം കയറിടാനും.
പാരിന്റെ സീമകൾ ഭേദിച്ചുയരാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ."

ആദ്ധ്യാത്മിക വിചിന്തനങ്ങളിലൂടെ, ആഴത്തിലുള്ള മനനത്തിലൂടെ ഇതു വ്യക്തമാക്കാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്.

ആകെ നാല് ഭാഗങ്ങളായാണ് ഈ പുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. ഇതുവരെ ഒരുക്കത്തെപ്പറ്റിയാണ് ചുരുക്കി പ്പറഞ്ഞത്. ഇനിയുള്ളവ 'സമഭാവന', 'താമസ രാത്രി', 'തിരുവരവും കാത്ത്' എന്നിവയാണ്.

"സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ
സന്തുഷ്ട ചിത്തയായ് ജീവിക്കാനും
മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ."

എന്താണിവിടെ സമഭാവനയെന്നു വ്യക്തമാണ്. ആശകൾ, നിരാശകൾ, യോഗ്യതകൾ, അയോഗ്യതകൾ എല്ലാം സമഭാവനയിലൂടെ ദർശിക്കാൻ സാധിക്കുക എളുപ്പമല്ല. എങ്കിലും സെന്റ് അഗസ്റ്ററിന്റെ വാക്കുകൾ ആവേശം പകരുന്നു.

"കനിഞ്ഞു നീയെന്നെ നിനക്കുവേണ്ടി
മെനഞ്ഞു തന്മുലമനന്തനാഥാ
അണഞ്ഞിടാ ശാന്തിയെനിക്കു നിന്നെ
പ്പുണർന്നു നിന്നിൽ വിലയിക്കുവോളം."

വിശുദ്ധ ജോൺ ഓഫ് ദ ക്രോസ് വിവരിച്ചിട്ടുള്ള ആത്മാവിന്റെ താമസരാത്രിയെ ഇവിടെ അനുസ്മരിക്കുന്നത് ഉചിതമാണ്. ഫാ. വിനീതും യേശുശിഷ്യയ്ക്ക് നേരിടേണ്ടിവരുന്ന താമസരാത്രിയെപ്പറ്റി ഉറക്കെ ചിന്തിക്കുന്നു. താമസരാത്രിയിൽ താളം പിഴയ്ക്കാതെ മുന്നോട്ടു നീങ്ങുക എളുപ്പമല്ല. മാനുഷികവും സ്വതഃസിദ്ധവുമായ പ്രവണതകൾ തീർച്ചയായും തടസ്സം സൃഷ്ടിക്കും. അതേസമയം അനശ്വരമായ ദിവ്യ ചൈതന്യ വിശേഷം അബലമായ മനുഷ്യമനസ്സിന് ധൈര്യവും സ്ഥൈര്യവും പകരും. ഇരുട്ടിലൂടെ മുന്നോട്ടു നീങ്ങുമ്പോൾ സൂര്യ പ്രകാശമുള്ള യേശുവിന്റെ മുഖം ദർശിക്കാനാകണം. ബുദ്ധിയുടെയും മനസ്സിന്റെയും രാത്രികൾ മറികടന്ന് വിശ്വാസത്തിന്റെ വെളിച്ചം സ്വീകരിച്ചു മുന്നോട്ടു നീങ്ങാൻ കഴിയും. അപ്പോൾ പാടാൻ സാധിക്കുന്നത് ഇങ്ങനെയാണ്.

"ഉള്ളിൻെറയുള്ളിലായ് പള്ളികൊള്ളുന്ന നി-
ന്നുള്ളം കൈത്താലത്തിൽ വിശ്രമിച്ച്
ഉള്ളിൽ നിൻവാരൊളി നാളം തെളിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ."

തിരുവരവും കാത്തിരിക്കുന്ന യേശുശിഷ്യ ദിവ്യ വചസ്സുകളുടെ നിർമ്മല നീരിൽ കുളിച്ചൊരുങ്ങുകയാണ്. സ്വീകരിക്കാൻ വേണ്ടി കൈകളിലേന്തിയ ദീപത്തിൽ എണ്ണ നിറച്ച്, കുറച്ച് എണ്ണവേറെയും കരുതിയേശുശിഷ്യ! അവളുടെ മനസ്സിൽ എപ്പോഴും ആ ചിത്രമാണ്.

"നീ സ്വയം ഹോമിച്ചെൻ ജീവിതം രക്ഷിച്ച
നിസ്തുല കർമ്മമെന്നോർമ്മയാക്കി" മാറിയ ചിത്രം.

യേശുനാഥൻെറ സന്നിധാനം ഭക്തിയുടെ വിശാലതലവും വിമോചനങ്ങളുടെ പൂർത്തീകരണവുമാണെന്ന് ഗ്രന്ഥകർത്താവ് അടിവരയിട്ടു പറയുന്നു. "മനുഷ്യജീവിതം സ്പർശോന്മുഖവും ലോകോന്മുഖവുമാണ്. ദൈവകേന്ദ്രീകൃതവും സ്വർഗ്ഗോന്മുഖവുമായ ജീവിതം അതിനെ സർവാതിരിക്തതയിലേക്കും സത്യസ്വാതന്ത്ര്യത്തിലേക്കും നയിക്കുന്നു. എന്നാൽ മനുഷ്യജീവിതം അഹം കേന്ദ്രീകൃതവും ഭൗതികസുഖപ്രേരിതവുമാണെങ്കിൽ അതു സത്യ ധ്വംസനത്തിലേക്കും നിരവധി ബന്ധനങ്ങളിലേക്കും ആത്മാവിനെ നയിക്കു"മെന്നു ഫാ. വിനീത് സമർത്ഥിക്കുകയാണ്. "യേശുനാഥൻ വാഗ്ദാനം ചെയ്യുന്നതും നേരിട്ടു തരുന്നതുമായ സമാധാനം ലോക നിർമ്മിതമായ, ആയുധ സംരക്ഷിതമായ സമാധാനമല്ല. മറിച്ച്, തിന്മയെ നന്മകൊണ്ടു ചെറുത്ത്, പാപത്തെ വെറുത്ത്, പാപിക്കുവേണ്ടി മരിച്ച്, അധാർമ്മികശക്തികളെ അഹിംസയിലൂടെയും ത്യാഗോജ്ജ്വലമായ സ്വന്തം മരണത്തിലൂടെയും കീഴ്പ്പെടുത്തി, നേടിയെടുത്ത സനാതന സമാധാനമാണ്."

യേശുശിഷ്യയെ ഫാ. വിനീത് നയിക്കുന്ന വഴികൾ എത്രയോ പാവനങ്ങൾ, സുന്ദരങ്ങൾ! ശിഷ്യൻെറ ഹൃദയവികാരങ്ങളോടെ ഈ കൃതി യേശുശിഷ്യൻമാർക്കു തന്നെ സസന്തോഷം അവതരിപ്പിച്ചു കൊള്ളട്ടെ.

ഡോ. ചെറിയാൻ കുനിയന്തോടത്ത്, സി.എം.ഐ.

എന്നെയൊരുക്കൂ നീ

1. എന്നെയൊരുക്കൂ നീ, എന്നും ഒരുക്കൂ നീ
എന്തിനാണെന്നതു ചൊൽക വേണ്ടാ
എന്തെന്തു നിൻ മനമെന്നും നിനയ്ക്കുമോ
അന്നന്നു ഞാനവ ചെയ്തു കൊള്ളാം

2. നിത്യവും നിൻ പദേ ധ്യാനിച്ചിരിപ്പാനും
സത്യത്തിൻ കാന്തിമ കാണുവാനും
ശിഷ്യയാമെന്നിൽ നിൻ രൂപം രചിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

3. ത്യക്തയായ് മുക്തയായ് ത്യാഗത്തിൻ വേദിയിൽ
വിസ്മൃതവീഥിയിൽ ജീവിതം ഞാൻ
ആരുമറിയാതെയെന്നും നയിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

4. പാതാളലോകത്തിനാഴത്തിലെത്താനും
ഉത്തുംഗശൃംഗം കയറിടാനും
പാരിന്റെ സീമകൾ ഭേദിച്ചുയരാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

5. സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ
സന്തുഷ്ട ചിത്തയായ് ജീവിക്കാനും
മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

6. ആശാവിനാശകൾ ആശിഷാക്ഷേപങ്ങൾ
വന്ദനനിന്ദനഭാവങ്ങളും
തുല്യമാം മൂല്യമായെല്ലാം ഗണിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

7. മിത്രങ്ങളെന്നുള്ളിൽ മോദം വിതയ്ക്കുമ്പോൾ
ശത്രുക്കളെന്നെ വെറുത്തിടുമ്പോൾ
സർവത്ര നിൻമനം മാത്രം ഞാൻ തേടാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

8. താമസരാത്രിയിൽ താളം പിഴയ്ക്കാതെ
താവക പൊൻമുഖം തേടുവാനും
രാവിൻ പ്രശാന്തിയിൽ നിന്നിൽ ലയിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

9. ഉള്ളിന്റെയുള്ളിലായ് പള്ളികൊള്ളുന്ന നി-
ന്നുള്ളംകൈത്താലത്തിൽ വിശ്രമിക്കേ
ഉള്ളിൽ നിൻ വാരൊളിനാളം തെളിയാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

10 എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ
എന്നോമൽനാഥാ നിനക്കു വേണ്ടി
എന്നുമെവിടെയും നിൻ പദം പുൽകുവാൻ
എന്നെയൊരുക്കൂ നീ ജീവേശ്വരാ

11. നീ നല്കും ശിഷ്യർക്കായ് ജീവിതം ഹോമിച്ച്
നിൻ മുഖകാന്തിയവർക്കു നല്കി
നിന്നാൽ പ്രചോദിത ജീവൻ കൊടുപ്പാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

12. നിന്തിരുവാണികളെന്നിലൊഴുക്കുന്ന
നിർമ്മലനീരിൽ കുളിച്ചൊരുങ്ങി
നീ തന്ന ദീപത്തിലെണ്ണ പകർന്നു ഞാൻ
ആയിരംനാളം തെളിച്ചൊരുക്കി

13. എന്നകക്കാവിലെ കല്പകവല്ലിയിൽ
നീ തൊട്ടുണർത്തിയ പൂക്കൾ ചൂടി
നീ പാടും മൗനമനോജ്ഞമാം ഗാനങ്ങൾ
എൻ മനോവീണയിലേറ്റു പാടി

14. നീ സ്വയം ഹോമിച്ചെൻ ജീവിതം രക്ഷിച്ച
നിസ്തുല കർമ്മമെന്നോർമ്മയാക്കി
പാരം പ്രഭാപൂരം പാരിന്നരുളുന്നോ
രോർമ്മയാലെൻമനം ദീപ്തമാക്കി

15. ഓരോ ദിനത്തിലും ത്യാഗസുമങ്ങളെൻ
ജീവിതപൊൻനൂലിൽ കോർത്തിണക്കി
ആത്മാവിന്നന്തരസ്പന്ദനബന്ധിയാം
ആ മലർമാലയും കൈയിലേന്തി

16. നീ വരും തൂവെള്ള പൂമേഘത്തേരിന്റെ
ആഗമനേരവും പാർത്തിരിക്കേ
ആഗ്നേയദൂതന്മാർ ആഹ്ലാദചിത്തരായ്
വെൺമേഘവ്യൂഹമായ് നോക്കി നില്ക്കേ

17. ആകാശവീഥിയിൽ നീ വന്നണയുമ്പോൾ
നിൻ വഴിത്താരയിൽ പൂവിരിച്ചു
നിൻപദം വന്ദിച്ചു നിന്നെ വരിക്കുവാൻ
എന്നെയൊരുക്കൂ നീ ജീവേശ്വരാ

18. ആരാധ്യനാഥൻ നീ ആദ്യന്തഹീനൻ നീ
ആത്മാവിനാധാര ജീവസാരം
ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും
ശാന്തി ശുഭാപ്തിയുമങ്ങു മാത്രം
അങ്ങുമാത്രം.... അങ്ങുമാത്രം.....

അദ്ധ്യായം ഒന്ന്

ആദ്യ പ്രാർത്ഥന

എന്നെയൊരുക്കൂ നീ, എന്നും ഒരുക്കൂ നീ
എന്തിനാണെന്നതു ചൊൽക വേണ്ടാ
എന്തെന്തു നിൻ മനമെന്നും നിനയ്ക്കുമോ
അന്നന്നു ഞാനവ ചെയ്തു കൊള്ളാം

എന്നെ ഒരുക്കൂ നീ

നമ്മുടെ ജീവിതം ഒരു ഒരുക്കത്തിന്റെ കഥയാണ്. യേശുശിഷ്യയെ സംബന്ധിച്ചിടത്തോളം ഇത് സമയത്തിന്റെ സമാപ്തിയിൽ ജീവിതത്തിന്റെ പരമലക്ഷ്യമായ യേശുനാഥനിൽ ചെന്നണയുന്നതിനുള്ള മഹാ ഒരുക്കമാണ്. ജീവിതം മുഴുവൻ തന്നെ ഈ ഒരുക്കമാണ്. നാം ചെയ്തുകൊണ്ടിരിക്കുന്ന ദിനചര്യകളും മറ്റു പരിപാടികളും ഈ ഒരുക്കത്തിലേക്കുള്ള മുതൽക്കൂട്ടായി മാറിക്കൊണ്ടിരിക്കുന്നു. സന്തോഷത്തിലും സന്താപത്തിലും, ആശിഷത്തിലും ആക്ഷേപത്തിലും സ്വീകരണത്തിലും തിരസ്കരണത്തിലും ഇടതടവില്ലാതെ ഈ ആത്മീയ ഒരുക്കം സദാ നടന്നുകൊണ്ടിരിക്കുന്നു. നാം പ്രാപിക്കേണ്ട ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു യാത്രയാണ് ജീവിതമെന്ന് നമ്മൾ കണ്ടു കഴിഞ്ഞു. പക്ഷേ, ആ യാത്രയ്ക്കുള്ള ഒരുക്കമാണ് എന്നും നടന്നുകൊണ്ടിരിക്കുന്നത്. ലക്ഷ്യപ്രാപ്തിയുടെ അവസാന നിമിഷം വരെ യാത്രയോടൊപ്പം ഈ ഒരുക്കവും തുടർന്നുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഒരുക്കവും യാത്രയും ഒന്നു തന്നെ. യാത്രയുടെ ഓരോ അടിയും അന്ത്യത്തിലേക്കുള്ള ഒരുക്കവും നീക്കവുമാണ്. എപ്പോഴും ഒരുങ്ങി, സദാ ദൈവസന്നിധിയാർന്നു നിൽക്കുന്ന ആത്മാവിന്റെ പ്രാർത്ഥനയാണ് ഈ ഈരടികളിൽ നിഴലിച്ചു നിൽക്കുന്നത്.

ഒരു കല്യാണവിരുന്നിനു പോകുമ്പോൾ അതിനായി നാം തയ്യാറെടുക്കും. ശുദ്ധജലത്തിൽ കുളിച്ച്, വൃത്തിയുള്ള വസ്ത്രം ധരിച്ച്, ചിലപ്പോൾ ആവശ്യമുള്ള ആഭരണങ്ങൾ അണിഞ്ഞ് നാം ഒരുങ്ങുന്നു.

പാരിന്റെ സീമകൾ ഭേദിച്ചുയരാനും...

ആദ്ധ്യാത്മിക യാത്രയിലും ഈ ഒരുക്കങ്ങൾ നടക്കുന്നുണ്ട്. ദൈവപ്രസാദമാകുന്ന വെൺവസ്ത്രം ധരിച്ച്, പരിശുദ്ധാത്മാവിന്റെ ദാനങ്ങളാകുന്ന ആഭരണങ്ങളണിഞ്ഞ്, തന്റെ അരുമനാഥനെ സ്വീകരിക്കാൻ ആത്മാവ് സ്നേഹവായ്പ്പോടെ ഒരുങ്ങുന്നു. സ്വർഗ്ഗീയ ജറുസലേമിലെ കല്യാണവിരുന്നായി അവസാനത്തെ കൂടിക്കാഴ്ചയെ കർത്താവുതന്നെ ഉപമിച്ചിട്ടുണ്ട്. ആർക്കും ലഭിക്കാവുന്ന കല്യാണ വസ്ത്രമില്ലാതെ, പന്തലിൽ കടന്നു കൂടിയവനെ പുറത്തോട്ട് വലിച്ചെറിഞ്ഞതായും അവിടെ പറയുന്നുണ്ട് (മത്താ 22:11-13). കൃപാവരത്തിന്റെ കല്യാണ വസ്ത്രമാണ് ഇവിടെ നിദർശിക്കപ്പെടുന്നത്. ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട ആത്മാവിൽ അവിടത്തെ തനിപ്രതിരൂപം നിഴലിക്കണം. വിരിഞ്ഞ് പ്രശോഭിക്കണം എന്നാണ് വിവക്ഷ. യാത്രയുടെ അന്ത്യത്തിൽ ഒരുക്കം പൂർത്തിയാകുമ്പോൾ ആത്മാവ് ദൈവത്തിന്റെ തനിപ്രതിരൂപമായി മാറും. ഈ അന്ത്യ പ്രാപ്തിക്കുള്ള, സാക്ഷാത്കാര ഭാവത്തിലേക്കുള്ള, ഒരുക്കമാണ് നമ്മുടെ ജീവിതം. ഈ ഒരുക്കം സദാ നടന്നുകൊണ്ടിരിക്കുന്നു. ആത്മാവ് സദാ പ്രവർത്തനനിരതയാണെങ്കിലും ഈ ഒരുക്കത്തിന്റെ യഥാർത്ഥ കർത്താവ് ആത്മാവിൽ വസിക്കുന്ന ദൈവത്തിന്റെ അരൂപിയാണ്.

ദൈവത്തിന്റെ ഭാവവും രൂപവും നമുക്കു നൽകുന്നതിന് ദൈവത്തിനു മാത്രമേ കഴിയൂ. പ്രകൃതിയിൽ നിന്നു നമുക്ക് ലഭിച്ച ശരീരത്തിനും ശരീരത്തിലെ ഇന്ദ്രിയങ്ങളിലൂടെ അറിവ് സമ്പാദിക്കുന്ന മനുഷ്യബുദ്ധിക്കും സാധിക്കുകയില്ല. ഉള്ളിന്റെയുള്ളിൽ വസിക്കുന്ന സാക്ഷാൽ ദൈവചേതനയായ അരൂപി പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന സത്ചിത്ഭാവങ്ങൾ ഒന്നിച്ചൊഴുകുന്ന ശ്വാസോച്ഛ്വാസമായി ക്രിസ്തീയവിശ്വാസം കാണുന്നു. ശരീരത്തിലെ ശ്വാസം നമ്മുടെ ജീവൻ നിലനിറുത്തുന്നതുപോലെ നമ്മുടെ ആദ്ധ്യാത്മിക ജീവൻ നിലനിറുത്തി സംരക്ഷിച്ചുകൊണ്ടുപോരുന്നത് ഈ അരൂപിയാണ്. എന്നു വച്ചാൽ ശാരീരികശ്വാസം പോലെ നമ്മുടെ ഉള്ളിന്റെ ഉള്ളിൽ മറെറാരു ആദ്ധ്യാത്മിക ശ്വാസോച്ഛ്വാസവും നടക്കുന്നുണ്ടെന്ന് സാരം. ശാരീരികശ്വാസം ഈ ആദ്ധ്യാത്മിക ശ്വാസത്തിന്റെ പ്രതീകവും പ്രതിബിംബനവുമായി നാം കാണുന്നു. ഇതുകൊണ്ടായിരിക്കാം പൗരസ്ത്യ ക്രിസ്തീയ സഭ ഉൾപ്പെടെ പൗരസ്ത്യമതങ്ങളിലെല്ലാം ശ്വാസോച്ഛ്വാസ ധ്യാനം നടപ്പിൽ വന്നത്.

ഉയിർത്തെഴുന്നേറ്റ യേശുനാഥൻ തന്റെ ശിഷ്യരുടെമേൽ ഊതിക്കൊണ്ട് ഈ അരൂപിയെ നിവേശിപ്പിക്കുന്നത് നാം കാണുന്നുണ്ട് (യോഹ 20:22). മനുഷ്യർ എല്ലാവരും തന്നെ ദൈവചരായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും ദൈവാരൂപി വീണ്ടും നമ്മിൽ ഉണരുകയും പ്രവർത്തനോൻമുഖമാവുകയും വേണമെന്നും നാം വിശ്വസിക്കുന്നു. നമ്മുടെ ആത്മാവിന്റെ ആന്തരിക ശ്വാസമായ ഈ അരൂപിയാണ് നമ്മുടെ ആദ്ധ്യാത്മികജീവന്റെ സാക്ഷാൽ കർത്താവ്. ദൈവത്തിന്റെ അരൂപി നമ്മുടെ അരൂപിയോടു കൂടിച്ചേർന്ന് ദൈവത്തെ 'ആബാ, പിതാവേ', എന്ന് സംബോധന ചെയ്യുന്നു (യോഹ 20:22, റോമ 8:15-16). നമ്മുടെ ആദ്ധ്യാത്മികജീവിതം നയിക്കുന്നതും നിയന്ത്രിക്കുന്നതും പരിപൂർണതയിലേക്ക് ആനയിക്കുന്നതും ഈ അരൂപിയാകയാൽ ആത്മാവ് ദൈവാരൂപിയോട് പ്രാർത്ഥിക്കുന്നു: "എന്നെ ഒരുക്കൂ നീ."

ആദ്ധ്യാത്മികജീവിതത്തിലെ പ്രണയത്തിനും ഒരുക്കത്തിനും അവസാനമില്ല. എന്നും പുത്തൻ മലരുകൾ വിടരുന്നു; പുതിയ സുദിനങ്ങൾ ഉദിക്കുന്നു. പുതിയ പുതിയ കാൽവയ്പുകളിലേക്ക് ക്ഷണിച്ചുകൊണ്ട് അരൂപി നമ്മെ നയിക്കുന്നു. അവസാനദിവസം അരുമനാഥനെ കണ്ടുമുട്ടുന്നതുവരെ, വരണമാല്യം നൽകി അവിടത്തെ സ്വീകരിക്കുന്നതുവരെ ഈ ഒരുക്കം തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ട് ആത്മാവിന് എന്നും ഒരുക്കമാണ്. എല്ലാ ദിവസവും യാത്രയാണ്. ദൈവാരൂപിയോടുകൂടെ, ദൈവസത്തയുടെ ആർജ്ജിത ഫലങ്ങളിലേക്കുള്ള യാത്ര. യാത്രയുടെ അവസാനത്തിൽ മനുഷ്യാത്മാവിനെ ദൈവിക പരിവേഷമണിയിച്ച് അരൂപി തന്നെ ഒരുക്കം പൂർത്തിയാക്കും. അന്നുവരെ ആത്മാവ് പ്രാർത്ഥിച്ചുകൊണ്ടിരിക്കും: "എന്നെ ഒരുക്കൂ നീ, എന്നും ഒരുക്കൂ നീ."

'എന്നും' എന്ന പദത്തിന് അവസാനമില്ലായ്മയുടെ, അനന്തതയുടെ ഒരു സൂചന കൂടിയുണ്ട്. നമ്മുടെ ആത്മീയ ജീവിതത്തിന് അവസാനമില്ല. അത് ദൈവത്തിന്റെ അനന്തതയിലേക്കുള്ള, അനന്തസ്നേഹത്തിലേക്കുള്ള, ഒരു പ്രേമപ്രയാണമാണ്. മരണശേഷവും അലോകസുന്ദരമായ സ്വർഗ്ഗീയ ജീവനിൽ പങ്കുപറ്റിക്കൊണ്ട് നമ്മൾ ഈ പ്രയാണം തുടർന്നുകൊണ്ടിരിക്കും. ദൈവത്തിന്റെ അരൂപി, പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന ഈ സത്യാത്മാവ്, നമ്മോടുകൂടെ സദാ ഉണ്ടായിരിക്കുകയും ചെയ്യും.

എന്തിനാണെന്നതും ചൊൽകവേണ്ടാ

ജീവിതത്തിന്റെ അനിശ്ചിതത്വം പലപ്പോഴും പലർക്കും ഭീതിജനകമാണ്. എന്നാൽ ദൈവത്തിൽ ആഴമായി വിശ്വസിക്കുകയും, ദൈവപരിപാലനയ്ക്കു സ്വയം വിട്ടുകൊടുക്കുകയും ചെയ്യുന്ന നിഷ്കളങ്കമായ ഒരു ആത്മാവിനു ഇതൊരു അനുഗ്രഹമാണ്. തന്നെക്കുറിച്ചുള്ള ദൈവികതീരുമാനത്തിലെ ഭാവിപദ്ധതികൾ എന്തെല്ലാം എന്ന് നേരത്തേ അറിയാൻ അവൾക്ക് നിർബന്ധമില്ല. ദൈവത്തിന്റെ തിരുവുള്ളം അതതു സമയത്ത് അനാവരണം ചെയ്യപ്പെടട്ടെ.

അതിനവൾ സ്നേഹപൂർവം കാത്തിരിക്കും. അരുമനാഥനായ യേശുവിന്റെ ആഗ്രഹമായി, താത്പര്യമായി, തലോടൽ ആയി അത് കാണുകയും സ്വീകരിക്കുകയും ചെയ്യും. ജീവിതം അങ്ങനെ ഇനിയും വിരിഞ്ഞു കഴിയാത്ത ഭാവി പദ്ധതികളിലേക്കുള്ള ഒരു യാത്രയായി ആത്മാവ് കാണുന്നു. ഇവിടെ ഭയത്തിനോ അനിശ്ചിതത്വത്തിൽ നിന്നുള്ള സാങ്കൽപ്പികഭീതിക്കോ സ്ഥാനമില്ല. ഭാവിയുടെ അനിശ്ചിതത്വം ആദ്ധ്യാത്മികതയുടെ അന്ധതയല്ല. വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെ, യേശുനാഥന്റെ ജീവിത മാതൃകയിലൂടെ, സ്വന്തം ഭാവിജീവിതത്തിന്റെ ഏകദേശ രൂപം, സുവിജ്ഞാതമല്ലെങ്കിലും, ആത്മാവിന്റെ അബോധമനസ്സിൽ എന്നും തളംകെട്ടി നിൽക്കുന്നുണ്ട്. വിശ്വാസം ഒരേ സമയം വെളിച്ചവും വെളിച്ചത്തിനതീതമായ രഹസ്യങ്ങളിലേക്കുള്ള ഉൾക്കാഴ്ചയുമാണ്. ഇവിടെ ആത്മാവിൽ നിന്ന് ഉയരുന്ന വെളിച്ചം അനുദിന പ്രായോഗിക തീരുമാനങ്ങൾക്ക് വഴി തുറന്നു കൊടുക്കുമെങ്കിലും അതിന് അപ്പുറത്തേക്കുള്ള ആദ്ധ്യാത്മികതയിലേക്ക് എപ്പോഴും വിരൽ ചൂണ്ടിക്കൊണ്ടിരിക്കും. ദൈവം ഒരേ സമയം വെളിച്ചവും രഹസ്യവുമാണ്. സ്വന്തം ശിശുവിനെ കാണാതെ തിരഞ്ഞു നടന്ന് ജറുസെലേം ദേവാലയത്തിൽ തിരിച്ചെത്തിയ ഈശോയുടെ അമ്മ സ്നേഹപൂർവം ചോദിച്ചു, "മകനേ, നീ എന്തുകൊണ്ട് ഞങ്ങളോട് ഇപ്രകാരം ചെയ്തു?" അതിനു മറുപടിയായി ഈശോ അരുൾചെയ്തു: "ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ വസിക്കേണ്ടതല്ലേ?" എന്ന് (ലൂക്ക 2:49). ഈ വാക്യത്തിന്റെ അർത്ഥം യേശുവിന്റെ അമ്മയ്ക്ക് മനസ്സിലായില്ലെന്ന് സുവിശേഷകൻ പറയുന്നു. മേരിയാകട്ടെ ഇനിയും അനാവരണം ചെയ്യാത്ത ആ വാക്യത്തിന്റെ അർത്ഥവ്യാപ്തി മനസ്സിൽ ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്കാ 2:51). തന്റെ ഓമനക്കുഞ്ഞ് ദൈവത്തിൽ

നിന്നു ജാതനാണെന്നും ഒരു പ്രത്യേക രക്ഷാകരപദ്ധതിയിലൂടെ തങ്ങളെല്ലാം കടന്നു പോകുന്നെന്നും മാതാവിനറിയാം. ഇത് വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ടു കാണുന്ന ഒരു ഉൾക്കാഴ്ചയാണ്. എന്നാൽ നാളെ എന്തു സംഭവിക്കുമെന്ന് നമ്മൾക്ക് എല്ലാവർക്കും എന്നപോലെ മറിയത്തിനും അജ്ഞാതമാണ്. ബാലനായ യേശുവാകട്ടെ, ഈ വാക്യം പറഞ്ഞതിനുശേഷം അനുസരണാപൂർവ്വം മാതാപിതാക്കന്മാരെ പിന്തുടർന്നു. ഇവിടെ ഏതാനും അനുഭവങ്ങളും ഉൾക്കാഴ്ചകളും, എന്നാൽ അതിനെല്ലാം അതീതമായ രഹസ്യാത്മകതയും ഒരേസമയം അനാവരണം ചെയ്യപ്പെടുന്നു. രഹസ്യം (Mystery) ബുദ്ധിയുടെ ചിന്തകൊണ്ടും വാദപ്രതിവാദങ്ങൾ കൊണ്ടും കർക്കശമായി പറഞ്ഞു തീർക്കാനുള്ള ഒരു പ്രശ്നമല്ല. അത് സമയത്തിന്റെ പൂർണതയിൽ മനസ്സിന്റെ അഗാധതയിൽ സ്വയം അനാവരണം ചെയ്യപ്പെടുന്ന സത്യത്തിന്റെ പ്രകാശധോരണിയാണ്. അതുകൊണ്ടാണ് ആദ്ധ്യാത്മിക പന്ഥാവിലൂടെ സഞ്ചരിക്കുന്ന ആത്മാവ് ദൈവീകരഹസ്യങ്ങളുടെ സമ്പൂർണ്ണ വ്യാഖ്യാനം ഒരുമിച്ച് ആഗ്രഹിക്കാത്തത്. അത് ദൈവത്തിന്റെ സ്വഭാവത്തിന് ചേർന്നതല്ലെന്നും മനുഷ്യബുദ്ധിയുടെ കഴിവിനെ അതിലംഘിക്കുന്നതാണെന്നും അവൾക്ക് അറിയാം. അതുകൊണ്ട് ആത്മാവ് പറയുന്നു: "എന്തിനാണെന്നതും ചൊൽകവേണ്ടാ."

അതായത് എന്റെ ജീവിതത്തെക്കുറിച്ചുള്ള നിന്റെ മനസ്സിലെ ഭാവനകളും പദ്ധതികളും എല്ലാം ഇപ്പോൾത്തന്നെ എന്നെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് സാരം. എന്നും പുതിയ സംഭവങ്ങളിലൂടെ, എനിക്ക് അഭിമുഖീഭവിക്കുന്ന വ്യക്തികളിലൂടെ, അവയെല്ലാം സാവധാനം വെളിപ്പെടുത്തപ്പെട്ടുകൊള്ളും. അതുകൊണ്ട് എന്റെ ഹൃദയം ശാന്തമാണ്, സംതൃപ്തവുമാണ്. എന്റെ ഭാവി, അതിലെ സംഭവവികാസങ്ങൾ, സംഘട്ടനങ്ങൾ, വിജയാപജയങ്ങൾ എല്ലാം അവിടത്തെ തൃക്കരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. സമചിത്തതയോടെ, നഷ്ടധൈര്യയാകാതെ, അവ നേരിടാനുള്ള അനുഗ്രഹം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും.

എന്തെന്തു നിൻ മനമെന്നും നിനയ്ക്കുമോ
അന്നന്നു ഞാനവ ചെയ്തു കൊള്ളാം

നമ്മുടെ ആദ്ധ്യാത്മികജീവിതം രക്ഷാകര രഹസ്യത്തിലേക്കുള്ള ഒരു പ്രണയപ്രയാണമാണെന്ന് നാം കണ്ടു. ഈ രഹസ്യം ജീവിതത്തിൽ, നാട്ടിലും വീട്ടിലും നമ്മൾ നയിച്ചുകൊണ്ടിരിക്കുന്ന സാധാരണ ജീവിതത്തിൽ, അനുദിനം അനാവരണം ചെയ്യപ്പെടുന്നു. ആത്മാവിനെ സംബന്ധിച്ചിടത്തോളം തന്നെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ അഭിലാഷങ്ങളായി അവതന്നെ സമീപിക്കുന്നു. സ്നേഹപിതാവായ ദൈവം എന്നെക്കുറിച്ച് എന്തു ചിന്തിക്കുന്നു, എന്നിൽ നിന്ന് എന്താഗ്രഹിക്കുന്നു, അതാണെന്റെ കർമ്മപദ്ധതി. അതിൽനിന്നു മാറി എനിക്ക് വേറെ ആഗ്രഹങ്ങളില്ല, ആശയങ്ങളില്ല. അവിടത്തെ മനോഭാവന എന്റെ ജീവിതസാധനയായി മാറുന്നു. ഇത് ഒരുതരം തപസ്യയാണ്. സ്നേഹനാഥന്റെ ദിവ്യമനസ്സ് സ്വന്തംമനസ്സിൽ നിനച്ച്, അത് സ്വന്തംജീവിതത്തിൽ സാക്ഷാത്കരിക്കാനുള്ള തിരുമാനത്തിന്റെ തപസ്യ. ഈ തപസ്യയിൽ നിശിതവും നിഗൂഢവുമായ സത്യവും രഹസ്യവും ഒളിഞ്ഞു കിടക്കുന്നുണ്ട്.

സാധാരണ മനുഷ്യർ സ്വാതന്ത്ര്യം എന്നു പറയുമ്പോൾ മനസ്സിലാക്കുന്നത്, സ്വയം ചിന്തിച്ച്, തീരുമാനമെടുത്ത്, ബോധപൂർവം പ്രവർത്തിക്കുന്നതിനെയാണ്. ഈ ചിന്താരീതി ഒരു പരിധിവരെ ശരിയാണ്. എങ്കിലും, ഇതിലും ഉയർന്ന തലത്തിലുള്ളൊരു സ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇവിടത്തെ ബോധപൂർവമായ തീരുമാനം, സർവ്വപ്രധാനമായി ദൈവേഷ്ടത്തിനു വിധേയമാണ്. ഞാൻ വരിച്ച എന്റെ സ്നേഹനാഥന്റെ ഏറ്റവും ചെറിയ ആഗ്രഹവും എന്റെ ഇഷ്ടമായി, തീരുമാനമായി വരിക്കുന്നതാണ് ഇതിന്റെ കാതൽ. നിസ്വാർത്ഥത നിറഞ്ഞു നിൽക്കുന്ന ഈ തീരുമാനമാണ് ആത്മാവിനെ സ്വാതന്ത്ര്യത്തിന്റെ അത്യുന്നതിയിലേക്ക് നയിക്കുന്നത്. അതുകൊണ്ട് ജീവിതത്തിലെ ഓരോരോ സംഭവങ്ങളും, ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, അനായസേന സ്വീകരിക്കപ്പെടുന്നു. ഇതിൽപരം സ്വാതന്ത്ര്യം ആർക്കാണ് ലഭിക്കുക! സ്വാതന്ത്ര്യം എന്നത് സകല ആശാപാശങ്ങൾക്കും അതീതമായി ഉയർന്ന്, ബാഹ്യപ്രേരണകൾക്ക് വിധേയമാകാതെ, സമചിത്തതയോടെ, സ്വതന്ത്ര മനസ്സോടെ, സകല ആഗ്രഹപൂരണങ്ങളുടെയും സമ്പൂർണ്ണ സ്രോതസ്സായ ദൈവത്തെ ഓരോ കർമ്മത്തിലും സ്വീകരിക്കുന്നതും ആദരിക്കുന്നതുമാണ്.

ദൈവികനിശ്ചയത്തിന് സ്വയം വിട്ടുകൊടുക്കാൻ ധീരതീരുമാനം ചെയ്ത ആത്മാവ് അതുകൊണ്ട്, ആനന്ദതുന്ദിലയായി എല്ലാ സംഭവങ്ങളെയും ഒരുപോലെ സ്വീകരിക്കുന്നു. അവളുടെ പ്രാർത്ഥന ഇതു മാത്രമാണ്. "എന്തെന്തു നിൻ മനമെന്നും നിനയ്ക്കുവോ, അന്നന്നു ഞാനവ ചെയ്തു കൊള്ളാം."

ആത്മാവിന്റെ ആഗ്രഹങ്ങളും തീരുമാനങ്ങളും വെറും വ്യാമോഹങ്ങളല്ല, ഇപ്പോൾ എഴുതി ഉടനെ ഇല്ലാതാകുന്ന ജലരേഖകളുമല്ല. പ്രത്യുത, അവയെല്ലാം ആത്മാവിന്റെ അഗാധതയിൽ നിന്ന് ഉയരുന്ന ദൃഢനിശ്ചയങ്ങളാണ്. നിശ്ചയങ്ങൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് അനുഷ്ഠിക്കപ്പെടണം. മനസ്സിലിരിക്കുന്ന ആദർശവീക്ഷണം കൊണ്ടു മാത്രം ആരും വിശുദ്ധരാകുന്നില്ല. വിശുദ്ധിയുടെ കാതൽ പ്രവർത്തനമാണ്. പ്രഭാഷണമല്ല. അതുകൊണ്ടാണ് ആത്മാവ് പാടുന്നത്: "അന്നന്നു ഞാനവ ചെയ്തുകൊള്ളാം" എന്ന്.

ദൈവപ്രമാണങ്ങളിൽ ഏറ്റവും വലിയ പ്രമാണം എന്ത് എന്നു ചോദിച്ച നിയമജ്ഞനു യേശുവിന്റെ മറുപടി ഒരു മറുചോദ്യമായിരുന്നു: "നീ നിയമത്തിൽ എന്തു പഠിച്ചു" എന്ന്. ഉത്തരമായി, ഏറ്റവും വലിയ നിയമം അവൻ ബൈബിളിൽ നിന്നു ശരിയായി ഉദ്ധരിച്ചു. "നീ നിന്റെ ദൈവമായ കർത്താവിനെ മുഴുഹൃദയത്തോടും ആത്മാവോടും മനസ്സോടും കൂടെ സ്നേഹിക്കുക." ഈശോ മറുപടി പറഞ്ഞു. "നീ ശരിയായി പറഞ്ഞു. നീ അതുപോലെ പ്രവർത്തിക്കുക" (ലൂക്കാ 10:27--28). ശരിയായ ഉത്തരം അറിഞ്ഞതുകൊണ്ടോ പറഞ്ഞതുകൊണ്ടോ ആരും നിത്യരക്ഷയിലേക്ക് പ്രവേശിക്കുന്നില്ല. നിയമം എന്തായാലും അത് മനസ്സിൽ സ്വീകരിക്കുന്നുണ്ടെങ്കിൽ പ്രവർത്തനത്തിൽ പ്രതിബിംബിക്കും. സ്വന്തം ജീവിതത്തിലേക്ക് അവ പകർത്തപ്പെടുന്നു. ആശയമല്ല, അനുഷ്ഠാനമാണ് യഥാർത്ഥ വിശുദ്ധിയുടെ മാനദണ്ഡം. കർത്താവ് എല്ലാ നിയമങ്ങൾക്കും അതീതവും എന്നാൽ എല്ലാ നിയമങ്ങളെയും ഭരിക്കുന്നതുമായ അടിസ്ഥാന നിയമം നിയമജ്ഞന് പറഞ്ഞുകൊടുക്കുകയായിരുന്നു. ജീവിതത്തിന്റെ ഉയർച്ചയും അറിവിന്റെ തികവും പലപ്പോഴും പരസ്പരബന്ധിതങ്ങളായി പ്രവർത്തിക്കാറുണ്ട്. ജീവിതത്തിന്റെ ഉയർച്ചയ്ക്കുവേണ്ട അറിവ് അത്യന്താപേക്ഷിതമാണെങ്കിലും, അറിവുകൊണ്ടുമാത്രം ആരും യഥാർത്ഥത്തിൽ ഉയരുന്നില്ല. അറിവ് മനോതലത്തിൽ നിന്ന് ഹൃദയതലത്തിലേക്ക് ഇറങ്ങി സാക്ഷാത്കാരത്തിന്റെ ആഗ്രഹമായി പ്രവർത്തനങ്ങളിലൂടെ അലരണി

യണം. അപ്പോൾ മാത്രമേ വ്യക്തിക്കു ശരിയായ മഹത്ത്വം ലഭിക്കുന്നുള്ളൂ. നിയമജ്ഞനുമായുള്ള സംസാരത്തിലൂടെ യേശു നമ്മെ ഈ സത്യം അനുസ്മരിപ്പിക്കുന്നു.

സ്വയം നീതീകരിക്കുന്നതിന് നിയമജ്ഞൻ വീണ്ടും ഒരു ചോദ്യം ഉയർത്തുന്നതായി നാം കാണുന്നുണ്ട്. "ആരാണ് എന്റെ അയൽക്കാരൻ?" യേശു ആ ചോദ്യത്തിന് നേരേ മറുപടി കൊടുത്തില്ല. അദ്ദേഹം നല്ല സമറിയക്കാരന്റെ കഥ പറഞ്ഞു. അവസാനം നിയമജ്ഞനോട് വീണ്ടും ചോദിക്കുന്നു. "ഇവരിൽ ആരാണ് യഥാർത്ഥ അയൽക്കാരൻ?" നിയമജ്ഞൻ വീണ്ടും ശരിയായി മറുപടി പറഞ്ഞു: "അവന് ശുശ്രൂഷ ചെയ്ത സമറിയാക്കാരൻ തന്നെ." യേശു വീണ്ടും പറയുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:36-37). പ്രവർത്തനത്തിന്റെ, നിറവേറ്റലിന്റെ പ്രാധാന്യം യേശു വീണ്ടും ഇവിടെ എടുത്തു കാണിക്കുന്നു. രണ്ടു പ്രാവശ്യവും നിയമജ്ഞൻ ശരിയായി ഉത്തരം പറഞ്ഞു. യേശു അത് അംഗീകരിക്കുകയും ചെയ്തു. പക്ഷേ അതുകൊണ്ട് കാര്യമായില്ല.

മനസ്സിലുള്ളത് പ്രസാദാത്മകമാകണമെങ്കിൽ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെടണം. അല്ലെങ്കിൽ അത് മുഴങ്ങുന്ന ചെമ്പു പോലെയും, ചിലമ്പുന്ന പിച്ചളപോലെയും ഉപയോഗശൂന്യമാകും (1 കോറി 13:1). ഈ സത്യം നല്ലപോലെ അറിയുന്ന യേശുശിഷ്യയെന്ന ആത്മാവ് ദൈവതിരുചിത്തം അറിയാൻ മാത്രമല്ല ആഗ്രഹിക്കുന്നത്. അത് ജീവിതത്തിൽ നിറവേറ്റാനും അതിലൂടെ സാക്ഷാത്കാരം പ്രാപിക്കാനും ആഗ്രഹിക്കുന്നു. അതുകൊണ്ട് അവൾ പാടുന്നു: "അന്നന്ന് ഞാനവ ചെയ്തുകൊള്ളാം."

എന്തുചെയ്യുമെന്നോ എപ്പോൾ ചെയ്യുമെന്നോ ഉള്ളത് യേശുശിഷ്യയ്ക്കു വലിയ പ്രശ്നമല്ല. തന്റെ അരുമനാഥനായ യേശു ആഗ്രഹിക്കുന്നതെന്തും എപ്പോഴും നിറവേറ്റാൻ അവൾ സദാ സന്നദ്ധയാണ്. "യേശുചിത്തം എന്റെ ചിത്തം" ഇതാണവളുടെ ആദർശ വാക്യം. രണ്ടു മനസ്സുകൾ ഇവിടെ ഒന്നുചേരുന്നു. അവളുടെ ആത്മനാഥനായ യേശു തന്റെ പിതാവിനോട് പ്രാർത്ഥിച്ച അതേ പ്രാർത്ഥനയുടെ ചൈതന്യം അവളുടെ വിചാരത്തിലും വികാരത്തിലും നിറഞ്ഞു നിൽക്കുന്നു. "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നു പോകട്ടെ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം" (മത്താ 26:39).

എപ്പോൾ ചെയ്യണമെന്നതിനും അതുപോലെ ഒരു ഉത്തരം തന്നെയാണുള്ളത്. എപ്പോൾ ദൈവം ആഗ്രഹിക്കുന്നുവോ അപ്പോൾ. ഇതാണ് ഈ ജീവിത തപസ്യയുടെ ലളിത നിർദ്ദേശം.

ആദ്ധ്യാത്മിക ജീവിതം നയിക്കുന്ന ആത്മാവിന്റെ ജീവിത ശൈലി വളരെ ലളിതമാണ്. ആർഭാടമോ ആദരാണ്ജലിയോ അവൾ ആഗ്രഹിക്കുന്നില്ല. ഓരോ ദിവസത്തെ ജോലികളും വേലകളും സംഭവങ്ങളും സഹനങ്ങളും ധ്യാനാത്മകമായി ദൈവതിരുമനസ്സിനോട് സംയോജിപ്പിക്കുന്ന ഒരു ജീവിതപ്രക്രിയയാണിത്. അതിൽ അനിതരസാധാരണമായി ഒന്നുമില്ല. മനോഭാവം മാത്രം അതിവിശിഷ്ടവും വിശുദ്ധവും ആയിരിക്കും. ഈ മനോഭാവത്തോടെ ദൈവതിരുമനസ്സിനു വിധേയരായി ജീവിക്കാൻ എല്ലാ നല്ല മനുഷ്യരും ആഗ്രഹിക്കുന്നു. ഇഷ്ടാനിഷ്ടങ്ങൾ നിറഞ്ഞ സാധാരണ സാഹചര്യങ്ങളിൽ യേശു ശിഷ്യയും ജീവിക്കുന്നു. എന്നാൽ അവൾ എല്ലാം ദൈവത്തിൽ കാണുന്നു. ദൈവത്തെ എല്ലാറ്റിലും. എല്ലാം ദൈവതിരുമനസ്സിൽ ഉദ്ഗ്രഥിക്കുന്നു. ഇതാണ് ഏക സവിശേഷത.

നിത്യവും നിൻ പദേ ധ്യാനിച്ചിരിപ്പാനും
സത്യത്തിൻ കാന്തിമ കാണുവാനും
ശിഷ്യയാമെന്നിൽ നിൻ രൂപംരചിക്കാനും
എന്നെയൊരുക്കു നീ ജീവേശ്വരാ

നിത്യവും നിൻ പദേ ധ്യാനിച്ചിരിപ്പാനും

ധ്യാനസാധനയിലൂടെയാണ് യേശുശിഷ്യ സാക്ഷാത്കാരം സാധിക്കുന്നത്. ഗുരുവായ സ്നേഹനാഥന്റെ രൂപവും ഭാവവും തന്നിലേക്ക് പകർത്തുന്നതിനുള്ള സവിശേഷസാധനയാണ് ധ്യാനം. സദാ ധ്യാനനിർലീനയായിരിക്കാൻ അവൾ ആഗ്രഹിക്കുന്നു. ധ്യാനം പ്രാർത്ഥനയുടെ അതിവിശേഷരൂപമാണ്. ബാല്യപ്രായത്തിൽ വാച്യപ്രാർത്ഥനകളിൽ ഉൽസുകയായിരുന്ന ആത്മാവ് അവബോധം വളരുന്നതിന്റെ തോതനുസരിച്ച് വാചിക പ്രാർത്ഥനകളിൽ നിന്നു മാനസിക പ്രാർത്ഥനകളിലേക്ക് ഉയരുന്നു. ഇത് ധ്യാനത്തിന്റെ ആദ്യ പടിയായി കരുതാം. എന്നാൽ ധ്യാനം മനസ്സിൽ നടക്കുന്ന തർക്കവിഭാവനകളുടെ സമുച്ചയമല്ല. ഒരു വിഷയത്തെക്കുറിച്ചുള്ള ചോദ്യോത്തരരീതിയിലുള്ള മാനസിക സംവാദം ധ്യാനത്തിന്റെ ആദ്യപടിയായി കരുതാറുണ്ട്. ആരംഭകാർക്ക് ഒരു പരിധിവരെ ഇത്

ഉപകാരപ്രദവുമാണ്. പക്ഷേ, ഉയർന്ന ധ്യാനരീതികളിൽ മനസിന്റെ ധിഷണാത്മകപ്രവർത്തനം കാലക്രമേണ കുറയുകയും ഏകാഗ്രത വർദ്ധിക്കുകയും ചെയ്യും. യേശുവിന്റെ ഇഷ്ടഭാവത്തിൽ, ഏകാഗ്രത യോടെ കണ്ണുംനട്ട് നിൽക്കുന്ന ആത്മാവ് സാവകാശം മാനസിക വിശ്രമത്തിലേക്ക് പ്രവേശിക്കുന്നു. ഈ വിശ്രമം ഉറക്കമോ ഉദാസീനതയോ അല്ല. നേരേ മറിച്ച് വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾ കൊണ്ടുള്ള ആത്മദർശനവും ചിന്താതലത്തിന്റെ വിശ്രമവുമാണ്.

അങ്ങനെ, ധ്യാനം ഒരേ സമയം ശ്രമവും വിശ്രമവുമായി ഭവിക്കുന്നു. ശരീരവും ശരീരത്തിന്റെ ഇന്ദ്രിയങ്ങളും ന്യായാന്യായവിശകലന ത്തിലൂടെ ചിന്തിച്ച് പരിചയിച്ചിട്ടുള്ള മനസ്സും ധ്യാനം പുരോഗമിക്കുന്നത നുസരിച്ച് വിശ്രമത്തിലേക്കു പ്രവേശിക്കുന്നു. ശരീരവും ഇന്ദ്രിയങ്ങളും മനസ്സും ഇങ്ങനെ വിശ്രമിക്കുമ്പോൾ ആത്മാവിന്റെ ആന്തരിക നയനങ്ങൾ തുറക്കുന്നു. അഥവാ ആന്തരിക നയനങ്ങൾ തുറക്കപ്പെടു മ്പോൾ ഇന്ദ്രിയങ്ങളും മാനുഷിക ബുദ്ധിയും സ്വന്തംപരിശ്രമങ്ങൾക്ക് അശക്തമായി ഭവിക്കുന്നു. ഇതിനു കാരണം ആത്മാവ് ഐന്ദ്രിക ബൗദ്ധികതലങ്ങളിൽ നിന്ന് വിശ്വാസത്തിന്റെ അത്യുന്നത തലത്തിലേക്ക് പ്രവേശിക്കുന്നതാണ്. ഈ തലത്തിൽ നിന്നുകൊണ്ട് യേശുശിഷ്യ രക്ഷാകര സത്യങ്ങളെ വിശ്വാസനയനങ്ങൾ കൊണ്ട് ഉററുനോക്കുന്നു. അറിവ് അനുഭൂതിയായി മാറുന്നു. അങ്ങനെ തന്റെ സർവസ്വമായ അരുമനാഥനെ ആത്മീയ നയനങ്ങളാൽ ഉററുനോക്കിക്കൊണ്ട് യേശുശിഷ്യ തിരുസന്നിധിയിൽ ധ്യാനപൂർവം ഇരിക്കുന്നു. ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ അവൾ സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്നു. സംവാദചിന്തയിൽനിന്നു സായുജ്യാനുഭവത്തിലേക്ക് മെല്ലെ അടുക്കുന്നു. "നീഎന്ത് മനസ്സിൽ നിനച്ചിരിക്കുന്നുവോ, അതായി നീ ഭവിക്കും" എന്നാണ് ആപ്തവാക്യം. അതുകൊണ്ട് ഗുരുപ്രസാദം തേടി, ഗുരുഭാവം തേടിവരുന്ന ശിഷ്യ യേശുവിന്റെ തൃപ്പാദത്തിൽ ധ്യാനനിരതയായിരിക്കാൻ സദാ സന്നദ്ധയാണ്. ബഹളമില്ലാതെ എല്ലാ പ്രവർത്തനങ്ങളിൽനിന്നും തത്കാലത്തേക്ക് പ്രതിനിവർത്തിച്ച്, ഏകാഗ്രചിത്തയായി, അവൾ യേശുനാഥനെ ഭജിക്കുന്നു, ധ്യാനിക്കുന്നു, ധ്യാനവിഷയവുമായി ഏകീകരിക്കപ്പെടുകയും താതാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ ധ്യാനം, ശ്രമത്തിന്റെയും വിശ്രമത്തിന്റെയും ഒരു സമ്മിശ്രപ്രയാണമാണ്, ശരീരത്തിന്റെ വിശ്രമവും ആത്മാവിന്റെ പ്രവർത്തനവും.

പ്രാർത്ഥനയുടെ പദവികളും ധ്യാനത്തിന്റെ പുരോഗതിയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ആവിലായിലെ വി. ത്രേസ്യ പറയുന്നത് ഇവിടെ ശ്രദ്ധേയമാണ്. നാലു തരം പ്രാർത്ഥനരീതികളെക്കുറിച്ച് അവൾ പ്രതിപാദിക്കുന്നുണ്ട്. ആത്മാവിനെ ഒരു തോട്ടമായി സങ്കൽപ്പിച്ചുകൊണ്ട് ആ തോട്ടത്തിലെ ചെടികൾ നനയ്ക്കാൻ ദൈവത്തിന്റെ കൃപാവരജലം കൊണ്ടു വരുന്നുവെന്ന സങ്കൽപ്പത്തിലാണ് ഈ പദവികൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ആദ്യപദവി കിണററിൽ നിന്നു വെള്ളംകോരി എടുക്കുന്നതുപോലെയാണ്. ഈ പദവി വളരെയേറെ സ്വരം ഉണ്ടാക്കുന്നെങ്കിലും കുറച്ചു മാത്രമേ വെള്ളം നൽകുന്നുള്ളൂ. കയറ് കപ്പിമേൽ ഉരയുന്ന സ്വരവും, തൊട്ടി കിണർ ഭിത്തികളിൽ തട്ടുന്ന സ്വരവും, അവസാനം വെള്ളത്തിൽ വീഴുമ്പോൾ ഉണ്ടാകുന്ന പ്രത്യേക സ്വരവുംഈ വെള്ളം കോരൽ പരിപാടി ശബ്ദായമാനമാക്കുന്നു. മാത്രമല്ല, വെള്ളം മുകളിലേക്ക് വലിച്ചു കയററുമ്പോൾ ഈ സ്വരങ്ങൾ ആവർത്തിക്കുകയും ആടിക്കൊണ്ടിരിക്കുന്ന തൊട്ടിയിൽ നിന്ന് കുറെ വെള്ളം താഴെ വീഴുകയും ചെയ്യുന്നു. അങ്ങനെ കുറെയേറെ സ്വരം ഉണ്ടാക്കിയെങ്കിലും അൽപം ജലം മാത്രമേ ലഭിക്കുന്നുള്ളൂ. ചിലപ്പോൾ നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കും. പ്രദക്ഷിണങ്ങളും വാദ്യഘോഷങ്ങളും മററും പൊടിപൂരമായി നടക്കും. അതിനിടയിലൂടെ ചൊല്ലപ്പെടുന്ന പ്രാർത്ഥനകളിലെ പല വാക്കുകളും കേൾക്കപ്പെടുകയില്ല. കേട്ടാൽത്തന്നെ മനസ്സിൽ നിൽക്കുകയില്ല. അത്ര വലുതാണ് ചുററുമുള്ള സ്വരവിഹാരം. പ്രാർത്ഥനയുടെ ഏററവും താണ പദവിയായി വിശുദ്ധ അമ്മത്രേസ്യ ഈ ഘട്ടം അവതരിപ്പിക്കുന്നു. രണ്ടാമത്തെ പ്രാർത്ഥനാരീതി കുറച്ചുകൂടി മെച്ചമാണ്. തോട്ടത്തിൽ വെള്ളം സ്വയമായി ഒഴുകിപ്പോകാനുള്ള ചാലുകൾ ഉണ്ടാക്കി മുകളിൽ കെട്ടിനിർത്തിയ വെള്ളം അതിലൂടെ സ്വച്ഛമായി ഒഴുകുവാൻ അനുവദിക്കുന്നു. താരതമ്യേന ഈ പദ്ധതിയിൽ ആയാസവും വളരെ കുറവാണ്. എന്നാൽ, ജലം നന്നായി ഒഴുകുമെങ്കിലും ഈ പദ്ധതി വിജയിക്കണമെങ്കിൽ വെള്ളം മുകളിൽ കെട്ടി നിറുത്തുകയും അത് സ്വച്ഛമായി ഒഴുകാനുള്ള ചാലുകൾ നിർമ്മിക്കുകയും ഒഴുക്കിനെ നിയന്ത്രിച്ച്, യഥാസമയം ചാലുകളിലൂടെ തിരിച്ചുവിടുകയും വേണം. പ്രാർത്ഥനയുടെ രണ്ടാമത്തെ പദവിയായി കരുതപ്പെടുന്ന ഈ രീതിയിൽ കൂടുതൽ വെള്ളവും അത് പ്രവഹിക്കാനുള്ള കുറഞ്ഞ മാനുഷിക ശ്രമവും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. മൂന്നാം പദവിയാകട്ടെ വയലിലൂടെയും താഴ്വരകളിലൂടെയും വളഞ്ഞു പുളഞ്ഞൊഴുകുന്ന ഒരു

നദിയോടാണ് വിശുദ്ധ ത്രേസ്യ ഉപമിക്കുന്നത്. ഈ ഭാവനയിൽ നദീജലം, ചിലപ്പോൾ പ്രക്ഷുബ്ധമായും ഒഴുകുന്നു. മലയിടുക്കുകളിൽ വെള്ളച്ചാട്ടത്തിനും സമനിലത്തിൽ വരൾച്ചയ്ക്കും സാധ്യതകളുണ്ട്. നമ്മുടെ പ്രാർത്ഥനകളും ചിലപ്പോൾ നദിയുടെ ഈ ഗതിപോലെ ആയി ഭവിക്കാറുണ്ട്. ചിലദിവസങ്ങളിൽ, അല്ലെങ്കിൽ നിമിഷങ്ങളിൽ, വളരെയേറെ തീക്ഷ്ണതയോടും തീവ്രതയോടുകൂടെ പ്രാർത്ഥിക്കുന്നു. പിന്നീട് വിസ്തീർണമായ നദീജലം ചുങ്ങിച്ചുരുങ്ങുന്നതുപോലെ നമ്മുടെ പ്രാർത്ഥനയും ജീവനും ചൈതന്യവും നശിച്ച് വെറും ഒരു ആചാരമായി ഒഴുകുന്നു. ഈ ദുർവാസന മാറ്റിയാൽ ഇത് ഉന്നതമായ പ്രാർത്ഥനാരീതിയായി ഭവിക്കാൻ പാടുണ്ട്. കാരണം യേശുനാഥനാകുന്ന നദി കൃപാവരമാകുന്ന ജലംകൊണ്ട് തോട്ടത്തിലൂടെ ഒഴുകി ചെടികളെ നനയ്ക്കുകയാണ്. ജലം അപ്രതിഹതമായി, മുറിയാതെ ഒഴുകുന്നു; മനുഷ്യന്റെ പരിശ്രമം തുലോം തുച്ഛവും, എന്നാൽ ജലത്തിന്റെ ധാരളത ഇതിന്റെ പ്രത്യേകതയാണ്.

നാലാമത്തെ പദവിയിലെ പ്രാർത്ഥനാരീതിയ്ക്കുകട്ടെ സ്വർഗ്ഗത്തിൽ നിന്നു വീഴുന്ന കൃപാവരമഴയോടാണ് ഉപമിക്കുന്നത്. ഇവിടെ മാനുഷികപരിശ്രമങ്ങൾ ഒന്നുമില്ലാതെ ദൈവത്തിന്റെ കൃപാവരധാര ധാരാളമായി ചെടികളിൽ വന്നു വീഴുന്നു. മുകൾതൊട്ട് അടിവരെ ചെടികൾ വെള്ളത്തിൽ കുളിക്കുന്നു, ജലധാരാളതയിൽ സന്തോഷിക്കുന്നു. നിർവൃതിയടയുന്നു. പ്രാർത്ഥനാ ജീവിതത്തിൽ പുരോഗമിച്ച ആത്മാക്കൾ, ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും കഴിവുകൾ താത്കാലികമായിട്ടെങ്കിലും വിട്ടുപേക്ഷിച്ച്, ശരീരത്തെയും ശാരീരിക പ്രവർത്തനങ്ങളെയും മൗനത്തിൽ ആഴ്ത്തി, ഒരുതരം നിഷ്ക്രിയാത്മകതയിലേക്കു പ്രവേശിച്ച്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് സ്വയംവിട്ടുകൊടുക്കുന്നു. അങ്ങനെ ആത്മാവിന്റെ അന്തരാളത്തിൽ, ശാരീരികേന്ദ്രിയങ്ങളുടെ മൗനത്തിൽ, സ്വർഗ്ഗീയ വെളിച്ചത്തിന്റെ സമൃദ്ധിയിൽ, പരിശുദ്ധാത്മാവിനാൽ പ്രേരിതയായി ആത്മാവ് നയിക്കപ്പെടുന്നു. പ്രാർത്ഥനയുടെ നാലാം പദവിയിലേക്ക് കയറുന്ന യേശുശിഷ്യ തന്റെ നാഥൻ തരുന്ന വറ്റാത്ത നീരുറവയിൽ സ്വയം കുളിച്ച്, ആ ദിവ്യജലം സദാ സ്വീകരിച്ചുകൊണ്ടിരിക്കുന്നു: "നിത്യവും നിൻപദേ ധ്യാനിച്ചിരിപ്പാനും."

ആത്മാവിന്റെ ധ്യാനത്തിന് അറുതി ഇല്ല, അവസാനം ഇല്ല. എന്നും എവിടെയും അവൾ ധ്യാനനിരതയാണ്. എല്ലാ ദിവസവും പ്രാണ

നാഥന്റെ തൃപ്പാദത്തിങ്കൽ വന്ന്, സ്വയം സമർപ്പിച്ച്, നാഥനെ മനസ്സിൽ നിനച്ച്, കുറെ സമയം ധ്യാന നിർലീനയായിരിക്കുക അവൾക്ക് സ്വാഭാവികമാണ്. സാധാരണജീവിതത്തിലെ സംഭവവികാസങ്ങളിലൂടെ അവളും കടന്നു പോകുന്നു. അതുകൊണ്ട് യേശുപാദത്തിങ്കൽ നിന്നുമാറി, ജോലികൾ ചെയ്ത്, മറ്റുള്ളവർക്ക് സേവനം ചെയ്ത്, അവളും ജീവിക്കുന്നു. പക്ഷേ, യേശുനാഥന്റെ പാദാരവിന്ദത്തിൽ ചെലവഴിച്ച ധ്യാനനിമിഷങ്ങൾ മുത്തുമണികൾപോലെ ഈ പ്രവർത്തന ത്തിലും, സേവനങ്ങളിലും വിളങ്ങിനിൽക്കുന്നു. ധ്യാനത്തിന്റെ ആന്തരികശക്തി സേവനങ്ങളിൽ ഉടനീളം സഹായത്തിനായി എപ്പോഴും അവളുടെ കൂടെ ഉണ്ടായിരിക്കും. ഒരർത്ഥത്തിൽ ധ്യാനത്തിൽ അങ്കുരിച്ച്, പുഷ്പിച്ച യേശുസ്നേഹം സേവനത്തിലൂടെ പ്രകാശിതമാകുന്നു. എല്ലാ ദിവസവും നാഥനെ ധ്യാനിക്കുകയും സാക്ഷാത്കരിച്ച് ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നു. ദൈനംദിനം നടത്തുന്ന ഈ ധ്യാന പ്രക്രിയകൾക്ക് അവസാനമില്ല. അതുകൊണ്ട് അവൾ പാടുന്നു "നിത്യവും നിൻപദേ ധ്യാനിച്ചിരിപ്പാനും, സത്യത്തിൻ കാന്തിമ കാണുവാനും" എന്ന്.

ധ്യാനം നമ്മെ സത്യത്തിലേക്ക് നയിക്കുന്നു. ആത്മാവിന്റെ ജീവിതം സത്യനിഷ്ഠവും സത്യപ്രകാശിതവുമാണ്. "മിന്നുന്നതെല്ലാം പൊന്നല്ല" എന്നു പറയുന്നതുപോലെ തോന്നുന്നതെല്ലാം സത്യമല്ല. ഉപരിപ്ലവാത്മകമായ വിചാരങ്ങളെയും വികാരങ്ങളെയും അതിജീവിച്ച്, സത്യത്തിന്റെ ഉൾക്കാമ്പ് അനുഭവിച്ചറിയാൻ നമുക്ക് ധ്യാനാത്മകമായ ചിന്ത ആവശ്യമാണ്. സത്യമാകട്ടെ വിജ്ഞാനത്തിന്റെ പല തലങ്ങളി ലൂടെ നാം അറിയുന്നു. ഇതിൽ ആദ്യത്തേത് ഐന്ദ്രികതലമാണ്. ഐന്ദ്രികതലത്തിലെ അനുഭൂതികൾ വസ്തുബദ്ധമെങ്കിലും പലപ്പോഴും വികാരതീവ്രതയാൽ താറുമാറാകാൻ പാടുണ്ട്. ചെയ്യാൻ പാടില്ലാത്ത മേഖലകളിലേക്കുള്ള നമ്മുടെ സ്വാഭാവികപ്രേരണ ഇതിന് ഉദാഹരണ മാണ്. എങ്കിലും ഐന്ദ്രികതലം അതിനുപരിയായ മാനസികതലത്തി ലേക്ക് (mental plane) നമ്മെ നയിക്കുവാൻ കഴിവുള്ളതുമാണ്. മാനസികതലത്തിൽ ചിന്തയും ചിന്തയിലൂടെ ആശയങ്ങളും വിരിയുന്നു. ആശയങ്ങൾ വസ്തുക്കളുടെ ആന്തരികത നമ്മിലേക്ക് കൊണ്ടുവരുന്നു. ചിന്തിക്കുന്ന മനുഷ്യൻ അങ്ങനെ ഐന്ദ്രികതലത്തിലും ബോധതലത്തിലും വസ്തുക്കളെ അനുഭവിച്ചറിയുന്നു. മനുഷ്യന്റെ സത്യാന്വേഷണത്തിനുള്ള പ്രധാന മാർഗ്ഗങ്ങളാണ് ഇവ രണ്ടും. നമ്മുടെ ഐന്ദ്രികാനുഭവം തെറ്റുപറ്റാത്തതും അല്ലെങ്കിൽ അബദ്ധത്തിൽ

കുടുങ്ങാത്തതും മാനസിക തീരുമാനം ന്യായയുക്തവും ആണെങ്കിലേ ഈ രീതിയിൽ ലഭിക്കുന്ന അറിവ് വസ്തു നിഷ്ഠവും സത്യസന്ധവും ആയിരിക്കുകയുള്ളൂ. സത്യമാകട്ടെ ഓരോ സദ്ഭാവത്തിലും ഒളിഞ്ഞിരിക്കുന്ന സത്താ വിശേഷമാണ്. അതുകൊണ്ട് സത്യം അടിസ്ഥാനപരമായി വസ്തുനിഷ്ഠമാണ്. എന്നുപറഞ്ഞാൽ എന്റെ അനുഭവത്തിലൂടെ എനിക്ക് ഇഷ്ടമായത്, അതുകൊണ്ടു മാത്രം സത്യമാകണമെന്നില്ല. നേരെമറിച്ച്, എനിക്കിഷ്ടമല്ലെങ്കിലും, എന്റെ മനസ്സ് ശരിയെന്നു പറയുന്ന ഒരു വസ്തുത സത്യമാകാൻ പാടുണ്ട്. അതുകൊണ്ടുതന്നെ സത്യമെന്നത് ധ്യാനപൂർവം തേടേണ്ടതും പരീക്ഷണത്തിലൂടെ നേടിയെടുക്കേണ്ടതുമായ ഒന്നാണ്.

ലോകത്തിലുള്ള വസ്തുക്കളും വ്യക്തികളുമെല്ലാം സത്യത്തിന്റെ അനാവരണങ്ങളാണ്. ഇവയുമായുള്ള നമ്മുടെ സമ്പർക്കവും, സംവാദവും സത്യത്തിന്റെ ഇതരമുഖങ്ങളിലേക്ക് സാവധാനം നമ്മെ നയിക്കുന്നു. സത്യം പ്രവർത്തനങ്ങളിലൂടെയും സാവകാശം അനാവരണം ചെയ്യപ്പെടുന്നു. പ്രപഞ്ചവസ്തുക്കളിൽ ഒളിഞ്ഞിരിക്കുന്ന സത്യത്തെ ധ്യാനചിന്തയാണ് പുറത്തുകൊണ്ടുവരുന്നത്. ഏകാഗ്രത യോടുകൂടെയുള്ള ധ്യാനപൂർണത, വസ്തുവിന്റെ ബാഹ്യരൂപമായ മൂടുപടം പൊളിച്ചുമാറ്റി ആന്തരിക സത്തയെ അവതരിപ്പിക്കുന്നു. **വസ്തുവിന്റെ ഉൾക്കാമ്പായ ഈ ആന്തരികസത്തയുടെ ബഹിർ പ്രകാശനമാണ് സത്യം.** മറ്റുവാക്കിൽ പറഞ്ഞാൽ സത്യം സത്തയിൽ നിന്ന് ഉയരുന്ന ദ്യുതിനാളമാണ്. സത്തയിൽനിന്ന് ഉദിക്കുന്ന വെളിച്ചമായതുകൊണ്ട് ഇതിന് "സത്യ"മെന്ന് പേരിട്ടിരിക്കുന്നു. ഈ വെളിച്ചം വസ്തുനിഷ്ഠമായതുകൊണ്ട്, ഇതിനെ, എന്നുവച്ചാൽ സത്യത്തെ, നിരാകരിക്കാൻ നമുക്കാർക്കും അനുവാദമോ അവകാശമോ ഇല്ല. ചിന്ത ഈ വെളിച്ചത്തെ പ്രകാശിപ്പിക്കുന്നു, അല്ലെങ്കിൽ പുറത്തോട്ട് കൊണ്ടുവരുന്നു. അങ്ങനെ ധ്യാനവും സത്യവും അന്യോന്യം ബന്ധപ്പെട്ടവയാണ്. ഉപരിപ്ലവാത്മകവും സ്വാർത്ഥപരവുമായ ചിന്തയിൽ പലപ്പോഴും സത്യം ഉണ്ടാകണമെന്നില്ല. ഉടനെ ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന സുഖഭോഗലക്ഷ്യവും സ്വാർത്ഥപരമായ ഇച്ഛകളും സത്യത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. ഇതിൽനിന്നും മാറി, ഇന്ദ്രിയങ്ങളെ സംയമനത്തിൽ പരിശീലിപ്പിച്ച്, ബുദ്ധിയെ ഏകാഗ്രതയിൽ നിലനിർത്തി, ധ്യാനിക്കുന്ന മനുഷ്യന് സത്യം അനുസ്യൂതം ലഭിക്കുന്നു. മനുഷ്യരെല്ലാവരും തത്ത്വത്തിൽ സത്യാന്വേഷികളാണ്. പക്ഷേ, പലരും ധ്യാനാത്മകരല്ല. പ്രയോജനാത്മകവും

സ്വാർത്ഥലാഭപൂരിതവുമായി നൈമിഷികലോകത്തിൽ പലരും തൃപ്തി കണ്ടെത്തുന്നു. ധ്യാനനിരതയായ ആത്മാവ് അങ്ങനെയല്ല പ്രവർത്തിക്കുന്നത്. സ്വാർത്ഥത വെടിഞ്ഞ്, ഇന്ദ്രിയങ്ങൾ മൗനത്തിൽ ആഴ്ത്തി, മനസ്സിൽ ധ്യാനവിഷയം ഏകാഗ്രതയോടെ നിനച്ച്, അന്തരാത്മാവിന്റെ ക്രാന്തദർശനത്തോടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന സത്യത്തിലേക്ക് ഉൾപ്രവേശിക്കുന്നു. ചിന്താവിഷയമായ വസ്തു ആകട്ടെ അതിന്റെ ബാഹ്യരൂപം വെടിഞ്ഞ്, സത്തയുടെ പ്രകാശമായി, മനുഷ്യബുദ്ധിയിലേക്കു പ്രവേശിക്കുന്നു. ആത്മാവ് ധ്യാനപ്രകാശത്താൽ സത്യത്തിന്റെ കാന്തിമ കാണുകയും അതിൽ ലയിക്കുകയും ചെയ്യുന്നു.

തന്റെ അരുമനാഥന്റെ അരികിൽ ധ്യാനനിരതയായിരിക്കുമ്പോൾ, ആത്മാവ് കേവലം പ്രകൃതിവസ്തുക്കളുടെ ധ്യാനത്തിൽ നിന്നു മാറി, എല്ലാറ്റിലും വസിക്കുന്നവനും എല്ലാറ്റിന്റെയും ഉടയവനുമായ ദൈവത്തിൽതന്നെ തന്റെ ഉൾക്കണ്ണുകൾ നിക്ഷേപിക്കുന്നു. ഈ ദൈവത്തിന്റെ ഇഷ്ടരൂപമായ യേശുനാഥനെ തന്റെ മാനസികനയനങ്ങളാൽ ഉറ്റുനോക്കിക്കൊണ്ട് അവൾ ഏകാഗ്രതയോടെ ധ്യാനനിരതയായിരിക്കുന്നു.

സത്യത്തിന്റെ കാന്തിമയ്ക്ക് നാം മുമ്പുകണ്ട ഐന്ദ്രിക ബൗദ്ധിക തലങ്ങൾക്കു പുറമേ, വിശ്വാസത്തിന്റെതായ ഒരു ആത്മീയതലം കൂടിയുണ്ട്. ഇവിടെ പ്രവർത്തിക്കുന്നത് ഐന്ദ്രികാനുഭൂതിയോ മനസ്സിന്റെ ഗ്രഹണസിദ്ധിയോ അല്ല. മനുഷ്യ മനസ്സിലെ മൂന്നാം കണ്ണായ വിശ്വാസ വെളിച്ചമാണ്. ഈ പ്രകാശപ്രചുരിമയുടെ സ്രോതസ്സ് ലോകമോ ലോകത്തിലെ വസ്തുക്കളോ വസ്തുക്കളെ വിശകലനം ചെയ്യുന്ന മനുഷ്യബുദ്ധിയോ അല്ല. നേരേമറിച്ച് ദൈവാവിഷ്കാരത്തിലൂടെ മനുഷ്യബുദ്ധിക്കു ലഭിക്കുന്ന ആന്തരിക പ്രകാശനമാണ്, മനുഷ്യന്റെ ഉള്ളിന്റെയുള്ളിലെ വെള്ളിവെളിച്ചമാണ്. ദൈവകരത്തിന്റെ തിരുസ്പർശനത്തിൽ ആത്മാവിന്റെ ഉൾക്കണ്ണ് തുറക്കപ്പെടുമ്പോൾ ഈ വെളിച്ചം നമുക്ക് അനുഭവവേദ്യമാകുന്നു.

മറെറല്ലാ അറിവുകളെയും അതിജീവിക്കുന്നതും ആദ്ധ്യാത്മികതയുടെ അഗാധതയിലേക്ക് നമ്മെ കൊണ്ടുപോകുന്നതും ഈ വെളിച്ചമാണ്. ഈ വെളിച്ചം കാണുന്നതോ വിശ്വാസത്തിന്റെ നയനവും. പ്രകൃതിധ്യാനത്തിൽ സർവഭൂതസ്ഥനായി, സർവാതിരിക്തനായി ആത്മാവ് അനുഭവിച്ചിരുന്ന അതേ ദൈവം ഇപ്പോൾ കൂടുതൽ

ആഴമായി, വ്യക്തിപരമായി, സ്വന്തം ജീവിതത്തിലേക്കും ഇറങ്ങുന്ന സ്നേഹസാന്നിധ്യമായി അനുഭവപ്പെടുന്നു. ഈ അറിവും അനുഭവവും ഒരേ സമയം പ്രകാശപൂരിതവും അന്ധകാരനിബിഡവുമാകാൻ പാടുണ്ട്. ആത്മാവിന്റെ ഇരുളടഞ്ഞ രാത്രികളിലൂടെ ചിലപ്പോൾ യേശുശിഷ്യ കടന്നുപോകേണ്ടിവരും (ഇതെക്കുറിച്ച് പിന്നീട് പ്രതിപാദിക്കുന്നതാണ്). ഇപ്പോൾ മനസ്സിലാക്കേണ്ടത് ഇത്രയുമാണ്: വിശ്വാസത്തിന്റെ നയനങ്ങൾ ഇന്ദ്രിയങ്ങളുടെയും ബുദ്ധിയുടെയും തലങ്ങളിൽനിന്നു വ്യത്യസ്തമാണ്. അവയ്ക്കതീതവുമാണ്. ധ്യാനം എന്നതു ബൗദ്ധികതലത്തിലും വിശ്വാസതലത്തിലും സുസാധ്യമാണ്. ഇവ രണ്ടും എപ്പോഴും രണ്ടായി കാണേണ്ടതില്ല. ഐന്ദ്രിക ബൗദ്ധികതലങ്ങൾ കാലക്രമത്തിൽ വിശ്വാസതലത്തിലേക്ക് ഉദ്ഗ്രഥിക്കപ്പെടും. ശരിയായി ഉദ്ഗ്രഥിതമല്ലാത്തതെല്ലാം ഉപേക്ഷിക്കപ്പെടും. വിശ്വാസനയനങ്ങൾ കൊണ്ട് പ്രകൃതിയെ നോക്കിക്കാണുന്ന ആത്മാവ്, തന്റെ ദിവ്യനാഥൻ പ്രകൃതിയിലും അതിലെ ഓരോ വസ്തുവിലും നിറഞ്ഞുനിൽക്കുന്നതായി കാണുന്നു. കവിതയിൽ "നിത്യവും നിൻപദേ ധ്യാനിച്ചിരിപ്പാനും" എന്നു പാടുന്ന ആത്മാവ് വിശ്വാസത്തിൽ ഉറച്ച് സ്വയംമറന്ന്, ധ്യാനനയനങ്ങളിലൂടെ തന്റെ ആത്മനാഥനെ എല്ലാ വസ്തുക്കളിലും എല്ലാം ആത്മനാഥനിലും കാണുന്നു. അവളെ സംബന്ധിച്ചിടത്തോളം സത്യത്തിന്റെ കാന്തിമ വളരെ വിപുലമാണ്. ഓരോ വസ്തുവിന്റെയും അവൾ സ്നേഹിക്കുന്ന പ്രകൃതിയുടെയും ആന്തരികസത്യമായി യേശുനാഥൻ വിരിഞ്ഞുയരുന്നത് അവൾ കാണുന്നു. അവൾക്ക് എല്ലാം യേശുമയമാണ്. എല്ലാറ്റിനെയും എല്ലാവരെയും യേശുവിലൂടെ കാണുന്നു. യേശുവിന്റെ സ്നേഹത്തോടെ എല്ലാം സ്വീകരിക്കുന്നു; എല്ലാം യേശുവിൽ അർപ്പിക്കുന്നു, യേശു സ്വന്തം ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നു. സദാ വഴിഞ്ഞൊഴുകുന്നു. അവൾ കാണുന്ന 'സത്യത്തിൻ കാന്തിമ' ഒരേ സമയം സാർവത്രികവും യേശുപ്രകാശിതവുമാണ്.

ശിഷ്യയാമെന്നിൽ നിൻ രൂപം രചിക്കാനും

ഗുരുസാക്ഷാത്കാരമാണ് ശിഷ്യയുടെ ജീവിതലക്ഷ്യം. ഗുരുവിനോടുള്ള സമാദരവും സമീപനവും ഈ ചെറിയ ഭാരതീയ കവിതയിൽ സമഞ്ജസമായി സമാഹരിച്ചിട്ടുണ്ട്:

"ജ്ഞാനമൂലം ഗുരോഃവാക്യം
ധ്യാനമൂലം ഗുരോഃമൂർത്തി
പൂജമൂലം ഗുരോഃപാദം
മോക്ഷമൂലം ഗുരോഃകൃപാ"

ഗുരുവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന തിരുസന്ദേശങ്ങൾ അറിയാൻ യേശുശിഷ്യ അതിയായി ആഗ്രഹിക്കുന്നു. ആ വാക്യങ്ങൾ വീണ്ടും വീണ്ടും വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു. ഗുരുവാക്യങ്ങളുടെ അർത്ഥത്തിന്റെ ആഴത്തിലേക്കിറങ്ങി അവ സ്വന്തം ഹൃദയത്തിൽ ആലേഖനം ചെയ്യുന്നു. ഗുരുവിനെക്കുറിച്ചുള്ള അറിവ് ആശയതലത്തിൽ നിന്ന് അർപ്പണതലത്തിലേക്ക് മാറുന്നു. സാക്ഷാൽ അറിവ് അറിവിന്റെ തികവ്, ആശയമല്ല, അർപ്പണമാണ്. അതായത് ഗുരുവാക്യത്തിൽ അടങ്ങിയിരിക്കുന്ന ആശയത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള ആത്മാർപ്പണമാണ് അറിവിന്റെ അത്യുന്നത പദവി. മറുവാക്കിൽ പറഞ്ഞാൽ യഥാർത്ഥ അറിവ് ഒരു 'ആയിത്തീര'ലാണ്. ഞാൻ എന്തറിയുന്നുവോ ആ നല്ല ആശയത്തിനായി, അതിന്റെ സാക്ഷാത്കാരത്തിനായി, സ്വയം വിട്ടുകൊടുക്കുന്നു. പരിശുദ്ധ കന്യകാമറിയം ദൈവദൂതനോട് പറഞ്ഞതുപോലെ യേശുശിഷ്യയും പറയുന്നു "ഇത് എന്നിൽ സംഭവിക്കട്ടെ" (ലൂക്കാ 1:38). അങ്ങനെ ആത്മാസാക്ഷാത്കാരത്തിലൂടെയുള്ള ആത്മാർപ്പണം അറിവിന്റെ അധിത്യകയായി ഭവിക്കുന്നു. ഗുരുവാക്യങ്ങൾ ശിഷ്യയുടെ ജ്ഞാനസ്രോതസ്സുകളാണ്. അവ എന്നും തന്റെ സ്മൃതിപഥത്തിലും ദിനചര്യയിലും നിറഞ്ഞു നിൽക്കും. ഗുരുരൂപം തന്നിൽ ആരചിക്കുന്നതിനുള്ള പ്രധാന സ്രോതസ്സ് ഗുരുവാക്യങ്ങൾ തന്നെയാണ്. ശിഷ്യ സുവിശേഷഗ്രന്ഥമെടുത്ത് വായിക്കുന്നതും ധ്യാനിക്കുന്നതും അവിടെ നിറഞ്ഞുനിൽക്കുന്ന ഗുരുവിന്റെ ഭാവവും രൂപവും സ്വന്തംജീവിതത്തിൽ സമന്വയിക്കാനും സാത്മീകരിക്കാനുമാണ്. അതുകൊണ്ട് സുവിശേഷദർശനങ്ങളിലൂടെ അവൾക്കു ലഭിക്കുന്ന ഗുരുഭാവം അവൾ തന്റെ ധ്യാനവിഷയമാക്കുന്നു.

ഗുരു വെറും ആശയസമുച്ചയമല്ല. ഉന്നതവും ഉദാത്തവുമായ ദിവ്യ ആശയങ്ങളുടെ ഉറവിടമായ ഒരു യഥാർത്ഥവ്യക്തിയാണ്. നമ്മെപ്പോലെ മാംസവും രക്തവുമുള്ള നമ്മുടേതായ ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന ഒരു വ്യക്തി. ദൈവികത ആകാരം പൂണ്ട് ഈ ലോകത്തിലേക്ക് ഇറങ്ങി വന്ന യേശുവിലും മനുഷ്യത്വത്തിന്റെ മൂർത്തിമദ്ഭാവവും സ്ഥലകാലസാഹചര്യങ്ങളിലുള്ള സാധാരണജീവിതവും

നാം കാണുന്നുണ്ട്. ആ മൂർത്തീഭാവത്തെ യേശുശിഷ്യ തന്റെ ധ്യാനവിഷയമാക്കുന്നു, സ്വന്ത ജീവിതത്തിലേക്ക് പകർത്തുന്നു. അലോകസുന്ദരമായ ആശയങ്ങൾ മണ്ണിന്റെ മണവും നിറവുമുള്ള ഈ ലോക സാഹചര്യങ്ങളിൽ സാക്ഷാത്കരിക്കപ്പെടുന്നു. ഇതാണ് യേശുവിന്റെ ഗുരുമൂർത്തീഭാവത്തിൽ നിന്ന് അവൾ പഠിക്കുന്ന പാഠം. ഒരേസമയം അഭൗമികവും സമയബദ്ധവുമായ പ്രവൃത്തികൾ ചെയ്യുന്നതിന് അവൾക്കു കഴിയുന്നു. അവൾ യേശുവിന്റെ മറെറാരു പകർപ്പായി മാറുന്നു. ധ്യാനം അതിനുള്ള ഒരു മാർഗ്ഗമായി അവൾ ഉപയോഗിക്കുന്നു. ധ്യാനംവഴി യേശുവിന്റെ ഇഷ്ടരൂപം സ്വന്തം ഹൃദയത്തിൽ വരച്ചുകൊണ്ടിരിക്കുന്നു. ഈ ഗുരുരചനക്ക് അവസാനമില്ല, ആത്മാവാകുന്ന കാൻവാസിൽ ബുദ്ധിയും മനസ്സുമാകുന്ന ബ്രഷുകൾ ഉപയോഗിച്ചുകൊണ്ട് അവൾ എന്നും ഗുരുരൂപം വരച്ചുകൊണ്ടിരിക്കും. ഓരോ ദിവസവും അതിന് കൂടുതൽ കൂടുതൽ നിറപ്പകിട്ട് കൊടുത്തുകൊണ്ടിരിക്കും "നിങ്ങൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെപ്പോലെ പൂർണ്ണരാകുവിൻ" (മത്താ. 5:48) എന്ന ഗുരുവാക്യം അവൾ അനുസ്മരിക്കുന്നു. സ്വർഗ്ഗപിതാവിന്റെ ദർശനീയതയായ യേശുവിന്റെ ഗുരുരൂപമാണ് അവളുടെ മുൻപിൽ തെളിഞ്ഞുനിൽക്കുന്ന ജീവിതമാതൃക. ആ രൂപം, സ്വന്തംചിന്തയിലൂടെ, ചെയ്തികളിലൂടെ, തന്റെ ഹൃദയത്തിൽ അവൾ ആലേഖനം ചെയ്യുന്നു. അങ്ങനെ യേശുശിഷ്യ എന്നും ഗുരുരചനയിൽ അത്യുൽസുകയാണ്. സ്വന്തംരൂപം ഗുരുരൂപമായി മാറുകയും അതിൽ സ്ഥിരം വളരുകയും ചെയ്യുന്നു.

യഥാർത്ഥ അറിവ് അർപ്പണമായതുകൊണ്ട് അവൾ ദിനംതോറും യേശുസാക്ഷാത്കാരത്തിനായി സ്വയം വിട്ടുകൊടുക്കുന്നു "പൂജമൂലം ഗുരോപാദം" എന്ന് അനുസ്മരിച്ചുകൊണ്ട് ഗുരുപാദപൂജയ്ക്കായി, ആ പാദങ്ങൾ വന്ദിച്ച്, ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ പുഷ്പങ്ങൾ ചാർത്തി, നമ്രശിരസ്കയായി സ്വയം സമർപ്പിക്കുന്നു. ഗുരുപാദപൂജ ഗുരുസേവനത്തിന്റെയും ഗുരുവിനുവേണ്ടിയുള്ള സ്വയം സമർപ്പണത്തിന്റെയും ഒരു പ്രതീകമാണ്. ഗുരുപാദത്തിൽ അർപ്പിക്കപ്പെടുന്ന ഓരോ മലരും ഓരോ തളിരും ശിഷ്യയുടെ സ്വന്തംജീവിതത്തെ പ്രതിനിധാനംചെയ്യുന്നു. പൂജാപുഷ്പങ്ങൾ അങ്ങനെ ജീവിതത്തിന്റെയും ജീവിതത്തിലെ ഓരോ പ്രവർത്തനത്തിന്റെയും പ്രതീകങ്ങളായി അർത്ഥസാഫല്യം കാണുന്നു. ജീവിതത്തിലെ വേദനയും യാതനയും സന്തോഷവും സങ്കടവും ആശകളും നിരാശതകളും എല്ലാം അതുലമനോഹരങ്ങളായ

അർപ്പിതപുഷ്പങ്ങളായി മാറാൻ യേശുശിഷ്യയ്ക്ക് സ്വതഃസിദ്ധമായ കഴിവുണ്ട്. അങ്ങനെ അവൾ സന്താപത്തിൽ സന്തോഷവും നിന്ദനങ്ങളിൽ വന്ദനാത്മകമായ സംതൃപ്തിയും കണ്ടെത്തുന്നു. ജീവിതത്തിലെ എല്ലാ സംഭവങ്ങളും സ്ഥിതിവിശേഷങ്ങളും പൂജാമലരുകളായി മാറുന്നു. ജീവിതംതന്നെ യേശുശിഷ്യയ്ക്ക് ഒരു അർച്ചനയാണ്. അറിവിന്റെ അധിത്യക അർപ്പണമാണെന്ന സത്യത്തിന് അവൾ അങ്ങനെ സാക്ഷ്യം വഹിക്കുന്നു.

ശ്രീയേശുനാഥൻ യേശുശിഷ്യയ്ക്കു ഗുരുഭൂതനും സ്നേഹഭാജനവും പ്രിയതമനുമാണ്. എന്നാൽ സർവോപരി അവിടന്ന് മുക്തിദായകനും കൃപാവരനികേതനവുമാണ്. "മോക്ഷം മൂലം ഗുരോ കൃപാ" എന്ന ആപ്തവാക്യം ഓർക്കുക. ഗുരുകൃപയിൽ ആശ്രയിച്ചുകൊണ്ടാണ് ആത്മാവിലുള്ള തന്റെ ഗുരുരചന ആരംഭിക്കുന്നതും തുടരുന്നതും അവസാനമില്ലാതെ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും. അതുപോലെ തന്നെ നിത്യരക്ഷയിലേക്കുള്ള യാത്രയിൽ ഉടനീളം ലഭിച്ചുകൊണ്ടിരിക്കുന്ന തുണയും സഹായവും സംപ്രീതിയും എല്ലാം യേശുകൃപ തന്നെ. ഗുരുഭക്തി മനോഹരമായി ആവിഷ്കരിക്കുന്ന മേലുദ്ധരിച്ച കവിതാസമാഹാരം അവളുടെ ജീവിതത്തിന്റെ തന്നെ ഒരു സമഗ്രരൂപമാണ്. ഈ കവിതാസാരം തന്നിൽ സാക്ഷാത്കരിക്കുന്നതോടെ അവളിൽ ആലേഖനം ചെയ്യപ്പെടുന്ന ഗുരുരൂപവും പൂർത്തിയാകുന്നു. "ശിഷ്യയാം എന്നിൽ നിൻരൂപം രചിക്കാനും" എന്ന പ്രാർത്ഥന നിറവേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഗുരുരൂപരചന ഒരു തപസ്യയാണ്. ആദ്ധ്യാത്മികതയുടെ അഗാധതയിലേക്ക് നമ്മെ നയിക്കുന്ന ഗുരു നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ അരൂപിയാണ്. ഉപനിഷത്തുകളിൽ ആത്മൻ എന്ന് അഭിസംബോധന ചെയ്യപ്പെടുന്ന ഈ ദൈവാരൂപി നമ്മിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ, വിശുദ്ധീകരണത്തിന്റെ, ആഭ്യന്തര കർത്താവാണ്, നമ്മിൽ ജീവിക്കുന്ന ദൈവമാണ്. ആരൂപിയായ ഈ ദൈവത്തിന്റെ രൂപം രചിക്കുക അതിൽത്തന്നെ അസാദ്ധ്യമാണ്. എന്നാൽ അരൂപിയായ ദൈവത്തിന് ദർശനീയത നൽകി നമ്മുടെ മുന്നിൽ അവതരിക്കുന്ന വ്യക്തിയാണ് സാക്ഷാൽ ഗുരുനാഥൻ, വേറെ വാക്കിൽ പറഞ്ഞാൽ അദൃശ്യദൈവത്തിന്റെ ദർശനീയതയാർന്ന രൂപമാണ് ഗുരു. യേശുശിഷ്യ ഈ ദർശനീയത യേശുനാഥനിൽ കാണുന്നു. യേശുവാകുന്ന ഗുരുരൂപം

മനസ്സിൽ പ്രതിഷ്ഠിക്കുന്നു. ഹൃദയഭിത്തികളിൽ ആ ഇഷ്ടരൂപം ആലേഖനം ചെയ്യുകയും ചെയ്യുന്നു.

ഗുരു ഒരു പ്രബോധകനോ പ്രഭാഷകനോ അല്ല. നേരേമറിച്ച്, ഞാൻ എന്തായിത്തീരാൻ ആഗ്രഹിക്കുന്നുവോ, അതിന്റെ അവതാരരൂപമാണ്. അതുകൊണ്ട് ഭാരതീയ സംസ്കാരത്തിൽ ഗുരുവിനെ അത്യധികം ആദരവോടെ സ്വീകരിക്കുന്നു. ഗുരുവിനാൽ നയിക്കപ്പെടാൻ സ്വയം സമർപ്പിക്കുന്നു. ശിഷ്യസഹജമായ വിധേയത്വവും ഉറച്ച മനസ്സിന്റെ നിശ്ചയദാർഢ്യവും ഈ സമർപ്പണത്തിന്റെ സവിശേഷതകളാണ്. ഹൃദയഗുഹയിൽ ഗുരുരൂപം പ്രതിഷ്ഠിച്ച്, അത് ജീവിതത്തിലേക്ക് സദാ പകർത്താനുള്ള ആജീവനാന്തതപസ്യയാണ് ശിഷ്യയുടെ ജീവിതസാരം. ഇത് സാധിക്കുന്നതിനായി ഓരോ ദിവസവും ഗുരുസന്നിധിയിലിരുന്ന് ഗുരുഭാവം മനസ്സിൽ നിനച്ച് ധ്യാനത്തിലൂടെ സ്വായത്തമാക്കുന്നു. ഗുരുവിന്റെ ജീവ ചൈതന്യം ഉരുവാകുകയും ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു. യേശുവാകുന്ന വിശ്വഗുരുനാഥന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട എല്ലാ മനുഷ്യരിലും ഗുരുവിന്റെ ആത്മീയഭാവം അടിസ്ഥാനപരമായി വിരചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പാപപങ്കിലമായ ഈ ലോകത്തിൽ ജനിച്ചുവളർന്ന നമ്മിൽ അത് എപ്പോഴും പ്രവർത്തനോൻമുഖമാകണമെന്നില്ല. തിന്മയിലേക്കുള്ള സ്വതഃസിദ്ധപ്രവണതയും നമുക്കു ചുറ്റും കാണുന്ന ദുർമാതൃകളുടെ പ്രേരണയും സുഖലോലുപ ജീവിതത്തിലേക്കുള്ള സമാകർഷണവും നമ്മെ ഗുരുപാതയിൽനിന്നു വ്യതിചലിപ്പിക്കുന്നു. ഇത് സംഭവിക്കാതിരിക്കാനാണ് ശിഷ്യപദം ആശ്ലേഷിച്ചിട്ടുള്ള യേശുശിഷ്യ ഗുരുവിന്റെ ആദർശരൂപവും ജീവിത ശൈലിയും നിത്യം ധ്യാനവിഷയമാക്കുന്നത്. ഗുരുവാകട്ടെ തന്റെ അരൂപിയെ ശിഷ്യയിലേക്കു സ്വയം പ്രവഹിപ്പിക്കുന്നു. അരൂപി എന്നത് ഒരു സാധനമോ വസ്തുവോ അല്ല, മറിച്ച് ഒരു ജീവചൈതന്യമാണ്. ഒരു അവബോധവിശേഷമാണ്. ഗുരുവിന്റെ ഈ ചൈതന്യപ്രകാശനമാണ് ധ്യാനനിരതയായ ശിഷ്യയിലേക്ക് ഒഴുകിച്ചേരുന്നത്. യേശുനാഥൻ തന്റെ ശിഷ്യൻമാരുടെമേൽ ഊതിക്കൊണ്ട്, അവരിലേക്ക് സ്വന്തം അരൂപിയെ നിവേശിപ്പിക്കുന്ന രംഗം നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട് (യോഹ.20:21). പിതാവിൽനിന്നും യേശുവിൽനിന്നും പുറപ്പെടുന്നതും നമ്മുടെ ഉള്ളിന്റെയുള്ളിൽ അധിവസിക്കുന്നതും അഗാധാവബോധരൂപവുമായ ഈ അരൂപിയാണ്, ആത്മനാണ്, നമ്മുടെ ആത്മീയതയുടെ ആന്തരിക കർത്താവും നമ്മിൽ നടക്കുന്ന ഗുരുരൂപ രചനയുടെ വിധാതാവും. പരിശുദ്ധാത്മാവാകുന്ന

ഈ വിദഗ്ദ്ധകലാകാരനാണ് യേശുവിന്റെ രൂപം നമ്മിൽ വരയ്ക്കുന്നത്. ഈ ഛായാഗ്രഹണത്തിനുള്ള ഉപകരണങ്ങളായി നമ്മുടെ ബുദ്ധിയും മനസ്സും ഇന്ദ്രിയങ്ങളും ആഗ്രഹങ്ങളും എല്ലാം നാം സമർപ്പിക്കുന്നു. തക്ക സമയത്ത്, വേണ്ട ഉപകരണങ്ങളെടുത്ത്, പരിശുദ്ധാത്മാവാകുന്ന കലാകാരൻ വർണ്ണോജ്ജ്വലമായ ചിത്രം നമ്മിൽ തീർക്കുന്നു. പരിശുദ്ധാത്മാവിന്റെ മൗനനിർദ്ദേശങ്ങൾക്കുള്ള അപ്രതിഹതമായ വിശാലവിധേയത്വം ഇവിടെ സുപ്രധാനമാണ്.

ആത്മാവിന്റെ സഹജസ്വഭാവം അവബോധമാണെങ്കിലും ഈ പരമാത്മനെ നമ്മളിൽനിന്നു വേറിട്ടുനിൽക്കുന്ന വ്യക്തിപരമല്ലാത്ത, വെറുമൊരു അവബോധം മാത്രമായി നാം കാണരുത്. അവബോധമായതുകൊണ്ടുതന്നെയാണ് സദ്ഭാവം വ്യക്തിയായി മാറുന്നത്. സത്തും ചിത്തും ചേർന്ന അവബോധവിശേഷമാണ് വ്യക്തി. ഈ നിർവചനത്തിന് മനുഷ്യബുദ്ധിയുടെ പരിമിതിയുണ്ടെങ്കിലും ദൈവിക മാനുഷിക വ്യക്തിത്വത്തിലേക്ക് നാം അവരോധിക്കുന്നുണ്ട്. ദൈവത്തെ നാം പിതാവെന്നും പ്രിയതമനെന്നും മറ്റും അഭിസംബോധന ചെയ്യുന്നു. മനുഷ്യ വ്യക്തിത്വത്തിന്റെ പരസ്പരബന്ധങ്ങളിൽ നിന്നുയരുന്ന ഈ ദൃശ നാമധേയങ്ങൾ ദൈവസത്തയിലേക്ക് നാം ആരോപിക്കുമ്പോൾ അവ തീർത്തും അർത്ഥശൂന്യമായി നാം കരുതുന്നില്ല. ദൈവം പരിമിതിയാർന്ന മനുഷ്യർക്ക് പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ ബന്ധപ്പെടാവുന്ന ഒരു ഉന്നത വ്യക്തിയാണ്. പക്ഷേ, മനുഷ്യവ്യക്തിത്വത്തിന്റെ പരിമിതികളൊന്നും തന്നെ ബാധിക്കില്ലെന്നു മാത്രം. അവിടുന്നു മാത്രം അപരിമേയനും അമർത്യനും നിത്യനുമാണ്. എങ്കിലും വ്യക്തി എന്ന നിലയിൽ സ്നേഹത്തിന്റെ തണലിൽ, ഐക്യത്തിന്റെ മധുരിമയിൽ, നമ്മോടു സംസാരിക്കുന്നതും നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നതുമായ സ്നേഹസ്വരൂപനാണ് അവിടുന്ന്. അങ്ങനെയാണ് യേശുനാഥൻ പരിശുദ്ധാത്മാവിനെ നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ പരിശുദ്ധാരൂപി അദൃശ്യമായ യേശുസന്നിധി തന്നെയാണ്. ഗുരു ഇപ്പോൾ ഉള്ളിലാണെന്നുമാത്രം. ഈ അരൂപി നമ്മിൽ അധിവസിക്കുമ്പോൾ അവിടുന്ന് നമ്മെ ദൈവികസത്യത്തിലേക്ക് ആനയിക്കുമെന്നും യേശുനാഥൻ പറഞ്ഞ അതേ വാക്കുകൾ വീണ്ടും പറഞ്ഞ് അവയുടെ അർത്ഥവ്യാപ്തി നമ്മുടെ മുൻപിൽ അവതരിപ്പിക്കുമെന്നും അവിടുന്ന് പറയുന്നു. നമുക്കുവേണ്ടി സംസാരിക്കുന്ന അഭിഭാഷകനായും ലോകപാപങ്ങൾ വിലയിരുത്തുന്ന വിധിയാളനായും നമ്മുടെ ഉള്ളിന്റെയുള്ളിൽ വസിക്കുന്ന ആന്തരികനിയന്താവായും

അരൂപിയെ യേശു അവതരിപ്പിക്കുന്നു. അതുകൊണ്ട് യേശുവിന്റെ തന്നെ തനി വ്യക്തിത്വത്തിന്റെ അവബോധരൂപമായിവേണം ഈ ആത്മാവിനെ കാണാൻ. സ്നേഹത്തോടും താൽപര്യത്തോടും കൂടെ വേണം ഈ പരമാത്മാവിനെക്കുറിച്ച് ചിന്തിക്കുവാൻ, ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം വിട്ടുകൊടുക്കാൻ.

നമ്മുടെ ആദ്ധ്യാത്മിക ജീവിതം ഒരു കലയാണ്. കലാലയത്തിലെ പ്രധാന ഗുരു പരിശുദ്ധാത്മാവാണ്. എന്നാൽ അദൃശ്യനായ പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നത് ദൈവത്തിന്റെ ദർശനീയതയായ യേശുരൂപത്തിലേക്കാണ്. യേശുരൂപം വിരചിക്കുക, പൂർത്തിയാക്കുക, ശോഭായമാനമാക്കുക എന്നിവയാണ് ഈ ആത്മാവിന്റെ പ്രവൃത്തി. ഈ രൂപരചനയിൽ പരിശുദ്ധാത്മാവും യേശുശിഷ്യയും ഒരുപോലെ പ്രവർത്തനനിരതരാണ്. എന്നാൽ ഒരു കാലം വരുമ്പോൾ ഈ ശിഷ്യയുടെ പ്രവർത്തനം കൂടുതൽ കൂടുതൽ വിധേയത്വം മാത്രമായി ഭവിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് സ്വയം അനായസേന വിട്ടുകൊടുത്തുകൊണ്ടിരിക്കുകയും ചെയ്യും. ഇതെക്കുറിച്ച് പിന്നീട് പ്രതിപാദിക്കുന്നതാണ്.

ത്യക്തയായ് മുക്തയായ് ത്യാഗത്തിൻ വേദിയിൽ
വിസ്മൃതവീഥിയിൽ ജീവിതം ഞാൻ
ആരുമറിയാതെയെന്നും നയിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

ത്യക്തയായ് മുക്തയായ് ത്യാഗത്തിൻ വേദിയിൽ

ആത്മാവിൽ നടക്കുന്ന ഗുരുരൂപരചന ഒരു തപസ്യയാണെന്ന് നാം കണ്ടുകഴിഞ്ഞു. പരിശുദ്ധാത്മാവിന്റെ ആന്തരികചലനങ്ങൾക്ക് അനുസ്യൂതമായ വിധേയത്വവും സഹകരണവും അതിന് ആവശ്യമാണെന്ന് നാം കണ്ടു. യേശുശിഷ്യയുടെ ഈ ജീവിതശൈലിയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു പദമാണ് 'ത്യാഗം'. അവളുടെ ജീവിതം ത്യാഗത്തിന്റെ വേദിയിലൂടെയുള്ള ഒരു ജൈത്രയാത്രയാണ്. സ്നേഹത്തിന്റെ പരിരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ് 'ത്യാഗം'. സ്നേഹം എല്ലാവർക്കും ഇഷ്ടപ്പെട്ട ഒരു പദമാണ്. ശരിയായ സ്നേഹം മധുരമായ അനുഭവവുമാണ്. പക്ഷേ സ്നേഹത്തിന്റെ ഉള്ളിന്റെയുള്ളിൽ ഒളിഞ്ഞിരിക്കുന്ന ത്യാഗം പലപ്പോഴും പലരും കാണുന്നില്ല. മനസ്സിലാക്കാൻ പരിശ്രമിക്കുന്നുമില്ല.

പ്രത്യക്ഷഭാവത്തിൽ സ്നേഹം ഇഷ്ടപ്പെടുന്നതും ത്യാഗം ഇഷ്ടപ്പെടാത്തതുമായ വസ്തുതകളാണ്. എന്നാൽ ഇവ തമ്മിലുള്ള ആഭ്യന്തരബന്ധം വളരെ വലുതാണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിൽ എപ്പോഴും ത്യാഗത്തിന് സ്ഥാനമുണ്ട്. രണ്ടു വ്യക്തികൾ എന്നു പറയുന്നത് വ്യത്യസ്തങ്ങളായ ഇഷ്ടാനിഷ്ടങ്ങളുള്ള, സ്വഭാവങ്ങളുള്ള, പ്രവർത്തന ശൈലികളുള്ള രണ്ട് അവബോധ കേന്ദ്രങ്ങളാണ്. അതുകൊണ്ടാണ് മനുഷ്യ വ്യക്തികളുടെ താൽപര്യങ്ങൾക്കും വാസനകൾക്കും കഴിവുകൾക്കും വ്യത്യാസങ്ങൾ ഉള്ളത്. വ്യത്യസ്തങ്ങളായ വാസസ്ഥലങ്ങളും വികസന പ്രവണതകളും രണ്ടു വ്യക്തികളിലൂടെ പരസ്പരം ഏറ്റുമുട്ടാൻ പാടുണ്ട്. ഈ അവസരത്തിൽ ഒരാൾ മറ്റെയാളിന്റെ പ്രവണതയെ, വാസനയെ അവഗണിച്ച് സ്വന്തം ഇഷ്ടംപോലെ മാത്രം പോകുകയാണെങ്കിൽ സ്നേഹം ബലികഴിക്കപ്പെടുന്നു. നേരേമറിച്ച്, ഇതര വ്യക്തിയുടെ താത്പര്യം കൂടി പരിഗണിച്ച്, സ്വയംത്യജിച്ച്, സ്വന്തം താത്പര്യങ്ങൾ അവഗണിച്ച്, അൽപമെങ്കിലും ക്രമീകരിച്ച് മുന്നോട്ടു പോകുകയാണെങ്കിൽ ഇവിടെ സ്നേഹം പരിരക്ഷിക്കപ്പെടും; ത്യാഗം സ്നേഹത്തിന് കൂട്ടുനിൽക്കുകയും ചെയ്യും. അതുകൊണ്ടാണ് യേശുശിഷ്യ പാടുന്നത്: സ്നേഹത്തിന്റെപാത ത്യാഗത്തിന്റെ വേദിയിലൂടെയാണെന്ന്.

യേശുനാഥന്റെ കൂടെ ആദ്ധ്യാത്മിക തീർത്ഥയാത്ര ചെയ്യുന്ന യേശുശിഷ്യ സദാ ത്യാഗസന്നദ്ധയാണ്. ഗുരുവിന്റെ ഇഷ്ടം സ്വന്തം ഇഷ്ടമായി കാണാനും ഗുരുചിത്തം സ്വന്തം ചിത്തമാക്കി സ്വയാർപ്പണ ഭാവത്തിൽ ഉറച്ചുനിൽക്കാനും യേശുശിഷ്യയ്ക്ക് എളുപ്പമാണ്. തന്നിൽ നടന്നുകൊണ്ടിരിക്കുന്ന യേശു സാക്ഷാത്കാരത്തിന്റെ അവിഭാജ്യ ഘടകമായി അവൾ ഇത് കാണുന്നു. "എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം പോലെ ഭവിക്കട്ടെ" (മത്താ. 26:39) എന്നു ഗത്സേമെനിയിൽ അവളുടെ ഗുരുനാഥൻ പ്രാർത്ഥിച്ച അതേ വാക്കുകൾ ഏറ്റുചൊല്ലിക്കൊണ്ട് സ്വന്തഇഷ്ടങ്ങൾ ത്യജിച്ചും ഗുരുചിത്തം വരിച്ചും അവൾ മുന്നോട്ടു പോകുന്നു."താവകം നഃ മാമകം" (Thy will, not my will) എന്ന ഇഷ്ടമന്ത്രം യേശുവിന്റെ പൂങ്കാവന പ്രാർത്ഥനയുടെ സമാഹാരമായി മനസ്സിൽ ജപിച്ച് അവൾ സന്തോഷപൂർവം എല്ലാ സംഭവങ്ങളും ഇഷ്ടാനിഷ്ടം നോക്കാതെ സ്വീകരിക്കുന്നു, ഏൽപ്പിക്കപ്പെട്ട എല്ലാവേലകളും അപ്രകാരംതന്നെ അനുഷ്ഠിക്കുന്നു. സ്നേഹത്തിന്റെ ഉൾക്കാമ്പായ ത്യാഗം അങ്ങനെ അവളുടെ ജീവിതത്തിൽ തളംകെട്ടിനിൽക്കുന്നു. സ്നേഹത്തിന്റെ ഊഷ്മളവികാരങ്ങൾ ഉള്ളപ്പോൾ ഈ ത്യാഗം

മധുവൂറുന്ന മലരുകൾപോലെ മധുരവും മനോഹരവുമായി അനുഭവപ്പെടാൻ പാടുണ്ട്. എന്നാൽ വികാരത്തിന്റെ ഈ വേലിയേറ്റം ജീവിതത്തിൽ എപ്പോഴും കൈവരുന്ന ഒന്നല്ല. വിരസതയും സ്നേഹമില്ലായ്മയുടെ വികലതയും അനുഭവിക്കുന്ന ദുർഗമനിമിഷങ്ങളും ആത്മാവിന്റെ ജീവിതത്തെ വലയംചെയ്യാറുണ്ട്. അപ്പോഴും മനസ്സിൽ ഊറിഉറച്ച സ്നേഹതീവ്രതയ്ക്കു മാന്ദ്യം അനുവദിക്കാതെ തീക്ഷ്ണതയുടെ തിളക്കവുമായി, നിശ്ചയദാർഢ്യത്തോടെ, ത്യാഗപൂർവം അവൾ മുന്നേറുന്നു. ആത്മീയ വിരസത, രസവിഹീനമായ ആത്മികാനുഭവങ്ങൾ ഭക്തജീവിതത്തിൽ വികലതയായി കരുതേണ്ടതില്ല. ശരിയായ ആത്മപോഷണത്തിനും നിസ്വാർത്ഥമായ മാനസിക നിശ്ചയത്തിനും ഇപ്രകാരമുള്ള വിരഹനിമിഷങ്ങൾ ഉപകാരപ്രദമാണ്. സാക്ഷാൽ സ്നേഹത്തിന്റെ മാറ്റ് ഉരച്ചുനോക്കുന്ന ത്യാഗകുസുമങ്ങൾ വിടരുന്നതും വിശേഷരീതിയിൽ പ്രശോഭിക്കുന്നതും അപ്പോഴാണ്. ചുരുക്കത്തിൽ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ സദാ സന്നദ്ധയായി നിൽക്കുന്ന ത്യാഗോജ്ജ്വലതയാണ് സ്നേഹത്തിന്റെ സാരം, ഈ ആത്മീയജീവിതത്തിന്റെ അണയാത്ത ശക്തിവിശേഷം. എല്ലാ എതിർപ്പുകളും ഭീതിസ്വപ്നങ്ങളും അവഗണിച്ച്, ധൈര്യപൂർവം മുന്നേറാൻ യേശുശിഷ്യയ്ക്ക് ശക്തിപകരുന്നതും അവളുടെ സ്നേഹത്തിന്റെ ത്യാഗതീവ്രതയും ത്യാഗത്തിന്റെ സ്നേഹ സാന്ദ്രതയുമാണ്.

അവളുടെ ഈ ത്യാഗജീവിതത്തിലും യേശുനാഥൻ തന്നെയാണ് മഹനീയ മാതൃക. നിസീമവും, നിർമ്മലവുമായ സ്നേഹത്തിന്റെ നിരുപമരൂപമായി അവൾ യേശുനാഥനെ കാണുന്നു. മരംകോച്ചുന്ന തണുപ്പിൽ മനുഷ്യരാൽ പരിത്യക്തനായി പുൽത്തൊഴുത്തിൽ, പിള്ളക്കച്ചയിൽ പിറന്ന അവിടത്തെ ചരിത്രം, കാലിത്തൊഴുത്തുതൊട്ട് കാൽവരിയിലെ കുരിശുമരണംവരെ, ത്യാഗോജ്ജ്വലമായ ഒരു ജീവിതകഥയാണ്. ജീവിതത്തിൽ നമുക്ക് അഭിമുഖീഭവിക്കേണ്ടിവരുന്ന പല സഹനസാഹചര്യങ്ങളും യേശുവിന്റെ ജീവിതത്തെയും വലിച്ചുലയ്ക്കുന്നതായി നാം കാണുന്നുണ്ട്. തിരസ്കാരണവും പീഡനവും ന്യായമില്ലാത്ത മരണവിധിയും എല്ലാം ഇതിൽ ഉൾപ്പെടുന്നു. എന്നാൽ മനുഷ്യമക്കളായ നമ്മോളോടുള്ള അതിയായ സ്നേഹത്തിൽ ഇവയെല്ലാം ക്ഷമാപൂർവം, ത്യാഗപൂർവം, സർവ്വോപരി സന്തോഷപൂർവം അവിടുന്നു സ്വീകരിക്കുന്നു. ഇതാണ് അവളുടെ മുൻപിൽ തിളങ്ങി നിൽക്കുന്ന ജീവിതമാതൃക. യേശുരൂപം തന്നിൽ ആരചിക്കുന്ന

ആത്മാവാകുന്ന യേശുശിഷ്യ ത്യാഗോജ്ജ്വലമായ ഈ ജീവിതശൈലി തന്നിലേക്ക് പകർത്തുന്നു. അങ്ങനെ ജീവിതം ഒരേസമയം യേശു ബദ്ധവും ത്യാഗസിദ്ധവുമാകുന്നു.

സ്നേഹവും ത്യാഗവും ഒന്നിച്ചു പൂവണിയുന്ന ഒരു ജീവിതകഥ യാണ് പരിശുദ്ധ കുർബാന. കുർബാന സർവോപരി ബലിയാണ്. എല്ലാ ബലികളുടെയും ആന്തരികസത്ത, എല്ലാറ്റിന്റെയും ആദികാരണവും പരമാന്ത്യവുമായ ദൈവത്തിന് എന്നെയും എന്റെ ലോകത്തെയും സ്നേഹപൂർവം സമർപ്പിക്കുകയാണ്. ഞാൻ സ്നേഹിക്കുന്ന ദൈവത്തിൽ നിന്ന് എന്റെ ജീവനുൾപ്പെടെ, ഞാൻ സ്വീകരിച്ചതെല്ലാം പുനഃസമർപ്പിക്കണം. ദൈവത്തിൽ നിന്നു നാം സ്വീകരിക്കാത്തതായി നമുക്കുസമർപ്പിക്കാൻ ഒന്നുമില്ല. എങ്കിലും ഈ സമർപ്പണം ദൈവത്തിന് പ്രീതി ജനകവും നമുക്കുരക്ഷാദായകവുമായ സ്നേഹമാണ്. ഈ സ്നേഹം സമർപ്പണത്തെ ഭവ്യവും സ്വീകാര്യവും ആക്കുന്നു. ദൈവം എനിക്കായിത്തന്ന ജീവനെയും അതിന്റെ പ്രവർത്തനമണ്ഡലമായ ലോകത്തെയും ഞാൻ പാപകലുഷിതമക്കിയിട്ടുണ്ടെങ്കിൽ, അത് തിരുത്തി, സ്വർഗ്ഗീയലോകത്തെ ഇവിടെ പുനഃസ്ഥാപിക്കാനാണ് എന്റെ ജീവനും ലോകവും ബലിസാധനങ്ങളായി ഞാൻ അർപ്പിക്കുന്നത്. ഇത് എല്ലാ ബലികളുടെയും ആന്തരിക സ്വഭാവമാണ്. അർപ്പണം നടക്കുന്നത് പ്രതീകങ്ങളുടെ രൂപങ്ങളിലാണെങ്കിലും (ഉദാഹരണമായി ലോകത്തെ പ്രതിനിധാനം ചെയ്യുന്ന പുഷ്പങ്ങളും ജീവനു പകരം അപ്പവും കാഴ്ചവയ്ക്കുന്നതായി കരുതുക) ആത്മാർത്ഥമായ അർപ്പണത്തിൽ സ്നേഹവും ത്യാഗവും നിറഞ്ഞു നിൽക്കുന്നുണ്ട്. സ്നേഹം അർപ്പണത്തിനുള്ള ആഗ്രഹം ഉരുവാക്കുന്നു. ത്യാഗം അർപ്പണത്തെ സാധ്യമാക്കുന്നു.

പരിശുദ്ധ കുർബാനയിൽ നമ്മുടെ ഗുരുനാഥനായ യേശു അർപ്പകനും അർപ്പണവസ്തുവും ആയി അവതരിപ്പിക്കപ്പെടുന്നു. സ്വന്തം ജീവനെതന്നെ അപരനായി നൽകുന്നതിലും വലിയ സ്നേഹമില്ല എന്ന് നമ്മോട് അരുൾചെയ്ത യേശുനാഥൻ സ്വന്തം ജീവനും ആ ജീവന്റെ പശ്ചാത്തലലോകവും നമുക്കുവേണ്ടി, നമ്മുടെ രക്ഷയ്ക്കുവേണ്ടി, പിതാവായ ദൈവത്തിന് സമർപ്പിക്കുന്നു. ഇതാണ് പരിശുദ്ധ കുർബാന. കുർബാനയാകുന്ന ദിവ്യബലിയിൽ മറഞ്ഞുനിൽക്കുന്ന സ്നേഹ തീവ്രതയും ത്യാഗോജ്ജ്വലതയും യേശുശിഷ്യ ധ്യാനപൂർവം ഹൃദ്യസ്ഥ മാക്കുന്നു. "നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ഇത്

ചെയ്യുവിൻ" (ലൂക്കാ 22:19) എന്ന അനുശാസനം ശിരസ്സാവഹിച്ചുകൊണ്ട് അവൾ അത് അനുവർത്തിക്കുകയും ചെയ്യുന്നു.

ത്യക്തയായ്, മുക്തയായ്

ത്യാഗത്തിന് രണ്ട് മുഖങ്ങളുണ്ട്. മലയാളഭാഷയിലെ കർത്തരി, കർമ്മണി പ്രയോഗങ്ങൾ (active and passive voice) പോലെ ത്യാഗ ജീവിതത്തിലും നമ്മൾ ത്യാഗകർത്താവും ത്യാഗവിഷയവും ആയി ഭവിക്കാറുണ്ട്. നാം ഇതുവരെ കണ്ടത് നമ്മൾതന്നെ സ്വമനസ്സാ ചെയ്യുന്ന ത്യാഗത്തെക്കുറിച്ചാണ്. സ്നേഹം ആവശ്യപ്പെടുന്ന ത്യാഗം നാം താൽപര്യപൂർവം ചെയ്യുന്നു. എന്നാൽ നാം ചെയ്യാൻ ആശിക്കാത്തതും നമ്മാൽ മാറാൻ സാധിക്കാത്തതുമായ ത്യാഗാനുഭവങ്ങളിലൂടെ നമ്മൾ പലപ്പോഴും കടന്നുപോകേണ്ടിവരും *(2001ലെ പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമാണ് ഈ ഭാഗം എഴുതിയതെന്ന് ഇവിടെ സന്തോഷത്തോടെ അനുസ്മരിക്കുന്നു).*

ഇവിടെ ആത്മാവ് ത്യാഗ പ്രവൃത്തികളുടെ കർത്താവല്ല. മറിച്ച് നൽകപ്പെട്ട ത്യാഗം സന്തോഷത്തോടെ സ്വീകരിക്കുന്നവളാണ്. 'ത്യക്തയായി' എന്ന പദംകൊണ്ട് ഇവിടെ നിദർശിക്കുന്നത് സ്വമനസ്സാ ഏറെടുക്കുന്ന ത്യാഗ പ്രവർത്തനങ്ങളല്ല. പ്രത്യുത, മറ്റു മനുഷ്യരുടെ പ്രവർത്തനങ്ങൾക്കിരയായി ത്യാഗം അനുഭവിക്കേണ്ടിവരുന്നവയാണ്. ഇവിടെ ആത്മാവ് സഹനവിധേയയാണ്. കൂരമ്പുപോലെ തുളച്ചിറങ്ങുന്ന വേദനാജനകമായ വാക്കുകൾ കേൾക്കുമ്പോൾ ക്ഷമാപൂർവം സഹിക്കുന്ന ആത്മാവിൽ ഇത് സംഭവിക്കുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ സ്വയം ചെയ്യുന്ന ത്യാഗത്തെക്കാളും സവിശേഷവും സ്വാർത്ഥരഹിതവുമാണ് ഈദൃശത്യാഗാനുഭവങ്ങൾ. മറ്റുള്ളവരാൽ പരിത്യക്തയായി എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്, ജീവിതം തള്ളിനീക്കേണ്ട അവസരം വന്നു എന്ന് വിചാരിക്കുക. ഈ അവസരത്തിലും യേശുശിഷ്യ വിഹ്വലയാകുന്നില്ല. നിരാശയിൽ നിപതിക്കുന്നുമില്ല. "എല്ലാവരാലും ത്യക്തയായാലും എനിക്കെന്ത്? എന്നെ സ്നേഹിക്കുന്ന യേശുനാഥൻ എന്റെ കൂടെയുണ്ടല്ലോ" എന്ന അചഞ്ചല ധൈര്യം അവൾക്ക് ആശ്വാസവും ആത്മശക്തിയും പകരുന്നു. "യേശുവിന്റെ സ്നേഹത്തിൽ നിന്ന് ആരെന്നെ വേർതിരിക്കും?" (റോമ. 8:35) എന്ന പൗലോസ്ശ്ലീഹായുടെ വചനങ്ങൾ അവൾ അനുസ്മരി

ക്കുന്നു. അതുകൊണ്ട് പരിത്യക്തത എന്നത് പരിത്യജിക്കപ്പെടേണ്ട വസ്തുതയല്ല. സന്തോഷപൂർവം ആശ്ലേഷിക്കാവുന്നതും, സ്നേഹപൂർവം ആശ്ലേഷിക്കാവുന്നതുമായ ഒന്നാണെന്ന് കാലക്രമേണ അവൾ മനസ്സിലാക്കുന്നു. ദൈവത്തിന്റെ അവിരാമ പരിപാലനയിലുള്ള വിശ്വാസമാണ് പരിപൂർണ്ണ പരിത്യക്തതയുടെ അനുഭവങ്ങളിലും അവൾക്ക് ധൈര്യവും സാന്ത്വനവും നൽകുന്നത്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ സ്വാഭാവികമായ ആശകളും മാനുഷികമായ അടിസ്ഥാനബലവും, അബോധമനസ്സിലെങ്കിലും സ്വാർത്ഥമായ അഭിലാഷങ്ങളും ഉണ്ടായിരിക്കും. എല്ലാ പ്രതീക്ഷകളെയും തകിടം മറിച്ച്, പെടുന്നനേ വന്നു ഭവിക്കുന്ന പരിത്യക്തതയുടെ അരോചകനിമിഷങ്ങൾ നമ്മെ ശുദ്ധീകരിക്കുന്നതിനും ദൈവനിശ്ചിതമായ പുണ്യത്തിന്റെ രാജവീഥിയിലൂടെ നയിക്കുന്നതിനും ഉപകാരപ്രദമാണ്. ആദ്യമാദ്യം ഇപ്രകാരമുള്ള അനുഭവങ്ങൾ നമ്മെ ഞെട്ടിപ്പിക്കുമെങ്കിലും കാലക്രമത്തിൽ അനായസേന, പരിഭവവിചാരമില്ലാതെ അവയ്ക്ക് അഭിമുഖീഭവിക്കുന്നതിനും അവയെ ആശ്ലേഷിക്കുന്നതിനും നമുക്കു സാധിക്കും.

അതുകൊണ്ട് ത്യാഗമെന്നത് നാം ചെയ്യുന്നതും നമുക്കു ലഭിക്കുന്നതുമായി നാം മനസ്സിലാക്കണം. ത്യക്തത സ്വീകരിക്കുന്നത് ശ്രേഷ്ഠതമത്യാഗമായി നാം കാണുകയും വേണം. അപ്പോഴാണ് ആദ്ധ്യാത്മികജീവിതം സ്ഥായീഭാവമുള്ള ആനന്ദാനുഭവമായി നിലനിൽക്കുന്നത്. എല്ലാവരാലും പരിത്യക്തനായി, ആക്ഷേപാർഹനായി, കുരിശു മരണം പ്രതീക്ഷിച്ച് കിടക്കുന്ന യേശുനാഥൻ അവളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. "പിതാവേ, എന്തുകൊണ്ട് നീ എന്നെ കൈവിട്ടു" എന്ന് വേദനയോടെ വിളിച്ച് വിലപിച്ച യേശുവിന്റെ പരിത്യക്തത അവൾ ധ്യാനപൂർവം കാണുന്നു. തന്റെ ഗുരുവും മാതൃകയുമായ യേശുവിനെ ധ്യാനിക്കുന്ന ആത്മാവിന് അതുകൊണ്ട്, ത്യക്തത എന്നത് അറിയാനോ ആശ്ലേഹിക്കാനോ സാധിക്കാത്ത ഒരു വസ്തുതയല്ല. അവൾ സന്തോഷപൂർവം പാടുന്നു: "ത്യക്തയായ്, മുക്തയായ്."

മുക്തയായ്

'മുച്മോച്' മോചിക്കുക എന്ന ധാതുവിൽ നിന്നാണ് മുക്ത എന്ന പദം ഉദ്ഭവിക്കുന്നത്. വിമോചിതയായവളാണ് മുക്ത. എല്ലാ ആശാപാശങ്ങളിൽനിന്നും വിമുക്തയായിരിക്കുക. ഇതാണ്

ആദ്ധ്യാത്മികതയിലൂടെ യാത്രചെയ്യുന്ന ഒരു ആത്മാവിന്റെ സ്ഥിതിവിശേഷം. "നിങ്ങൾ എന്ത് ഭക്ഷിക്കുന്നുവോ എന്തു ധരിക്കുന്നുവോ എന്നതിനെക്കുറിച്ച് ഉൽകണ്ഠാകുലരാകരുത്" (മത്താ. 6:25) എന്ന് യേശുനാഥൻ അരുൾചെയ്യുന്നു. ഭക്ഷണപാനീയങ്ങൾ നമ്മുടെ ഉൽകണ്ഠയുടെ വിഷയമാകാറുണ്ട്. പക്ഷേ, കർത്താവ് പറയുന്നു: "നിങ്ങൾ ആദ്യം ദൈവരാജ്യം അന്വേഷിക്കുവിൻ" (മത്താ 6:33). ഉൽകണ്ഠ നമ്മുടെ ജീവിതത്തെ സുഗമമാക്കുന്നില്ല, ഉൽകണ്ഠകൊണ്ട് ഒരു പ്രശ്നവും പരിഹരിക്കപ്പെടുന്നുമില്ല. പ്രശ്നരഹിതമായ ഒരു ജീവിതത്തിലൂടെ നമ്മെ ദൈവം നയിക്കുമെന്നു നാം വ്യാമോഹിക്കുകയും വേണ്ട. പക്ഷേ, പ്രശ്നങ്ങളുടെ നടുവിലും സ്ഥിതപ്രജ്ഞയായി, ദൈവത്തിൽ ആശ്രയിച്ച് ആകുലചിത്തയാകാതെ കാര്യങ്ങൾ ചെയ്യണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. ആത്മാവിന്റെ ഉള്ളിന്റെയുള്ളിൽ സദാ ദൈവിക സമാധാനം കളിയാടണം. ഉൽകണ്ഠ നമ്മിൽനിന്ന് ഈ സമാധാനം എടുത്തുകളയുന്നു. മറിച്ച് ദൈവത്തിൽ ആശ്രയം വച്ച് ദൈവരാജ്യം ആഗ്രഹിച്ച് മുന്നോട്ടുപോകുമ്പോൾ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും. അവിടുന്ന് നമ്മെ നയിക്കുകയും ചെയ്യും. അതുകൊണ്ട് ഉൽകണ്ഠകളിൽനിന്നു വിമുക്തയായി സ്വതന്ത്രയായി ആത്മാവ് മുന്നോട്ട് പോകുന്നു.

നമ്മുടെ സ്വാതന്ത്ര്യം നിഹനിക്കുന്നത് സർവപ്രധാനമായും നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന ആഗ്രഹങ്ങളാണ്. ചിലപ്പോൾ ഈ ആഗ്രഹങ്ങൾ കർമ്മരൂപേണ പുറത്തോട്ട് വരുന്നു. ആഗ്രഹങ്ങളും കർമ്മങ്ങളും പലപ്പോഴും ആത്മാവിനെ ഒരു ബന്ധനാവസ്ഥയിലേക്കു നയിക്കുന്നു. ആ സ്ഥിതിയിൽ ആത്മാവ് വിമുക്തയല്ല, പ്രത്യുത ബന്ധിതയാണ്. ആശാപാശത്തിന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും പൂർണ്ണവിമുക്തിനേടിയാലേ ആത്മാവിനു പൂർണ്ണതയുടെ പന്ഥാവിലൂടെ അനായസേന നടന്നുനീങ്ങാൻ സാധിക്കുകയുള്ളൂ. പുണ്യപൂർണതയ്ക്കുവേണ്ടി പരിശ്രമിക്കുന്ന ആത്മാക്കൾ പലപ്പോഴും പാപങ്ങളെയും അവയുടെ സാഹചര്യങ്ങളെയും ശ്രദ്ധാപൂർവം ഉപേക്ഷിക്കാറുണ്ട്. പക്ഷേ, പിന്നീട് ചെറിയ ആഗ്രഹങ്ങളാൽ പ്രലോഭിതരായി വീണ്ടും ബന്ധനാവസ്ഥ പ്രാപിക്കാറുണ്ട്. ചിലപ്പോൾ ഈ ആഗ്രഹങ്ങൾ ആദ്ധ്യാത്മിക പരിവേഷമണിഞ്ഞുള്ള അഭിലാഷങ്ങൾ ആയിരിക്കാം. പക്ഷേ എല്ലാം ആഗ്രഹങ്ങളും ആത്മാവിനെ ബന്ധിക്കുന്ന ചരടുകൾ ആയിത്തീരാൻ പാടുണ്ട്. ആത്മാവിന്റെ യാത്ര എന്നും ദൈവോന്മുഖം മാത്രമായിരിക്കണം. വഴിയിൽ കാണുന്ന ആകർഷണീക

വസ്തുക്കൾ, അവ എന്തുതന്നെ ആയാലും, ദൈവമല്ലെന്ന് ഉറപ്പായി രിക്കണം. നല്ല ആത്മാവ് അവയെ ദൈവസ്നേഹത്തിന്റെ പ്രതിബിംബനങ്ങളോ പ്രതീകങ്ങളോ ആയി കാണുന്നു.

"മിന്നൽ പിണരുകളിൽ മിന്നിമറഞ്ഞത് നിൻമുഖമാണോ, തെന്നലിൽ ഓടിയകന്നത് നിൻ തൊടലാണോ" എന്ന് അദ്ഭുതപൂർവം ഈ ആത്മാവ് പാടുന്നു. മിന്നലിലും തെന്നലിലും കർത്താവിന്റെ തിരുമുഖവും ദിവ്യസ്പർശനവും അനുഭവിക്കാൻ ഈ ആത്മാവിന് കഴിയുന്നു. ആഗ്രഹവിമുക്തയായ ആത്മാവ് അതുകൊണ്ട് ഒന്നിനെയും ദ്വേഷിക്കുന്നില്ല. എല്ലാം പരിത്യജിച്ചും എന്നാൽ എല്ലാറ്റിനെയും സ്നേഹപൂർവം പരിഗണിച്ചും അവൾ മുന്നോട്ടു പോകുന്നു. എല്ലാറ്റിലും അവളുടെ അരുമനാഥന്റെ കരസ്പർശവും മുഖദർശനവും സാധ്യമാക്കുന്നു.

പറക്കാൻ ആഗ്രഹിക്കുന്ന ഒരു പക്ഷി ഇരുമ്പുചങ്ങലകൊണ്ടോ, പൊന്നിൻനൂല്കൊണ്ടോ ബന്ധിതമായാൽ കാര്യത്തിൽ സമമാണ്: പക്ഷിക്ക് ഉയർന്നുപറക്കാൻ സാധിക്കുകയില്ല. എല്ലാം ഉപേക്ഷിച്ച് ആശാപാശവിമുക്തയായി, ആദ്ധ്യാത്മികതയുടെ ആദർശപാതയിലൂടെ യാത്രചെയ്യാൻ തിരിച്ച നല്ല ആത്മാക്കൾ ചിലപ്പോൾ സുകൃതമായി തോന്നാവുന്ന ചില പൊൻനൂലുകൾ കൊണ്ട് ബന്ധിതരാകാൻ പാടുണ്ട്. ആദ്ധ്യാത്മികതയ്ക്ക് ഉപകരിക്കുമെന്നു കരുതുന്ന നിരവധി വസ്തുക്കളും സാധനങ്ങളും ഈ പൊന്നിൻ നൂലായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ പാടുണ്ട്. അവയൊന്നും ദൈവമല്ലാത്തതിനാൽ ആത്മാവിന്റെ സാക്ഷാൽ ആഗ്രഹവിഷയമല്ല. പക്ഷേ, ആദ്ധ്യാത്മിക യാത്രയിൽ അവ ഉപയോഗിക്കുകയും ഉപേക്ഷിക്കുകയും ചെയ്യാം. ദൈവത്തിൽ മാത്രം കണ്ണു നട്ടുകൊണ്ട്, ദൈവമല്ലാത്ത എല്ലാറ്റിനോടും 'നേതി' 'നേതി' (ഇതല്ല, ഇതല്ല എന്റെ ദൈവം) എന്നു പറഞ്ഞുകൊണ്ട് ധീരയാത്ര ചെയ്യുന്ന ആത്മാവ് മാത്രം ലക്ഷ്യം പ്രാപിക്കുകയുള്ളു. ചുരുക്കത്തിൽ ദൈവം മനസ്സിൽ സക്ഷാത്കരിക്കപ്പെടണം. ദൈവത്തെ പ്രതിബിംബിപ്പിക്കുന്ന, പ്രത്യോദിപിക്കുന്ന വ്യക്തികളും വസ്തുക്കളും ധാരാളം ഉണ്ടാകാം. അവയൊന്നും ദൈവമല്ല, സമാനമായി കരുതുകയും അരുത്. ദൈവത്തെ പ്രാപിക്കാനുള്ള ഉപകരണങ്ങളായി അവയെ കാണാം. ഉപകരണത്തെ അഥവാ മാദ്ധ്യമത്തെ മൗലിക അന്ത്യപ്രാപ്തി യായി തെറ്റിദ്ധരിക്കുമ്പോൾ നമ്മൾ പൊൻനൂലിൽ കെട്ടപ്പെട്ട പക്ഷിയെപ്പോലെ ഉയർന്ന് പറക്കാൻ കഴിവില്ലാത്തവരാകുന്നു.

ദൈവത്തിൽ മാത്രം വിലയം കൊള്ളുന്ന സാക്ഷാൽ ദൈവപ്രാപ്തി നമുക്ക് അസാദ്ധ്യവുമാകുന്നു. ഇത് സംഭവിക്കാതിരിക്കാൻ ആത്മാവ് എല്ലാ ആഗ്രഹങ്ങളിൽ നിന്നും വിമുക്തമായിരിക്കണം.

വിസ്മൃതവീഥിയിൽ...

സ്മരണവിസ്മരണങ്ങൾ നമ്മുടെ ജീവിതത്തിൽ സർവസാധാരണമാണ്, നമുക്ക് ഇഷ്ടമുള്ളവരെ നാം സ്മരിക്കുന്നു. നമുക്ക് ഇഷ്ടമില്ലാത്ത പലതും നാം വിസ്മരിക്കുന്നു. സ്നേഹിതന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞുനിൽക്കാൻ എല്ലാ സ്നേഹിതരും ആഗ്രഹിക്കുന്നു. ഇങ്ങനെ സ്മരണം ജീവിതത്തിൽ വളരെയധികം പ്രാധാന്യം വഹിക്കുന്ന ഒരു വസ്തുതയാണ്. പരിശുദ്ധ കർബാന സ്ഥാപിച്ചപ്പോൾ നമ്മുടെ കർത്താവ് അരുൾചെയ്തു "എന്റെ സ്മരണയ്ക്കായി നിങ്ങൾ ഇത് ചെയ്യുവിൻ" (ലൂക്ക 22:19). കർത്താവിന്റെ ബലിയർപ്പണത്തിന്റെ സ്മരണ നാം കൊണ്ടാടണമെന്ന് അവിടന്ന് കാംക്ഷിക്കുകയും കൽപ്പിക്കുകയും ചെയ്യുന്നു. തദനുസരണം ഈ ആത്മാവും നാഥന്റെ ബലിജീവിതത്തെ സ്വന്തം സ്മൃതിപഥത്തിൽവച്ച് സൂക്ഷിക്കുന്നവളാണ്. എന്നാൽ ആത്മാവ് ഇപ്പോൾ ഇവിടെ പാടുന്നത് സ്മരണയെക്കുറിച്ചല്ല; വിസ്മരണയെക്കുറിച്ചാണ്. വിസ്മൃതവീഥിയിൽ, വിസ്മരണത്തിന്റേതായ ഒരു ഇരുട്ടുവഴിയിലൂടെ ആരാലും പരിഗണിക്കപ്പെടാതെ സ്വന്തമായ ലളിതജീവിതം നയിക്കാൻ അവൾ ആഗ്രഹിക്കുന്നു.

അറിയപ്പെടാനും അഭിസംബോധന ചെയ്യപ്പെടാനും മറ്റും ആഗ്രഹിക്കുന്ന മനുഷ്യരുടെ ലോകത്തിൽ വിസ്മൃതിയിൽ മറയാനും ആരാലും അറിയപ്പെടാത്ത ഒരു ജീവിതം നയിക്കാനും ആഗ്രഹിക്കുകയെന്നത് അനിതരസാധാരണമാണ്. പക്ഷേ, ത്യക്തയും മുക്തയുമായ ഒരു ആത്മാവിന് അത് എളുപ്പമാണ്. വിസ്മൃതി അതിൽത്തന്നെ ഒരു പുണ്യമല്ല. വിസ്മൃതിക്കു വേണ്ടി ഈ ആത്മാവ് ഒന്നും ചെയ്യുന്നുമില്ല. എന്നാൽ വിസ്മൃതിയിൽ ജീവിക്കാൻ ഇവൾ സന്നദ്ധയാണെന്ന് ഏറ്റുപറയുന്നു. തന്റെ പ്രവൃത്തികൾ ഒന്നും മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ചെയ്യുന്നതല്ലെന്നും തന്റെ നാഥന്റെ കാൽപ്പാടുകൾ പിൻചെല്ലുക മാത്രമാണ് തന്റെ അഭിനിവേശമെന്നും ഈ ഈരടികൾ ഏറ്റുപറയുന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ ലൗകികതയ്ക്കോ മറ്റ് ആർഭാടങ്ങൾക്കോ ഇനി അവളുടെ ജീവിതത്തിൽ സ്ഥാനമില്ലെന്നു സാരം. ആരും അറിയാതെ, ആരാലും

അറിയപ്പെടാതെ, സ്വച്ഛമായി, സമാധാനപ്രിയയായി തന്റെ ലളിത ജീവിതം നയിക്കണമെന്നേ അവൾ ആഗ്രഹിക്കുന്നുള്ളൂ. അവൾക്ക് ഒരേ ഒരു ലക്ഷ്യമേയുള്ളൂ. നാഥന് പ്രീതി ഏകുക. 'എവിടെയും അവിടുത്തെയിഷ്ടം' എന്ന ആപ്തവാക്യം സ്വന്തംപഥത്തിൽ സദാ കാത്തുസൂക്ഷിക്കുന്ന ആത്മാവിന് വിസ്മൃതി ഒരു വിഷയമേ അല്ല. ആരെല്ലാം മറന്നാലും ആരൊക്കെ തൃജിച്ചാലും അവളുടെ നാഥന്റെ സ്മൃതിപഥത്തിൽ അവൾ നിറഞ്ഞു നിൽക്കുന്നുണ്ട് എന്ന് അവൾക്ക് അറിയാം. അതിൽ കൂടുതൽ അവൾക്കൊന്നും ആഗ്രഹിക്കാനില്ല. അവൾ സമ്പൂർണ്ണ സംതൃപ്തയാണ്. ബഹുമാനത്തിന്റെയും പ്രതാപത്തിന്റെയും മറ്റും വലിയ സദസ്സുകളും സദിരുകളും അവൾക്കിപ്പോൾ സമാകർഷകമല്ല. അതിനെല്ലാം വേണ്ടി സമയം പാഴാക്കുന്നത് വ്യർത്ഥമാണെന്ന് അവൾ ക്രുതുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ അഭംഗുരമായ സമാധാനവും ആന്തരികമായ സംതൃപ്തിയും അവളുടെ ഹൃദയത്തിൽ സദാ നിറഞ്ഞുനിൽക്കുന്നു. വിസ്മരണത്തിന്റെ വീഥിയിലും ഈ സമാധാനത്തിനും സംതൃപ്തിക്കും ഒരു കോട്ടമോ വാട്ടമോ ഇല്ല. സുസ്മേരവദനയായി, നിസ്സംഗതയുടെ ശാന്തിയും ശാലീനതയും മുഖകമലത്തിൽ പ്രതിബിംബിച്ചുകൊണ്ട്, അവൾ സന്തോഷപൂർവം എല്ലാവർക്കും അഭിമുഖീഭവിക്കുന്നു, പരിചരിക്കുന്നു. ഉള്ളിൽ നിറഞ്ഞുതുളുമ്പുന്ന അരുമനാഥാനുസ്മരണമാണ് അവളുടെ സന്തോഷത്തിന് കാരണം. മറ്റുള്ളവരുടെ പരിഗണനയോ പരിസേവനമോ അതിന്റെ വിഷയമല്ല. എല്ലാവരും വിസ്മരിച്ചാലും എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടാലും വിസ്മൃതവീഥിയിലൂടെയുള്ള അവളുടെ പലായനം സന്തോഷത്തോടെതന്നെ തുടർന്നുകൊണ്ടിരിക്കും. ജീവിതാന്ത്യം വരെ അത്, തുടരുകയും ചെയ്യും. അതുകൊണ്ട് അവൾ പാടുന്നു: "ആരുമറിയാതെയെന്നും നയിക്കാനും എന്നെയൊരുക്കൂ നീ ജീവേശ്വരാ."

പാതാളലോകത്തിനാഴത്തിലെത്താനും
ഉത്തുംഗശൃംഗംകയറിടാനും
പാരിന്റെ സീമകൾ ഭേദിച്ചുയരാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

പാതാളലോകത്തിനാഴത്തിലെത്താനും

വിസ്മരണവീഥിയിലൂടെ യാത്ര ചെയ്യുന്ന യേശുശിഷ്യ എന്നും പ്രവർത്തനോൻമുഖയും ത്യാഗസന്നദ്ധയുമാണ്. തന്റെ പ്രാണനാഥനു വേണ്ടി എങ്ങും പോകാനും എന്തും ചെയ്യാനും ഉള്ള, ആത്മാവിന്റെ സാഹസസന്നദ്ധതയാണ് ഈ വരികളിലൂടെ പ്രത്യക്ഷപ്പെടുന്നത്. അവൾ തിരഞ്ഞെടുത്ത ജീവിതവീഥിയിൽ ആരോഹണങ്ങളും അവരോഹണങ്ങളും വിജയത്തിന്റെ വേലിയേറ്റവും പരാജയത്തിന്റെ പലായനവും ഉണ്ടാകുമെന്നും അവൾക്കറിയാം. എന്നാൽ ഒന്നുകൊണ്ടും ഭയപ്പെടാതെ എല്ലാ വെല്ലുവിളികൾക്കും അഭിമുഖീഭവിക്കാൻ സന്നദ്ധയായിട്ടാണ് അവൾ ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

പാതാളവും ഉത്തുംഗശൃംഗവും ഇവിടെ പ്രതീകങ്ങളാണ്. ജീവിതത്തിലെ താഴ്ചയും ഉയർച്ചയും ഒരുപോലെ സ്വീകരിക്കാൻ സന്നദ്ധയാണെന്ന് സാരം. പാതാളം അങ്ങനെ നാം നേരിടേണ്ടി വരുന്ന തടസ്സങ്ങളെയും യാതനകളെയും നമുക്ക് ഇഷ്ടപ്പെടാത്ത സംഭവ വികാസങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. ആദ്ധ്യാത്മികയാത്ര സന്തോഷപ്രദമെങ്കിലും ക്ലേശസമ്പൂർണ്ണമാണ്. മൂന്നു തരത്തിലുള്ള ക്ലേശങ്ങൾ ആത്മാവിനെ അലട്ടാറുണ്ട്. ഇവയാണ് ഭൗതികം, മാനസികം, ആദ്ധ്യാത്മികം എന്നീ ക്ലേശങ്ങൾ.

ഭൗതികം എന്നു പറയുന്നതിന് പ്രധാനമായി രണ്ടു തലങ്ങൾ ഉണ്ട്, ലോകവും ശരീരവും. ക്ലേശങ്ങളുടെ ഉറവിടം ലോകവുമായുള്ള നമ്മുടെ ബന്ധമാണ്. ലോകവസ്തുക്കളോടുള്ള നമ്മുടെ അമിതമായ ആഗ്രഹവും അവ സമ്പാദിക്കാനുള്ള ഉത്കടമായ അഭിവാഞ്ഛയും ക്ലേശങ്ങളെ കൊണ്ടുവരുന്നവയാണ്. ലൗകികസുഖങ്ങളെയും നേട്ടങ്ങളെയും കുറിച്ചുള്ള നമ്മുടെ ഭാവനാ മന്ദിരങ്ങൾ തകർന്ന് തരിപ്പണമാകുമ്പോൾ ഒരു പാതാളത്തിലേക്ക് ഇടിഞ്ഞുവീണ പ്രതീതിയാണ് നമുക്കുണ്ടാവുക. എല്ലാം നഷ്ടപ്പെട്ട്, എന്തുചെയ്യണമെന്നറിയാതെ വഴിമുട്ടി നിൽക്കുന്ന മനുഷ്യന്റെ മനോവികാരം. ധനികയും സുഖഭോഗോൽസുകയുമായ ഒരു പുത്രിയാണ് ആദ്ധ്യാത്മികയാത്രയ്ക്ക് ഒരുങ്ങുന്നതെങ്കിൽ അതിന്റെ ആദ്യദശയിൽ ഈദൃശ അനുഭവങ്ങൾ ഉണ്ടാകാൻ പാടുണ്ട്. ക്ലേശങ്ങളുടെ ആദ്യപടിയായി ഇവയെ കാണാവുന്നതാണ്. സാധാരണയായി ആദ്ധ്യാത്മിക വീഥിയിലേക്ക് ഇറങ്ങിക്കഴിഞ്ഞ യേശുശിഷ്യ ഈ പടികൾ കടന്നുകഴിഞ്ഞവളാണെന്നുവേണം

സങ്കൽപ്പിക്കാൻ. എന്നാലും അവൾ ധൈര്യമായി പാടുകയാണ്: "ഇന്നത്തെ എന്റെ ലോകവും അതിലെ സകല സുഖാനുഭൂതികളും തകർന്ന് താഴെവീഴുകയാണെങ്കിലും ഞാൻ ചഞ്ചലമനസ്കയാവുകയില്ല. കാരണം കർത്താവിനുവേണ്ടി എല്ലാം ത്യജിക്കുവാൻ ഞാൻ സദാ സന്നദ്ധയാണ്."

ഭൗതികക്ലേശത്തിന്റെ രണ്ടാം തലം ശരീരമാണ്. ശരീരത്തിലനുഭവപ്പെടുന്ന സുഖക്കേടുകളും വേദനകളും ഈ ക്ലേശത്തിൽപ്പെടുന്നു. ഇത് സാധാരണ രീതിയിൽ ആദ്ധ്യാത്മികയാത്ര ചെയ്യുന്ന എല്ലാവർക്കും അഭിമുഖീഭവിക്കേണ്ട ഒരു ക്ലേശമാണ്. വേദന വർദ്ധിക്കുമ്പോൾ വിഷമം തോന്നാതെ സന്തോഷമായിത്തീരണമെങ്കിൽ വേദനയെ ഈശ്വരപ്രാപ്തിക്കുള്ള ഒരു സാധനയാക്കാൻ ആത്മാവിനു കഴിയണം. ആദ്ധ്യാത്മികതയിൽ അഭിവൃദ്ധിപ്രാപിച്ച ആത്മാക്കൾക്ക് ഇത് അനായസേന സാദ്ധ്യമാകുന്നു. ശരീരത്തിലെ പീഡനങ്ങളെയും വേദനകളെയും അവൾ സസന്തോഷം സ്വീകരിക്കുന്നു. സഹനത്തെ മറ്റുള്ളവർക്കുവേണ്ടി സന്തോഷസമേതം ഏറ്റുവാങ്ങിയ യേശുനാഥന്റെ സജീവചിത്രമാണ് അവളുടെ മുൻപിലുള്ളത്. യേശുനാഥൻ സഹനത്തെ മനുഷ്യരക്ഷയ്ക്കുള്ള സാധനയാക്കിയതുപോലെ അവളും സ്വന്തജീവിതത്തിൽ കൈവരുന്ന സഹനം ദൈവപിതാവുമായി ഒന്നുചേരുവാനുള്ള സാധനയായി സ്വീകരിക്കുന്നു. സഹനത്തിന്റെ തീച്ചൂളയിലൂടെ പാതാളത്തിന്റെ അടിത്തട്ടുവരെ പോകാനും അവൾ സന്നദ്ധയാണ്.

സഹനം എന്നത് ഒരു തരം മരണമാണ്. നമ്മോടുകൂടെ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മരണമാണ് സ-ഹനം (സഹനം). നമ്മുടെ ജീവിതം ഒരേ സമയം മരണത്തിലൂടെയും ജനനത്തിലൂടെയും ഉള്ള ഒരു യാത്രയാണ്. ശരീരത്തിലെ ഒരു സെൽ അഴിഞ്ഞ് ഇല്ലാതാകുന്നതോടെ മറെറാരു സെൽ വളർന്ന് പുഷ്ടിമ പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ തളർച്ചയും വളർച്ചയും നമ്മുടെ ശരീരത്തിൽ സദാ നടന്നു കൊണ്ടിരിക്കുന്നു. സാമാന്യമായി നാം ഇവ അറിയുന്നില്ല. പക്ഷേ ചില അവസരങ്ങളിൽ ശരീരം പൂർവാധികം തളരുന്നു. ആനുപാതിക വളർച്ച നിലയ്ക്കുന്നു. പരിക്ഷീണിതമായ ശരീരഭാഗം വേദന ഉത്പാദിപ്പിക്കുന്നു. വേദനയെന്നത് അടിസ്ഥാനപരമായ ഒരു അവബോധമാണ്. ശരീരത്തിന്റെ സുഭഗാവസ്ഥയിൽ നാം ശരീരത്തെക്കുറിച്ച് സാധാരണരീതിയിൽ ബോധമുള്ളവരല്ല. വേദന എന്ന

പ്രതിഭാസം നമ്മെ അവബോധത്തിലേക്കു കൊണ്ടുവരുന്നു. കാലക്രമത്തിൽ സുഖകരമല്ലാത്ത ശരീരാനുഭവത്തിനു വേദന എന്നു പേർ ലഭിച്ചു. എന്നാൽ 'വിദ് വേദ്' എന്ന ധാതുവിൽനിന്നും വരുന്ന വേദന എന്ന പദത്തിന്റെ അർത്ഥം അവബോധത്തിന്റെ ആദ്യരൂപമെന്നു മാത്രമാണ്. അവബോധത്തോടുകൂടിയാണ് നാം നമ്മുടെ ശരീരത്തെ ബലിസാധനമായി ദൈവത്തിന് സമർപ്പിക്കുന്നുത്. വേദന നല്ലമനസ്സോടെ സ്വീകരിക്കപ്പെടുമ്പോൾ ഈ ബലിയെ ദഹിപ്പിക്കുവാൻ ഉതകുന്ന ദൈവാഗ്നിയായി മാറുന്നു. അതുകൊണ്ട് വേദന ഭയപ്പെടേണ്ട ഒരു വസ്തുവല്ല. മറിച്ച് ആശ്ലേഷാർഹമാണ്. നിരവധി രക്തസാക്ഷികൾ സഹനവും വേദനയും സന്തോഷത്തോടെ സ്വീകരിക്കുന്നതായി നാം ചരിത്രത്തിൽ കാണുന്നുണ്ട്. വേദനയുടെ പാതാളത്തിലൂടെ കടന്നു പോകാൻ ഈ യേശുശിഷ്യ സന്നദ്ധയാണ്.

ക്ലേശങ്ങളുടെ രണ്ടാം വിഭാഗമാണ് മാനസിക ക്ലേശങ്ങൾ. ഇതിന്റെ ആദ്യതലം വൈകാരികവും ബൗദ്ധികവുമായ ക്ലേശങ്ങളാണ്. മനുഷ്യൻ ബുദ്ധിജീവിയാണ്. എന്നാൽ അവൻ വികാരജീവികൂടിയാണ്. മനുഷ്യന്റെ ഐന്ദ്രികതലവും ബൗദ്ധികതലവും സമ്മേളിക്കുന്ന മിശ്രതലത്തിൽ നിന്നാണ് വികാരങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. വികാരങ്ങൾ വെറും ഐന്ദ്രീകാനുഭൂതിയല്ല. ബുദ്ധിയിലെ ചിന്താധാരയുമായി ഐന്ദ്രികാനുഭൂതി അലിഞ്ഞുചേരുമ്പോഴാണ് അത് വികാരമായി അനുഭവപ്പെടുന്നത്. വികാരം മനുഷ്യനെ യഥാർത്ഥത്തിലുള്ള മനുഷ്യനാക്കുന്നു. അതേസമയം വികാരം മനുഷ്യന്റെ സന്തുലനാവസ്ഥയെ നഷ്ടപ്പെടുത്തുകയും ബുദ്ധിവിഹീനമായി ചിന്തിക്കാൻ ഇടവരുത്തുകയും ചെയ്യാറുണ്ട്. വികാരം വളരെ തീവ്രതയുള്ള അനുഭവവിശേഷമാണ്. വേദനയായാലും ഉദ്വേഗമായാലും വികാരത്തിൽ ഈ തീവ്രത കാണാം. ഈ തീവ്രതയെ ശാന്തവും ശാലീനവുമാക്കി മാറ്റുന്നത് സ്വസ്ഥമായ ചിന്തയും വിവേചനവുമാണ്. ആദ്ധ്യാത്മികാഭിവൃദ്ധി പ്രാപിച്ച ആത്മാക്കൾ ധ്യാനപൂർവം ചിന്തിച്ച്, വികാരതീവ്രതയെ സംയമിച്ച്, മനസ്സിന്റെ സമനില കണ്ടെത്തി, ശാന്തമായി മുന്നോട്ട് പോകുന്നു. എന്നാൽ വികാരതീവ്രത മനുഷ്യന്റെ വേദനയെ വർദ്ധിപ്പിക്കുവാൻ പാടുണ്ട്. സ്വന്തപ്പെട്ടവരാൽ പരിത്യക്തരാകുമ്പോൾ വികാരതീവ്രമായ ഒരു വേദനക്ക് സാധാരണഗതിയിൽ നമ്മൾ വിധേയരാകുന്നു. ഈദൃശ്യാവസരങ്ങളിൽ യേശുസായുജ്യം പ്രാപിക്കാൻ ആഗ്രഹിക്കുന്ന ആത്മാവ് വികാരങ്ങൾക്ക് അടിമപ്പെടാതെ, പരിത്യക്തതയുടെ പാതാളത്തിലൂടെ ആണെങ്കിലും, സൗമ്യയായി, സന്തോഷവതിയായി

നടന്നു നീങ്ങുന്നു. വൈകാരികക്ലേശങ്ങൾ അഭിമുഖീഭവിക്കുന്നതിനും, വേണ്ടതുപോലെ കൈകാര്യംചെയ്യുന്നതിനും അവൾ അങ്ങനെ പഠിക്കുന്നു. "താൻ സ്വന്തപ്പെട്ടവരുടെ അടുക്കലേക്കു വന്നു. എന്നാൽ സ്വന്തപ്പെട്ടവർ അവനെ സ്വീകരിച്ചില്ല"(യോഹ. 1:11) എന്ന് ആരെക്കുറിച്ച് പറഞ്ഞിരുന്നുവോ ആ യേശുനാഥൻ തന്നെയാണ് അവൾക്ക് ഇവിടെയും മനോഹരമാത്യക.

മാനസികക്ലേശത്തിന്റെ മറെറാരു തലം ബൗദ്ധികമാണ്. ബുദ്ധിയുള്ള മനുഷ്യൻ ആശയങ്ങളുടെ ഉറവിടം കൂടിയാണ്. ആശയങ്ങളാണ് യഥാർത്ഥത്തിൽ മനുഷ്യനെ നയിക്കുന്നത്. നിരവധി വർഷങ്ങളുടെ അനുഭവത്തിന്റെറയും അഗാധപഠനത്തിന്റെറയും പരിണിതഫലമായി തന്നിൽ രൂപംകൊള്ളുന്ന ആശയങ്ങളെ അവൻ സ്നേഹിക്കുന്നു; ആദരിക്കുകയും അമൂല്യമായി സ്വമനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ ആശയങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോഴും മററുള്ളവരാൽ അവഗണിക്കപ്പെടുമ്പോഴും ബുദ്ധിയുടെ തലത്തിൽ ക്ലേശങ്ങൾ നമുക്കു നേരിടുന്നു. സ്വന്തം സഹോദരീസഹോദരന്മാരിൽനിന്ന് ഉയരുന്ന ആശയങ്ങൾ നമ്മളുടെതുമായി പൊരുത്തപ്പെടാതെപോകുമ്പോൾ ഈ അനുഭവം നമുക്കുണ്ടാകുന്നു. എന്റെ ആശയത്തെ തൃണവൽഗണിച്ച്, സ്വന്തം ആശയത്തെ മുറുകെപിടിച്ച് എന്റെകൂടെ ജീവിക്കുന്ന സഹോദരർ എന്നെ ഉപേക്ഷിച്ച് മുന്നോട്ട് പോകുമ്പോൾ വീണ്ടും പാതാളത്തിൽവീണ ഒരു അനുഭവമാണ് എനിക്കുണ്ടാവുക. ഈ സാഹചര്യത്തിൽ മനസ്സ് മടുക്കാതെ, മൗനയായി, പരിത്യക്തതയെ അതിജീവിച്ച് യേശുവിനോടുകൂടി യേശുശിഷ്യ സന്തോഷസമേതം മുന്നോട്ടു പോകുന്നു. വികാരങ്ങളും വിചാരങ്ങളും പ്രിയപ്പെട്ടവയെങ്കിലും അവ ഉളവാക്കുന്ന ക്ലേശങ്ങളുടെ അടിമയല്ല ആത്മാവ്.

മൂന്നാമത്തെ ക്ലേശം ആദ്ധ്യാത്മികമാണ്. ദൈവത്തെ മാത്രം തേടി പുറപ്പെട്ട ആത്മാവിന്റെ പരിമിതിയും ദൈവത്തിന്റെ അപരിമേയതയും ആണ് ഇതിന്റെ ഉറവിടം. അനന്തവും അലോകസുന്ദരവുമായ ദൈവസത്തെയെ നേരിട്ട് ആശ്ലേഷിക്കുവാൻ ആഗ്രഹിക്കുന്ന ആത്മാവിന് ശരീരബദ്ധമായ അതിന്റെ ബുദ്ധിയും, ബുദ്ധിയുടെ പരിമിതിയും വിലങ്ങുതടികളായി അനുഭവപ്പെടുന്നു. "ആരെന്നെ ഈ ശരീരത്തിൽ നിന്നു വേർപെടുത്തും" (റോമ. 7:24) എന്ന് അവാച്യമായ സായുജ്യപ്രേരണയ്ക്ക് വിധേയയായി അവൾ നിലവിളിക്കുന്നു. ഇത് നേരിട്ടുള്ള ദൈവാനുഭവത്തിന്റെ ആദ്യപടികളിൽനിന്ന് ഉയരുന്ന ഒരു

വേദനാനുഭവമാണ്. ഈ ആത്മീയക്ലേശത്തിലും ധീരതയോടുകൂടി മുന്നേറുവാൻ ആത്മാവു സന്നദ്ധയാണെന്നാണ് ഇവിടെ പറയുന്നത്. ആദ്ധ്യാത്മികമായ ഈ ക്ലേശത്തെക്കുറിച്ച് പിന്നീട് പ്രതിപാദിക്കുന്നതാണ് (അദ്ധ്യായം മൂന്ന് : താമസരാത്രി).

ഉത്തുംഗശൃംഗം കയറിടാനും

പുണ്യപൂർണ്ണതയിലേക്കുള്ള തീർത്ഥയാത്ര പലപ്പോഴും പർവതാരോഹണത്തോട് ഉപമിക്കാറുണ്ട്. ഒരു നല്ല പർവതം കയറുമ്പോൾ ഉള്ള ബുദ്ധിമുട്ടും ക്ലേശങ്ങളും നമുക്ക് ചിന്തിക്കാവുന്നതാണ്. പർവതത്തിന്റെ അത്യുന്നത കൊടുമുടിയിലേക്ക് ഉന്നംവച്ച് മലകയറാൻ ഒരുങ്ങിത്തിരിക്കുന്ന പർവതാരോഹണക്കാരെ ലോകമെങ്ങും വളരെ താത്പര്യത്തോടും മതിപ്പോടുംകൂടെ നോക്കിക്കാണുന്നു. അപകടസമ്പൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ അവരുടെ യാത്ര ഒരു ധീരതീരുമാനത്തിന്റെ പരിണതഫലമാണ്. നല്ല ധൈര്യവും നിശ്ചയദാർഢ്യവും സ്വയസംയമനശീലവും ഉള്ളവർക്കേ വിജയപൂർവം പർവതാരോഹണം നടത്താൻ സാധിക്കുകയുള്ളൂ. ആദ്ധ്യാത്മിക ജീവിതത്തിലും അതിന്റെ വിജയപൂർണ്ണമായ മുന്നേറ്റത്തിന് ഈ സ്വഭാവവിശേഷങ്ങൾ അത്യാവശ്യമാണ്. നല്ല ധൈര്യവും തീരുമാനശക്തിയും ദൃഢതയും ത്യാഗസന്നദ്ധതയും ഉള്ളവർക്കേ വിശുദ്ധിയുടെ ഇടുങ്ങിയ പാതയിലൂടെ മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടായിരിക്കാം പുണ്യപൂർണ്ണതയിലേക്കുള്ള രാജവീഥി ഒരു മലകയറ്റമായി പലരും പരിഗണിച്ചത്. വിശ്വോത്തര ആദ്ധ്യാത്മികഗ്രന്ഥങ്ങൾ ഈ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. സീനായ് മലകയറ്റം എന്ന പുസ്തകം ആദ്ധ്യാത്മികതയുടെ ഉന്നതവേദിയിലേക്കുള്ള ആത്മാവിന്റെ യാത്രയെ മരുഭൂമിയിലെ മണൽകൂമ്പാരമായ സീനായ്മല കയറുന്നതിനോട് ഉപമിക്കുന്നു. വിശുദ്ധ യോഹന്നാൻ ക്രൂസ് പിതാവിന്റെ 'കർമ്മലമലകയറ്റം' എന്ന പുസ്തകം വിശ്വവിഖ്യാതമാണ്. എന്നെ വളരെയധികം ആകർഷിച്ചിട്ടുള്ളതും മിസ്റ്റിസിസത്തിന്റെ ആദ്യപാഠങ്ങൾ എനിക്ക് പഠിപ്പിച്ച് തന്നിട്ടുള്ളതും ഈ പുസ്തകമാണ്. കൊച്ചുകൊച്ചു മലകൾ ധാരാളമുള്ള സെകോവിയായെന്ന സ്ഥലത്ത് ഒരു മലമുകളിൽ തന്റെ ആസ്ഥാനം ഉറപ്പിച്ച യോഹന്നാന് മലകയറ്റത്തിന്റെ വിഷമവും അതിനുവേണ്ട ആയാസവും ആയോധനവും നല്ലപോലെ അറിയാം. അതുകൊണ്ടു

തന്നെയായിരിക്കണം മിസ്റ്ററിക്ക് ദൈവശാസ്ത്രത്തിന്റെ അനുഭവപാഠങ്ങൾ നമുക്കു പറഞ്ഞുതരുന്ന അദ്ദേഹത്തിന്റെ ആദ്യ പുസ്തകത്തിന് 'കർമ്മലമലകയറ്റം' എന്ന് അദ്ദേഹം പേർ കൊടുത്തതും.

മലയും ഗുഹയും എല്ലാ മതങ്ങളിലും ആദ്ധ്യാത്മിക ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഹിമാലയത്തിൽ തപസ്സ് ചെയ്യുന്ന യതിവര്യന്മാർ ഇന്ത്യയിൽ സുലഭമാണ്. അജന്ത, എല്ലോറ എന്നീ സ്ഥലങ്ങളിലെ മലകളും അവയിലെ ഗുഹകളും ബുദ്ധമത സന്ന്യാസികളുടെ ആസ്ഥാനങ്ങളായിരുന്നു. മലയുടെ ഉയർച്ച മനുഷ്യൻ ആഗ്രഹിക്കുന്ന സർവാതിരിക്തതയുടെയും ഗുഹയുടെ ഉള്ളറകൾ അതേ മനുഷ്യൻ ഇഷ്ടപ്പെടുന്ന ആന്തരികതയുടെയും പ്രതീകങ്ങളാണ്. ഒരേ സമയം പ്രതീകവും സാക്ഷാത്കാര സാഹചര്യവും കാഴ്ചവയ്ക്കുന്നവയാണ് മലകളും ഗുഹകളും. ക്രിസ്തുമതത്തിന്റെ ആദിമ ശതകങ്ങളിൽ നിരവധി ക്രിസ്തു ശിഷ്യന്മാർ മലകളും മരുഭൂമികളും തേടി പോകുന്നതായി നാം കാണുന്നുണ്ട്. മനുഷ്യനിർമ്മിതമായ ജീവിത ബഹളങ്ങളിൽ നിന്നു പിൻമാറി, മൗനത്തിന്റെ മനോജ്ഞതയിൽ ദൈവത്തെ തേടാനും ധ്യാനിച്ച് സാക്ഷാത്കരിക്കാനുമാണ് അവർ അപ്രകാരം ചെയ്തത്. മലകളിൽ കണ്ടെത്തിയ ഗുഹകൾ അവർക്ക് പ്രിയപ്പെട്ട ധ്യാനകേന്ദ്രങ്ങൾ ആയിരുന്നു. പർവ്വതങ്ങൾ സമതലത്തിൽ നിന്ന് ഉയർന്നുനിൽക്കുന്നതുകൊണ്ടും അവിടെ മനുഷ്യവാസം താരതമ്യേന കുറവായതുകൊണ്ടും ധ്യാനാത്മകജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർ പർവതങ്ങളിലേക്ക് തങ്ങളുടെ താമസം മാറ്റുന്ന ഒരു ജീവിതശൈലി എല്ലാ മതങ്ങളിലും നടപ്പുള്ളതായിരുന്നു. ധനത്തിലും സുഭിക്ഷതയിലും കഴിഞ്ഞിരുന്ന പ്രഭുകുടുംബത്തിൽ നിന്ന് ഓടിയൊളിച്ച വിശുദ്ധ ബനഡിക്ട് 'സുബ്യാക്കോ' മലമുകളിലെ ഒരു ഗുഹാദ്വാരത്തിലാണ് വാസംഉറപ്പിച്ചത്. തിരുസഭയിൽ പ്രണിധാന ചൈതന്യത്തിന്റെ പ്രതീകമായി ലോകമെമ്പാടും ഇതുപടർന്നു. പല രാജ്യങ്ങളിലും അവരുടെ ആദ്യഭവനങ്ങൾ മലമുകളിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ ആദ്യ ഏതദ്ദേശീയ സന്ന്യാസസഭയായ സി.എം.ഐ സഭയുടെ സ്ഥാപകനായ 'ചാവറ' അച്ചനും മരതകപ്പച്ചയിൽ മനോഹാരിത അണിഞ്ഞുനിൽക്കുന്ന മാന്നാനം കുന്നാണ് തന്റെ ആദ്യ ആശ്രമത്തിന്റെ ആസ്ഥാനമായി തിരഞ്ഞെടുത്തത്. എല്ലാ ദിവസവും സി.എം.ഐ സഭയിലെ ആദ്യപിതാക്കൻമാർ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി സാമാന്യം

ഉയരമുള്ള ആ മല കയറുകയും ജനങ്ങളെ തേടി താഴോട്ട് ഇറങ്ങുകയും ചെയ്തിരുന്നു. മലകളും പർവതങ്ങളും അവയിലെ ഗുഹകളും അങ്ങനെ ആദ്യകാലം മുതൽക്കേ ആദ്ധ്യാത്മിക ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. ഈ പശ്ചാത്തലത്തിലാണ് "ഉത്തുംഗശൃംഗം കയറിടാനും" എന്ന് യേശുശിഷ്യ പാടുന്നത്.

പുണ്യപൂർണ്ണതയാകുന്ന മഹാപർവ്വതത്തിന്റെ അത്യുച്ചിയിലെ കൊടുമുടി പ്രാപിക്കാനുള്ള അവളുടെ ആഗ്രഹമാണ് ഇതിൽ പ്രതിബിംബിക്കുന്നത്. പുണ്യപൂർണ്ണത എന്നു പറയുന്നത് കുറെ പുണ്യങ്ങളെ വാരിക്കൂട്ടുന്നതല്ല. പരസ്നേഹത്താൽ പൂർത്തീകരിക്കപ്പെടുന്ന ദൈവസ്നേഹത്തിന്റെ രാജവീഥിയിലൂടെയുള്ള ഒരു ധീര യാത്രയാണ്. യാത്രയുടെ പരമലക്ഷ്യമായി ദൈവത്തെ മാത്രം തിരഞ്ഞെടുക്കുകയും മറ്റുള്ള സർവ്വത്തിനോടും 'നേതി നേതി, ഇതല്ല ഇതല്ല' എന്നു പറഞ്ഞ് ഉറച്ചമനസ്സോടെ മുന്നേറുന്ന വ്യക്തി മാത്രമേ പർവതത്തിന്റെ ഉത്തുംഗശൃംഗം പ്രാപിക്കുകയുള്ളൂ.

നിരവധി കൊടുമുടികൾ ഉള്ള പർവ്വതം ആദ്ധ്യാത്മിക ജീവിതത്തിൽ നേരിടേണ്ടി വരുന്ന അനവധി വെല്ലുവിളികളുടെ പ്രതീകമാണ്. ദൈവസ്നേഹത്തിന്റെ അത്യുച്ചിയിലേക്കു കയറാൻ ആഗ്രഹിക്കുന്ന ആത്മാവ് ഈ വെല്ലുവിളികളോരോന്നായി നേരിടുകയും അതിജീവിക്കുകയും വേണം. ദൈവം സ്നേഹമാണ്. ഈ സ്നേഹം അനുഭവവേദ്യമാകുകയും മറ്റുള്ളവർക്ക് ആക്കിക്കൊടുക്കുകയും ചെയ്യുകയാണ് ആ നല്ല ആദ്ധ്യാത്മികതയുടെ അകക്കാമ്പ്. കറതീർന്ന ദൈവസ്നേഹമാകട്ടെ പരസ്നേഹത്തിൽ പ്രതിബിംബിക്കണം. ക്രിസ്തീയതയുടെ മുഖമുദ്രയായി നമുക്കവതരിപ്പിക്കാനുള്ള ഒരു വലിയ സത്യം ഇതാണ്. "പരസ്നേഹത്തിൽ പ്രതിബിംബിക്കാത്ത ദൈവ സ്നേഹം ദൈവത്തിന് സ്വീകാര്യമല്ല." അതുകൊണ്ടാണ് അവസാന വിധിയുടെ അവസരത്തിൽ യേശുനാഥൻ നാം മറ്റുള്ളവർക്ക് എന്ത് നന്മ ചെയ്തു എന്ന മാനദണ്ഡം ഉപയോഗിച്ച് വിധിവാചകം ഉച്ചരിക്കുന്നത്. നമ്മുടെ മുൻപിലൂടെ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ, കടന്നുപോയ വിശക്കുന്ന ദരിദ്രനും വേദനിക്കുന്ന പീഡിതനും തന്റെ സജീവ പ്രതിനിധികൾ ആയിരുന്നുവെന്ന് ഈ വിധി വാചകത്തിലൂടെ അവിടന്ന് നമ്മോടു പറയുന്നു (മത്താ 25:35-36). ദൈവസ്നേഹവും പരസ്നേഹവും തമ്മിലുള്ള അഭേദ്യബന്ധം അങ്ങനെ അവിടന്ന് അരക്കിട്ട് ഉറപ്പിക്കുന്നു. ഇങ്ങനെയുള്ള, അതായത് അപരനുവേണ്ടിയുള്ള

ത്യാഗത്തിലൂടെ, സേവനത്തിലൂടെ, തന്റെ ദൈവസ്നേഹം പ്രദർശിപ്പിക്കുന്ന വ്യക്തികളെയാണ് കർത്താവിനു വേണ്ടത്. ഇതിന്റെ അർത്ഥം കുറച്ച് സാമൂഹികോത്കർഷ പ്രവർത്തനങ്ങളിലും പുരോഗമന പ്രവർത്തനങ്ങളിലും നമ്മുടെ ദൈവസ്നേഹം ഒതുക്കിനിറുത്തണമെന്നല്ല. സക്ഷാത്തായ ദൈവസ്നേഹത്തിന് തികച്ചും വ്യക്തിപരവും പ്രിയപ്പെട്ടതുമായ ഒരു സായുജ്യവശമുണ്ട്. ഒരു പിതാവായോ സ്നേഹനാഥനായോ ദൈവത്തെ, യേശുവിനെ കണ്ടുകൊണ്ട്, വ്യക്തിപരമായ സ്നേഹത്തിന്റെ അടുപ്പത്തിൽ വളർന്ന്, ദൈവത്തിൽ വിലയം കൊള്ളുന്ന ഒരു സവിശേഷതയും ദൈവസ്നേഹത്തിനുണ്ട്. ഈ സ്നേഹമാണ് പരോന്മുഖമായി വിടരുന്നതും മറ്റുള്ളവരിലേക്കു പ്രവഹിക്കുന്നതും.

ദൈവസ്നേഹം സുന്ദരമായ പൂമൊട്ടുപോലെ ദൈവോന്മുഖമായി മുകളിലേക്കു വളരുന്നു, ഉയരുന്നു; പരോന്മുഖമായി സകല ദിക് മുഖങ്ങളിലേക്കും വിരിയുന്നു. അങ്ങനെ യഥാർത്ഥ സ്നേഹം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും സമഞ്ജസമായ സമ്മേളനവും അപ്രതിഹതമായ പ്രവാഹവുമാണ്. ഈ രണ്ടു സ്നേഹങ്ങളുടെയും സാക്ഷാത്കാരവും പ്രകാശനവും എല്ലാ ദിവസവും സായാഹ്നത്തിൽ തന്റെ പിതാവിനോട് പ്രാർത്ഥിക്കാനും സംഭാഷിക്കാനുമായി ഗദ്സേമനിയിലെ മലകയറുകയും പ്രഭാതത്തിൽ തന്റെ സഹോദരങ്ങളെ കാണാനും സേവിക്കാനുമായി മല ഇറങ്ങുകയും ചെയ്ത യേശുക്രിസ്തുവിൽ നാം കാണുന്നുണ്ട്. ഈ സ്നേഹപ്രാപ്തിയാണ് ഒരു പർവതാരോഹണമായി നാം ഇവിടെ വിഭാവനം ചെയ്യുന്നത്. പരസ്നേഹബദ്ധമായ ദൈവസ്നേഹം നിരവധി കൊടുമുടികൾ ഉള്ള ഒരു മഹാപർവതമാണ്. ഓരോ കൊടുമുടിയും സ്നേഹത്തിന്റെ പുതിയ പുതിയ വെല്ലുവിളികളുമായി നമുക്കു കാണാം. സ്നേഹത്തിന്റെ വെല്ലുവിളികൾക്കെല്ലാം അഭിമുഖീഭവിച്ച്, അതിജീവിച്ച് കൊടുമുടികൾ പിന്നിട്ടുകൊണ്ട് ആത്മാവ് പർവതത്തിന്റെ ഉന്നതശൃംഗത്തിലേക്കു കയറുന്നു. സ്നേഹപർവതത്തിന്റെ നിരവധി ശൃംഗങ്ങളിൽ ചിലതെങ്കിലും നമുക്ക് ഇവിടെ ചുരുക്കത്തിൽ കാണാം. സ്നേഹം നമ്മുടെ മുമ്പിൽ വെയ്ക്കുന്ന വെല്ലുവിളികളാണ്, ഇവയെല്ലാം.

തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്ന സ്നേഹത്തിന്റെ സമാന്യകൽപ്പന സ്നേഹം യഥാർത്ഥീകരിക്കുന്നതിന്റെ ആദ്യപദവിയായി നമുക്കു സങ്കൽപ്പിക്കാം. എന്നാൽ

ഇതിലേക്കു നാം പ്രവേശിക്കുന്നതിനുമുൻപ് സമതലത്തിൽനിന്നു താഴ്ന്നുകിടക്കുന്ന സ്നേഹത്തിന്റെ നിഷേധാത്മക വശങ്ങളിലേക്ക് ഒന്നു നോക്കുന്നത് നല്ലതാണ്. മനസ്സിൽ വിരോധവും വിദ്വേഷവും ഇല്ലാതിരിക്കുന്ന ഒരവസ്ഥാവിശേഷമാണ് സ്നേഹത്തിന് അത്യന്താപേക്ഷിതമായത്. നമ്മുടെ മനസ്സിൽ ദ്വേഷ്യവും വൈരാഗ്യവും നിറഞ്ഞുനിൽക്കുകയാണെങ്കിൽ നാം പർവതാരോഹണം ആരംഭിച്ചിട്ടേയില്ല, സമതലത്തിനു താഴെയുള്ള കുഴികളിൽ കിടന്ന് ഉഴലുകയാണ്. പകരം വീട്ടാനുള്ള ആഗ്രഹവും അതിനുള്ള സംവിധാന പ്രക്രിയകളും ഒക്കെ ഈ കുഴികളിൽനിന്നു അഗാധഗർത്തങ്ങളിലേക്ക് വീഴുന്നതിനു സമമാണ്. പർവതാരോഹണം ആരംഭിക്കണമെങ്കിൽ നാം ആദ്യം തന്നെ കുഴികളിൽനിന്നു കയറി സമതലം പ്രാപിച്ചിരിക്കണം.

സമതലത്തിൽനിന്നു കയറുന്ന ആദ്യത്തെ കൊടുമുടിയാണ് സ്നേഹത്തിന്റെ സാമാന്യപ്രമാണം. പഴയനിയമത്തിൽ ഇസ്രായേൽ ജനത്തിന് ദൈവം നൽകിയ പ്രമാണമാണിത്. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. വളരെ അനിതര സാധാരണമായ ത്യാഗങ്ങൾ ആവശ്യപ്പെടുന്ന ഒരു പ്രമാണമല്ല ഇത്. അൽപം ത്യാഗവും വളരെയധികം ആനുകൂല്യവും നമുക്കു ലഭിക്കുന്ന ഒരു ചെറിയ കൽപ്പനയാണിത്. സമാധാനപരമായി നമുക്കു ജീവിക്കാൻ സാധിക്കണമെങ്കിൽ, മറ്റുള്ളവർ നമ്മിൽ, അൽപ്പമെങ്കിലും താൽപര്യം കാണിക്കണമെങ്കിൽ, സ്നേഹത്തിന്റെ ഈ തുച്ഛമായ ആവശ്യം നിറവേറ്റാൻ നമ്മൾ സന്നദ്ധരായിരിക്കണം. നമ്മെ സ്നേഹിക്കുന്നവരെ നമ്മളും സ്നേഹിക്കുന്നു. അഥവാ നാം സ്നേഹിക്കുന്നവർ നമ്മേയും സ്നേഹിക്കുന്നു എന്ന ഒരു പൊതുതത്ത്വത്തിന്റെ പ്രായോഗികതയല്ലാതെ ധീരോദാത്തമായ ത്യാഗചൈതന്യമോ വീരോചിതമായ പുണ്യപൂർണ്ണതയോ നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഒരു കൽപ്പനയല്ല ഇത്. പുതിയ നിയമത്തിൽ, തന്റെ സ്വന്തം ജീവിതത്തെ ആധാരവും മാതൃകയുമാക്കി കർത്താവ് നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്ന സ്നേഹത്തിന്റെ പുതിയ പ്രമാണത്തോടു തുലനം ചെയ്യുമ്പോൾ ഇത് തുലോം തുച്ഛവും താഴ്ന്നതുമായ ഒരു നിയമമാണെന്നു നമുക്ക് മനസ്സിലാകും. പക്ഷേ, സാമൂഹിക ജീവിതത്തിന്റെ സ്വസ്ഥതയ്ക്കും സമാധാനത്തിന്റെ സുരക്ഷിതാവസ്ഥയ്ക്കും ഇങ്ങനെയുള്ള ഒരു മിനിമം നിയമമെങ്കിലും ആവശ്യമാണ്. സ്വന്തം നന്മയുടെ സ്ഥായീഭാവത്തിനു വേണ്ടിയെങ്കിലും അപരനെ സ്നേഹിക്കാനും സേവിക്കാനും ഈ നിയമം നമ്മെ പഠിപ്പിക്കുന്നു. ശ്രീബുദ്ധന്റെ ധർമ്മപാതയിലുള്ള ഒരു ചിന്ത

ഇവിടെ സ്മരണീയമാണ്: "സ്വന്തം സുഖത്തിനുവേണ്ടി മറ്റുള്ളവരെ വേദനിപ്പിക്കുന്ന ആർക്കും സുഖമനുഭവിക്കാനാവില്ല. കാരണം മറ്റുള്ളവരും അവരുടെ സുഖത്തിനുവേണ്ടി ഈ വ്യക്തിയെ വേദനിപ്പിക്കുന്നതായിരിക്കും. എന്നാൽ സ്വന്തം സുഖത്തിനുവേണ്ടി മറ്റുള്ളവരെ വേദനിപ്പിക്കാത്തവർക്ക് സുഖം ലഭ്യമാകും. കാരണം മറ്റുള്ളവരും അവരുടെ സുഖത്തിനുവേണ്ടി ഇദ്ദേഹത്തെ വേദനിപ്പിക്കുകയില്ല" (ധമ്മപാദ Nos. 131-132). നമ്മൾ നമുക്കു ലഭിക്കണമെന്ന് ആഗ്രഹിക്കുന്നത് മറ്റുള്ളവർക്ക് കൊടുക്കാനും നമ്മൾ ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നത് അല്ലെങ്കിൽ നമുക്കു വരരുത് എന്ന് ആഗ്രഹിക്കുന്നത് മറ്റുള്ളവർക്കു വരാതിരിക്കുവാനും ശ്രദ്ധിക്കണം. തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്ന കൽപ്പനയുടെ പ്രയോഗിക സാരം ഇങ്ങനെ നമുക്കു മനസ്സിലാക്കാം.

സ്നേഹപർവതത്തിന്റെ രണ്ടാം ശൃംഗത്തിൽ നാം കാണുന്നത് സ്നേഹ ജീവിതത്തിന്റെ പരിപോഷണത്തിനു ദൈവം നമുക്കു തന്ന 10 കൽപ്പനകളാണ്. ദൈവസ്നേഹത്തെയും പരസ്നേഹത്തെയുംപറ്റി പ്രതിപാദിക്കുന്നവയാണ് ഈ കൽപ്പനകൾ. സാക്ഷാത്തായ സ്നേഹത്തിന്റെ ആരംഭവും അടിസ്ഥാനവും പരമാന്തവും എപ്പോഴും ദൈവമായിരിക്കണം. അതുകൊണ്ട് 10 കൽപ്പനകളുടെ പട്ടിക ആദ്യമായി ദൈവത്തിനും ദൈവസ്നേഹത്തിനും വേണ്ടി നാം അനുഷ്ഠിക്കേണ്ടവ അവതരിപ്പിക്കുന്നു. മറ്റു കൽപ്പനകൾ എല്ലാംതന്നെ ഈ ദൈവസ്നേഹം പരസ്നേഹത്തിൽ പ്രതിബിംബിക്കുന്നതിന്റെ വിവിധ രംഗങ്ങളാണ്. നിഷേധാത്മകരൂപത്തിൽ നൽകപ്പെടുന്ന ഈ കൽപ്പനകൾ പരസ്നേഹപോഷണത്തിനായി നാം അവശ്യം ഉപേക്ഷിക്കേണ്ട സംഗതികളെക്കുറിച്ചാണു പറയുന്നത്. ഉദാഹരണം: കൊല്ലരുത്, വ്യഭിചാരം ചെയ്യരുത് എന്നിങ്ങനെയുള്ള കൽപ്പനകൾ. 10 പ്രമാണങ്ങൾ സ്നേഹത്തിന്റെ പരമകാഷ്ടയിലേക്കു നമ്മെ ഉയർത്താനായി തന്ന കൽപ്പനകൾ എന്നതിനേക്കാൾ സ്നേഹം നിലനിർത്തുന്നതിന് അവശ്യം വേണ്ട സ്വയംസംയമന രീതികളാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. സ്വയംസംയമനം സ്നേഹസംരക്ഷണത്തിനുള്ള ആദ്യ പടിയാണ്. ഭാരത സംസ്കാരത്തിന്റെ പാരമ്പര്യത്തിൽ വേദപഠനത്തിന് ഗുരുകുലത്തിലേക്കു വരുന്ന ശിഷ്യന്മാർക്കു കൊടുക്കുന്ന ആദ്യനിയമം അഹിംസയാണ്. വ്യാപകമായ അർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ അഹിംസ വലിയ സ്നേഹത്തിന്റെ ഒരു പ്രമാണമായിത്തീരുന്നു. മനസ്സാ വാചാ കർമ്മണാ, വിചാരത്താലും വചനത്താലും പ്രവൃത്തി

യാലും ആരെയും വേദനിപ്പിക്കരുത് എന്ന് അഹിംസയുടെ പ്രമാണം നിഷ്കർഷിക്കുന്നു. അതുപോലെ 10 കൽപ്പനകൾ നിഷേധാത്മക ഭാഷ ഉപയോഗിക്കുന്നുണ്ടെങ്കിലും സ്നേഹത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കു കയറുവാനായുള്ള പടികളായാണ് അവ കരുതപ്പെടുന്നത്.

പഴയ നിയമത്തിലൂടെ തന്നെ നാം മുന്നോട്ട് പോകുകയാണെങ്കിൽ പ്രവാചകന്മാരിലൂടെ ദൈവം സ്നേഹത്തിന്റെ തനിസ്വഭാവം അനാവരണം ചെയ്യുന്നതായി നമുക്കു കാണാം. നാം നേരത്തേ കണ്ടതുപോലെ ദൈവസ്നേഹത്തിനു വളരെ വലിയ വൈയക്തികഭാവം ഉണ്ട്. ഈ ഭാവവിശേഷം വ്യക്തമായി പ്രകാശിപ്പിക്കുന്ന പല ഭാഗങ്ങളും പ്രവാചകപുസ്തകങ്ങളിൽ കാണാം. ഉദാഹരണമായി താഴെ കൊടുക്കുന്ന വാക്യങ്ങൾ കാണുക: നീ എനിക്ക് പ്രിയപ്പെട്ടവളാണെന്നും ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചിട്ടുണ്ടെന്നും അവിടന്ന് ആത്മാവിനോട് സംസാരിക്കുന്നു. എല്ലാ അപകടങ്ങളിൽ നിന്നും ഞാൻ നിന്നെ സംരക്ഷിക്കുന്നു എന്നും നിനക്കുവേണ്ടി മാത്രം ഞാൻ എല്ലാം പരിത്യജിക്കുന്നുവെന്നും അവിടന്നു പറയുന്നു. ഇത് എന്തുകൊണ്ടെന്നുവച്ചാൽ നീ എനിക്ക് പ്രിയപ്പെട്ടവളും വിലപ്പെട്ടവളും ആയതുകൊണ്ടുതന്നെ (ഏശ. 43:15).

ദൈവസ്നേഹത്തിന്റെ വ്യക്തിപരമായ വശം ഇങ്ങനെ ഊന്നിപ്പറയുന്ന അതേ പ്രവാചകൻ തന്നെ ഈ സ്നേഹം പരസ്നേഹത്തിൽ പ്രതിബിംബിക്കേണ്ടതിനെക്കുറിച്ചും ശക്തമായ ഭാഷയിൽ സംസാരിക്കുന്നുണ്ട്: "നിങ്ങളുടെ പ്രാർത്ഥനയും ഉപവാസവുമല്ല, എനിക്കുവേണ്ടത്. വിധവകളെയും ദരിദ്രരെയും സംരക്ഷിക്കുന്ന ഒരു സമൂഹത്തെയാണ് ഇസ്രായേൽ മെനഞ്ഞെടുക്കേണ്ടത്" (ഏശ. 58:67). ഇങ്ങനെ പ്രവാചകശബ്ദത്തിൽ ദൈവസ്നേഹവും പരസ്നേഹവും ഒന്നിച്ചു പുഷ്പിക്കുന്നതായി നമുക്ക് കാണാം. സ്നേഹത്തിന്റെ കൊടുമുടികൾ തേടി ഇറങ്ങിത്തിരിക്കുന്ന ആത്മാവിന് ഇത് ഒരേസമയം വെല്ലുവിളിയും പ്രചോദനവുമാണ്.

ഇസ്രായേലിലെ വലിയ പ്രവാചകന്മാരായ ജെറമിയാ, ഏശയ്യാ എന്നിവരുടെ സമകാലീനനായാണ് ക്രിസ്തുവിന് 600 സംവൽസരങ്ങൾക്കു മുൻപ് ശ്രീബുദ്ധൻ ഇന്ത്യയിൽ ജനിച്ചത്. സ്നേഹം കരുണയുടെയും മൈത്രിയുടെയും സമ്മേളനമായി ബുദ്ധൻ കണ്ടു. കരുണാദ്രമായ ഹൃദയം അപരനിലേക്ക് ഒഴുകുന്ന സ്വാർത്ഥരഹിതമായ

നല്ല മനസ്സാണ്. ഈ മനസ്സ് അപരനിൽ ലയിക്കുകയും കരുണ മൈത്രിയായി വിടരുകയും ചെയ്യുന്നു. പക്ഷേ, ഇതു സാധിക്കണമെങ്കിൽ മനുഷ്യർ സ്വാർത്ഥരഹിതരും തൃഷ്ണ വിമുക്തരും ആയിരിക്കണം. സ്നേഹത്തിനു വിരുദ്ധമായി നില്ക്കുന്ന മഹാപ്രവണതയായി ബുദ്ധൻ കണ്ടത് തൃഷ്ണയാണ്. തൃഷ്ണയെന്നാൽ അടക്കാനാവാത്ത ആഗ്രഹം അഥവാ അഭിനിവേശം എന്നാണ് മനസ്സിലാക്കേണ്ടത്. ഈ തൃഷ്ണ സ്വാർത്ഥതയുടെ വഴിയിലൂടെ നമ്മെ വലിച്ചിഴയ്ക്കുന്നു. അതുകൊണ്ട് തൃഷ്ണയെ അതിജീവിച്ച്, ആഗ്രഹവിമുക്തരായി സ്വാർത്ഥരഹിതരായ വർക്കേ സ്നേഹത്തിന്റെ പന്ഥാവിലൂടെ മുന്നോട്ടു പോകാൻ സാധ്യതയുള്ളൂ എന്ന് ബുദ്ധൻ പഠിപ്പിച്ചു. നിഷ്കാമരായി എല്ലാ ബന്ധനങ്ങളിലും നിന്നു വിമുക്തരായി വേണം സ്നേഹത്തിന്റെ പർവതാരോഹണത്തിനു തുനിയാൻ എന്നു സാരം. ബുദ്ധന്റെ പഠനം ഏഷ്യയിൽ ഒട്ടാകെ വലിയ കോളിളക്കവും വ്യതിയാനവും ഉണ്ടാക്കി. ദൈവത്തെക്കുറിച്ച് നിശ്ശബ്ദതപാലിച്ചെങ്കിലും നിരന്തരമായ ധ്യാനത്തിലും അഗാധമായ ആത്മാന്വേഷണത്തിലും വിശ്വസിച്ച് സാക്ഷാത്കാരത്തിനു പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ബുദ്ധമതം. ആഗ്രഹവിമുക്തയായ, ശാന്തിനിർലീനയായ സ്ഥിതപ്രജ്ഞയുടെ രൂപമാണ് സ്നേഹത്തിന്റെ ഈ കൊടുമുടി ഉയർത്തുന്ന വെല്ലുവിളി.

ബുദ്ധന്റെ കാലശേഷം ക്രിസ്തുവിന്റെ ആഗമനത്തിനു മുൻപ് ഭാരതം ലോകത്തിനു കാഴ്ചവച്ച ഒരു വിശ്വോത്തരഗ്രന്ഥമാണ് ശ്രീമദ്ഭഗവദ്ഗീത. പ്രതീകാത്മകരൂപത്തിൽ ദൈവവും ആത്മാവുമായുള്ള വളരെ വ്യക്തിപരമായ ഒരു സംഭാഷണമാണിത്. സ്നേഹം അതിന്റെ പരിപുഷ്ടി പ്രകാശിപ്പിക്കണമെങ്കിൽ നമ്മുടെ ആന്തരിക ശത്രുക്കളായ രാഗഭയക്രോധങ്ങളിൽ നിന്നു നാം വിമുക്തമാകണം (ഗീത 2:56). രാഗം അഥവാ അഭിവാഞ്ഛ ഭയത്തെ ഉത്പാദിപ്പിക്കുന്നു. എനിക്ക് ഇഷ്ടപ്പെട്ട സാധനം നഷ്ടപ്പെട്ടാലോ എന്ന പേടിയാണ് ഭയം. ആഗ്രഹമില്ലെങ്കിൽ ഭയത്തിനു സ്ഥാനമില്ലെന്നു സാരം. ഭയം ക്രോധത്തെ ഉത്പാദിപ്പിക്കുന്നു. അഥവാ ഭയം ക്രോധമായി മാറുന്നു. എനിക്ക് ഇഷ്ടപ്പെട്ട സാധനം, എന്റെ ആഗ്രഹത്തിനെതിരേ, അന്യൻ കരസ്ഥമാക്കുമ്പോൾ എനിക്ക് അയാളോട് ദ്വേഷ്യം തോന്നുന്നു. കാമം ക്രോധമായി മാറുന്നു എന്നു സാരം. സ്നേഹ പർവതാരോഹണത്തിന് യഥാർത്ഥ വിലങ്ങുതടികളായി നിൽക്കുന്ന മൂന്നേ മൂന്ന് ശത്രുക്കളേ നമുക്കുള്ളു. അവ മൂന്നും നമ്മുടെ ഉള്ളിൽ നിന്നുതന്നെ ഉയരുന്ന ശത്രുക്കളാണ്. അവയാണ് രാഗം, ഭയം, ക്രോധം. അതായത്

സംയമനാതീതമായ അത്യാഗ്രഹം, ആഗ്രഹം സാധിക്കുന്നതിന് മാർഗ്ഗതടസ്സങ്ങൾ ഉണ്ടാകുമെന്ന ഭീതി, സാധിക്കാതെയാകുമ്പോൾ അനുഭവപ്പെടുന്ന വൈകാരിക കോളിളക്കവും ശമിക്കാത്ത ദേഷ്യവും. ഈ മൂന്ന് ശത്രുക്കളേ നമുക്കുള്ളു. അതായത്: അത്യാഗ്രഹം, ഭീതി, ദേഷ്യം അഥവാ രാഗം, ഭയം, ക്രോധം. നമ്മൾ ഇവയെ തന്നെയാണ് നേരിടേണ്ടത്. നമ്മുടെ ഉള്ളിൽനിന്നു വരുന്ന ആശാപാശങ്ങളായ ഈദൃശപ്രവണതകളായ ഈ ശത്രുക്കളെ, നമ്മൾ തന്നെ വ്യക്തി പരമായി നേരിട്ട് സംയമനം ചെയ്തിട്ടുവേണം സ്നേഹ പർവ്വതത്തിന്റെ ഉന്നതങ്ങളായ ഗിരിശൃംഗത്തിലേക്കു കയറാൻ. അത്യാഗ്രഹിക്ക് അപരനെ വേണ്ടവിധം സ്നേഹിക്കാൻ സാധിക്കുകയില്ല. കാരണം സ്വാർത്ഥതയാണ് അവന്റെ ചിന്തയെ നയിക്കുന്നത്. വിഹ്വലനായ വ്യക്തിക്കും സ്നേഹം ആവശ്യപ്പെടുന്ന ത്യാഗം വേണ്ടസമയത്തു ചെയ്യാൻ സാധിക്കുകയില്ല. കാരണം പേടിയും പിടിപ്പുകേടുമാണ് അവനെ നയിക്കുന്നത്.

വിദ്വേഷത്തിന്റെ അടിമയായ വ്യക്തിക്കും അപരന് സ്നേഹം പകരാൻ കഴിയുകയില്ല. കാരണം സ്നേഹത്തിനുവേണ്ടി ഉപയോഗിക്കാവുന്ന ആത്മശക്തിയുടെ ഒരു വലിയ ഭാഗം അദ്ദേഹം മറ്റുള്ളവരെ ദ്വേഷിക്കാനും അപലപിക്കാനുമായി ഉപയോഗിക്കുന്നു. അതുകൊണ്ടാണ് സ്നേഹിക്കാനാഗ്രഹിക്കുന്ന മനുഷ്യൻ, ആദ്ധ്യാത്മിക ജീവിതം നയിക്കാനുദ്ദേശിക്കുന്ന മനുഷ്യൻ, രാഗ, ഭയ, ക്രോധവിമുക്തനാകണമെന്ന് ഗീത ആവശ്യപ്പെടുന്നത്. ഈ ആവശ്യം എല്ലാ മതസ്ഥർക്കും ഒരുപോലെ സ്വീകാര്യമാണ്. ഇത് സ്നേഹത്തിനു തകുന്ന നല്ല പശ്ചാത്തലവുമാണ്. ഈ സ്നേഹം ജീവിതത്തിൽ സാക്ഷാൽകരിക്കപ്പെടണം. സ്നേഹം ജീവനും ജീവിതവുമാണ്. സ്നേഹം പങ്കുവച്ചുകൊണ്ടാണ് നാം എല്ലാവരും വളരുന്നതും വളരേണ്ടതും.

സ്നേഹത്തെക്കുറിച്ചുള്ള ലോകമനഃസാക്ഷി ഇത്രയും വളർന്നതിനു ശേഷമാണ് യേശുക്രിസ്തു ഭൂജാതനാകുന്നത്. പലസ്തീനായിലെ യഹൂദമതത്തിൽ വളർന്നു വന്ന യേശുവിനു സ്വന്തംമതത്തിലെ സ്നേഹപ്രമാണങ്ങളുടെ വികലതയും അവയുടെ അനുഷ്ഠാനങ്ങളിൽ കാണപ്പെട്ടിരുന്ന ഉപേക്ഷയും പോരായ്മയും തീരെ രസിച്ചില്ല. അതുകൊണ്ട് സ്നേഹത്തിന്റെ പുതിയ പ്രമാണം അവിടന്ന് അവതരിപ്പിച്ചു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം

സ്നേഹിക്കുവിൻ" (യോഹ. 13:35). ഇതായിരുന്നു ആ നവീന കൽപ്പന. സ്നേഹം പ്രവൃത്തികളിലൂടെ പ്രകടമാക്കപ്പെടണമെന്നു പറയുന്നതിന്റെ സാക്ഷാൽകാരരൂപമായിരുന്നു യേശുക്രിസ്തു. 2000 സംവൽസരങ്ങൾക്കു മുൻപ്, ലോകത്തിന്റേതായ പ്രൗഢിയോ ആർഭാടമോ ഒന്നുമില്ലാതെ, പിറക്കാൻ ഒരു ഇടം ലഭിക്കാതെ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഉടയവനായ യേശുനാഥൻ, സ്നേഹത്തിന്റെ അവതാരരൂപമായി ഒരു കാലിത്തൊഴുത്തിൽ ജനിച്ചു. സ്നേഹം സുഖമോ സൗകര്യമോ സ്തുതിയോ സ്ഥാനമോ ഒന്നുമല്ല ആഗ്രഹിക്കുന്നത് എന്നതിന്റെ ഒരു തെളിവുകൂടെയായിരുന്നു കാലിത്തൊഴുത്തിലെ ജനനം. ആരെ സ്നേഹിക്കുന്നുവോ അവരുടെ സമീപത്ത് സേവനസന്നദ്ധതയോടുകൂടെ ആയിരിക്കുവാനാണ് യഥാർത്ഥ സ്നേഹം പരമപ്രധാനമായി ആഗ്രഹിക്കുന്നത്. യേശു മനുഷ്യമക്കളോടുകൂടെ ആയിരിക്കുവാൻ ആഗ്രഹിച്ചു. അവർക്കുവേണ്ടി ജീവിക്കാനും മരിക്കാനുമായി സ്വർഗ്ഗത്തിൽനിന്നു ലോകത്തിലേക്ക് ഇറങ്ങിവന്നു. പിറക്കാൻ ഇടംകിട്ടാതെ ആർക്കും വേണ്ടാത്ത ഒരു പശുത്തൊഴുത്തിൽ ഭൂജാതനായി. സ്വയംശൂന്യവൽകരണത്തിലൂടെ മറ്റുള്ളവർക്ക് സമ്പൂർണ്ണമായ അസ്തിത്വവും ജീവിതവും നൽകാൻ ആഗ്രഹിക്കുന്ന ഒരു ഉത്തമ സ്നേഹിതന്റെ പ്രവർത്തന ശൈലിയുടെ ആമുഖമായിരുന്നു ആ ദിവ്യജനനം. തികഞ്ഞ ഇല്ലായ്മയിലും ദാരിദ്ര്യത്തിലും ജനിച്ച് ലൗകിക, വസ്തുക്കളോടുള്ള എല്ലാ ബന്ധനങ്ങളിൽനിന്നും നിത്യവിമുക്തനായി ജീവിച്ച്, എല്ലാവർക്കും സ്നേഹം പകരാൻ യേശുവിനു സാധിച്ചു. സ്നേഹം ആശയമോ ആഗ്രഹമോ അല്ല. പ്രത്യുത, സ്വയംത്യാഗവേദിയിലർപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ സാക്ഷാൽകാരമാണെന്ന് യേശു നമ്മെ പഠിപ്പിച്ചു. എല്ലാ പ്രമാണങ്ങളേയും സ്നേഹം എന്ന ഒറ്റവാക്കിൽ ഒതുക്കി നിർത്താൻ അവിടന്ന് പ്രയത്നിച്ചു. അത് സ്വന്തം ജീവിതത്തിലൂടെ നമുക്ക് അവിടുന്ന് കാണിച്ചു തന്നു.

യേശുവിന്റെ സ്നേഹശൈലിയിൽ ദൈവസ്നേഹവും പരസ്നേഹവും നന്നായി സമ്മേളിച്ചിരുന്നു. തന്റെ സ്നേഹപിതാവ് തനിക്കു തന്ന സഹോദരങ്ങളായി അവിടന്ന് എല്ലാ മനുഷ്യരെയും കണ്ടു. പിതാവ് തന്നെ സ്നേഹിക്കുന്നതുപോലെ എല്ലാവരെയും അകമഴിഞ്ഞ് സ്നേഹിച്ചു. വ്യവസ്ഥാരഹിതമായി സേവിച്ചു. അവസാനം അവർക്കുവേണ്ടി ജീവിതം ആഹുതി ചെയ്തു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" എന്നൊരു

പുതിയ കൽപ്പനയും തന്റെ ശിഷ്യന്മാർക്കു നൽകിക്കൊണ്ട്, അവരുടെ കാലുകൾ കഴുകി ചുംബിച്ച് അവിടുന്ന് ഈ ലോകത്തിൽ നിന്നു യാത്ര യായി. "ഞാൻ വീണ്ടും നിങ്ങളെ സ്വീകരിക്കുവാൻ വരുന്നതുവരെ, ലോകാവസാനത്തോളം നിങ്ങൾ സ്നേഹത്തിന്റെ ഈ പാഠം പഠിപ്പിക്കുകയും ജീവിക്കുകയും ലോകമെങ്ങും പരത്തുകയും ചെയ്യണ"മെന്ന് അവിടന്ന് അനുശാസിച്ചു.

യേശുനാഥൻ കാണിച്ചുതന്ന സ്നേഹത്തിന്റെ ഈ മനോഹര മാതൃക പിൻതുടരാൻ ക്രൈസ്തവരെല്ലാവരും ബാദ്ധ്യസ്ഥരാണ്. പക്ഷേ എല്ലാവരും അതിന് തുനിയുന്നില്ലെന്ന സത്യം നമ്മുടെ ഈ ലോക ജീവിതം നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്നാൽ യേശുവിന്റെ സ്നേഹാനു ശാസനം ശിരസ്സാവഹിച്ച്, മനസ്സിൽ സദാ നിനച്ച് ജീവിക്കാൻ ഇറങ്ങിപ്പുറപ്പെട്ട യേശുശിഷ്യരും ലോകത്തിൽ ധാരാളമുണ്ട്. അതിലെ ഒരുത്തമ വ്യക്തിയായാണ് ഈ ഗ്രന്ഥത്തിലെ യേശുശിഷ്യയെ വിഭാവനം ചെയ്തിട്ടുള്ളത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇവിടെ പറയുന്ന യേശുശിഷ്യ നാം ഒരോരുത്തരുമാണ്. യേശുവിനെ അതിയായി സ്നേഹിക്കുകയും അവിടത്തെ കാൽപ്പാടുകൾ കണിശമായി പിൻതുടരു കയും യേശുവിന്റെ സ്നേഹജീവിതം സ്വന്തം ജീവിതത്തിലേക്കു പകർത്തുകയും മറ്റുള്ളവരിലേക്കു വ്യാപിപ്പിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും ഈ യേശുശിഷ്യയാണ്. യേശു കയറിയ സ്നേഹത്തിന്റെ മഹാപർവതം കയറാൻ അവൾ ധീരതയോടെ തീരുമാനിച്ചു കഴിഞ്ഞു. ആ ആയോധനത്തിൽ തന്നെ ഒരുക്കണമെന്നും പരിരക്ഷിക്കണമെന്നും അവൾ യേശുനാഥനോട് പ്രാർത്ഥിക്കുന്നു.

സ്നേഹത്തിന് അളവുകളില്ല; അതിരുകളില്ല. സ്നേഹ വലയത്തിൽ നിന്ന് ആരെയും പുറത്താക്കുന്നുമില്ല. എല്ലാവരെയും ഉൾപ്പെടുത്തുകയും സ്നേഹിക്കുകയും വ്യവസ്ഥകളിലൂടെയും സ്ഥാപിതതാൽപര്യങ്ങളി ലൂടെയും സ്നേഹത്തെ സങ്കുചിതമാക്കാതിരിക്കുകയുംചെയ്യുന്നതാണ് യഥാർത്ഥ സ്നേഹത്തിന്റെ ഉത്തമ ലക്ഷണം. സ്നേഹം എപ്പോഴും പരോന്മുഖമാണ്; സ്വയോൻമുഖമല്ല. അപരനിലേക്കു ത്യാഗപൂർവം ഒഴുകുക എന്നതാണ് സ്നേഹത്തിന്റെ യഥാർത്ഥ സ്വഭാവം. ദൈവത്തെത്തേടി തന്നിലേക്കു തന്നെ തിരിയുന്ന വ്യക്തികൾ പരിമിതി യാർന്ന തന്റെ മനുഷ്യ വ്യക്തിത്വത്തിലേക്കല്ല തിരിയുന്നത്, പ്രത്യുത ആ പരിമിതിക്കുള്ളിൽ പള്ളികൊള്ളുന്ന അപരിമേയനായ ദൈവത്തി ലേക്കാണ്. സ്നേഹവിവശയായ യേശുശിഷ്യയെ സംബന്ധിച്ചിട

ത്തോളം ഇത് അവളുടെ ഹൃദയത്തിൽ വസിക്കുന്ന യേശുനാഥൻ തന്നെയാണ്. ഈ യേശുനാഥനെ എല്ലാവരിലും എല്ലാവസ്തുക്കളിലും കാണാൻ അവൾക്ക് കഴിയും. അവളുടെ ദൈവസ്നേഹം അപ്രതിഹത മായി, തടസ്സമില്ലാതെ എല്ലാവരിലേക്കും ഒഴുകുന്നു. ദൈവസ്നേഹം അങ്ങനെ ജീവിക്കുന്ന പരസ്നേഹമായും പ്രകൃതിസ്നേഹമായും ഒഴുകുന്നു. സർവഭൂതസ്ഥിതനും എന്നാൽ സർവഭൂതാതീതനും സർവ്വോ പരി മനുഷ്യചേതസ്സിൽ ആന്തരിക അവബോധമായി വസിക്കുന്നവനു മാണ് ദൈവം. ഈ ദൈവത്തെ കാണാനായി, അനുഭവിക്കാനായി മനുഷ്യ ചേതസ്സിന്റെ ഉള്ളറകളിലേക്ക് അവൾ ഇറങ്ങുകയും അതുപോലെതന്നെ മറ്റു മനുഷ്യരെത്തേടി പുറത്തുവരുകയും ചെയ്യുന്നു. എല്ലാവരിലും തന്റെ പ്രാണനാഥൻ വസിക്കുന്നതുകൊണ്ട് എല്ലാവരും പരിശുദ്ധവും പരിപാവനവുമായ സ്നേഹത്തിന്റെ വിഷയമാണ്. ഈ സ്നേഹം ഉടനടി സേവനമായി, സ്വയം സമർപ്പണ മായി രൂപംകൊള്ളുന്നു. ഈ സ്നേഹവലയത്തിൽ ശിഷ്ടനെയും ദുഷ്ടനെയും അവൾ ഒരുപോലെ സ്വീകരിക്കുന്നു. "നിങ്ങളുടെ സ്നേഹം സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ സ്നേഹം പോലെയായിരി ക്കട്ടെ. അവിടന്ന് ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും മഴപെയ്യിപ്പിക്കുകയും ചെയ്യുന്നു" (മത്താ.5:45). ഈ പ്രമാണമനുസരിച്ച് അവളുടെ സേവനവും സ്നേഹവും ശിഷ്ടദുഷ്ടഭേദ മെന്യേ എല്ലാവരിലേക്കും ചൊരിയുന്നു. അളവുകളും അതിരുകളും ഇല്ലാത്ത ദൈവസ്നേഹത്തിന്റെ മാനുഷിക രൂപമായി വിവേചനകളി ല്ലാത്ത, തരംതിരിവുകളില്ലാത്ത ഒരു വിശാല സ്നേഹമണ്ഡലമായി ലോകം ആയിത്തീരണമെന്നാണ് ദൈവഹിതം.

വിവേചനത്തിനു വിധേയരായ വ്യക്തികളോട് യേശുവിന് ഒരു പ്രത്യേക താൽപര്യമുണ്ടായിരുന്നു. ചുങ്കക്കാരോടും വേശ്യകളോടും അവിടുത്തേക്കുള്ള കരുണാർദ്രമായ അനുഭാവത്തിന്റെ കാരണം ഇതാണ്. അവർ ദരിദ്രരോ രോഗികളോ അല്ലായിരുന്നു. പക്ഷേ സമുദായം അവർക്കുനേരേ ഭ്രഷ്ട് കൽപ്പിച്ചിരുന്നു. ഈ വിവേചനമനഃസ്ഥിതി യേശുവിന് സ്വീകാര്യമല്ലായിരുന്നു. വിവേചനത്തിന്റെ വേദന വെറും ദാരിദ്ര്യത്തിന്റെ വേദനയെക്കാൾ കഠിനവും അഗാധ സ്പർശിയുമാണ്. സമുദായഭ്രഷ്ട് ഉള്ളവരാണെങ്കിലും കല്ലെറിഞ്ഞ് കൊല്ലപ്പെടേണ്ട വേശ്യയിലും തന്നെ ഒരു നോക്ക് കാണാൻ കൊതിച്ച ഹ്രസ്വകായനായ ചുങ്കക്കാരൻ സക്കേവൂസിലും മനസ്സലിഞ്ഞ് യേശു അവരെ രക്ഷിക്കുന്നതായി നാം കാണുന്നുണ്ട്. സമുദായം പുച്ഛിച്ച്തള്ളുകയും

അസ്പൃശ്യരായി കരുതുകയും ചെയ്ത ഈ കൂട്ടരോടുള്ള യേശുവിന്റെ സമീപനരീതി സമുദായ പ്രമാണികളിൽ പലർക്കും രസിച്ചില്ല. മതാത്മകതയുടെ വക്താക്കളും പരിപോഷകരുമെന്ന് സ്വയം അഭിമാനിക്കുന്ന അവരോട് യേശു ഒരു ഉപമ അരുൾചെയ്തു. ഇതാണ് നല്ല ശമാറായക്കാരന്റെ ഉപമ. ഈ ഉപമയിലൂടെ യഥാർത്ഥ സ്നേഹം എന്താണെന്നും ആരിലാണെന്നും യേശു പഠിപ്പിക്കുന്നു. അപകടത്തിൽപ്പെട്ട് അർദ്ധപ്രാണനായി മരിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയുടെ അടുക്കലൂടെ സമുദായത്തിന്റെ മേൽകോയ്മയിലുള്ള ഒരു പുരോഹിതനും ഒരു ലേവായനും (പുരോഹിത ഗോത്രത്തിൽപ്പെട്ടവൻ) കടന്നു പോകുന്നു. അവർ ഈ പീഡിതവ്യക്തിയെ കണ്ടെങ്കിലും അവർക്ക് മനസ്സലിഞ്ഞില്ല, വേഗം കടന്നുപോയി. എന്നാൽ സമുദായത്തിന് അസ്വീകാര്യനും അസ്പൃശ്യനുമായ ഒരു സമരിയാക്കാരൻ ആ വഴിക്കു വരുന്നു. അപകടത്തിൽപ്പെട്ട വ്യക്തിയെ കാണുന്നു. അവനിൽ മനസ്സലിഞ്ഞ് അയാൾ അവനെ എടുത്ത് സ്വന്തം കഴുതയുടെമേൽ വച്ച് സത്രത്തിൽ കൊണ്ടുചെന്ന് വേണ്ട പണം കൊടുത്ത് അയാളെ പരിരക്ഷിക്കുന്നു. ആരാണ് ഈ മൂന്നു പേരിൽ നല്ല അയൽക്കാരൻ എന്ന് യേശു ചോദിക്കുന്നു. അവനോട് സ്നേഹം കാണിച്ചവൻ എന്ന് മറുപടിയും ലഭിക്കുന്നു. "നിങ്ങളും പോയി ഇതു പോലെ ചെയ്യുവിൻ" (ലൂക്കാ 10:25-37) എന്നു പറഞ്ഞുകൊണ്ട് യേശു കഥ പൂർത്തിയാക്കുന്നു. ഈ ഉപമ പറയുവാൻ കാരണം ഏറ്റവും വലിയ നിയമം എന്താണ് എന്നുള്ള ഒരു ചോദ്യമായിരുന്നു. ചോദ്യകർത്താവ് ഒരു നിയമജ്ഞൻ ആയിരുന്നതുകൊണ്ട് യേശു ആ ചോദ്യത്തിന് നേരിട്ട് മറുപടി പറഞ്ഞില്ല. മറിച്ച് 'നീ നിയമത്തിൽ എന്ത് പഠിച്ചിട്ടുണ്ട്' എന്നു ചോദിച്ചു. നിയമജ്ഞൻ ശരിയായി ഉത്തരം പറഞ്ഞു: "നീ നിന്റെ സർവശക്തിയോടും മനസ്സോടും ആത്മാവോടും കൂടെ നിന്റെ സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കുക. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും" (ലൂക്കാ 10:27). യേശു പറഞ്ഞു; "നീ ശരിയായി ഉത്തരം പറഞ്ഞു. നീ സ്വർഗ്ഗരാജ്യത്തിൽ നിന്ന് അകന്നവനല്ല. നീയും പോയി ഇതുപലെ ചെയ്യുക." ഉത്തരം അറിയാവുന്ന ചോദ്യം ചോദിച്ചതിലുണ്ടായ ജാള്യം തീർക്കാനായായിരിക്കാം നിയമജ്ഞൻ വീണ്ടും ചോദിച്ചു: "എന്റെ അയൽക്കാരൻ ആരാണ്?" അതിന് മറുപടി ആയാണ് യേശു നല്ല സമറായക്കാരന്റെ ഉപമ പറഞ്ഞത്. ആദ്യ ചോദ്യത്തിന് ശരിയായ ഉത്തരം പറഞ്ഞപ്പോൾ നീ അതുപോലെ ചെയ്യുക എന്നു പറഞ്ഞ യേശു അവസാന ചോദ്യത്തിന് നിയമജ്ഞൻ

ഉത്തരം പറഞ്ഞപ്പോൾ വീണ്ടും അതേ വാക്കുകളിൽ തന്റെ ദൗത്യം സ്ഥിരീകരിച്ചു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37). സ്നേഹം ആഗ്രഹമോ ആശയമോ അല്ല. മറിച്ച് അനുവർത്തനവും സാക്ഷാൽകാരവുമാണ്. സ്നേഹത്തെക്കുറിച്ചുള്ള അറിവും ആശയങ്ങളും മനോതലത്തിൽ നിന്ന് ഹൃദയതലത്തിലേക്ക് ഇറങ്ങി, അറിവിന്റെ അഗാധതയോടും ഹൃദയത്തിന്റെ വികാര തീവ്രതയോടും കൂടെ പ്രവൃത്തിപഥത്തിൽ എത്തുമ്പോഴേ സ്നേഹം യാഥാർത്ഥീകരിക്കപ്പെടുന്നുള്ളൂ.

അതുകൊണ്ടാണ് വീണ്ടും വീണ്ടും യേശുനാഥൻ സ്നേഹത്തെ പ്രവൃത്തികളുമായി ബന്ധിപ്പിക്കുന്നത്. പ്രവൃത്തിയെന്നു പറയുമ്പോൾ അത് സാമൂഹികോൽക്കർഷത്തിനു വേണ്ടിയുള്ള മാനുഷിക പ്രവർത്തനങ്ങൾ മാത്രമായി കരുതരുത്. സ്വന്തം ജനത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള ഉൽകൃഷ്ടമായ പ്രാർത്ഥനയും പരിത്യാഗവും താപസജീവിതവും സ്നേഹത്തിന്റെ പ്രവർത്തനങ്ങൾ തന്നെയാണ്. സർവസംഗപരിത്യാഗികളായി വലിയ മനസ്സോടും എളിയ ജീവിതശൈലിയോടും കൂടെ ഭിക്ഷുക്കളെപ്പോലെ ജീവിക്കുന്ന നിരവധി സന്ന്യാസികൾ ഇന്നും ഭാരതത്തിലുണ്ട്. ഇവർ മനുഷ്യർക്ക് എന്തു സേവനം ചെയ്യുന്നു എന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ ഇവരുടെ സേവനം നിസ്സീമവും നിരുപമേയവുമാണെന്ന് ഭാരതത്തിലെ ഭക്തരായ സാധാരണ ഗ്രമീണജനങ്ങൾക്ക് നല്ലപോലെ അറിയാം. അവർ ഈ പരിവ്രാജകരെ പരിരക്ഷിക്കാൻ ഇന്നും ഉൽസുകരാണ്. സാധാരണക്കാരായ ഈ ജനങ്ങൾക്ക് അറിവും ആശ്വാസവും പകർന്നു കൊണ്ട് ആർഭാട രഹിതരായി, ഉടമകൾ ഉപേക്ഷിച്ച ഉൺമയുടെ മനുഷ്യരായി, സൗമ്യരായി ഈ സാധുസന്ന്യാസികൾ കടന്നുപോകുന്നു. അവരുടെ ഹൃദയം സ്നേഹസമ്പന്നമാണ്. ആ സ്നേഹം അവരുടെ വാക്കുകളിലൂടെയും എളിയ പ്രവർത്തനങ്ങളിലൂടെയും ഒഴുകുന്നു. അവരുടെ സാന്നിദ്ധ്യവും സ്നേഹമസൃണമായ സംഭാഷണവും ഗ്രാമീണർ വലിയ മുതൽക്കൂട്ടായി കരുതുന്നു. അവരുടെ സന്നിധി പുൽകുവാനാഗ്രഹിക്കുന്നു. ഒരു കാലത്ത് ദൈവത്തിന്റെ സ്നേഹം പകർന്നുകൊണ്ട് യേശുനാഥൻ കടന്നു പോയതുപോലെ ഇവരിൽ പലരും കടന്നുപോകുന്നു. സ്നേഹം പ്രവൃത്തിയിലൂടെ സാക്ഷാൽകരിക്കുന്നതിന് പല രൂപങ്ങളും ഭാവങ്ങളുമുണ്ട്. അതിലൊന്നാണ് നല്ല സമറായക്കാരൻ ചെയ്തത്. മറ്റൊന്നാണ് പണമില്ലെങ്കിലും സ്നേഹം നിറഞ്ഞ ഹൃദയമുള്ള പരിവ്രാചകരുടെ

സമീപന രീതി. ഇരുവരും സ്വാർത്ഥരഹിതരാണെങ്കിൽ മാത്രമേ സ്നേഹത്തിന്റെ അവതാരരൂപങ്ങളായി മാറുകയുള്ളു. സ്നേഹം സർവപ്രധാനമായി സാന്നിധ്യത്തിലൂടെയാണ് കൊടുക്കപ്പെടുന്നത്. രോഗിയായ ഒരു വ്യക്തിക്ക് ചികിൽസയ്ക്കുവേണ്ട പണം നൽകുന്നത് സ്നേഹത്തിന്റെ പ്രവർത്തനമാണ്. എന്നാൽ പണമില്ലാത്ത ഭിക്ഷു രോഗിയുടെ മുറിവ് കഴുകി വൃത്തിയാക്കി കെട്ടികൊടുക്കുന്നതും തന്റെ ശരീരംകൊണ്ടും സാന്നിധ്യംകൊണ്ടും ചെയ്യാവുന്നതെല്ലാം ചെയ്തുകൊടുക്കുന്നതും സ്നേഹത്തിന്റെ വലിയ പ്രവർത്തനമാണ്. നാം എവിടെയായിരിക്കുന്നുവോ അവിടെ നമുക്ക് തൊട്ടടുത്തുള്ള വ്യക്തിക്ക് (അയൽക്കാരന്) നമ്മളാൽ സാധിക്കുന്ന സേവനം ചെയ്യുക. ഇതാണ് സ്നേഹത്തിന്റെ ആദ്യപ്രമാണവും അന്തിമശൈലിയും. അങ്ങനെ സ്നേഹം എന്നും എവിടെയും ക്രിയാത്മകമായിരിക്കും; സ്വന്തം സത്തയിൽ നിന്നൊഴുകുന്ന സ്വാഭാവിക പ്രവർത്തനവുമായിരിക്കും. "നീയും പോയി ഇതുപോലെ ചെയ്യുക" എന്ന യേശു നാഥന്റെ അനുശാസനം നമ്മുടെ മനസ്സിൽ തിളങ്ങിനിൽക്കട്ടെ.

സ്നേഹം സേവനമായി മാറുമ്പോൾ അത് എത്രത്തോളം പോകണം എന്ന ഒരു ചോദ്യം ഇവിടെ ഉയരാൻ പാടുണ്ട്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്നു പറഞ്ഞ യേശുനാഥൻ ഇതിന് ഒരു അതിര് കൽപ്പിച്ചതായി നാം കാണുന്നില്ല. വേണ്ടിവന്നാൽ സ്വന്തം ജീവൻ സമർപ്പിച്ചും സ്നേഹം സാക്ഷാൽകരിക്കപ്പെടണം എന്നാണ് യേശുവിന്റെ അഭിമതം. "അപരനുവേണ്ടി സ്വന്തം ജീവനെ കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ. 15:13) എന്ന് അവിടന്ന് അരുൾചെയ്തിട്ടുണ്ട്. നമ്മുടെ ജീവൻ അപരനുവേണ്ടി ആഹുതി ചെയ്യപ്പെടുന്നതിൽ നമുക്കു സന്തോഷിക്കാൻ കഴിയണമെന്ന് യേശു ഇതിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇതിന്റെ മകുടോദാഹരണമാണ് മാക്സ്മില്യൻ കോൾബെ എന്ന ഫ്രാൻസിസ്കൻ സന്ന്യാസി. ജർമ്മനിയിലെ നാസി തടങ്കൽ പാളയത്തിൽ (Concentration camp) കഴിഞ്ഞിരുന്ന ബന്ദികൾക്ക് സ്വാതന്ത്ര്യമോ പൗരാവകാശമോ ഉണ്ടായിരുന്നില്ല. നാസിമേധാവികളുടെ ഇച്ഛാനുസരണം അവർ ദാരുണമായി കൊല്ലപ്പെട്ടിരുന്നു. അങ്ങനെ കൊലയ്ക്ക് വിധിക്കപ്പെട്ട കുടുംബസ്ഥനും കുട്ടികളുടെ പിതാവുമായ ഒരു അയൽക്കാരന്റെ, മറെറാരു ജയിൽ പുള്ളിയായ കൂടപ്പിറപ്പിന്റെ കരച്ചിൽ കേട്ട് മനസ്സലിഞ്ഞ് മാക്സ്മില്യനച്ചൻ അയാൾക്കു പകരം സ്വന്തംജീവൻ നൽകാൻ തയ്യാറാകുന്നു. അധികാരികൾ അതിന്

സമ്മതിക്കുകയും കുട്ടികളുള്ള കുടുംബനാഥനെ ശിക്ഷയിൽനിന്ന് മാററുകയും പകരം മാക്സ്മില്യനെ കൊലയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. വിഷവായു നിറഞ്ഞ ചെറിയ മുറിയിൽ അടച്ചിട്ടുകൊണ്ട് ഇവരെ കൊന്നുകൊണ്ടിരുന്നപ്പോൾ തന്റെറ കൂടെ മരിച്ചിരുന്നവർക്ക് ജീവനുള്ളിടത്തോളം നേരം ആശ്വാസവും സാന്ത്വനവും പകരുന്നതിന് അദ്ദേഹത്തിനു സാധിച്ചു. സ്നേഹത്തിന്റെറ സന്നിധാനം ഇവിടെ വളരെ വലുതും വിശ്വോത്തരവുമായിരുന്നു. നാസികളുടെ അക്രമത്തിനും ഭരണത്തിനും വിധേയമായ പോളണ്ടിൽ നിന്നുള്ളവനും നാസി തുറങ്കൽ പാളയത്തിലെ വിവിധാരിഷ്ടതകളെക്കുറിച്ച് നന്നായി അറിയാവുന്നവനുമായ മുൻ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ ഈ മാക്സ്മില്യനച്ചനെ വിശുദ്ധപദവിയിലേക്ക് ഉയർത്തിയതായി പ്രഖ്യാപിച്ചു. സ്നേഹത്തിനായി സ്വന്തം ജീവൻ കൊടുക്കുന്നത് ഇന്നും നടക്കുന്നുണ്ടെന്നതിന്റെറ തെളിവാണ് ക്രിസ്തുശിഷ്യനായ വിശുദ്ധ മാക്സ്മില്യൻ.

ഫ്രാൻസിസ്കൻ സന്ന്യാസിയായ മാക്സ്മില്യൻ ജീവിതം കൊടുത്തത് ഒരു അയൽക്കാരനുവേണ്ടിയായിരുന്നു. ഈ അയൽക്കാരൻ ബന്ധുവോ ഉററസ്നേഹിതനോ അല്ലായിരുന്നുവെങ്കിലും ഒരു ശത്രുവല്ലായിരുന്നു. ക്രിസ്തീയ സ്നേഹത്തിന്റെറ പരമകാഷ്ഠ നാം ദർശിക്കുന്നത് ശത്രുവിനുവേണ്ടിപ്പോലും ജീവൻ കൊടുക്കാനുള്ള സന്നദ്ധതയിലാണ്. സ്നേഹവലയത്തിൽ നിന്ന് ആരേയും നാം മാററി നിറുത്തുന്നില്ലെന്ന് സമാന്യമായി പറഞ്ഞുകഴിഞ്ഞു. എന്നാൽ അതിൽ ശത്രുക്കളെ ഉൾപ്പെടുത്തുന്നുണ്ട് എന്ന് അപ്പോൾ എടുത്തു പറഞ്ഞിട്ടില്ല. സ്നേഹപർവതത്തിന്റെറ ആദ്യ കൊടിമുടികൾ സ്നേഹത്തിന്റെറ സ്വഭാവവും ചൈതന്യവും മാറിമാറി നമ്മെ കാണിച്ചുതരുന്നു. കൂടുതൽ വിഷമവും കൂടുതൽ ത്യാഗവും ആവശ്യപ്പെടുന്ന ഉന്നതശൃംഗങ്ങളിലേക്കുള്ള യാത്രയുടെ ഒരുക്കമായിരുന്നു താഴെയുള്ള ഒരോ കൊടുമുടിയും. മേലോട്ട് കയറുംതോറും കൂടുതൽ ആയോധനവും തപസ്യയും ത്യാഗസന്നദ്ധതയും ആവശ്യമാണ്. അങ്ങിനെ അവസാനം നാം വന്നു നിൽക്കുന്നത് ശത്രുസ്നേഹത്തിന്റെറ ഈ കൊടുമുടിയിലാണ്. എനിക്ക് അഭിമുഖീഭവിക്കുന്ന വ്യക്തി എന്നെ വേദനിപ്പിക്കുന്നവനായാലും നിഷേധിക്കുന്നവനായാലും അപലപിക്കുന്നവനായാലും എന്റെറ ശത്രുവായാലും ഞാൻ അദ്ദേഹത്തെ സ്നേഹിക്കും. എന്റെറ സ്നേഹം ഞാൻ പ്രവൃത്തിയിലൂടെ കാണിക്കും. മാത്രമല്ല എന്നെ വേദനിപ്പിച്ച ഈ വ്യക്തിക്കുവേണ്ടി ഞാൻ മരിക്കുകയും ചെയ്യുമെന്നുള്ള ധീരതീരുമാന

മാണ് സ്നേഹത്തെ സർവ്വസംഗസ്വതന്ത്രമാക്കുന്നത്. സർവ്വബന്ധന വിമുക്തമാക്കുന്നത്.

സ്നേഹിതനുവേണ്ടി മരിക്കാൻ ഒരുപക്ഷേ ആരെങ്കിലും തുനിഞ്ഞേക്കാം. എന്നാൽ ശത്രുവിനുവേണ്ടി മരിക്കുകയെന്നത് അത്ര എളുപ്പമായി തോന്നാവുന്ന ഒരു കാര്യമല്ല. ജീവൻ സ്വതഃസിദ്ധമായി ശത്രുവിലേക്ക് ഒഴുക്കുന്നത് നമ്മുടെ സാധാരണ അനുഭവമല്ല. അതുകൊണ്ടു തന്നെ ശത്രുവിനു വേണ്ടി ജീവിതം കാഴ്ചവയ്ക്കുവാൻ നമുക്കു വിഷമം തോന്നും. ഈ വേദന അതിജീവിച്ച്, പാപംമൂലം ദൈവത്തിന്റെ ശത്രുത സമ്പാദിച്ച മനുഷ്യമക്കൾക്കുവേണ്ടി മരിക്കാൻ ഈ ലോകത്തിലേക്ക് ഇറങ്ങിവന്ന യേശുനാഥന്റെ മാതൃക മനസ്സിൽ നിനച്ച്, അതു സ്വന്തം ജീവിതത്തിൽ സാക്ഷാൽകരിക്കാനാണ് യേശു ശിഷ്യയും ശത്രുവിനുവേണ്ടി മരിക്കാൻ സന്നദ്ധയാകുന്നത്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന് യേശുനാഥന്റെ പുതിയ പ്രമാണം ശത്രുസ്നേഹത്തിന്റെ ഈ ഉത്തുംഗശൃംഗത്തിലേക്കു നമ്മെ നയിക്കുന്നു. ആശകളെല്ലാം സംഹരിച്ച്, ദിവ്യനാഥന്റെ ആശിഷംകൈവരിച്ച്, അവിടത്തെ മാതൃക സ്വന്ത ജീവിതത്തിൽ സാക്ഷാത്കരിച്ച്, ശത്രുവിനുവേണ്ടി മരിക്കുന്ന യേശുശിഷ്യ ധന്യയാണ്. അവളിൽ യേശുനാഥൻ അത്യധികമായി പ്രസാദിക്കുകയും ചെയ്യും. അതിനായി "എന്നെ ഒരുക്കൂ നീ" എന്നാണ് അവളുടെ പ്രാർത്ഥന: "ഉത്തുംഗശൃംഗം കയറിടാനും എന്നെ ഒരുക്കൂ നീ ജീവേശ്വരാ."

പാരിന്റെ സീമകൾ ഭേദിച്ചുയരാനും

സ്വർഗ്ഗത്തിൽ നിന്നുള്ള മനുഷ്യൻ സ്വർഗ്ഗത്തിന്റെയും ഭൂമിയിൽ നിന്നുള്ള മനുഷ്യൻ ഭൂമിയുടേതുമാണ് (യോഹ. 3:31). ആദ്യത്തെയും രണ്ടാമത്തെയും ആദത്തെക്കുറിച്ചുള്ള വിശുദ്ധ പൗലോസ്ശ്ലീഹായുടെ പ്രതിപാദനത്തിലും ഇതേ ആശയം നാം കാണുന്നുണ്ട് (1 കൊറി 15:47-49). ആദ്യത്തെ ആദത്തെ സൃഷ്ടിക്കാൻ ദൈവം ഭൂമിയിൽനിന്നു മണ്ണെടുത്ത് ഒരു ശരീരം മെനഞ്ഞെടുത്തു അതിൽ തന്റെ സ്വന്തം ജീവചൈതന്യമായ ആത്മാവിനെ നിക്ഷേപിക്കുകയും ചെയ്തു. അങ്ങനെ ആദ്യമനുഷ്യൻ ഭൂമിയിൽനിന്നുള്ള മണ്ണും സ്വർഗ്ഗത്തിൽ നിന്നുള്ള ആത്മാവും ചേർന്ന് ഒരു സചേതനവ്യക്തിയായി ലോകത്തിൽ

കാല് കുത്തി. ആദിമുതൽക്കേ ഉള്ളവനും അന്ത്യം എന്തെന്ന് അറിയാത്തവനുമായ പരമവചനം സമയത്തിന്റെ സമ്പൂർണതയിൽ മറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് രണ്ടാമത്തെ ആദമായി ഈ ലോകത്തിൽ ഭൂജാതനായി. ഈ രണ്ടു വ്യക്തികളെയും കുറിച്ചാണ് പൗലോസ്ശ്ലീഹാ ലോകത്തിൽനിന്നുള്ള വ്യക്തിയും സ്വർഗ്ഗത്തിൽ നിന്നുള്ള വ്യക്തിയും എന്നു പറയുന്നത്. ചുരുക്കത്തിൽ, ആദ്യ ആദത്തിന്റെ ആവിർഭാവം ലോകത്തിൽ നിന്നായിരുന്നു. അവനിൽ ദൈവികത ദാനമായി കൈവന്നതാണ്. രണ്ടാമത്തെ ആദമാകട്ടെ, സ്വയമേ ദൈവമാണ്. മാനവികത സ്വതന്ത്രമായി സ്വീകരിച്ചതാണ്. മണ്ണിൽനിന്നു വന്ന മനുഷ്യൻ മണ്ണിലേക്കു തിരിഞ്ഞിരിക്കുന്നതുപോലെ സ്വർഗ്ഗത്തിൽനിന്നുള്ള മനുഷ്യൻ സദാ സ്വർഗ്ഗോന്മുഖനാണ്. ഈ പശ്ചാത്തലത്തിലാണ് "പാരിന്റെ സീമകൾ ഭേദിച്ച് ഉയരാനും" എന്ന് യേശുശിഷ്യ പാടുന്നത്.

മനുഷ്യനിലെ മണ്ണും അവൻ വയ്ക്കപ്പെട്ട മണ്ണിൻപുറവുംകൂടി മനുഷ്യനുചുറ്റും ഒരുപാട് പരിമിതകൾ, സീമകൾ, അതിർത്തി വരമ്പുകൾ സൃഷ്ടിച്ചു. നമ്മൾ ആയിരിക്കുന്നതും വഹിക്കുന്നതുമായ ശരീരമാണ് ഈ അതിർത്തി വരമ്പുകളുടെ ആധാരം. ആത്മാവാകട്ടെ, അതിൽതന്നെ അസങ്കുചിതവും അപരിമേയതയിലേക്കു ഉൻമുഖ മായതുമാണ്. മനുഷ്യാത്മാവ്, അനന്തമാണെന്നോ ദൈവാത്മാവാ ണെന്നോ ഇവിടെ വിവക്ഷയില്ല. നേരേമറിച്ച് ദൈവോന്മുഖമാണെന്നും ദൈവികതയിൽ പങ്കുപറ്റുന്നതാണെന്നും ദൈവികതയുടെ പരിവേഷ മണിഞ്ഞ് ദൈവത്തെപ്പോലെ പ്രശോഭിതയാകാൻ വിളിക്കപ്പെട്ടതാ ണെന്നും നാം ധരിക്കണം. എങ്കിലും പരിമിതിയാർന്ന ശരീരത്തോടെ, ഭൂമിയിൽ മനുഷ്യവ്യക്തിയായി ജനിച്ചതോടെ, ശരീരവും ശരീരത്തിന്റെ ഉറവിടമായ ഭൂമിയും ഭൂമിയെ ഉൾക്കൊള്ളുന്ന പ്രപഞ്ചവും വിശ്വകടാഹവും മനുഷ്യനെ പരിമിതികളിലേക്കും നയിക്കുന്നു. എന്നാൽ അപരിമേയമായ, സീമാതീതമായ ദൈവികതയിൽ പങ്കുപറ്റുന്നതു കൊണ്ട്, ഉള്ളിന്റെ ഉള്ളിലെ അഗാധാവബോധത്തോടെ ആത്മാവ് സ്വർഗ്ഗോന്മുഖമായി ഉയരാനും പരിശ്രമിക്കുന്നു. ശരീരവും ഭൂമിയുംകൂടി മനുഷ്യനുചുറ്റും സൃഷ്ടിക്കുന്ന പരിമിതികൾ ഏവയെന്ന് നമുക്കി പ്പോൾ കാണാം.

മനുഷ്യന് അനുഭവപ്പെടുന്ന ആദ്യപരിമിതി രക്തത്തിന്റെതാണ്. നമ്മുടെ സിരകളിൽകൂടി ഒഴുകുന്ന രക്തം എവിടെനിന്നു വന്നു?

മാതാപിതാക്കൻമാരുടെയും അവർക്ക് രക്തം നൽകിയ പിതാമഹൻമാരുടെയും ഒരു താവഴി ചരിത്രം നാം അങ്ങനെ നിരത്തിവയ്ക്കുന്നു. രക്തബന്ധം മനുഷ്യർ തമ്മിലുള്ള ബന്ധത്തിൻെറ ഒരു പ്രധാന നിദാനവും മാനദണ്ഡവുമായി ഭവിക്കുന്നു. ഈ ബന്ധത്തിനു പുറത്തുള്ളവരെ നാം അന്യരായി കരുതുന്നു. ഈ മാനുഷിക യഥാർത്ഥ്യത്തിൻെറ ഒരു സത്യാംശമെങ്കിലും ആത്മാവിൻെറ ഉയർച്ചയ്ക്കോ വളർച്ചയ്ക്കോ വിലങ്ങുതടിയായി നിൽക്കുന്നതിന് ദൈവം ആഗ്രഹിക്കുന്നില്ല. രക്തബന്ധം എന്ന പരിമിതിയെ സത്യമായി അംഗീകരിക്കാനും എന്നാൽ അതേസമയം അതിനുപരിയായി ഉയരുവാനും നമുക്ക് സാധിക്കണം. ഈ ഉയർച്ചയ്ക്കും മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള വിശാലമന:സ്ഥിതിക്കും കർത്താവിൻെറ കാലത്ത് തന്നോടൊത്തു ജീവിച്ചിരുന്ന യഹൂദവംശം തയ്യാറായിരുന്നില്ല. തങ്ങൾ അബ്രാഹത്തിൻെറ മക്കളാണെന്നും തങ്ങളെ ആരും അടിമപ്പെടുത്തിയിട്ടില്ലെന്നും അവർ വീരവാദം മുഴക്കിക്കൊണ്ടിരുന്നു. എന്നാൽ അബ്രാഹത്തിൻെറയും താവഴി ചരിത്രത്തിൻെറയും സീമകൾക്ക് ഉപരിയായി ഉയരാൻ അവർക്ക് പ്രയാസമായിരുന്നു. ഈ മനോഭാവം യേശുവിന് രസിച്ചില്ല. ആയിരങ്ങളിൽനിന്ന് അബ്രാഹത്തെ തിരഞ്ഞെടുത്ത്, അദ്ദേഹവുമായി ഉടമ്പടി സൃഷ്ടിച്ച് ദൈവം ഒരു വംശപരമ്പരയെ ഒരുക്കിയെന്നത് സത്യമാണ്. എന്നാൽ ഈ തിരഞ്ഞെടുപ്പിൻെറയും ഒരുക്കത്തിൻെറയും ഉദ്ദേശ്യം ആ വംശത്തിൽ നിന്ന് ദൈവകുമാരൻ മനുഷ്യനായി പിറക്കാനും ലോകരക്ഷ സാധിക്കാനുമായിരുന്നു. ഈ രക്ഷാപദ്ധതിയിൽനിന്ന് ആരെയും ഒഴിവാക്കാൻ മനുഷ്യനായി പിറന്ന യേശുനാഥൻ ആഗ്രഹിച്ചില്ല. യഹൂദർ സർവപ്രധാനമായി കരുതിയിരുന്ന രക്തബന്ധത്തിനു പകരം അതിനുപരിയായ മനുഷ്യരക്തത്തിന്റേതല്ലാത്ത ഒരു ജന്മം ഉണ്ടെന്നും ആ രണ്ടാം ജന്മത്തോട് തട്ടിച്ചുനോക്കുമ്പോൾ രക്തബന്ധത്തിലൂടെയുള്ള ഈ ജന്മം വളരെ അപ്രധാനമാണെന്നും യേശു പഠിപ്പിച്ചു. ഈ രണ്ടാം ജന്മം പരിശുദ്ധാത്മാവിലുള്ള ഒരു ദൈവിക ജന്മമാണ്. ദൈവിക ജന്മത്തിൽ പങ്കുപറ്റി ദൈവികാവബോധം ഉള്ളിൽ നിറച്ച് ഒരു പുതിയ മനുഷ്യനായി, വ്യക്തിയായി മനുഷ്യൻ രണ്ടാമതും പിറക്കുന്നു. "നിങ്ങൾ വീണ്ടും ജലത്താലും പരിശുദ്ധാത്മാവിനാലും ജനിച്ചില്ലെങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (യോഹ. 3:3). വേദജ്ഞനായ നിക്കദേമൂസിന് ഇതൊരു പുതിയ പാഠമായിരുന്നു. രക്തബന്ധത്തിനും താവഴി ചരിത്രത്തിനും അതീതമായ

ഒരു ജന്മം ഉണ്ടെന്നും അതിലൂടെ എല്ലാവരും വളരെ ഉന്നതമായ രീതിയിൽ ബന്ധപ്പെടാൻ വിളിക്കപ്പെട്ടവരാണെന്നും അവിടുന്നു പഠിപ്പിച്ചു. രക്തബന്ധമെന്ന ആദ്യ സീമയെ അങ്ങനെ ആത്മാവ് അതി ജീവിക്കുന്നു.

ശരീരം നമുക്കു നൽകുന്ന മറെറാരു സീമയാണ് ദേശ പരിമിതി. നാം പിറന്ന ദേശവും അതിലെ സംസ്കാരാചാരങ്ങളും നാം ആദ്യമായി സംസാരിച്ച ഭാഷയും എല്ലാം നമുക്ക് പ്രിയങ്കരമാണ്. ദേശാഭിമാനം സാമാന്യമായി എല്ലാ മനുഷ്യനും ഉള്ളതാണ്. ദേശത്തിന്റേതും രാജ്യത്തിന്റേതും ആയ അൽപസ്വൽപ്പസ്വഭാവ വൈമ്മാന്യങ്ങളും മനുഷ്യരിൽ കാണാറുണ്ട്. പക്ഷേ വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാവരിലും വ്യാപിച്ചുകിടക്കുന്ന മനുഷ്യ പ്രകൃതിയിൽ പങ്കുപററുന്നവ രാണ് നാം. ഈ സർവലൗകിക മാനുഷികതയും അതിൽനിന്ന് ഉയരുന്ന സനാതന മൂല്യങ്ങളും ദേശപരിമിതിക്ക് അതീതമായി ഉയരാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആത്മാവ് ഈ പ്രേരണയെ സ്വീകരിക്കുകയും വളർത്തി യെടുക്കുകയും ദൈവികതയുടെ മംഗല്യം ചാർത്തി അതിനെ പരിശുദ്ധീ കരിക്കുകയും ചെയ്യുന്നു.

ദേശപരിമിതിയുടെ തുടർച്ചയായി നമുക്ക് അനുഭവപ്പെടുന്ന അതിർത്തിവരമ്പുകളാണ് ഭാഷയുടെയും സംസ്കാരത്തിന്റെയും സീമകൾ. ഭാഷയെചൊല്ലി നിരവധി വഴക്കുകൾ മനുഷ്യർ സൃഷ്ടി ക്കാറുണ്ട്. സാമ്രാജ്യാധിപത്യത്തിന്റെയും കൊളോണിയലിസ. ത്തിന്റെയും കാലങ്ങളിൽ സാമ്രാജ്യാധിപന്റെ ഭാഷ സാമന്ത രാഷ്ട്രങ്ങൾ സ്വന്തം ഭാഷയായി സ്വീകരിക്കാറുണ്ട്, അല്ലെങ്കിൽ അടിച്ചേൽപി ക്കാറുണ്ട്. ഭാഷ സ്ഥലകാലപരിതികൾക്കു വിധേയമാണ്. ആശയ വിനിമയത്തിന്റെ മാദ്ധ്യമമാണ് ഭാഷ. അതുകൊണ്ടു തന്നെ ഒരു സ്ഥലത്ത് അല്ലെങ്കിൽ ഒരു രാജ്യത്ത് ജീവിക്കുന്ന മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തിൽ നിന്നാണ് ഭാഷ സമുദ്ഗമിക്കുന്നത്.

ജീവിതത്തിന്റെ ആരംഭത്തിൽതന്നെ അമ്മിഞ്ഞയോടുകൂടെ നൽകപ്പെടുന്ന മാതൃഭാഷ എല്ലാവർക്കും പ്രിയംകരമാണ്. ആ ഭാഷയിലാണ് നമ്മുടെ ചിന്ത സ്വതഃസിദ്ധമായി വിടരുന്നതും അലരണിയുന്നതും. അതുകൊണ്ട് മാതൃഭാഷയെ, രാജ്യഭാഷയെ എല്ലാവരും സ്നേഹിക്കണം. എന്നാൽ ഇതര സ്ഥലത്ത് ഇതുപോലെ തന്നെ ജനിച്ചുവളർന്ന മനുഷ്യർ മറെറാരു ഭാഷയെ അവരുടെ

മാതൃഭാഷയായി വളർത്തിയെടുത്തിട്ടുണ്ട്. ഈ സത്യം നാം വിസ്മരിക്കരുത്. സ്വന്തം ഭാഷയെ സ്നേഹിക്കാനും അംഗീകരിക്കാനും വളർത്തിയെടുക്കാനും നമ്മൾ തയ്യാറാകുന്നതുപോലെ മറ്റുള്ളവരുടെ മാതൃഭാഷകൾക്ക് സ്വാതന്ത്ര്യം അനുവദിക്കാനും അംഗീകാരം നൽകാനും നാം തയ്യാറാകണം. നമ്മിലെ ശാരീരിക വശം സ്വന്തം നാട്ടിലേക്കും ദേശത്തിലേക്കും ഭാഷയിലേക്കും നമ്മെ വലിക്കുമ്പോൾ അത് അംഗീകരിച്ചുകൊണ്ടുതന്നെ അതിന് അതീതമായി ഉയരാനും ഇതര വ്യക്തികളുടെ സ്വാതന്ത്രം പരിരക്ഷിക്കാനുമുള്ള ആഗ്രഹത്താൽ ആത്മാവ് ഉയരുന്നു. ഈ രണ്ടു വശങ്ങളെയും സമഞ്ജസമായി സമ്മേളിപ്പിച്ച് സ്വന്തം ജീവിതശൈലി വാർത്തെടുക്കുന്ന യേശുശിഷ്യ, സ്വന്തം ഭാഷയെയും ഭാഷാസാഹിത്യത്തെയും സ്നേഹിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതോടൊപ്പം ഇതര വ്യക്തികളുടെ ഭാഷാപ്രേമത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. മാത്രമല്ല, സേവനത്തിന്റെ മണ്ഡലത്തിൽ പ്രവേശിക്കുമ്പോൾ താൻ സ്നേഹിക്കുന്ന അന്യജനത്തിന്റെ ഭാഷ ത്യാഗപൂർവം പഠിച്ച് അവരുടെ നന്മയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇതുവഴി ഇരുവരും അനുഗൃഹീതരാകുന്നു. അതായത് പുതിയ ഭാഷാപഠനത്തിലൂടെ മറ്റൊരു ഭാഷ നമുക്ക് കാഴ്ചവയ്ക്കുന്ന വിലയേറിയ സാഹിത്യനിധികൾ തുറക്കാനുള്ള താക്കോൽ യേശുശിഷ്യയ്ക്കു ലഭിക്കുന്നു. അതിലുപരി, ആ ഭാഷാപ്രാവീണ്യത്തിലൂടെ മറ്റൊരു ദേശത്തെ ജനങ്ങളെ സ്നേഹപൂർവം ഉൾക്കൊള്ളുന്നതിനു സാധിക്കും. നാടും വീടും വിട്ട് വളരെ അകലെയുള്ള ദേശാന്തരങ്ങളിലേക്കു വന്ന മിഷനറിമാർ, സ്ഥലത്തെ ഭാഷ പഠിച്ച്, അതിൽ പ്രാവീണ്യം പ്രാപിച്ച്, അന്യനാട്ടിലെ ജനങ്ങൾക്ക് വളരെവലിയ സേവനം കാഴ്ചവച്ചതായി നമുക്കറിയാം. ഇതു സാധിക്കുന്നത് സ്വന്തം ഭാഷയോട് സ്നേഹമുണ്ടെങ്കിലും അതു നിർമ്മിക്കുന്ന സീമകൾക്ക് അതീതമായി ഉയരാനും സേവനത്തിന്റെ മണ്ഡലം വിശ്വവിശാലമാക്കാനുമുള്ള മഹാമനസ്കതകൊണ്ടാണ്. അതുതന്നെയാണ് ആത്മാവ് ഇവിടെ ആഗ്രഹിക്കുന്നതും ആലപിക്കുന്നതും. "പാരിന്റെ സീമകൾ ഭേദിച്ചുയരാനും എന്നെയൊരുക്കൂ നീ ജീവേശ്വരാ."

പാരിന്റെ സീമകൾ നമുക്കു മുൻപിൽ കൊണ്ടുവരുന്ന മറ്റൊരു അതിർത്തിവരമ്പാണ് സംസ്കാരം. സംസ്കാരം അറിയപ്പെടുന്നതുതന്നെ ദേശീയസംസ്കാരം എന്ന ഒരു വിശേഷണത്തോടു കൂടെയാണ്. ഭാരതസംസ്കാരം, പാശ്ചാത്യസംസ്കാരം, പൗരസ്ത്യസംസ്കാരം

എന്നൊക്കെ നാം പറയുമ്പോൾ ഓരോ ദേശത്തിന്റെ പശ്ചാത്തലത്തിൽ സംസ്കാരത്തെ നിരൂപിക്കാനും, നിർവചിക്കാനും നാം പരിശ്രമിക്കുക യാണ്. സംസ്ക്കാരം അങ്ങനെ ദേശബദ്ധമാണ്. വലിയസാമ്രാജ്യ ശക്തികളിലൂടെയും മതാത്മക പ്രേരണകളിലൂടെയും ഒരു രാജ്യത്തെ സംസ്കാരം ഇതര രാഷ്ട്രങ്ങളിലേക്ക് കുറെയൊക്കെ പടരാനും വളരാനും സാധിച്ചിട്ടുണ്ട്. എങ്കിലും വളരെ വിശാലമായി കരുതപ്പെടുന്ന ഒരു സംസ്കാരത്തിനുള്ളിൽ (ഉദാഹരണം പാശ്ചാത്യസംസ്കാരം) നിരവധി ചെറുകിട സംസ്കാരങ്ങൾ ഉൾപ്പെടാൻ പാടുണ്ട്. ചില സമയത്ത് സ്വന്തം ദേശീയതയുടെ പേർ പറഞ്ഞ് അവ തലപൊക്കുകയും ചെയ്യും. ഈദൃശ സാഹചര്യങ്ങളിൽ നാം ദേശത്തിന്റെയും ചരിത്രത്തിന്റെയും യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് സംസ്കാരങ്ങളുടെ പരിമിതിയെ, ചരിത്രത്തിലൂടെയുള്ള വ്യതിയാനത്തെ, വേണ്ടതുപോലെ സ്വീകരിക്കു കയും അതിനുപരി ഉയരാനുള്ള ആത്മാവിന്റെ ആഗ്രഹത്തെ അംഗീ കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ആരും ഒരു ദേശത്തി ന്റെയോ സംസ്കാരത്തിന്റെയോ ആജീവനാന്ത അടിമകൾ അല്ല. എന്നാൽ എല്ലാവരും ഓരോ ദേശത്തിൽ പിറന്ന് സംസ്കാരത്തിൽ വളരുന്നവരാണ്.

സംസ്കാരം മനുഷ്യനിർമിതമാണ്. പരമ്പരാഗതമായി ഒരു നാട്ടിലെ ജനങ്ങൾ വിശ്വസിച്ചിരുന്ന മൂല്യങ്ങളും, സംരക്ഷിച്ചുകൊണ്ടിരുന്ന ജീവിതശൈലികളും പെരുമാറ്റരീതികളും ഉപയോഗിച്ചുകൊണ്ടിരുന്ന മാദ്ധ്യമഭാഷയും എല്ലാം സമ്മേളിച്ച് ആ ജനതതിയിൽ നിന്നുയരുന്ന ഒരു ജീവിതരീതിയാണ് സംസ്കാരം. നാടും ഭാഷയും എന്നതുപോലെ തന്നെ സംസ്കാരവും എല്ലാവർക്കും പ്രിയങ്കരമാണ്. സ്വന്തം സംസ്കാര ത്തിന്റെമേൽ കൈയേറ്റം നടത്തുന്ന ഇതര മഹാസംസ്കാരങ്ങളെ സാധാരണമായി മനുഷ്യർ ചെറുക്കും. സ്വന്തം നിലനിൽപ്പിന്റെ ഭയമാണ് ഇതിനു കാരണം. എന്നാൽ സംസ്കാരങ്ങൾക്ക്, വലുതും ചെറുതും എന്ന വ്യത്യാസം ഇല്ലാതെ, പലതും കൈമാറാൻ സാധിക്കും. അതിലൂടെ വളരാനും കഴിയും. അങ്ങനെ സ്വന്തം സംസ്കാരം കൈവിടാതെ, ഇതര സംസ്കാരത്തിനുനേരേ കണ്ണടയ്ക്കാതെ മുൻപോട്ടു പോകുകയാണ് കൂടുതൽ അഭികാമ്യം. യേശുശിഷ്യ ആഗ്രഹിക്കുന്നത് ഈ ആദർശ ധീരതയാണ്; സ്വയം അംഗീകരിക്കാനും എന്നാൽ സ്വന്തം പരിമിതിക്ക് അതീതമായി എന്നും ഉയരാനും.

സംസ്കാരവും വിശ്വാസവും നമ്മിൽ സമ്മേളിക്കുന്നതിന്റെ പരിണത ഫലമായാണ് കത്തോലിക്കാ സഭയിൽ പല റീത്തുകൾ ഉണ്ടാകുന്നത്. അഥവാ ഒരു റീത്തിലെ തന്നെ പ്രാദേശികസഭകൾ രൂപം കൊള്ളുന്നത്. തിരുസഭയുടെ ആദ്യകാലത്ത് ഓരോ രാജ്യത്തും വ്യക്തിപരമായ സഭകൾ രൂപംകൊണ്ടിരുന്നു. ഈ വ്യക്തിഗതസഭകൾ ഉത്ഭവിച്ചത് അവരുടെ ക്രൈസ്തവ വിശ്വാസത്തിന് അവർ സ്വതംസിദ്ധമായ രീതിയിൽ രൂപംകൊടുത്തപ്പോഴാണ്. സംഗീതം, സാഹിത്യം, കലാരൂപങ്ങൾ, പ്രതീകങ്ങൾ എന്നിവ കൂടിച്ചേർന്നാണ് നല്ല പ്രാർത്ഥനകളും ആരാധനാരീതികളും ഉയിർകൊള്ളുന്നത്. ഇവയെല്ലാം നമുക്കു നൽകുന്നത് നാട്ടിലെ സംസ്കാരമാണ്. മറ്റു മതങ്ങളുടെ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ വളർന്നുവന്ന സംസ്കാരത്തിൽ, ഒരു പക്ഷേ, ക്രൈസ്തവ വിശ്വാസത്തിന് അനുരൂപമല്ലാത്ത ഘടകങ്ങളും കാണാൻ പാടുണ്ട്. അവയെ ഉപേക്ഷിക്കാനും തിരുത്താനും നല്ലവയെ ഉൾക്കൊള്ളാനും കഴിവുള്ളതാണ് യഥാർത്ഥമായ മതാത്മകതയും വിശ്വാസവും. അങ്ങനെ വിശ്വാസവും സംസ്കാരവും തമ്മിലുള്ള സമ്മേളനം ഒരു ക്രിയാത്മക സംഗമമാണ്. അതിന്റെ ജീവധാര വിശ്വാസത്തിന്റെ ആന്തരിക നയനങ്ങൾ തുറക്കുന്ന പരിശുദ്ധാത്മാവു തന്നെയാണ്. പരിശുദ്ധാത്മാവാണ് അവബോധധാരയായി സംസ്കാര പാരമ്പര്യത്തിൽ പ്രവേശിച്ച് അതിനെ പരിശുദ്ധീകരിക്കുന്നതും, പരിപോഷിപ്പിക്കുന്നതും. ഓരോ നാടിന്റെയും സംസ്കാരം അതിനു ലഭിച്ചിട്ടുള്ള വലിയ മുതൽക്കൂട്ടാണ്. സ്ഥലത്തിനും സമയത്തിനും വിധേയമായ ഈ സംസ്കാരസമ്പത്തിലാണ് ഓരോ പ്രദേശികസഭയും ക്രിസ്തുവിന്റെ അവബോധവാഹിനിയായി ജനിക്കുന്നതും, വളരുന്നതും. അങ്ങനെ പ്രദേശികസഭകളും റീത്തുകളും സമുദ്ഭവിക്കുന്നു. വിവിധ റീത്തുകൾ തിരുസഭയെന്ന മഹാരഹസ്യത്തിന്റെ വിവിധ രീതിയിലുള്ള സൗന്ദര്യാവിഷ്കരണമായാണ് കത്തോലിക്കാസഭ കാണുന്നത്. അതുകൊണ്ടു തന്നെ സ്വന്തം റീത്തിന്റെ സവിശേഷത ആസ്വദിക്കാനും അതേ സമയം അതിന്റെ പരിമിതികളെക്കുറിച്ചു ബോധമതികളാകാനും നാം കടപ്പെട്ടവരാണ്. ഇതര റീത്തിലെ സൗന്ദര്യം ആസ്വദിക്കാനും അംഗീകരിക്കാനും ഉള്ള ഒരു തുറന്ന മനഃസ്ഥിതി നമ്മുക്ക് ആവശ്യമാണ്. "പാരിന്റെ സീമകൾ ഭേദിച്ചുയരാനും" എന്ന് യേശുശിഷ്യ ആലപിക്കുമ്പോൾ ലോകം സൃഷ്ടിക്കുന്ന എല്ലാ അതിർത്തിവരമ്പുകളെയും രക്തത്തിന്റെ, ദേശത്തിന്റെ, സംസ്കാരത്തിന്റെ, റീത്തുകളുടെ എന്നിവ അതീജിവിക്കാനും ദൈവോന്മുഖവും പരോന്മുഖവുമായി സദാ ഉയരാനും

അവൾ ആഗ്രഹിക്കുന്നു. യേശുനാഥനെ സ്നേഹിക്കാനാണ് അവൾ സദാ ആഗ്രഹിക്കുന്നത്. അവിടത്തെ പ്രാപിക്കുകയാണ് അവളുടെ ജീവിതാന്ത്യം. ഈ ആദ്ധ്യാത്മികയാത്രയിൽ രക്തബന്ധമോ രാജ്യഭക്തിയോ സംസ്കാരപ്രേമമോ സഭയുടെ പ്രദേശികത്വമോ ഒന്നും ഒരു വിലങ്ങുതടിയാകാൻ അവൾ ആഗ്രഹിക്കുന്നില്ല. എല്ലാറ്റിലും എല്ലാവരിലും യേശുവിനെ കാണാനും എല്ലാറ്റിനെയും സ്നേഹിക്കാനും എന്നാൽ തന്റെ സ്നേഹത്തിന്റെ പരമാന്ത്യമായ യേശുനാഥനിൽ വിലയം കൊള്ളാനും ആത്മാവ് അതിയായി ആഗ്രഹിക്കുന്നു. അതുകൊണ്ട് അവൾ സർവവും സ്നേഹിക്കുന്നു. അവളെ ബന്ധിച്ചുനിർത്തുവാൻ ഒന്നിനും സാധിക്കുകയില്ല. സർവബന്ധനവിമുക്തയായി ദൈവ സായുജ്യത്തിലേക്ക് അവൾ പറന്നുയരുന്നു.

അദ്ധ്യായം രണ്ട്

സമഭാവന

സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ
സന്തുഷ്ട ചിത്തയായ് ജീവിക്കാനും
മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

നിവേദിതയായ യേശുശിഷ്യ സ്ഥിതപ്രജ്ഞയാകാൻ വിളിക്കപ്പെട്ട വളാണ്. ജീവിതത്തിലെ അനുദിന സംഭവവികാസങ്ങളനുസരിച്ച് തകിടം മറിയാത്ത ധീരവ്യക്തിയാണ് സ്ഥിതപ്രജ്ഞ. സ്ഥിതമായപ്രജ്ഞയിൽ, ഉറച്ച മനോഭാവത്തിൽ നിലനിൽക്കാൻ കഴിവുള്ള വ്യക്തി എന്നു സാരം. നിവേദിത സാവധാനം ഈ പദ്ധതിയിലേക്ക് നടന്നുനീങ്ങുന്നു. യേശുപാദേയുള്ള നിത്യധ്യാനവും എങ്ങും എവിടെയും എല്ലാവരിലും എല്ലാ സംഭവങ്ങളിലുമുള്ള യേശുമുഖദർശനവും സ്ഥിതപ്രജ്ഞയുടെ ഈ സുസ്ഥിര മാനസിക അവസ്ഥയിലേക്ക് അവളെ എളുപ്പം നയിക്കുന്നു. ഇനിയുള്ള ഏതാനും ഈരടികൾ ഈ മനോഭാവത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

സൗഖ്യദുഃഖങ്ങളിലേക മനസ്സോടെ സന്തുഷ്ട ചിത്തയായ് ജീവിക്കാനും

നമ്മുടെ ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. സുഖങ്ങളിൽ നാം സന്തോഷിക്കുന്നു. ദുഃഖങ്ങളിൽ നാം വിഷമിക്കുന്നു. എന്നാൽ സുഖങ്ങളിൽ മതിമറക്കാതെയും ദുഃഖങ്ങളിൽ മനസ്സ് മടുക്കാതെയും രണ്ടും ദൈവകരങ്ങളിൽനിന്നുള്ള സംപൂജ്യ സമ്മത്തുകളായി സ്വീകരിക്കാൻ കഴിയുന്നത് വലിയ ആദ്ധ്യാത്മികതയുടെ ലക്ഷണമാണ്. സുഖത്തിലേക്കുള്ള പ്രവണത സ്വാഭാവികമാണ്. കൂടുതൽ കൂടുതൽ സുഖം കിട്ടണമെന്നും ആസ്വദിക്കണമെന്നും മനുഷ്യർ കാലക്രമേണ ആഗ്രഹിക്കുന്നു. സ്വന്തം സുഖത്തിനുവേണ്ടി വലിയ സംവിധാനങ്ങൾ

മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും...

കെട്ടിപ്പടുക്കുന്നു. ഇവയെല്ലാംതന്നെ ലൗകികവും പാദാർത്ഥികവും ആകാനാണ് കൂടുതൽ സാദ്ധ്യത. പദാർത്ഥത്തിന് സ്ഥായീഭാവം ഇല്ലാത്തതുകൊണ്ട്, എന്നും സ്വയം ശിഥിലീകരണത്തിലേക്ക് നീങ്ങുന്നതുകൊണ്ട്, ശാശ്വത സന്തോഷമോ സമാധാനമോ നമുക്കു നൽകുവാൻ അതിനു കഴിയുന്നില്ല. നമ്മൾ സമ്പാദിച്ച സാധനങ്ങൾ നമുക്ക് തൃപ്തിതരുമെന്ന് നാം വിചാരിക്കുമെങ്കിലും അതിലും വിശേഷമായ മേൽത്തരം വസ്തുക്കൾ അധികം താമസിയാതെ പുറത്തിറങ്ങുമ്പോൾ നമ്മുടെ സന്തോഷത്തിന്റെ മാറ്റ് കുറയുന്നു. ഒരു പുതിയ പ്രലോഭനത്തിന് നാം വിധേയരാകുന്നു. ലോകമാകട്ടെ, നമ്മുടെ പ്രവണതയെ നല്ലപോലെ മനസ്സിലാക്കി വിശേഷതരമായ പുതിയ പുതിയ സാമഗ്രികൾ കമ്പോളത്തിൽ കൊണ്ടുവന്നുകൊണ്ടിരിക്കും. അപാരമായ സംഖ്യ പരസ്യത്തിനു കൊടുത്തുകൊണ്ട് വ്യാപാരികൾ ടി.വി. യിലൂടെയും പത്രമാസികകളിലൂടെയും നമ്മെ സദാ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ വാഗ്ദാനം ഇതാണ്: നിങ്ങൾക്ക് കൂടുതൽ സുഖകരമായ ജീവിതം ഞങ്ങൾ നൽകുന്നു. നിങ്ങൾ ഞങ്ങളുടെ ഉത്പന്നങ്ങൾ വാങ്ങുക. ഇങ്ങനെ മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ലോകവിപണിയുമായി നമ്മുടെ സുഖത്തെ നാം ബന്ധിക്കുകയാണെങ്കിൽ നമ്മുടെ സുഖാനുഭൂതിയും സദാ മാറിമറിഞ്ഞുകൊണ്ടിരിക്കും. നമ്മുടെ സുഖത്തിന് സ്ഥായീഭാവം ഉണ്ടാകുകയില്ല. ഈ ദുരവസ്ഥ എങ്ങനെ പരിഹരിക്കാം എന്നു വിചാരിച്ചാണ് ആദ്ധ്യാത്മിക നേതാക്കൾ ആഗ്രഹവിമുക്തമായ മനസ്സിന്റെ സ്വതന്ത്രഭാവവിശേഷം നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത്. അതിനായി പരിശ്രമിക്കണമെന്ന് ആവശ്യപ്പെടുന്നതും.

നല്ലവയെ എല്ലാം സ്നേഹിക്കുന്നതും ഒരു വസ്തുവിനെയും ദ്വേഷിക്കാത്തതുമായ യേശുശിഷ്യ ജീവിതത്തെ സുഖമാക്കുന്ന ഒന്നിനും എതിരല്ല. എന്നാൽ അവൾക്കത് ആവശ്യമുണ്ടോയെന്ന് വളരെ ധ്യാനപൂർവം ചിന്തിച്ചുകൊണ്ടേ തീരുമാനിക്കുകയുള്ളൂ. ആഗ്രഹങ്ങളാണ് നമ്മെ ബന്ധിക്കുന്നതും നമ്മുടെ സ്വാതന്ത്ര്യം നിഹനിക്കുന്നതും. ആഗ്രഹനിവൃത്തികൊണ്ടുള്ള ഒരുസുഖ ജീവിതം നാം ക്രമീകരിക്കുകയാണെങ്കിൽ അത് പലപ്പോഴും ഇടിഞ്ഞുവീഴുന്നത് നാം തന്നെ അനുഭവിക്കേണ്ടിവരും. അതുകൊണ്ടാണ് യതിവര്യന്മാർ ആഗ്രഹമില്ലായ്മ അഥവാ വൈരാഗ്യം ഒരു ജീവിതാദർശമായി വരിച്ചത്. സുഖങ്ങൾ ജീവിതത്തിൽ ഒരിക്കലും അനുഭവിക്കരുത് എന്നല്ല ഇതിന്റെ അർത്ഥം. ആഗ്രഹിക്കുന്ന സുഖങ്ങൾ ലഭിക്കാതെയിരിക്കുമ്പോൾ മനസ്സ്

മടുക്കാതെയിരിക്കാനായി സുഖേച്ഛകൾക്ക് കടിഞ്ഞാൺ ഇടണമെന്നും വേണ്ടിവന്നാൽ എല്ലാ ഇച്ഛകളും ഉപേക്ഷിച്ച് സ്വസ്ഥമായി കഴിയാൻ സാധിക്കണമെന്നുമാണ് ഇവിടത്തെ വിവക്ഷ. ആഗ്രഹവിമുക്തി നേടിയ വ്യക്തിക്കേ സമനിലയിലിരിക്കാൻ സാധിക്കുകയുള്ളൂ. സ്ഥിത പ്രജ്ഞയാകാൻ കഴിയുകയുള്ളൂ.

സുഖങ്ങളോട് ആഗ്രഹങ്ങളില്ലാത്തതുപോലെ തന്നെ ജീവിത ദുഃഖങ്ങളോട് വെറുപ്പും വിരോധവും ഉണ്ടാകുന്നതും നന്നല്ല. നാം ആഗ്രഹിക്കുന്ന സുഖങ്ങൾ നമുക്കു കിട്ടാതെപോകുന്നതുപോലെ തന്നെ, നമുക്ക് ഇഷ്ടമില്ലാത്ത ദുഃഖങ്ങൾ നമ്മെ നേരിടാൻ പാടുണ്ട്. ദുഃഖങ്ങൾ എന്നു പറയുമ്പോൾ നമുക്കു നേരിടുന്ന വേദനകളും യാതനകളും സങ്കടങ്ങളും തിരസ്കരണങ്ങളുമെല്ലാം ഉൾപ്പെടുന്നു. ഈദൃശ ദുഃഖങ്ങളിൽ നിന്നകന്നുജീവിക്കുകയെന്നത് എല്ലവരുടെയും സ്വാഭാവിക അഭിലാഷമാണെങ്കിലും, ദുഃഖങ്ങളെ ജീവിതത്തിൽനിന്ന് പാടെ മാറ്റി നിർത്തുവാൻ നമുക്കാർക്കും കഴിയുകയില്ല. സുഖത്തെപ്പോലെ തന്നെ ദുഃഖവും ജീവിതത്തിന്റെ സഹചാരിയാണ്. അതുകൊണ്ട് കൈവരുന്ന ദുഃഖത്തെ സ്നേഹത്തോടെ സ്വീകരിക്കുകയാണ് എതിർപിനെക്കാൾ ഉത്തമം. ഇതിന്റെ അർത്ഥം ദുഃഖങ്ങളെ മനഃപൂർവം വിളിച്ചു വരുത്തണമെന്നോ വർദ്ധിപ്പിക്കണമെന്നോ അല്ല. മറിച്ച് സുഖ മെന്നപോലെ ദുഃഖത്തെയും ജീവിതത്തിന്റെ ഒരു ഭാഗമായി കാണ ണമെന്നും തുല്യമനസ്സോടെ രണ്ടും സ്വീകരിക്കണമെന്നുമാണ്. ഇതു സാധിക്കുന്ന വ്യക്തിക്ക് മനസ്സിന്റെ സമനിലയും സമാധാനവും കൈവരുന്നതാണ്. അതുകൊണ്ടാണ് യേശുശിഷ്യ പാടുന്നത് "സൗഖ്യ ദുഃഖങ്ങളിൽ ഏക മനസ്സോടെ സന്തുഷ്ടചിത്തയായ് ജീവിക്കാനും" എന്ന്.

മനസ്സിന്റെ സന്തുലിതാവസ്ഥ വളരെ അഭികാമ്യമായ ഒരു സ്ഥിതിവിശേഷമാണ്. സമചിത്തത, സമഭാവന എന്നീ പദങ്ങൾകൊണ്ട് ഈ സന്തുലിതാവസ്ഥയെ നാം വിശേഷിപ്പിക്കാറുണ്ട്. കച്ചവടക്കാർ അളവ് തുലാസിൽ മാറിമാറി സാധനങ്ങൾ വയ്ക്കുമ്പോൾ തുലാസിന്റെ ഓരോ വശവും പൊങ്ങിയും താഴ്ന്നും വരുന്നതുപോലെ ലോക വസ്തുക്കളുടെ മുൻപിൽ നമ്മുടെ മനസ്സ് സദാ പൊങ്ങിയും താണും ഇരുന്നുകൊണ്ട് നമ്മുടെ സമനില ഭഞ്ജിക്കാൻ നമ്മൾ അനുവദിക്കരുത്. മാനസികതുലാസിന്റെ ഈ സമനിലാവസ്ഥയാണ് സന്തുലിത എന്ന വാക്കാൽ പ്രതിപാദിക്കപ്പെടുന്നത്.

പതഞ്ജലി വിഭാവനം ചെയ്ത രാജയോഗത്തിന്റെ എട്ട് പദവികളിൽ (അഷ്ടാംഗ യോഗ) അവസാനത്തെ പദവിയുടെ പേർ സമാധിയെന്നാണ്. സമമായ ധീഭാവമാണ് സമാധി. ധ്യാനത്തിന്റെ പരിണതഫലമായി പതഞ്ജലി നിദർശിക്കുന്നത് ഈ സമാധിയാണ്. പ്രിയംകരങ്ങളും അപ്രിയംകരങ്ങളുമായ വ്യക്തികളുടെയും സംഭവങ്ങളുടെയും മദ്ധ്യേ ജീവിക്കുന്ന മനുഷ്യർക്ക് മനസ്സിന്റെ സമനില അഥവാ സമാധാനം വളരെ പ്രയാസകരമായ ഒരു കാര്യമാണ്. നിരന്തരമായ ധ്യാനത്തിലൂടെ ആത്മാവിന്റെ അടിത്തട്ടിലേക്ക് ഇറങ്ങുന്ന വ്യക്തിക്ക് ഇത് സാദ്ധ്യമാണ്. അലമാലകളാൽ ഇളകി മറിഞ്ഞു കൊണ്ടിരിക്കുന്ന സമുദ്രനിരപ്പിനു താഴെ അങ്ങ് അഗാധതലത്തിൽ ശാന്തസുന്ദരമായ ഒരു അടിത്തട്ടുണ്ട്. അതുപോലെ ഇന്ദ്രിയങ്ങളുടെ ആശാപാശത്താലും ബുദ്ധിയുടെ യുക്തിവാദത്താലും ഇളകി മറിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യമനസ്സിന് സമാധാനം വേണമെങ്കിൽ ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും അതീതമായ അഗാധതയിലേക്ക് ഇറങ്ങി ആത്മാവിന്റെ അടിത്തട്ടിലെ ശ്രീകോവിലിൽ വസിക്കാൻ സാധിക്കണം. ഇവിടെ കടലിലെ കല്ലോലമാലകൾ സ്പർശിക്കാത്ത ശാന്തസുന്ദരമായ അന്തരീക്ഷം ആത്മാവിനു ലഭിക്കുന്നതാണ്. അഗാധത എപ്പോഴും ശാന്തവും സുഭദ്രവുമാണ്. ധ്യാനമാണ് ഈ അഗാധതയിലേക്കുള്ള രാജവീഥി. ഇന്ദ്രിയങ്ങളെയും ബുദ്ധിയെയും മൗനത്തിലാഴ്ത്തി എപ്രകാരമാണ് ആത്മാവിന്റെ അവസാന ഉള്ളറയിലേക്കു പ്രവേശിക്കേണ്ടത് എന്ന് അഷ്ടാംഗയോഗത്തിലൂടെ പതഞ്ജലി പ്രസ്താവിക്കുന്നുണ്ട്. ഇന്ദ്രിയങ്ങളും ബുദ്ധിയും അവശ്യം കടന്നുപോകേണ്ട നിശയെക്കുറിച്ച് ആത്മാവിന്റെ രാത്രി എന്ന പുസ്തകത്തിൽ വിശുദ്ധ യോഹന്നാൻ ക്രൂസ്സും പ്രസ്താവിക്കുന്നുണ്ട്.

മനസ്സിനു സമനില വേണമെങ്കിൽ ആദ്യമായി ഇന്ദ്രിയങ്ങളെ ശിക്ഷണവിധേയമാക്കണം. ഇന്ദ്രിയങ്ങൾ അവയുടെ വിഷയങ്ങളുടെ പുറകെ സംയമനാതീതമായി ഓടിപ്പോകുകയാണെങ്കിൽ നമ്മുടെ മനസ്സിന് സ്വച്ഛമായിരിക്കാൻ സാധിക്കുകയില്ല. സമാന്യരീതിയിൽ അങ്ങനെ പോകുന്ന ഇന്ദ്രീയങ്ങളുടെ പുറകെ മനസ്സും പോകുന്നു. അഥവാ ഇന്ദ്രിയങ്ങൾ മനസ്സിനെ തട്ടിയെടുത്തുകൊണ്ട് ഓടിപ്പോകുന്നു. ഈ ഓടിപ്പോക്ക് തടഞ്ഞുനിർത്തണമെങ്കിൽ ആദ്യമായി നാം ഇന്ദ്രിയങ്ങളെ അവയുടെ വിഷയങ്ങളിൽനിന്ന് പിൻവലിക്കണം പ്രതിനിവർത്തിക്കണം, ഈ പ്രക്രിയയ്ക്കാണ് പതഞ്ജലി 'പ്രത്യാഹാര' എന്ന് പേർ കൊടുക്കുന്നത്. അതായത് എല്ലാ ഇന്ദ്രിയങ്ങളെയും അവ തേടുന്ന ആഹാരങ്ങളിൽനിന്ന് പ്രതിനിവർത്തിക്കണം എന്നു സാരം.

ഇന്ദ്രിയ ങ്ങളുടെ പ്രവർത്തനവിഷയമായ ആഹാരത്തെ കൈവിടുമ്പോൾ ഇന്ദ്രിയം തന്നിലേക്കുതന്നെ മടങ്ങുകയും വിശ്രമിക്കുകയും ചെയ്യുന്നു. ആഹാരരസം നഷ്ടപ്പെടുന്നതുകൊണ്ടുള്ള അരോചകത്വത്താലും വിശ്രമത്തിനുള്ള പ്രവർത്തനരാഹിത്യത്താലും ഇന്ദ്രിയങ്ങൾക്ക് ഈ നിമിഷങ്ങൾ വെളിച്ചമില്ലാത്ത രാത്രിപോലെ അനുഭവപ്പെടും. പക്ഷേ ഈ രാത്രി വെളിച്ചത്തിന്റെ മുന്നോടിയും സമാധാനത്തിന്റെ വാഗ്ദാനവുമാണ്. ഇതുപോലെതന്നെ ബുദ്ധിയും അതിന് സ്വതഃസിദ്ധ മായിട്ടുള്ള ചിത്തവൃത്തിയിൽനിന്നു വിരമിച്ച് സ്വയംശാന്തമായി, ആത്മാവിന്റെ അന്തരാളത്തിലേക്ക് ഇറങ്ങാൻ പരിശ്രമിക്കണം. അവിടെയാണ് ദൈവം കുടികൊള്ളുന്നതും, ദൈവികതയിൽ നിന്നുള്ള സാമാധാനം പൊട്ടിവിടരുന്നതും. ഈ സമാധാനത്തിൽപങ്കു പററിക്കൊണ്ടാണ് സ്ഥായീഭാവമുള്ള മനസ്സിന്റെ സമനിലയിലേക്ക് മനുഷ്യൻ പ്രവേശിക്കുന്നത്. ഇതിനായാണ് ഇന്ദ്രിയങ്ങളെയും ബുദ്ധിയെയും ശാന്തമാക്കി, ഏകാഗ്രതയിലൂടെ യേശുശിഷ്യ ധ്യാന നിർലീനയായിരിക്കുന്നത്. "നിത്യവും നിൻ പദേ ധ്യാനിച്ചിരിക്കാനും" എന്ന പാദത്തിന്റെ വ്യഖ്യാനം നാം കണ്ടതാണ്. ഹൃദയശ്രീകോവിലിൽ വസിക്കുന്ന യേശുനാഥനുമായി രമ്യതപ്പെടുന്ന, ഒന്നുചേരുന്ന ആത്മാ വിനെ സാവധാനം ദൈവത്തിന്റേതായ സന്തുലനാവസ്ഥയിലേക്ക് നയി ക്കാൻ യേശുശിഷ്യയ്ക്ക് സാധിക്കുന്നു. അവൾ സ്ഥിതപ്രജ്ഞയിലേക്ക് പ്രവേശിക്കുന്നു.

സ്ഥിതപ്രജ്ഞയുടെ മനോഭാവം അഭികാമ്യമാണ്. പക്ഷേ അത് വെറും നിഷേധാത്മകമായ ഒരു സമനില മാത്രമായി നാം മനസ്സിലാ ക്കരുത്. അത് ആഗ്രഹരാഹിത്യത്തിന്റെയും ചിത്തവൃത്തിനിരോധ ത്തിന്റെയും വെറും ശൂന്യവൽകരണ ദശമാത്രമല്ല. മറിച്ച്, ഉന്നതമായ അറിവിന്റെയും ആത്മസംതൃപ്തിയുടെയും അവശ്യപശ്ചാത്തലവും മുന്നോടിയുമാണ്. അതുകൊണ്ട് ആത്മാവ് പാടുന്നത് സൗഖ്യ ദുഃഖങ്ങളിൽ ഏക മനസ്സോടെ സന്തുഷ്ടചിത്തയായ് ജീവിക്കാനാണ്. ആശാപാശ രഹിതമായ ഈ സന്തുലാവസ്ഥയിൽ ആത്മാവ് സന്തോഷി ക്കുന്നു. അത് എന്നും സചേതനവും ആനന്ദസംന്ദായകവുമാണ്. പക്ഷേ അലോകസുന്ദരമായ ആ സന്തോഷം ഈ ലോകത്തിന്റെ വേലിയേററങ്ങൾക്ക് വിധേയമല്ല. സന്തോഷത്തിലും സങ്കടത്തിലും ഒരുപോലെ സാമാധാനം കാണുന്ന ഒരു ആന്തരിക ചൈതന്യവിശേഷ മാണത്. ചിലപ്പോൾ സഹനത്തിന്റെ തീച്ചൂളയിൽ നിന്ന് സന്തോഷ ത്തിന്റെ മുത്തുമണികൾ പെറുക്കിയെടുക്കാൻ സ്ഥിതപ്രജ്ഞയ്ക്ക്-

കഴിയും. കാരണം സന്തോഷത്തിന്റെയും സംതൃപ്തിയുടെയും അടിസ്ഥാന ഹേതു ഐന്ദ്രികമോ ബുദ്ധിപരമോ അല്ല, മറിച്ച് തികച്ചും ആന്തരികവും ദൈവികവും ആണ്.

വി. ഫ്രാൻസിസ് അസ്സീസി പരിപൂർണ സന്തോഷത്തിന്റെ നിമിഷം എന്നു പറഞ്ഞുകൊണ്ട് ഒരു വിഭാവന നമുക്ക് നൽകുന്നുണ്ട്. ഫ്രാൻസിസും തന്റെ ശിഷ്യനായ ബ്രദർ ലിയോയുംകൂടി യാത്രയ്ക്ക് ഇറങ്ങുന്നു. "ബ്രദർ ലിയോ പരിപൂർണ സന്തോഷത്തിന്റെ നിമിഷം എപ്പോഴാണെന്ന് നിനക്കറിയമോ?" എന്നു ചോദിക്കുന്നു. "അറിയില്ല" ലിയോ മറുപടി പറയുന്നു. "നമ്മുടെ സഭയെ മാർപാപ്പ അംഗീകരിക്കുകയും നിരവധി അംഗങ്ങളെ വിശുദ്ധർ എന്നു പ്രഖ്യാപിക്കുകയും ചെയ്തു എന്നു വിചാരിക്കുക, ഇത് പരിപൂർണ സന്തോഷത്തിന്റെ നിമിഷമാണോ?" ഫ്രാൻസിസ് വീണ്ടും ചോദിച്ചു. ലിയോ മൗനം ഭജിച്ചു. "അല്ല, തീർച്ചയായും അല്ല" ഫ്രാൻസിസ് സ്വയം മറുപടി പറഞ്ഞു. "നമ്മുടെ സഭയുടെ അംഗങ്ങൾ ലോകമെങ്ങും പോയി ക്രിസ്തുവിനെ പ്രസംഗിച്ച് നിരവധിപേരെ മാനസാന്തരപ്പെടുത്തി എന്ന് കരുതുക. ഇത് പരിപൂർണ സന്തോഷത്തിന്റെ സമയമാണോ?" "അല്ല, തീർച്ചയായും അല്ല" ഫ്രാൻസിസ് തന്നെ വീണ്ടും മറുപടി പറഞ്ഞു. എന്നാൽ ഇന്നു രാത്രി നമ്മൾ രണ്ടുപേരും നടന്നുനടന്ന് പരിക്ഷീണിതരായി, മഞ്ഞിന്റെ സഹിക്കാനാവാത്ത തണുപ്പുമേറ്റ് നമ്മുടെ ആശ്രമത്തിൽ എത്തുന്നതായി സങ്കൽപ്പിക്കുക. നമ്മൾ മണിയടിച്ചു, ഒരു ബ്രദർ വന്നു വാതിൽ തുറക്കാൻ. പക്ഷേ ആരും വന്നില്ല. നാം വീണ്ടും മണിയടിച്ചു, കുറെ കഴിഞ്ഞപ്പോൾ രോഷാകുലനായി ഒരു ബ്രദർ വന്ന് വാതിൽ അല്പമായി തുറന്ന് നമ്മളോടു പറയുന്നു: "നേരം പാതിരാത്രി കഴിഞ്ഞു ഇപ്പോഴാണോ ആശ്രമത്തിലേക്കു വരുന്നത". അയാൾ വാതിലടയ്ക്കാൻ പരിശ്രമിക്കുന്നതിനിടക്ക് നമ്മൾ വീണ്ടും പറയുന്നു: "അല്ല ഞങ്ങൾ ഇവിടത്തെ സഹോദരങ്ങളാണ്. ഭിക്ഷയാചിച്ചു വരുന്നവരാണ്. സമയം വൈകിയതിൽ സങ്കടമുണ്ട്." അപ്പോൾ "നിങ്ങൾ ഇവിടത്തെ ആരുമല്ല, എനിക്ക് നിങ്ങളെ അറിയുകയുമില്ല" എന്നു പറഞ്ഞ് ആ ബ്രദർ വാതിലടച്ചു തിരിച്ച് പോകുന്നു. നമ്മൾ ഇരുവരും മഞ്ഞുകൊണ്ട് തണുത്തുവിറച്ച് പുറത്തുനിൽക്കുന്നു. പ്രിയ ലിയോ, ഇതാണ് പരിപൂർണ സന്തോഷത്തിന്റെ അനുഗൃഹീത നിമിഷം." ഫ്രാൻസിസ് സമാപിപ്പിച്ചു. മരംകോച്ചുന്ന തണുപ്പിൽ മഞ്ഞുതുള്ളികൾ, ഇനിയും ശരീരത്തിൽ വീണുകൊണ്ടിരിക്കുമ്പോൾ, സ്വന്തം സഹോദരങ്ങളാൽ നിഷ്കാസിതരായി പുറത്തുനിൽക്കുമ്പോൾ, ആ ദുഃഖത്തിലും തിരസ്കരണത്തിലും

സന്തോഷത്തിന്റെ അനുരണനങ്ങൾ കാണാൻ ഫ്രാൻസിസിനു കഴിഞ്ഞത് എന്തുകൊണ്ടാണ്? അദ്ദേഹത്തിന്റെ സന്തോഷസ്രോതസ്സ് ശരീരസൗഖ്യമോ മനുഷ്യരിൽനിന്നുള്ള സ്വീകരണമോ ലോകത്തിന്റേതായ ഏതെങ്കിലും സുഖമോ അല്ല, മറിച്ച് സ്വന്തം ഹൃദയത്തിൽ സദാ അധിവസിക്കുന്ന ദൈവമായതുകൊണ്ടാണ്. ക്രൂശിതനായ യേശുവിന്റെ പാദാന്തികേ ധ്യാനിച്ചിരുന്ന്, ഏത് സങ്കടവും യേശുവിന്റെ സഹനത്തിൽ പങ്കുപറ്റുന്നതിനുള്ള അവസരം എന്ന രീതിയിൽ കാണുന്നതുകൊണ്ട് അവയെ സന്തോഷമായി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. അനിയന്ത്രിത, ഭൗതികആഗ്രഹങ്ങളിൽ നിന്നുള്ള വിമുക്തി നേരത്തേ നേടിയിരുന്നതുകൊണ്ട് ഫ്രാൻസിസിന്റെ മാനസിക സമനിലയിലേക്ക്, ദുഃഖത്തിന്റെ നിമിഷത്തിലും ഈ സന്തോഷം അപ്രതീക്ഷിതമായി ഒഴുകിവന്നു. യേശുവിനെ സദാ ധ്യാനിക്കുന്ന യേശുശിഷ്യയിലും ഈ സന്തോഷം ഒഴുകിവരും. ധ്യാനത്തിന്റെ രാജവീഥിയിലൂടെ.

മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും

നിമ്നോന്നതമായ ഒരു പാതയിൽ ഏറ്ററ്റങ്ങളും ഇറക്കങ്ങളുംപോലെ മാനവും അപമാനവും നമ്മെ പിൻതുടരുന്നു. മതിക്കുക, വിലമതിക്കുക എന്ന ധാതുവിൽനിന്നാണ് മാനം എന്ന പദം ഉത്ഭവിക്കുന്നത്. മാനം, അഭിമാനമായും അപമാനമായും നമുക്ക് അഭിമുഖീഭവിക്കുന്നു. മറ്റുള്ളവർ നമ്മെ സ്തുതിക്കുമ്പോൾ, പ്രശംസിക്കുമ്പോൾ നമ്മൾ അഭിമാനം കൊള്ളുന്നു. നാം ബഹുമാനിതരായി എന്ന് നമുക്കു തോന്നുന്നു. എന്നാൽ മറ്റുള്ളവർ നമ്മെ അപമാനിച്ച് സംസ്കാരിക്കുമ്പോൾ നാം അപമാനിതരാകുന്നു. നമുക്ക് എന്തോ നഷ്ടപ്പെട്ടെന്നു തോന്നുന്നു. ഇവിടെ നമുക്കു ലഭിക്കേണ്ട ബഹുമാനവും അപമാനവും നിശ്ചയിക്കുന്നതും വച്ചുനീട്ടുന്നതും മറ്റു വ്യക്തികളാണ്. മറ്റു വാക്കിൽ പറഞ്ഞാൽ, മാനാപമാനങ്ങളുടെ പ്രകാശനം അന്യകേന്ദ്രീകൃതമാണ്. മറ്റുള്ളവർവേണം നമ്മെ ബഹുമാനിക്കാനും അപമാനിക്കാനും. മറ്റുള്ളവർ ചെയ്യുന്ന ഈ പ്രക്രിയ വസ്തുനിഷ്ഠമാണോ സത്യസന്ധമാണോ എന്ന് പലപ്പോഴും ആരും ചിന്തിക്കാറില്ല. സത്യത്തിൽ ബഹുമാനത്തിന് അർഹരായിട്ടുള്ള പലർക്കും മാനം നിക്ഷേധിക്കപ്പെടുന്നുണ്ട്. മറിച്ച്, അർഹരല്ലാത്തവർക്ക് ബഹുമാനം ധാരാളമായി കൊടുക്കുന്നതിനും ലോകം പലപ്പോഴും സന്നദ്ധമാകാറുണ്ട്.

എന്തങ്കിലും കാര്യസാദ്ധ്യത്തിനായി സമുദായത്തിൽ ഉന്നതനില വാരത്തിലിരിക്കുന്ന ഉദ്യോഗസ്ഥനോ, ധനികനോ, അയാൾ കപടനും ഉത്തരവാദിത്വരഹിതനും ആണെന്നറിയാമെങ്കിലും ആദരവും ആരാധനയും ധാരാളമായി കൊടുക്കുന്നതിന് മനുഷ്യർ മടിക്കാറില്ല. ഈ ആദരം ആത്മാർത്ഥരഹിതമാണന്ന് കൊടുക്കുന്നവന് അറിയാം ഒരുപക്ഷേ സ്വീകരിക്കുന്നവനും അറിയാം. എങ്കിലും ആളുകളുടെ മുൻപിൽ ആദരണീയനും ആരാധനാപാത്രവുമായി കാണപ്പെടാൻ ആഗ്രഹിക്കുന്നതുകൊണ്ട് അയാൾ അത് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ വിനയത്തോടും വിശുദ്ധിയോടും കൂടെ ജീവിക്കുന്ന സത്യസന്ധനായ ഒരു വ്യക്തിക്ക് ഈ ബഹുമാന പദവികൾ അർപ്പിക്കാൻ മനുഷ്യർ പലപ്പോഴും ബുദ്ധിമുട്ടാറില്ല. കാരണം, അതുകൊണ്ട് പ്രത്യേകിച്ചൊന്നും നേടാൻ ഇല്ലെന്നുള്ളതുതന്നെ. വളരെ ചുരുക്കം മനുഷ്യർ മാത്രമേ വിനയത്തെയും എളിമയെയും വലിയ മൂല്യങ്ങളായി മനസ്സിലാക്കുന്നുള്ളൂ. സ്ഥാനമാനങ്ങൾ ആഗ്രഹിക്കാതെ ജീവിക്കാൻ ശ്രമിക്കുന്ന ഒരു സാധുവിനെ ഈകൂട്ടരും ആദരിക്കുകയും അധികമായി സ്നേഹിക്കുകയും ചെയ്യും. എന്നാൽ ഇത് പലപ്പോഴും പലരിൽനിന്നും ലഭിക്കുന്നില്ല. ഇതിൽനിന്നും പഠിക്കേണ്ട പാഠം ബഹുമാനം എന്ന യാഥാർത്ഥ്യത്തിന്റെ കാരണം എന്നിൽ നിക്ഷിപ്തമാണെങ്കിലും അതിന്റെ പ്രകാശനം പരകേന്ദ്രീകൃതമാണ് എന്നുള്ളതാണ്. അന്യന്റെ നല്ല മനസ്സിനെ ആശ്രയിച്ചായിരിക്കും ആദരം നല്കപ്പെടുക. കിട്ടാൻ അർഹതയുള്ള ആദരം കിട്ടാതെപോകുമ്പോൾ മനസ്സ് വേദനിക്കുകയാണെങ്കിൽ, നമ്മുക്ക് അഭിമുഖീഭവിക്കുന്ന ആളുകളുടെ വ്യതിയാനമനുസരിച്ച് ഈ വേദന നാം പലപ്പോഴും അനുഭവിക്കേണ്ടിവരും. അതുകൊണ്ട് ആദരവും ആരാധനയും അംഗീകാരവും മറ്റുള്ളവരിൽനിന്ന് അധികമായി ലഭിക്കുന്നതിന് നാം ആഗ്രഹിക്കാതെ ഇരിക്കുന്നതാണ് ഉത്തമം.

ആദരണീയമായി മറ്റുള്ളവരാൽ കരുതപ്പെടുന്നതുകൊണ്ട് നമ്മുടെ സത്തയിലും അതിന്റെ മൂല്യത്തിലും ഒരുവിധ വ്യതിയാനവും വരുന്നില്ല. ആത്യന്തികമായി നമ്മെ അറിയുന്നതും അംഗീകരിക്കുന്നതും ദൈവമാണ്. ദൈവത്തിനുമാത്രമേ നമ്മുടെ സത്തയെയും സർഗ്ഗാത്മകതയെയുംകുറിച്ച് ശരിയായ, കറതീർന്ന അവബോധമുള്ളൂ. അതുകൊണ്ടുതന്നെ, ദൈവാംഗീകാരം എപ്പോഴും വസ്തുനിഷ്ഠവും സുസ്ഥിരവുമായിരിക്കും. എല്ലാം അറിയാവുന്ന തന്റെ അരുമനാഥന്റെ അംഗീകാരം മാത്രമാണ് യേശുശിഷ്യ ആഗ്രഹിക്കുന്നതും തേടുന്നതും.

അതുകൊണ്ട് അന്യരാൽ അംഗീകരിക്കപ്പെടാതിരിക്കുമ്പോൾ അവൾ ഖിന്നമനസ്കയാവുന്നില്ല. മറ്റുള്ളവർ നമ്മെ ബഹുമാനിക്കുമ്പോൾ അവ അവഗണിച്ച് ഓടിപ്പോകണമെന്ന് ഇവിടെ വിവക്ഷയില്ല. നമ്മിലുള്ള സത്സ്വഭാവവും അതിനനുസൃതമായ പ്രവർത്തനവും ആദരണീയ മായിരിക്കാം. അത് ആത്മനാ മനസ്സിലാക്കി നമ്മെ ബഹുമാനിക്കാൻ തുനിയുന്ന വ്യക്തി ഒരു വലിയ മനസ്സിന്റെ ഉടമയാണെന്ന് നാം ധരിക്കണം. അയാളുടെ നന്മയിൽ സന്തോഷിച്ച്, ഈ ബഹുമാനത്തിന് ഞാൻ വസ്തുനിഷ്ഠമായി അർഹയാണോ എന്ന് പര്യാലോചിച്ച് മുൻപോട്ടുപോവുകയാണ് കരണീയം.

ബഹുമാനം ലഭിക്കുന്നതിനു പകരം അപമാനവർഷം നമ്മുടെമേൽ ചൊരിയുന്ന അവസരങ്ങളും നമുക്കുണ്ടാകാൻ പാടുണ്ട്. സ്വന്തം സഹോദരങ്ങളാൽ വിധിക്കപ്പെട്ട് ആശ്രമത്തിൽ തടങ്കലിൽ അപമാനിതനായി കഴിയേണ്ടിവന്ന ഒരു വ്യക്തിയാണ് കുരിശിന്റെ വി. യോഹന്നാൻ. ചെയ്യാത്ത തെറ്റിന് ശിക്ഷ അനുഭവിച്ചും പലരാലും പരി ഹാസിതനായും വളരെ നാൾ ആ ആശ്രമാങ്കണത്തിൽ അദ്ദേഹത്തിനു ജീവിക്കേണ്ടി വന്നു. എന്നാൽ മനസ്സ് മടുക്കാതെ, ഹൃദയത്തിൽ സംതൃപ്തി നഷ്ടപ്പെടാതെ തടങ്കൽമുറിയിലിരുന്ന് ആത്മാവിന്റെ അലോക സുന്ദരമായ അനുഭവങ്ങൾ കവിതയിലേക്കു പകർത്താൻ ആ വിശുദ്ധനു കഴിഞ്ഞു. ഇതിനുകാരണം മാനത്തിലും അപമാനത്തിലും കണ്ണ് നടാതെ യേശുനാഥന്റെ കാലടിപ്പാതകളിലൂടെ പോകുവാനുള്ള അദ്ദേഹത്തിന്റെ ധൈര്യവും ദൃഢനിശ്ചയവുമാണ്. "ദാവീദിന്റെ പുത്രന് ഓശനാ" എന്ന് ആർത്തു വിളിച്ചുകൊണ്ട് തന്നെ സ്വീകരിച്ചാദരിച്ച യഹൂദജനതതിയുടെ നടുവിലൂടെ വിനീതനായി, ശാന്തഗംഭീരനായി നടന്നുപോയ യേശു ഓരാഴ്ച തികയുന്നതിനുമുൻപ് അതേ ജനതതിയാൽ നിഷ്കാസിത നായി. "അവനെ കുരിശിൽ തറയ്കുക" എന്നവർ ആർത്തുവിളിച്ചു. അപ്പോഴും കരുണാർദ്രമായ ഹൃദയത്തോടെ, കനിവിറ്റുവീഴുന്ന കണ്ണുകളോടെ, രോഷാകുലരായ ആ ജനത്തെ നോക്കാനും ശാന്തനായി നിലകൊള്ളാനും ക്രിസ്തുനാഥനു കഴിഞ്ഞു. യേശുവിനെ അനുപദം അനുഗമിക്കാൻ ആഗ്രഹിക്കുന്ന യേശുശിഷ്യയുടെയും ആദർശരൂപം ഇതുതന്നെയാണ്. മാനവും അപമാനവും ഒരുപോലെ കൈവരിക്കുക. സ്വന്ത സത്തയെയും ജീവിതത്തെയും കുറിച്ചുള്ള അംഗീകാരം വെറുതെ അപരന്റെ തീരുമാനത്തിനു വിട്ടുകൊടുക്കാതിരിക്കുക. തന്നെ നയിക്കുന്നതും തന്നിലൂടെ പ്രവർത്തിക്കുന്നതും തന്റെ സർവസ്വവുമായ യേശുനാഥന്റെ അംഗീകാരമാണ് സർവപ്രധാനമായിട്ടുള്ളത്.

അതിലുപരി അവൾ ഒന്നും അഗ്രഹിക്കുന്നില്ല. മാനവും അപമാനവും നാം നടക്കുന്ന വഴിയിലെ കയറ്റവും ഇറക്കവുമായി അവൾ കരുതുന്നു. അതുകൊണ്ട് അവൾ പാടുന്നു. "മാനാപമാനങ്ങൾ ഒന്നുപോൽ കാണാനും എന്നെ ഒരുക്കൂ നീ ജീവേശ്വരാ."

വിജയപൂർവം രണ്ടാം ലോകമഹായുദ്ധം നയിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ പ്രഭുവിനെ വിശ്വവിഖ്യാത അന്താരാഷ്ട്രീയ വാരികയായ ടൈം കഴിഞ്ഞ അർദ്ധശതാബ്ദത്തിന്റെ വീരപുരുഷനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ യുദ്ധപ്രസംഗങ്ങൾ വളരെ പ്രസിദ്ധവും എല്ലാവരെയും കോരിത്തരിപ്പിക്കുന്നതുമായിരുന്നു. പ്രഗല്ഭനായ ഒരു ലോകനേതാവായി മനുഷ്യർ അദ്ദേഹത്തെ സ്വീകരിച്ചു. ടൈം വാരിക അതു ശരിവയ്ക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ലോകനേതാവായ ഈ ബ്രിട്ടീഷ് പ്രധാനമന്ത്രി മഹാത്മാഗാന്ധി നടത്തിയിരുന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ വളരെ പുച്ഛഭാവത്തോടെ വീക്ഷിക്കുകയും ഗാന്ധിജിയെ തരംതാഴ്ത്തി സംസാരിക്കുകയും ചെയ്ത വ്യക്തിയാണ്. ആഗോളവ്യാപകമായി കിടന്നിരുന്ന അന്നത്തെ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരേ സ്വാതന്ത്ര്യത്തിനുവേണ്ടി അഹിംസയിലൂടെ ധർമ്മയുദ്ധം പ്രഖ്യാപിച്ച ഗാന്ധിജിയെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "അർദ്ധനഗ്നനായ ഈ ഇന്ത്യൻ ഫക്കീറിനെ കാണുമ്പോൾ എനിക്ക് മനംമറിയുന്ന ഒരു പ്രതീതിയാണ്." എന്നാൽ അതേ ശതാബ്ദത്തിന്റെ രണ്ടാം പകുതികൂടി കഴിഞ്ഞപ്പോൾ പൂർണ്ണസഹസ്രാബ്ദത്തിന്റെ വീരപുരുഷനായി, ലോകമനസ്സാക്ഷിയുടെ സ്വരമായി അതേ ടൈം വാരിക ഗാന്ധിജിയെ പ്രഖ്യാപിക്കുന്നതിനു മടിച്ചില്ല. മില്ലേനിയം മനുഷ്യരായിട്ട് ടൈം വാരിക മൂന്നുപേരെ അവതരിപ്പിച്ചു. ആദ്ധ്യാത്മികതയുടെ ലോകത്തിൽ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ച്, കൊളോണിയലിസം കൊടികുത്തി വാണിരുന്ന രാഷ്ട്രീയമണ്ഡലങ്ങളിൽ പുതിയ ആത്മീയ മൂല്യബോധം കൊണ്ടുവന്ന്, ലോകമനഃസാക്ഷിയെ തിരുത്തിയതിനാണ് അവർ ഗാന്ധിജിയെ ഈ മൂന്നുപേരിൽ ഒരുവനായി പ്രഖ്യാപിച്ചത്. അൻപത് കൊല്ലങ്ങൾക്കിടയിൽ മനുഷ്യമനഃസാക്ഷി വളരെ മാറിയിട്ടുണ്ട് എന്നാണ് ഈ തീരുമാനത്തിനു ന്യായമായി ടൈം വാരിക അപ്പോൾ പറഞ്ഞത്. ഒരു കാലത്ത് അവർ ബഹുമതി നല്കിയ വ്യക്തി അവഹേളിച്ച് പുച്ഛിച്ചുതള്ളിയ മറ്റൊരു വ്യക്തിയെ പില്കാലത്ത് അതേ മാസിക ബഹുമതിയുടെ അത്യുച്ചിയിലേക്കുയർത്തുന്നു. ലോകം നല്കുന്ന ബഹുമതിയുടെ വസ്തുനിഷ്ഠ സ്വഭാവവും മാനുഷിക അവബോധ

നിലവാരവും ഇതിൽനിന്നും വ്യക്തമാകുന്നു. പലപ്പോഴും തികഞ്ഞ ആദ്ധ്യാത്മിക മൂല്യങ്ങളും അതിൽനിന്നുള്ള പ്രവർത്തനശൈലിയും ലോകത്തിന് അജ്ഞാതമായിരിക്കും. ആ വ്യക്തിയുടെ ജീവിതകാലത്ത് അതിന് അംഗീകാരം ലഭിക്കുക അസാദ്ധ്യവുമായിരിക്കും. അതുകൊണ്ട് ലോകം നല്കുന്ന മാനവും അംഗീകാരവും കണക്കിലെടുത്ത് നമ്മൾ പ്രവർത്തനോന്മുഖരാവുകയാണെങ്കിൽ പലപ്പോഴും വിഷണ്ണരും നിരാശരും ആകേണ്ടിവരും. അതു സംഭവിക്കാതിരിക്കാനും ഏതു സാഹചര്യത്തിലും സന്തോഷത്തോടെ, സമനിലയോടെ മുൻപോട്ടു പോകാനും ആഗ്രഹിക്കുന്നതുകൊണ്ടാണ് യേശുശിഷ്യ മാനാപമാനങ്ങളെ ഒന്നുപോൽ കരുതാൻ തീരുമാനിക്കുന്നത്.

ആശാവിനാശങ്ങൾ ആശിഷാക്ഷേപങ്ങൾ
വന്ദന നിന്ദന ഭാവങ്ങളും
തുല്യമാം മൂല്യമായെല്ലാം ഗണിക്കാനും
എന്നെ ഒരുക്കൂ നീ ജീവേശ്വരാ

ആശാവിനാശങ്ങൾ

ആഗ്രഹവിമുക്തമായ ഒരു ജീവിതം ആത്മാവിനെ ആന്തരികത യിലേക്കു നയിക്കുന്നതിന് സഹായകമാണെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞു. ഓരോരോ ആഗ്രഹങ്ങളും നമ്മെ ബന്ധിപ്പിക്കുന്ന ചരടുകളായി ആത്മീയ ഗുരുക്കന്മാർ പരിഗണിക്കാറുണ്ട്. ഇതിൽ നിന്നു നാം പഠിക്കേണ്ട പാഠം ആഗ്രഹങ്ങൾ നല്ലതോ ചീത്തയോ ആയാലും, നമുക്ക് അതിന് അതീതമായി ഉയരാൻ സാധിക്കുകയില്ലെങ്കിൽ ഹാനികരമാണ് എന്നതാണ്. ആശാവിനാശങ്ങൾ എന്ന് ആത്മാവ് പാടുമ്പോൾ ആശകളെയും വിനാശങ്ങളെയും ഒരുപോലെ കൈവരിക്കാ നുള്ള ഒരു മനോഭാവം അതിൽ പ്രത്യക്ഷമാകുന്നുണ്ട്. ആശകൾ അതിൽത്തന്നെ ഒരു വികലതയോ വിലങ്ങുതടിയോ അല്ല. ആശകൾ നമ്മുടെ ആദ്ധ്യാത്മിക പുരോഗമനത്തിനെതിരായുള്ള വിലങ്ങു തടിയായി മാറുന്നത് അവയ്ക്കതീതമായി നമുക്കുയരാൻ കഴിയാത്ത പ്പോഴാണ്. ആശകൾ നിറവേറാതെ നാശങ്ങൾ നമുക്ക് അഭിമുഖീ ഭവിക്കുമ്പോൾ, എല്ലാം നഷ്ടപ്പെട്ട് നിരാശയിലേക്ക് നിപതിക്കുന്ന ശൂന്യതയുടെ വ്യക്തികളായി നാം സ്വയം കാണാൻ പാടുണ്ട്. ഇത് സംഭവിക്കാതിരിക്കാനാണ് ആശകൾക്കും നാശങ്ങൾക്കും അടിമ പ്പെടാതെ, രണ്ടിനും അതീതമായുയർന്ന്, രണ്ടിന്റെയും യാതനയിലൂടെ കടന്നുപോയി, സ്വയം സാക്ഷാത്കരിക്കാൻ ആത്മാവിനോടാവശ്യ

പ്പെടുന്നത്. ഈ വെല്ലുവിളി യേശുശിഷ്യ സ്വമനസ്സാ സ്വീകരിച്ച് ജീവിത ത്തിലേക്ക് പകർത്താൻ പരിശ്രമിക്കുന്നു.

നമ്മുടെ ആശാവല്ലരിയിൽ പുഷ്പങ്ങൾ വിടരുകയും പൊലി യുകയും ചെയ്യും. നല്ല നല്ല ആശകൾ, പരിപാവനമായ ചിന്തകൾ, ഭക്ത്യോൻമുഖമായ ആഗ്രഹങ്ങൾ എന്നിവ പുണ്യ ജീവിതത്തിന് ഉപോൽബലകമായി നാം പലപ്പോഴും കാണാറുണ്ട്. ഇത് ശരിയുമാണ്. പക്ഷേ ഏത് നല്ല ആശയും എത്ര ഉന്നത അഭിവാഞ്ഛയും ദൈവമല്ല എന്ന് നാം മനസ്സിലാക്കണം. ദൈവത്തെ പ്രാപിക്കാനുള്ള ആഗ്രഹം മാത്രമാണത്. ഈ ആഗ്രഹ സാദ്ധ്യത്തിന് നമ്മൾ അറിയാത്ത വിശേഷവീഥികൾ ദൈവത്തിന്റെമുൻപിൽ ഉണ്ടാകാൻ പാടുണ്ട്. അതുകൊണ്ട് നമ്മുടെ ആശകൾ നിഷേധിക്കപ്പെടുമ്പോൾ അവ നല്ലവയാ ണെങ്കിലും, ദൈവോന്മുഖമാണെന്ന് നാം വിചാരിക്കുന്നുണ്ടെങ്കിലും മനസ്സ് മടുക്കേണ്ട ഒരു കാര്യവുമില്ല. എല്ലാ ആശകളും സംഹരിച്ച് ആത്മാവിന്റെ രാത്രിയിലൂടെ തന്നെ പിൻചെല്ലുവാൻ യേശുനാഥൻ ആത്മാവിനോടാവശ്യപ്പെടാറുണ്ട്. ഈ സന്ദർഭത്തിൽ തന്റെ ഉള്ളിന്റെ ഉള്ളിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ആത്മാവ് പോലും കൃത്യമായി അറിയുന്നില്ല. എന്നാൽ താൻ സ്നേഹിക്കുന്ന യേശുനാഥനിലുള്ള അടിപതറാത്ത വിശ്വാസത്തിലും അന്ധകാരാവൃത മായ കനത്ത രാവിലും ഈ നാഥന്റെ സന്നിധാനത്തിലുള്ള തീർച്ചയിലും ഉറച്ചുനിന്നുകൊണ്ട് ആത്മാവ് മുൻപോട്ട് പോകുന്നു. ഇവിടെ ആശകൾ ഒന്നൊന്നായി എണ്ണി തിട്ടപ്പെടുത്തുന്നതിനും നിറവേറ്റുന്നതിനും അവൾ പരിശ്രമിക്കുന്നില്ല. മറിച്ച് എല്ലാ ആശകളെയും ആശങ്കകളെയും ഒരുപോലെ നാഥനിൽ സമർപ്പിച്ച് സ്വച്ഛയായി, സമാധാന പ്രിയയായി, അതേസമയം ധീരയായി അവൾ മുൻപോട്ടു പോകുന്നു. നല്ല ആശകൾ തെറ്റല്ലെങ്കിലും നല്ല ആശകളുടെ നിറവേറലല്ല ജീവിതത്തിന്റെ പരമാന്ത്യം. എല്ലാ ആശകൾക്കും അടിസ്ഥാനവും എല്ലാ ആശകൾക്കും ഉപരിയായി ഉയരുന്നതുമായ സ്വന്തംസത്തയുടെ ദൈവോന്മുഖ സാക്ഷാത്കാരമാണ് ജീവിതാന്ത്യം. മറ്റുള്ളതിനോടൊക്കെ "നേതി, നേതി; ഇതല്ല ദൈവം, ഇതല്ല ദൈവം" എന്നു പറഞ്ഞുകൊണ്ട് സ്വാതന്ത്യത്തിന്റെ അനന്തവിഹായസ്സിലേക്ക് അവൾ പറന്നുയരുന്നു.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ഒരു ശിഷ്യൻ ഫ്രാൻസിസിന്റെ കല്പനയനുസരിച്ച് സുവിശേഷപ്രസംഗത്തിന് പുറപ്പെടുകയായിരുന്നു. തീക്ഷ്ണമതിയായിരുന്ന ആ യുവസന്ന്യാസി ഫ്രാൻസിസിനെ സമീപിച്ച്

ഇപ്രകാരം ചോദിച്ചു: "ഞാനൊരു ബൈബിൾകൂടെ എടുത്തു കൊള്ളട്ടെ." ഫ്രാൻസിസിന്റെ മറുപടി തികച്ചും അപ്രതീക്ഷിത മായിരുന്നു: "വേണ്ട, നിങ്ങൾ ഒന്നും എടുക്കാതെ സുവിശേഷപ്രസംഗ ത്തിനു പോകണമെന്നാണ് നമ്മുടെ കർത്താവ് ആജ്ഞാപിച്ചിരിക്കുന്നത്" (മർക്കോ. 6:8). വിശുദ്ധഗ്രന്ഥം കൈയിലെടുക്കുക എന്നത് വിശുദ്ധമായ ഒരാഗ്രഹമാണെന്ന് നമുക്കു കരുതാം. എങ്കിലും ഈ ആഗ്രഹം ദൈവമല്ല. എല്ലാ ആഗ്രഹങ്ങളിൽനിന്നും അവ ആദ്ധ്യാത്മികമോ വിശുദ്ധമോ ആണെങ്കിലും വിമുക്തിനേടണമെന്ന് പറയുന്നതിന്റെ അർത്ഥം ഈ ഉദാഹരണത്തിൽനിന്നു നാം മനസ്സിലാക്കണം. ദൈവമല്ലാതെ മറ്റ് ഒന്നിനെയും, അവ എത്ര വിശേഷമാണെങ്കിലും, ആത്യന്തികമായി നാം ആശ്രയിക്കരുതെന്ന് സാരം. ഇവയെല്ലാം ദൈവത്തിലേക്ക് നമ്മെ കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങളും മാധ്യമങ്ങളുമാണ്. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ സ്വഭാവവും മേന്മയും നിർണയിക്കുന്നത് നമ്മുടെ മുൻപിലുള്ള സാധനങ്ങൾക്കും വ്യക്തികൾക്കും ഉപരിയായി ഉയരാനുള്ള നമ്മുടെ കഴിവാണ്. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ ദൈവം അങ്കുരിപ്പിച്ചിട്ടുള്ള ദൈവോന്മുഖതയാണ് ഈ കഴിവിന്റെ നിദാനം.

വി. അഗസ്റ്റിൻ പാടിയതുപോലെ നമ്മൾ ദൈവത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരും ദൈവോന്മുഖമായി ഉയരാൻ കഴിവുള്ളവരും ദൈവത്തിൽ വിലയംകൊള്ളുമ്പോൾ മാത്രം തൃപ്തി അടയുന്നവരുമാണ്.

"കനിഞ്ഞു നീയെന്നെനിനക്കുവേണ്ടി
മെനഞ്ഞു, തന്മൂലമനന്ത നാഥാ
അണഞ്ഞിടാശാന്തിയെനിക്കു നിന്നെ
പ്പുണർന്നിന്നിൽ വിലയിക്കുവോളം"

ആശകളിൽ നിന്ന് വിമുക്തി നേടേണ്ടതുപോലെതന്നെ വിനാശങ്ങളെ സ്വീകരിക്കാനും നാം ഒരുക്കമുള്ളവരായിരിക്കണം. വിനാശങ്ങൾ എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ആകസ്മികവും അപ്രതീക്ഷിതവു മായ സംഭവവികാസങ്ങളെയാണ്. നമുക്ക് ഇഷ്ടമില്ലാത്ത നാശനഷ്ടങ്ങളും വേർപാടുകളും മറ്റു വേദനകളും ഇതിൽപ്പെടുന്നു. ഈദൃശസംഭവങ്ങൾ നമുക്ക് അഭിമുഖീഭവിക്കുമ്പോൾ നമ്മൾ ഉത്കണ്ഠാകുലരാകരുത്. ബലഹീനരും നിസ്സാഹയരുമായ മനുഷ്യൻ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭയവിഹ്വലരാകാറുണ്ട്. പക്ഷേ ഭയം അഥവാ ഉൽകണ്ഠ സന്ദർഭങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗമല്ല.

അതുകൊണ്ട് ദിവ്യനാഥൻ അരുൾ ചെയ്യുന്നു "നിങ്ങൾ ഒന്നുകൊണ്ടും ഉൽകണ്ഠാകുലരാകരുത്" (മത്ത. 6:25). യേശുനാഥനിൽ കണ്ണുനട്ടുകൊണ്ട്, നാഥന്റെ വാക്കുകൾ മനസ്സിൽ നിനച്ചുകൊണ്ട് സദാ വ്യാപരിക്കുന്ന യേശുശിഷ്യ വിനാശവേളകളിൽ ധൈര്യം നഷ്ടപ്പെടാതെ പ്രാണനാഥനിൽ ആശ്രയം വച്ച് സമാധാനപൂർവം പുതിയ സന്ദർഭത്തെ നേരിടുന്നു. യേശുവിൽ നിന്ന് ശക്തിയാർജിച്ച് വിനാശം കൊണ്ടുവരുന്ന പ്രശ്നങ്ങളെ ശാന്തമായി കൈകാര്യം ചെയ്യുന്നു. ആശകൾ അലരണിയുമ്പോൾ സ്വയംമറന്ന് സന്തോഷിക്കാത്തതുപോലെ വിനാശകൾ കൈവരുമ്പോൾ സ്വയം ശപിച്ച് ആവലാതി പറയുന്ന പ്രകൃതിയും അവൾക്കില്ല. അവളെന്നും ശാന്തഗംഭീരയും സാക്ഷാത്കാര തത്പരയുമാണ്.

ആശീഷാക്ഷേപങ്ങൾ

വെളിച്ചവും ഇരുട്ടും നന്മയും തിന്മയും അഭിനന്ദനവും നിന്ദനവും പോലുള്ള നിരവധി വൈരുദ്ധ്യങ്ങളിലൂടെ യാത്ര ചെയ്യുന്നവരാണ് നമ്മൾ. ഇവയുടെ മധ്യത്തിലൂടെ ദ്വന്ദ്വാതീതയായി, രണ്ടിനും ഉപരിയായി പോകാനാണ് യേശുശിഷ്യ ആഗ്രഹിക്കുന്നത്. അങ്ങനെയാണ് ആശിഷത്തിനും ആക്ഷേപത്തിനും അവൾ അഭീമുഖീഭവിക്കുന്നത്. ആശിഷം അഥവാ ആശീർവാദം അനുഗ്രഹാശിസ്സുകളുടെ വർഷമാണ്. മാതാപിതാക്കളിൽ നിന്നും ഗുരുവരന്മാരിൽ നിന്നും ആശിഷം സ്വീകരിച്ച്, അവരുടെ പാദാരവിന്ദങ്ങൾ വന്ദിച്ച് ജീവിതത്തിലെ പ്രധാന കർമ്മ കർത്തവ്യങ്ങൾ തുടങ്ങാൻ നമ്മൾ ആഗ്രഹിക്കുന്നു. ഇത് വളരെ വിശേഷപ്പെട്ട ഒരു മനഃസ്ഥിതിയാണ്. പക്ഷേ കല്യാണത്തിനുമുൻപ് അല്ലെങ്കിൽ ഗുരുപ്പട്ടം സ്വീകരിക്കുന്നതിനുമുൻപ് അപ്പന്റെ, അമ്മയുടെ അനുഗ്രഹം വാങ്ങണമെന്ന് അത്യധികമായി ആഗ്രഹിച്ച മകന് അഥവാ മകൾക്ക് അത് സാദ്ധ്യമായില്ലെന്നു വിചാരിക്കുക. അനേക വൽസരങ്ങൾ കാത്തിരുന്ന് ഒരുങ്ങിവന്ന ആ ശുഭമൂഹൂർത്തിന് ഏതാനും നാൾ മുൻപ് അമ്മ മരിച്ചുപോകുന്നു. താൻ വിഭാവനം ചെയ്ത അമ്മയുടെ കൈവയ്പ്പും അനുഗ്രഹധാരയും നടക്കാൻപോകുന്നില്ലെന്ന് മനസ്സിലാകുന്നു. ആ വേദനയ്ക്കു അഭിമുഖീഭവിക്കണമെങ്കിൽ ശാരീരികമായ ഈ അനുഗ്രഹസ്പർശനത്തിനുപരി അദൃശ്യവും സ്വർഗ്ഗീയവുമായ ഒരനുഗ്രഹവൃഷ്ടി അമ്മയിൽനിന്ന് ഇന്നും എനിക്കു ലഭ്യമാണന്നു വിചാരിച്ചാൽ നമുക്ക് ഈ നിർണായക നിമിഷത്തിന്

അതീതമായി ഉയരുവാൻ സാധിക്കും. നല്ലെതെല്ലാം നമുക്ക് ലഭ്യമാകണമെന്നില്ല. അതിൽ നമ്മൾ പരിഭവപ്പെടരുത്. മനസ്സിന്റെ സമനില എന്നുപറയുമ്പോൾ ഇങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും അടിതെറാതെ നില്ക്കാൻ സാധിക്കണമെന്നാണർത്ഥം.

ആശിഷങ്ങൾക്കു പകരം ആക്ഷേപവർഷം നമ്മിൽ ചൊരിയുന്ന ചില മനുഷ്യരും ചിലപ്പോൾ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാൻ പാടുണ്ട്. മാനാപമാനങ്ങളെക്കുറിച്ച് നാം കണ്ടതുപോലെ, ആക്ഷേപവും മറെറാരുവ്യക്തി നമുക്കെതിരേ ഉന്നയിക്കുന്നതും നമ്മിൽ ആരോപിക്കുന്നതുമാണ്. ഈ ആരോപണം എപ്പോഴും സത്യസന്ധ മാകണമെന്നില്ല, സത്യാംശ വിമുക്തമാകണമെന്നുമില്ല. ആശിഷാക്ഷേപ ങ്ങൾ തുല്യമായ മൂല്യങ്ങളായി ഗണിക്കണം എന്നു പാടുമ്പോൾ ആശിഷവും ആക്ഷേപവും ഒന്നാണന്നോ ഒരേ തരം വിലയാണ് നമ്മൾ രണ്ടിനും കല്പിക്കുന്നത് എന്നോ അർത്ഥമാകുന്നില്ല. നഷ്ടപ്പെട്ട ആശിഷവും നൽകപ്പെട്ട ആക്ഷേപവും ഒരേ മനസ്സോടെ, മനസ്സിന്റെ സമനിലയിലൂടെ സ്വീകരിക്കണമെന്നാണ് വിവക്ഷ. പീലാത്തോസിന്റെ കൊട്ടാരാങ്കണത്തിൽ, ആക്ഷേപവർഷം ചൊരിഞ്ഞിരുന്ന യഹൂദ ജനതതിയുടെ മുന്നിൽ നിർക്ഷോഭനായി, കരുണാർദ്രഹൃദയത്തോടെ അവരെനോക്കി നിന്നിരുന്ന യേശുക്രിസ്തുവാണ് നമ്മുടെ മാതൃകയും ആദർശധീരതയും. ഈ ക്രിസ്തുനാഥനിൽ അടിയുറച്ചു വിശ്വസി ക്കുകയും അഭംഗുരം ആശ്രയിക്കുകയും ചെയ്യുന്നതുകൊണ്ട് ആശിഷ ത്തിന്റെ അനുഗൃഹീത നിമിഷങ്ങളിലും ആക്ഷേപവർഷങ്ങളുടെ അസ്വസ്ഥവേളകളിലും മനസ്സിന്റെ സമനിലതെറാതെ, സന്തോഷം കൈവിടാതെ, രണ്ടും ഒരുപോലെ സ്വീകരിക്കുന്നതിന് അവൾക്ക് കഴിയും. ജീവിതത്തിലെ വ്യതിയാനങ്ങളും വ്യക്തികളുടെ മനോഭാവങ്ങളും അവളെ വിവശയാക്കുന്നില്ല. ഉൽകണ്ഠാകുലയാക്കുന്നുമില്ല. എല്ലാ നിർണായക ഘട്ടങ്ങളെയും നേരിടുന്നതിന് അവളുടെ ആത്മനാഥൻ അവളെ ഒരുക്കിക്കഴിഞ്ഞു.

മിത്രങ്ങളെന്നുള്ളിൽ മോദം വിതയ്ക്കുമ്പോൾ
ശത്രുക്കളെന്നെ വെറുത്തിടുമ്പോൾ
സർവത്ര നിൻമനം മാത്രം ഞാൻ തേടാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

മിത്രങ്ങൾ എന്നുള്ളിൽ മോദം വിതയ്ക്കുമ്പോൾ

സ്നേഹം എന്നത് മനുഷ്യഹൃദയത്തിന്റെ ഒരു സവിശേഷ ശക്തിയാണ്. പക്ഷേ, ഈ സ്നേഹം നാം അനുഭവിക്കണമെങ്കിൽ നമ്മോടു സമ്പർക്കംപുലർത്തുന്ന മറെറാരു വ്യക്തി ഉണ്ടായിരിക്കണം. സ്നേഹം കൊടുക്കാനോ സ്നേഹം സ്വീകരിക്കാനോ ഇതര വ്യക്തികളുടെ അസ്തിത്വം അത്യാന്താപേക്ഷിതമാണ്. ഈ വ്യക്തി മിത്രമാണ് എങ്കിൽ നമുക്ക് ഭാഗ്യം. ആമോദത്തിന്റെ പൂമലരുകൾ നമ്മിൽ വിടരാൻ ഈ വ്യക്തി സഹായകമാകും. ഇങ്ങനെയുള്ള ഒരു വ്യക്തിയെ നാം മിത്രമായി കരുതുന്നു. മിത്രം എന്ന വാക്ക് ഉത്ഭവിക്കുന്നത് 'മിദ്' എന്ന സംസ്കൃതമൂലത്തിൽ നിന്നാണ്. 'മിദ്' എന്ന മൂലത്തിന്റെ അർത്ഥം 'അലിയുക' അഥവാ അപരനിലേക്ക് ലയിക്കുവാനായി സ്വയം ചലിക്കുക എന്നാണ്. ചുരുക്കത്തിൽ, ഇതര വ്യക്തികളെ ഇഷ്ടപ്പെടുകയും അവരുടെ നേരേ മനസ്സ് അലിയുകയും അവന്റെ അഭ്യുദയത്തിനുവേണ്ടി സ്വയം ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന നിസ്വാർത്ഥ വ്യക്തിയാണ് യഥാർത്ഥ മിത്രം. ഒരു നല്ല മിത്രമുള്ളവൻ തീർച്ചയായും ഭാഗ്യവാനാണ്. ബുദ്ധമതത്തിലെ മൂല്യവിശേഷണങ്ങളായ കരുണയും മൈത്രിയും മിത്രം എന്ന പദത്തിൽ ഒളിഞ്ഞുകിടപ്പുണ്ട്. കരുണയുള്ളവനാണ്, മൈത്രീഭാവമുള്ളവനാണ് മിത്രം. മിത്രസന്നിധി മോദസ്ന്ദായകമാണ്. മിത്രത്തോടൊത്ത് സമയം ചെലവഴിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. അതിനുകാരണം അലിയുന്ന രണ്ടു ഹൃദയങ്ങൾ പരസ്പരം ലയിച്ച് ഒന്നുചേരുന്നതുകൊണ്ടാണ്. ഏകാന്തത മനുഷ്യന് ആവശ്യമെങ്കിലും എപ്പോഴും ഏകനായി ഇരിക്കാൻ വിധിക്കപ്പെട്ടവനല്ല മനുഷ്യൻ. പരോൻമുഖമായ മനുഷ്യമനസ്സ് അപരനിൽ വിലയം കൊള്ളാൻ ആഗ്രഹിക്കുന്നു. രണ്ട് മനസ്സുകൾ ഒന്നുചേരുന്നു. ഇവിടെ മൈത്രീഭാവം ഉണരുന്നു, വിടരുന്നു. ഹൃദയങ്ങൾ നിറയുന്നു. ഇത് എല്ലാ മനുഷ്യർക്കും ദൈവം നൽകിയിട്ടുള്ള സാദ്ധ്യതയും സമ്മാനവുമാണ്. പക്ഷേ മൈത്രീഭാവത്തെ അലങ്കോലപ്പെടുത്തുന്നതിനും അലിയുന്ന ഹൃദയത്തെ വലിച്ചെറിയുന്നതിനും അഹന്താപ്രേരിതനായ മനുഷ്യനു കഴിയും. പലപ്പോഴും സ്വാർത്ഥകലുഷിതമായ ആശാപാശങ്ങൾ കൊണ്ടും വിവേചനരഹിതമായ പ്രവർത്തനരീതികൊണ്ടും മൈത്രീഭാവത്തിന്റെ നിർമ്മലസ്ഫടികം മനുഷ്യൻ ഉടച്ചുകളയുന്നു. മിത്രം പിന്നെ ശത്രുവായി മാറുന്നു. ഇത് സംഭവിക്കാതിരിക്കാൻ നമ്മൾ എല്ലാവരും ശ്രദ്ധിക്കണം. അഹങ്കാരരഹിതരായി ജീവിക്കാൻ പരിശ്രമിക്കണം.

സാധാരണമായി നമ്മുടെ ജീവിതത്തിൽ മിത്രങ്ങൾ കടന്നുവരാൻ സ്നേഹസമ്പന്നനായ ദൈവം അനുവദിക്കാറുണ്ട്. ഈ മിത്രങ്ങളിലുടെയും എല്ലാ മൈത്രീഭാവങ്ങളുടെയും ഉറവിടമായ ദൈവം നമുക്ക് സന്തോഷവും സാന്ത്വനവും നൽകുന്നു. സഹനത്തിന്റെ തീച്ചൂളയിൽ കഠിന പരീക്ഷകൾക്ക് വിധേയരായ വിശുദ്ധർക്കും ഇത്തരത്തിലുള്ള നല്ല മിത്രങ്ങൾ ഉണ്ടായിരുന്നു. തന്റെ സ്വന്തം സഭക്കാരാൽ പരിത്യക്തനും ശിക്ഷിതനുമായി ആശ്രമാങ്കണത്തിൽ ജയിൽവാസം അനുഭവിക്കേണ്ടിവന്ന വി. യോഹന്നാൻ ക്രൂസ് പിതാവിനും നല്ല മിത്രങ്ങൾ ഉണ്ടായിരുന്നു. അവർക്ക് അദ്ദേഹത്തെ ആദരിക്കാനും അംഗീകരിക്കാനും മനസ്സിലാക്കാനും സാധിച്ചിരുന്നു. ഒരു മിത്രവുമില്ലാത്ത, നമ്മെ സ്നേഹിക്കാൻ ഒരു മനുഷ്യഹൃദയവുമില്ലാത്ത, ഒരു ലോകത്തിൽ സാധാരണമായി ദൈവം നമ്മെ കൈവിടാറില്ല. വിശുദ്ധിയുടെ പന്ഥാവിൽ മിത്രങ്ങൾ അംഗീകൃതവും അനുഗൃഹീതവുമാണ്. അതുകൊണ്ട് നല്ല മിത്രങ്ങൾ നമുക്ക് മോദംതരുമ്പോൾ അതിൽ സന്തോഷിക്കുക, ദൈവത്തിന് നന്ദി പറയുക. പക്ഷേ എപ്പോഴും മിത്രങ്ങളാൽ പരിസേവിതനായി സദാ സന്തോഷത്തിന്റെ വേലിയേറ്റത്തിൽ ജീവിക്കാൻ നാം ആഗ്രഹിക്കരുത്. കാരണം, അത് പ്രായോഗികമായി അസാധ്യമായിരിക്കും.

മനുഷ്യമിത്രങ്ങൾ ഇല്ലാത്ത അവസരങ്ങളിലും സാർവത്രിക മൈത്രീഭാവത്തിന്റെ അവതാരരൂപമായ യേശുനാഥനായ ഉത്തമ മിത്രം എന്നും യേശുശിഷ്യയോടുകൂടെ ഉണ്ടായിരിക്കും. അനന്തതയുടെ ഔന്നിത്യത്തിൽ നിന്നു മനുഷ്യനിൽ മനസ്സലിഞ്ഞ് ഭൂമിയിലേക്ക് ഇറങ്ങിവന്നതാണ് ഈ ദൈവികമിത്രം. സ്വയം ത്യജിച്ച്, സ്വയം മനുഷ്യമക്കളിൽ ലയിച്ച്, മനുഷ്യഹൃദയത്തോട് ഒന്നുചേർന്ന ഈ ദിവ്യമിത്രത്തിന്റെ സന്നിധാനം യേശുശിഷ്യയ്ക്ക് എന്നും ആനന്ദദായകമാണ്. യേശുശിഷ്യയെ സംബദ്ധിച്ചിടത്തോളം മനുഷ്യമിത്രങ്ങളിൽനിന്നു ലഭിക്കുന്ന സന്തോഷവും സാന്ത്വനവും തന്റെ പ്രിയനും ശ്രേഷ്ഠഗുരുവുമായ യേശുനാഥൻ നൽകുന്ന സന്തോഷത്തിന്റെ പ്രതീകങ്ങൾ മാത്രമാണ്. അതുകൊണ്ടുതന്നെ, പ്രതീകങ്ങളിലൂടെ സ്നേഹം അനുഭവവേദ്യമല്ലാത്ത അവസരങ്ങളിലും മനസ്സിന്റെ സമനില കാക്കുന്നതിനും അവൾക്കു കഴിയുന്നു. പ്രതീകങ്ങൾ എപ്പോഴും ഒരു വിരൽചൂണ്ടിയാണ്. വേറെ എന്തിനെയോപ്രതി നമ്മുടെ മുമ്പിൽ നിൽക്കുന്ന വസ്തുവിനെയാണ് പ്രതീകം എന്നു പറയുന്നത്. ആ മറ്റൊന്ന് എന്താണെന്നു മനസ്സിലാക്കാതെ പ്രതീകത്തെ അവസാന

യാഥാർത്ഥ്യമായി പരിഗണിച്ച്, പ്രതീകത്തിൽ കണ്ണുംനട്ട് ജീവിത സാഫല്യം അണയുവാൻ കൊതിക്കുന്ന മർത്യനാണ്, പ്രതീകം അപ്രത്യക്ഷമാകുമ്പോൾ മനസ്സ് മടുത്ത് കരയുന്നതും നിരാശതയിൽ നിപതിക്കുന്നതും. പക്ഷേ പ്രതീകത്തെ മാറെറാന്നിന്റെ സൂചനയും മുൻ ആസ്വാദനവുമായി കാണുന്ന വ്യക്തിക്ക് പ്രതീകം എന്നും താൽകാലി കവും എന്നാൽ താത്പര്യജനകവുമായ വസ്തുവാണ്. യേശുശിഷ്യ തന്റെ ഹൃദയത്തിൽ മോദം വിതയ്ക്കുന്ന മിത്രങ്ങളെ ആത്മാവിന്റെ ഉള്ളിന്റെ ഉള്ളിൽ അവിസ്മരണീയമായ ആഹ്ലാദം നൽകുന്ന ആത്മനാഥന്റെ പ്രതീകങ്ങളായി കാണുന്നു. ഓരോ പ്രതീകത്തിലുടെയും നാഥനിലേക്ക് ഉയരുന്നു. നാഥനിൽ വിലയംകൊള്ളാൻ കൊതിക്കുന്നു. പ്രതീകങ്ങളുടെ തിരോഭാവം യേശുശിഷ്യയ്ക്ക് ഖേദകരമാണ്. പക്ഷേ നിരാശാജനകമല്ല. മറിച്ച് മിത്രം ശത്രുവായി മാറുമ്പോഴും മനസ്സ് മടുക്കാതെ മഹനീയതയുടെ മണിക്കോവിലിലേക്ക് ആത്മനാ പറന്നുയരുന്നതിന് അവൾക്കു കഴിയും. അതുകൊണ്ട് അവൾ തുടർന്നു പാടുന്നു: "ശത്രുക്കൾ എന്നെ വെറുത്തിടുമ്പോൾ."

സക്ഷാൽ മനുഷ്യ ജീവിതം സുഖാനുഭൂതികളിലുടെയുള്ള സ്വപ്ന പ്രയാണമല്ലെന്ന് യേശുശിഷ്യയ്ക്കു നന്നായി അറിയാം. ഗദ്സേമിനിയിൽ രക്തം വിയർത്തും ഗാഗുൽത്തായിൽ കുരിശിൽ മരിച്ചും തനിക്കു ജീവൻ നേടിത്തന്ന ലോകഗുരുവിന്റെ ശിഷ്യയാണവൾ. സന്തോഷമെന്നപോലെ സന്താപവും വന്ദനം എന്നപോലെ നിന്ദനവും ഈ ലോകജീവിതത്തിൽ നമ്മെ സമാശ്ലേഷിക്കുമെന്ന് അവൾക്ക് നല്ല ഉറപ്പുണ്ട്. അതുകൊണ്ട് ശത്രുമിത്രങ്ങളെ ഒരു പരിധിവരെ ഒന്നായികാണാനും അവൾക്കു കഴിയും. എന്നുവച്ചാൽ മിത്രം ഹൃദയത്തിൽ വിതയ്ക്കുന്ന മോദവും ശത്രു മനസ്സിൽ ഉദ്പാദിപ്പിക്കുന്ന വെറുപ്പും ഒരുപോലെ താൽകാലികവും ക്ഷണഭംഗുരവും ആണെന്ന് അവൾക്കറിയാം. അതുകൊണ്ട് സന്തോഷത്തിൽ മതിമറക്കാതെ, സന്താപത്തിൽ മനസ്സ് മടുക്കാതെ, തന്റെ സ്നേഹനാഥനിൽ കണ്ണുനട്ടുകൊണ്ട് മുന്നോട്ടുപോകാൻ അവൾക്ക് കഴിയും.

മിത്രവും ശത്രുവും സ്വന്ത ജീവിതത്തിൽ നമുക്ക് അഭിമുഖീഭവി ക്കുവാൻ പാടുണ്ട്. ആരാണ് ശത്രു? 'ശത്' എന്ന സംസ്കൃതധാതുവിൽ നിന്നാണ് ശത്രു എന്ന പദം ഉൽഭവിക്കുന്നത്. ഈ പദത്തിന്റെ അർത്ഥം 'വീഴുക' അഥവാ 'വീഴ്ത്തുക' 'അടിപ്പെടുത്തുക' എന്നെല്ലാമാണ്. ചുരുക്കത്തിൽ, നമ്മുടെ വീഴ്ചയിൽ സന്തോഷിക്കുന്നവനും വീഴ്ചയ്ക്ക്

ഉതകുന്നവിധം നമ്മോട് പെരുമാറുന്നവനുമാണ് ശത്രു. ദൈവം ആരെയും ശത്രുവായി സൃഷ്ടിച്ചിട്ടില്ല. പരിശുദ്ധസ്നേഹത്തിന്റെ പറുദീസായിൽ സർവചരാചരങ്ങളുടെയും സ്നേഹമിത്രമായാണ് ദൈവം ആദിമാതാപിതാക്കളെ സൃഷ്ടിച്ചത്. അവിടെയെല്ലാം കറതീർന്ന സ്നേഹം തളംകെട്ടിനിന്നിരുന്നു. എന്നാൽ ഈ പറുദീസായിൽ വിരോധ മനോഭാവത്തിന്റെ ബീജവുമായി വന്നെത്തിയത് അഹങ്കാരസ്വരൂപനായ പിശാചാണ്. ദൈവത്തിന് എതിരായി അഹന്ത ഫണമുയർത്തിയപ്പോൾ അലോകസുന്ദരമായ പറുദീസായിലെ ഋതുമനോഹാരിത നഷ്ടപ്പെട്ടു. സ്വന്തം വലിപ്പവും മഹിമയും സ്ഥാപിക്കാൻ മനുഷ്യൻ തീരുമാനിച്ചു. ദൈവത്തെ മറന്നും സഹോദരനെ നിഹനിച്ചും സ്വാർത്ഥപൂരണത്തിനായി മനുഷ്യൻ മുതിർന്നു. അതോടെ ശത്രുതയെന്ന വിദ്വേഷമനോഭാവം ലോകത്തിലുദിച്ചു. ശത്രുതയുടെ അടിയിൽകിടക്കുന്നത് അഹന്തയെന്ന മനോഭാവമാണ്. അഹങ്കാരവിമുക്തനായ വ്യക്തിക്കു മാത്രമേ ശത്രു മിത്രങ്ങളെ ഒരുപോലെ കാണാൻ സാധിക്കുകയുള്ളു. ശത്രുവിനോടും മിത്രത്തോടും ഒരുപോലെ ക്ഷമിക്കുകയെന്നതാണ് യതിവര്യന്മാരുടെ ഭൂഷണം. ക്ഷമ, ശത്രൗചമ, മിത്രേശ്ചഃ, യതീനാമേവ ഭൂഷണം എന്നാണ് സുഭാഷിതം. സക്ഷാൽ യതിവര്യൻ ആത്മ സംയമനംകൊണ്ട് അഹങ്കാരപരമായ വികാരവിചാരങ്ങൾക്ക് അതീതനായി ഉയർന്നവ നാണ്. അതുകൊണ്ട് ശത്രുവിനോട് ക്ഷമിക്കുന്നതിനും സ്നേഹപൂർവം പെരുമാറുന്നതിനും വേണ്ടിവന്നാൽ ഗുരുനിർദ്ദേശമനുസരിച്ച് ശത്രുവിനു വേണ്ടി മരിക്കുന്നതിനും ആത്മസംയമനം നേടിയ യേശുശിഷ്യ തയ്യാറാണ്. അതുകൊണ്ട് അവൾ പാടുന്നു: "മിത്രങ്ങൾ എന്നുള്ളിൽ മോദം വിതയ്ക്കുമ്പോഴും ശത്രുക്കൾ എന്നെ വെറുത്തിടുമ്പോഴും സർവത്ര നിൻമനം മാത്രം ഞാൻ തേടാൻ എന്നെ ഒരുക്കു നീ ജീവേശ്വരാ."

ശത്രുമിത്രങ്ങളെ ഒന്നായി കാണാനുള്ള ഈ മനോഹര കാഴ്ചപ്പാടും മനോധൈര്യവും അവൾക്കു ലഭിക്കുന്നത് അവളുടെ സ്നേഹനാഥനിൽനിന്നാണ്. മനസ്സിന്റെ മണിക്കോവിലിൽ വസിക്കുന്ന അവിടന്ന് അവളുടെ കാഴ്ചപ്പാടിന്റെ വെളിച്ചവും തീരുമാനത്തിന്റെ ധൈര്യവും സകല സന്തോഷങ്ങളുടെയും സാരാംശവുമാണ്. അതുകൊണ്ടാണ്, ആ നാഥനിൽ ഉറച്ചുനിൽക്കുന്നതുകൊണ്ടാണ്, മിത്രത്തിന്റെ സ്നേഹത്തിലും ശത്രുവിന്റെ ദ്വേഷത്തിലും അടിപതറാതെ ആകുലചിത്തയാകാതെ അവൾ ധൈര്യപൂർവം മുന്നോട്ട് പോകുന്നത്. അവൾക്ക് ഒരേ ഒരു ആഗ്രഹമേയുള്ളു: എവിടെയും നാഥന്റെ ഹിതം

തേടണം, നിറവേറണം. ആത്മാവിന്റെ അന്തരാളത്തിൽ നിന്നുയരുന്ന ഈ ആഗ്രഹം മനുഷ്യമനസ്സിൽ ഉദിക്കുന്ന മറെറല്ലാ ആഗ്രഹങ്ങളെയും അതിജീവിക്കുന്നു, കാലക്രമത്തിൽ നിശ്ശബ്ദമാക്കുന്നു. അതുകൊണ്ട് ഇഷ്ടാനിഷ്ടങ്ങളാകുന്ന സംഭവവികാസങ്ങളോ രാഗവിദ്വേഷങ്ങളോ അവളുടെ സമാധാനത്തെ ഹനിക്കാറില്ല. സർവത്ര, തന്റെ പ്രേമനാഥന്റെ ഹിതംമാത്രം തേടി, ശാന്തയായി, ശാലീനയായി, ധ്യാന നിർലീനയായി അവൾ തന്റെ ദിവ്യനാഥന്റെ കാൽപ്പാടുകളിലൂടെ കടന്നുപോകുന്നു.

അദ്ധ്യായം മൂന്ന്

താമസരാത്രി

താമസരാത്രിയിൽ താളം പിഴയ്ക്കാതെ
താവക പൊൻമുഖം തേടുവാനും
രാവിൻ പ്രാശാന്തിയിൽ നിന്നിൽ ലയിക്കാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

താമസരാത്രിയിൽ താളം പിഴയ്ക്കാതെ

ആദ്ധ്യാത്മികയാത്രയുടെ ഇടുങ്ങിയ പാതയിലൂടെ മുന്നോട്ടു പോകുന്ന ആത്മാവിന് അനുഭവപ്പെടുന്നതും ആന്തരികയാതന നിറഞ്ഞതുമായ ഒരു വിഷമഘട്ടമാണ് ആത്മാവിന്റെ രാത്രി. വിശുദ്ധരുടെ ജീവചരിത്രം പരിശോധിക്കുമ്പോൾ, പ്രത്യേകിച്ചും ജീവിതത്തിന്റെ അവസാന നാളുകളിൽ, അവർ തമോനിബിഡമായ ഈദൃശ രാത്രി കളിലൂടെ കടന്നു പോകുന്നതായി നമുക്ക് കാണാം. ഈ രാത്രി ഇവിടെ ഒരു പ്രതീകത്തെ അവതരിപ്പിക്കുകയാണ്. നിശയുടെ നിശ്ശബ്ദതയും തമസ്സിന്റെ തിരശ്ശീലയും എല്ലാം പ്രതീകങ്ങളാണ്. ഈ നിശ സംഭവിക്കുന്നതും തമസ്സ് അനുഭവപ്പെടുന്നതും ആത്മാവിലാണ്. സൂര്യശോഭയിൽ പ്രകാശിച്ചു നിൽക്കുന്ന വഴികളിലൂടെ അനായാസേന യാത്രചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യൻ സൂര്യാസ്തമനത്തിനുശേഷം ഇരുട്ടുള്ള രാത്രിയിൽ വഴിമുട്ടി നിൽക്കുന്നു. ഒരു ചെറിയ ടോർച്ച് എങ്കിലും കൈയിൽ ഇല്ലെങ്കിൽ യാത്ര തുടരുക ആസാധ്യമാണ്. ഏകദേശം ഇതുപോലുള്ള ഒരു അനുഭവമാണ് താമസരാത്രിയിൽ ആത്മാവിനുണ്ടാകുന്നത്. അതുവരെ പഠിച്ചുവച്ച ആശയങ്ങളുടെയും ദൈവത്തിൽനിന്നും ലഭിച്ച അനുഭൂതികളുടെയും വെളിച്ചത്തിൽ സസന്തോഷം യാത്ര ചെയ്തിരുന്ന ആത്മാവിന് തന്റെ മുന്നോട്ടുള്ള പ്രയാണം പ്രയാസകരമായി അനുഭവപ്പെടുന്നു. ഇതിന്റെ പ്രധാന കാരണം, ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന വെളിച്ചത്തിൽ നിന്നു വ്യത്യസ്തമായ ഒരു പുത്തൻ ദൈവിക വെളിച്ചത്തിലൂടെ നടക്കാൻ തന്റെ അരുമനാഥൻ ആത്മാവിനെ വിളിക്കുന്നു എന്നതാണ്. ഈ പുത്തൻ

രാവിൻ പ്രാശാന്തിയിൽ നിന്നിൽ ലയിക്കാനും...

വെളിച്ചം ഇന്ദ്രിയങ്ങളുടേതോ മാനസിക ചിന്തകളുടേതോ അല്ല. പ്രത്യുത ഉൾകണ്ണ് തുറക്കുന്ന വിശ്വാസത്തിന്റേതാണ്. ദൈവത്തിന്റേതായ നിർമ്മലനയനങ്ങളിലൂടെ എല്ലാം നോക്കിക്കാണാനുള്ള ഈ ക്ഷണം ഒരേസമയം സംഭ്രമ ജനകവും സന്തോഷസംദായകവുമാണ്. ഇതുവരെയുള്ള വെളിച്ചം നഷ്ടപ്പെടുന്നതിന്റെ ഭീതിയും ഉത്കണ്ഠയും ഒരുവശത്ത്. അതേ സമയം അന്ധകാരയവനികയ്ക്ക് അപ്പുറത്തു നിൽക്കുന്ന ആത്മനാഥന്റെ ക്ഷണം മറുവശത്ത്. അന്ധകാരമയമായ ഈ രാത്രിയിലൂടെ കടന്നുപോകുമ്പോഴും അതിന്റെ വേദനയുടെ അടിത്തട്ടിലും തന്നോടു കൂടെ തന്റെ നാഥൻ അദൃശ്യനായി അധിവസിക്കുന്നുണ്ടെന്ന് അവൾ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാലും ഇത് സാക്ഷാൽ രാത്രിയാണ്. രാത്രിയുടെ എല്ലാ സ്വഭാവങ്ങളും യാത്രയുടെ ഈ ദിവസങ്ങൾക്ക് ഉണ്ടുതാനും.

സാധാരണമായി നമ്മൾ സ്വാഭാവികമായ അറിവിനാൽ നയിക്കപ്പെടും. ഈ അറിവ് രണ്ടുതരത്തിൽ നമുക്ക് ലഭിക്കുന്നു. 1) ഇന്ദ്രിയങ്ങളിലൂടെ 2) ബുദ്ധിയിലൂടെ. ഐന്ദ്രികമായ അറിവ് വിഷയബദ്ധവും സ്ഥായീഭാവരഹിതവുമാണ്. എന്നുപറഞ്ഞാൽ ഐന്ദ്രിയ വിഷയങ്ങൾ മാറുന്നതനുസരിച്ച് ആ അറിവിന്റെ അനുഭവവും സദാ മാറികൊണ്ടിരിക്കും. അതുക്കൊണ്ട് ഇന്ദ്രിയങ്ങൾ നമുക്കുനൽകുന്ന അറിവ് നമുക്ക് ആവശ്യമാണെങ്കിലും അവ നമ്മുടെ അറിവിന്റെ മാനദണ്ഡങ്ങളാക്കാൻ പറ്റുന്നതല്ല. ഇന്ദ്രിയങ്ങൾ ലോകത്തിലുള്ള വസ്തുക്കളെ മാത്രമേ നമ്മിലേക്ക് കൊണ്ടുവരുന്നുള്ളു. ദൈവത്തെ നേരിട്ടു തരുന്നതിന് അവയ്ക്ക് ഒരിക്കലും കഴിയുകയില്ല. എങ്കിലും സുന്ദരമായ പ്രകൃതിയിൽ മറഞ്ഞു നിൽക്കുന്ന ദൈവസന്നിധാനത്തെ ചൂണ്ടിക്കാണിക്കുന്നതിനും ഇന്ദ്രിയ മണ്ഡലത്തിൽ നിന്ന് ബുദ്ധിയുടെ മണ്ഡലത്തിന്റെ പടിവാതില്ക്കൽ നമ്മെ എത്തിക്കുന്നതിനു അവയ്ക്കു കഴിയും.

ഇന്ദ്രിയങ്ങൾ നൽകുന്ന അനുഭൂതികളെ അപഗ്രഥിച്ച്, പരസ്പരം കൂട്ടിയിണക്കി ആശയങ്ങൾ നിർമ്മിക്കുന്നതിന് ബുദ്ധിക്കു കഴിയും. കാലക്രമത്തിൽ ഈ ആശയങ്ങൾ ദൈവത്തെ അറിയുന്നതിനും മനസ്സിൽ സംഗ്രഹിക്കുന്നതിനും നമുക്ക് ഉപകരിക്കുന്നു. പക്ഷേ വി. തോമസ് അക്വീനാസ് പറയുന്നതുപോലെ, ഇന്ദ്രിയങ്ങളിൽ ഇല്ലാത്ത ഒന്നും തന്നെ ബുദ്ധിയുടെ അപഗ്രഥനത്തിനു വിഷയമാകുന്നില്ല. വേറെ വാക്കുകളിൽ പറഞ്ഞാൽ, ബുദ്ധി നമുക്കു തരുന്ന അറിവെല്ലാം

ഇന്ദ്രീയങ്ങളിലൂടെ ലോകത്തിൽനിന്ന് അതിനു ലഭിക്കുന്ന അനുഭൂതികളുടെ ആശ്ലേഷവിശേഷങ്ങളും അപഗ്രഥനങ്ങളുമാണ്. എത്ര വിശേഷമായ ആശയവും ബുദ്ധിയുടെ തലത്തിൽമാത്രം ഒതുങ്ങി നിൽക്കുകയാണെങ്കിൽ, ലോകത്തിന്റേതാണെന്നു സാരം. ദൈവ ഭക്തരായ പല നല്ല ആത്മാക്കളും പഠിക്കുന്ന ദൈവശാസ്ത്രം, പലപ്പോഴും ബുദ്ധിയുടെ ഈ തലത്തിൽ ഒതുങ്ങിനിൽക്കുന്ന ആശയ പരമ്പരകളാണ്. ഇവിടെ ദൈവം, അഥവാ യേശുക്രിസ്തു പഠനത്തിന്റെ വിഷയമാകുന്നു. ഈ പഠനവും വസ്തുനിഷ്ഠമായ ആശയ സംഭരണവും നല്ലതാണെങ്കിലും ദൈവാനുഭൂതിയുടെ അഗാധതലങ്ങളിലേക്ക് ഇവ നമ്മെ എത്തിക്കുന്നില്ല. ഇവ കൈവെടിഞ്ഞ്, പകൽപോലുള്ള ഈ വെളിച്ചത്തിൽനിന്നു മാറി, തമോമയമായി അനുഭവപ്പെടുന്ന ഒരു പുത്തൻ വെളിച്ചത്തിലൂടെ യാത്രചെയ്യാൻ ദൈവം ആത്മാവിനെ ക്ഷണിക്കുമ്പോഴാണ് ആത്മാവിന്റെ രാത്രി സമാരംഭിക്കുന്നത്. രാത്രിയിൽ എല്ലാം നിശ്ശബ്ദമായിരിക്കുന്നതുപോലെ തന്റെ ഐന്ദ്രികതലവും ബൗദ്ധിക തലവും ക്രിയാരഹിതമായിരിക്കണം. നിശ്ശബ്ദമായിരിക്കുന്ന ആ അവസ്ഥയിൽ, വ്യതിചലനങ്ങൾക്ക് വിധേയയാകാതെ, ഏകാകിനിയായി, യേശുശിഷ്യ യേശുവിനെ തേടുന്നു.

അതിസ്വാഭാവികമായ വിശ്വാസത്തിന്റെ പുതിയ അറിവാണ് ഈ രാത്രിയിലെ ഏക വെളിച്ചം. എന്നുപറഞ്ഞാൽ കറതീണ്ടാത്ത യേശുവിന്റെ കണ്ണുകളിലൂടെ എല്ലാം കാണാനും വിധി രൂപീകരിക്കാനും അവളുടെ ഉൾക്കണ്ണ് തുറക്കണമേ എന്ന് യേശുവിനോട് പ്രാർത്ഥിക്കുന്നു. ഈ ഉൾക്കണ്ണാണ് നമ്മിൽ വസിക്കുന്ന പരിശുദ്ധാരൂപി. ദൈവമായ ഈ അരൂപി, അനന്തസത്തയായ പിതാവിൽനിന്നും വചനമായ പുത്രനിൽ നിന്നും പുറപ്പെടുന്ന ഈ ദൈവാരൂപി നമ്മിൽ അധിവസിക്കുന്ന അഗാധമായ അവബോധവിശേഷമാണ്. ഈ അരൂപിയുടെ രണ്ടുകിരണങ്ങളാണ് വിജ്ഞാനവും ആനന്ദവും (Light and delight). ഈ വിജ്ഞാനകതിരുകൾ നമ്മുടെ ബുദ്ധിയിലേക്കു പ്രവേശിക്കുമ്പോൾ ദൈവികമായി നമ്മൾ ഉണരുന്നു. നമ്മുടെ ആദ്ധ്യാത്മികനേത്രങ്ങൾ തുറക്കപ്പെടുന്നു. വിശ്വാസവെളിച്ചത്തിലൂടെയുള്ള ഈ യാത്രയാണ് ആത്മാവിന്റെ രാത്രിയിലൂടെയുള്ള യാത്രയായി ഇവിടെ അവതരിപ്പിക്കുന്നത്.

നമ്മുടെ അമ്മയായ പരി. കന്യാമറിയം ഈ യാത്രയുടെ ഒരു മകുടോദാഹരണമാണ്. കന്യകയാണെങ്കിലും 'നീ ഒരു പുത്രനെ

പ്രസവിക്കുമെന്നും ആ പുത്രൻ അത്യുന്നതനും ദൈവസുതനും ആയിരിക്കു'മെന്നും മാലാഖ അരുൾചെയ്തപ്പോൾ മാതാവിന് കാര്യമായി ഒന്നും മനസ്സിലായില്ല. അതുകൊണ്ട് അവൾ ചോദിച്ചു: "ഇത് എങ്ങനെ സംഭവിക്കു"മെന്ന്. "പരിശുദ്ധാരൂപി നിന്റെ മേൽ എഴുന്നെള്ളി വരും" എന്ന മാലാഖയുടെ ഉത്തരം മനുഷ്യരുടെ സാമാന്യബുദ്ധിയിൽ നിന്നുയർന്നുവരുന്ന ചോദ്യങ്ങൾക്ക് മതിയായ മറുപടിയായിരുന്നില്ല. പക്ഷേ അത് ഒരു ക്ഷണമായിരുന്നു: മനുഷ്യബുദ്ധിക്ക് അതീതവും മാനവകല്പനകൾക്ക് വിപരീതവുമായ ഒരു പുത്തൻ പന്ഥാവിലൂടെയാണ് ഇനി നിനക്ക് പോകാനുള്ളത്. ഈ പുത്തൻ വഴിത്താര എങ്ങനെയുള്ളതോ, എവിടെച്ചെന്ന് അവസാനിക്കുന്നതോ ആണെന്ന് പരിശുദ്ധയായ മാതാവിനുപോലും അപ്പോൾ അറിയാമായിരുന്നില്ല. ഒന്നുമാത്രം തീർച്ചയായിരുന്നു. നിഗൂഢവും ചിന്താതീതവുമായ ഒരു പുതിയ പാതയിലൂടെയായിരിക്കും ഇനിയുള്ള ജീവിതം എന്ന്. അതുകൊണ്ട് ചോദ്യങ്ങൾ എല്ലാം തന്നെ നിറുത്തിവച്ച്, ബുദ്ധിയുടെ സാമാന്യ പ്രവണതകളെ മൗനത്തിലാഴ്ത്തി വിശ്വാസദീപം മാത്രം മുറുകെപ്പിടിച്ച് അവൾ പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ" (ലൂക്ക 1.38). ഈ വാക്കുകളിലൂടെ മറിയം പരിശുദ്ധത്മാവിന്റെ പ്രവർത്തനത്തിന് സ്വയം വിട്ടുകൊടുത്തു.

യഥാർത്ഥ അറിവ് അർപ്പണമാണ്, ആയിത്തീരലാണ്. ഈ അറിവിന്റെ ഉറവിടവും മാർഗ്ഗദർശനവും സന്തതസഹചാരിയായ പരിശുദ്ധാത്മാവ് തന്നെയാണ്. ഗർഭണിയായി ബദ്‌ലഹേമിലെ തെരുവുകളിൽ ഉണ്ണിക്കു പിറക്കാൻ സ്ഥലംതേടി നടക്കുന്ന അവസരത്തിൽ മാലാഖയുടെ വചനങ്ങൾ സാമാന്യ മനുഷ്യബുദ്ധിയിൽ വീണ്ടും ചോദ്യചിഹ്നങ്ങളായി വരാൻപാടുണ്ട്. ഇത് ബുദ്ധിയെ സംബന്ധിച്ചിടത്തോളം അന്ധകാരമയമായ ഒരു പരിത:സ്ഥിതിയാണ്. ബുദ്ധിയുടെ രാത്രിയാണെന്നു സാരം. മാതാവിൽ ഇങ്ങനെ ഒരു ചോദ്യചിഹ്നം ഉയർന്നു എന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാലും തന്റെ ബുദ്ധിക്ക് അതീതമായ അഗോചരവഴിത്താരകളിലൂടെയാണ് ദൈവം തന്നെ നയിക്കുന്നതെന്ന് അവൾക്ക് അറിയാമായിരുന്നു. ആ ദൃഢനിശ്ചയത്തിൽ ഉറച്ചുനിന്നുകൊണ്ട് ആത്മാവിന്റെ ആ രാത്രി മറിയം നേരിടുന്നു. ഉണ്ണി പിറന്നതിനുശേഷം വിനീതരായ ആട്ടിടയർ വന്ന് പറഞ്ഞ വിശേഷങ്ങൾ അവളെ വികാരതരളിതയാക്കുന്നു. കാരണം, ദൈവത്തിന്റെ വഴി അനിതരസാധാരണവും അലോകസുന്ദരവുമാണെന്ന്

അപ്പോൾ അവൾ ഒന്നുകൂടി തെളിവായിക്കാണുന്നു. ചുറ്റും മുറ്റി നിൽക്കുന്ന ഇരുട്ടിലും സാന്ത്വനത്തിന്റെ കരതലങ്ങൾ കൊണ്ട് ദൈവം നമ്മെ തലോടാൻ പാടുണ്ട്. നമ്മുടെ വിശ്വാസത്തിന്റെ പുനരാവിഷ്കരണത്തിനും ഉത്തേജനത്തിനും ഉറപ്പിക്കലിനും ഇത് സഹായകമാകുന്നു. മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു (ലൂക്ക 2:19).

ക്ലേശഭൂയിഷ്ഠമായ തിക്താനുഭവങ്ങളിലൂടെ നമ്മുടെ അമ്മക്ക് പിന്നെയും പോകേണ്ടിയിരുന്നു. ഹേറോദേസ് കുഞ്ഞിനെ കൊല്ലാൻ ആഗ്രഹിക്കുന്നതുകൊണ്ട് ഉടനടി ഈജിപ്തിലേക്കു പലായനം ചെയ്യണമെന്ന് ആജ്ഞ ലഭിക്കുന്നു. മംഗലവാർത്താവസരത്തിൽ ഉണ്ടായതുപോലെയുള്ള ചോദ്യങ്ങൾ ഒന്നും നാം ഇവിടെ കാണുന്നില്ല. പണ്ടു തൊട്ട് ശത്രുദേശം എന്നു പേരുകേട്ട ഈജിപ്തിലേക്ക് അവർ ഉടനടി യാത്രയായി. മനസ്സിന്റെ മൗനം ജീവിതശൈലിയായി മാറിക്കഴിഞ്ഞു. പിന്നീട്, അറിയപ്പെടാത്ത ദേശമായ നസ്രസ്സിൽ അത്യുന്നത ദൈവസുതൻ എന്നു വിചാരിക്കപ്പെടുന്ന ശിശുവുമൊത്ത് ഏറെ വത്സരങ്ങൾ അജ്ഞാതവാസമെന്നപോലെ കഴിയുന്നു. കർത്താവിന്റെ പരസ്യജീവിതത്തിന്റെ പരിസമാപ്തിയിലെത്തുമ്പോൾ ആദ്ധ്യാത്മിക രാത്രികളുടെ കഠോരത തീവ്രതരമാകുന്നു. അവനിക്കും ആകാശത്തിനും ഇടയ്ക്ക് മരക്കുരിശിൽ മരിക്കുന്ന അരുമസുതനെ നോക്കിക്കൊണ്ടു നിൽക്കേണ്ട നിമിഷങ്ങൾ അതീവ ദാരുണവും വേദനാജനകവും ആയിരുന്നു. വിശ്വാസത്തിന്റെ ദാർഢ്യംകൊണ്ടും അർപ്പണമനോഭാവത്തിന്റെ അചഞ്ചലതകൊണ്ടും നിശയുടെ ഈ നിമിഷത്തിലും അടിപതറാതനിൽക്കാൻ നമ്മുടെ അമ്മയ്ക്കു കഴിഞ്ഞു. ഉയിർത്തെഴുന്നേറ്റ അരുമസുതന്റെ തിരുദർശനത്തോടുകൂടെ കദനത്തിന്റെ കഠോരരാത്രി വീണ്ടും വെളിച്ചത്തിന്റെ പൊൻ പുലരിയായിത്തീരുന്നു. വിശ്വാസം വിജയിക്കുന്നു.

മാതാവിൽ കണ്ട ഈ ജീവിതയാത്ര നമ്മിൽ ഓരോരുത്തരിലും സംഭവിക്കാനുള്ളതാണ്. ഐന്ദ്രികാനുഭൂതികളുടെ അനുരഞ്ജനങ്ങളും മനുഷ്യബുദ്ധിയുടെ മാനദണ്ഡങ്ങളും മാറ്റിവച്ച് വിശ്വാസം നൽകുന്ന അതിസ്വാഭാവിക വെളിച്ചത്തിലൂടെ, ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ, സഹനത്തിന്റെ തീച്ചൂളയിലൂടെ, നമ്മളും കടന്നുപോകണം. ഇത് എന്തിനാണ് എന്നുവച്ചാൽ, ഐന്ദ്രികതലത്തിൽനിന്നും അവ നിർമ്മിക്കുന്ന ബന്ധനങ്ങളിൽനിന്നും നമ്മെ വിമുക്തരാക്കി, ദൈവിക

തലത്തിലേക്ക് പ്രവേശിപ്പിക്കാനും പരിശുദ്ധാത്മാവിന്റെ പ്രവർത്തന ത്തിലുടെ ദൈവിക രൂപീകരണം സാധിക്കാനുമാണ്. ആത്മാവ് പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ പരിവേഷിതയാകണം. മറെറാരു ക്രിസ്തുവിന്റെ പ്രതിരൂപമായിത്തീരണം. ഇതിന് ക്രിസ്തുവിന്റെ ചിന്താരീതിയും ജീവിതശൈലിയും സ്വന്തം ചിന്തയുടെയും പ്രവർത്തന ങ്ങളുടെയും ഉത്തേജനവും അന്തർധാരയും ആകണം. ഇതുവരെ നമ്മെ ഒട്ടിപ്പിടിച്ചിരുന്ന ഇഷ്ടാനിഷ്ടങ്ങളും സുഖസൗകര്യങ്ങളും ചിന്താരീതികളും എല്ലാം ഈ കാര്യ സാദ്ധ്യത്തിനായി കൈമാറണം. ഇവിടെയാണ് ആദ്ധ്യാത്മിക രാത്രി അനുഭവപ്പെടുന്നത്.

നമ്മെ സംബന്ധിച്ചിടത്തോളം ഈ രാത്രിക്ക് ശുദ്ധീകരണത്തിന്റെ പ്രത്യേകതകൂടിയുണ്ട്. അമലോത്ഭവയായ നമ്മുടെ അമ്മ പാപരഹിത യായതുകൊണ്ട് ഒരു പ്രത്യേക ശുദ്ധീകരണത്തിന്റെ ആവശ്യമില്ല. എന്നാൽ നമ്മിലേക്കു തിരിയുമ്പോൾ അതല്ല യാഥാർത്ഥ്യം. പാപപങ്കിലതയിൽ ജനിച്ചുവളർന്ന നമ്മിൽ പലപ്പോഴും വഴിപിഴച്ച വാശികളും ആഗ്രഹങ്ങളും രൂഢമൂലമായി കിടക്കാൻപാടുണ്ട്. ഈ തെറെറായ പ്രവണതകൾ വേരോടെ പിഴുതുകളഞ്ഞ് മനുഷ്യാത്മാവിനെ പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠ പ്രവർത്തനത്തിന് യോഗ്യയാക്കുകയാണ് ആദ്യം നടക്കേണ്ടത്. അതുകൊണ്ട് ആത്മാവിന്റെ രാത്രിയിൽ, വിശ്വാസത്തിന്റെ വെളിച്ചംകൊണ്ട് തമോമയമായ നമ്മിലെ മേഘപടലങ്ങൾ നീക്കി, നമ്മെ നിർമ്മലരാക്കുവാൻ പരിശുദ്ധാത്മാവ് ആദ്യം പരിശ്രമിക്കും. പച്ചമരം അഗ്നിയിൽ പുകയുകയും തീയിൽ നിന്നും തെന്നിമാറാൻ പരിശ്രമിക്കുകയും ചെയ്യുന്നതുപോലെ, ശുദ്ധീകരണ പ്രക്രിയയുടെ ആദ്യഘട്ടങ്ങളിൽ നമ്മളും ശ്രമിക്കാൻ പാടുണ്ട്. പക്ഷേ അടുപ്പിൽവെച്ച പച്ചമരത്തെ വീണ്ടും വീണ്ടും ആവസിച്ച്, മെല്ലെ ഉണക്കിയെടുത്ത് അഗ്നിമയമാക്കുന്നതുപോലെ പരിശുദ്ധാത്മാവ് നമ്മെയും വീണ്ടും വീണ്ടും പരിശുദ്ധീകരിക്കുന്നു. ഇഷ്ടപ്പെട്ടത് പലതും ഇല്ലാതാകുന്നതുകൊണ്ടും, വരാനിരിക്കുന്നത് എന്തെന്ന് അറിയാതിരി ക്കുന്നതുകൊണ്ടും ആത്മാവ് അന്ധകാരാവൃതമായ ഒരു ദിവാസ്വപ്നത്തിൽ എന്നപോലെ കടന്നുപോകുന്നു. കാലക്രമത്തിൽ ഈ ആദ്ധ്യാത്മിക രാത്രിയുമായി അനുരഞ്ജിതയാകുന്നതിനും രാത്രിയുടെ തന്നെ കൂടുതൽ കാതലായ വശങ്ങളിലേക്ക് പ്രവേശിക്കുന്നതിനും ആത്മാവിനു കഴിയും. ആത്മാവിന്റെ രാത്രിയെക്കുറിച്ച് ഇത്രയും ആമുഖമായി പ്രസ്താവിച്ചുകൊണ്ട് മേൽ ഉദ്ധരിച്ച കവിതയുടെ ഓരോ വരികളുടെയും വ്യഖ്യാനത്തിലേക്ക് നമുക്കു പ്രവേശിക്കാം.

താമസരാത്രിയിൽ താളം പിഴയ്ക്കാതെ

താമസരാത്രിയുടെ തപോവനത്തിലൂടെ യാത്ര ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യേശുശിഷ്യയ്ക്ക് ഇപ്പോൾ സംശയം ഒന്നുമില്ല. പക്ഷേ, ഈ യാത്രയിൽ താളം പിഴയ്ക്കാതെ തന്റെ നാഥനിൽ കണ്ണുനട്ടുകൊണ്ട് സ്ഥിതപ്രജ്ഞയായി, അഹങ്കാര രഹിതയായി, വിനയാന്വിതയായി മുന്നേറണമെന്നാഗ്രഹമുണ്ട്. അതുകൊണ്ട് അവൾ പ്രാർത്ഥിക്കുന്നു: 'താളം' പിഴയ്ക്കാതെ എന്ന്. ഇരുട്ടിലൂടെ യാത്രചെയ്യുമ്പോൾ താളം പിഴയ്ക്കുകയെന്നത് സർവസാധാരണമാണ്. താളം പിഴയ്ക്കാതെ കാലടികൾ മുന്നോട്ടുവയ്ക്കുന്നതിന് അവൾക്കുള്ള ഏക വെളിച്ചം വിശ്വാസത്തിന്റെ ദീപനാളമാണ്. ഇത് ഇരുളിൽ പ്രകാശിക്കുന്നുണ്ടെങ്കിലും ഇരുട്ടിന്റെ തിരശ്ശീലയെ പൂർണ്ണമായും ഉച്ചാടനംചെയ്ത് പ്രകാശപ്രചുരിമയാൽ തനിക്ക് നടക്കാനുള്ള വഴി ജാജ്വല്യമാനമാക്കുന്നില്ല. കറുത്തമുകിലുകൾ ഇനിയും അവളെ ആവരണം ചെയ്യുന്നുണ്ട്. അതുകൊണ്ട് യാത്രയുടെ ഈ ആരംഭദശയിൽ വിശ്വാസത്തിന്റെ ചെറിയ ദീപം കെടാതെപിടിക്കണമെന്നും കാലുതെറ്റാതെ, താളം പിഴയ്ക്കാതെ മുന്നോട്ടുപോകണമെന്നും അവൾ ആഗ്രഹിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു.

എങ്ങനെ താളം പിഴയ്ക്കുന്നു? ധീരമായ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും തികച്ചും മാനുഷികവും സ്വതഃസിദ്ധവുമായ പ്രവണതകൾ ഇനിയും പൊട്ടി ഉണരാൻ സാധ്യത ഉണ്ടെന്നും, അവയാൽ നയിക്കപ്പെട്ട്, വ്യതിചലിച്ചു പോകാൻ പാടുണ്ടെന്നും അവൾ വിചാരിക്കുന്നു. അതു സംഭവിക്കരുത് എന്ന് അവൾ ആശിക്കുന്നു. മൂന്നുതരം വികല പ്രവണതകളാണ് സാധാരണമായി നമ്മെ വ്യതിചലിപ്പിക്കുന്നത്. രാഗം, ഭയം, ക്രോധം (ഗീത 2:56). ഒരർത്ഥത്തിൽ നമ്മുടെ ആദ്ധ്യാത്മിക യാത്രയിൽ പ്രശ്നങ്ങളും തടസ്സങ്ങളും ഉണ്ടാക്കുന്നത് ഈ മൂന്ന് ഭീകരന്മാരാണ്. ഇവ മൂന്നുവിധത്തിൽ നമ്മെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷ് ഭാഷയിൽ 'A' എന്ന അക്ഷരം കൊണ്ട് തുടങ്ങുന്ന മൂന്ന് ചെറിയ വാക്കുകൾ ഇവ ഓർമ്മയിൽ നിലനിർത്തുവാൻ നമ്മെ സഹായിക്കും. ഈ വാക്കുകളാണ് Attachment, Anxiety and Anger (Attachment = രാഗം Anxiety = ഭയം Anger = ക്രോധം).

നാം ആദ്യം പരിചയപ്പെട്ട വ്യക്തികളോടും ആദ്യം രുചിച്ച ഭക്ഷണത്തോടും ആദ്യം ഇടപഴകിയ സാഹചര്യങ്ങളോടും അടുപ്പവും

താത്പര്യവും തോന്നുക സർവ്വസാധാരണമാണ്. ഒരുപക്ഷേ ഇവ നമ്മുടെ രസാനുഭൂതികളുടെ ആദ്യചാലുകൾ നിർമ്മിക്കുന്നു. അതിനോട് അടുത്തു വരുന്നതും ഒന്നുചേരുന്നതുമായ അനുഭൂതികൾ നമുക്ക് ഇഷ്ടപ്പെടുകയും അതിന് നാം പ്രധാന്യം കൊടുക്കുകയും ചെയ്യുന്നു. ഇത് ഒരുതരം രാഗം അഥവാ അനുരാഗമാണ് (Attachment). ഇത് തികച്ചും സ്വാഭാവികവും സ്വതഃസിദ്ധവുമായതുകൊണ്ട് ഇതിനകത്ത് തെറ്റൊന്നുമില്ല. എന്നുമാത്രമല്ല, നമ്മുടെ സുസ്ഥിതിക്കും വളർച്ചയ്ക്കും ഇത് ഒരാവശ്യം കൂടിയാണ്. എന്നാൽ നമുക്ക് ഇഷ്ടപ്പെട്ടതായതുകൊണ്ട് ഇതിനോട് യോജിക്കുന്നതും അലിഞ്ഞു ചേരുന്നതുമായ അനുഭൂതികൾക്കു നമ്മൾ അമിത പ്രാധാന്യം കൊടുക്കാൻ പാടുണ്ട്. ഇവിടെ വിധിരൂപികരണത്തിന് അഥവാ തീരുമാനം എടുക്കുന്നതിന് മാനദണ്ഡമായി നിൽക്കുന്നത് പൂർവാനുഭവങ്ങളാണ്. ഈ അനുഭവങ്ങൾ നല്ലവയാണെങ്കിലും യേശുനാഥന്റെ മനസ്സും, കാഴ്ചപ്പാടും അതേപടി പ്രതിബിംബിക്കുന്നവയാകണമെന്നില്ല. മനുഷ്യന്റെ സ്വാഭാവിക വിജ്ഞാനത്തിന്റെയും അനുഭൂതിയുടെയും ഒരു സമുച്ചയമായി ഇതിനെ കരുതാവുന്നതാണ്. ഈ അറിവും അനുഭൂതിയും മാത്രം ആകരുത് തന്റെ കാൽവയ്പ്പുകൾക്കുള്ള മാർഗ്ഗദർശനം എന്നാണ് യേശുശിഷ്യയുടെ പ്രാർത്ഥന. മറിച്ച്, ഓരോ കാൽവയ്പ്പിലും അവിടത്തെ പൊൻമുഖം മാത്രം തേടണമെന്ന് അവൾ ആഗ്രഹിക്കുന്നു. സ്വതഃസിദ്ധ പ്രവണതയാൽ നയിക്കപ്പെട്ട്, അതിന് അതീതമോ എതിരോ ആയ ഒരു ആഗ്രഹം, അല്ലെങ്കിൽ ഒരു നിർദ്ദേശം, യേശുനാഥനിൽനിന്നു വരുന്നുണ്ടെങ്കിൽ അത് സ്വീകരിക്കാനും സ്വതഃസിദ്ധതയുടെ ഈ സ്വാഭാവിക താത്പര്യം തള്ളിക്കളയാനും അവൾക്ക് വരം ലഭിക്കണമേ എന്നാണ് പ്രാർത്ഥനയുടെ സാരം.

സ്വഭാവിക ചാച്ചലുകളും താൽപര്യങ്ങളും കാലക്രമേണ നമ്മിൽ ബന്ധനങ്ങൾ സൃഷ്ടിക്കുന്നു. നമുക്ക് ഇഷ്ടപ്പെട്ട വസ്തുക്കളാലും വ്യക്തികളാലും സ്വയം ബദ്ധനിതരാകാൻ നാം അനുവദിക്കുന്നു. ഈ ബന്ധനാവസ്ഥയുടെ ശക്തമായ സമ്മർദ്ദംകൊണ്ട് യേശുഹിതം പരിഗണിക്കാതെ നമ്മുടെ കാൽവയ്പ്പുകൾ തെറ്റിപ്പോകാൻ പാടുണ്ട്. ഇത് ഒരുതരം താളം പിഴക്കലാണ്. തന്നിൽ ഉണർന്നുവരുന്ന യേശുമയമായ ദൈവികഘടത്തിൽനിന്നുള്ള തെന്നിമാറലാണ്. ഇതു സംഭവിക്കുന്നത് രാഗവിമുക്തയാകാൻ നമുക്ക് സാധിക്കാത്തതു കൊണ്ടാണ്. രാഗം അഥവാ സ്നേഹം നല്ലതും ആവശ്യവും ആണെങ്കിലും ഒരു സ്നേഹവും നമ്മെ ബന്ധനാവസ്ഥയിലേക്ക്

ആനയിക്കരുത്. ഇരുമ്പുചങ്ങലകൊണ്ടോ പൊൻനൂല്കൊണ്ടോ ബന്ധിച്ചാലും ബന്ധനം ഒരു തരം അടിമത്തമാണ്. അതുകൊണ്ട് ദൈവമല്ലാത്ത ഒന്നുകൊണ്ടും ബന്ധിക്കപ്പെടുവാൻ യേശുശിഷ്യ ആഗ്രഹിക്കുന്നില്ല. രാഗങ്ങളും ആശാപാശങ്ങളും നിർമ്മിക്കുന്ന ബന്ധനത്തിൽനിന്ന് തന്നെ പൂർണവിമുക്തയാക്കാനാണ് ആത്മാവിന്റെ ഈ രാത്രിയിലൂടെ തന്റെ നാഥൻ തന്നെ നയിക്കുന്നതെന്നും അവൾക്കറിയാം. എങ്കിലും പഴയ സ്വാഭാവിക പ്രവണത പെട്ടെന്നു പൊങ്ങിവന്ന് യേശുഹിതത്തെ മറക്കാനോ, മാറിവയ്ക്കാനോ ഇടവരരുത് എന്ന് സാരം.

താളം പിഴയ്ക്കുന്നതിന്റെ മറെറാരു രീതി ഭയമാണ് (Anxiety or fear). അനിതര സാധാരണമായ സംഭവങ്ങൾ ഉണ്ടാകുമ്പോഴും താത്പര്യവിരുദ്ധമായ സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വരുമ്പോഴും ഭയം നമ്മെ അലട്ടാൻ പാടുണ്ട്. ആത്മാവിന്റെ രാത്രിയിലെ കൂരിരുട്ടിലൂടെ നടന്നുനീങ്ങുകയാണെങ്കിലും യേശുശിഷ്യ ഭയവിഹ്വലയാകരുത്. നമ്മിൽ ഒളിഞ്ഞുകിടക്കുന്ന ശൂന്യതാശക്തിയുടെ അഥവാ നിഷേധാത്മകതയുടെ ഫണം ഉയർത്തലാണ് നമ്മിൽ ഭയം ഉത്പ്പാദിപ്പിക്കുന്നത്. നമ്മൾ ആരുംതന്നെ നമ്മുടെ അസ്തിത്വത്തിന്റെ ദാതാക്കളോ കർത്താക്കളോ അല്ല. നാം അത് ദൈവത്തിൽനിന്നു ദാനമായി സ്വീകരിച്ചിരിക്കുന്നതാണ്. മണ്ണിൽനിന്നും ജന്മം എടുത്ത് മണ്ണിലേക്കുതന്നെ മടങ്ങുന്ന ഒരു ശാരീരിക വശംകൂടി ഈ അസ്തിത്വത്തിനുണ്ട്. അതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽ അതിനെ അതിജീവിക്കാൻ തനിക്ക് കഴിയുമോ ഇല്ലയോ എന്നോർത്ത് ആത്മാവ് ചകിതയാകുന്നു. പക്ഷേ, നമ്മുടെ അസ്തിത്വത്തിന്റെ ദാതാവായ ദൈവം നമ്മോടു പറയുന്നത് 'നിങ്ങൾ ഭയപ്പെടേണ്ട' എന്നാണ്. ഒന്നുകൊണ്ടും ഉൽകണ്ഠാകുലരാകുകയും വേണ്ട. ദൈവം ഒഴികെ മററുള്ള എല്ലാ സൃഷ്ടിജാലങ്ങളും സത്-അസത് ഭാവങ്ങളുടെ സമ്മിശ്രരൂപങ്ങളാണ്. എന്നു പറഞ്ഞാൽ ദൈവം മാത്രമേ അനന്തനും, ഏകനും, നിത്യനും ആയവനായി ഉള്ളു. അസദ്ഭാവം തീണ്ടാത്ത നിത്യ സത്തയാണ് ദൈവം. സൃഷ്ടവസ്തുക്കൾ എല്ലാം തന്നെ പരിമിതിയാർന്നതും നാളെ ഇല്ലാതാകാൻ സാധ്യതയുള്ളതുമായ സദ്ഭാവങ്ങളാണ്. ഇല്ലായ്മയിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്ന ഈ സാദ്ധ്യതയാണ് നമ്മിൽ ഉൽകണ്ഠ ഉൽപ്പാദിപ്പിക്കുന്നത്. അതുകൊണ്ടു തന്നെയാണ് നമ്മുടെ സത്ത സത്-അസത് ഭാവങ്ങളുടെ സമ്മിശ്രരൂപമാണെന്നു പറയുന്നത്. എല്ലാ സൃഷ്ട വസ്തുക്കളിലും ഈ അസദ്ഭാവം

അഥവാ നിഷേധാത്മക വശം (negativity) അലിഞ്ഞുചേർന്നിരിക്കുന്നതു കൊണ്ട് സൃഷ്ടി സത്താഭീതിക്ക് വിധേയമാണ്. മനുഷ്യസത്തയിൽ ഇത് ഉത്കണ്ഠ ഉത്പ്പാദിപ്പിക്കുന്നു. ഉത്കണ്ഠയെന്നു പറയുന്നത് നമ്മുടെ സത്തയുടെ ക്രിയാത്മക സാക്ഷാത്കരണം സാധിക്കാതെപോകുമോ എന്ന ആശങ്കയിൽ നിന്ന് ഉൽഭവിക്കുന്ന ഒരു മാനസികാവസ്ഥയാണ്. ഈ ഭയം നമ്മെ ഗ്രസിക്കാതിരിക്കണമെങ്കിൽ അസദ്ഭാവം തീണ്ടാത്തതും അനന്തസത്തയുടെ ഉടമയും കർത്താവുമായ ദൈവത്തിൽ നാം ആശ്രയിക്കണം; അലിഞ്ഞുചേരണം. നമ്മുടെ ഉള്ളിൽ അധിവസിക്കുന്ന അനന്തനും അനവദ്യനുമായ ദൈവം തന്നെയാണ് നമ്മുടെ മാനുഷിക സത്തയുടെ അകക്കാമ്പ് എന്ന് നാം ഉറച്ചു വിശ്വസിക്കണം. പരിമിതിയാർന്ന മാനുഷിക സത്തയ്ക്ക് അപരിമേയമായ ദൈവിക സത്തയോടുകൂടെ മാത്രമേ എല്ലാപരിമിതികൾക്കും അതിൽ നിന്ന് ഉത്ഭവിക്കുന്ന ഉൽകണ്ഠകൾക്കും അതീതമായി ഉയരാൻ കഴിയുകയുള്ളൂ. അതുകൊണ്ട് യേശുനാഥൻ നമ്മോട് പറയുന്നത് "നിങ്ങളുടെ ഹൃദയങ്ങൾ കലങ്ങേണ്ട. പിതാവായ ദൈവത്തിൽ വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക" (യോഹ.14:1) എന്നാണ്. മാനുഷിക സത്തയെ ദൈവിക സത്തയുമായി അനുബന്ധിക്കുന്നതും, രൂപാന്തരപ്പെടുത്തുന്നതും വിശ്വാസമാണ്. വിശ്വാസം ശുദ്ധീകരണ ശക്തിയുള്ളതും ദൈവിക ഭാവവിശേഷത്തിലേക്ക് നമ്മെ നയിക്കുന്നതുമായ ദൈവാവിഷ്കരണവെളിച്ചമാണ്. ദൈവത്തിന്റെ വെളിച്ചമെന്നു സാരം. ഈ വെളിച്ചം മാനുഷികമായ ചിന്താരീതികളിൽനിന്നും പ്രവണതകളിൽനിന്നും ബുദ്ധിയെ മോചിപ്പിക്കുകയും ശുദ്ധീകരിക്കുകയും സാവധാനം ദൈവികമായ ചിന്തയിലേക്കും പ്രവർത്തന ശൈലിയിലേക്കും നയിക്കുകയും ചെയ്യുന്നു. കാലക്രമത്തിൽ മനുഷ്യമനസ്സ് ദൈവികമനസ്സുമായി ഒന്നുചേരുന്നു. ഒരു ദിവ്യചൈതന്യത്തിൽ പങ്കു പറ്റുന്നു.

അനശ്വരമായ ആ ചൈതന്യവിശേഷം അബലമായ മനുഷ്യ മനസ്സിന് സ്ഥൈര്യവും ധൈര്യവും നൽകുന്നു. സൃഷ്ടവസ്തുക്കൾ കൊണ്ടുവരുന്ന എല്ലാ ഉൽകണ്ഠകളെയും ഈ ആന്തരിക ശക്തികൊണ്ട് അതിജീവിക്കാൻ ദൈവസമർപ്പിതയായ ആത്മാവിന് കഴിയും. ഈ സാദ്ധ്യത തന്നിൽ സാക്ഷാത്കരിക്കണമെന്നാണ് യേശു ശിഷ്യയുടെ ആഗ്രഹം. ഭയം അഥവാ ഉൽകണ്ഠ എന്ന മാനുഷിക ഭാവത്തെ അങ്ങനെ അവൾ നേരിടുന്നു. തന്റെ പ്രാണനാഥനായ യേശുവിൽ ശരണംപ്രാപിച്ച് യേശുസത്തയുമായി അലിഞ്ഞുചേർന്ന്

എല്ലാ ആകുലതകൾക്കും അതീതയായി അവൾ ഉയരുന്നു. "യേശുവിന്റെ സ്നേഹത്തിൽ നിന്ന് എന്നെ ആർക്ക് വേർതിരിക്കാൻ കഴിയും" (റോമ. 8:35) എന്നവൾ ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

തന്റെ ശിഷ്യഗണത്തോടുകൂടെ യേശു കടലിൽ യാത്രചെയ്ത അവസരത്തിൽ കടുത്ത കല്ലോലമാലകൾ ഉയർന്ന് ശിഷ്യരിൽ ഭീതി ഉണർത്തി. അവർ ഉൽകണ്ഠാകുലരായി, അവരുടെ അസ്തിത്വം ഉടനടി അവസാനിക്കുമോയെന്ന് അവർ ഭയപ്പെട്ടു. നമ്മിൽ ഒളിഞ്ഞുകിടക്കുന്ന അസദ്ഭാവം തലപൊക്കുന്നതിന്റെ ഒരു ഉദാഹരണമാണിത്. അവർ യാത്രചെയ്തിരുന്ന ചെറുനൗകയിൽ ഉറങ്ങിക്കിടന്നിരുന്ന യേശുവിനെ അവർ ഉണർത്തി. അവരുടെ പേടിയും ഉൽകണ്ഠയും അവർ അവിടുത്തെ അറിയിച്ചു. യേശു അവരുടെ വിശ്വാസക്കുറവിനെ ശാസിക്കുന്നതായി നാം കാണുന്നുണ്ട്. സത്താപരമായി യേശുസത്തയുമായി അവർ ഇനിയും ആഴത്തിൽ ബന്ധപ്പെട്ടിട്ടില്ലാത്തതാണ് ഈ ഭയത്തിന് കാരണം. നമ്മിൽ വസിക്കുന്നുണ്ടെങ്കിലും നമ്മുടെ ചിന്താധാരയും ഉൽകണ്ഠാതീത കേന്ദ്രവും ഇനിയും ആയിത്തീരാത്ത യേശുവിനെയാണ് ഉറങ്ങുന്ന യേശു പ്രദ്യോതിപ്പിക്കുന്നത്. ഉണർന്നെഴുന്നേറ്റ യേശു കടലിലെ കല്ലോലങ്ങളെ ശാസിക്കുന്നു. അവ ശാന്തമാകുന്നു. യേശുസത്തയോട് ഒട്ടിച്ചേർന്നു നിൽക്കുന്ന യേശുശിഷ്യയ്ക്കും അവളിൽനിന്ന് ഉയരുന്ന ആശാപാശാങ്ങളാകുന്ന കല്ലോലമാലകളെ സുധീരം ശാസിക്കുന്നതിനും നിശ്ചലമാക്കുന്നതിനും സാധിക്കും. ഇത് സാധിക്കാതെ വീണ്ടും ചകിതയായി താളം തെറ്റിയ ജീവിതത്തിലേക്ക് വഴുതിവീഴരുത് എന്നാണ് ഈ ഈരടികളിലൂടെ അവൾ പ്രാർത്ഥിക്കുന്നത്.

താളം തെറ്റലിന്റെ മൂന്നാമത്തെ ഒരു രീതിയാണ് ക്രോധം. ക്രോധമെന്നത് വിദ്വേഷത്തിന്റെ, ശത്രുതയുടെ ഒരു മനോഭാവമാണ്. കാമം ക്രോധമായി മാറുന്നു എന്ന് മനുഷ്യർ പറയാറുണ്ട്. ഇതിന്റെ അർത്ഥം നമ്മിലുള്ള ഒരേ ഒരു ശക്തിവിശേഷമാണ് സ്നേഹത്തിലും വിദ്വേഷത്തിലും അഥവാ കാമത്തിലും ക്രോധത്തിലും നമ്മളിലൂടെ പ്രവർത്തിക്കുന്നത് എന്നാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സ്നേഹിക്കാനുള്ള ശക്തിയോടുകൂടെയാണ്. അതിന് ഉതകുന്ന ഒരു ഹൃദയവും അവന് നൽകി. പക്ഷേ, അഹന്തതയുടെ വികാരവിചാരങ്ങൾ ഈ സ്നേഹത്തെ സ്വാർത്ഥതയാക്കി മാറ്റി. അപരനെ വെറും വസ്തുവും സ്വന്തംകാര്യപ്രാപ്തിക്കുള്ള ഉപകരണവുമായി കണ്ടു. ഈ

സമീപന ശൈലി സ്നേഹത്തെ ക്രോധമായി മാറ്റി. ക്രോധം അങ്ങനെ നിർമ്മലമായ സ്നേഹവികാരത്തിന്റെ ഘൃതഭംഗമാണ്. പാപം മനുഷ്യമനസ്സിനെ ഗ്രസിക്കുന്നതിനുമുൻപ് പറുദീസായിൽ ക്രോധം എന്നൊരു മനോവികാരം ഉണ്ടായിരുന്നില്ല. ദൈവിക ഘൃതം അവസാനിച്ചതോടെ പറുദീസാ പാപികളുടെ ലോകമായി മാറി. മനുഷ്യർ പരസ്പരം ദ്വേഷിക്കാനും വേദനിപ്പിക്കാനും കൊല്ലുവാനും തുടങ്ങി. ആദിമാതാപിതാക്കളുടെ പുത്രനായ കായേൻ തന്നെ തന്റെ നിഷ്കളങ്കനായ സഹോദരൻ ആബേലിനെ അസൂയയാൽ പ്രേരിതനായി വധിക്കുന്ന രംഗം നാം കാണുന്നുണ്ട്. ആ ക്രൂരകൃത്യം പിന്നീട് ഭയമായി കായേന്റെ മുൻപിൽ തലപൊക്കി. അവൻ ലോകമെങ്ങും ഓടിയൊളിക്കാൻ പരിശ്രമിച്ചു. ദൈവസന്നിധിയിൽനിന്നു മാറി ഒളിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ഭീതിയെ നേരിടേണ്ടത് ഓടിയൊളിച്ചുകൊണ്ടല്ല, ഭീതിയുടെ ഹേതു നമ്മളിൽ നിന്നും ഉൻമൂലനം ചെയ്തുകൊണ്ടാണ്. നമ്മുടെ അൽപത്വവും അസദ്ഭാവവും അറിവില്ലായ്മയും അവയോടുള്ള നമ്മുടെ അഭിവാഞ്ഛയുമാണ് ഭയത്തിന്റെ സക്ഷാത്തായ കാരണം. ഈ കാരണത്തെ നിഹനിക്കുന്നത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം കൊണ്ടും സമർപ്പണ മനോഭാവംകൊണ്ടുമാണ്. അപ്പോൾ എളിയ ഹൃദയത്തിന്റെ ശക്തിയും സന്തോഷവും സമാധാനവുമായി ദൈവം നമ്മിൽ ഉണർന്നുവരും. നമ്മൾ ആ അനശ്വരശക്തിയിൽ പങ്കുപറ്റി നിർഭയരായി ഉൽകണ്ഠയെ നേരിടുകയും അതിജീവിക്കുകയും ചെയ്യും.

ദൈവികഘൃതത്തിൽനിന്ന് നമ്മെ വലിച്ചു മാറ്റാവുന്ന മൂന്ന് പ്രവണതകളാണ് നാം ഇപ്പോൾ കണ്ടത്. അവയാണ് രാഗം അഥവാ സൃഷ്ടവസ്തുക്കളോടും, വ്യക്തികളോടുമുള്ള അമിതമായ ആസക്തി. അവ നഷ്ടപ്പെടുമോ അഥവാ അവയെ ചുറ്റിപ്പറ്റി നിലകൊള്ളുന്ന എന്റെ ജീവിതസാഫല്യം അണഞ്ഞുപോകുമോ എന്നുള്ള ഭീതി, ഇഷ്ടപ്പെട്ടവ നഷ്ടപ്പെടുമ്പോൾ നമ്മിൽ സമുദ്ഭൂതമാകുന്ന രോഷം അഥവാ ക്രോധം. ഇവ മൂന്നും യേശുശിഷ്യ ഉപേക്ഷിച്ചവളാണെങ്കിലും ജനനം മുതൽക്കേ നമ്മോടുകൂടെയുള്ള ഈ ഭാവവൈകല്യങ്ങൾ നമ്മൾ അറിയാതെ തന്നെ നമ്മിലൂടെ പ്രവർത്തിക്കാൻ പാടുണ്ട്. ആത്മാവിന്റെ ഈ യാത്രയിൽ ഇഷ്ടപ്പെട്ട പലതും ത്യജിച്ചുകൊണ്ട് വിശ്വാസത്തിന്റെ അരണ്ട വെളിച്ചത്തിൽ യേശുവിന്റെ കാലടിപ്പാടുകൾ തേടിപ്പോകുന്ന ഈ അവസരത്തിൽ, വീണ്ടും വികലതയാർന്ന സ്വന്തം സ്വാഭാവിക പ്രവണതകൾക്കും തൃഷ്ണകൾക്കും താൻ അടിമപ്പെടരുത് എന്ന് അവൾ ആഗ്രഹിക്കുന്നു. സ്വർഗ്ഗീയ ഘൃതം താൻ പാടുന്ന ആത്മീയ രാഗ

ത്തിന്റെ ആന്തരിക തലത്തിൽ എപ്പോഴും തളംകെട്ടിനിൽക്കണമെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

താവക പൊൻമുഖം തേടുവാനും

സ്വതഃസിദ്ധമായ തൃഷ്ണകളെയും പ്രവണതകളെയും അതിജീവിക്കാൻ പറ്റിയ ഏറ്റവും എളുപ്പമായ മാർഗ്ഗം തന്റെ അരുമനാഥന്റെ പൊൻമുഖം എപ്പോഴും സ്മൃതിപഥത്തിൽ സൂക്ഷിക്കുകയാണ്. അനർഘവും ശ്രേഷ്ഠതരവുമായ ഒരു പൊൻനിധി മുന്നിലുള്ളപ്പോൾ അതിൽനിന്ന് ഏറെ താഴെയുള്ള സുഖാനുഭൂതികളുടെ ആകർഷകത്വം കൈവെടിയുന്നതിന് നമുക്കെല്ലാവർക്കും താരതമ്യേന എളുപ്പമാണ്. അങ്ങനെ യേശുനാഥനോടുള്ള അടിപതറാത്തതും അവിച്ഛിന്നവുമായ അനുരാഗംകൊണ്ട് യേശുശിഷ്യ സൃഷ്ടികളോടുള്ള രാഗത്തെ, താത്പര്യത്തെ നേരിടുന്നു. യേശുവിന്റെ സ്നേഹമുള്ള മുഖകമലം എപ്പോഴും അവളുടെ മുമ്പിൽ തേജോമയമായി നിലകൊള്ളുന്നു. രാഗദ്വേഷക്രോധങ്ങളുടെ കാർമുകിൽപ്പാളികൾ അതിനെ ചിലപ്പോൾ ആവരണംചെയ്യാൻ പരിശ്രമിക്കുമെങ്കിലും തീർത്തും നിരോധാനപ്പെടുത്താൻ ശക്തമാകാറില്ല. യേശുവിന്റെ പൊൻമുഖം, സ്നേഹസമ്പന്നമായ തിരുമുഖത്തോടൊപ്പം ആ കനകാധരങ്ങളിൽ നിന്നു പുറപ്പെടുന്ന ദിവ്യവചസ്സുകളെയും അവയ്ക്കുപിന്നിൽ നിലകൊള്ളുന്ന ദൈവിക മനസ്സിനെയും പ്രത്യോദിപ്പിക്കുന്നു. യേശുവിന്റെ പൊൻമുഖം തേടുന്ന ശിഷ്യ അതുകൊണ്ട് അവിടത്തെ നിശ്ശബ്ദവചനങ്ങൾ കേൾക്കുന്നതിനും ദിവ്യമനസ്സുമായി ഒന്നുചേരുന്നതിനും അതീവ ശ്രദ്ധയുള്ളവളായിരിക്കും. ഇരവിന്റെ ഇരുളിലും നിർഭയയായി തന്റെ സ്നേഹനാഥന്റെ കൈത്താരിൽ അഭയമുദ്രകണ്ടുകൊണ്ട് അവൾക്ക് മുന്നോട്ടുപോകാൻ കഴിയും.

രാവിൻപ്രശാന്തിയിൽ നിന്നിൽ ലയിക്കാനും

രാത്രിയിൽ സർവ്വം ശാന്തമാണ്. ഇരുളുള്ള രാത്രിയിൽ ശാന്തത കൂടിയിരിക്കും. കാരണം, ഇരുട്ടിൽ ആരും പ്രവർത്തനോന്മുഖരാകാൻ ആഗ്രഹിക്കുന്നില്ല. ഇരുട്ടുള്ള രാത്രിയിൽ മനുഷ്യർ ഉറങ്ങുന്നതുപോലെ മനുഷ്യനിലെ ഇന്ദ്രിയങ്ങളുടെ, വിചാരധാരയുടെ ഉറവിടമായ ബുദ്ധിയുടെ, ഉറങ്ങുന്നതിനു തുല്യമായ നിശ്ശബ്ദതയിലാണ്

ആത്മാവിന്റെ ആത്മീയ പ്രയാണം സംഭവിക്കുന്നത്. 'രാവിൻ പ്രശാന്തിയിൽ' എന്നു പറയുമ്പോൾ അതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഇന്ദ്രിയങ്ങളും ബുദ്ധിയും സ്വയം ശാന്തമായിരിക്കുന്ന ആ രാത്രിയുടെ അവസ്ഥാവിശേഷമാണ്. ഇവയുടെ ശാന്തതയും നിശ്ശബ്ദതയും ആദ്ധ്യാത്മിക യാത്രയ്ക്ക് അത്യന്താപേക്ഷിതമാണ്. ധ്യാനനിർലീനതയിൽ ലയിക്കാൻ ആഗ്രഹിക്കുന്ന യോഗിയെപ്പോലും ഇന്ദ്രിയങ്ങളും ബുദ്ധിയും മാടിവിളിക്കുകയും ബാഹ്യലോകത്തേക്ക് ആനയിക്കുകയും ചെയ്യാറുണ്ട്. സാധാരണ ഭാഷയിൽ നമ്മൾ ഇതിനെ 'പലവിചാരം' എന്നു പറയുന്നു. നല്ല ധ്യാനത്തിന് ആവശ്യം ഒരേ ഒരു വിചാരത്തിൽ ഏകാഗ്രമായി ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. ഇതിന് നേരേ വിപരീതമായ അവസ്ഥാവിശേഷമാണ് പലവിചാരങ്ങളുടെത്. പലതിലും ഒന്നിച്ച് ശ്രദ്ധ കേന്ദ്രീകരിക്കുക എന്നു പറയുന്നത് ഒന്നിലും ശ്രദ്ധിക്കുന്നില്ല എന്നു പറയുന്നതിനു സമമാണ്. ബുദ്ധിയെ ഏകാഗ്രതയിൽ നിലനിറുത്തണമെങ്കിൽ ആദ്യമായി ഇന്ദ്രിയങ്ങളെ സ്വസ്ഥമാക്കാൻ പഠിക്കണം. കാരണം ഇന്ദ്രിയങ്ങളാണ് ബുദ്ധിയെ ക്ഷണിക്കുന്നതും പുറത്തോട്ട് കൊണ്ടുപോകുന്നതും. ഇന്ദ്രിയങ്ങളിലൂടെയാണ് ലോകം ബുദ്ധിയിലേക്ക് പ്രവേശിക്കുന്നതും ബുദ്ധി ലോകവുമായി സമ്പർക്കം പുലർത്തുന്നതും. അതുകൊണ്ട് ഇന്ദ്രിയങ്ങളുടെ സ്വസ്ഥത, നിശ്ശബ്ദത, ബുദ്ധിയുടെ ഏകാഗ്രതയ്ക്ക് ആവശ്യമുള്ള ആദ്യപടിയാണ്. അതുകൊണ്ട് താമസരാത്രിക്ക് പ്രധാനമായ രണ്ടു ഘട്ടങ്ങൾ ഉണ്ട്: 1) ഇന്ദ്രിയങ്ങളുടെ നിശ 2) ബുദ്ധിയുടെ നിശ.

ഇന്ദ്രിയങ്ങൾ ബാഹ്യേന്ദ്രിയങ്ങൾ, അന്തരേന്ദ്രിയങ്ങൾ എന്നിങ്ങനെ രണ്ടു വിധത്തിൽ അറിയപ്പെടുന്നു. നമുക്കെല്ലാവർക്കും സുപരിചിതമായ പഞ്ചേന്ദ്രിയങ്ങളാണ് ഈ ബാഹ്യേന്ദ്രിയങ്ങൾ. ബാഹ്യേന്ദ്രിയങ്ങൾ അവ ഓരോന്നിന്റെയും പ്രത്യേക വിഷയമായ വസ്തുക്കളിലേക്ക് നമ്മെ കൊണ്ടുപോകുന്നു. വിഷയം എന്നു പറയുന്നത് ബാഹ്യേന്ദ്രിയം അറിയാനും ആസ്വദിക്കാനും ആഗ്രഹിക്കുന്ന വസ്തുവാണ്. ഇവ ലോകത്തിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഇന്ദ്രിയങ്ങൾ നമ്മെ നമ്മിൽ നിന്നു പുറത്തേക്കു കൊണ്ടുപോകുന്നു. പുറത്തേക്കുള്ള ഈ 'വലിച്ചിറക്കലിനെ' നമ്മൾ ഇംഗ്ലീഷിൽ distraction (Dis-traction) എന്ന് പറയുന്നു. അങ്ങനെ കണ്ണുകൾ, കണ്ണഞ്ചിക്കുന്ന മനോഹാരിത തിങ്ങി നിൽക്കുന്ന നിറപ്പകിട്ടിലേക്ക് നമ്മെ കൊണ്ടുപോകുന്നു. കാതുകൾ സ്വരമധുരിമ ആസ്വദിക്കാനും നമ്മെ ക്ഷണിക്കുന്നു. നാസിക വാസനയിലൂടെ സൗരഭ്യമേറിയ വസ്തുവിനെ നമ്മിലേക്ക് എത്തിക്കുന്നു.

നമുക്ക് സ്പർശനസുഖം നൽകുന്നത് നമ്മെ ആവരണം ചെയ്തു നിൽക്കുന്ന ചർമ്മമാണ്. നാം ഭക്ഷിക്കുന്ന ആഹാരം ആസ്വാദ്യമാക്കുന്നത് നമ്മുടെ നാവും അതിനു ചുറ്റുമുള്ള രസമുകുളങ്ങളുമാണ്. ജനനം തൊട്ട് ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളുമായി ബന്ധപ്പെട്ടു ജീവിച്ചു പരിശീലിച്ചതുകൊണ്ട് ഈ ബാഹ്യേന്ദ്രിയങ്ങൾക്ക് നമ്മുടെമേൽ വലിയ സ്വാധീനമുണ്ട്. പലപ്പോഴും അധികം ചിന്തിക്കാതെ, ആഹ്ലാദചിത്തരായി, നാം ഇന്ദ്രിയങ്ങളുടെ ക്ഷണമനുസരിച്ച് നീങ്ങാൻ പാടുണ്ട്. ഇതിൽ തെറ്റൊന്നുമില്ലെങ്കിലും ഉന്നതവും കൂടുതൽ ശ്രേഷ്ഠവുമായ അവബോധത്തിന്റെ തന്നെ അഗാധതലങ്ങളിലേക്ക് ഇറങ്ങുന്നതിന് ഇന്ദ്രിയങ്ങളുടെ അതിപ്രസരം തടസ്സമാകാൻ പാടുണ്ട്. അതുകൊണ്ടാണ് ഇന്ദ്രിയങ്ങളുടെ മൗനം ആദ്ധ്യാത്മിക ജീവിതത്തിൽ ആവശ്യപ്പെടുന്നത്.

ഇന്ദ്രിയങ്ങളുടെ മൗനം എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത് ഇന്ദ്രിയങ്ങൾ ഓരോന്നും തന്റേതായ വിഷയത്തിൽ നിന്നു തൽകാലത്തേക്കായെങ്കിലും പ്രതിനിവർത്തിക്കുക എന്നാണ്. ഇതിന്റെ അർത്ഥം കണ്ണ് കാണുന്നില്ലന്നോ ചെവി കേൾക്കുന്നില്ലെന്നോ അല്ല, മറിച്ച് കണ്ണ് കാണുന്ന വസ്തുവിൽനിന്ന് മനുഷ്യമനസ്സിന് ഉയരാൻ സാധിക്കുന്നു എന്നതാണ്. ഈ ഉയർച്ച സാധിക്കണമെങ്കിൽ കണ്ണ് വെറും ബാഹ്യകാഴ്ചയിലും അതു നൽകുന്ന രസത്തിലും ആമഗ്നയായി മനസ്സിനെ ആ ബാഹ്യവസ്തുവിൽ മാത്രം കെട്ടിനിറുത്താതിരിക്കണം. വേറെ വാക്കുകളിൽ പറഞ്ഞാൽ, ഇന്ദ്രിയം വസ്തുവിനെ കാണിച്ചശേഷം മൗനത്തിലേക്ക് മടങ്ങുന്നു. വസ്തുവിലൂടെ ബുദ്ധി വിഷയദാതാവിലേക്ക് ഉയരുന്നു. ഈ സ്വാതന്ത്ര്യം ബുദ്ധിക്കു കിട്ടണമെങ്കിൽ ഇന്ദ്രിയം ബുദ്ധിയെ തന്നിലേക്ക് വിളിക്കുന്നതിനുപകരം ഇന്ദ്രിയ വിഷയത്തെ വിട്ട് സ്വസ്ഥമായിരിക്കുന്നതിനു തയ്യാറാകണം. ഇന്ദ്രിയങ്ങളുടെ രസരഹിതമായ ഈ മൗനവേളയിലാണ് ബുദ്ധി എല്ലാ വിഷയങ്ങളുടെയും സന്തോഷങ്ങളുടെയും ഉറവിടമായ ദൈവത്തിലേക്ക് ഉയരുന്നത്. ഈ യാത്ര ഉള്ളിന്റെ ഉള്ളിലേക്കുള്ള അവരോഹണമായും മനസ്സിലാക്കാവുന്നതാണ്. ബാഹ്യേന്ദ്രിയങ്ങളുടെ മൗനം അങ്ങനെ മനുഷ്യനെ ലോകവസ്തുക്കളുടെ ബന്ധനത്തിൽനിന്നു സ്വതന്ത്രനാക്കുന്നു.

ഇന്ദ്രിയങ്ങളുടെ മൗനം പൂർണമാകണമെങ്കിൽ അന്തരേന്ദ്രിയങ്ങൾ കൂടി മൗനത്തിലേക്ക് ആഴണം. അന്തരേന്ദ്രിയ ങ്ങളായി ഇവിടെ പരിഗണിക്കപ്പെടുന്നത് ഐന്ദ്രികാത്മകമായ ഓർമ്മയും കല്പനാ

ശക്തിയുമാണ്. (imagination) ഇന്ദ്രിയ വിഷയങ്ങളായ ലോക വസ്തുക്കളിൽനിന്ന് ബുദ്ധി വിമുക്തി പ്രാപിച്ചാലും അവയുടെ ഓർമ്മ മനുഷ്യമനസ്സിൽ പിന്നെയും പിടിച്ചുനിൽക്കുന്നുണ്ട്. പല ഓർമ്മകൾ കൂട്ടിയിണക്കി മനോഹരരൂപങ്ങൾ ഭാവനയിൽ കൊണ്ടുവരുവാൻ മനുഷ്യന്റെ കല്പനാശക്തിക്കു കഴിവുണ്ട്. അതുകൊണ്ട് ഓർമ്മയുടെയും കല്പനാശക്തിയുടെയും മൗനം സാധിച്ചാൽ മാത്രമേ ധ്യാനത്തിന്റെ ഏകാഗ്രത നമുക്ക് കൈവരുകയുള്ളൂ. ഇതിന്റെ അർത്ഥം ഓർമ്മയെയും കല്പനാശക്തിയെയും പാടെ ഉപേക്ഷിക്കണമെന്നല്ല. അവയെല്ലാം എന്റെ പരമാന്ത്യമായ പ്രാണനാഥനെ പ്രാപിക്കാൻ തക്കവിധത്തിൽ അച്ചടക്കത്തിൽ അഭ്യസിച്ച് വേണ്ടവിധം ഉപയോഗിക്കണമെന്നാണ്. കടിഞ്ഞാൺ ഇല്ലാത്ത കുതിരയെപ്പോലെ ഓർമ്മകളും കല്പനാശക്തി കൊണ്ടുവരുന്ന ഭാവനകളും മനസ്സിൽ ഓടിനടക്കാൻ അനുവദിക്കരുത്. മറിച്ച് ഇവരുടെ സഹായത്തോടെ പ്രാണനാഥന്റെ ഓർമ്മ മനസ്സിൽ ഏകാഗ്രതയിൽ നിലനിർത്താൻ സാധിക്കണം അന്തരേന്ദ്രിയങ്ങൾ ഒരു പരിധിവരെ മൗനം പാലിക്കാതെ ഇത് അസാധ്യമാണ്. രസസംദായകമായ ഇന്ദ്രിയ വിഷയങ്ങളും അവയുടെ സുഖകരമായ ഓർമ്മകളും നമ്മെ വിട്ടുപോകുമ്പോൾ പകലിന്റെ വെളിച്ചം നഷ്ടപ്പെട്ട് രാത്രിയിലേക്കു പ്രവേശിക്കുന്ന ഒരു പ്രതീതിയാണ് നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അനുഭവപ്പെടുക. ഇതിനെയാണ് ആദ്ധ്യാത്മിക ഭാഷയിൽ, ഇന്ദ്രിയങ്ങളുടെ രാത്രി (The night of the senses) എന്നു പറയുന്നത്. രസാനുഭൂതി നഷ്ടപ്പെട്ടിരിക്കുന്ന ഈ വേളയിൽ, കൈവരാനിരിക്കുന്ന ആനന്ദാനുഭൂതി ഇനിയും അനുഭവിച്ചിട്ടില്ലാത്തതിനാൽ, ഈ നിമിഷങ്ങൾ രാത്രിയുടെ നിമിഷങ്ങളായിത്തന്നെ ആത്മാവിന് അനുഭവപ്പെടുന്നു.

മനുഷ്യന്റെ ആദ്ധ്യാത്മിക യാത്രയിൽ ആത്മീയ വരൾച്ച എന്ന ഒരു പ്രതിഭാസം അനുഭപ്പെടാറുണ്ട്. ഇത് അധികമായും ഐന്ദ്രിക തരത്തിലുള്ള ഒരു രസവിച്ഛേദനമാണ്. എന്നുവച്ചാൽ ദൈവീക കാര്യങ്ങളിൽ അന്നുവരെ അനുഭവപ്പെട്ടിരുന്ന രസാത്മകതയും ആവേശവും ആത്മാവിന് നഷ്ടപ്പെട്ടതായി തോന്നുന്നു. ഇത് ആത്മിക നിശയുടെ ഒരു രൂപമായി കരുതാവുന്നതാണ്. പക്ഷേ ഈ ആത്മീയ വരൾച്ച രണ്ടുവിധത്തിൽ സംഭവിക്കാവുന്നതാണ്. അശ്രദ്ധയായി, ഏകാഗ്രതയില്ലാതെ ഐന്ദ്രിയരസങ്ങളിൽ മുഴുകിജീവിക്കുന്ന ഒരു വ്യക്തിക്ക് ആത്മീയ വരൾച്ച അനുഭവപ്പെടുന്നത് സ്വന്തം തെറ്റുകൊണ്ടു തന്നെയായിരിക്കാം. ഇത് ഇവിടെ പറയുന്ന ആത്മീയ രാത്രിയല്ല. കാരണം ഐന്ദ്രീയവിഷയങ്ങളിൽ മുഴുകിജീവിക്കുന്ന ഒരുവനും

ആത്മീയസന്തോഷം ലഭ്യമാകുന്നതല്ല. എന്നാൽ ആത്മീയ ജീവിതത്തിൽ മുന്നോട്ട് പോകാൻ ദൃഢവ്രതം ചെയ്ത നല്ല വ്യക്തിക്കും ആത്മാവിന്റെ വരൾച്ച അനുഭവപ്പെടാൻ പാടുണ്ട്. ഇത് ആത്മാവിന്റെ പുനഃശുദ്ധീകരണത്തിനുവേണ്ടി ദൈവം തന്നെ കൈവരുത്തുന്ന ഒരു ജീവിതഘട്ടമാണ്. ആത്മാവിന്റെ ദൈവസ്നേഹം പൂർണമായും കറതീർന്നതും സ്വാർത്ഥരഹിതവും ആകണമെങ്കിൽ മാനുഷിക രസാത്മാകതയോ ഐന്ദ്രിയ ആവേശമോ അതിന് നിദാനമായിരിക്കാൻ പാടില്ല. അത് തികച്ചും പരിശുദ്ധമായ സ്നേഹത്താൽ മാത്രം പ്രേരിതവും സ്നേഹനാഥനിലേക്കുമാത്രം സദാ ഉൻമുഖനമാർന്നിരിക്കുന്നതും ആയിരിക്കണം. ആത്മാവിന്റെ ഐന്ദ്രിക നിശയിലൂടെ യാത്രചെയ്യുമ്പോൾ മറ്റു രസങ്ങൾ ഒന്നുംതന്നെയില്ലാത്തതുകൊണ്ട് പ്രവൃത്തിയുടെ ലക്ഷ്യം എപ്പോഴും കറതീർന്ന സ്നേഹവും നാഥന്റെ സന്തോഷവുമാണ്. അതുകൊണ്ട് ആത്മീയവരൾച്ച അനുഭവപ്പെടുന്നുണ്ടെങ്കിലും സാന്ത്വനത്തിന്റെ തലോടൽ ലഭിക്കുന്നില്ലെങ്കിലും യേശുശിഷ്യ ത്യാഗപൂർവ്വം എന്നാൽ സന്തോഷപൂർവം എല്ലാ പ്രവൃത്തികളും അർച്ചനയായി, നാഥനുള്ള യജ്ഞമായി, ചെയ്തുകൊണ്ടിരിക്കുന്നു.

ഐന്ദ്രികനിശപോലെ തന്നെ പ്രധാന്യം അർഹിക്കുന്നതാണ് ബുദ്ധിയുടെ നിശയും. മനുഷ്യബുദ്ധി കാലക്രമത്തിൽ സ്വാഭാവികമായ ഒരു ചിന്താരീതി മെനഞ്ഞെടുക്കുന്നുണ്ട്. വസ്തുനിഷ്ഠതയും വാദപ്രതിവാദവുമെല്ലാം ഈ ചിന്താരീതിയുടെ ഉൾബലമായി മനുഷ്യർ കരുതുന്നു. നീതിയും ന്യായവും അനുസരിച്ചു വേണം പ്രവർത്തിക്കാൻ എന്ന സാമാന്യലോകത്തിന്റെ സ്വീകാര്യമായ ഒരു താത്ത്വിക ശക്തിയും ഈ ചിന്താരീതി അവകാശപ്പെടുന്നുണ്ട്. വ്യവഹാരപ്രക്രിയകളിലും നീതിന്യായ കോടതികളിലും ധിഷണാപരവും ന്യായാനുസൃതവുമായ ഈ ചിന്തയ്ക്ക് അമൂല്യവില കല്പിക്കുന്നുണ്ട്. ഇത് നമുക്കെല്ലാം സ്വീകാര്യവും മാനുഷിക ധർമ്മത്തിന്റെ അടിസ്ഥാനവുമാണ്. എന്നാൽ മനുഷ്യബുദ്ധിയുടെ ന്യായാന്യായചിന്തയെ അതിജീവിച്ചുകൊണ്ട് ഒരു പുതിയ ചിന്താരീതി വിശ്വാസം നമ്മിലേക്ക് കൊണ്ടുവരുന്നു. കർക്കശമായ നീതി കരുണയോടുകൂടെ കൈകാര്യം ചെയ്യാൻ ന്യായവിധിയില്ലെങ്കിലും ശത്രുവിനെ സ്നേഹിക്കാനും വേണ്ടിവന്നാൽ അവനുവേണ്ടി മരിക്കാനും, വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ഇവിടെ രണ്ടു ചിന്താരീതികൾ തമ്മിൽ കൂട്ടിമുട്ടുന്നു. ചിലപ്പോൾ സംഘട്ടനത്തിലേക്കും സംഘർഷത്തിലേക്കും നയിക്കുന്നു. ഇതിനു കാരണം രണ്ടു വിചാരവീഥികളുടെയും ഉറവിടവും അന്ത്യപ്രാപ്തിയും ഒന്നല്ലാത്ത

താണ്. മാനുഷീക ബുദ്ധിയിൽ നിന്നുള്ള തർക്കബദ്ധമായ ചിന്ത കാര്യകാരണ സഹിതം തന്റെ നിലപാട് ശരിയാണെന്ന് സമർത്ഥിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്ന് ഒഴുകി വരുന്ന ചിന്താധാര, ആവിഷ്കരണ വെളിച്ചത്താൽ ഉൾക്കണ്ണു തുറന്നതിനുശേഷമുള്ള കാഴ്ചപ്പാടിനാൽ അലംകൃതമായതുകൊണ്ട്, തൽകാലം മാനുഷികചിന്തകൾ മാറിവച്ച് ദൈവിക ചിന്തയിലേക്ക് മാറാൻ ആഗ്രഹിക്കുന്നു. ഇത് വെറും മാനുഷികമായ ചിന്തയുടെ മൗനവും ബുദ്ധിയുടെ മൗനത്തിൽ അനുഭവപ്പെടുന്ന ആത്മാവിന്റെ രാത്രിയും നമുക്കു നൽകുന്നു. എന്നെ ഉപദ്രവിച്ചവനെ, ഇന്നും ഉപദ്രവിച്ചു കൊണ്ടിരിക്കുന്നവനെ ഞാൻ മാറി നിറുത്തുകയും വേദനിപ്പിക്കുകയും ചെയ്യുന്നത് ശരിയാണെന്ന് സാമാന്യ മാനുഷികബുദ്ധി പറയുമ്പോൾ, അത് ഞാൻ സ്നേഹിക്കുന്ന യേശുനാഥന്റെ ചിന്താരീതിയല്ലന്നു മനസ്സിലാക്കി അവനെ സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നത് വിശ്വാസത്തിന്റേതായ അതിസ്വാഭാവിക കാഴ്ചപ്പാടിലൂടെയാണ്. ഇത് ആദ്യമൊക്കെ വളരെ പ്രയാസവും ഒരുതരം രാത്രിയിലൂടെയുള്ള കടന്നു പോകലുമാണ്. കാരണം, പകലിലെ വെളിച്ചമെന്നതുപോലെ ബുദ്ധി ഉയർത്തുന്ന വാദമുഖങ്ങൾ തെളിഞ്ഞു നിൽക്കുകയാണ്. ഈ വെളിച്ചം മാറിവച്ച് മനസ്സിന്റെ സ്വാഭാവിക പ്രവണത അതിജീവിച്ച് വിശ്വാസത്തിന്റെ തമോമയ പ്രകാശത്തിലൂടെ നടക്കാൻ യേശുശിഷ്യ സ്വയം സന്നദ്ധയാണ്. ഇവിടെ ബുദ്ധിയും ബുദ്ധി ഉയർത്തുന്ന വാദമുഖങ്ങളും ത്യാജകോടിയിൽ തള്ളപ്പെടുന്നു. ഇതാണ് ബുദ്ധിയുടെ രാത്രി (The night of the intellect) .

ബുദ്ധിയുടെ രാത്രി ഇഷ്ടാനുഷ്ടങ്ങളുടെ കേന്ദ്രസ്ഥാനമായ മനസ്സിന്റെ രാത്രിയിലേക്ക് (night of the will) നമ്മെ കൊണ്ടുവരുന്നു. ബുദ്ധിയും മനസ്സും സാമാന്യ രീതിയിൽ ഒന്നുചേർന്നാണ് പ്രവർത്തിക്കുന്നത്. ബുദ്ധി പറയുന്നത് സാമാന്യരീതിയിൽ മനസ്സ് സ്വീകരിക്കുന്നു, നിർവഹിക്കുന്നു. ബുദ്ധിപ്രകാശിക്കുന്നു, മനസ് പ്രവർത്തിക്കുന്നു. വെളിച്ചത്തിൽ അധിഷ്ഠിതമായിരിക്കണം തീരുമാനം. അതുകൊണ്ടാണ് തീരുമാനത്തിനുവേണ്ടി മനസ്സ് ബുദ്ധിയെ ആശ്രയിക്കുന്നത്. വെളിച്ചം നൽകുന്ന ബുദ്ധി കാര്യകാരണസഹിതം സംഗതികളെ കാണിച്ചുതരുകയേയുള്ളു. ആ വെളിച്ചത്തിൽ തീരുമാനം എടുക്കുന്ന പ്രക്രിയ നമ്മൾ മനസ്സിലേക്ക് ആരോപിക്കുന്നു. അറിവിന്റെ അപഗ്രഥനത്തിനുവേണ്ടി ഇങ്ങനെ പറയാമെങ്കിലും വാസ്തവത്തിൽ ബുദ്ധിയും മനസ്സും അഗാധതയിലുള്ള ഒരു അവബോധത്തിന്റെ അവിഭാജ്യഘടകങ്ങളാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ബുദ്ധി പറയുന്ന വാസ്തവം മനസ്സിന് നിരാകരിക്കാനും സാധിക്കും. ഈ നിരാകരണം അഥവാ ഉപേക്ഷ രണ്ടുവിധത്തിൽ സംഭവിക്കാം. വസ്തുനിഷ്ഠവും സത്യസന്ധവുമായ ബുദ്ധിയുടെ നിർദ്ദേശം ഞാൻ സ്വീകരിക്കുകയാണെങ്കിൽ എനിക്ക് വളരെയേറെ നഷ്ടങ്ങൾ സംഭവിക്കുന്നതായി ഞാൻ കാണുന്നു. ആ നഷ്ടസാധ്യതകളിലേക്ക് വെളിച്ചം നൽകുന്നതും ഈ ബുദ്ധി തന്നെയാണ്. പക്ഷേ ഈ വെളിച്ചം നിരാകരിച്ച് സ്വാർത്ഥ ലാഭത്തിനായി മറെറാരു വിധത്തിൽ പ്രവർത്തിക്കാൻ മനസ്സ് തീരുമാനമെടുക്കുന്നു. മനസിനുള്ള സ്വാതന്ത്ര്യത്തിന്റെ കഴിവാണ് നമ്മെ ഉത്തരവാദിത്വമുള്ളവരാക്കിത്തീർക്കുന്നതും, നമ്മുടെ പ്രവൃത്തനങ്ങൾ നന്മയിലേക്കോ തിന്മയിലേക്കോ ചലിപ്പിക്കുന്നതും. സ്വാർത്ഥതയാണ് തെറെറായ തീരുമാനങ്ങളുടെ അടിയിൽ കിടക്കുന്ന പ്രേരകശക്തി. സ്വാർത്ഥലോലുപനായ മനുഷ്യൻ ബുദ്ധിയുടെ നിർമ്മല വെളിച്ചം നിരാകരിച്ച് അറിവോടെ തെറെറ് ചെയ്യുന്നു. ഇങ്ങനെയുള്ള തെറെറുകൾ മാത്രമാണ് പാപമായി പരിഗണിക്കപ്പെടുന്നത്. ബുദ്ധിയുടെ വെളിച്ചം നിരാകരിച്ച് മറെറാരു പ്രവർത്തനം മനസ്സ് സ്വീകരിക്കുന്നത് വിശ്വാസത്തിന്റെ വെളിച്ചത്താൽ പ്രേരിതയായിട്ടും ആകാൻ പാടുണ്ട്. ഇവിടെ അഹം കേന്ദ്രീകൃതമായ സ്വാർത്ഥതക്കു പകരം യേശുകേന്ദ്രീകൃതമായ വിശ്വാസത്തിന്റെ വെളിച്ചം മനസ്സിന്റെ പ്രേരകശക്തിയായി ഭവിക്കുന്നു. ബുദ്ധി പറയുന്ന 'പകരംവീട്ടലി'ന്റെ വാദമുഖങ്ങൾ മാററിവച്ച്, ശത്രുവിനെ സ്നേഹിക്കാൻ മനസ്സ് തീരുമാനിക്കുന്നു. ശ്രേഷ്ഠതരമായ ഒരു അറിവിന്റെ വെളിച്ചത്തിലാണ് ഇവിടെ മനസ്സ് ബുദ്ധിയുടെ വെളിച്ചം നിരാകരിക്കുന്നത്. ഈ ശ്രേഷ്ഠഅറിവ് വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്. മനുഷ്യർക്ക് അറിവിന്റെ മൂന്നു നയനങ്ങൾ ഉള്ളതായി പറയപ്പെടുന്നു.

1. ഇന്ദ്രിയങ്ങളുടേത്.
2. ബുദ്ധിയുടേത്.
3 വിശ്വാസത്തിന്റേത്.

ഇന്ദ്രിയനയനങ്ങൾ കാണുന്നതും കാംക്ഷിക്കുന്നതും ഉപേക്ഷയിൽ തള്ളുന്നതാണ് ഇന്ദ്രിയങ്ങളുടെ രാത്രി. ബുദ്ധിയുടെ കണ്ണ് കാണുന്നതും വിലമതിക്കുന്നതും ത്യാജ കോടിയിൽ തള്ളുന്നതാണ് ബുദ്ധിയുടെ രാത്രി. ഐന്ദ്രിക ബൗദ്ധിക നയനങ്ങൾക്കതീതവും വിശേഷ ദൈവിക

വെളിച്ചം നൽകുന്നതുമായ വിശ്വാസത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് ഈ രാത്രികളിൽ ആത്മാവ് പ്രയാണം ചെയ്യുന്നത്. വിശ്വാസത്തിന്റെ കാഴ്പ്പാട് സ്വാർത്ഥരഹിതവും ദൈവോന്മുഖവുമാണ്. കാരണം, വിശ്വാസത്തിനു വെളിച്ചമെന്നത് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെതന്നെ വെളിച്ചമാണ്. അതുകൊണ്ട് വിശ്വാസത്തിന്റെ മൂന്നാം കണ്ണിലൂടെ എല്ലാം കണ്ടുകൊണ്ട് തന്റെ സ്വാഭാവിക ബുദ്ധിക്ക് അതീതമായി ഉയർന്ന് സ്നേഹത്തിന്റേതും ത്യാഗത്തിന്റേതുമായ തീരുമാനങ്ങൾക്കായി മനസ്സ് തയ്യാറെടുക്കുന്നു. മനസ്സിന്റെ ത്യാഗോജ്ജ്വലമായ ഈ തീരുമാനമനുസരിച്ച് ബുദ്ധി ചലിക്കുകയും ബുദ്ധിയോടൊത്ത് സകല ഇന്ദ്രിയങ്ങളും സഹകരിച്ച് മനസ്സിന്റെ നല്ല തീരുമാനം പ്രവർത്തനപഥത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു. മനസ്സിന് സ്വാഭാവികമായി ഇണങ്ങിയതും ഇഷ്ടപ്പെട്ടതുമായ പലതും വർജ്ജിച്ചുകൊണ്ടാണ്, തന്റെ സ്നേഹനാഥനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് മനസ്സ് ഇപ്രകാരം ചെയ്യുന്നത്. ഇത് മനസ്സിന്റെ രാത്രി കൂടിയാണ്. വിശ്വാസത്തിന്റെ വെളിച്ചമല്ലാതെ മറെറാരു വെളിച്ചം ഇല്ലാത്തതുകൊണ്ട് ബുദ്ധിയുടെ രാത്രിയും, അതേസമയം ദൈവസ്നേഹാധിഷ്ഠിതമായ പരസ്നേഹം അല്ലാത്ത മറെറാരു ആഗ്രഹം ഇല്ലാത്തതുകൊണ്ട് ഇത് മനസ്സിന്റെ രാത്രിയും കൂടിയാണ്. ബുദ്ധി അറിവ് ആഗ്രഹിക്കുന്നതുപോലെ, മനസ്സ് നന്മ ആഗ്രഹിക്കുന്നു. ബുദ്ധി കാണിച്ചുതരുന്ന നന്മയെ സാധാരണയായി സ്വീകരിക്കുന്നു. വിശ്വാസത്തിന്റെ അറിവിന് ബുദ്ധി കീഴടങ്ങുന്നതോടെ ആത്മാവിന്റെ തലം ഉയരുന്നു. അതോടൊന്നിച്ച് മനസ്സിന്റെ ആഗ്രഹവിഷയവും മാറുന്നു. ബുദ്ധി വിശ്വാസവെളിച്ചത്താൽ ധന്യമാകുന്നതുപോലെ മനസ്സ് നിസ്വാർത്ഥമായ സ്നേഹനിർഭരതയാൽ ധന്യയാകുന്നു. ഈ സ്നേഹം ദൈവസ്നേഹമായും പരസ്നേഹമായും ആത്മാവിൽ വിരിയുകയും പ്രവർത്തനങ്ങളിലൂടെ ഫലം നൽകുകയും ചെയ്യും.

ആത്മാവിന്റെ രാത്രിയുടെ രണ്ടുവശങ്ങൾ നാം ഇപ്പോൾ കണ്ടു കഴിഞ്ഞു. അവയാണ് ബുദ്ധിയുടെയും മനസ്സിന്റെയും രാത്രികൾ. ബുദ്ധി വിശ്വാസത്തിന്റെ വെളിച്ചത്താലും മനസ്സ് സ്നേഹത്തിന്റെ നിസ്വാർത്ഥതയാലും ശുദ്ധീകരിക്കപ്പെടുന്നു. ആത്മാവ് സ്വാർത്ഥ രഹിതയും പരിപൂരിതയുമായി മാറിക്കൊണ്ടിരിക്കുന്നു.

ആത്മാവിൽ പ്രവർത്തിക്കുന്ന ബുദ്ധിയും മനസ്സും പോലെ സുപ്രധാനമായ മറെറാരു ഘടകമാണ് 'ഓർമ്മ' അഥവാ 'സ്മരണ'.

മനുഷ്യന്റെ സ്മൃതിപഥത്തിൽ ഐന്ദ്രികവും ബൗദ്ധികവുമായ (sensual & intellectual) ഓർമ്മകളുണ്ട്. ഐന്ദ്രിക ഓർമ്മകളെക്കുറിച്ച് ഇന്ദ്രിയങ്ങളുടെ രാത്രിയിൽ നാം പ്രതിപാദിച്ചു കഴിഞ്ഞു. ഇവിടെ ഇപ്പോൾ പറയുന്നത് ബൗദ്ധിക മണ്ഡലത്തിലുള്ള ഓർമ്മകളെക്കുറിച്ചാണ്. ബുദ്ധി-മനസ്സുകൾ പലപ്പോഴും പ്രവർത്തിക്കുന്നത് അവ ശേഖരിച്ചു വച്ചിട്ടുള്ള ഓർമ്മകളുടെ പശ്ചാത്തലത്തിലാണ്. നല്ല നല്ല ആശയങ്ങളും ആശയങ്ങളോടുള്ള അനുഭാവങ്ങളും, ആവേശവും ആദരവും ഈ ഓർമ്മസഞ്ചയത്തിൽപ്പെടുന്നു. മിത്രത്തെ സ്നേഹപൂർവം കാണാനും ശത്രുവിനെ രോഷാകുലരായി നോക്കാനും നമ്മെ പ്രേരിപ്പിക്കുന്നത് നമ്മിൽ ഒളിഞ്ഞുകിടക്കുന്ന ഓർമ്മകളാണ്. പല പ്രാവശ്യം ക്ഷമിച്ചെങ്കിലും പിന്നെയും നമ്മെ ഉപദ്രവിച്ചു കൊണ്ടിരിക്കുന്ന വ്യക്തിക്കെതിരേ അടക്കാനാവാത്ത ദ്വേഷ്യം പൊട്ടിവിടരുന്നതും ആക്രോശിക്കുന്നതും പെരുമാറുന്നതും നമ്മൾ ശേഖരിച്ചിട്ടുള്ള വേദനാജനകമായ ഓർമ്മയുടെ ശക്തിപ്രഹരംകൊണ്ടാണ്. ഈ ഓർമ്മകളെ പ്രശാന്തമാക്കുകയും അനുരഞ്ജിപ്പിക്കുകയും കാലക്രമേണ നമ്മുടെ ജീവിതത്തിലേയ്ക്ക് ഉദ്ഗ്രഥിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യേണ്ടത് നമ്മുടെ ആവശ്യമാണ്. ഒററപ്പെട്ട ഓർമ്മകൾ വേദനയുടെ മുള്ളുകളായി നമ്മിൽ നിലനിൽക്കുകയാണെങ്കിൽ അവ നമ്മെ, നമ്മൾ വിചാരിക്കാത്ത സമയത്ത്, കീറിമുറിക്കുകയും അപ്രതീക്ഷിതമായ പ്രവർത്തന ശൈലികൾക്ക് ഇടവരുത്തുകയും ചെയ്യും. പെട്ടെന്നുള്ള പൊട്ടിത്തെറിക്കലും ഒരു വാക്കും ഉരിയാടാതെയുള്ള രൂക്ഷമായ വീക്ഷണവും ഭീകരമൗനവും എല്ലാം ഇതിന്റെ പ്രതികരണങ്ങളാണ്. ഇത് സംഭവിക്കാതിരിക്കണമെങ്കിൽ ഓർമ്മകളെ നാം സ്നേഹപൂർവം കൈകാര്യം ചെയ്യണം. വേദനാജനകമായ ഓർമ്മകളെ സ്നേഹസമ്പന്നവും ത്യാഗജന്യവുമായ ഓർമ്മകൾക്കൊണ്ട് അതിജീവിക്കണം. അങ്ങനെ സാവധാനം അനിഷ്ടസ്മരണകളുടെ മുള്ളുകൾ ഒടിയുകയും ആഹ്ളാദ സ്മരണകളുടെ സാന്നിദ്ധ്യം വർദ്ധിക്കുകയും ചെയ്യും. "നിങ്ങൾ ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22:19) എന്ന് യേശുനാഥൻ അരുൾചെയ്തപ്പോൾ ഓർമ്മയുടെ ഒരു പുതിയ വിഷയവും കൽപ്പനയും യേശുശിഷ്യയ്ക്ക് ലഭിച്ചു. ഞാൻ നിങ്ങൾക്കുവേണ്ടി, നിങ്ങളുടെ സന്തോഷത്തിനും സംരക്ഷണത്തിനുംവേണ്ടി എന്റെ ജീവൻ ആഹുതി ചെയ്യാൻ വിട്ടുകൊടുക്കുന്നതുപോലെ നിങ്ങളും പരസ്പരം ചെയ്യുവിൻ. ഇതാണ് കൽപ്പനയുടെ സാരം. വേറെ വാക്കുകളിൽ പറഞ്ഞാൽ, നിങ്ങളുടെ ഓർമ്മ മററുള്ളവർ നിങ്ങളോടു

കാണിച്ച സ്നേഹമില്ലായ്മയിൽ കെട്ടിനിറുത്താതെ, ഞാൻ നൽകുന്ന സ്നേഹവായ്പ്പിൽ നിക്ഷേപിക്കുക എന്നാണ് യേശുനാഥൻ നമ്മോട് പറയുന്നത്. സ്നേഹരാഹിത്യത്തെ സ്നേഹാധിക്യംകൊണ്ട് അതിജീവിക്കുന്നു. ദൈവം നമ്മോട് കാണിക്കുന്ന അളവില്ലാത്ത സ്നേഹവും അവിടത്തെ പരിപാലനയുടെ കരസ്പർശനങ്ങളും നമ്മൾ ഓർമ്മയിൽ വച്ച് പൂജിക്കണം. അപ്പോൾ ഇതര മനുഷ്യർ നമുക്കെതിരായി ചെയ്യുന്ന ചെറിയ തെറ്റുകൾ എളുപ്പം ക്ഷമിക്കുന്നതിനും അവരിലേക്ക് സ്നേഹം പകരുന്നതിനും ദൈവശക്തിയാൽ നമുക്ക് സാധിക്കും. അങ്ങനെ ഓർമ്മ നമ്മുടെ നല്ല മനസ്സിനെ മെനഞ്ഞെടുക്കുന്നു: നമ്മുടെ നല്ല ജീവിതശൈലിക്ക് കളമൊരുക്കുന്നു.

"മറിയമാകട്ടെ ഇവയെല്ലാം തന്റെ ഹൃദയത്തിൽ വച്ച് സൂക്ഷിച്ച് ധ്യാനിച്ചിരുന്നു" (ലൂക്കാ 2:19). സ്വന്തം കുഞ്ഞിന് പിറക്കാൻ സത്രത്തിൽപ്പോലും സ്ഥലം കിട്ടാതെ, സർവ്വരാലും പരിത്യക്തയായി ഒരു കാലിത്തൊഴുത്തിൽ കുഞ്ഞിന് ജന്മംകൊടുക്കേണ്ടിവന്ന അമ്മ എത്രമാത്രം വേദന അനുഭവിച്ചു എന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. ഈ വേദനയെക്കുറിച്ചുള്ള ആവലാതിയോ അസംതൃപ്തിയോ ഒന്നും നാം ഇവിടെ കാണുന്നില്ല. ഉണ്ണീശോപ്പിറവിക്കുശേഷം അവിടെ വന്ന ആട്ടിടയർ നൽകിയ സദ്വാർത്തയിൽ അവൾ സന്തുഷ്ടചിത്തയാകുന്നു. ദൈവത്തിന്റെ പരിപാലനയിൽ അവളുടെ തരളിതഹൃദയം തുടിക്കുന്നു. ദൈവപരിപാലനയുടെ ആ സ്നേഹസ്പർശനം ഹൃദയത്തിൽവച്ച് ധ്യാനിക്കുന്നു. വേദനകളെല്ലാം മറന്ന് നല്ല ഓർമ്മകളാൽ പരിവേഷിതയായി സ്നേഹപൂർവം എല്ലാവരെയും ആദരിക്കുന്നു, സ്വീകരിക്കുന്നു. നമ്മളും നമ്മുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റേതായ നല്ല അനുഭവങ്ങളും ഓർമ്മകളും നിലനിർത്തണം. ആ ഓർമ്മകളായിരിക്കട്ടെ നമ്മുടെ പ്രവർത്തനങ്ങളെ നയിക്കുന്ന ആന്തരിക ശക്തിവിശേഷം.

ദുസ്സഹമായ ഓർമ്മകൾ മനസ്സിൽനിന്നു മാറുന്നതും അവയ്ക്ക് പ്രാധാന്യം കൊടുക്കാതിരിക്കുന്നതും അവയെ നല്ല ഓർമ്മകൾ കൊണ്ട് അതിജീവിക്കുന്നതുമാണ് ആത്മാവിന്റെ രാത്രിയിൽ ഓർമ്മകൾക്ക് സംഭവിക്കുന്നത്. വൈരാഗ്യത്തിന്റെയും പകരംവീട്ടലിന്റേതുമായ ഓർമ്മകൾ സാവധാനം മനസ്സിൽനിന്ന് മാഞ്ഞുപോകുന്നു. പൂർണമായി മറക്കുന്നില്ലെങ്കിൽ തന്നെ അവ അപ്രധാനങ്ങളായി മാറുന്നു. സ്മരണമണ്ഡലത്തിൽ അവ നിശ്ശബ്ദമായി ഉറങ്ങുന്നു. നിശ്ശബ്ദതയുടെ ആ രാത്രിയിൽ നിസ്വാർത്ഥവും നിർമ്മലവുമായ ദൈവസ്നേഹ

ത്തിന്റെ സ്മരണകൾ വിടരുന്നു. വിശ്വാസത്തിന്റെ വെളിച്ചവും അനുഭവവും അങ്ങനെ സ്മൃതിപഥത്തിൽ വച്ചു സൂക്ഷിക്കുന്ന പ്രക്രിയ ഓർമ്മകൾക്ക് വലിയ വ്യതിയാനം വരുത്തുന്നു. കാലക്രമത്തിൽ ആത്മാവിന്റെ സ്മൃതിമണ്ഡലം നല്ല ഓർമ്മകളുടേതിൽ നിന്നുദിക്കുന്ന ശുഭപ്രതീക്ഷകളുടെ കേദാരമായി മാറുന്നു.

ആത്മാവ് ഓർമ്മയെ ശുദ്ധീകരിക്കുന്നതും അതി ജീവിക്കുന്നതും പ്രതീക്ഷകൊണ്ടാണ് (Hope). പ്രതീക്ഷയെന്നു പറയുന്നത് ഇനിയും സംഭവിക്കാനിരിക്കുന്നതിലേക്കുള്ള ഉററുനോട്ടവും അതിലുള്ള സ്ഥിരമനോഭാവവുമാണ്. സാക്ഷാൽ പ്രതീക്ഷയ്ക്ക് സംശയങ്ങളില്ല. ദൈവം സത്യവാനായതുകൊണ്ട് അവിടത്തെ വാക്കുകൾ സത്യസന്ധമെന്നും അവ അക്ഷരംപ്രതി നിറവേറുമെന്നും അവൾ വിശ്വസിക്കുന്നു. അതുകൊണ്ട് ഇപ്പോഴത്തെ ഇഷ്ടാനിഷ്ടങ്ങൾ വകവയ്ക്കാതെ, അവയെ സ്മരണ മണ്ഡലത്തിലെ പ്രധാന വിഷയങ്ങൾ ആക്കാതെ, സ്നേഹനാഥനായ യേശു തന്നോട് കാണിച്ച ക്ഷമയും സ്നേഹവും തനിക്ക് നൽകിയ വാഗ്ദാനങ്ങളും സ്മരണയുടെ സുപ്രധാന വിഷയങ്ങളാക്കി മാററുന്നു. സ്മരണ നമ്മെ ഭൂതകാലത്തിലേക്ക് കൊണ്ടു പോകുന്നു. "നിങ്ങൾ ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന കർത്താവിന്റെ വാക്കുകൾ അനുസ്മരിക്കുമ്പോൾ ഭൂതകാലത്തിൽ നടന്ന ഒരു ചരിത്ര സംഭവത്തിലേക്ക് നമ്മൾ സ്മരണയിലൂടെ കടന്നുചെല്ലുന്നു. ആ സംഭവം നമ്മുടെ സ്മൃതിപഥത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. അതോടൊപ്പം യേശുനാഥൻ അരുൾചെയ്ത വാഗ്ദാനങ്ങൾ നമ്മെ പ്രതീക്ഷയിലേക്ക് ആനയിക്കുന്നു. സ്മരണ ഭൂതത്തിലേക്ക് പോകുന്നതുപോലെ പ്രതീക്ഷ ഭാവിയിലേയ്ക്ക് വിരൽചൂണ്ടുന്നു. "നിങ്ങളുടെ ഹൃദയങ്ങൾ കലങ്ങേണ്ട, ദൈവത്തിൽ വിശ്വസിക്കുക; എന്നിലും വിശ്വസിക്കുക, എന്റെ പിതാവിന്റെ ഭവനത്തിൽ വളരെ മുറികൾ ഉണ്ട്: ഞാൻ പോയി നിങ്ങൾക്കായി മുറികൾ ഒരുക്കിയശേഷം വീണ്ടുംവന്ന് ഞാൻ ഇരിക്കുന്നിടത്തേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടു പോകും. ഇത് എന്റെ കൂടെ നിങ്ങളും ആയിരിക്കേണ്ടതിനു വേണ്ടിയാണ്" (യോഹ. 14:13).

അവസാനത്തെ അത്താഴത്തിനു ശേഷമുള്ള യേശുനാഥന്റെ ഈ അന്തിമവചസ്സുകൾ യേശുശിഷ്യയിൽ പ്രതീക്ഷയുടെ ഒരു വലിയ വ്യോമമണ്ഡലം തുറന്നുവയ്ക്കുന്നു. ആ നല്ല നാളയെ നോക്കിക്കൊണ്ട് പ്രതീക്ഷയോടെ അവൾ കാത്തിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ

ഭൂതകാലത്തെക്കുറിച്ചല്ലെങ്കിലും പ്രതീക്ഷയിലും ഒരുതരം ഓർമ്മയുണ്ട്. ഭാവിയിൽ വരാനിരിക്കുന്നതിനേക്കുറിച്ചുള്ള ഓർമ്മ. ഭൂതവും ഭാവിയും ഒന്നിപ്പിക്കുന്ന വർത്തമാനകാലത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഭൂതത്തിലെ വേദനാജനകമായ തിക്തസ്മരണകളെ ഭാവിയെക്കുറിച്ചുള്ള ശുഭസ്മരണയായ പ്രതീക്ഷയാൽ ആത്മാവ് അതിജീവിക്കുന്നു. അതുകൊണ്ട് ശപിക്കുന്നവനെ അനുഗ്രഹിക്കാനും പീഡിപ്പിക്കുന്നവനുവേണ്ടി പ്രാർത്ഥിക്കാനും ഇരുവരിലേക്കും ഒരുപോലെ സ്നേഹം പകരാനും യേശുശിഷ്യയ്ക്ക് കഴിയുന്നു. ഈ മനോഭാവമാണ് പ്രേഷിതമുഖ്യനായ വിശുദ്ധ പൗലോസിൽ നാം കാണുന്നത്. അദ്ദേഹം പറയുന്നു:

> ഈ നിമിഷംവരെ ഞങ്ങൾ വിശന്നും ദാഹിച്ചും നഗ്നരായും പ്രഹരങ്ങളേറ്റും പാർപ്പിടമില്ലാതെയും കഴിയുന്നു. സ്വന്തം കൈകൊണ്ടു ഞങ്ങൾ അദ്ധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു; പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെ നിൽക്കുന്നു. ദൂഷണം പറയുന്നവരോട് ഞങ്ങൾ നല്ലവാക്കു പറയുന്നു. ഞങ്ങൾ ഇപ്പോൾ ലോകത്തിന്റെ ചപ്പും ചവറുംപോലെയും എല്ലാറ്റിന്റെയും ഉച്ഛിഷ്ടംപോലെയും ആയിത്തീർന്നിരിക്കുന്നു (1 കോറി. 4:11-13).

ജുഗുപ്സാപരമായ വൈരുദ്ധ്യമനോഭാവത്തോടെ യേശുശിഷ്യനായ സ്റ്റീഫനെ കല്ലെറിയുന്നവരുടെ മേലങ്കി പിടിച്ചുകൊണ്ട് അവരെ സഹായിച്ചിരുന്ന സാവൂൾ എന്ന ഫരിസേയനാണ് ഇപ്പോൾ യേശുശിഷ്യനായി മാറിയ പൗലോസ്. തന്നെ വേദനിപ്പിക്കുന്നവരെ അനുഗ്രഹിക്കാൻ സന്നദ്ധനുമായിരിക്കുന്നു. തന്റെ മാനസാന്തരത്തിനു ശേഷം സദാ യേശുവിന്റെ രൂപം മനസ്സിൽ നിനച്ച് ഓർമ്മയിൽ നിലനിർത്തി ധ്യാനിച്ചിരുന്ന പൗലോസ് മറ്റൊരു യേശുവായി മാറിക്കഴിഞ്ഞു. നീ എന്തു ധ്യാനിക്കുന്നവോ അതായി നീ ഭവിക്കും എന്ന ആപ്തവാക്യം ഇവിടെ സ്മരണീയമാണ്. ക്രിസ്തുവിനെ സദാ ചിന്തിക്കുന്നവൻ മറ്റൊരു ക്രിസ്തുവായി ഭവിക്കുന്നു. അവിച്ഛിന്നമായി ഒരേ ഒരു ചിന്താധാര സ്മൃതിപഥത്തിൽ ഏറെനേരം കാത്തു സൂക്ഷിക്കുന്നതാണ് ധ്യാനം എന്നു പറയുന്നത്. അങ്ങനെ ധ്യാനം ഓർമ്മയുമായി അഗാധമായി ബന്ധപ്പെട്ടതാണ്. യേശുവിന്റെ ഓർമ്മ നാം ഹൃദയത്തിൽ സദാ കാത്തു സൂക്ഷിക്കുകയാണെങ്കിൽ സാവധാനം യേശുവിന്റെ മനോഭാവം നമ്മുടെ മനോഭാവമായി മാറും. ഇതാണ്

വിശുദ്ധ പൗലോസിൽ നാം കാണുന്നത്. കുരിശിൽ കിടന്നു മരിക്കുമ്പോഴും തന്റെ ഘാതകർക്കുവേണ്ടി കരുണാപൂർവം പ്രാർത്ഥിച്ച യേശുനാഥന്റെ മനോഭാവത്തോടെ പൗലോസ് പറയുന്നു: ഞങ്ങൾ പീഡിതരെങ്കിലും, ഒന്നുമില്ലാത്തവരാണെങ്കിലും നിഷേധപൂർവം പുറം തള്ളപ്പെട്ടവരാണെങ്കിലും ഞങ്ങൾക്ക് ഇന്ന് ഒരു പ്രത്യേകതയുണ്ട്. ഞങ്ങളെ അപലപിക്കുന്നവരെ അനുഗ്രഹിക്കാനും നിന്ദിക്കുന്നവരോട് സാന്ത്വന വചസ്സുകൾ പറയാനും ഞങ്ങൾക്ക് ഇന്ന് കഴിയും. "നിങ്ങളുടെ മനോഭാവം യേശുവിന്റെ മനോഭാവം തന്നെയായിരിക്കണം" (ഫിലി. 2:5) എന്ന് തന്റെ ശിഷ്യരോടു പറഞ്ഞ പൗലോസ് തന്റെ ആത്മകഥ അനാവരണം ചെയ്യുകയായിരുന്നു. യേശുവിലും പൗലോസിലും സംഭവിച്ചത് നമ്മിലും സംഭവിക്കണം. ഇതാണ് യേശുശിഷ്യയുടെ ആഗ്രഹവും പ്രാർത്ഥനയും.

ആത്മാവിന്റെ തമോമയരാത്രിയിൽ ബുദ്ധിയുടെയും മനസ്സിന്റെയും ഓർമ്മയുടെയും രാത്രികൾ യേശുശിഷ്യയ്ക്ക് അനുഭവപ്പെടുന്നുണ്ട്. തങ്ങളുടെ സ്വാഭാവിക പ്രവണതകൾ മാറിവച്ച്, നിസ്സംഗതയുടെ ആ രാത്രിയിലൂടെ ബുദ്ധി, വിശ്വാസത്താലും മനസ്സ് സ്നേഹത്താലും ഓർമ്മ പ്രതീക്ഷയാലും പരിവേഷിതവും പ്രകാശമാനവുമാകുന്നു. മനുഷ്യമൂല്യങ്ങളായ യുക്തിവാദവും ഇഷ്ടപ്രാപ്തിയും സുഖാനുസ്മരണകളും ഉപേക്ഷിച്ച് ദൈവികപുണ്യങ്ങളായ വിശ്വാസം, ഉപവി, പ്രതീക്ഷ എന്നിവയെക്കൊണ്ട് ആത്മാവ് അലംകൃതമാകുന്നു.

അങ്ങനെ ബുദ്ധി, ഓർമ്മ എന്നിവയുടെ പ്രശാന്തതയിൽ, ആ മൗനവേളയിൽ ആരാലും വ്യതിചലിക്കപ്പെടാതെ ദിവ്യനാഥനിൽ ലയിക്കാൻ തന്നെ ഒരുക്കണമേ എന്ന് യേശുശിഷ്യ ഈരടികളിലൂടെ പ്രാർത്ഥിക്കുന്നു. "രാവിൻ പ്രശാന്തിയിൽ നിന്നിൽ ലയിക്കാനും എന്നെയൊരുക്കൂ നീ ജീവേശ്വര."

ഉള്ളിന്റെറയുള്ളിലായ് പള്ളികൊള്ളുന്ന നി-
ന്നുള്ളം കൈത്താലത്തിൽ വിശ്രമിക്കേ
ഉള്ളിൽ നിൻ വാരൊളി നാളം തെളിയാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

ഉള്ളിന്റെ ഉള്ളിലായ് പള്ളികൊള്ളുന്ന

നീലിമയാർന്ന നിശ്ചല നിശീഥിനിയിലൂടെ യാത്രചെയ്യുന്ന ആത്മാവ് തന്റെതന്നെ ഉള്ളിന്റെ ഉള്ളറയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ ഉള്ളറയിലാണ് തന്റെ അരുമനാഥൻ പള്ളികൊള്ളുന്നത്. ആ നാഥനെ തേടിയാണ് സർവ്വംത്യജിച്ച് ഇരുട്ട് നിറഞ്ഞ രാത്രിയിൽ വിശ്വാസത്തിന്റെ അരണ്ട വെളിച്ചവുമായി യേശുശിഷ്യ നടക്കുന്നത്. നമ്മെ സൃഷ്ടിക്കുകയും പരിലാളിച്ച് വളർത്തുകയും ഭാസുരമായ ഭാവി നമുക്കു വാഗ്ദാനം ചെയ്യുകയും ചെയ്ത നല്ല ദൈവം അധിവസിക്കുന്നത് നമ്മുടെ ഹൃദയമാകുന്ന ശ്രീകോവിലിലാണ്. ഐന്ദ്രിക വിഷയങ്ങളായ ലോകത്തിലെ മനോഹരമായ പലതിലും ബുദ്ധിക്ക് തികച്ചും സ്വീകാര്യമായ ആശയ പരമ്പരകളിലും ദൈവത്തെത്തേടിയ ആത്മാവ് അറിവിന്റെ ആ തല ങ്ങളെ മൗനത്തിലാഴ്ത്തി, തന്റെ ഹൃദയത്തിന്റെ ഉള്ളറയിലേയ്ക്കു തിരിയുന്നു. ഇതിനെക്കുറിച്ച് വൈദീകരുടെ പ്രാർത്ഥനാ പുസ്തകത്തിലുള്ള ഒരു ഗാനം വളരെ സുന്ദരവും ശ്രദ്ധേയവുമാണ്:

നീരദപാളികളിൽ കാനനവീഥികളിൽ,
പൂവനവേദികളിൽ
തേടിനടന്നെൻ നായകനെ;
മാടിവിളിച്ചെൻ പാലകനെ;
കണ്ടില്ലെന്നാക്കുരുവികളും
കാണില്ലെന്നാത്തടിനികളും മൊഴിയുമ്പോൾ
വ്യഥയിൽ മുഴുകി ഞാൻ.

നാഥാ, മോദമൊടേ നീയെൻ ഹൃദയത്തിൽ
നിയതം കുടികൊൾകെ
എന്തിനുദൂരെയലഞ്ഞു ഞാൻ
എന്തിനുദുഃഖമിയന്നു ഞാൻ?
എന്നെത്തന്നെ മറക്കുമ്പോൾ
നിൻതിരുവദനം കാണും ഞാൻ മോഹനമെൻ
കരളിൻ മണിയറയിൽ

തന്റെ അസ്തിത്വത്തിന്റെ ആധാരവും അവബോധത്തിന്റെ വെളിച്ചവുമായി അവിടന്ന് അവിടെ പള്ളികൊള്ളുന്നുണ്ടെന്ന് അവൾക്കറിയാം. ആ നാഥന്റെ അരികിൽവന്ന് കൈത്താലമാകുന്ന

മടിയിൽ തലവച്ച് വിശ്രമിക്കാൻ അവൾ ആഗ്രഹിക്കുന്നു. ധ്യാനം ഒരേ സമയം ശ്രമവും വിശ്രമവുമാണ്. ഇന്ദ്രിയങ്ങൾക്കും ബുദ്ധിയിലെ ചിന്താധാരകൾക്കും വിശ്രമം നൽകി, രാത്രിയുടെ പ്രശാന്തത കൈവരിച്ച്, നിർനിമേഷയായി നാഥനിൽ ലയിക്കാൻ അവൾ ആഗ്രഹിക്കുന്നു. രണ്ടു മനസ്സുകൾ ഒന്നു ചേരുന്നതിനെയാണ് ഇവിടെ "ലയം" എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ഈ 'ലയം' നിഷ്ക്രിയയായി മറ്റുള്ളവർക്ക് തോന്നുമെങ്കിലും ഉള്ളിന്റെയുള്ളിൽ ഉൽകൃഷ്ടമായ പ്രവർത്തനവും നിശ്ശബ്ദസുന്ദരമായ രൂപാന്തരീകരണവും നടന്നുകൊണ്ടിരിക്കുന്ന മംഗളമുഹൂർത്തമാണിത്. സ്വയം ഇല്ലാതാക്കുകയും യേശുനാഥൻ തന്നിൽ വളരുകയും ചെയ്യാനുള്ള സ്വയം വിട്ടുകൊടുക്കലാണിത്. "ഞാൻ കുറയുകയും അവൻ വളരുകയും വേണം" (യോഹ. 3:30) എന്ന് സ്നാപകയോഹന്നാൻ പറഞ്ഞ വാക്കുകൾ അവൾ അനുസ്മരിക്കുന്നു. ഈ ലയപൂർണിമയിൽ രണ്ടു മനസ്സുകൾ ഒന്നുചേരുകയും ചിന്താ രീതികൾ പരസ്പരം ആശ്ലേഷിക്കുകയും ദൃഢമായി ബന്ധിക്കപ്പെടുകയും ചെയ്യുന്നു. അബലയും ചകിതയും ആയ മനുഷ്യമനസ്സ് ദൈവ വെളിച്ചത്താൽ ഉദ്ദീപ്തമാവുകയും ദൈവശക്തിയാൽ പ്രബലപ്പെടുകയും ചെയ്യുന്നു. താൻ ആശ്ലേഷിക്കുന്ന സായുജ്യത്തിന്റെ തികവിൽ ആരെന്നെ എന്റെ പ്രേമനാഥനായ യേശുവിൽനിന്നും വേർതിരിക്കും എന്ന് അവൾ സ്വയം പറയുന്നു. നാഥന്റെ കൈത്താലത്തിലുള്ള വിശ്രമം അങ്ങിനെ ഒരു വലിയ രൂപാന്തരീകരണപ്രക്രിയയായി മാറുന്നു. ഇത് അനായാസേന സാധിക്കാൻ വിശ്വാസത്തിന്റെ വെളിച്ചം ആത്മാവിൽ തെളിയണം. അതുകൊണ്ട് അവൾ പ്രാർത്ഥനാപൂർവം പാടുന്നു. "ഉള്ളിൽ നിൻ വാരൊളി നാളം തെളിയാനും എന്നെയൊരുക്കൂ നീ ജീവേശ്വരാ."

കർത്താവിന്റെ ഉള്ളംകൈത്താലത്തിലുള്ള വിശ്രമം ദൈവപരിപലനയിലുള്ള വിശ്വാസത്തിന്റെയും അചഞ്ചലമായ ശരണത്തിന്റെയും പ്രതീകംകൂടിയാണ്. ദൈവത്തിന്റെ അതിരില്ലാത്ത ശക്തിയുടെയും അളവില്ലാത്ത സ്നേഹവായ്പ്പിന്റെയും അടയാളമായി അവിടത്തെ ഉയർത്തിയ കരത്തെയും നീട്ടിയ ഭുജത്തെയും കുറിച്ച് വിശുദ്ധ ലിഖിതങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ഈജിപ്തിൽനിന്ന് ഇസ്രായേൽ മക്കളെ അനിതരസാധാരണ സംഭവങ്ങളിലൂടെ കൊണ്ടു വന്നതിനെക്കുറിച്ചു പറയുന്നത് ഇങ്ങനെ സമാഹരിക്കാം. ഏതെങ്കിലും ദൈവം, ഏതെങ്കിലും ഒരു രാജ്യത്തെ മറ്റു രാഷ്ട്രങ്ങളിൽനിന്നു വേർതിരിച്ച് തന്റെ ശക്തമായ കരത്താലെ അദ്ഭുതങ്ങളിലൂടെയും

അടയാളങ്ങളിലൂടെയും യുദ്ധപരീക്ഷണങ്ങളിലൂടെയും നയിക്കാൻ പരിശ്രമിച്ചിട്ടുണ്ടോ? ദൈവകരം ശക്തിയുടെ പ്രതീകവും സംരക്ഷണയുടെ കവചവുമായി അവതരിക്കപ്പെടുന്നു. പക്ഷേ, ശക്തമായ ദൈവകരം ശിക്ഷിക്കാനും രക്ഷിക്കാനും ഒരുപോലെ ഉയർത്തപ്പെടുന്നുണ്ട്. ഇസ്രായേൽ ജനം തെറ്റുചെയ്തപ്പോൾ കോപം പൂണ്ട് ശിക്ഷാവിധിക്കായി തന്റെ തിരുകരം ഉയർന്നുതന്നെ നിന്നു (ഏശ. 9:12-17). പക്ഷേ, യേശുശിഷ്യ ദൈവകരത്തെ ആശ്രയിക്കുന്നത് ശിക്ഷാവിധി പേടിച്ചിട്ടല്ല. നിഷ്കളങ്കമായ സ്നേഹത്തോടെ തന്റെ ഉള്ളും തനിക്ക് ഉള്ളതും എല്ലാം സമർപ്പിച്ച് ഉള്ളിന്റെയുള്ളിലെ നാഥനെ പ്രാപിക്കുന്നത് രാത്രിയുടെ ഏകാന്തതയിലും മൗനത്തിലും നർമ്മ സംഭാഷണം പുലർത്താനും നാഥനിൽ വിശ്രമിക്കാനുമാണ്. അതു കൊണ്ട് യേശുശിഷ്യയെ സംബന്ധിച്ചിടത്തോളം അതിശക്തമായ ദൈവ കരം അതീവ കാരുണ്യത്തിന്റെയും അനുഗ്രഹധാരയുടെയും ഉറവി ടവും പ്രതീകവുമാണ്. എസക്കിയേൽ ദീർഘദർശി പറയുന്നതുപോലെ "കർത്താവിന്റെ കരം എന്റെ മേൽ ഉണ്ടായിരുന്നു" (എസക്കി. 33:22, 37:1) യെന്ന് അവളും ധൈര്യപൂർവം ഏറ്റുപാടുന്നു.

ദൈവകരസ്പർശനം ആഴമായ ദൈവാനുഭൂതിയെ പ്രത്യോദിപ്പി ക്കുക കൂടി ചെയ്യുന്നുണ്ട്. കണ്ണുകൾ കൊണ്ട് നാം കാണുന്നു. കരങ്ങൾ കൊണ്ട് നാം സ്പർശിക്കുന്നു. കണ്ണുകൾ ദർശനത്തിനും അറിവിനും പ്രതിനിധീഭവിക്കുന്നു. അതുപോലെ കരങ്ങൾ സ്പർശനത്തിനും അനുഭൂതിക്കും പ്രതിനിധീഭവിക്കുന്നു. ഉള്ളിന്റെ ഉള്ളറയിലേയ്ക്ക് ഇറങ്ങി അവിടെ പള്ളികൊള്ളുന്ന തിരുനാഥന്റെ കരവലയത്തിൽ തലതാഴ്ത്തി വിശ്രമിക്കുന്ന ആത്മാവ് ദൈവാരൂപിയാൽ സ്പർശിത യായി സായുജ്യാനുഭൂതിയിലേക്ക് പറന്നിറങ്ങുന്നവളാണ്. കരുണാമയമായ ആ കൈത്താലത്തിൽ നിന്നൊഴുകുന്ന സ്വർഗ്ഗീയാമൃതം പാനം ചെയ്ത് അനുഭൂതിയുടെ അടിത്തട്ടിൽ നാഥന്റെ കരവലയത്തിൽ അവൾ വിശ്രമിക്കുന്നു. ഏശയ്യാ ദീർഘദർശി പറയുന്ന വാക്കുകൾ അവൾ അനുസ്മരിക്കുന്നു: "അവിടുത്തെ കരതലത്തിൽ നിന്നൊഴുകുന്ന ജലധാര ആര് അളന്നിട്ടുണ്ട്?" (ഏശ. 40:12).

പരിപൂർണ വിശ്വാസത്തോടും പരിശുദ്ധ സ്നേഹത്തോടും പതറാത്ത ശരണത്തോടുംകൂടെ ദൈവികപുണ്യങ്ങളാൽ സമാലം കൃതയായി, നിർഭയയായി, തന്റെ അരുമനാഥന്റെ അരുകിൽ വിശ്രമപൂർവം ഇരിക്കുന്നതിലാണ് അവളുടെ സന്തോഷം. സ്വന്തം

രൂപലാവണ്യം ആദ്ധ്യാത്മിക നിശയുടെ ശുദ്ധീകരണ പ്രവർത്തനത്തിനുശേഷം അവളിൽ തെളിഞ്ഞുനിൽക്കുന്നതുകൊണ്ട് അവളുടെ സന്നിധാനം നാഥന് സംപ്രീതിജനകമാണ്. നാഥന് ഇഷ്ടമില്ലാത്തതൊന്നും അവളിൽ ഉണ്ടാകുകയോ പ്രതിബിംബിക്കുകയോ അവൾ അറിയാതെ ആഗ്രഹിച്ചുപോകുകയോ ചെയ്യരുതെന്ന് ഈ വിശ്രമവേളയിലും അവൾ ആത്മനാ പ്രാർത്ഥിച്ചുകൊണ്ടിരിക്കും.

വിശ്വാസം ഒരു ദീപനാളമാണെന്ന് നാം കണ്ടുകഴിഞ്ഞു. മനസ്സിന്റെ മണിവിളക്കായ ഈ ദീപനാളം ആദ്യമേ ഇരുട്ടിൽ പ്രകാശിക്കുന്ന നേരിയ കതിരായിരിക്കും. ഒരു സ്ത്രീ കുഴച്ചുവച്ച പുളിമാവ് പാത്രത്തിലെ മാവിനെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ (മത്താ. 13:33) വിശ്വാസത്തിന്റെ ഈ നേരിയ കതിര് കത്തിജ്വലിച്ച് ആത്മാവിന്റെ എല്ലാ തലങ്ങളെയും വിശുദ്ധീകരിക്കുകയും പ്രകാശമാനമാക്കുകയും വേണം. ഇതാണ് നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് ചെയ്യുന്നത്. ഉള്ളിന്റെയുള്ളിൽ തെളിയുന്ന ദിവ്യനാളം ബുദ്ധിമനസ്സുകളുടെ സമ്പൂർണസഹകരണത്തോടെ കത്തിപ്പടരുന്നു. ഈ വെളിച്ചത്തിന്റെ ഉറവിടം ഉള്ളിൽ വസിക്കുന്ന ദൈവാരൂപിയാണ്. മാനുഷികതലത്തിലുള്ള ബുദ്ധിയുടെ അറിവിന്റെ ഉറവിടം ഇന്ദ്രിയങ്ങളും അവ നൽകുന്ന അനുഭൂതികളും ആയതുകൊണ്ട് അവ ലോകത്തിൽനിന്നുള്ള അറിവായി വേണം പരിഗണിക്കാൻ. എന്നാൽ ഇന്ദ്രിയങ്ങളുടെയും ബുദ്ധിയുടെയും രാത്രികളിലൂടെ കടന്നുപോയ ആത്മാവിന് ഇപ്പോൾ അകമേനിന്നുള്ള ദൈവാവബോധത്തിന്റെ അറിവ് നിഷ്പ്രയാസം സ്വീകരിക്കാനും സർവ്വതലങ്ങളിലേക്കും വ്യാപിപ്പിക്കാനും കഴിയും.

വരദായകമായ ഈ വാരൊളി ഏകവും ശുദ്ധവും സായുജ്യാത്മകവുമാണ്. അറിവിന്റെ ഉപരിതലത്തിൽ കാണുന്ന ബുദ്ധിമനസ്സുകളുടെ വേർതിരിവ് ഇവിടെയില്ല. വിശ്വാസദീപം ഒരേ സമയം അറിവും അർപ്പണവുമാണ്. ദർശനവും അതിന്റെ സാക്ഷാൽകാരത്തിനു വേണ്ടിയുള്ള സ്വയംകൊടുക്കലുമാണ്. അതുകൊണ്ട് വിശ്വാസത്തിൽ ബുദ്ധിയും മനസ്സും ഒന്നുചേരുന്നു. ആ ഒന്നുചേരലിലേയ്ക്ക് ഓർമ്മകൾ ഒഴുകിവീഴുന്നു. അങ്ങനെ ബുദ്ധിയുടെ മണ്ഡലത്തിലേക്ക് ഒരേ ഒരു ദീപനാളമായി വിശ്വാസം കടന്നുവരുന്നു. സ്വാർത്ഥലോലുപങ്ങളായ എല്ലാ ആഗ്രഹങ്ങളെയും ആശയങ്ങളെയും ആത്മാവിന്റെ രാത്രികൾ ഉരിഞ്ഞുകളഞ്ഞതുകൊണ്ട് ഈ ദീപം ശുദ്ധമാണ്. ശുദ്ധീകരണപ്രക്രിയയ്ക്ക് മരണംവരെ അവസാനമില്ലെങ്കിലും വിശ്വാസത്തിന്റെ

നിർമ്മലവെളിച്ചത്തിലാണ് ആത്മാവ് സഞ്ചരിക്കുന്നത്. ഏകവും ശുദ്ധവുമായ ഈ ദീപനാളം സായുജ്യാത്മകവുമാണ്. എന്നുവച്ചാൽ നമ്മളും ദൈവവുമായുള്ള വൈവിധ്യത്തിന്റെ വശങ്ങൾ സാവധാനം നിഷ്പ്രഭങ്ങളാകുകയും ഏകവും സനാതനവുമായ വിശ്വാസ വെളിച്ചത്തിലേക്ക് ലയിക്കുകയും അതിലൂടെ ദൈവവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യും. ആത്മാവിന്റെ അന്തരാളത്തിൽ അതീവ സുന്ദരവും അതിഭാസുരവുമായ ഒരു ഏകീയതയിലേക്ക് ഇത് ആത്മാവിനെ ആനയിക്കുന്നു. സർവ്വം ദൈവമയം, അഥവാ യേശുമയമായി ആത്മാവ് കാണാൻ തുടങ്ങുന്നു. ഇന്ദ്രിയങ്ങൾക്ക് ബുദ്ധിയിൽ നിന്നും ബുദ്ധി, മനസ്സ് എന്നിവക്കു വിശ്വാസത്തിൽ നിന്നുമുള്ള ഭിന്നത അഥവാ വേർപിരിവ് സാവധാനം തിരോധാനം ചെയ്യപ്പെടുന്നു. ബുദ്ധിയും മനസ്സും യേശുവിൽ അലിയുന്നതോടെ ഈ ദൈവിക അവബോധവിശേഷത്താൽ എല്ലാം പരിശോഭിതമാകും. ഉള്ളിന്റെ ഉള്ളറയായ സ്വർഗ്ഗീയജറുസലേമിൽ വേറെ സൂര്യനോ ചന്ദ്രനോ പ്രകാശിക്കുന്നില്ല. ഒരേ ഒരു പ്രകാശധാരയേയുള്ളൂ. അത് ആഹുതിചെയ്യപ്പെടുകയും അതിനുശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുവായ ദിവ്യകുഞ്ഞാടിന്റേതാണ്. അതിന്റെ വെള്ളി വെളിച്ചത്തിൽ എല്ലാം ഭാസുരമായി പ്രകാശിക്കുന്നു. എല്ലാ രാഷ്ട്രങ്ങളും നടന്നു നീങ്ങുന്നു. ഈ സത്യം വെളിപാടിന്റെ പുസ്തകം അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്: "നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ, സർവ്വശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം. നഗരത്തിനു പ്രകാശം നൽകാൻ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമുണ്ടായിരുന്നില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു. അതിന്റെ ദീപം കുഞ്ഞാടാണ്. അതിന്റെ പ്രകാശത്തിൽ ജനതകൾ സഞ്ചരിക്കും. ഭൂമിയിലെ രാജാക്കൻമാർ തങ്ങളുടെ മഹത്ത്വം അതിലേക്കുകൊണ്ടുവരും. അതിന്റെ കവാടങ്ങൾ പകൽസമയം അടയ്ക്കപ്പെടുകയില്ല. അവിടെയാകട്ടെ രാത്രി ഇല്ലതാനും. ജനതകൾ തങ്ങളുടെ മഹത്ത്വവും ബഹുമാനവും അതിലേക്കു കൊണ്ടുവരും. എന്നാൽ, കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർ മാത്രമേ അതിൽ പ്രവേശിക്കൂ. അശുദ്ധമായതൊന്നും മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും, അതിൽ പ്രവേശിക്കുകയില്ല" (വെളി. 21:22-27).

സ്വർഗ്ഗീയ ജറുസലേമിന്റെ ഭാഷയിൽ വെളിപാടിന്റെ പുസ്തകത്തിൽ പറയുന്ന ഈ അനുഭവത്തോടു സദൃശമായ ഒരു ദർശനം

ഹൈന്ദവമതഗ്രന്ഥങ്ങളിൽ ഭാരതീയ രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. തന്റെ സ്വതഃസിദ്ധപ്രവണതയോടെ ഭാരതീയചിന്ത ആത്മാവിന്റെ ഈ അണയാദീപം കാണുന്നത് ഉള്ളിന്റെ ഉള്ളിലാണ്. അവിടെ സൂര്യനോ ചന്ദ്രനോ താരകങ്ങളോ പ്രകാശിക്കുന്നില്ല. പ്രകാശപ്രചുരിമയിൽ നിലകൊള്ളുന്ന ദൈവത്തെ മാത്രം എല്ലാവരും അനുധാവനം ചെയ്യുന്നു.

> ന തത്ര സൂര്യോ ഭാതി ന ചന്ദ്ര താരകം
> നെമാവിദ്യുതോ ഭാതി, കുതോയമഗ്നിഃ
> തം ഏവ ഭാന്തം അനുഭാതി സർവ്വം
> തസ്യാ ഭാസാ സർവ്വമിദം വിഭാതി
> (കഠോപനിഷത് II. 2.15, ശ്വേതാശ്വതര IV.14,
> മുണ്ടക II.2, ഗീത 15:16).

അഗാധമായ ആദ്ധ്യാത്മിക ജീവിതം നമുക്കു സമ്മാനിക്കുന്നത് ആഴമായ ഏകീയതയുടെ അനുഭൂതിയാണ്. ദൈവം ഏകനും സർവ്വഭൂതസ്ഥിതനും സർവ്വോപരി ആത്മാവിന്റെ അന്തരാളത്തിൽ അധിവസിക്കുന്ന അണയാദീപവുമാണ്. ആ ദിവ്യവെളിച്ചത്തിൽ എല്ലാം പ്രകാശിക്കുന്നു, ഒന്നിലേക്ക് ലയിക്കുന്നു. ദൈവിക ഭാവത്തിലേക്ക് രൂപാന്തരപ്പെടുന്നു. അതുകൊണ്ട് നാഥന്റെ കരപല്ലവങ്ങളിൽ വിശ്രമിക്കുന്ന ആത്മാവ് അകമേയും പുറമേയും നാഥസ്വരൂപം കാണുകയും അഗാധതരമായ സായുജ്യത്തിലേക്ക് തന്നെ ഇനിയും നയിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ
എന്നോമൽ നാഥാ, നിനക്കുവേണ്ടി.
എന്നുമെവിടെയും നിൻ പദം പുൽകുവാൻ
എന്നെയൊരുക്കൂ നീ ജീവേശ്വരാ

എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ എന്നോമൽ നാഥാ, നിനക്കുവേണ്ടി

'ത്യക്തയായ്, മുക്തയായ്' എന്ന് നേരത്തേ പാടിയ യേശുശിഷ്യയുടെ ത്യാഗോജ്ജ്വല ജീവിതത്തിന് മരണംവരെ അന്ത്യമില്ല. ത്യാഗസുമങ്ങൾ വിതറി യേശുനാഥന് വഴിത്താര ഒരുക്കുകയാണ് അവൾക്ക് ഏറ്റവും പ്രിയകരമായ കർത്തവ്യം. ത്യാഗങ്ങൾ പലതരത്തിൽ നമ്മെ സമീപിക്കുന്നു. സർവ്വരാലും പരിത്യക്തയാകു

മ്പോൾ നാം വിചാരിക്കാത്ത ഒരു ത്യാഗവീഥിയിലേക്കു ദൈവം നമ്മെ ആനയിക്കുന്നു. ഇന്ന് ഈ നിമിഷത്തിൽ, ദൈവഹിതം അതാണെങ്കിൽ സന്തോഷത്തോടെ അവൾ അത് ആശ്ലേഷിക്കുന്നു. പക്ഷേ ഇവിടെ പറയുന്ന ത്യാഗം സ്വന്തമനസ്സാലെ സ്വയം തിരഞ്ഞെടുത്തു ചെയ്യുന്ന പ്രവൃത്തികളാണ്. എന്നുവച്ചാൽ സ്വന്തം സുഖവും സൗകര്യവും മാറ്റിവച്ച്, ദിവ്യനാഥനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾക്ക് അവൾ സന്നദ്ധയാണെന്നു സാരം. ആ ത്യാഗസന്നദ്ധമായ വിശാലമനഃസ്ഥിതിയാണ് ഈ ഈരടികളിൽ പ്രതിബിംബിക്കുന്നത്. സ്നേഹത്തിന് അതിരോ അളവോ ഇല്ലാത്തതുപോലെ സ്നേഹത്തിനുവേണ്ടിയുള്ള ത്യാഗത്തിനും അതിർവരമ്പുകൾ സൃഷ്ടിക്കരുത് എന്ന് അവൾക്കറിയാം. സ്വയം ഇല്ലായ്മയിൽ ലയിക്കാനും ദിവ്യനാഥനിൽ വീണ്ടും ജനിക്കാനും അവൾ അതിയായി ആഗ്രഹിക്കുന്നു. തന്റെ സഹനമരണങ്ങളിലൂടെ ജീവന്റെ പൊൻപുലരിയിലേക്കു പ്രവേശിച്ച യേശുനാഥനെപ്പോലെ, പരോൻമുഖമായ പരിത്യാഗജീവിതത്തിലൂടെ സ്വന്തം ജീവിതം ആഹുതിചെയ്ത് ഉത്ഥിതനാഥനോടൊത്ത് ഉയിർത്തെഴുന്നേൽക്കാൻ അവൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ജീവിതവീഥിയിൽ നേരിടുന്ന ത്യാഗത്തിന്റെ അവസരങ്ങളെ, വൈമനസ്യത്തോടെ വീക്ഷിക്കാതെ, ആഹ്ലാദപൂർവം ആശ്ലേഷിക്കുന്നു. "എല്ലാം ത്യജിക്കാം ഞാൻ" എന്നു പാടുന്ന ആത്മാവ് ദൈവമല്ലാത്ത എല്ലാറ്റിനോടും "ഇതല്ല എന്റെ ദൈവം" എന്നു പറഞ്ഞ് സർവ്വാതിരിക്തയായി ഉയരുന്നു; ദൈവോന്മുഖമായി പറക്കുന്നു. നാം നേരത്തെ കണ്ടതുപോലെ, ഭാരതത്തിന്റെ പുരാതന മതാത്മക സമ്പത്തായ ഉപനിഷത്തുക്കളിൽ ദൈവോൻമുഖയായ ആത്മാവ് പറയുന്ന ഒരു ആദ്ധ്യാത്മിക സൂത്രം, 'നേതി, നേതി' എന്ന വാക്കുകളാൽ ആവിഷ്കരിക്കുന്നുണ്ട്. 'നേതി' എന്ന പദത്തിന്റെ അർത്ഥം 'ന ഇതി' 'ഇതല്ല' എന്നാണ്. നമ്മൾ കാണുന്നതും നമ്മെ ആകർഷിക്കുന്നതുമായ ഒന്നുമല്ല ദൈവം എന്നു സാരം. അതുകൊണ്ട്, എത്ര ആദ്ധ്യാത്മികതയുടെ പരിവേഷം ചാർത്തിയ വസ്തുവാണെങ്കിലും അതിനെ നിരാകരിച്ച്, അതിന് ഉപരിയായി ഉയർന്ന് സദാ ദൈവോന്മുഖയായി യാത്രചെയ്യാൻ ആത്മാവ് ആഗ്രഹിക്കുന്നു. ശക്തവും ശോഭായമാനവുമായ അന്ത്യപ്രാപ്തി അവളുടെ മുന്നിൽ സദാ വിളങ്ങി നിൽക്കുന്നതുകൊണ്ടാണ് എല്ലാം ഉപേക്ഷിക്കാനുള്ള ത്യാഗ സന്നദ്ധത ആത്മാവിന് എളുപ്പമാകുന്നത്.

കുരിശിന്റെ വിശുദ്ധ യോഹന്നാൻ 'കർമ്മലാരാഹോണം' എന്ന പുസ്തകത്തിന്റെ പ്രകാശനമെന്നോണം കർമ്മലാരോഹണത്തിന്റെ ഒരു ചിത്രം വരച്ചിട്ടുണ്ട്. ഈ ചിത്രത്തിൽ മൂന്നു വഴികൾ കാണാവുന്നതാണ്. ആത്മീയമായ നല്ല കാര്യങ്ങളും പുണ്യങ്ങളും തേടിപ്പോകുന്ന ആത്മാവിന്റെ ഒരു വഴി. ലോകത്തിലെ നല്ല കാര്യങ്ങളും സമ്പത്തും സന്തോഷവും തേടിപ്പോകുന്ന ആത്മാവിന്റെ മറെറാരു വഴി. ഈ ഇരു വഴികളും അപൂർണതയുള്ള ആത്മാവിന്റെ വഴികളായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവയുടെ മദ്ധ്യത്തിലുള്ള പൂർണത ആഗ്രഹിക്കുന്ന ആത്മാവിന്റെ നേർവഴിയാണ് മലയുടെ ഉത്തുംഗ ശൃംഗത്തിലേക്കു നമ്മെ കൊണ്ടുപോകുന്ന ഏക രാജവീഥി. ഈ വഴി വളവോ തിരിവോ ഇല്ലാതെ, ദൈവമല്ലാത്ത എല്ലാററിനെയും നിരാകരിച്ചുകൊണ്ട്, ഇതല്ല എന്റെ ദൈവം എന്ന് മനസ്സിൽ ഉറച്ചുകൊണ്ട്, നേരേ മുകളിലേക്ക് ഉയരുന്നു. ഉപനിഷത്തുക്കളിൽ നമ്മൾ കണ്ട 'നേതി, നേതി' എന്ന പദത്തിനു പകരം യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് 'നാദ' എന്ന സ്പാനിഷ് പദമാണ്. 'നേതി'യും 'നാദ'യും അർത്ഥത്തിൽ ഒന്നാണ്. ലൗകികവും ആത്മീയവുമായ എല്ലാ വസ്തുക്കളെയും പരിത്യജിച്ച് ദൈവത്തെത്തേടി പുറപ്പെടുന്ന ആത്മാവിനു മാത്രമേ പർവ്വതത്തിന്റെ അത്യുച്ചിയിൽ എത്താൻ സാധിക്കുകയുള്ളൂ. പർവതത്തിന്റെ ഈ ഉന്നതകൊടുമുടിയിൽ ദൈവവും അവിടത്തെ മഹിമയും നിറഞ്ഞ് നിലകൊള്ളുന്നു. "കർമ്മലമലയുടെ ഫലങ്ങളും നന്മകളും ആസ്വദിക്കാൻ നിന്നെ ഞാൻ ഈ കർമ്മല ഭൂതലത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു" (ജറ 2:7) എന്ന ജെറമിയാ പ്രവാചകന്റെ വാചകം ഈ മലമുകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ഏറെറവും മുകളിൽ എഴുതപ്പെട്ടിട്ടുള്ള മറെറാരു ചിന്താശകലം ഇതാണ്: "ഇവിടെ ഇനി മറെറാരു വഴിയും ഇല്ല. കാരണം നീതിമാനായ മനുഷ്യന് നിയമം ആവശ്യമില്ല. അവൻ തന്നെയാണ് അവന്റെ നിയമം."

സന്ന്യാസ ജീവിതം അഥവാ പുണ്യപൂർണതയുടെ ജീവിതം നിയമബദ്ധമോ സ്വത:സിദ്ധമോ എന്ന ഒരു ചോദ്യം ചിലർ ഉന്നയിക്കാറുണ്ട്. സാക്ഷാൽ പൂർണത നേടിയ സന്ന്യാസം സ്വതഃസിദ്ധമായിരിക്കണം. പക്ഷേ ദൈവത്തെ മാത്രം തേടുന്നതും ദൈവിക മഹിമയിൽ മാത്രം സന്തോഷിക്കുന്നതുമായ ഒരു ആത്മാവിന്റെ സ്വതഃസിദ്ധതയാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്നത്. ഈ ആത്മാവിൽ മനുഷ്യമനസ്സും ദൈവികമനസ്സും ഒന്നുചേരുന്നു, ഒന്നായി ചിന്തിക്കുന്നു,

പ്രവർത്തിക്കുന്നു. സർവസൃഷ്ടജാലങ്ങളെയും ആത്മാർത്ഥമായി സ്നേഹിക്കുകയും, എന്നാൽ 'നേതി നേതി' എന്നു പറഞ്ഞ് അവക്കുപരി അതിരിക്തതയിൽ ഉയരുകയും ചെയ്യുന്ന ആത്മാവിലാണ് ഇത് സംഭവിക്കുന്നത്. ഈ വ്യക്തിയെക്കുറിച്ചാണ് വിശുദ്ധ യോഹന്നാൻ പറയുന്നത് 'ഇവിടെ ഇനി ഒരു നിയമവും ഇല്ലാ'യെന്ന്. ഇത് നമ്മുടെ സാധാരണ ധാർമ്മികജീവിതത്തിൽ അത്യന്താപേക്ഷിതമായ നിയമസഞ്ചയങ്ങളെ നിഷേധിക്കുന്നതായി മനസ്സിലാക്കരുത്. മനുഷ്യ മനസ്സും ദൈവികമനസ്സും ഒന്നായിത്തീരുന്നതുവരെ മനുഷ്യർക്ക് നിയമങ്ങൾ ആവശ്യമാണ്. പക്ഷേ, നിയമങ്ങളല്ല നമ്മെ വിശുദ്ധരാക്കുന്നത്. മറിച്ച് ദൈവവുമായുള്ള ഏകീഭാവമാണ്. ഈ ലക്ഷ്യത്തിലേക്ക് നമ്മെ നയിക്കുന്ന മന്ത്രമാണ് 'നേതി നേതി' അഥവാ 'നാദ നാദ.'

വിശുദ്ധ യോഹന്നാൻ വരച്ച കർമ്മലാരോഹണ ചിത്രത്തിൽ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന മറെറാരു വസ്തുത കൂടിയുണ്ട്. ലൗകികവും സ്വർഗ്ഗീയവുമായ സമ്പത്തുകളും സന്തോഷങ്ങളും സമാശ്വാസങ്ങളും ഒന്നും എൻെറ ആഗ്രഹവിഷയമല്ലായെന്ന് ആത്മാവ് ഉച്ചൈസ്തരം പ്രസ്താവിക്കുന്നു. ആഗ്രഹവിമുക്തയായി, അവയെല്ലാം എനിക്കുണ്ടെന്നു സമർത്ഥിക്കുകയും ചെയ്യുന്നു. ചുരുക്കം പറഞ്ഞാൽ, ദൈവത്തെമാത്രം തേടുന്ന ആത്മാവിനു ദൈവത്തോടുകൂടെ സർവ്വതും സംലഭ്യമാകുന്നു എന്നു സാരം. എല്ലാം ദൈവത്തിലേക്ക് അടുപ്പിക്കുന്നതിൻെറ മാർഗ്ഗങ്ങളും ദൈവത്തിൽ വിലയംകൊള്ളുന്നതിൻെറ പ്രതിബിംബനങ്ങളുമായി മാറുന്നു. സഹനമോ മഹിമയോ എനിക്ക് ഒരു പ്രശ്നമല്ല. ദുഃഖത്തിൽ വിഷ്ണമാനസയാകാതെയും സുഖത്തിൽ മതിമറക്കാതെയും രാഗദ്വേഷക്രോധവിമുക്തയായി (ഗീത 2.56) ദൈവസന്നിധിയിൽ ഈ ആത്മാവ് പരിലസിക്കുന്നു. ഈ മനോഭാവം സ്വീകരിക്കാനും അതിനുവേണ്ടി എല്ലാം ത്യജിക്കാനുമുള്ള ആത്മാവിൻെറ സനാതന സന്നദ്ധതയാണ് ഈ ഈരടികളിലൂടെ അവൾ ഏറെറു പാടുന്നത്: "എല്ലാം ത്യജിക്കാം ഞാൻ ഏതും വരിക്കാം ഞാൻ."

ഇഷ്ടമുള്ളവ ത്യജിക്കുന്നതിൽ അതിരില്ലാത്തതുപോലെതന്നെ യേശുശിഷ്യ ഇഷ്ടമില്ലാത്തവ സ്ഥലസമയ വ്യത്യാസമെന്യേ വരിക്കാനും തയ്യാറാണ്. അപേക്ഷയും ഉപേക്ഷയും ഇല്ലാതെ സമനിലതുന്ദിലയായി, അനശ്വര സമാധാനത്തിൽ തൻെറ അരുമനാഥൻ തരുന്നതെന്തും സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് ജീവിക്കാനാണ് അവൾ

ആഗ്രഹിക്കുന്നത്. ഇഷ്ടമില്ലാത്തവ പലതലങ്ങളിലൂടെ നമ്മിലേക്കു കടന്നുവരാൻ പാടുണ്ട്. ഇതിലെ ഏറ്റവും ബാഹ്യതലമാണ് നാം ജീവിക്കുന്ന ലോകം, നമ്മുടെ വീട്, നാം കഴിക്കുന്ന ആഹാരം എന്നിവ. വിരസത സൃഷ്ടിക്കുന്ന ശീതോഷ്ണപരിസ്ഥിതികൾ, വൃത്തിയും വെടിപ്പുമില്ലാത്ത താമസസാഹചര്യങ്ങൾ, രുചിയില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ എന്നിവ നമ്മിൽ വൈരാഗ്യത്തിന്റെയും വിദ്വേഷത്തിന്റെയും വികാരങ്ങൾ സൃഷ്ടിക്കുന്നു. പലപ്പോഴും നമ്മുടെ ആഗ്രഹമോ അഭിലാഷമോ ആരാഞ്ഞറിഞ്ഞിട്ടല്ല ഇവ സംഭവിക്കുന്നത്. ചിലപ്പോൾ തന്റെകൂടെ ജീവിക്കുന്ന ഇതരവ്യക്തികൾ നമുക്കുണ്ടാക്കുന്ന വെറുപ്പ് ഈദൃശാനുഭവങ്ങൾക്കു കാരണമാകാനും പാടുണ്ട്. നാം താമസിക്കുന്ന ഭവനം, ഏൽപ്പിച്ച ജോലി ചെയ്യാതെ വൃത്തിഹീനമായി വിടുന്ന സഹോദരങ്ങൾ, ശ്രദ്ധയില്ലാതെ ഭക്ഷണം പാകം ചെയ്ത് രുചിരഹിതമായി വിളമ്പുന്ന കൂട്ടുകാർ എന്നിവരെല്ലാം ഈ കൂട്ടത്തിൽപ്പെടുന്നു. പക്ഷേ, ചിലപ്പോൾ ഇവരും കളങ്കരഹിതരും മനഃപൂർവം തെറ്റുചെയ്യാത്തവരുമായിരിക്കാം. ഇവരെക്കുറിച്ചും ഇവരുടെ ചെയ്തികളെക്കുറിച്ചും ആലോചിച്ച്, അപഗ്രഥനംചെയ്ത് സമയം പാഴാക്കാതെ തന്റെ മുമ്പിൽ വരുന്ന ജീവിത സാഹചര്യങ്ങൾ നിറകൈയോടെ സ്വീകരിക്കുകയാണ് യേശുശിഷ്യ ചെയ്യുന്നത്. അനിഷ്ട സാഹചര്യങ്ങൾ എല്ലാം മാറ്റി ഇന്ന് ഉറങ്ങിയാൽ മതിയെന്നോ രുചിയില്ലാത്ത ഭക്ഷണത്തിനു പകരം വേറെ പാകം ചെയ്ത് ഭക്ഷിച്ചാൽ മതിയെന്നോ അവൾ ചിന്തിക്കുന്നില്ല. കാരണം അത് ജീവിതത്തിന്റെ മടുപ്പും വിരസതയും വർദ്ധിപ്പിക്കുകയല്ലാതെ ലാഘവപ്പെടുത്തുന്നില്ല. ഉടനെ ചെയ്യാനുള്ളത്, എത്ര അതൃപ്തി ജനകമായിരുന്നാലും, ആത്മനാ സ്വീകരിക്കുകയും മനസ്സിന്റെ ശാന്തതയും സമനിലയും കൈവിടാതെ നിർവഹിക്കുകയും ചെയ്യുന്നു. ഇതിനുള്ള എളുപ്പമാർഗ്ഗം അവളുടെ അരുമനാഥനെക്കുറിച്ചുള്ള അനുസ്മരണയും, നാഥന്റെ അറിവു കൂടാതെ ഒന്നും സംഭവിക്കുന്നില്ലെന്ന ഉറപ്പുമാണ്. അതുകൊണ്ട്, അനിഷ്ടകരമായ സാഹചര്യങ്ങളും സംഭവങ്ങളും അവൾ സ്വമനസ്സാ കൈവരിക്കുന്നു.

സാഹചര്യങ്ങളെ മെച്ചപ്പെടുത്തരുതെന്നോ ഭക്ഷണപാനീയങ്ങളുടെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നതിനു പരിശ്രമിക്കരുതെന്നോ ഇവിടെ വിവക്ഷയില്ല. അങ്ങനെയുള്ള നല്ല കാര്യങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് ആദ്യം വേണ്ടത് മനസ്സിന്റെ സമനിലയും സമാധാനവു മാണ്. "നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുക, അതോടുകൂടി മറ്റെല്ലാം

നിങ്ങൾക്ക് തരപ്പെടും'' (മത്താ. 6:33) എന്ന യേശുനാഥന്റെ സൂത്രവാക്യം അവൾ അനുസ്മരിക്കുന്നു. ദൈവരാജ്യമാകട്ടെ, അവളുടെ ഉള്ളിന്റെ ഉള്ളിലുള്ള ദൈവസാന്നിധ്യനവും അതിൽ പങ്കുപറ്റുന്ന ഇതര സഹോദരങ്ങളും പ്രപഞ്ചവസ്തുക്കളുമാണ്. അവിടെയാണ് അവളുടെ സന്തോഷത്തിന്റെ സ്രോതസ്സും ശാന്തിയുടെ തീരവും. അവളെ സംബന്ധിച്ചിടത്തോളം അതു തികച്ചും യേശുകേന്ദ്രീകൃതവുമാണ്. പരലോകത്തിൽ പൂർത്തീകരിക്കാനിരിക്കുന്ന ദൈവരാജ്യം ഇവിടെ ആവിഷ്കരിച്ചിരിക്കുന്നുവെന്നും അവൾ വിശ്വസിക്കുന്നു.

ബാഹ്യതലത്തിൽ നിന്നു മാറി നമ്മുടെ മനോതലത്തിൽ ഇഷ്ടമില്ലാത്ത ഒരു ലോകംതന്നെ സ്ഥിതിചെയ്യാൻ പാടുണ്ട്. അസ്വീകാര്യമായ ആശയങ്ങളും അവയെ നമ്മുടെമേൽ അടിച്ചേൽപ്പിക്കാനുള്ള മറ്റുള്ളവരുടെ പരിശ്രമങ്ങളും അവയെ ചുറ്റിപ്പറ്റി നിൽക്കുന്ന വ്രണിത വികാരങ്ങളും മനോതലത്തിൽ വിഹരിക്കുന്ന ഇഷ്ടമില്ലാത്തവയുടെ ഉദാഹരണങ്ങളാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ യേശുശിഷ്യ ദൃഢമാനസയും അചഞ്ചലമനസ്കയുമായി നിലകൊള്ളുന്നു. സാഹചര്യങ്ങൾ നൽകുന്ന വിരസത സ്വീകരിക്കുമെങ്കിലും അവൾ ആഗ്രഹിച്ചതും ആശ്ലേഷിച്ചതും എന്താണെന്ന് അവൾക്ക് നന്നായി അറിയാം. അതുകൊണ്ട് ഒന്നുകൊണ്ടും കൂസാതെ, യേശുചിത്തം മാത്രം സ്വീകരിച്ചുകൊണ്ട് അവൾ സ്വസ്ഥയായി കഴിയുന്നു, അനിഷ്ട വികാരങ്ങൾക്ക് അതീതയായി ഉയരുന്നു.

ഉള്ളിന്റെയുള്ളിലെ ആദ്ധ്യാത്മികതലത്തിലും ഇഷ്ടമില്ലാത്ത പലതും യേശുശിഷ്യയ്ക്കു വരിക്കാനുണ്ട്. എല്ലാവരാലും പരിത്യക്തയായി, ഏകാകിനിയായി, അഗാധതയിൽ അനുഭവിക്കുന്ന വേദന മനസ്സിലാക്കാൻ കഴിയാതെ ആത്മാവിന്റെ രാത്രിയിലുള്ള അവളുടെ യാത്ര, അതിൽത്തന്നെ ഇഷ്ടാസ്വാദനമല്ലെങ്കിലും അവൾക്ക് അഭികാമ്യവും ആശ്ലേഷാർഹവുമാണ്. അങ്ങനെ ലോകതലത്തിലുമുള്ള എല്ലാ വേദനയും വെല്ലുവിളികളും നാഥനുവേണ്ടി അവൾ വരിക്കുന്നു, ജീവിക്കുന്നു.

എന്നും എവിടെയും നിൻപദം പുൽകുവാൻ എന്നെയൊരുക്കൂ നീ ജീവേശ്വരാ

ഇഷ്ടമുള്ളവ ത്യജിക്കാനും ഇഷ്ടമില്ലാത്തവ വരിക്കാനും യേശുശിഷ്യയ്ക്കു നിഷ്പ്രയാസം സാധിക്കുന്നത് ഒരേ ഒരു കാരണം കൊണ്ടാണ്. അവൾ അന്വേഷിക്കുന്നതും ആഗ്രഹിക്കുന്നതും പുണ്യങ്ങളുടെ പെരുമയോ സംയമന ശക്തിയുടെ വളർച്ചയോ നീതിന്യായ കോടതിയിലെ അവസാന വിധിവാചകമോ അല്ല. പ്രത്യുത ഇന്ന്, ഇവിടെ, ഇപ്പോൾ യേശുനാഥൻ എന്താഗ്രഹിക്കുന്നു എന്നതുമാത്രമാണ്. തനിക്കു ചുറ്റുമുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ചതിനുശേഷമല്ല അവൾ നാഥഹിതം തേടുന്നതും നിറവേറ്റുന്നതും. തനിക്കിഷ്ടമില്ലാത്ത സാഹചര്യത്തിന്റെ നടുവിൽ നിന്ന്, തന്നോട് ദ്വേഷ്യപൂർവം പെരുമാറുന്നവരോട് ക്ഷമിച്ചുകൊണ്ട്, നാഥന്റെ മനോഭാവവും പ്രവർത്തന ശൈലിയും സ്വീകരിച്ചുകൊണ്ട്, ധൈര്യവതിയായി സമാധാനദൂതയായി അവൾ വർത്തിക്കുന്നു. അവൾ ചെയ്യുന്നതെല്ലാം "എന്നാത്മനാഥാ നിനക്കുവേണ്ടി" എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു. അതുകൊണ്ടുതന്നെ എവിടെയും യേശുവിന്റെ പാദാരവിന്ദത്തിൽ ശരണംതേടുന്നതിനും ആ പാദപത്മങ്ങളെ അനുഗമിക്കുന്നതിനും അവൾ അത്യധികം ആഗ്രഹിക്കുന്നു. ശ്രീരാമന് കിട്ടേണ്ട രാജകീയ ബഹുമതി നിഷേധിക്കപ്പെടുകയും അനുജനായ ഭരതന് അന്യായമാർഗ്ഗത്തിലൂടെ ലഭിക്കുകയും ചെയ്തപ്പോൾ നീതിമാനും സത്യസന്ധനുമായ ഭരതന്റെ ഹൃദയം വിഷാദത്തിൽ മുങ്ങി. തനിക്ക് അർഹതയില്ലാത്ത ഈ രാജ്യസിംഹാസനത്തിൽ താൻ ഇരിക്കുകയില്ലെന്ന് ഒരു ദൃഢവ്രതം ചെയ്തു. പകരം പിതൃശാസനം അനുസരിച്ച് അജ്ഞാത ജീവിതത്തിനായി വനാന്തരത്തിലേക്കു പുറപ്പെട്ട ശ്രീരാമന്റെ പാദുകങ്ങൾ സിംഹാസനത്തിൽ വച്ച് പൂജിച്ചു. രാമായണത്തിലുള്ള ഈ കഥയിലൂടെയാണ് പാദുകപൂജയുടെ ഒരു പാരമ്പര്യം ഭാരതീയരായ നമുക്കു ലഭിക്കുന്നതെന്നു തോന്നുന്നു. പാദുകപൂജ എന്നത് താൻ വിലമതിക്കുന്ന ഒരു വ്യക്തിയെ തന്റെ ഗുരുവായി സ്വീകരിക്കുന്നതിന്റേയും അദ്ദേഹം നടന്ന വഴിയിലൂടെ നടക്കാൻ ആഗ്രഹിക്കുന്നതിന്റെയും ഒരു പ്രതീകമാണ്.

പാദുകം പാദങ്ങളെ സൂചിപ്പിക്കുന്നു. പാദങ്ങൾ വ്യക്തിയെ സൂചിപ്പിക്കുന്നു. വ്യക്തിയുടെ കാൽപ്പാടുകൾ ഒരു വ്യക്തി നടന്നുപോയ വഴിത്താരയെ സൂചിപ്പിക്കുന്നു. വഴി അദ്ദേഹത്തിന്റെ മനസ്സിലുള്ള

മൂല്യബോധത്തേയും അന്യോൻമുഖതയെയും സൂചിപ്പിക്കുന്നു. അതുകൊണ്ട്, കാൽപ്പാടുകൾ തേടുന്ന യേശുശിഷ്യ, വാസ്തവത്തിൽ അന്വേഷിക്കുന്നത് യേശുവിന്റെ പാവനപാദങ്ങൾകൊണ്ട് പരിപൂത മാക്കപ്പെട്ട പരിപൂർണതയുടെ മഹോന്നത മാർഗ്ഗമാണ്. ആ ദിവ്യകാൽപ്പാടുകൾ അനുദിനം അനുഗമിക്കുന്നതിന് ബദ്ധശ്രദ്ധയായി അവൾ മുമ്പോട്ടു പോകുന്നു. സന്തോഷത്തിലും സങ്കടത്തിലും വന്ദനത്തിലും നിന്ദനത്തിലും ആക്ഷേപത്തിലും ആശിഷത്തിലും സമമാനസയായി സസന്തോഷം ജീവിത കർത്തവ്യങ്ങൾ ചെയ്യാൻ അവൾക്കു സാധിക്കുന്നത് ഈ കാലടിപ്പാടുകളുടെ അണയാത്ത അനുസ്മരണകൊണ്ടാണ്. അവയിലൂടെ നടക്കാനുള്ള തീരുമാനം എന്നും അചഞ്ചലമാണ്. സമയ ദൈർഘ്യമോ സ്ഥല വ്യത്യാസമോ ഈ തീരുമാനശക്തിയെ ബാധിക്കുന്നില്ല. അതുകൊണ്ട് അവൾ പാടുന്നു: "എന്നു എവിടെയും നിൻപദം പുൽകുവാൻ എന്നെ ഒരുക്കൂ നീ ജീവേശ്വരാ" എന്ന്.

നീ നൽകും ശിഷ്യർക്കായ് ജീവിതം ഹോമിച്ച്
നിൻ മുഖകാന്തി അവർക്ക് നൽകി
നിന്നാൽ പ്രചോദിത ജീവൻ കൊടുപ്പാനും
എന്നെയൊരുക്കൂ നീ ജീവേശ്വരാ

നീ നൽകും ശിഷ്യർക്കായ് ജീവിതം ഹോമിച്ച്

യേശുസാക്ഷാൽകാരത്തിനായി ഇറങ്ങിത്തിരിച്ച യേശുശിഷ്യ, ശിഷ്യപദം ആഗ്രഹിക്കുന്നവളാണ്. അതു മാത്രം തേടിയാണ് അവൾ എല്ലാം പരിത്യജിക്കുന്നതും എന്നും പ്രവർത്തിക്കുന്നതും. പക്ഷേ, അവളുടെ ജീവിതരീതിയിൽ കടന്നുവരുന്ന എല്ലാവരെയും ആദരിക്കാനും പരിചരിക്കാനും അവൾ സന്നദ്ധയാണ്. യേശു എന്ന യാഥാർത്ഥ്യം അവളുടെ വിശ്വാസവും കാഴ്ചപ്പാടും അനുസരിച്ച് വെറും ഒരു ചരിത്ര വ്യക്തിമാത്രമല്ല, പ്രത്യുത എല്ലാവരിലും പടർന്നുകിടക്കുന്ന ഒരു ദൈവികസാന്നിദ്ധ്യം കൂടിയാണ്. വചനം മാംസമായ യേശുവിന്റെ മനുഷ്യത്വത്തിൽ പങ്കുപറ്റുന്നവരാണ് മനുഷ്യകുലത്തിലെ എല്ലാ വ്യക്തികളും. അഗോചരമായ ദൈവസത്തയുടെ ദർശനീയതയായി വിഭാവനം ചെയ്യപ്പെട്ട മനുഷ്യത്വത്തിന്റെ ആദ്യരൂപവും ആദർശ രൂപവുമാണ് യേശുവിന്റെ മനുഷ്യത്വം. അതുകൊണ്ട് യേശുക്രിസ്തു വിൽ വിഭാവനംചെയ്യപ്പെട്ട മനുഷ്യത്വത്തിന്റെ ധാർമ്മിക ഭദ്രതയ്ക്കും സുസ്ഥിരജീവിതശൈലിക്കുംവേണ്ടി അവൾ യേശുവിലേക്കു തന്നെ

ഉററുനോക്കിക്കൊണ്ടിരിക്കുന്നു. ഗുരുനാഥനായ യേശുവിന്റെ രൂപം ധ്യാനപൂർവം മനസ്സിൽ ഭജിച്ച് യേശുനാഥനുമായി താദാത്മ്യം പ്രാപിക്കുകയെന്നതാണ് അവളുടെ ലക്ഷ്യം. അവൾ യേശുശിഷ്യയാണ്. യേശുനാഥനെ അവൾ ഗുരുവായി തിരഞ്ഞെടുത്തിരിക്കുന്നത്, യേശുവിൽ സാക്ഷാൽകരിച്ചത് സ്വന്തം ജീവിതത്തിലും സാക്ഷാൽകരിച്ചു കാണുവാനാണ്. ഗുരുശിഷ്യബന്ധം ഭാരതീയകാഴ്ചപ്പാടിൽ വളരെ വിലയേറിയതും സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. ആരാണ് ഗുരു. ആരാണ് ശിഷ്യ എന്ന ഒരു ചോദ്യം ഇവിടെ ഉയരാൻ പാടുണ്ട്. ആദ്ധ്യാത്മിക സത്യങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിലൂടെ ശിഷ്യർക്കു പകർന്നുകൊടുക്കുന്ന വ്യക്തിയാണ് സാക്ഷാൽ ഗുരു. അതുകൊണ്ട്, ഗുരു സംസാരിക്കുന്നത് ബുദ്ധിയുടെ നിറവിൽ എന്നതിനെക്കാൾ ഹൃദയത്തിന്റെ തികവിൽനിന്നാണ്. ഗുരു ഇന്നത്തെ രീതിയിൽ നാം കാണുന്ന ഒരു അദ്ധ്യാപകനോ മനഃശാസ്ത്രവിദഗ്ദ്ധനോ അച്ചടക്ക സംരക്ഷകനോ അല്ല. മറിച്ച്, അനേക വർഷങ്ങളുടെ ആത്മീയ ജീവിതംകൊണ്ടും അന്വേഷണ പരിശ്രമങ്ങൾകൊണ്ടും ദൈവ അനുഭവങ്ങൾകൊണ്ടും ധന്യനായൊരു വ്യക്തിയാണ്. അദ്ദേഹം ഒരു വലിയ ഹൃദയത്തിന്റെ ഉടമയും ശാന്തിയും സാന്ത്വനവും ഇതര ഹൃദയങ്ങളിലേക്കു പകരാൻ കഴിവുമുള്ള ഒരു മഹാവ്യക്തിയാണ്. അതുകൊണ്ടാണ് ഗുരുസന്നിധി പ്രാപിക്കുന്ന ശിഷ്യയ്ക്ക് ആത്മസംതൃപ്തി ലഭിക്കുന്നതും അവളുടെ ഹൃദയത്തിൽ ആദ്ധ്യാത്മിക അറിവിന്റെ കതിരുകൾ പൊട്ടിവിടരുന്നതും. യേശുനാഥനെ ഇഷ്ടദേവതയായി മനസ്സിൽ നിനച്ച് ധ്യാനിക്കുന്ന യേശുശിഷ്യ നാഥന്റെ മനസ്സിനോടും മനസ്സിലെ മൂല്യങ്ങളോടും കൂടിച്ചേരുന്നു. ശിഷ്യത്വത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നത് ഈ ഒട്ടിച്ചേരലിലാണ്. ഗുരുവിന്റെ അവബോധത്തിൽ പങ്കുപററുന്ന വ്യക്തിയാണ് യഥാർത്ഥ ശിഷ്യ. വിലമതിക്കാനാവാത്ത ഈ ശിഷ്യപദം ആജീവനാന്തം തുടരുകയും ചെയ്യും.

ഒരുപക്ഷേ, ദൈവത്തിന്റെ പരിപാലനയിൽ, ദൈവസാക്ഷാൽകാരത്തിന് ആഗ്രഹിക്കുന്ന മറെറാരു വ്യക്തി യേശുശിഷ്യയെ സമീപിക്കാൻ പാടുണ്ട്. ഇത് സംഭവിക്കുകയാണെങ്കിൽ ഏത് മനോഭാവത്തോടുകൂടെ തന്റെ ശിഷ്യയെ സ്വീകരിക്കണമെന്നും ആ വ്യക്തിക്കുവേണ്ടി സ്വയം കൊടുക്കണമെന്നുമാണ് മേലുദ്ധരിച്ച കവിതയിൽ പ്രസ്താവിക്കുന്നത്.

യേശുവിൽ സംഭവിച്ചത് തന്നിൽ സംഭവിക്കണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചതുപോലെ തന്റെ ശിഷ്യരിലും സംഭവിക്കണമെന്ന് ഇപ്പോൾ

ഗുരുനാഥയായ യേശുശിഷ്യയും ആഗ്രഹിക്കുന്നു. ഇതിനായി സ്വന്തം ജീവിതം ത്യാഗവേദിയിൽ ഹോമിക്കാൻ അവൾ സന്നദ്ധയാണ്. അദൃശ്യമായ ദൈവരൂപത്തിന് ദർശനീയത നൽകുക എന്ന ഒരു കർത്തവ്യം കൂടി ഗുരുവിനുണ്ട്. വചനം മാംസമായി മനുഷ്യരൂപത്തിൽ യേശുനാഥൻ നമ്മെ സമീപിച്ചപ്പോൾ സംഭവിച്ചതും ഇതാണ്. ഒരു ഭൃത്യന്റെ രൂപം സ്വീകരിച്ച്, മനുഷ്യനായി, അവിടുന്ന് നമ്മുടെ പക്കലേക്കു വന്നു എന്നാണ് പൗലോസ്ശ്ലീഹാ ഈ വരവിനെക്കുറിച്ചു പറയുന്നത് (ഫിലി.5:67). ചുരുക്കത്തിൽ, അദൃശ്യമായ ദൈവസത്തയുടെ ദർശനീയതയായി അവിടന്ന് ഇറങ്ങിവന്നു (കൊളോ. 1:15). തന്നെ സമീപിക്കുന്ന ശിഷ്യർക്കും ദൈവത്തിന്റെ ദർശനീയത പകരുവാൻ യേശുശിഷ്യയ്ക്കു കടമയുണ്ട്. ഈ കടമ വേണ്ടപോലെ നിർവഹിക്കുവാൻ സാധിക്കുമോയെന്ന് പേടിച്ചുകൊണ്ടും, എന്നാൽ ഈ കർത്തവ്യം വേണ്ടതുപോലെ നിർവഹിക്കാൻ ആഗ്രഹിച്ചുകൊണ്ടും അവൾ പ്രാർത്ഥിക്കുന്നു. എന്നും എല്ലാവർക്കും ഒരു സനാതന ഗുരുവായി ശോഭിക്കുന്ന യേശുനാഥനെ ചൂണ്ടിക്കാട്ടി രക്ഷപ്പെടാനുള്ള ഒരു പ്രവണത ചിലപ്പോൾ ഗുരുസ്ഥാനം അലങ്കരിക്കാൻ വിളിക്കപ്പെട്ട നമ്മിലും ഉണ്ടാകാൻ പാടുണ്ട്. ഇത് എളിമയും പുണ്യവുമായി കരുതാനും പാടുണ്ട്. പക്ഷേ, ഈ കടമയിൽ നിന്ന് രക്ഷപ്പെടാൻ പരിശ്രമിക്കുന്നത് ശരിയല്ല. സാക്ഷാൽ ഗുരു സ്വന്തം ജീവിതത്തിന്റെ മാതൃകകൾ കൊണ്ടാണ് ഏറ്റവുമധികം പഠിപ്പിക്കുന്നത്. വിനയാന്വിതയായി സ്വന്തം ജീവിതത്തിൽ യേശുസാക്ഷാൽകാരം സാധിക്കണമേയെന്നു പ്രാർത്ഥിക്കുന്ന യേശുശിഷ്യ തന്റെ ജീവിതത്തിലൂടെയാണ് ഇത് ഇതര ശിഷ്യരിലേക്കു പകരുന്നത്. "ഞാൻ ലോകത്തിന്റെ വെളിച്ചമാണ്" (യോഹ. 8:12) എന്നു പറഞ്ഞ യേശുനാഥൻ, "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്" (മത്താ. 5:13) എന്നുകൂടി അരുൾ ചെയ്തിട്ടുണ്ട്. നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് മനുഷ്യർ സ്വർഗ്ഗസ്ഥനായ പിതാവിനെ സ്തുതിക്കട്ടെയെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരുടെമുമ്പിൽ നമ്മൾ മാതൃകയാവണമെന്നും നമ്മുടെ പ്രവർത്തനങ്ങളിലൂടെ അന്ധകാരത്തിൽ വെളിച്ചവും ദിവ്യതയുടെ ദർശനീയതയും അവർക്കു പകരണമെന്നും കർത്താവ് ആഗ്രഹിക്കുന്നു. ഇത് സാധിക്കുന്നതിനായി ഏത് ത്യാഗവും ചെയ്യാൻ യേശുശിഷ്യ സന്നദ്ധയാണ്. ശിഷ്യർ ഉണ്ടാകണമെന്നത് അവളുടെ ആഗ്രഹവും പ്രാർത്ഥനയുമല്ലെങ്കിലും നാഥൻ നൽകുന്ന ശിഷ്യർക്കായി സ്വന്തം ജീവിതം ഹോമിക്കാനും അദൃശ്യനായ നാഥന്റെ ദർശനീയത, വികലതയോടെയാണെങ്കിലും, സ്വന്തം ജീവിതത്തിലൂടെ

കാണിക്കാനും അവൾ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം അവളുടെ മഹിമയ്ക്കോ പെരുമയ്ക്കോ വേണ്ടിയല്ല. പ്രത്യുത, നാഥന്റെ മുഖകമലം ശിഷ്യരിൽ പ്രശോഭിക്കാൻ വേണ്ടിമാത്രമാണ്. അതുകൊണ്ട് അവൾ പാടുന്നു, "നിൻമുഖകാന്തി അവർക്ക് നൽകി, നിന്നാൽ പ്രചോദിത ജീവൻ കൊടുപ്പാനും" എന്ന്.

പാദം പാതയേ ചൂണ്ടിക്കാണിക്കുന്നതുപോലെ മുഖം വ്യക്തിത്വത്തിന്റെ തനിമ ചൂണ്ടിക്കാണിക്കുന്നു. ഇതര വ്യക്തിയുടെ പ്രസാദവും പ്രകോപനവും യാതനയും വേദനയും എല്ലാം പ്രതിബിംബിക്കുന്നത് മുഖത്താണ്. മുഖകമലം തികച്ചും വ്യക്തിഗതവും പരസ്പര സമ്പർക്കത്തിന്റെ മധുരമാധ്യമവുമാണ്. കരുണയോടെ നോക്കുന്ന കണ്ണുകളും സ്നേഹമൊഴികൾ അരുൾചെയ്യുന്ന അധരങ്ങളും മനുഷ്യന്റെ മുഖത്ത് സ്ഥിതിചെയ്യുന്നു. പ്രസാദം നിഴലിക്കുന്ന മുഖത്തു നിന്ന് സ്നേഹം തുളുമ്പുന്ന വചനങ്ങൾ കേൾക്കാൻ എല്ലാവരും ആഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ ദൈവത്തിന്റെ മുഖകമലത്തിൽനിന്നും അടർന്നുവീഴുന്ന അമൃതവചനങ്ങൾ കേൾക്കുന്നത് എത്രയോ ആസ്വാദ്യകരമായിരിക്കും. ഇവിടെ 'മുഖം' എന്ന പദപ്രയോഗം സാങ്കൽപികമാണെങ്കിലും അതിന് ആഴമായ അർത്ഥമുണ്ട്. ദൈവം വളരെ വ്യക്തിപരമായി നമ്മെ സമീപിക്കുന്നുവെന്നുള്ളതിന്റെ ശക്തമായ സൂചനയാണിത്.

. സാധാരണ ഭാഷയിൽ പറഞ്ഞാൽ ദൈവമുഖം മനുഷ്യനു കാണാൻ സാധിക്കുകയില്ല. ദൈവത്തിന് മുഖമോ രൂപമോ ഇല്ലാത്തതാണ് ഇതിന് കാരണം. എന്നാൽ "അങ്ങയുടെ മുഖമാണ് ഞാൻ അന്വേഷിക്കുന്ന"തെന്ന് (സങ്കീ. 27:8) സങ്കീർത്തകൻ പാടുന്നുണ്ട്. ഭക്തരായ മനുഷ്യർ ഗുരുദർശനം ആഗ്രഹിക്കുന്നതുപോലെ ഭക്തിനിർഭരമായ ഹൃദയത്തോടെ ദൈവദർശനത്തിനുവേണ്ടി ദാവീദ് ദീർഘദർശി പ്രാർത്ഥിക്കുന്നതാണിത്. മിശിഹായുടെ ആഗമനത്തിനുമുമ്പുള്ള ഒരു പ്രാർത്ഥനയായതുകൊണ്ട് മനുഷ്യരൂപത്തിലുള്ള ഒരു മുഖദർശനമാകണമെന്നില്ല ഇതിന്റെ അർത്ഥം. എന്നാൽ ദൈവത്തിന്റെ സന്നിധാനവും സംഭാഷണവും തനിക്ക് അനുഭവവേദ്യമാകണമെന്ന ഒരു പ്രാർത്ഥനയായി ഇതിനെ ഗണിക്കാവുന്നതാണ്. മുഖദർശനം സൗഹൃദത്തിന്റെ ഒരു പ്രതീകംകൂടിയാണ്. അങ്ങനെ കർത്താവായ ദൈവം തന്റെ ഒരു സ്നേഹിതനോട് സംസാരിക്കുന്നതുപോലെ മൂശയോട് മുഖാഭിമുഖം സംസാരിച്ചുകൊണ്ടിരുന്നു എന്ന് പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട് (പുറ. 31:11). ഏകനും അദൃശ്യനും

അനവദ്യനുമായ ഇസ്രായേലിന്റെ മഹോന്നത ദൈവവുമായി മുഖാഭിമുഖം സംസാരിക്കുക എന്നത് ദൈവവും മൂശയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെയും അതീവ താൽപര്യത്തിന്റെയും രൂപകഭാഷയായി നമുക്കു മനസ്സിലാക്കാം. ആഴമേറിയ ഹൃദയൈക്യത്തിന്റെയും ആത്മാർത്ഥമായ നർമ്മഭാഷണത്തിന്റെയും പ്രതീകമായി മുഖാഭിമുഖദർശനവും സംസാരവും നിലകൊള്ളുന്നു.

കാലാന്തരത്തിൽ, സമയത്തിന്റെ പൂർണ്ണിമയിൽ, അദൃശ്യനായ ദൈവത്തിന്റെ ദർശനീയതയായി യേശുനാഥൻ ഈ ലോകത്തിൽ അവതരിച്ചു. അതുകൊണ്ട് കാഴ്ചക്ക് അതീതമായ ദൈവമുഖം ദർശിക്കാൻ മനുഷ്യന് സാധിച്ചു. ഗുരുവിന്റെ മുഖപ്രകാശവും പ്രസാദവും ശിഷ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലയേറിയ കാര്യമാണ്. ആ മുഖഭാവവും, അവിടെ തളംകെട്ടിനിൽക്കുന്ന ശാന്തതയും സ്നേഹവായ്പും തന്നിലും നിഴലിക്കണമെന്ന് ശിഷ്യ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അങ്ങനെ മുഖം വ്യക്തിയെയും, സർവ്വോപരി വ്യക്തിയുമായുള്ള പ്രിയങ്കര ബന്ധത്തെയും, പ്രതിനിധാനം ചെയ്യുന്നു. ഇവിടെ യേശുശിഷ്യ പ്രാർത്ഥിക്കുന്നത് അവളുടെ ഗുരുനാഥന്റെ മുഖകാന്തി അവളുടെ ശിഷ്യരിൽ പ്രകാശിക്കാൻ വേണ്ടിയാണ്. "അങ്ങയുടെ മുഖം അങ്ങയുടെ ദാസനിൽ പ്രകാശിക്കട്ടെ" (സങ്കീ. 31:16) എന്ന സങ്കീർത്തകന്റെ പ്രാർത്ഥന അവൾ സാക്ഷാൽകാരപൂർവം ആവർത്തിക്കുന്നു. ഈ പ്രകാശനം അവളിലും അവളുടെ ശിഷ്യരിലും ഒരുപോലെ സംഭവിക്കണം. തനിക്ക് അനുഭവവേദ്യമല്ലാത്തതൊന്നും മറ്റുള്ളവരിലേക്ക് യഥാർത്ഥത്തിൽ പകരാൻ സാധിക്കയില്ലെന്ന് അവൾക്ക് അറിയാവുന്നതുകൊണ്ട്, ഗുരുനാഥന്റെ മുഖകാന്തിദർശനം നൽകി അവളെ അനുഗ്രഹിക്കണമെന്നും അത് മറ്റുള്ളവരിലേക്ക് പകരാനുള്ള മാർഗ്ഗമായി അവളെ ഉപയോഗിക്കണമെന്നുമാണ് പ്രാർത്ഥനയുടെ സാരം.

ക്രിസ്തുവിന്റെ സമാഗമത്തിനുശേഷം ആദ്ധ്യാത്മികതയുടെ പരിവേഷം ചാർത്തിയ ഈ ദൈവമുഖദർശനത്തിന് ഒരു പുതിയ പരിമാണംകൂടി വന്നുചേരുന്നുണ്ട്. വചനം മാംസമായ യേശുവിന് മാംസളമായ ഒരു മുഖകമലമുണ്ട്. തികഞ്ഞ മാനുഷികതയിൽ മനസ്സിന്റെ പ്രതിബിംബനമായി ആ ദിവ്യമുഖം പ്രകാശിക്കുന്നു. അമലവും അലോകസുന്ദരവുമായ ആ മുഖകമലം ദിവ്യതയുടെ ദർശനീയതയാണ്. ആ മുഖകാന്തിയിൽനിന്ന് ഇന്നും വിടരുന്ന അനശ്വര

കിരണങ്ങൾ എന്നെയും സ്പർശിക്കണമേ, എന്റെ ശിഷ്യരിലും വീഴണമേ എന്ന് യേശുശിഷ്യ ആഗ്രഹിക്കുന്നു. അണയാദീപത്തിന്റെ അവികല പ്രകാശംപോലെ വിളങ്ങിനിൽക്കുന്ന ആ മുഖകാന്തി തന്റെ ശിഷ്യർക്കു നൽകി അവരിൽ യേശുവിന്റെ രൂപവും ഭാവവും ഉരുവാകാനാണ് സ്വന്ത ജീവൻ ഹോമബലിയായി സമർപ്പിച്ചുകൊണ്ട് അവൾ പരിശ്രമിക്കുന്നത്. ഗുരുവിനാൽ പ്രചോദിതമായ ഒരു നൂതന ജീവൻ അവരിൽ ഉരുവാക്കപ്പെടണം. ആ ജീവൻ അവിടത്തെ മുഖകാന്തികൊണ്ട് പ്രകാശിക്കണം. ചുരുക്കത്തിൽ, യേശുനാഥന്റെ മുഖാഭിമുഖദർശനത്താൽ ധന്യരായി, പ്രശോഭിതരായി തന്റെ ശിഷ്യഗണം യേശുനാഥന്റെ തനി പ്രതിരൂപങ്ങളായി മാറണം എന്ന് അവൾ ആഗ്രഹിക്കുന്നു. അതിനായി എന്നെ ഇനിയും ഒരുക്കണമെന്നു പ്രാർത്ഥിക്കുന്നു.

ഗുരുഹൃദയം എപ്പോഴും ശിഷ്യോൻമുഖമാണ്. തന്റെ ശിഷ്യർക്കു വേണ്ടി ആഹുതി ചെയ്യപ്പെടാൻ എല്ലാ നല്ല ഗുരുഭൂതരും സന്നദ്ധരാണ്. ശിഷ്യരാകട്ടെ, സമർപ്പണ ഭാവത്തിൽ ഗുരുവിന്റെ കാലടിപ്പാടുകളിലൂടെ നടന്നുകൊണ്ട് സാക്ഷാൽകാരത്തിലേക്കു പ്രവേശിക്കാൻ ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു. സാക്ഷാൽകാരമെന്നു പറയുന്നത് ഐന്ദ്രികതലത്തിലോ ആശയതലത്തിലോ നടക്കുന്ന ഒരു സംഭവമല്ല. ഇവയുടെ സഹകരണത്തോടെ ശിഷ്യയുടെ അഗാധതലത്തിൽ നടക്കുന്ന ഒരു രൂപാന്തരീകരണമാണ്. ഈ രൂപാന്തരീകരണത്തിൽ ആത്മാവിന്റെ സത്ത ദൈവികവെളിച്ചത്തിൽ ഉണരുകയും പ്രശോഭിതമാകുകയും ചെയ്യുന്നു. ഈ പ്രകാശധോരണികൾ ആശയ ഐന്ദ്രികതലങ്ങളെ സ്പർശിക്കുകയും ദൈവിക വെളിച്ചത്തിന്റെ ആസ്വാദ്യതയിലേക്ക് ആനയിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ രാത്രിയിലൂടെ കടന്നുപോകുമ്പോൾ ഐന്ദ്രികതലവും ആശയതലവും സ്വത:സിദ്ധമായ ഇഷ്ടാനിഷ്ടങ്ങൾ ഉപേക്ഷിച്ച്, ശാന്തമായി, ദിവ്യവെളിച്ചത്തിനു വിധേയമായി, രൂപാന്തരീകരണത്തിനു സ്വയം വിട്ടുകൊടുക്കുന്നു. അങ്ങനെ ശിഷ്യയിൽ ഗുരുഭാവം പ്രതിബിംബിക്കുന്നു, പ്രകാശിക്കുന്നു, പൂർണത അണിയുന്നു.

എല്ലാ ഗുരുഭക്തന്മാരും ശിഷ്യോൻമുഖരാണെങ്കിലും തന്റെ ശിഷ്യരെ ആജീവനാന്തം തന്റെ ചുററും നിർത്താൻ നല്ല ഗുരു ആഗ്രഹിക്കുന്നില്ല. ഗുരുവിൽനിന്നു പഠിക്കേണ്ടതു പഠിക്കുകയും ഗുരുഭാവത്തിൽ അടിസ്ഥാനപരമായി പങ്കുപററുകയും വേണ്ട

വളർച്ചയ്ക്കുള്ള കളംഒരുക്കുകയും ചെയ്തുകഴിഞ്ഞാൽ ശിഷ്യരെ അവരുടേതായ സാക്ഷാത്കാര മണ്ഡലങ്ങളിലേക്ക് പറഞ്ഞയയ്ക്കുവാൻ ഗുരു സന്നദ്ധമാകുന്നു. ഈ വേർപാട് ഇരുവർക്കും, പ്രത്യേകിച്ച് ശിഷ്യന്, വേദനാജനകമെങ്കിലും ഇതു സംഭവിക്കുന്നതിന് ഗുരു സമ്മതിക്കുന്നു; അല്ല നിർബന്ധിക്കുന്നു. ശിഷ്യന്റെ പൂർണ്ണവളർച്ചയ്ക്കും വികാസത്തിനും മറെറാരു ഗുരുവായിത്തീരാനുള്ള ലക്ഷ്യപ്രാപ്തിക്കും തൻെറ സന്നിധാനവും ശിഷ്യൻെറ അഗാധവിധേയത്വവും ഒരു വിലങ്ങു തടിയാവരുത് എന്നതാണ് ഈ നിർബന്ധത്തിന് കാരണം. വളരെ നല്ലതും സ്വീകാര്യവും ദൈവോന്മുഖവുമായ ഈ ഗുരുശിഷ്യബന്ധത്തിലും ഉണ്ടാകാൻപാടുള്ള മാനുഷിക താൽപര്യങ്ങളിൽ നിന്നുള്ള പരിപൂർണവിച്ഛേദനവും ഒരു പക്ഷേ ഗുരു ആഗ്രഹിക്കാൻ പാടുണ്ട്. ഗുരു ശിഷ്യബന്ധം പൂർണ്ണ നിസ്വാർത്ഥതയുടെയും, ത്യാഗസന്നദ്ധതയുടെയും ഒരു നിർമ്മലബന്ധമാണ്. "ഞാൻ പോകുന്നതുകൊണ്ട് നിങ്ങൾ സങ്കടപ്പെടരുത്" (യോഹ.14:1). ഞാൻ പോകുന്നത് നിങ്ങൾക്ക് നല്ലതാണ്. ഞാൻ പോയാൽ പരിശുദ്ധാത്മാവിനെ ഞാൻ നിങ്ങളിലേക്ക് അയയ്ക്കും (യോഹ. 14:16). ശാരീരികമായ ഗുരുസാന്നിദ്ധ്യം നല്ലതാണെങ്കിലും വികലതപൂണ്ടതാണ്. കാരണം ശരീരത്തിൻെറ പദാർത്ഥപരമായ പരിമിതികളാണ്. സ്ഥലത്തിനും സമയത്തിനും വിധേയമായി പ്രവർത്തിക്കുന്ന ശരീരത്തിന് ഏറെ പരിമിതികൾ ഉണ്ട്. ശാരീരിക സാന്നിദ്ധ്യം ഉപേക്ഷിച്ച്, ഗുരുചൈതന്യം ശിരസ്സാവഹിച്ചുകൊണ്ട് ശിഷ്യൻ എവിടെയും വ്യാപരിക്കുന്നു. എല്ലാം പ്രവർത്തിക്കുന്നു. ഗുരുവിൻെറ മുഖകാന്തി തൻെറ മുഖത്തും പ്രസരിക്കുന്നു. ഗുരുവിൻെറ ജീവൻ തന്നിലും ജീവിക്കുന്നു.

അദ്ധ്യായം നാല്

തിരുവരവും കാത്ത്

നിന്തിരുവാണികളെന്നിലൊഴുക്കുന്ന
നിർമ്മല നീരിൽ കുളിച്ചൊരുങ്ങി
നീ തന്ന ദീപത്തിലെണ്ണ പകർന്നു ഞാൻ
ആയിരം നാളം തെളിച്ചൊരുക്കി

നിന്തിരുവാണികളെന്നിലൊഴുക്കുന്ന നിർമ്മലനീരിൽ കുളിച്ചൊരുങ്ങി

"ഞാൻ നൽകുന്ന ജലം നിത്യജീവന്റെറ നീരുറവയായി എന്നും നിങ്ങളിൽ നിലനിൽക്കും" (യോഹ. 4:14).

അഗ്നിനാളവും ശ്വാസവായുവും പോലെ പരിശുദ്ധാത്മാവിന്റെറ മറെറാരു പ്രതീകമാണ് ജലം. ജലം നമ്മെ ശുദ്ധീകരിക്കുന്നു; ആത്മാവ് നമ്മെ വിശുദ്ധീകരിക്കുന്നു. ജലം നമ്മുടെ ദാഹം ശമിപ്പിക്കുന്നു. അതുപോലെ പരിശുദ്ധാത്മാവ് ദൈവസായുജ്യത്തിൽ എത്തിച്ചേരാനുള്ള നമ്മുടെ ആദ്ധ്യാത്മിക ദാഹത്തിന് ശമനം നൽകുന്നു. ജലം ശാന്തമായി, ശാലീനമായി താഴോട്ട് ഒഴുകുന്നതുപോലെ പരിശുദ്ധാത്മാവും പരിലാളനയുടെ തരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ട് വിനീതഹൃദയങ്ങളിലേയ്ക്കിറങ്ങി വരുന്നു. എന്നാൽ ജലം ചില സമയത്ത് അദ്ഭുതപൂർവ്വമായ ശക്തിവിശേഷത്തോടെ തല്ലിയലച്ച് പ്രവഹിക്കാൻ പാടുണ്ട്. ദൈവോന്മുഖമായ ആത്മാവിൽ അനിതരസാധാരണമായ വ്യതിയാനം അതിവേഗം വരുത്താൻ പരിശുദ്ധാത്മാവും അതീവശക്തിയോടെ മനുഷ്യാത്മാവിലേക്ക് പ്രവേശിക്കുന്നു. ക്രിസ്തുമതാനുയായികളായ എല്ലാവരേയും കൊന്നൊടുക്കാനുള്ള ദൃഢനിശ്ചയത്തോടെ, അശ്വാരൂഢനായി, ഡമാസ്കസിലേക്കു യാത്രചെയ്തിരുന്ന സാവൂളിനെ അരൂപി ആവസിച്ചത് ഇപ്രകാരമായിരുന്നു. ശക്തമായ ഒരു സംഘട്ടനം ആയിരുന്നു അത്. ഇസ്രയേൽ മതാനുയായിയും അതി തീഷ്ണമതിയും ധർമ്മരോഷംകൊണ്ട് ഹൃദയകാഠിന്യം ലഭിച്ചവനുമായ സാവൂളിനെ



പാരം പ്രഭാപൂരം പാരിന്നരുളുന്നോ-
രോർമ്മയാലെൻ മനം ദീപ്തമാക്കി...

അതിശക്തമായി സ്പർശിച്ച്, തട്ടിതാഴെയിട്ട്, അരൂപി കീഴ്പ്പെടുത്തുകയായിരുന്നു (നടപടി 9:16). താൻ തിരഞ്ഞെടുക്കുന്നവരെ വിശുദ്ധീകരിക്കുന്നതിനും വിശുദ്ധിയുടെ കൊടുമുടിയിലേക്ക് ആനയിക്കുന്നതിനുമായി അരൂപി ചിലപ്പോൾ ഇങ്ങനെ പ്രവർത്തിക്കുവാൻ പാടുണ്ട്. സംഹാരശക്തിയോടുകൂടെ, അപ്രതീക്ഷിതമായി തന്നിലേക്ക് ഒഴുകിവരുന്ന ജലപ്രവാഹത്തിന്റെ പ്രതീകമാണ് ഇവിടെ നമ്മൾ അനുസ്മരിക്കുന്നത്. എന്നാൽ സക്ഷാൽ ദൈവാരൂപിയെ പ്രദ്യോതിപ്പിക്കുന്ന ഈ ജലപരപ്പോ അതിലൂടെയുള്ള നമ്മുടെ യാത്രയോ ഭയത്തിനു കാരണമാകരുതെന്ന് കർത്താവുതന്നെ നമ്മോട് അരുൾചെയ്യുന്നുണ്ട്. "നീ ആഴമേറിയ ജലപരപ്പിലൂടെ കടന്നു പോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നദീതടങ്ങളിലൂടെ നീ സഞ്ചരിക്കുമ്പോഴും അവയുടെ ജലാധിക്യം നിന്നെ കീഴ്പ്പെടുത്തുകയില്ല" (ഏശ. 43:2). ജലം അങ്ങനെ പരിശുദ്ധാത്മാവിന്റെ സാന്ത്വനദായകവും അതേ സമയം തന്നെ സംഭ്രാന്തിജനകവുമായ ഒരു പ്രതീകമാണ്. എന്നാൽ ഭക്തിയിലും യേശുഭാവത്തിലും ഉറച്ചുനിൽക്കാൻ ആഗ്രഹിക്കുന്ന ആത്മാവിന് ഭയമോ സംഭ്രാന്തിയോ ആവശ്യമില്ല. ജലപ്പരപ്പിലുയരുന്ന അലമാലയെക്കാൾ ശക്തമായ വിശ്വാസദാർഢ്യവും ആഴിയുടെ ആഴത്തെക്കാൾ ആഗാധതയുള്ള ദൈവാശ്രയബോധവും നമ്മിൽ നിലനിന്നാൽ മതി. ഇങ്ങനെ അലിവിന്റെയും അദ്ഭുതത്തിന്റെയും അനുഭൂതികൾ ഒരുപോലെ നൽകുന്ന പരിശുദ്ധാത്മാവിന്റെ സമുചിത പ്രതീകമാണ് ജലം.

നാം കുടിക്കുന്നതും കുളിക്കുന്നതുമായ വെള്ളത്തിന് ഇത്രമാത്രം അർത്ഥവും അഗാധതയും ഉണ്ടെന്ന് നമ്മൾ ചിലപ്പോൾ ചിന്തിച്ചു കാണുകയില്ല. എന്നാൽ യേശുനാഥന്റെ തിരുവചനം കേൾക്കുവാൻ സദാ ആഗ്രഹിക്കുന്ന യേശുശിഷ്യ അവിടത്തെ ഓരോ മൊഴിയും സ്നേഹത്തിന്റെ അലകൾ നിർമ്മിക്കുന്ന ജലധാരപോലെയാണു കാണുന്നത്. അതുകൊണ്ട് ആ തിരുവാണികൾ അവളിൽ ഒഴുക്കുന്ന നിർമ്മലനീരിനെക്കുറിച്ച് അവൾ പാടുന്നു. ദൈവവചനമാണ് ഈ ദിവ്യനദിയുടെ ആസ്ഥാനവും അടിസ്ഥാനവും. ഇന്ത്യയിലെ പുണ്യനദിയായി കരുതപ്പെടുന്ന ഗംഗ ഹിമാലയ മുകളിൽ കൈലാസത്തിലിരിക്കുന്ന ഇതിഹാസരൂപമായ ശിവദേവന്റെ ശിരസ്സിൽ നിന്നു ക്രമാനുഗതമായി, നിരവധി നഗരങ്ങളും പ്രതലങ്ങളും നനച്ച്, അവയ്ക്ക് കുളിരേകി, അവയെ ഫലഭൂയിഷ്ഠമാക്കി താഴോട്ട് ഒഴുകുന്നതുപോലെ, തന്റെ ഗുരുദേവവചനമാകുന്ന ഗംഗോത്രിയിൽ

നിന്നു പുറപ്പെടുന്ന ഈ പുണ്യനദി ആത്മാവിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ തലങ്ങളും സ്പർശിച്ച് പ്രക്ഷാളനംചെയ്ത്, വിശുദ്ധീകരിച്ച്, ദിവ്യതകൊണ്ട് സമലങ്കരിച്ച്, ദിവ്യനാഥന്റെ സ്വരൂപ വർണപ്പകിട്ടുകൾ നൽകി നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ കാരണത്താൽത്തന്നെ നാഥന്റെ സ്വരം ശ്രവിക്കുന്നതിനും, വചനം നിത്യം ധ്യാനിക്കുന്നതിനും ധ്യാനനിർഝരിയിൽ സ്വയം സഞ്ചരിക്കു ന്നതിനും മുങ്ങിക്കുളിക്കുന്നതിനും അവൾ ആഗ്രഹിക്കുന്നു. കുളി ശുദ്ധീകരണത്തിന്റെയും ഒരുക്കത്തിന്റെയും ഒരു പ്രതീകമാണ്. നിരവധി വർഷങ്ങളിലെ ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും പ്രവർത്തനങ്ങളുടെയും ഏക അന്ത്യം തന്റെ നാഥനെ പ്രാപിക്കുക യെന്നതാണ്. തന്റെ മനസ്സിൽ വച്ച് പൂജിക്കുന്ന ഈ ഏകകാര്യ സാദ്ധ്യത്തിനായി എല്ലാം ത്യജിക്കാനും, ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ എല്ലാം വരിക്കാനും അവൾ തയ്യാറാണെന്ന് നേരത്തെ പാടിക്കഴിഞ്ഞു. നാഥന്റെ ആഗമന സമയം ഇതാ അടുത്തുവരുന്നുവെന്നുള്ള അവബോധത്തിൽനിന്നും ഉയരുന്നതാണ് ഒരുക്കത്തിനുവേണ്ടിയുള്ള ഈ ആഗ്രഹവും പ്രാർത്ഥനയും. തുടർന്നുവരുന്ന ഈരടികളിലൂടെ തന്നെ സ്വീകരിക്കാൻ വരുന്ന നാഥനെ എതിരേൽക്കാൻ അവൾ ചെയ്യുന്ന കാര്യങ്ങളാണ് പ്രതിപാദ്യവിഷയം. അതിലാദ്യത്തേതാണ് "കുളിച്ചൊരുങ്ങുകയെന്നത്."

പരിപാവനതയുടെ അവതാരരൂപമായ യേശുനാഥനെ സമീപിക്കാൻ പാപിയും അയോഗ്യയുമായ ഒരു മനുഷ്യവ്യക്തിക്ക് എന്തവ കാശമുണ്ടെന്ന് യേശുശിഷ്യ ചിന്തിക്കുന്നു. സായൂജ്യത്തിലേക്ക് നടന്നു നീങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യാത്മാവ് ഭയവിഹ്വലയല്ലെങ്കിലും തന്റെ അപൂർണതയെക്കുറിച്ചും അനർഹതയെക്കുറിച്ചും തികച്ചും ബോധവതിയാണ്. സായൂജ്യം എത്രമാത്രം അഗാധതയിൽ കൈവരിക്കു ന്നുവോ അത്രമാത്രം വിമലയും വിനയാന്വിതയും ആയിത്തീരും ഈ ആത്മാവ്. പുണ്യത്തിന്റെ പരിവേഷം എന്ന രീതിയിൽ അനിതര സാധാരണമായ ഒരു പ്രത്യേക ശ്രദ്ധയും തന്നിലേക്ക് ആർക്കും ഉണ്ടാകരുതെന്നും അവൾക്ക് നിർബന്ധമാണ്. സാധാരണക്കാരിൽ സാധാരണക്കാരിയായി, എല്ലാവരെയുംപോലെ എല്ലാ ജോലികളും, പ്രത്യേകിച്ച് വിനയാന്വിത പരിചരണങ്ങളും സന്തോഷപൂർവം ചെയ്ത്, വിസ്മൃതവീഥിയിൽ, ആരുമറിയാതെ സഞ്ചരിക്കാനാണ് അവൾക്ക് താൽപര്യം. സാക്ഷാൽ സായൂജ്യത്തിന്റെ കറതീർന്ന ദർശന ഭാഗമാണിത്. എന്നാൽ ഇത് അവൾക്കുണ്ടെന്നോ ഇനി ഒന്നും അവൾക്ക്

നേടാനില്ലന്നോ അവൾ വിചാരിക്കുന്നില്ല. താമസരാത്രിയിലൂടെ കടന്നു പോയപ്പോൾ ഉണ്ടായ ശുദ്ധീകരണപ്രസ്ഥാനത്തിന് മരണംവരെ അന്ത്യമുണ്ടെന്നും അവൾ വിചാരിക്കുന്നില്ല. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെപ്പോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ എന്ന ദിവ്യനാഥന്റെ കൽപ്പന ശിരസ്സാവഹിച്ചുകൊണ്ട് അവളുടെ ആത്മീയ ഒരുക്കത്തിനോ വിശുദ്ധീകരണപ്രക്രിയയ്ക്കോ അതിർവരമ്പുകൾ ഒന്നും അവൾ നിർമ്മിക്കുന്നില്ല. അനുതാപത്തിന്റെ ജലാശയത്തിലിറങ്ങി സ്വയം ശുദ്ധീകരിച്ച് എന്നും നാഥന്റെ വചനങ്ങൾ ശ്രവിച്ച്, വരവിന്റെ നിമിഷം പാർത്ത്, അവൾ കാത്തിരിക്കുകയാണ്. ഈ തിരുവചനങ്ങൾ തന്നെയാണ് ദിവ്യാമൃതത്തിന്റെ അരുവിയായി അവളിലൂടെ ഒഴുകുന്നത്.

വചനം വെള്ളമായി മാറുന്നത് എങ്ങനെയാണ് എന്നൊരു ചോദ്യം ഇവിടെ ഉയരുന്നുണ്ട്. യേശുശിഷ്യ വചനം ശ്രവിച്ച് അനുദിനം ധ്യാനിക്കുന്നു. നിരന്തരമായ ധ്യാനം കൊണ്ട് വചനം നമ്മുടെ മനസ്സിൽ അലിഞ്ഞു ചേരുന്നു. അലിഞ്ഞ വചനം അരുവിയായി ഒഴുകുന്നു. കരുണാസാഗരമായ ദിവ്യനാഥൻ അരുൾചെയ്യുന്ന ഓരോ വചനവും അരുവിയായി ഒഴുകി നല്ല മനസ്സുള്ള ഹൃദയങ്ങളെ സ്പർശിക്കാനും രൂപാന്തരപ്പെടുത്താനും കഴിവുള്ളവയാണ്. തൈലധാരപോലെ വചനധ്യാനം അപ്രതിഹതമായി ആത്മാവിലൂടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. കർത്താവിന്റെ കരുണയുടെ കൃപാമാരിയും നിരന്തരമായ വചനധ്യാനത്തിന്റെ ഇടമുറിയാതെയുള്ള ഒഴുക്കും ചേർന്ന് തന്റെ ആത്മാവിൽ സൃഷ്ടിക്കുന്ന നിർമ്മല നീർക്കയത്തിലിറങ്ങി കുളിച്ച്, സ്വയം ശുദ്ധീകരിച്ച്, തിരുനാഥന്റെ വരവിന് എതിരേൽപ്പാൻ അവൾ തയ്യാറെടുക്കുകയാണ്.

നിർമ്മല നീരിൽ ഇറങ്ങി കുളിക്കുന്നതിന് മാമ്മോദീസായുടെ ഒരു പ്രതികാത്മകതയും കൂടിയുണ്ട്. "അനുതാപത്തെ പ്രദ്യോതിപ്പിക്കുന്ന ജലം കൊണ്ട് ഞാൻ നിങ്ങൾക്ക് മാമ്മോദീസാ നൽകുന്നു. എന്നാൽ എനിക്കുപിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തനാണ്. അവന്റെ ചെരിപ്പ് കയ്യിൽ എടുക്കാൻപോലും ഞാൻ അയോഗ്യനാണ്. അവനാകട്ടെ, നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും മാമ്മോദീസാ മുക്കുന്നതാണ്" (മത്താ. 3:11-12). മനുഷ്യനിലെ പാപക്കറ തുടച്ചുനീക്കുകയും ആദ്ധ്യാത്മികതയുടെ സ്രോതസ്സായ പരിശുദ്ധാത്മാവിന്റെ വസതിയായി ഹൃദയത്തെ മാറ്റുകയും ചെയ്യുന്ന ഒരു കൂദാശയാണ് മാമ്മോദീസാ. ദിവ്യവചസ്സുകളുടെ നിർമ്മല നീർക്കയ

ത്തിലേക്കിറങ്ങുന്ന യേശുശിഷ്യയും ആഗ്രഹിക്കുന്നത് ആദ്യമായി മാമ്മോദീസായിൽ സംഭവിച്ചതിന്റെ പൂർത്തീകരണം വീണ്ടും വീണ്ടും തന്നിൽ സംഭവിക്കാനാണ്. മാമ്മോദീസാ വിനയത്തിന്റെയും പാപോച്ചാടനത്തിന്റെയും ദൈവാരൂപിയാൽ പ്രക്ഷാളിതയാകാനുള്ള ആത്മാവിന്റെ ആഗ്രഹത്തിന്റെയും പ്രതീകമാണ്. ആത്മാവിന്റെ ഈ ആഗ്രഹത്തിനോ അനുവർത്തനത്തിനോ അവസാനമില്ല. കറതീണ്ടാത്ത ഏകമനുഷ്യവ്യക്തിയായി ലോകത്തിൽ ജനിച്ച് നമ്മുടെയിടയിൽ ജീവിച്ച അവളുടെ അരുമ നാഥൻ, പാപികൾക്കുവേണ്ടിയുള്ള മാമ്മോദീസാ സ്വീകരിക്കാൻ സന്നദ്ധനായി യോർദ്ദാൻ നദിയിലിറങ്ങിയത് അവളുടെ സ്മൃതിപഥത്തിൽ എന്നും മായാതെനിൽക്കുന്നുണ്ട്. അതുകൊണ്ട്, എന്നും അനുതാപത്തിന്റെ കണ്ണുനീരാൽ വീണ്ടും കഴുകാനും അനുഗ്രഹങ്ങളുടെ ജലപ്രവാഹത്തിൽ വീണ്ടും ഇറങ്ങി കുളിക്കാനും അവൾ ആഗ്രഹിക്കുന്നു. പണ്ടൊക്കെ മാമ്മോദീസാ നൽകിയിരുന്നത് തലയിൽ വെള്ളം ഒഴിക്കുന്നതിനുപകരം അനുതാപിയായ മനുഷ്യൻ ജലത്തിലേക്ക് ഇറങ്ങി, മുങ്ങി, എഴുന്നേറ്റു വരുമ്പോഴാണ്. ഭാരതത്തിന്റെ ആദ്ധ്യാത്മിക പരമ്പര്യത്തിൽ സന്ന്യാസം വഹിക്കാൻ ആഗ്രഹിക്കുന്ന സാധകനും വിനീതനായി, കുളത്തിലിറങ്ങി കുളിച്ച്, സ്വയം ശുദ്ധീകരിക്കപ്പെട്ട് സന്ന്യാസഭാവിക്കായി ഗുരുവിനെ സമീപിക്കുന്ന ഒരു പതിവുണ്ട്. അങ്ങനെ ജലത്തിലിറങ്ങിയുള്ള സ്നാനം സ്വയംപ്രക്ഷാളനത്തിന്റെയും സ്നാനാനന്തരം തന്നിൽ വിരിയുന്ന ദിവ്യ ജീവന്റെയും മനോഹാരിത തിങ്ങിനിൽക്കുന്ന ഒരു വിനീത പ്രവൃത്തിയാണ്. വിനയന്വിതയായി വിശുദ്ധിയുടെ വിശാല ജലധിയിലേക്ക് സ്നേഹപൂർവം ഇറങ്ങി, മുങ്ങിക്കുളിച്ച്, ധന്യയായി യേശുശിഷ്യ ഒരുങ്ങുന്നു.

നീ തന്ന ദീപത്തിലെണ്ണ പകർന്നു ഞാൻ ആയിരം നാളം തെളിച്ചൊരുക്കി

മാമ്മോദീസായിൽ ശുദ്ധീകരണം മാത്രമല്ല നടക്കുന്നത്. ശുദ്ധീകരണത്തോടൊപ്പം തന്നെ ഉള്ളിന്റെയുള്ളിൽ ദൈവചേതനയുടെ നിലവിളക്ക് കൊളുത്തപ്പെടുന്നു. ശുദ്ധീകരണത്തിൽ വെള്ളമായി വന്നിരുന്ന പരിശുദ്ധാത്മാവ് ഇവിടെ ദീപത്തിലെ എണ്ണയായി മാറുന്നു. ദീപത്തിലെ എണ്ണയും എണ്ണയിൽ പ്രകാശിക്കുന്ന ദീപനാളവും പരിശുദ്ധാത്മാവ്തന്നെയാണ്. അരുമനാഥന്റെ തിരുവചനങ്ങൾ

അനുദിന ധ്യാനത്തിലൂടെ നീർച്ചാലായി മാറുന്നതുപോലെതന്നെ അവ ആത്മാവിന്റെ അന്തരാളത്തിൽ ദീപനാളവുമായിത്തീരുന്നു. "നിന്റെ വചനം എനിക്കൊരു പാദദീപമായിരിക്കും" (സങ്കീ. 119:105) എന്ന് സങ്കീർത്തകൻ പറയുന്നതുപോലെ യേശുനാഥന്റെ ദിവ്യ വചസ്സുകൾ ധ്യാനനിമഗ്നയായ യേശുശിഷ്യയുടെ മുമ്പിൽ സദാ കെടാവിളക്കായി പ്രകാശിക്കുന്നു. പലനിലകളുള്ള ഈ കെടാവിളക്കിൽ ദിവ്യതയുടെ തൈലമാകുന്ന എണ്ണയൊഴിച്ച് തിരികൾ കൊളുത്താൻ യേശുശിഷ്യ ആഗ്രഹിക്കുന്നു. ആയിരം നാളങ്ങളുള്ള അരൂപിയുടെആകാശ വിളക്കാണ് അവൾ തെളിക്കുന്നത്. ആയിരം നാളങ്ങൾ പരിശുദ്ധാത്മാവിന്റെ ആയിരം ദാനങ്ങൾക്ക് പ്രതിനിധീഭവിക്കുന്നു. ഭാരതീയാദ്ധ്യാത്മിക ഭാഷയിൽ ആയിരം എന്നത് അപരിമേയതയെയും അനന്തതയെയും പ്രദ്യോതിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആയിരം നാളങ്ങളാൽ പ്രകാശിതയായി, എന്നു വച്ചാൽ അനന്തനും അനവദ്യനുമായ ദിവ്യാരൂപിയുടെ അഖില സ്വഭാവഗുണങ്ങൾക്കും പാത്രിഭൂതയായി, അവയാൽ സമലംകൃതയായി, ദൈവാരൂപിയുടെ ഭാവത്തിലും രൂപത്തിലും അരൂപി തന്നെ അവളെ ചമച്ചെടുക്കുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ ദിവ്യാത്മാവിന്റെ സകല വരങ്ങളാലും പ്രകാശിതയായി, യേശുനാഥന്റെ നിർമ്മല മനുഷ്യത്വത്തിന്റെ തനിപ്രതിബിംബമായി മാറാൻ തന്നെ ഒരുക്കണമേ എന്ന് സാരം.

മനുഷ്യൻ അവബോധത്തിന്റെ ഏഴ് പദവികളിലൂടെ ആദ്ധ്യാത്മിക ജ്ഞാനത്തിന്റെയും സാക്ഷാത്കാരത്തിന്റെയും അത്യുച്ചിയിൽ എത്തുന്നു എന്ന് ആദ്ധ്യാത്മിക യോഗ നമ്മെ പഠിപ്പിക്കുന്നു. ഈ ദർശനത്തിന്റെ രൂപരേഖ അറിവിനും ആലോചനക്കുമായി ഇവിടെ അവതരിപ്പിക്കുന്നു. 'കുണ്ഠലിനി' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈ യോഗവിജ്ഞാനീയം മനുഷ്യാവബോധത്തെ ഒരു കുണ്ഠലംപോലെ വളഞ്ഞതും നിവർത്താൻ സാധ്യതയുള്ളതുമായി സങ്കൽപ്പിക്കുന്നു. കർമ്മബദ്ധവും ലോകോൻമുഖവുമായ അവിദ്യയിൽ പ്രവർത്തനപഥത്തിലേക്ക് പ്രവേശിക്കുന്ന ആത്മാക്കളെല്ലാം തന്നെ ദൈവോന്മുഖതയില്ലാത്തവരും ഈ ലോകത്തിലേക്ക് തിരിഞ്ഞിരിക്കുന്ന തമോമയമായ കാഴ്ചപ്പാടിന്റെ സംവാഹകരുമാണെന്ന് ഈ ശാസ്ത്രം സങ്കൽപ്പിക്കുന്നു. മർമ്മപ്രധാനങ്ങളായ ഏഴ് ചക്രങ്ങളിലൂടെ മനുഷ്യാവബോധം കാലക്രമേണ കടന്നുവന്ന് പൂർണിമയിലേക്ക് പ്രവേശിക്കണമെന്നതാണ് സിദ്ധാന്തം. പൂർണിമ അണിയുന്ന

ഏഴാമത്തെ ചക്രത്തിന്റെ പേര് "സഹസ്രാര" എന്നാണ്. സഹസ്രനയനങ്ങൾ ഉള്ള, ആയിരം കണ്ണുകൾ ഉള്ള, ഈ അവസാന അവബോധരംഗം ശിരസ്സിന്റെ അത്യുച്ചിയിൽ വാടാ കീരീടംപോലെ നിലകൊള്ളും. ഇവിടെയും ആയിരം എന്നപദം അനന്തതയെയും അപരിമേയതയെയും ചൂണ്ടിക്കാണിക്കുന്നു. ലൗകായതികവിഷയങ്ങളിലും സന്തോഷങ്ങളിലും താൽപര്യവും സന്തോഷവും കണ്ടിരുന്ന ആത്മാവ്, സാവധാനം താഴെയുള്ള പദവികളിൽനിന്ന് ഉയർന്ന്, ആദ്യത്തെ മൂന്ന് ചക്ര ബന്ധനങ്ങൾ ഭേദിച്ച് ദൈവോൻമുഖയും ദൈവിക കാര്യങ്ങളിൽ താൽപര്യമുള്ളവളുമായി ഭവിക്കുന്നു. ഒരു പുതിയ ഉണർവിന്റെയും ഉള്ളിന്റെയുള്ളിൽ വസിക്കുന്ന അരൂപിയുടെ പ്രവർത്തനത്തിന്റെയും ഫലമായി സൃഷ്ടിക്കപ്പെടാത്തതും മനുഷ്യനിർമ്മിതിക്ക് അതീതവുമായ ദൈവവചനത്തിന്റെ 'അനാഹത' ശബ്ദം അവൾ കേൾക്കുവാൻ തുടങ്ങുന്നു. ആ നിശ്ശബ്ദശബ്ദത്തിൽ ധ്യാന നിർലീനയായി ദൈവികശക്തി സംഭരിച്ച് 'വിശുദ്ധി'യെന്ന അഞ്ചാം ചക്രത്തിലേക്ക് അവൾ പ്രവേശിക്കുന്നു. വിശുദ്ധിയിൽ സ്ഥിരപ്രതിഷ്ഠനേടി ദൈവിക ശക്തിയിൽ ഉറച്ചുനിന്നുകൊണ്ട് ദൈവസായുജ്യത്തിനായി കേഴുന്ന ആത്മാവ് തമോമയമായ കാളരാത്രികളിലൂടെ കടന്നുപോകുന്നു. 'അജ്ഞ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈ പദവി അഥവാ ചക്രം വാസ്തവത്തിൽ വിജ്ഞാനത്തിന്റെ വിളനിലവും വിശുദ്ധീകരണത്തിന്റെ വിശിഷ്ട വേദിയുമാണ്. അഗാധമായ സായുജ്യാനുഭൂതിയിലേക്ക് ആത്മാവ് കടന്നുവരുന്നത് ഇപ്പോഴാണ്.

ഇതിനുശേഷം, തമോമയമായ ഭീകരരാത്രിയെ പിന്നിലാക്കിക്കൊണ്ട് പ്രഭാതസൂര്യൻ തേജോമയനായി ഉദിച്ചുയരുന്നതുപോലെ ഈ ആത്മാവ്, തന്റെ അരുമനാഥനിൽനിന്നു ലഭിച്ച ആയിരം കിരണങ്ങളാൽ പ്രകാശിതയായി സഹസ്രാരപദവിയിലേക്ക് പ്രവേശിക്കുന്നു. ആയിരം കണ്ണുകളിലൂടെ, എന്നുവച്ചാൽ ദിവ്യനാഥന്റെ അനന്ത വീക്ഷണത്തിലൂടെ, എല്ലാം കാണാനും മനസ്സിലാക്കാനും തുടങ്ങുന്നു. ഇതിനായി ഈ വിശിഷ്ട വിജ്ഞാനീയത്തിൽ പങ്കുപറ്റുന്നതിന് തന്നെ ഒരുക്കണമെയെന്ന് അവൾ പ്രാർത്ഥിക്കുന്നു. "അങ്ങാണ് എന്റെ അണയാദീപം" (2 സാമു. 22:29) എന്ന് ദാവീദ് ദീർഘദർശി പാടിയതുപോലെ, ദൈവവരത്തിന്റെ ആയിരം നാളങ്ങളാൽ പ്രകാശിതമായ ഈ അണയാദീപം എന്നും അവളുടെ മുന്നിൽ അക്ഷയ ദീപ്തിയിൽ നിലനിൽക്കണമെന്ന് അവൾ ആശിക്കുന്നു. സക്രാരിയിൽ പള്ളികൊള്ളുന്ന അരുമനാഥന്റെ അരികിലുള്ള കെടാവിളക്ക്പോലെ

യേശുനാഥ സന്നിധിയിൽ ദിവ്യവരപ്രകാശിതയായി, ഉരുകിയുരുകി സ്വയം കത്തിയെരിയണമെന്ന് അവൾ ആഗ്രഹിക്കുന്നു. ദൈവ സന്നിധിയിൽ കെടാവിളക്ക് വയ്ക്കുകയെന്നത് പല മതങ്ങളിലും നാം കാണുന്ന ഒരു ആദ്ധ്യാത്മികാനുഷ്ഠാനമാണ്. ദേവാലയങ്ങളിലെ ദേവസ്ഥാനത്തിനു മുന്നിൽ നിലവിളക്കോ കുത്ത്വിളക്കോ വയ്ക്കുന്ന സംസ്ക്കാരരീതി നമ്മുടെ നാട്ടിൽ പണ്ടേതൊട്ടുള്ളതാണ്. വാസ്തവത്തിൽ എരിതീയുമായി മിന്നിനിൽക്കുന്ന ഈ ദീപനാളം ദൈവസ്നേഹത്തിനായി എരിയുകയും ഉരുകാൻ സമ്മതിക്കുകയും ചെയ്യുന്ന നമ്മുടെ ഹൃദയത്തിന്റെ പ്രതീകമാണ്. ഈ ഹൃദയം ദീപമായി, ദീപത്തിലെ നാളമായി, നാളത്താൽ എരിയുന്ന തിരിയായി, യേശുശിഷ്യ തന്റെ നാഥനു സമർപ്പിക്കുന്നു. ആരും തൊടാത്ത വാടാമലരായി, എന്നും കെടാത്ത കെടാവിളക്കായി, അവിടത്തെ മുന്നിൽ നിൽക്കാൻ എന്നെയും ഒരുക്കണമേ എന്ന് അവൾ പ്രാർത്ഥിക്കുന്നു.

"നീ ഇസ്രായേൽ ജനങ്ങളോട് ഇങ്ങനെ കൽപ്പിക്കണം കറതീർന്ന ഒലിവ് എണ്ണകൊണ്ടുവരാനും ഒരു ദീപം അവിടെ സദാ കത്തിക്കൊണ്ടിരിക്കാനും ആവശ്യപ്പെടണം" (പുറ. 27:20). സക്രാരി സ്ഥിതിചെയ്യുന്ന ദേവാലയാങ്കണത്തിൽ ഒരു ദീപം ഉണ്ടായിരിക്കണമെന്നും അത് ഒലിവ് എണ്ണകൊണ്ട് കത്തിയെരിയുന്ന തിരികളായി പ്രകാശിതമാകണമെന്നും ദൈവം ഇസ്രായേലിനോട് കൽപ്പിച്ചിരുന്നു. അവർ അത് അഭംഗുരം പാലിക്കുകയും ചെയ്തിരുന്നു. ആത്മാവിന്റെ ഉള്ളിന്റെയുള്ളിൽ പള്ളികൊള്ളുന്ന പ്രാണപ്രിയന്റെ ശ്രീകോവിലിലും ഒരു ഭദ്രദീപം ഉണ്ട്. പരിശുദ്ധിയുടെ പരമസ്രോതസ്സായ പാവനാത്മാവാകുന്ന എണ്ണ സ്വയം പകർന്ന് ആ ദീപത്തിലെ നാളങ്ങൾ തെളിക്കുന്നു. അവ നിരന്തരം കത്തിയെരിഞ്ഞുകൊണ്ടിരിക്കും. സ്വന്തം ശിരസ്സിനു മുകളിൽ ഈ ഭദ്രദീപം സദാ വിളങ്ങിനിൽക്കണമെന്ന് അവൾക്കാഗ്രഹമുണ്ട് (ജോബ് 29:3). ആ ദീപനാളങ്ങളുടെ വെള്ളിവെളിച്ചത്തിലാണ് അന്ധകാരമയമായ രാത്രികളിലൂടെ അവൾ യാത്ര ചെയ്യുന്നത്. സുഖത്തിലും ദുഃഖത്തിലും വന്ദനത്തിലും നിന്ദനത്തിലും ആശീഷത്തിലും ആക്ഷേപത്തിലും ഈ ദീപനാളമാണ് അവളുടെ വഴികാട്ടി. "മനുഷ്യനിലെ അരൂപിയാണ് അവന്റെ വിളക്ക്" എന്ന് സുഭാഷിതങ്ങൾ പറയുന്നത് അവൾ അനുസ്മരിക്കുന്നു (സുഭാ. 20:27). ഇവിടെ അരൂപിയെന്ന പദം രണ്ടു വിധത്തിൽ വ്യഖ്യാനിക്കാവുന്നതാണ്. 1) മാനുഷികമായ ബുദ്ധിയുടെയും ധിഷണാശക്തിയുടെയും അരൂപി അഥവാ ആത്മാവ് 2) തികച്ചും ആദ്ധ്യാത്മികവും ദൈവികവുമായ അരൂപിയുടെ ഉണർവും

അവബോധവും. മാനുഷികതലത്തിൽനിന്ന് ദൈവിക അവബോധത്തിന്റെ സഹസ്രനാളങ്ങളിൽ പങ്കുകൊള്ളുന്ന യേശുശിഷ്യ തന്നിൽ ജ്വലിക്കുന്ന ദൈവിക അരൂപിയെയാണ് ഇവിടെ വിളക്കായി കാണുന്നത്. വാസ്തവത്തിൽ മാനുഷികബുദ്ധിയും ധിഷണാശക്തിയും യുക്തിവാദവുമെല്ലാം കാലക്രമത്തിൽ ദൈവിക അവബോധത്തിൽ ലയിക്കുകയും ലയത്തിലൂടെ കൂടുതൽ പ്രശോഭിക്കുകയും അങ്ങനെ ഇരു അവബോധങ്ങളും ഒന്നുചേർന്ന്, ഒന്നായി പ്രകാശിക്കുകയും ഒരേ ഒരു സ്വരത്തിൽ ദൈവത്തെ 'ആബാ പിതാവേ' എന്ന് അഭിസംബോധനം ചെയ്യുകയും ചെയ്യുന്നു (റോമ. 8:15-16).

കത്തിയെരിയുന്ന അഗ്നിനാളം പൗരോഹിത്യത്തിന്റെകൂടി പ്രതീകമാണ്. തീയില്ലാത്ത ലോകത്ത് ആദ്യമായി അഗ്നി കണ്ടപ്പോൾ ആദിമനുഷ്യൻ, അഗ്നിയെ ദേവനായികരുതി അഗ്നിദേവനുവേണ്ടി മനസ്സിന്റെ ശ്രീകോവിലിൽ അൾത്താര സ്ഥാപിച്ചു. അഗ്നിദേവനെ അതിൻമേൽ പ്രതിഷ്ഠിച്ചു. അഗ്നി വെളിച്ചവും ചൂടും നൽകി മനുഷ്യനെ തുണച്ചു. അതുപോലെ പുരോഹിതനും ദൈവിക വെളിച്ചവും ആദ്ധ്യാത്മിക ചൂടും നൽകി മനുഷ്യരെ വളർത്തിയെടുക്കുന്നു. അഗ്നി സ്വർഗ്ഗോന്മുഖമായ തന്റെ നീണ്ടനാളങ്ങളായി നമ്മുടെ പ്രാർത്ഥനയെയും ബലിയെയും ദൈവത്തിങ്കലേക്ക് വഹിക്കുന്നതായി സങ്കൽപ്പിക്കപ്പെടുന്നു. ബലിവസ്തുവിനെ സ്വീകരിക്കുകയും ദഹിപ്പിക്കുകയും തീനാളങ്ങളായി മാറ്റി സ്വർഗ്ഗോന്മുഖമായി ഉയർത്തുകയും ചെയ്യുന്നതുകൊണ്ട് അഗ്നി ബലിയർപ്പകനായ പുരോഹിതനായി സങ്കൽപ്പിക്കപ്പെട്ടു. അതുകൊണ്ടായിരിക്കാം പുരാതനമായ ഋഗ്വേദത്തിലെ ആദ്യശ്ലോകത്തിന്റെ ആദ്യപാദം ഇങ്ങനെ ആരംഭിക്കുന്നത്. "പുരോഹിതനായ അഗ്നിയെ ഞാൻ വണങ്ങുന്നു." കവിത ഇങ്ങനെ തുടരുന്നു "ഈ അഗ്നിദേവൻ അർച്ചനകളുടെ അർപ്പകനും സകല നിധികളുടെയും സംദായകനുമാണ്" (ഋഗ്വേദ: 1:1,1). ബലികളിൽവച്ച് ഏറ്റവും വിശിഷ്ടബലിയായി ഹോമബലി പരിഗണിക്കപ്പെട്ടു. അഗ്നികുണ്ഡത്തിൽ വയ്ക്കപ്പെട്ട ബലിവസ്തു, സമ്പൂർണമായി കത്തിയെരിഞ്ഞ്, സ്വർഗ്ഗോന്മുഖനാളങ്ങൾ മാത്രമായി മാറുന്നതുകൊണ്ടായിരിക്കാം ഹോമബലിക്ക് ഈ മഹനീയസ്ഥാനം ലഭിച്ചത്. ഇന്ത്യയിലും ഇസ്രായേലിലും യേശുവിന്റെ ആഗമനത്തിനു മുൻപ് ധാരാളമായി ഹോമബലി അർപ്പിക്കപ്പെട്ടിരുന്നു. ആ സാഹചര്യത്തിലാണ് ബലിയർപ്പകനും ബലിവസ്തുവും സ്വന്തം മനുഷ്യത്വത്തിൽ ഒന്നാക്കിക്കൊണ്ട് മഹാപുരോഹിതനായ യേശുനാഥൻ

കടന്നുവരുന്നത്. യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റിക്കൊണ്ട് നാമെല്ലാവരും പുതിയ നിയമത്തിലെ ബലിയർപ്പകരായിത്തീർന്നു. നമ്മിലും ബലിയർപ്പകനും ബലിവസ്തുവും ഒന്നായിത്തീരണമെന്ന് അവിടുന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. അൾത്താരയ്ക്കു മുൻപിൽ അണയാദീപമായി നിൽക്കുന്ന അഗ്നിനാളം ബലിയർപ്പകയും ബലിവസ്തുവുമായി പരിണമിച്ചു കഴിഞ്ഞിരിക്കുന്ന യേശുശിഷ്യയുടെ പ്രതീകം കൂടിയാണ്.

ഉള്ളിന്റെയുള്ളിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ പകർന്ന് യേശു ശിഷ്യ തെളിച്ചൊരുക്കുന്ന ദീപനാളങ്ങൾക്ക് പരോന്മുഖമായ ഒരു വശം കൂടിയുണ്ട്. ഈ ഭദ്രദീപം ഇരുളിൽ വെളിച്ചംതരുന്ന സ്വന്തം ആത്മാവിന്റെ വഴികാട്ടിയാണെങ്കിലും അത് അവൾക്കുവേണ്ടി മാത്രം പ്രകാശിക്കുന്ന ആത്മീയദീപമല്ല. അതിന്റെ പ്രഭാപൂരം ചുറ്റും പ്രകാശംവീശി നാലുപാടും വ്യാപരിക്കണമെന്ന് അവളുടെ നാഥൻ ആഗ്രഹിക്കുന്നുണ്ട്. "ആരും വിളക്ക് കൊളുത്തി പറയിൻ കീഴേ വയ്ക്കാറില്ലല്ലോ, മറിച്ച് അത് പീഠത്തിൻമേൽ സ്ഥാപിക്കുകയും അതിന്റെ വെളിച്ചം വീട്ടിൽ വസിക്കുന്ന എല്ലാവർക്കും ലഭിക്കുകയും ചെയ്യുന്നു. അതുപോലെ നിങ്ങളുടെ വെളിച്ചവും മനുഷ്യരുടെ മുൻപിൽ പ്രകാശിക്കട്ടെ" (മത്താ. 5:15-16). യേശുനാഥന്റെ ഈ ആഗ്രഹം അവളിൽ നിറവേറാൻ തന്നെ അനുദിനം ഒരുക്കണമെന്നാണ് യേശുശിഷ്യ പ്രാർത്ഥിക്കുന്നത്. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ. 8:12) എന്നു പറഞ്ഞ യേശുനാഥൻ "നിങ്ങൾ ലോകത്തിന്റെ പ്രകാശ മാകുന്നു" (മത്താ. 5:13) എന്നു കൂടി അരുൾചെയ്തിട്ടുണ്ട്. യേശുശിഷ്യ ദിവ്യനാഥന്റെ ഈ തിരുവചനങ്ങൾ അനുസ്മരിക്കുകയും അത് അവളിൽ സാക്ഷാൽകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ അവൾ കൊളുത്തിവയ്ക്കുന്ന വിളക്ക് അവൾ തന്നെയാണ്. അറിവിന്റെ അധിത്യക സാക്ഷാൽകാരമാണ്. ഇടമുറി യാതെയുള്ള ദൈവവചന ധ്യാനവും ദൈവാരൂപിയുടെ അപ്രതിഹത പ്രവർത്തനവും സമഞ്ജസ്സമായി സമ്മേളിക്കുന്ന ഒരു പ്രകാശതലമാണ്. അവൾ യേശുനാഥപ്രതിബിംബനമായ ഒരു അണയാ ദീപമായി മാറുന്നു.

എന്നകക്കാവിലെ കൽപ്പക വല്ലിയിൽ
നീ തൊട്ടുണർത്തിയ പൂക്കൾ ചൂടി
നീ പാടും മൗന മനോജ്ഞമാം ഗാനങ്ങൾ
എൻ മനോ വീണയിലേറ്റു പാടി

എന്നകക്കാവിലെ കൽപ്പക വല്ലിയിൽ നീ തൊട്ടുണർത്തിയ പൂക്കൾ ചൂടി

ദേവൻമാർക്ക് അർപ്പിതവും ദിവ്യത പൂണ്ട് നിൽക്കുന്നതും പ്രകൃതിദത്തവുമായ ഭൂപ്രദേശത്തെയാണ് സാധാരണ ഭാഷയിൽ കാവ് എന്ന് പറയുന്നത്. കാവിന്റെ മനോഹാരിത അതിന്റെ പ്രകൃതി രമണീയതയാണ്. മാനുഷിക കരസ്പർശനം അധികമില്ലാതെ, താനേ വളർന്നു വന്ന മരങ്ങളും സസ്യലതാദികളുമാണ് കാവിനെ മനോഹര മാക്കി ചമയ്ക്കുന്നത്. ഇതുപോലെ, സ്വന്തം പ്രവർത്തനങ്ങളുടെ പരിണത ഫലമല്ലെങ്കിലും, നയനമനോഹരമായ ഒരു മലർക്കാവ് തന്റെ ഉള്ളിന്റെയുള്ളിലുണ്ടെന്നു യേശുശിഷ്യ സങ്കൽപ്പിക്കുന്നു. ഈ കാവ്, അതിന്റെ അലോകസുന്ദരമായ അഴകിലും ധന്യതയിലും കാത്തുസംരക്ഷിക്കണമെന്ന് അവൾക്ക് ആഗ്രഹമുണ്ട്. ഈ കാവിലെ മരങ്ങളിലും സസ്യങ്ങളിലും നിരവധി ലതകൾ പടർന്നു വ്യാപരിച്ചിട്ടുണ്ട്. ഈ ലതകളെ അവൾ 'കൽപ്പക വല്ലികൾ' എന്നു വിളിക്കുന്നു. കർത്താവ് കൽപ്പിക്കുന്ന ഏതു പൂവും തരുന്ന വല്ലിയായതുകൊണ്ടാണ് ഇതിന് കൽപ്പകവല്ലിയെന്ന് പേരിട്ടിരിക്കുന്നത്. കേരവൃക്ഷങ്ങൾക്ക് കല്പവൃക്ഷം* എന്ന ഒരു അപരനാമവും കൂടിയുണ്ട്. തണലേകാൻ വിരിഞ്ഞുനിൽക്കുന്ന പട്ടകളും വീടുമേയാൻ ഓലകളും പണിയാൻ തടിയും ദാഹശമനത്തിന് മധുരപാനീയവും, കഴിക്കാൻ തേങ്ങയും എല്ലാം നൽകിക്കൊണ്ട് മനുഷ്യനെ അനുഗ്രഹിക്കുന്ന മരമായതു കൊണ്ടായിരിക്കാം ഇതിന് കല്പവൃക്ഷം എന്ന് പേരിട്ടത്. അതുപോലെ ആദ്ധ്യാത്മിക ജീവിതത്തിന് ആവശ്യമായ പരിശുദ്ധാത്മാവിന്റെ ഫലങ്ങളും രൂപഭാവങ്ങളും നൽകുന്ന പുഷ്പങ്ങൾ നിറഞ്ഞു നിൽക്കുന്നതുകൊണ്ടാണ് ഈ ലതകളെ കൽപ്പകവല്ലികൾ എന്നു വിളിക്കുക. എന്താണ് ഈ മലർനിരകളെക്കൊണ്ട് ഉദ്ദേശിക്കുന്നതെന്ന്

---

* *ഈ കവിതയിൽ കല്പകവൃക്ഷത്തിനുപകരം പൂക്കൾ നൽകുന്ന ഒരു 'കല്പക ലത'യെന്നാണ് വിഭാവന ചെയ്തിരിക്കുന്നത്. ഐതിഹ്യഭാഷയിൽ കല്പക വൃക്ഷത്തെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. കല്പവൃക്ഷം "ദേവലോകത്തിലെ ഒരു വൃക്ഷം. ആഗ്രഹിക്കുന്ന വസ്തുക്കൾ പ്രദാനംചെയ്യുന്നതിനുള്ള ശക്തി ഈ വൃക്ഷത്തിനുണ്ട്. ആകെ അഞ്ചു കല്പകവൃക്ഷങ്ങളാണുള്ളത്. മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം. പാലാഴിമഥനത്തിൽ ലഭിച്ച പല അദ്ഭുത വസ്തുക്കളുടെ കൂട്ടത്തിൽ കല്പവൃക്ഷവും ഉൾപ്പെട്ടിരുന്നു. അതിനാൽ പാൽക്കടലിലാണ് കല്പവൃക്ഷം ജനിച്ചത്" (വെട്ടം മാണി, പൗരാണിക് എൻസൈക്ലോപീഡിയ, പേജ് 251)*

മനുഷ്യപ്രകൃതിയേയും ആത്മാവിന്റെ വരങ്ങളെയും വരച്ചുകാട്ടുന്ന പൗലോസ്ശ്ലീഹാ നമ്മളോട് വിവരിക്കുന്നുണ്ട്.

പാപപ്രണിതവും ലോകോന്മുഖവുമായ മനുഷ്യപ്രകൃതിയുടെ അധോവാസനകളും പ്രവണതകളും വിവരിച്ചശേഷം ആത്മാവിന്റെ സൗന്ദര്യത്തിലേക്കും അതിൽ വിരിയുന്ന സുന്ദര സുമങ്ങളിലേക്കും പൗലോസ്ശ്ലീഹാ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. "ഞാൻ നിങ്ങളോട് പറയുന്നു, ആത്മാവിന്റെ പ്രേരണയനുസരിച്ച് വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതുനിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു" (ഗലാ. 5:16-17). "എന്നാൽ, ആത്മാവിന്റെ ഫലങ്ങൽ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്ക് എതിരായി ഒരു നിയമവുമില്ല" (ഗലാ. 5:22-23). അതുകൊണ്ട് യേശുശിഷ്യയിൽ അധിവസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അരൂപി സ്നേഹമായും സന്തോഷമായും സമാധാനമായും വിരിയുന്നു. സ്നേഹസംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ക്ഷമയായും ദയയായും ഇതര കുസുമങ്ങൾ വിടരുന്നു. ശാന്തവും ശാലീനവുമായ സുന്ദരപ്രകൃതിയുടെ ഉടമയായി അവൾ മാറുന്നു. സർവോപരി വിനയത്തിന്റെ വിമല കുസുമങ്ങളാൽ അരൂപി അവളെ സമലംകൃത യാക്കുന്നു. തന്റെ അരുമനാഥനോടുള്ള സ്നേഹവിശ്വസ്തതയിൽ നിലനിൽക്കാനുള്ള വരവും അതിനാവശ്യമായ സ്വയം സംയമനശീലവും നൽകി അരൂപി അവളെ ധന്യയാക്കുന്നു. അങ്ങനെ തരുനിരകൾ നിറഞ്ഞ്, കൽപക വല്ലികളുടെ മരതക വല്ലികളിൽ വിടർന്നുനിൽക്കുന്ന സുകൃതകുസുമങ്ങളുടെ വർണശബളിമയിൽ അവൾ വിനയാന്വിതയായി വിരാജിച്ചുനിൽക്കുന്നു. എന്നാൽ ഇതെല്ലാം അവളുടെ സ്വന്തം പ്രവർത്തനമാണെന്നോ, അവൾക്ക് അവകാശപ്പെട്ടതാണെന്നോ അവൾ വിചാരിക്കുന്നില്ല. കാരണം ദിവ്യതയുടെ ഈ പൂക്കളെല്ലാം അവളുടെ അരുമനാഥൻ തന്റെ സ്വന്തം കരപല്ലവങ്ങൾ കൊണ്ട് സ്പർശിച്ച് വിരിയിച്ചെടുത്തതാണെന്ന് അവൾക്കറിയാം. അതുകൊണ്ട് അക മലർക്കാവിൽ വിരിഞ്ഞ ഈ പൂക്കൾ ചൂടുമ്പോഴും അവൾ പാടുന്നു: "നീ തൊട്ടുണർത്തിയ പുക്കൾ ചൂടി" എന്ന്. അവളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭവും

പുരോഗമനവും പരിപൂർണതയും തന്റെ നാഥൻ അവളിലേക്കു നിശ്വസിച്ചിട്ടുള്ള നിവേശിപ്പിച്ചിട്ടുള്ള അവിടുത്തെ ആത്മാവിന്റെ പ്രവർത്തനമായേ അവൾ കാണുന്നുള്ളൂ. എന്നാൽ, അതിന് അനുസ്യൂതമായി അവൾ അനുസ്യൂതം സ്വയം ത്യാഗവേദിയിലേക്കു വിട്ടുകൊടുത്തുകൊണ്ടിരിന്നു. പരമാത്മാവിന്റെ പ്രവർത്തനവും ജീവാത്മാവിന്റെ സമർപ്പണവും ഒന്നുചേരുമ്പോൾ അവളിലെ ആത്മീയ ജീവൻ അലരണിയുന്നു, പ്രശോഭിതമാകുന്നു.

നീ പാടും മൗന മനോജ്ഞമാം ഗാനങ്ങൾ എൻമനോവീണയിലേറ്റു പാടി

യേശുശിഷ്യ ഒരു യേശുഭക്തയാണ്. ഭക്തയെന്ന പദത്തിന്റെ അർത്ഥം തന്നെ സായുജ്യ പദം പ്രാപിച്ചവൾ അഥവാ ഒന്നുചേർന്നവൾ എന്നാണ്. ഭക്ത നാമജപകീർത്തനങ്ങളിലും വന്ദനഗാനങ്ങളിലും തന്റെ സന്തോഷം കണ്ടെത്തുന്നു. മനനം വന്ദനമായി അവളുടെ ഹൃദയത്തിൽ നിന്നു ഗാനരൂപത്തിൽ ഉയർന്നുകൊണ്ടിരിക്കുന്നു. സങ്കീർത്തകൻ പാടുന്നതുപോലെ "എന്റെ നാഥനാണ് എന്റെ ശക്തിയും എന്റെ സംഗീതവും" (സങ്കീ. 118:14, പുറ. 15:2, ഏശ. 12:2) എന്ന് അവളും പാടിക്കൊണ്ടിരിക്കും. മനനം ഗാനമായി മാറുന്നത് അതീവ ചിന്തയിൽ വാക്കുകൾ മനസ്സുമായി അലിഞ്ഞുചേരുമ്പോഴാണ്. കവിതയിൽ ബുദ്ധിയുടെ ചിന്താധാരയും ഹൃദയത്തിന്റെ സ്നേഹാരൂപിയും ഒന്നുചേരുന്നു. ബുദ്ധിയും ഹൃദയവും ഒന്നുചേർന്ന് വിശ്വാസത്തിന്റെ പ്രകരണവും പ്രവർത്തനവും മനുഷ്യമനസ്സിൽനിന്ന് ഉദിച്ചു വിരിയുന്നതുപോലെ ബുദ്ധിഹൃദയങ്ങളുടെ സംയോജിപ്പ് സ്നേഹമായി, ഗാനമായി, യേശുശിഷ്യയിൽനിന്ന് ഒഴുകുന്നു. താത്ത്വികൻ ആശയങ്ങൾ അവതരിപ്പിക്കുമ്പോൾ, കവി അവയെ ഊഷ്മളമായ വികാരങ്ങളുടെ പരിവേഷം ചാർത്തി മനോജ്ഞഗാനമായി ആലപിക്കും. നല്ല കവിതയിൽ ആശയഗാംഭീര്യം നിറഞ്ഞുനിൽക്കുമെങ്കിലും അവ സാധാരണമായി തികച്ചും വസ്തുനിഷ്ഠവും വ്യക്തിഗതവും കൂടിയായിരിക്കും. യേശുശിഷ്യയുടെ മനസ്സിൽ ഉദിക്കുന്ന കവിതകളും ഗീതകങ്ങളും മനോമണ്ഡപത്തിലെ വെറും വിചാരധാരയല്ല. പ്രത്യുത, അവളുടെ പ്രാണപ്രിയനായ യേശുനാഥനോടുള്ള വ്യക്തിഗതമായ സ്നേഹവായ്പിൽനിന്ന് അടർന്നു വീഴുന്ന വികാരധാരയുടെ പ്രകാശനം കൂടിയാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ, കവിതയും ഗാനവും വെറും

ആശയാവതരണമല്ല. അനേക വർഷങ്ങൾ നീണ്ടുനിൽക്കുന്ന നിരന്തരധ്യാനത്തിന്റെ പരിണതഫലമായി കൈവന്നിരിക്കുന്ന സായുജ്യത്തിൽ നിന്ന് ഒഴുകി വന്ന ഗാനനിർഝരികളാണ്. അവയ്ക്കു ധ്യാന നീർലീനതയുടെ അഗാധതയും സ്നേഹവികാരത്തിന്റെ ഊഷ്മളതയും ഉണ്ട്. അതുകൊണ്ട് ഭക്തരും വിശുദ്ധരുമായ പല ദിവ്യാത്മാക്കളും കവിതകളിലൂടെ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതായി നാം കാണുന്നു. സന്തോഷത്തിലും സങ്കടത്തിലും സ്ഥിതപ്രജ്ഞരായി അവർ കവിതകൾ എഴുതുന്നു, ആലപിക്കുന്നു. അതുപോലെ, യേശുശിഷ്യയും തന്റെ ആത്മാനുഭൂതികൾ ആലപിക്കാൻ ഇഷ്ടപ്പെടുന്നു. "ഞാൻ ജീവിക്കുന്നിടത്തോളം കാലം ഞാൻ എന്റെ നാഥനെ വാഴ്ത്തും; എന്റെ ജീവിതം മുഴുവനും ഞാൻ അവിടത്തെ കീർത്തനങ്ങൾ ആലപിക്കും" (സങ്കീ. 146:2) എന്ന സങ്കീർത്തകന്റെ ഗാനം അവളിലും സാക്ഷാൽകരിക്കപ്പെടുന്നു. മംഗളവാർത്തയുടെ മഹോന്നത സന്ദേശം ലഭിച്ചതിനുശേഷം തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യാമറിയവും വിനീതയായി ഒരു വിശിഷ്ട വന്ദനഗാനം പാടുന്നത് നാം കാണുന്നുണ്ട് (ലൂക്ക 1:46-55).

യേശുശിഷ്യ പാടുന്നതും പാടി ധ്യാനിക്കുന്നതുമായ ആത്മീയ ഗാനത്തിന്റെ കർത്താവും ഗായകനും അവളുടെ നാഥനായ യേശു തന്നെയാണ്. ആ ഗാനത്തിൽ ലയിച്ച് അത് മനസ്സിൽ ഏറ്റു പാടുന്നതിലാണ് അവൾ സന്തോഷം കണ്ടെത്തുന്നത്. തന്നെ സ്നേഹിച്ച്, രക്ഷിച്ച് തനിക്ക് മാർഗ്ഗദർശനം നൽകാൻ ഇറങ്ങിവന്ന നാഥന്റെ ചെയ്തികളും അനുഭവങ്ങളും ഒരു ഗാനതല്ലജമായി അവൾ മനസ്സിൽ വച്ച് പൂജിക്കുന്നു. ആത്മാവിന്റെ അന്തരാളത്തിൽ നിന്ന് ഉയരുന്ന മൗനമനോജ്ഞഗാനമായി അവളത് ശ്രവിക്കുന്നു. അതിന്റെ ഗായകനും കർത്താവും യേശുനാഥൻ തന്നെയാണെന്ന് അവൾക്കറിയാം. പണ്ടു പണ്ട് ഇസ്രായേൽ ജനത്തെ അകമഴിഞ്ഞ് സ്നേഹിച്ച ദൈവം അവരെക്കുറിച്ച് ഒരു സ്നേഹഗാനം പാടാൻ ഇറങ്ങിവന്നു. അവിടന്ന് അരുൾചെയ്തു. "എന്റെ പ്രേമഭാജനത്തിനായി ഞാൻ ഒരു സ്നേഹ ഗാനം ആലപിക്കട്ടെ. ഈ ഗാനം മുന്തിരിത്തോട്ടത്തിന്റെ കഥയാണ്" (ഏശ. 5:1). ഇസ്രായേൽ ആകുന്ന പ്രേമഭാജനത്തിനുവേണ്ടി സ്നേഹസ്വരൂപനായ നല്ല ദൈവം ഫലഭൂയിഷ്ഠമായ ഒരു കുന്നിൻ മുകളിൽ ഒരു മുന്തിരിത്തോപ്പ് സ്ഥാപിച്ചു. അവിടന്ന് അത് കിളച്ച് വൃത്തിയാക്കുകയും കല്ലുകൾ എടുത്തുകളഞ്ഞ് ക്രമീകരിക്കുകയും

ചെയ്തു. കാലങ്ങൾക്കുശേഷം മുന്തിരിവള്ളികൾക്കിടയിലുള്ള ഫലങ്ങൾ തേടി അവിടുന്നു വന്നു. പക്ഷേ സ്വാദുള്ള മുന്തിരിപ്പഴങ്ങൾ കണ്ടില്ല. മുന്തിരിത്തോപ്പെല്ലാം കാട്ടുമുന്തിരിപ്പഴങ്ങൾകൊണ്ട് നിറഞ്ഞവയായിരുന്നു. ഏശയ്യാ ദീർഘദർശിയുടെ അധരങ്ങളിലൂടെ സ്നേഹഗായകനായ ദൈവം പാടുന്ന ഈ ഗാനത്തിൽ ഇസ്രായേലിനു സംഭവിച്ചതുപോലെ അവൾക്കു സംഭവിക്കരുത് എന്ന് അവൾ അനുദിനം പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ, ബൈബിളിലെ ഈ കവിത തന്റെ ഉള്ളിന്റെയുള്ളായ മുന്തിരിത്തോപ്പിൽ ഇരുന്നുകൊണ്ട് തന്റെ അരുമനാഥൻ പാടുന്ന മൗനഗാനം കേൾക്കാൻ തനിക്കു കഴിയുമെന്ന് അവളെ പഠിപ്പിക്കുന്നു.

സ്നേഹിതർ പരസ്പരം ഓർക്കുകയും ചരിത്രം സ്മരിക്കുകയും അപരന്റെ ജീവിത കഥകൾ ആലപിക്കുകയും ചെയ്യും. അങ്ങനെ ആത്മാവ് കർത്താവിന്റെയും കർത്താവ് ആത്മാവിന്റെയും കഥകൾ പരസ്പരം ആലപിക്കുന്നു. ഈ ആലാപനത്തിന്റെ അർത്ഥം ധ്യാനനിർലീനതയും പരസ്പരമുള്ള രൂപാന്തരീകരണവുമാണ്. "നീ എന്തു നിനച്ചിരിക്കുന്നുവോ അതായി നീ ഭവിക്കും" എന്ന ഭാരതീയ സൂക്തത്തിന്റെ ഒരു സാക്ഷാൽകാരഭാവവും കൂടിയാണിത്. ആത്മാവിന്റെ അന്തരാളത്തിൽ കേൾക്കപ്പെടുന്ന ഈ ഗാനത്തിന് വാക്കുകളോ സ്വരങ്ങളോ ഇല്ല. നിശ്ശബ്ദശബ്ദത്തിലൂടെ മനംകവർന്ന് പാടുന്ന ഈ മനോജ്ഞഗാനം ശ്രവിക്കണമെങ്കിൽ അവൾ ഏകാഗ്രചിത്തയായി ഹൃദയം തുറന്ന്, കാത്തിരിക്കണം. അപ്പോൾ ബാഹ്യേന്ദ്രിയവിമുക്തമായ ഈ ആദ്ധ്യാത്മികഗാനം ഒരു ധ്യാനസാധനപോലെ അവളെ സമീപിക്കുന്നു. അവളുടെ മനോവീണയിലെ തന്ത്രികൾ ചലിപ്പിച്ചുകൊണ്ട് പുതിയ രാഗങ്ങൾക്ക് ഈണംപകർന്ന് അവൾ അത് ഏറ്റു പാടിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ യേശുനാഥന്റെ ജീവിതകഥയാണ് അവൾ ഏറ്റുപാടുന്നത്. വിശ്വവിപഞ്ചികപോലെ ഒരു വിശാലഹൃദയം അതിന് ഈണം പകരാൻ വേണമെന്ന് അവൾക്ക് അതിയായ ആഗ്രഹമുണ്ട്. യേശുവിന്റെ ജീവിതത്തിലെ ഓരോഘട്ടവും, ഓരോ സ്നേഹതരംഗവും ഈ ഗാനാലാപത്തിലൂടെ അവൾ തന്നിലേക്കു പകർത്തുന്നു. മനോവേദനയിലും മനസ്സിന്റെ ആഹ്ലാദത്തിലും ഒരുപോലെ ഈ ഗാനം പാടാൻ അവൾക്ക് കഴിയും. അതിൽനിന്നു തെന്നിമാറാതെ, അന്ത്യംവരെ, തന്റെ നാഥനോടൊത്ത്, മനസ്സിന്റെ മണിക്കോവിലിൽ ഈ സ്വർഗ്ഗീയഗാനം പാടിക്കൊണ്ടിരിക്കുന്നതിന് തന്നെ ഒരുക്കണമേ എന്നവൾ പ്രാർത്ഥിക്കുന്നു.

നീ സ്വയം ഹോമിച്ചെൻ ജീവിതം രക്ഷിച്ച
നിസ്തുലകർമ്മമെന്നോർമ്മയാക്കി
പാരം പ്രഭാപൂരം പാരിന്നരുളുന്നോ
രോർമ്മയാലെൻ മനം ദീപ്തമാക്കി

നീ സ്വയം ഹോമിച്ചെൻ ജീവിതം രക്ഷിച്ച നിസ്തുലകർമ്മമെന്നോർമ്മയാക്കി

ഇത് ഒരു പ്രേമകഥയാണ്. ഇതിലെ നായകീനായകൻമാർ യേശുശിഷ്യയും അവളുടെ പ്രാണമിത്രമായ യേശുനാഥനുമാണ്. നാം നേരത്തേ കണ്ടതുപോലെ നാഥന്റെ ജീവിതകഥ കവിതയാക്കി, മനഃപാഠമാക്കി ആലപിക്കുന്നതിൽ അവൾ സന്തോഷം കണ്ടെത്തുന്നു. ഈ ഗാനാലാപനത്തിലൂടെ അവിടത്തെ ചിന്താധാരയും മൂല്യാവബോധവും അവൾ പകർത്തിയെടുക്കുന്നു. തദനുസരണം അവൾ ജീവിക്കുന്നു. അവൾക്കുവേണ്ടി, അവളുടെ രക്ഷയ്ക്കുവേണ്ടി, യേശുനാഥൻ സ്വന്തം ജീവിതം ബലികഴിച്ചതിന്റെ ഓർമ്മ മായാത്ത മണിദീപംപോലെ അവളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്.

> സമയമായപ്പോൾ അവർ ഭക്ഷണത്തിനിരുന്നു; അവനോടൊപ്പം അപ്പസ്തോലന്മാരും. അവൻ അവരോട് പറഞ്ഞു: പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്രഹിച്ചു. പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു: ഇത് നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുൾചെയ്തു: ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്" (ലൂക്കാ 22:14-15,19-20).

ശരീരവും രക്തവും മനുഷ്യത്വത്തിനും മനുഷ്യനു പ്രിയങ്കരമായ ജീവനും പ്രതിനിധീഭവിക്കുന്നു. സ്നേഹം ത്യാഗമായി വിടരുമ്പോൾ ശരീരരക്തങ്ങളുടെ സമ്പൂർണ സഹകരണം അതിന് അത്യന്താപേക്ഷിതമാണ്. കളിമണ്ണിൽ നിന്നു മെനെഞ്ഞെടുത്ത മർത്യശരീരത്തിൽ

ദിവ്യതയുടെ ഭദ്രദീപം കൊളുത്തി അവിടുന്ന് ആദ്യമനുഷ്യനെ സൃഷ്ടിച്ചു. അങ്ങനെ ആദ്യമനുഷ്യൻ മണ്ണിൽനിന്നുള്ള ശരീരത്തോടും വിണ്ണിൽനിന്നുള്ള ആത്മാവോടും കൂടെ ഭൂജാതനായി. പറുദീസായെന്ന് പറയപ്പെടുന്ന, ദൈവിക ഋതസൗഭഗമായ, ഭൂപ്രദേശത്ത് സസന്തോഷം അവൻ ജീവിച്ചു. പക്ഷേ, അവനിൽ അഹന്ത ഫണമുയർത്തുകയും വിനയാന്വിതമായ ദൈവികഋതം താറുമാറാക്കുകയും ചെയ്തു. മർത്യന് പറുദീസാ നഷ്ടമായി. അവൻ മുള്ളുകളും കൂർമുള്ളുകളും പുറപ്പെടുവിക്കുന്ന വേദനയുടെ ലോകത്തിലേക്ക് എറിയപ്പെട്ടു. അന്നുമുതൽ അവന്റെ ഉള്ളിൽനിന്നും ഉയർന്നുകൊണ്ടിരുന്ന പ്രാർത്ഥനയാണ് തനിക്കു വന്നുഭവിച്ച ഋതഭംഗത്തിൽ നിന്നും വിമോചനം നേടണമെന്നും ദൈവസാന്നിദ്ധ്യത്തിൽ വീണ്ടും സംതൃപ്തി കണ്ടെത്തണമെന്നും. അതിനായി അവൻ ബലികൾ സമർപ്പിച്ചു. ലോകവസ്തുക്കൾ ഓരോന്നോരോന്നായി പെറുക്കിയെടുത്ത് അവന്റെ ആത്മസമർപ്പണത്തിന്റെ പ്രതീകമായി കാഴ്ചവെച്ചു. വിഷലിപ്തമായ ആഗ്രഹങ്ങളും പാപകലുഷിതമായ ലോകവും ശുദ്ധീകരണത്തിനായി ഹോമബലികളായി വീണ്ടുംവീണ്ടും സമർപ്പിക്കപ്പെട്ടു. പുരോഹിതനായ അഗ്നിനാളം ബലിവസ്തു സ്വീകരിച്ച് ആപാദചൂഡം ദഹിപ്പിച്ച്, ആഗ്നേയനാളങ്ങളാക്കി സ്വർഗ്ഗത്തിലേക്ക് ഉയർത്തി. അങ്ങനെ ബലി, പ്രത്യേകിച്ച് ഹോമബലി, മനുഷ്യന്റെ മതാത്മകജീവിതത്തിന്റെ മുഖമുദ്രയായി മാറി. ബലിയുടെ അഗ്നിനാളങ്ങൾ ഭൂമിയിൽനിന്നു സ്വർഗ്ഗോന്മുഖമായി ഉയരുന്നതുപോലെ സ്വർഗ്ഗലോകത്തുനിന്ന് അനുഗ്രഹത്തിന്റെ അഗ്നി ഇറങ്ങി ബലി സ്വീകരിക്കുന്നുണ്ടെന്നാണ് സങ്കൽപ്പം. പരിശുദ്ധിയുടെയും ഭക്തിതീക്ഷ്ണതയുടെയും അഗ്നിനാളങ്ങൾ ബലിയോടൊപ്പം മനുഷ്യഹൃദയങ്ങളിൽനിന്ന് ഉയർന്നപ്പോൾ ദൈവം ആകാശത്തിൽനിന്ന് അഗ്നി അയച്ച് ഭക്ത്യോപകൃതമായ ബലിവസ്തു സ്വീകരിച്ചിട്ടുണ്ട്. പഴയ നിയമത്തിലെ ആബേലും കായേനും ബലി സമർപ്പിച്ചെങ്കിലും നിഷ്കളങ്കനും നിർമ്മലഹൃദയനുമായ ആബേലിന്റെ ബലി ദൈവം സ്വീകരിച്ചു. ചതിയനും കൊതിയനുമായ കായേന്റെ ബലി നിരാകരിക്കപ്പെട്ടു. അതിൽ അസൂയപൂണ്ട് കായേൻ ആബേലിനെ വധിക്കുന്ന രംഗം നാം ബൈബിളിൽ കാണുന്നുണ്ട്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് ബലിസമർപ്പണം എന്ന പ്രക്രിയമാത്രം നമ്മെ വിശുദ്ധീകരിക്കുന്നില്ല എന്നാണ്. മറിച്ച്, ഏത് മനഃസ്ഥിതിയോടെയാണ് നാം ബലി സമർപ്പിക്കുന്നത് എന്നതിനാണ് കൂടുതൽ പ്രധാന്യം. ബലിവസ്തുവിനെ ദഹിപ്പിക്കുന്ന സാക്ഷാൽ അഗ്നിനാളങ്ങൾ ഉയരുന്നത് മനുഷ്യഹൃദയത്തിൽനിന്നാണ്. എല്ലാ അർപ്പിതവസ്തുക്കളും സ്വയാർപ്പണ

ത്തിന്റെ പ്രതീകങ്ങളാണ്. ലോകത്തെ പാപപങ്കിലമാക്കുന്നതും ദൈവികഘടത്തെ താറുമാറാക്കുന്നതും മനുഷ്യമനസ്സിലെ അഹങ്കാര മാണ്. അഹന്തതയും സ്വാർത്ഥതയുമാണ് എല്ലാ പാപങ്ങളുടെയും മൂലകാരണം. അതുകൊണ്ട് അഹന്ത വെടിഞ്ഞ്, സ്വാർത്ഥത ഉരിഞ്ഞുകളഞ്ഞ്, സ്വയം ബലി സമർപ്പിക്കാൻ സന്നദ്ധനായാലേ ബലിക്ക് ദൈവതിരുമുമ്പിൽ സ്വീകാര്യത ലഭിക്കുകയുള്ളൂ. ഈ കാര്യം മനസ്സിൽ നിനച്ച്, ദൈവത്തിനു സ്വീകാര്യമായ ആത്മബലി സമർപ്പിക്കാൻ ലോകത്തിലേക്ക് വന്ന ദൈവിക വ്യക്തിയായാണ് യേശുശിഷ്യ അവളുടെ സ്നേഹനാഥനെ കാണുന്നത്. യേശുനാഥനിൽ ബലിയർപ്പകനും ബലിവസ്തുവും ഒന്നായി അവൾ കാണുന്നു. അതുകൊണ്ടാണ് അവൾ "നീ സ്വയം ഹോമിച്ചെൻ ജീവിതം രക്ഷിച്ചതോർത്ത്" എന്ന് പാടുന്നത്.

സ്വന്തം ജീവൻ ബലിസാധനമായി സമർപ്പിച്ച് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ അശരീരിയായ ദൈവം മാംസമെടുത്ത് നമ്മെപ്പോലെ മനുഷ്യനായി ഇറങ്ങിവന്നതാണ് യേശുക്രിസ്തു. ഇന്നുവരെ ബലി സാധനങ്ങളായി ഉപയോഗിച്ചിരുന്ന കൊയ്ത്തിന്റെ ആദ്യഫലങ്ങളെയും ജീവനുള്ള ആട്ടിൻ കുട്ടികളെയും മാറ്റിവച്ച്, തത്സ്ഥാനത്ത് സ്വന്തം ശരീരം അഹൂതിചെയ്യാൻ അവിടന്ന് തീരുമാനിച്ചു. പ്രതീകങ്ങളെ യാഥാർത്ഥ്യംകൊണ്ട് പുനർസ്ഥാപിക്കുക എന്നതായിരുന്നു ഈ മാറ്റത്തിന്റെ ഉദ്ദേശ്യം. ദൈവത്തിന്റെ സ്വയംദാനഫലമായി മനുഷ്യനു ലഭിച്ച ലോകത്തിലെ ദൈവികഘടം പുനഃസ്ഥാപിക്കു ന്നതിനും പരിരക്ഷിക്കുന്നതിനുമായിട്ടായിരിക്കണം ആദിമ മനുഷ്യൻ ബലി സമർപ്പിക്കാൻ തുടങ്ങിയത്. ലോകത്തിൽനിന്ന് അവൻ പെറുക്കിയെടുത്ത വസ്തുക്കളാണ് ഇതിനായി ഉപയോഗിച്ചത്. കൊയ്ത്തുകഴിയുമ്പോൾ ആദ്യഫലങ്ങൾ അർപ്പിച്ചുകൊണ്ടും സ്വന്തം തായ്വഴിചരിത്രത്തിലെ വിമോചനകഥകൾ അനുസ്മരിച്ചുകൊണ്ടും അവർ ബലി സമർപ്പിച്ചുകൊണ്ടിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന്, ദൈവത്തിന്റെ അഭൂതപൂർവമായ ഇടപെടൽകൊണ്ട് അദ്ഭുതകരമായി രക്ഷപ്പെട്ട തിന്റെ ഓർമ്മയും ബലിയിലൂടെ അവർ അനുസ്മരിച്ചുപോന്നു. ഈ അനുസ്മരണത്തിന് അവർ ഉപയോഗിച്ചത് കൻമഷഹീനനായ ഒരു കുഞ്ഞാടിന്റെ മാംസരക്തങ്ങളായിരുന്നു. എന്നാൽ പൗലോസ്ശ്ലീഹാ അവരെ അനുസ്മരിപ്പിക്കുന്നതുപോലെ "കാളകളുടെയും കോലാടു കളുടെയും രക്തത്തിന് പാപക്കറ തുടച്ചുമാറ്റാൻ കഴിയാറില്ല" (ഹെബ്ര. 10:4). അതുകൊണ്ട് സ്വന്തം ജീവൻ സ്വമനസ്സാ ത്യജിച്ചുകൊണ്ടും,

സ്വന്തമാംസരക്തങ്ങൾ മനുഷ്യർക്ക് ഭക്ഷണപാനീയമായി നൽകിക്കൊണ്ടും സ്വയം ഹോമബലിയായി ആഹുതിചെയ്യപ്പെടാൻ യേശു ആഗ്രഹിച്ചു. അതുകൊണ്ട് രക്ഷാകരകർമ്മത്തിനായി, മനുഷ്യാവതാരം ചെയ്ത് ലോകത്തിലേക്ക് ഇറങ്ങിവന്ന യേശു തന്റെ പിതാവായ ദൈവത്തോട് പറഞ്ഞു: "ബലിയോ അർപ്പണമോ നീ ആഗ്രഹിച്ചില്ല. പക്ഷേ നീ എനിക്കായി ഒരു ശരീരം ഒരുക്കിത്തന്നു. പാപനിവാരണത്തിനായി അർപ്പിക്കപ്പെട്ട ബലികളിലോ അൾത്താരയിൽ ആഹുതിചെയ്യപ്പെട്ട മൃഗങ്ങളിലോ നീ പ്രസാദിച്ചില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു; എന്റെ ദൈവമേ നിന്റെ തിരുവുള്ളം നിറവേറ്റുവാനായി ഇതാ ഞാൻ ഇവിടെ വന്നിരിക്കുന്നു, നിയമ പുസ്തകത്തിൽ എന്നെക്കുറിച്ച് പ്രവചനരൂപത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ" (ഹെബ്രാ. 10:57).

യേശുവിന്റെ ആഗമനത്തിന്റെ ഒരേ ഒരു ലക്ഷ്യം ഈ ബലി സമർപ്പണമായിരുന്നു. പ്രതീകങ്ങളായ എല്ലാ ബലികളേയും മാറ്റിവച്ച്, സ്വയം ബലിയായി സമർപ്പിച്ച്, പാപപരിഹാരവും ദൈവതിരുമുമ്പിൽ സ്വീകാര്യവുമായ ഒരേ ഒരു ബലിയിലൂടെ മനുഷ്യരാശിയെ എന്നെന്നേക്കുമായി രക്ഷിക്കുക എന്നതായിരുന്നു ഈ ആഗമോദ്ദേശ്യം. യേശുവിന്റെ ജനനത്തിന് ഏകദേശം ആയിരം സംവത്സരങ്ങൾക്കു മുൻപ് പ്രവാചകനായ സങ്കീർത്തകൻ ഈ കാര്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗമാണ് വിശുദ്ധ പൗലോസ്ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നത് (സങ്കീ. 40:67). "എന്റെ ദൈവമേ! എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ നീ ഉപേക്ഷിച്ചു?" (സങ്കീ. 22:1) എന്ന് കുരിശിൽ കിടന്നുകൊണ്ട് ഖേദപൂർവ്വം നിലവിളിച്ച കർത്താവിന്റെ വാക്കുകൾ സങ്കീർത്തനത്തിലേക്കു പകർത്തിയ അതേ പ്രവാചക കവിയാണ് യേശുവിന്റെ ജീവിതസമാഹാരമായ ഈ ബലിയെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നത്. "അയം യജ്ഞോ ഭുവനസ്യ നാഭി" (ഋഗ്വേദം 1.164.35) എന്ന് ഋഗ്വേദത്തിൽ പറയുന്നതുപോലെ മനുഷ്യ മഹാകുലത്തിന്റെ നാഭിയായി, എല്ലാവർക്കും വേണ്ടി, എല്ലാവരിലേക്കും ദൈവിക ജീവൻ ഇടതടവില്ലാതെ അനുസ്യൂതം ഒഴുകാൻവേണ്ടി, എല്ലാ പ്രതിബന്ധനങ്ങളെയും ഹോമബലിയുടെ അഗ്നിനാളങ്ങളിൽ ദഹിപ്പിക്കാൻവേണ്ടി, ദൈവകുമാരൻ അർപ്പിക്കുന്ന ബലിയാണിത്. ദൈവത്തിന്റെ ആന്തരിക ജീവനും, അവബോധരൂപവും ആദ്യന്തവിഹീനവുമായ വചനം മാംസംപൂണ്ട് മനുഷ്യനായി, മനുഷ്യരാശിക്കു പ്രതിനിധീഭവിച്ച് അർപ്പിക്കുന്ന ഹോമബലി. യേശുവിന്റെ ഒടുക്കത്തെ

അത്താഴത്തിൽ, തന്റെ വത്സലശിഷ്യരുമൊന്നിച്ച്, അവരുടെ പാദങ്ങൾ കഴുകി, തുടച്ച് നടത്തിയ സ്നേഹവിരുന്നിൽ, അപ്പത്തിന്റെയും വീഞ്ഞിന്റെയും പ്രതീകങ്ങളിലൂടെ അർപ്പിക്കപ്പെട്ട ഈ ബലി പിറേറ ദിവസം ഗാഗുൽത്താമല മുകളിൽവച്ച് സ്വന്തമാംസരക്തങ്ങൾ അർപ്പിച്ചുകൊണ്ടുള്ള മഹായജ്ഞമായി യാഥാർത്ഥീകരിക്കപ്പെടുന്നു.

'യജ്ഞം' എന്ന പദം 'യജ്' എന്ന സംസ്കൃത മൂലത്തിൽ നിന്ന് ഉൽഭവിക്കുന്നതാണ്. യജ് എന്ന പദത്തിന്റെ അർത്ഥം 'വലിച്ചു നീട്ടുക, സജ്ജീകരിക്കുക, വരിഞ്ഞു കെട്ടുക' എന്നിങ്ങനെയാണ്. ബലിവസ്തുവായ സാധനത്തെ അഥവാ കുഞ്ഞാടിനെ ഒരു ഹോമബലിയിലെ അഗ്നിനാളങ്ങളായി മാറാനിരിക്കുന്ന മരക്കഷണങ്ങളിൽ ബന്ധിച്ചു വലിച്ചുനീട്ടി, കെട്ടിയൊരുക്കുന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇങ്ങനെയുള്ള ഒരു ഹോമബലി സമർപ്പണമാണ് യജ്ഞം എന്ന പദം വിവക്ഷിക്കുന്നത്. ഭാരതീയചിന്ത ആദ്ധ്യാത്മിക നയനങ്ങളിലൂടെ നോക്കിക്കാണുകയാണെങ്കിൽ യജ്ഞം അതിപുരാതനവും വേദഗ്രന്ഥ പ്രകാശിതവുമായ ഒരു ആത്മീയ പോഷണമാണ്. അതുകൊണ്ട് ഇസ്രായേലിൽ എന്നപോലെ ഇന്ത്യയിലും ആദ്യകാലം മുതൽക്കേ, മഹായജ്ഞങ്ങളായ ഹോമബലികൾ സമർപ്പിക്കപ്പെട്ടിരുന്നു. ഇങ്ങനെയുള്ള യജ്ഞത്തെക്കുറിച്ചാണ് ഋഗ്വേദം പറയുന്നത്, ലോകത്തിന്റെ നാഭി ഈ യജ്ഞമാണെന്ന്.

യേശുവിന്റെ ജീവിത കഥാസാരം ഭാരതത്തിന്റെ ആദ്ധ്യാത്മിക നയനങ്ങളിലൂടെ കാണുകയും ആലപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന യേശുശിഷ്യ യേശുവിന്റെ തിരുവത്താഴത്തിലും തുടർന്നുള്ള കാൽവരിയിലെ ഘോരമരണത്തിലും ഒരു മഹായജ്ഞത്തിന്റെ നിറവേറൽ കാണുന്നു. കുരിശാകുന്ന ബലിമരത്തിൻമേൽ വലിച്ചു മുറുക്കി കെട്ടപ്പെട്ട ബലിസാധനമായ യേശുവിന്റെ വ്രണിതശരീരം യജ്ഞത്തിന്റെ സാരം അക്ഷരാർത്ഥത്തിലും നിറവേറുന്നു. "ബലിയോ അർപ്പണമോ നീ ആഗ്രഹിച്ചില്ല, പക്ഷേ, നീ എനിക്കായി ഒരു ശരീരത്തെ ഒരുക്കി തന്നു" (സങ്കീ. 40:6) എന്ന പ്രവാചകദൗത്യവും ഇവിടെ നിറവേറുന്നു. സ്വന്തം ശരീരമാണ് ബലിസമർപ്പണത്തിനുള്ള ബലിവസ്തുവായി യേശു ഉപയോഗിക്കുന്നത്. അശരീരിയായ ദൈവം ശരീരമെടുത്തപ്പോൾ ആ ശരീരം ബലിസാധനമായി. ശരീരം നമുക്ക് വളരെ പ്രിയപ്പെട്ടതും നമ്മെ പുണ്യത്തിന്റെ പന്ഥാവിലൂടെയോ തണ്യതയുടെ ദുർമാർഗ്ഗങ്ങളിലൂടെയോ നയിക്കുവാൻ കഴിവുള്ള ഒരു

സഹജമിത്രമാണ്. ശരീരത്തിന്റെ സഹകരണംകൂടാതെ നമുക്ക് ഒന്നും തന്നെ ചെയ്യാൻ കഴിയുകയില്ല. ബുദ്ധിയും മനസ്സുമാണ് നമ്മെ വ്യക്തിത്വത്തിലേക്ക് ഉയർത്തുന്നതെങ്കിലും മാംസളവും മണ്ണിൽനിന്നും വന്നതുമായ ശരീരമാണ് നമ്മെ ലോകത്തിൽ വയ്ക്കുന്നതും സ്ഥലകാല പരിമിതികൾക്കു വിധേയമാക്കി വളർത്തിയെടുക്കുന്നതും. ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളായ വാതിലുകളിലൂടെ നാം ലോകത്തിലേക്കും വിശ്വമഹാപ്രപഞ്ചത്തിലേക്കും പ്രവേശിക്കുന്നു. പ്രപഞ്ചകടാഹത്തിൽ നിന്നും ലഭിക്കുന്ന അനുഭൂതിവിശേഷങ്ങൾ ഈ ശരീരംതന്നെ നമ്മുടെ അന്തരിക തലങ്ങളിലേയ്ക്കു കൊണ്ടുവരുകയും ചെയ്യും. അങ്ങനെ ലോകാനുഭവത്തെ ചിന്തയാക്കി മാറുന്നതിനും ചിന്തയെ പ്രവർത്തന പഥത്തിലൂടെ ലോകത്തിൽ സാക്ഷാൽകരിക്കുന്നതിനും നമുക്ക് ശരീര ത്തിന്റെ സഹകരണം കൂടിയേ കഴിയൂ. അതുകൊണ്ട് ശരീരമെന്നത് മനസ്സിന്റെ പ്രതിബിംബനവും അരൂപിയുടെ ധർമ്മസാധനയുമാണ്. "ശരീരം ഖലു ധർമ്മ സാധനം" (ശരീരമാകട്ടെ ധർമ്മം ചെയ്യാനുള്ള ഒരു ഉപകരണമാണ്) എന്ന് നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്.

യഥാർത്ഥത്തിലുള്ള 'യജ്ഞം' ആത്മാർത്ഥമായി സമർപ്പിക്കണ മെങ്കിൽ സ്വന്തം ശരീരമാകുന്ന ബലിസാധനത്തെയാണ് സമർപ്പി ക്കേണ്ടത്. യജ്ഞം എപ്പോഴും ആത്മനിവേദനമാണ്. ഹോമബലിയുടെ എരിതീയിൽ എല്ലാം കത്തിത്തീരുന്നതിനുവേണ്ടി അവസാനം ഒഴിക്കുന്ന കറതീർന്ന നെയ്യാണ് നൈവേദ്യം. നൈവേദ്യമായി ബലിയുടെ സ്നേഹാഗ്നികുണ്ഠത്തിലേയ്ക്ക് സ്വയം ഒഴിക്കപ്പെടാൻ സന്നദ്ധയാ കുന്ന ഭക്തയുടെ മനോഭാവമാണ് ആത്മനിവേദനത്തിലൂടെ പ്രത്യക്ഷ പ്പെടുന്നത്. ത്യാഗസമ്പുഷ്ടവും സ്നേഹനിർഭരവുമായ ഈ സ്വയം കയ്യാളിക്കലിൽ ശരീരം നമ്മോടു സഹകരിച്ച്, നമ്മെ ത്യാഗവേദിയിലേക്ക് ആനയിക്കുന്നു. ഇവിടെ ശരീരം ബലി സമർപ്പകനെ മുഴുവനും സംവഹിക്കുകയും പ്രതിനിധീഭവിക്കുകയും ചെയ്യുന്ന ബലിവസ്തു വായി മാറുന്നു. ശരീരം വ്യക്തിത്വത്തിന്റെ, വ്യക്തിയുടെ ചിന്താ പ്രവർത്തനങ്ങളുടെ, പ്രകാശനമാദ്ധ്യമമാണ്. ശരീരത്തിലൂടെ മാത്രമേ നമുക്കു മറ്റുള്ളവർക്കായി സ്വയം കൊടുക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ മറ്റുള്ളവരിൽനിന്നു നാം എന്തെങ്കിലും സ്വീകരിക്കുന്നുണ്ടെങ്കിൽ ഇഷ്ടാനിഷ്ടഭേദമെന്യേ അതു ശരീരത്തിലൂടെയായിരിക്കും. ശരീരം നമ്മുടെ സന്തത സഹചാരിയാണ്. നാം ശരീരത്തെ സ്നേഹിക്കുകയും നമ്മോടു സഹകരിക്കുന്ന ധർമ്മസാധനമായി കരുതുകയും വേണം.

"നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ പേടകമാണെന്ന് നിങ്ങൾ അറിയുന്നില്ലേ" (1 കോറി. 6:19) എന്ന് വിശുദ്ധ പൗലോസ്ശ്ലീഹാ ചോദിക്കുന്നുണ്ട്. അതുകൊണ്ട് ശരീരം ധർമ്മപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഉപകരണം മാത്രമല്ല, പരിശുദ്ധാത്മാവിന്റെ ആലയം കൂടിയാണ്. ദൈവത്തിന്റെ ചിന്തയാലും പ്രകാശത്താലും പരിവേഷിതനായ വ്യക്തി തന്റെ ചിന്തയും സ്നേഹവും, ബുദ്ധിയും ഹൃദയവും സേവനമാക്കി ശരീരത്തിലൂടെ പുറത്തുകൊണ്ടുവരുന്നു. മനുഷ്യശരീരം മാനുഷിക ചിന്തയുടെ മാത്രമല്ല ദൈവാവബോധത്തിന്റെ കൂടി മാദ്ധ്യമവും ദർശനീയതയുമാണ്. സ്വാർത്ഥരഹിതവും സ്നേഹജനകവുമായ നല്ല ചിന്തകൾ ത്യാഗോജ്ജ്വലമായ സേവന രംഗത്തേക്കിറങ്ങുന്നത് ദൈവവരപ്രകാശിതമായ ഈ ശരീരത്തിലൂടെയാണ്. എല്ലാം കാണുന്നവനും എന്നാൽ കാണപ്പെടാത്തവനുമായ ദൈവാത്മാവ്, നമ്മുടെ ഉള്ളിന്റെയുള്ളിൽ അവബോധമായി, ആന്തരിക ചൈതന്യമായി പള്ളികൊള്ളുന്നു. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും ആന്തരികമായി നിയന്ത്രിച്ച്, അന്തര്യാമിയായ അവിടന്ന്, നമ്മുടെ ശരീരങ്ങളിലൂടെ പ്രവർത്തിക്കുന്നു. നമ്മളാകട്ടെ ശരീരത്തെ ധർമ്മ സാധനമായി, ബലിവസ്തുവായി സ്വയം സമർപ്പിക്കുന്നു.

"ഇത് നിങ്ങൾക്കായി നൽകുന്ന എന്റെ ശരീരമാകുന്നു" (ലൂക്കാ 22:19). "ഇത് നിങ്ങൾക്കായി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു" (ലൂക്കാ 22:20) എന്ന് യേശുനാഥൻ തന്റെ അവസാന അത്താഴ വേളയിൽ സ്വന്തം ശിഷ്യരോട് അരുൾചെയ്തപ്പോൾ പാപരഹിതവും പരിപാവനവുമായ ഒരു ശരീരം ഹോമബലിയായി ഭക്ഷണമേശയാകുന്ന ബലിമരത്തിന്മേൽ വയ്ക്കപ്പെട്ടു. ഈ ശരീരരക്തങ്ങളിലൂടെ യേശുനാഥൻ നമുക്കു നൽകിയത് തന്നെത്തന്നെയാണ്. വചനം മാംസമായി, ദൈവത്തിന്റെ ദർശനീയതയായി, നിർമ്മല ശരീരത്തോടുകൂടെ ബലിവേദിയിലേക്കുവന്ന യേശു സ്വന്തംശരീരത്തിലൂടെ മറ്റുള്ളവർക്കു വേണ്ടി സ്വയം ബലി സമർപ്പിക്കുകയാണ്. ബലിയിൽ ദൈവോന്മുഖത മാത്രമല്ല പരോന്മുഖതയും ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിനു സംപ്രീതിജനകമായ ബലി എപ്പോഴും പരോന്മുഖമായിരിക്കും. തന്റെ ത്യാഗബദ്ധമായ ജീവബലിസമർപ്പണത്തിലൂടെ മറ്റൊരുവന്റെ ജീവൻ വളരുകയും അലരണിയുകയും ഫലംനൽകുകയും ചെയ്യണമെന്നു ബലിയർപ്പകൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവത്തിനു സമർപ്പിക്കുന്ന ബലി എപ്പോഴും നിസ്വാർത്ഥവും പരോന്മുഖവുമായിരിക്കണം. ദൈവത്തിനുമാത്രമേ നാം ബലിയർപ്പിക്കുവാൻ പാടുള്ളു. നമ്മുടെ

ജീവിതത്തിന്മേൽ അവകാശവും അത് സ്വീകരിക്കുവാൻ അധികാരവുമുള്ളത് ദൈവത്തിനുമാത്രമാണ്. അതുകൊണ്ട് ബലി എപ്പോഴും സർവ്വപ്രധാനമായി ദൈവോന്മുഖമായിരിക്കണമെന്നതിന് സംശയമില്ല. എന്നാൽ ഞാൻ ആരാധിക്കുന്ന ദൈവം എല്ലാറ്റിനും അതീതനാണെങ്കിലും എല്ലാറ്റിനും ഉപസ്ഥിതനും കൂടിയാണ്. എന്റെ ആത്മാവ് ദൈവത്തിങ്കലേക്ക് ഉയരുന്നെങ്കിലും എന്റെ ശരീരം പ്രവർത്തനത്തിലൂടെ നൽകപ്പെടുന്നത് എനിക്കു ചുറ്റുമുള്ള വ്യക്തികൾക്കാണ്. നിങ്ങൾ ഇതു വാങ്ങി ഭക്ഷിക്കുവിൻ എന്ന് യേശുനാഥൻ പറയുമ്പോൾ, അവിടത്തെ പിതാവിന്റെ തിരുവുള്ളം നിറവേറ്റുന്ന ഹോമബലി സമർപ്പിച്ചുകൊണ്ട് തന്റെ ശരീരം ചുറ്റുമുള്ളവർക്കായി ബലിവേദികയിൽ വയ്ക്കുകയാണു ചെയ്യുന്നത്. അങ്ങനെ ദൈവത്തെയും മനുഷ്യരെയും മനുഷ്യരോടൊത്ത് മനുഷ്യൻ വസിക്കുന്ന പ്രപഞ്ചത്തെയും ഒന്നിച്ച് ബന്ധിക്കുന്നതും സ്വർഗ്ഗോന്മുഖമായി ഉയർത്തുന്നതുമായ ഒരു വിശിഷ്ടപ്രക്രിയയാണ് ബലി അഥവാ യജ്ഞം. ഒടുക്കത്തെ അത്താഴത്തിൽ യേശു ചെയ്യുന്നത് ഈ ബലി സമർപ്പണമാണ്.

യഹൂദജനതതി അന്നുവരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള അവരുടെ മോചനത്തിന്റെ സ്മരണയ്ക്കായി കാളക്കുട്ടിയുടെ മാംസരക്തങ്ങൾ സമർപ്പിച്ചുകൊണ്ട് ബലിയർപ്പിച്ചിരുന്നു. യഹൂദാചാര മനുസരിച്ച് ഇതിന് പെസഹാചരണം എന്ന് പേർ പറഞ്ഞിരുന്നു. അനവധി അദ്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട് അർദ്ധരാത്രിയിൽ അടിമത്ത്വത്തിൽ നിന്ന് തന്റെ ജനത്തെ വിമോചിപ്പിക്കുന്ന ദൈവം തന്റെ മാലാഖയെ അയച്ച് ഈജിപ്തിലെ ആദ്യജാതരെ നിഹനിച്ചുകൊണ്ട് കടന്നുപോയി. ഈ കടന്നുപോകലിന്റെ ഹെബ്രായ ഭാഷയിലെ വാക്കാണ് 'പെസഹാ'. അങ്ങനെ പെസഹാചരണം യഹൂദജനത്തിന്റെ അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെ പുത്തൻ നാട്ടിലേക്കുള്ള പ്രവേശനത്തിന്റെയും അനുസ്മരണമായി നിലനിന്നു പോന്നു. യഹൂദനിയമവും പാരമ്പര്യവുമനുസരിച്ച് ഈ പെസ്സഹാ ചരണത്തിന് തന്റെ ശിഷ്യരുമൊത്ത് അത്താഴത്തിനിരുന്ന യേശുവാണ് പെട്ടെന്ന് ബലിവസ്തുവായി മാറുന്നതും സ്വയം ആഹുതിചെയ്ത്, അത്താഴത്തിനുപയോഗിക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്റെ ശരീരരക്തങ്ങളെ മറ്റുള്ളവർക്കായി പങ്കുവയ്ക്കുന്നതും.

"നീ സ്വയം ഹോമിച്ച് ജീവിതം രക്ഷിച്ചതോർത്ത്" എന്ന് യേശുശിഷ്യ പാടുമ്പോൾ അവൾ അനുസ്മരിക്കുന്നത് ദൈവോന്മുഖവും പരോന്മുഖവുമായ കർത്താവിന്റെ സ്വയം കൊടുക്കലാണ്. അത് വളരെ അഗാധമായും വ്യക്തിപരമായും അവളെ സ്പർശിക്കുന്നു. യേശുവിന്റെ പെസഹാചരണത്തിലൂടെ പെസഹാബലിക്കുണ്ടായ അർത്ഥ വ്യത്യാസങ്ങൾ അവൾ ആത്മീയ നേത്രങ്ങളിലൂടെ കാണുകയും അത് തന്നിൽ നിറവേറാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

പെസഹാബലി ഇസ്രായേൽ വംശത്തിന്റെ അടിമത്വത്തിൽ നിന്നുള്ള വിമോചനത്തിന്റെ അനുസ്മരണവും നന്ദിപൂർവമുള്ള യജ്ഞാചരണവുമായിരുന്നു. അത് അബ്രാഹത്തിന്റെ മക്കൾ എന്ന് അവകാശപ്പെടുന്ന യഹൂദർക്കുമാത്രം ദൈവം കൽപ്പിച്ചരുളിയ ഇഷ്ടദാനവും ശ്രേഷ്ഠസമ്മാനവുമായി അവർ കരുതി. എന്നാൽ മിശിഹായുടെ പെസഹാചരണത്തോടുകൂടെ ഈ അർത്ഥത്തിന് വ്യത്യാസംവന്നു. യേശുനാഥൻ പെസഹാ ബലിയർപ്പിച്ചത് യഹൂദജനത്തിന്റെ വിമോചനത്തിനുവേണ്ടി മാത്രമല്ലായിരുന്നു. മനുഷ്യ മഹാകുലത്തിലെയെല്ലാവർക്കും വേണ്ടിയായിരുന്നു. എല്ലാവരേയും ഒരേയൊരു ധാർമ്മീകശരീരത്തിന്റെ അംഗങ്ങളായി അവിടുന്നു കണ്ടിരുന്നു. അടിമത്തത്തിന്റെ അർത്ഥത്തിലും മാറ്റംവന്നു. ഈജിപ്തിലെ ചക്രവർത്തിയായ ഫറവോയുടെ കീഴിലുള്ള അടിമത്തം തികച്ചും ചരിത്രപരമെങ്കിലും, യേശുവിന്റെ പെസഹാചരണത്തോടുകൂടെ ഒരു പ്രതീകമായി മാറുകയാണ്. പെസഹാചരണത്തോടെ പെസഹാ ബലി എല്ലാ മനുഷ്യരുടെയും എല്ലാവിധ അടിമത്തത്തിൽനിന്നുള്ള വിമോചനത്തിന്റെ കാഹളധ്വനിയായി മാറി. യഥാർത്ഥ അടിമത്തം സ്ഥിതിചെയ്യുന്നത് നമോരോരുത്തരുടെയും ഉള്ളിലാണെന്നും എത്ര ഹനിച്ചാലും വീണ്ടും ജനിക്കുന്ന 'ഫാരോ' എന്ന മഹാ രാക്ഷസൻ നമ്മെ പിടിച്ച് വിലങ്ങ്കെട്ടുന്ന നമ്മുടെ അഹങ്കാരമാണെന്നും ഈ ബലിയിലൂടെ യേശു നമ്മെ പഠിപ്പിച്ചു. അഹങ്കാരമെന്നത് അഹത്തിന്റെ അനധികൃതമായ വളർച്ചയും സ്വാർത്ഥപൂരണത്തിനുവേണ്ടിയുള്ള അമിതമായ ആഗ്രഹവും ആലോചനയും പ്രവർത്തനവുമാണ്. ഈ അഹങ്കാരമെന്ന കുഞ്ഞാടിനെ ബലികഴിച്ച്, അതിന്റെ മാംസരക്തങ്ങൾ സ്വന്തംശരീര സമർപ്പണത്തിലൂടെ മറ്റുള്ളവർക്കായി പങ്കുവച്ച്, ദൈവത്തിന് ഏറ്റവും സ്വീകാര്യമായ ബലി സമർപ്പിക്കണമെന്നാണ് യേശു നമ്മെ പഠിപ്പിക്കുന്നത്. അഹങ്കാരരഹിതമായ ആത്മ നിവേദനമാണ് ഈ ബലി. ഓരോരുത്തനും അവനവൻ നിർമ്മിക്കുന്ന

അടിമത്വത്തിന്റെ ബന്ധനങ്ങൾ വിച്ഛേദിച്ച്, സ്വാതന്ത്ര്യത്തിന്റെയും ദൈവസന്നിധാനത്തിന്റെയും നാടായ കാനാൻ ദേശത്തേക്കു പ്രവേശിക്കണമെന്ന് അവിടന്നാഗ്രഹിക്കുന്നു. അതുകൊണ്ട് സ്വയം ബലിസാധനമായി, പാപരഹിതവും, അഹങ്കാരമെന്തെന്ന് അറിയാത്തതുമായ സ്വന്തം ജീവൻ അവിടന്ന് നമുക്കുവേണ്ടി ബലിയായി അർപ്പിക്കുന്നു. "ഇത് എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്നു കൽപ്പിച്ചുകൊണ്ട് അവിടത്തെ ശിഷ്യൻന്മാർ ഒന്നിച്ചുകൂടുമ്പോൾ എന്താണു ചെയ്യേണ്ടതെന്ന് ഒരു കൽപ്പനയും കൊടുക്കുന്നു. ഈ കൽപ്പനയെ മനസ്സിൽവച്ച് ധ്യാനിക്കുന്ന യേശുശിഷ്യ സ്വയം കാണുന്നത് അൾത്താരയിൽ വയ്ക്കപ്പെട്ട ഒരു ബലിസാധനമായാണ്. തന്റെ പ്രാണനാഥനോട് താദാത്മ്യം പ്രാപിക്കാൻവേണ്ടി അനുദിനം മറ്റുള്ളവർക്ക്വേണ്ടി സ്വയം ബലിയിടണമെന്ന് അവൾ പഠിക്കുന്നു. ഈ ബലി ഒരു ആചരണപ്രക്രിയകൊണ്ട് അവൾ അവസാനിപ്പിക്കുന്നില്ല. അത് എന്നും ജീവിക്കുന്നതും എപ്പോഴും മറ്റുള്ളവർക്കായി സ്വയം നൽകുന്നതുമായ ഒരു തീരാസമർപ്പണമാണ്. നിരന്തരമായ പ്രാർത്ഥനയിലൂടെ, പരിത്യാഗത്തിലൂടെ, നിസ്വാർത്ഥസേവനത്തിലൂടെ അവൾ ഈ ബലി ജീവിക്കുന്നു. അങ്ങനെ ബലി യേശുനാഥനുമായുള്ള സായുജ്യത്തിന്റെയും, നാഥനിലേക്കുള്ള രൂപാന്തരീകരണത്തിന്റെയും ഒരു സനാതന സാധനയായി മാറുന്നു. ത്യാഗോജ്ജ്വലമായ അനുദിന ജീവിതം തന്നെയാണ് യഥാർത്ഥ ബലി.

യേശുശിഷ്യയുടെ സ്മൃതിപഥത്തിൽ അവളുടെ അരുമനാഥനെക്കുറിച്ചുള്ള നിരവധി ഓർമ്മകൾ ഉണ്ട്. എന്നാൽ ഏറ്റവും പ്രകാശിതവും എല്ലാറ്റിനെയും സമാഹരിക്കുന്നതുമായ ഒരേ ഒരു ഓർമ്മയുണ്ട്. അതാണ് യേശുശിഷ്യയ്ക്കുവേണ്ടി, അവളുടെ ജീവൻ സംരക്ഷിക്കുന്നതിനും അത് ദൈവിക പൂർണതയിലേക്ക് ആനയിക്കുന്നതിനുംവേണ്ടി യേശുനാഥൻ അർപ്പിച്ച ആത്മബലിയെക്കുറിച്ചുള്ള ഓർമ്മ. "ഇത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞ യേശു ആ കൽപ്പനയോടുകൂടെ സ്നേഹത്തിന്റെ അനന്തതതുളുമ്പുന്ന ഒരു വാക്യവുംകൂടി മൊഴിഞ്ഞു: "ഇത് നിങ്ങൾക്കായി ചിന്തപ്പെടുന്ന എന്റെ രക്തത്താൽ മുദ്രിതമായ ദൈവത്തിന്റെ പുത്തൻ ഉടമ്പടിയാണ്" എന്ന് (ലൂക്കാ 22:20). എല്ലാ സ്നേഹബന്ധത്തിലും പരോക്ഷമായിട്ടെങ്കിലും ഒരു ഉടമ്പടിയുണ്ട്. ഉടമ്പടി മനസ്സുകളുടെ ഒന്നുചേരലിനെ സൂചിപ്പിക്കുന്നു. രണ്ടുമനസ്സുകൾ അലിയുകയും ഒന്നുചേരുകയും പരസ്പരം ആശ്ലേഷിക്കുകയും ചെയ്യുമ്പോൾ മാത്രമേ

യഥാർത്ഥത്തിലുള്ള സ്നേഹബന്ധം ഉടലെടുക്കുന്നുള്ളൂ. ഉടമ്പടിക്ക് ഒപ്പുവച്ച് മനുഷ്യൻ കരാറ് ഉറപ്പിക്കുന്നു. സാധാരണമായി മഷികൊണ്ടാണ് ഒപ്പ്വയ്ക്കുക. എന്നാൽ സ്വന്തം രക്തംകൊണ്ട് ഒപ്പ് വയ്ക്കുന്ന അഭൂതപൂർവമായ സംഭവം ചരിത്രത്തിൽ വല്ലപ്പോഴും ഉണ്ടാകാൻ പാടുണ്ട്. രക്തമുദ്രിതമായ ഉടമ്പടി ഉൽകൃഷ്ടമായ സ്നേഹത്തിന്റെയും സ്നേഹോജ്ജ്വലമായ സ്വയംദാനത്തിന്റെയും തികവുറ്റ പ്രതീകമാണ്. തന്റെ ഇഷ്ടദാസിയായ യേശുശിഷ്യയുമായി അപ്രകാരമുള്ള, രക്തമുദ്രിതമായ ഒരു ഉടമ്പടിയാണ് യേശു സ്ഥാപിക്കുന്നത്. ഈ ഉടമ്പടിയുടെ ഓർമ്മയാണ് അണയാദീപം പോലെ അവൾ മനസ്സിൽവച്ചു സൂക്ഷിക്കുന്നതും പൂവിട്ടുപൂജിക്കുന്നതും. നിരന്തരമായ ഓർമ്മ ഇടമുറിയാതെയൊഴുകുന്ന ഒരു ധ്യാനനിർഝരിയായി ഭവിക്കുന്നു. നല്ല ഓർമ്മകളാണ് നമ്മൾ മനസ്സിൽ സൂക്ഷിക്കേണ്ടതും ഹൃദയത്തിൽ സംഗ്രഹിക്കേണ്ടതും സ്മൃതിപഥത്തിൽ നിലനിറുത്തേണ്ടതും. നല്ല ഓർമ്മകൾ കാലക്രമേണ നല്ല മനസ്സിനെ വാർത്തെടുക്കുന്നു. കാരണം, നിലനിൽക്കുന്ന ഓർമ്മകൾ ബുദ്ധിയെ സ്വാധീനിക്കുകയും നല്ല പ്രവർത്തനത്തിനുള്ള കളമൊരുക്കുകയും ചെയ്യുന്നു. യേശുശിഷ്യ തന്റെ പ്രാണപ്രിയന്റെ അടിപതറാത്ത സ്നേഹവും സ്നേഹപ്രകാശനമായ സ്വയാർപ്പണവും അതിന്റെ പരമകാഷ്ഠയായ പരിശുദ്ധ കുർബാനയിലെ ഹോമബലിയും ഓർത്ത് അത് എന്നേക്കുമുള്ള അവളുടെ ധ്യാനമാക്കി മാറ്റുന്നു. ഓർമ്മയും ധ്യാനവും ഒന്നുചേർന്ന് സ്നേഹപ്രവാഹത്തിന്റെ ഒരു ആകാശഗംഗതന്നെ അവളിലൂടെ ഒഴുക്കുന്നു. ഈ സ്നേഹാനുഭൂതിയിൽനിന്ന് പുതിയ ത്യാഗകുസുമങ്ങൾ വിടരുന്നു. എന്തു തന്റെ ഓർമ്മയിൽ വച്ചു സൂക്ഷിക്കുന്നുവോ അതു തന്റെ ജീവിതത്തിലേക്ക് പകർത്താൻ അവൾക്ക് സാധിക്കുന്നു. "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന അരുമനാഥന്റെ അനുശാസനം അവൾ അങ്ങനെ അക്ഷരശ്ശ നിർവഹിക്കുന്നു. മറ്റുള്ളവരോടുള്ള അവളുടെ സമീപനത്തെ നിയന്ത്രിക്കുന്നത്, സർവപ്രധാനമായും അവൾ സ്വന്തമനസ്സിൽ വച്ച് പൂവിട്ടുപൂജിക്കുന്ന ഈ അതുല്യ സ്മരണയാണ്. ഇഷ്ടാനിഷ്ടഭേദമെന്യേ മറ്റുള്ളവർ തന്നോട് എന്തു ചെയ്തു എന്നു ചിന്തിക്കുന്നതിനു പകരം അവൾ സദാ ഓർക്കാൻ ആഗ്രഹിക്കുന്നത് തന്റെ സ്നേഹനാഥൻ തന്നോട് എന്തുചെയ്തു എന്നതാണ്. അതുകൊണ്ട് തന്നെ സ്നേഹിക്കുന്നവനും സ്നേഹിക്കാത്തവനും സ്നേഹം ഒരുപോലെ പകരുന്നതിന് അവൾക്കു സാധിക്കും. "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞുകൊണ്ട് ദൈവശാസ്ത്രപരവും

മന:ശാസ്ത്രപരവുമായ ഒരു പ്രവർത്തനമാനദണ്ഡമാണ് യേശുനാഥൻ നമുക്കു കൽപ്പിച്ചരുളിയത്. തിരുനാഥന്റെ ആ അനുശാസനവചസ്സുകൾ എന്നും അവളുടെ ഹൃദയത്തിൽ മാറെറാലികൊള്ളുന്നു.

സ്വന്തം ശരീരം ഹോമബലിയായി അർപ്പിച്ചുകൊണ്ട് തന്നെ ഊട്ടിപ്പോററുന്ന യേശുനാഥൻ മറെറാരു സത്യവുംകൂടി അവളെ അനുസ്മരിപ്പിക്കുന്നുണ്ട്. നാം എല്ലാം ഒരു ധർമ്മശരീരത്തിലെ അംഗങ്ങളാണ് എന്ന്. മനുഷ്യരാശി ഒരു ദേവശരീരമാണ്. അനവദ്യനും അനന്തനും അശരീരിയുമായ ദൈവം, നാമരൂപങ്ങൾ നൽകി ഇല്ലായ്മയിൽനിന്നു മെനഞ്ഞെടുത്തതാണ് മനുഷ്യകുലമെന്ന ഈ മഹാശരീരം. ലോകത്തിൽ ജനിച്ചവരും ഇനി ജനിക്കാനിരിക്കുന്നവരുമായ എല്ലാവരെയും ഉൾപ്പെടുത്തി മനുഷ്യമഹാശരീരത്തെക്കുറിച്ച് ഭാരതീയ ചിന്തകർ ചിലപ്പോൾ സംസാരിച്ചിട്ടുണ്ട്. അദൃശ്യനായ ബ്രഹ്മന്റെ ദൃശ്യശരീരമായി ഈ ലോകത്തെയും അതിലുള്ള സകലചരാചരങ്ങളെയും ബുദ്ധിജീവികളായ മനുഷ്യരെയും കാണുന്ന താത്ത്വികചിന്ത ഭാരതത്തിന് സുപരിചിതമാണ്. ഭക്തിമാർഗ്ഗത്തിന്റെ സമുന്നത നേതാവായ രാമാനുജാചാര്യരുടെ ചിന്തകളിൽ ഈ വിശ്വം മുഴുവനും ബ്രഹ്മനിൽ കേന്ദ്രീകൃതമായ ഒരു ധാർമ്മികശരീരമായി കാണുന്നുണ്ട്. ഏകദേശം ഈദൃശമായ ഒരു നിരൂപണത്തിലൂടെ ഈ വിശ്വകടാഹത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു മഹാഗാത്രമായി, ധർമ്മകായമായി, യേശുവിന്റെ മൗതികശരീരം യേശുശിഷ്യ കാണുന്നു. "നിങ്ങൾ എല്ലാവരും തന്നെ ക്രിസ്തുവിന്റെ ശരീരമാകുന്നു, ഓരോരുത്തരും അതിലെ അംഗമാകുന്നു" (1 കൊറി. 12:27) എന്ന് ക്രിസ്തുശിഷ്യനായ പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഈ തിരുവാക്യമനുസരിച്ച് യേശുവിന്റെ ധർമ്മകായത്തിലെ അവയവങ്ങളാണ് നാമെല്ലാവരും. ഈ അവയവങ്ങളെല്ലാം യേശുനാഥനാകുന്ന ശിരസ്സിന്റെ നിയന്ത്രണത്തിനു വിധേയമായി പ്രവർത്തിക്കണമെന്ന് യേശുശിഷ്യ ആഗ്രഹിക്കുന്നു. "അവൻവഴി ശരീരം മുഴുവൻ, ഓരോ സന്ധിബന്ധവും അതതിന്റെ ജോലി നിർവഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട്, വളരുകയും സ്നേഹത്തിൽ രൂപപ്പെടുകയും ചെയ്യുന്നു" (എഫേ. 4:16).

യേശുവിന്റെ മൗതികശരീരത്തിന്റെ വളർച്ചയും തളർച്ചയും അംഗങ്ങളായ നമ്മെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഓരോ അംഗവും അപരനുവേണ്ടി ആഹുതിചെയ്യപ്പെടണം. അങ്ങനെ ദൈവസ്നേഹം മനുഷ്യസ്നേഹമായി ഭവിക്കണം. മനുഷ്യസ്നേഹമാകട്ടെ,

സേവനമായും സേവനം ത്യാഗമായും ത്യാഗം ബലിയിലെ ആത്മനിവേദനമായും ഭവിക്കുന്നു. യേശുവിന്റെ മൗതികശരീരത്തിലെ ഒരു സാധാരണ അംഗമായ യേശുശിഷ്യ, അനിതര സാധാരണമായ സ്നേഹവായ്പ്പോടെ, തന്റെ സ്നേഹനാഥന്റെ കാലടിപ്പാടുകൾ പിൻചെന്നുകൊണ്ട് ഇതരാംഗങ്ങൾക്കു വേണ്ടി ആഹുതിചെയ്യപ്പെടാൻ സ്വയം വിട്ടുകൊടുക്കുന്നു. "നിങ്ങൾ ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന അനുശാസനം അങ്ങനെ ഓർമ്മയിൽനിന്നു സാക്ഷാൽക്കാരത്തിലേക്ക് ഒഴുകുന്നു. ഒരു ദഹനബലിയായി അവളും അർപ്പിക്കപ്പെടുന്നു.

പാരം പ്രഭാപൂരം പാരിന്നരുളുന്നോ രോർമ്മയാലെൻ മനം ദീപ്തമാക്കി

ഓർമ്മ ധ്യാനമാണ്. ധ്യാനമോ വിജ്ഞാനസാധനയാണ്. വിജ്ഞാനമാകട്ടെ സാക്ഷാൽകാരമാണ്. അതുകൊണ്ട് നിരന്തരമായ ഓർമ്മയാൽ സാധിക്കുന്നത് സാക്ഷാൽകാരമാണ്. മനസ്സിൽ സദാ നിനച്ചിരിക്കുന്നതായി മനുഷ്യൻ ഭവിക്കുകയെന്നത് സാധാരണമാണ്. വിശ്വാസത്തിലൂടെയുള്ള മാനസികദർശനം ഒരേ സമയം മനനവും സമർപ്പണവുമാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ, ചിന്തിക്കുന്ന ബുദ്ധിയും ആഗ്രഹിക്കുന്ന ഹൃദയവും ഈ ഓർമ്മയിൽ ഒന്നുചേരുന്നു. യേശുശിഷ്യ യേശുനാഥനെ ഓർക്കുകയും ഓർത്തവനെ മനസ്സാ ആശ്ലേഷിക്കുകയും ചെയ്യുന്നു. അങ്ങനെ ഓർമ്മ ധ്യാനത്തിന്റെയും സാക്ഷാൽകാരത്തിന്റെയും സാധനയായി ഭവിക്കുന്നു. ഇവിടെ സാക്ഷാൽകാരം എന്നു പറയുമ്പോൾ മനസ്സിലാക്കുന്നത് യേശു ഭാവത്തിലേക്കുള്ള അവളുടെ രൂപാന്തരീകരണമാണ്. ഇതു സംഭവിക്കുന്നത് അവളുടെ ബുദ്ധിയുടെ ചിന്തകൊണ്ടോ മനസ്സിന്റെ ആഗ്രഹം കൊണ്ടോ മാത്രമല്ല, പ്രത്യുത സർവപ്രധാനമായി, അന്തരാളത്തിൽ വസിക്കുന്ന ദിവ്യാത്മാവിന്റെ പ്രവർത്തനംകൊണ്ടാണ്. യേശുനാഥന്റെ അവബോധരൂപമായി പരിശുദ്ധാത്മാവ് യേശുശിഷ്യയിൽ വസിക്കുന്നുണ്ട്. അഗോചരനും അസ്പൃശ്യനുമെങ്കിലും ഈ ആത്മാവ് ആദ്ധ്യാത്മികാനുഭൂതി നൽകിക്കൊണ്ട് സദാപി പ്രവ്രത്തിച്ചു കൊണ്ടിരിക്കുന്നു. ബുദ്ധിയുടെ ചിന്താവീഥിയിലേക്കും മനസ്സിന്റെ ആഗ്രഹധാരയിലേക്കും വെളിച്ചത്തിന്റെ കിരണങ്ങൾ വീശിക്കൊണ്ട് അവിടന്ന് കടന്നുവരുന്നു. ബുദ്ധിയെയും മനസ്സിനെയും യേശുവിന്റെ

സ്വർഗ്ഗീയചൈതന്യംകൊണ്ട് ഉദ്ദീപ്തമാക്കുന്നു, ശോഭായമാനമാക്കുന്നു. ഉള്ളിൽ സൂക്ഷിച്ചുവയ്ക്കുന്ന ഓർമ്മ അങ്ങനെ വെളിച്ചത്തിന്റെ കിരണങ്ങളായി വിടരുന്നു. എന്നാൽ ഈ കിരണങ്ങൾ മാനുഷിക പ്രവർത്തനഫലമല്ല. ഈ ഓർമ്മയുടെ ആധാരവും അടിസ്ഥാനവും മാനുഷികചിന്തയുമല്ല. ചിന്താതീതനായി മനസ്സിന്റെ ഉള്ളിൽ കുടികൊള്ളുന്ന അനന്തനും അനവദ്യനുമായ ആത്മാവാണ്. യേശുശിഷ്യ ഈ ആത്മാവിനെ അവളുടെ പ്രിയനാഥന്റെ അന്തരാത്മാവും അവബോധവിശേഷവുമായി കാണുന്നു. അതിനാൽ ഈ അന്തരാത്മാവിനാൽ പരിഗ്രഹിക്കപ്പെടുന്നതിനും പരിശോഭിത യാകുന്നതിനും അവൾ സസന്തോഷം വിട്ടുകൊടുക്കുന്നു. അവിടത്തെ പ്രഭാപൂരംകൊണ്ട് യേശുവിന്റെ ഈ ആത്മാവ് അവളുടെ ബുദ്ധിയെയും മനസ്സിനെയും നിറയ്ക്കുന്നു. ആ പ്രകാശക്കതിരുകൾ അവളുടെ നയനങ്ങളിലൂടെയും മുഖകമലത്തിലൂടെയും പുറത്തോട്ട് വമിക്കുകയും ചെയ്യുന്നു. അവൾ മലയിൽ വയ്ക്കപ്പെട്ട ദീപംപോലെ, തന്റെ അരുമനാഥന്റെ പ്രകാശനമായി ലോകത്തിൽ നിലകൊള്ളുന്നു. ഈ ധന്യത അവളിൽ നിറവേറാൻ തന്നെയൊരുക്കേണമേ എന്നാണ് അവളുടെ അവിരാമമായ പ്രാർത്ഥന.

യേശുശിഷ്യ യേശുവിന്റെ സ്നേഹഗാനം പാടി ഭക്തിപൂർവം ജീവിച്ചാൽ മാത്രം പോരാ, യേശുവിന്റെ വെളിച്ചം അവളുടെ മനസ്സിനെ പ്രകാശിതമാക്കുകയും അവളിലൂടെ ലോകത്തിലേക്ക് ഒഴുകുകയും വേണം. അവൾ യേശുവിന്റെ ഒരു സമ്പൂർണ്ണോപകരണമാണ്. യേശുവിന്റെ ആത്മാവ്, ഊഷ്മളമായ ഓർമ്മയിലൂടെ ഉള്ളിന്റെ യുള്ളിൽ അവൾ സദാ കാത്തു സൂക്ഷിക്കുന്ന ആ ദിവ്യാത്മാവ്, അന്തര്യാമിയായി, ഉള്ളിൽ നിന്ന് എല്ലാം നിയന്ത്രിച്ചുകൊണ്ട്, അവളിലൂടെ പ്രവർത്തിക്കുന്നു. അങ്ങനെ അവൾ എല്ലാവർക്കും പ്രകാശവും പ്രോത്സാഹനവും ആയി ഭവിക്കുന്നു. അവളെ നോക്കിക്കൊണ്ട് അവളുടെ അരുമ നാഥൻ മൊഴിയുന്നു: "ഞാൻ നിന്നെ രാഷ്ട്രങ്ങൾക്ക് ദീപമായി നൽകും. അങ്ങനെ എന്റെ രക്ഷ പാരിന്റെ സീമകളിലേക്ക് പ്രവേശിക്കട്ടെ" (ഏശ. 49:6) എന്ന്. ഏശയ്യാ ദീർഘദർശിയിലൂടെ ഇസ്രായേൽവംശമാകുന്ന ദൈവത്തിന്റെ പ്രേഷ്ഠകുമാരിയെക്കുറിച്ച് കർത്താവ് ഒരുകാലത്ത് അരുൾചെയ്തത് യേശുശിഷ്യയെക്കുറിച്ചും സാർത്ഥകമാണ്.

എന്നാൽ സർവ്വോപരി നിറവേറിയിരിക്കുന്നതും സമയത്തിന്റെ സമാപ്തിയിൽ ഇനിയും നിറവേറാനിരിക്കുന്നതും അവളുടെ പ്രാണ പ്രിയനായ, അവളിൽ വസിക്കുന്ന യേശുനാഥനിൽ നിന്നുതന്നെയാണ്. ആ പ്രഭാപൂരത്തിൽ പങ്കുപറ്റി, ആ പ്രകാശധാരയാൽ പ്രകാശിതയായി, അവളുടെ മനസ്സ് വെള്ളച്ചില്ലിൽ വച്ച വെള്ളിവിളക്കുപോലെ വിളങ്ങണം. അവിടെ ഒരേയൊരു ഓർമ്മയേയുള്ളൂ, നാഥന്റെ ഓർമ്മ. ഒരേയൊരു പ്രകാശമേയുള്ളൂ; ആഹുതി ചെയ്യപ്പെട്ട ദിവ്യകുഞ്ഞാടായ യേശുവിന്റെ പ്രകാശം. സ്വർഗ്ഗീയ ജറുസലേം ഇന്നിവിടെ യേശുശിഷ്യയുടെ മനസ്സിൽ സാക്ഷാൽകരിച്ചുകൊണ്ടിരിക്കുന്നു. "ദീപത്തിന്റെ വെളിച്ചമോ സൂര്യന്റെ പ്രകാശമോ അവർക്ക് ആവശ്യമില്ല. ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു. അവർ എന്നേക്കും വാഴും" (വെളി. 22:5).

പ്രകാശവും പ്രകാശദാതാവും കർത്താവ്തന്നെയാണ്. ആദിയിൽ "പ്രകാശമുണ്ടാകട്ടെ" എന്നുപറഞ്ഞ അതേ ദൈവത്തിന്റെ അന്തഃസ്ഥിതവചനം ആകാരംപൂണ്ടതാണ് അവളുടെ അരുമനാഥൻ. അവിടന്ന് ലോകത്തിന്റെ പ്രകാശമായി വന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല; പ്രത്യുത അവനിൽ ജീവന്റെ വെളിച്ചം ഉണ്ടായിരിക്കും (യോഹ. 8:12) എന്ന് അവിടന്ന് അരുൾചെയ്തു. അവിടന്ന് വെളിച്ചമായി വന്നു, വെളിച്ചം നൽകാനായി വന്നു. "അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരാശിയുടെ വെളിച്ചമായിരുന്നു" (യോഹ. 1:4). പക്ഷേ പലർക്കും വെളിച്ചം വിവാദവിഷയവും അതൃപ്തിജനകവുമായിരുന്നു. അവരിൽ പലരും അന്ധകാരത്തിൽതന്നെ തുടരാൻ തീരുമാനിച്ചു. "എന്നാൽ വെളിച്ചം അന്ധകാരത്തിൽ പ്രകാശിച്ചു. അന്ധകാരത്തിന് അതിനെ കീഴ്പ്പെടുത്താൻ കഴിഞ്ഞതുമില്ല" (യോഹ. 1:5). "പാരം പ്രഭാപൂരം പാരിന്നരുളുന്ന" പരമവെളിച്ചമായാണ് അവിടന്നു വന്നത്. പക്ഷേ ദുഷ്പ്രവണതകളിൽനിന്നും തണ്യപ്രവർത്തനങ്ങളിൽനിന്നും പിൻമാറാനാഗ്രഹിക്കാത്ത മനുഷ്യർക്ക് വെളിച്ചം അപ്രീതിജനകവും ഭീതിസ്വരൂപവുമായിരുന്നു. അവർ വെളിച്ചത്തെ ഭയപ്പെട്ട്, നിരാകരിച്ച് അതു അണച്ചുകളയാനാഗ്രഹിച്ചു. യേശുനാഥൻ ഫരിസേയനായ നിക്കോദേമൂസിനോട് പറയുന്നതുപോലെ "അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചു. കാരണം അവരുടെ പ്രവർത്തികൾ തിന്മയായിരുന്നു. തിന്മ പ്രവൃത്തിക്കുന്ന ഓരോരുത്തനും വെളിച്ചത്തെ വെറുക്കുന്നു; വെളിച്ചത്തിലേക്ക് പ്രവേശിക്കാൻ മടിക്കുന്നു. കാരണം

വെളിച്ചം അവരുടെ പ്രവർത്തനങ്ങളെ പുറത്തുകൊണ്ടുവരുമെന്ന് ഭയപ്പെടുന്നു" (യോഹ. 3:19-20).

അങ്ങനെ അന്ധകാരമയമായ ഒരു ലോകം നമ്മെ ആവരണം ചെയ്യുന്നുണ്ട്. ഈ ഇരുളിൻപരപ്പിൽ പ്രകാശത്തിന്റെ കതിരായാണ് യേശുനാഥൻ വന്നത്. തന്റെ വചനത്തിലൂടെ, പ്രവർത്തനങ്ങളിലൂടെ, സർവ്വോപരി അതിരറിയാത്ത ആത്മനിവേദനമായ ഹോമബലിയിലൂടെ അവിടന്ന് അന്ധകാരത്തെ കീഴ്പ്പെടുത്തി. വെളിച്ചത്തിന്റെ വിണ്ണിൻപ്രഭ പാപപങ്കിലമായ ഈ മണ്ണിനു നൽകി. മണ്ണിൽ ജീവിക്കുന്ന എല്ലാവർക്കും വിണ്ണിന്റെ വിമല വെളിച്ചത്തിൽ പങ്കുചേരാനുള്ള അവകാശവും നൽകി. ഈ വെളിച്ചം ആശ്ലേഷിക്കുകയും അലോകസുന്ദരമായ അതിന്റെ ദീപ്തിപ്രചുരിമയിൽ ചരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വെളിച്ചത്തിന്റെ മകളാണ് നിവേദിതയും നിത്യഭക്തയുമായ യേശുശിഷ്യ. വെളിച്ചമാകുന്ന യേശുവിനെ അവൾ മനസ്സിൽ വരിച്ച് ധ്യാനിക്കുന്നു. വെളിച്ചത്താൽ പ്രകാശിതമായ പ്രവർത്തനങ്ങളിലൂടെ അവൾ യേശുവിനെ പ്രഘോഷിക്കുന്നു. യേശു പറയുന്നതുപോലെ "സത്യമായതു ചെയ്യുന്ന ഓരോ വ്യക്തിയും വെളിച്ചത്തിലേക്കു വരുന്നു; അങ്ങനെ അവരുടെ പ്രവൃത്തികൾ ദൈവത്തിൽ ചെയ്യപ്പെട്ടതാണെന്ന് വ്യക്തമായി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു."

"ദൈവം വെളിച്ചമാണ്" (1 യോഹ. 1:5). എന്നാൽ വെളിച്ചം സ്നേഹമാണ്. ക്രിസ്തീയ കാഴ്ചപ്പാടിലും ജീവിത ശൈലിയിലും സഹോദര സ്നേഹത്തിന്റെ ചൈതന്യംകൊണ്ട് മുദ്രിതമാകാത്ത ദൈവ സ്നേഹത്തിന് അംഗീകാരമില്ല. അതുപോലെതന്നെ ദൈവസ്നേഹം കൊണ്ട് മുദ്രിതമാകാത്ത വെറും മാനുഷിക താൽപര്യങ്ങൾക്കും വലിയ സ്ഥാനമൊന്നുമില്ല. ദൈവസ്നേഹവും പരസ്നേഹവും ഒരു ഞെട്ടിൽ വിരിയുന്ന രണ്ട് കുസുമങ്ങളാണ്. ദൈവം സ്നേഹമാകുന്നു എന്ന് എഴുതിയ യോഹന്നാൻശ്ലീഹ തുടർന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നത് ഇപ്രകാരമാണ്: "എന്നാൽ അവൻ ആയിരിക്കുന്നതുപോലെ, നമ്മളും വെളിച്ചത്തിൽ നടക്കുകയാണെങ്കിൽ നമുക്ക് പരസ്പരം കൂട്ടായ്മ ഉണ്ടായിരിക്കും. ദൈവപുത്രനായ യേശുവിന്റെ രക്തം എല്ലാ പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും" (1 യോഹ. 1:7). അതുകൊണ്ട് വെളിച്ചം സഹോദരസ്നേഹവും സ്നേഹത്തിൽനിന്നു ഉയരുന്ന കൂട്ടായ്മയുമാണ്. ഈ സത്യം ശിരസ്സാവഹിച്ച് വെളിച്ചം സ്നേഹമായി ഗ്രഹിക്കാനും, സ്നേഹം സേവനമായി

അവതരിപ്പിക്കുവാനും യേശുശിഷ്യ ഉൽസുകയാണ്. അവളുടെ സ്നേഹമലർവാടിയിൽ സദാ ത്യാഗത്തിന്റെ കുസുമങ്ങൾ വിരിയുന്നതും അതുകൊണ്ടാണ്. എന്നാൽ സ്നേഹം ത്യാഗത്തെ വേദനയുടെ മുള്ളുകളിൽനിന്നു വിമുക്തമാക്കി ആന്തരികമായ ഒരു ആഹ്ലാദത്തിന്റെ അരുവിയാക്കി മാറ്റുന്നു. ഇതിന്റെ അർത്ഥം, ത്യാഗം അതിന് സഹജമായ സഹനസ്വഭാവം വെടിയുന്നു എന്നല്ല; പ്രത്യുത, സഹനം സ്നേഹത്തോടെ സ്വീകരിക്കപ്പെടുമ്പോൾ, സന്തോഷദായകമായിത്തീരുന്നു എന്നതാണ്. സ്നേഹമില്ലാത്ത ലോകത്തിൽ സ്നേഹമാകുന്ന വെളിച്ചം നൽകി തന്റെ ശിഷ്യരെല്ലാം മറ്റുള്ളവർക്ക് വഴികാട്ടികളാകണമെന്ന് തന്റെ നാഥൻ ആഗ്രഹിക്കുന്നുണ്ടെന്ന് യേശുശിഷ്യയ്ക്ക് അറിയാം. "നിങ്ങളുടെ നല്ല പ്രവൃത്തികൾകണ്ട് നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം വിധിക്കട്ടെ" എന്നാണ് അവിടന്ന് അരുൾചെയ്തിട്ടുള്ളത്. ശത്രുക്കൾ ഉൾപ്പെടെ എല്ലാവർക്കുംവേണ്ടി സ്വന്തം ജീവൻ ആഹുതിചെയ്തുകൊണ്ട് അവിടന്ന് ഈ ആദർശം അക്ഷരംപ്രതി അനുവർത്തിക്കുകയും ചെയ്തു. അവസാന വിധിനാളിൽ ലോകവിധിക്കായി ആകാശവീഥിയിൽ അണയുമ്പോൾ അവിടന്ന് ഉപയോഗിക്കുന്ന ഒരേഒരു മാനദണ്ഡവും ഇതുതന്നെയാണ്: ദൈവസ്നേഹം മനുഷ്യസ്നേഹത്തിൽ മുദ്രിതമായിരിക്കണം. അതുകൊണ്ട് വിധിയാളനായി അണയുന്ന യേശുനാഥൻ അരുൾചെയ്യുന്നത് ഇപ്രകാരമാണ്:

> എന്റെ പിതാവിനാൽ അനുഗൃഹിതരായവരേ വരുവിൻ. ലോകാരംഭം മുതൽ നിങ്ങൾക്കുവേണ്ടി സജ്ജമാക്കപ്പെട്ടിരിക്കുന്ന ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവിൻ; എന്തെന്നാൽ എനിക്ക് വിശന്നപ്പോൾ നിങ്ങൾ എനിക്ക് ഭക്ഷണം തന്നു.; ദാഹിച്ചപ്പോൾ കുടിക്കുവാൻ തന്നു; പരദേശിയായ എന്നെ നിങ്ങൾ സ്വീകരിച്ചു; നഗ്നനായ എന്നെ നിങ്ങൾ വസ്ത്രം ഉടുപ്പിച്ചു. രോഗിയായ എന്നെ നിങ്ങൾ സന്ദർശിച്ചു; കാരാഗൃഹവാസിയായ എന്നെ നിങ്ങൾ സമാശ്വസിപ്പിച്ചു (മത്താ. 25:34-36).

ഈ അവസാന വിധിവാചകത്തിലൂടെ "ഈ ചെറിയവരിൽ ഓരോരുത്തർക്കും നിങ്ങൾ ചെയ്തതെല്ലാം എനിക്കായി ചെയ്തതായി കരുതും" എന്ന് അവിടന്ന് പറഞ്ഞിട്ടുള്ളത് പൂർണമായി സ്ഥിരീകരിച്ചു. ഈ ക്രിസ്തീയദർശനം വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് കണ്ട്,

ഹൃദയത്തിന്റെ ഭാഷയായ സ്നേഹത്തിൽ വളർത്തിയെടുത്ത്, സ്വന്ത ജീവിതത്തിൽ സാക്ഷാൽകരിക്കാൻ പരിയത്നിക്കുന്നവളാണ് യേശുശിഷ്യ. മനസ്സിന്റെ പ്രാണനാഥനെ മനുഷ്യരെല്ലാവരിലും കാണാൻ അതുകൊണ്ട് അവൾക്കു സാധിക്കുന്നു. യേശുനാഥനോടുള്ള സ്നേഹം തനിക്കുചുറ്റുമുള്ള എല്ലാ വ്യക്തികളോടുമുള്ള സ്നേഹമായി പരിണമിക്കുകയും ചെയ്യുന്നു. പാരിന്റെ പ്രഭാപൂരമായി വന്ന തന്റെ നാഥനെ അനുകരിച്ച് സ്നേഹത്തിന്റെ കനകപ്രഭ തനിക്കുചുറ്റും അവിരാമം പരത്താൻ അവൾക്കു കഴിയും. അവളുടെ നാഥൻ തന്നെ അവളുടെ ഉള്ളിൽ വസിച്ചുകൊണ്ട് അവളെ വെളിച്ചത്തിന്റെ ഈ സുരക്ഷിത പാതയിലൂടെ നടത്തുകയും ചെയ്യും.

അവളുടെ മനസ്സ് ഉദ്ദീപ്തമത്താണ്. മനസ്സിൽ മായാതെ സൂക്ഷിക്കുന്ന ഓർമ്മ ധ്യാനമായി മാറുന്നു. ധ്യാനം ഒരു നവബോധം സൃഷ്ടിക്കുന്നു. നവാവബോധത്തിൽ നിന്ന് സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും സ്ഫുലിംഗങ്ങൾ പുറപ്പെടുന്നു. മനസ്സ് ഉള്ളിന്റെയുള്ളിൽ വസിക്കുന്ന യേശുനാഥന്റെ പ്രകാശകിരണങ്ങളാൽ ശോഭായമാനമാകുന്നു. യേശുവിന്റെ മനസ്സിനോട് താദാത്മ്യം പ്രാപിക്കുന്നു. നിരന്തരമായി മനസ്സിൽ വച്ചു സൂക്ഷിക്കുന്ന ഓർമ്മ, കാലക്രമേണ ഊറിയുറച്ച്, സ്ഥായീഭാവമുള്ള മാനസികാവസ്ഥയായി മാറുന്നു. ആ ഭാവം യേശുവിന്റെ ഭാവമാണ്.

ഈ മനസ്സിൽനിന്നുയരുന്നത് യേശുകിരണങ്ങളാണ്. യേശു പ്രിയയുടെ മനസ്സ് അങ്ങനെ യേശുമനോഭാവത്തിൽ അലിഞ്ഞു ചേരുകയും യേശുവിന്റെ കിരണങ്ങൾ പ്രതിബിംബിക്കുകയും ചെയ്യുന്നു. അങ്ങനെ പാരം പ്രഭാപൂരം പാരിനരുളുന്ന ഒരോർമ്മയായി അവളുടെ മനസ്സ് സദാ ദീപ്തമായി നിലകൊള്ളുന്നു. ഹ്രസ്വമായ തന്റെ ജീവിതത്തിന്റെ അവസാനത്തിൽ ആ പാദാരവിന്ദത്തെ ശരണം ഗമിക്കണമെന്നുമാത്രമേ അവൾക്ക് ഇനി ആഗ്രഹമുള്ളൂ. അതിനായി അവൾ അനുദിനം പ്രാർത്ഥിക്കുന്നു. നിമിഷം തോറും ഒരുങ്ങുന്നു.

ഓരോ ദിനത്തിലും ത്യാഗസുമങ്ങളെൻ
ജീവിതപ്പൊൻ നൂലിൽ കോർത്തിണക്കി
ആത്മാവിനന്തരസ്പന്ദനബന്ധിയാം
ആ മലർ മാലയും കയ്യിലേന്തി

"എന്റെ സ്വയംവരഹാരം എന്റെ ജീവിതസമാഹാരമാണ്" ഇതാണു ഈ വരികളിലൂടെ യേശുശിഷ്യക്ക് ചുരുക്കത്തിൽ പറയയുവാനുള്ളത്.

ഓരോ ദിനത്തിലും ത്യാഗസുമങ്ങളെൻ...

യേശുശിഷ്യയുടെ നിരന്തര ധ്യാനം യേശുപ്രേരിതവും യേശുകേന്ദ്രീകൃതവുമാണ്. അത് ഭൂതത്തിലേക്കും ഭാവിയിലേക്കും ഒരുപോലെ നീണ്ടുപോകുന്നു. കഴിഞ്ഞ കാലത്ത് യേശു ചെയ്ത സ്വയം സമർപ്പണവും ത്യാഗോജ്വല ജീവിതവും അതിൽ മായാതെ നിൽക്കുന്നു. എന്നാൽ, അതുപോലെ തന്നെ, വരുംകാലത്തു നടക്കാനിരിക്കുന്ന പ്രിയതമനായ യേശുവിന്റെ പുനരാഗമനവും സമാശ്ലേഷവും അവൾ മുൻകൂട്ടികാണുന്നു. ഭൂതവും ഭാവിയും ഒന്നിച്ചുനിർത്തുന്ന, അമൂല്യ തീവ്രതയാർന്ന നിമിഷങ്ങളാണ് അവളുടെ വർത്തമാനകാലം. സർവ്വം യേശുമയം, സർവ്വം യേശുസമർപ്പിതം, സർവ്വം യേശുപ്രേരിതം.

ഭാവിയിൽ തന്നെ എതിരേൽക്കാൻ പള്ളിയെഴുന്നള്ളുന്ന ദിവ്യനാഥനെ സ്വീകരിക്കാൻ ഒരു സ്വയംവരഹാരം തീർത്തെടുക്കാൻ അവൾക്കാഗ്രഹമുണ്ട്. കനകക്കല്ലുകൾ പതിച്ച സ്വർണമാല വേണമോ അതോ നല്ല നിറമാർന്ന, മണമാർന്ന പുഷ്പങ്ങൾ കോർത്തെടുത്ത മലർമാല വേണമോ അവൾ ചിന്തിച്ചു. അവസാനം അവ രണ്ടും വേണ്ടെന്നു വച്ചു. കനകത്തിന്റെ പ്രഭയും പ്രാധാന്യവും ദിവ്യനാഥന്റെ സ്വർഗ്ഗീയ പ്രഭയ്ക്കുമുമ്പിൽ തേജോമയമല്ല. പൂമാലയുടെ മണവും വർണവും നൈമിഷികമാണ്. അതുകൊണ്ട് വാടാത്ത കുസുമങ്ങൾ കൊണ്ടും സ്വർഗ്ഗത്തിൽ മിന്നുന്ന പൊൻനൂലുകൊണ്ടും മാല കെട്ടാൻ അവൾ തീരുമാനിച്ചു. ഈ മാലയിലെ പൂക്കൾ വിരിയുന്നത് അവളുടെ ജീവിതമലർവാടിയിലാണ്. എന്നും വിരിയുന്ന പൂക്കൾ, എവിടെയും മണം വിതറുന്ന പൂക്കൾ. ഓരോ ദിനം തോറും യേശുനാഥനെ മനസ്സിൽ നിനച്ച് അവൾ ചെയ്യുന്ന ഓരോ നല്ല പ്രവൃത്തിയും ഈ മാലയിലെ മലരുകളായി അവൾ കണ്ടു. സ്നേഹത്തിന്റെ, സേവനത്തിന്റെ, ത്യാഗ സമ്പൂർണ്ണമായ സ്വയം സമർപ്പണത്തിന്റെ വാടാമലരുകൾ. വാടാത്ത സൗന്ദര്യവും മങ്ങാത്ത സൗരഭ്യവും ചേർന്ന ഈ ത്യാഗകുസുമങ്ങൾ കൊണ്ട് തന്റെ ജീവിതമാകുന്ന പൊൻനൂലിൽ മാല കൊരുത്ത്, ആ മലർ മാലയുമായി തന്റെ ആത്മനാഥനെ സ്വീകരിക്കാൻ അവൾ തീരുമാനിച്ചു. അങ്ങനെ ഈ മണ്ണിൽ ജീവിച്ചുകൊണ്ട്, ഈ മണ്ണിന്റെ

മണവും മനോവ്യഥയും അനുഭവിച്ചുകൊണ്ട് ഓരോന്നും ഓരോ മലരായി സ്വീകരിച്ചുകൊണ്ട് അവൾ മാലകൊരുത്തു. ഈ പൂക്കൾക്ക് ഒരു പ്രത്യേകത കൂടിയുണ്ട്. ഓരോ പൂവും അവളുടെ ഓരോ ഹൃദയസ്പന്ദനത്താൽ ബന്ധിതമാണ്. കാരണം, കവിഞ്ഞൊഴുകുന്ന ആന്തരിക അനുഭൂതിയോടും സ്നേഹവായ്പോടും കൂടെയാണ് ഈ ത്യാഗകുസുമങ്ങൾ അവൾ പറിച്ചെടുക്കുന്നതും മാലയിൽ കൊരുക്കുന്നതും. അതുകൊണ്ട് അവൾ പാടുന്നു, "ആത്മാവിനന്തര സ്പന്ദനബന്ധിയാം ആ മലർ മാലയും കയ്യിലേന്തി"യെന്ന്. തന്റെ സ്നേഹനാഥനെ സ്വീകരിക്കാൻ കൈമുതലായി അവൾക്ക് ഈ മലർമാല മാത്രമേയുള്ളൂ. എന്നുവച്ചാൽ അവളുടെ സ്വയംവരഹാരം അവളുടെ ജീവിത സമാഹാരമാണെന്ന് സാരം. ഈ ലോകത്തിലെ കനകമോ കാന്തിയോ നിലയോ വിലയോ സ്ഥാനമോ മാനമോ അവളുടെ ദിവ്യനാഥനെ സമാഹർഷിക്കുകയില്ലെന്ന് അവൾക്കറിയാം. അതുകൊണ്ട് എല്ലാം ത്യജിച്ച്, സർവ്വബന്ധനവിമുക്തയായി സ്വന്തംജീവിത സമാഹാരമായ മലർമാലയും കൈയിലേന്തി നാഥന്റെ വരവും കാത്ത് അവൾ നിലകൊള്ളുകയാണ്.

നിസ്സംഗമായി, നിസ്വാർത്ഥമായി യേശുനാഥനെ നിരാമയം അനുഗമിച്ച നിരവധി ശിഷ്യമണികളുടെ ചരിത്രം യേശുശിഷ്യയുടെ സ്മൃതിപഥത്തിലൂടെ കടന്നുപോയി. അങ്ങനെ തിരുസഭയുടെ ആദിമ ശതകങ്ങളിൽ നാടും വീടും വിട്ട് ഇറ്റലിയിലെ പിരണീസ് പർവത നിരകളിൽ അഭയംതേടിയ വിശുദ്ധ ബെനഡിക്ടിനെയും സഹോദരി സ്കൊളാസ്റ്റിക്കയെയും അവൾ ഓർത്തു. ഇരുവരും സമ്പൽ സമൃദ്ധമായ പ്രഭുകുടുംബത്തിൽ ജനിച്ചുവളർന്ന്, ഇഷ്ടപ്പെട്ടതെല്ലാം അനായസേന ലഭിക്കാൻ സാധിക്കുന്ന സാഹചര്യത്തിൽനിന്ന് ഓടി അകന്ന്, പർവതങ്ങളിലെ ഗുഹാദ്വാരത്തിൽ, മൗനത്തിന്റെ മനോജ്ഞമായ അന്തരീക്ഷത്തിൽ ജീവിതസാഫല്യം തേടിയവരാണ്. അവർക്കിതെങ്ങനെ സാധിച്ചു? അവർ എന്തിനുവേണ്ടി മലമടക്കുകൾ കയറിയിറങ്ങി? എന്തുകൊണ്ട് പ്രഭുത്വത്തിന്റെ പ്രൗഢിയും മോടിയും ഉപേക്ഷിച്ച് നിർധനരായി, നിസ്സംഗരായി വനത്തിൽ തപസ്സ് ചെയ്തു? 300 കൊല്ലത്തെ മതപീഡനത്തിനുശേഷം കത്തോലിക്കാസഭയ്ക്ക് പൂർണ സ്വാതന്ത്ര്യം ലഭിച്ച സൗഭാഗ്യത്തിന്റെ ആ നാളുകളിൽ മൗനവും ധ്യാനവും മാത്രം കൈമുതലാക്കി എല്ലാം ഉപേക്ഷിച്ച് എല്ലാറ്റിന്റെയും അധിനാഥനായ യേശുവിനെ അവർ പർവതത്തിന്റെ ഏകാന്തതയിൽ കണ്ടു. ആ യേശുസംഗമത്തിൽ അവർ ജീവിതസാഫല്യം നേടി. വീണ്ടും

തിരുസഭാചരിത്രത്തിന്റെ മദ്ധ്യശതകങ്ങളിൽ ദരിദ്രനായി പിറന്ന്, ദരിദ്രനായി ജീവിച്ച്, ദരിദ്രനായിത്തന്നെ മരിച്ച യേശുനാഥനെ അനുഗമിക്കാൻ മനസ്സിലുറച്ച തീരുമാനമായി കുലീനകുടുംബങ്ങളിൽ നിന്നും വന്ന രണ്ടുപേരാണ് ഫ്രാൻസിസും ക്ലാരയും. അസ്സീസി നഗരത്തിൽ ഒട്ടേറെ വിസ്മയവും വിമർശനവും സൃഷ്ടിച്ചുകൊണ്ട് ഈ യുവത്തിടുമ്പുകൾ ആദ്ധ്യാത്മിക ദാരിദ്ര്യത്തിന്റെ പ്രേഷിതരായ യേശുശിഷ്യരായിതീർന്നു. ആധുനികയുഗത്തിലാകട്ടെ, നമ്മുടെ ഏവരുടെയും ശ്രദ്ധ സമാകർഷിച്ച വലിയ വ്യക്തിയായി കൽക്കത്തയിലെ മദർ തെരേസ വിളങ്ങിനിന്നു. എന്താണ് അതിനു കാരണം? എല്ലാം ഉപേക്ഷിച്ച്, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട, മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യക്കോലങ്ങളെ, തെരുവിൽനിന്നു താങ്ങിയെടുത്ത് അവർക്ക് ജീവനും സ്നേഹവും പകർന്നതാണ് ഈ ധന്യയുടെ ജീവിതശൈലി. മാതൃകകളായി മുന്നേപോയ എല്ലാവരിലും യേശുശിഷ്യ കാണുന്നത് ഒരേയൊരു പ്രതിഭാസവിശേഷമാണ്. എല്ലാം ത്യജിക്കുക, എല്ലാററിനെയും അതിജീവിക്കുക, എല്ലാററിന്റെറയും വിധാതാവും വിധിനായകനുമായ യേശുവിലൂടെ എല്ലാം സമാശ്ലേഷിക്കുക.

യേശുവിനെ സ്വീകരിക്കണമെങ്കിൽ, സമാശ്ലേഷിക്കണമെങ്കിൽ കരങ്ങൾ സ്വതന്ത്രവും ഹൃദയം ശുദ്ധവുമായിരിക്കണം. സർവ്വം ഉപേക്ഷിച്ചുകൊണ്ട് സർവ്വതും വരിക്കുന്നവരാണ് യഥാർത്ഥത്തിലുള്ള യേശുശിഷ്യർ. യേശുശിഷ്യയുടെ മനസ്സ് യേശുവിൽ കേന്ദ്രീകൃതമാണ്. യേശുവിനാൽ പ്രകാശിതമാണ്. തന്റെ ജീവിത സമാഹാരമായ സ്വയംവരഹാരമല്ലാതെ മറെറാന്നും യേശുനാഥനു നൽകുവാൻ അവൾക്കില്ല. തനിക്കു മുന്നേപോയ വിശുദ്ധരായ യേശുശിഷ്യരുടെ കാൽപ്പാടുകൾ തേടിയും ജീവിതശൈലികൾ പകർത്തിയും യേശുവിലൂടെ എല്ലാം കാണാനും സംഗ്രഹിക്കാനും, സനാതനത്വത്തിന്റെ മഹോത്തരപദവിയിലേക്ക് ഉയർത്താനും അവൾക്ക് കഴിയുന്നു. സ്വതന്ത്രയായി, സർവ്വാതിരിക്തയായി, എന്നാൽ സർവ്വപ്രേമിയായി അവൾ യേശുവിനെ വരിക്കുന്നു. യേശുവിൽ മനുഷ്യകുലം മുഴുവൻ ഉൾക്കൊണ്ടിരിക്കുന്നതുകൊണ്ട് ഈ വരണമാല്യം അവളെ മററു മനുഷ്യരിൽനിന്ന് അകററുകയല്ല പ്രത്യുത മനുഷ്യമഹാകുലത്തിന്റെ സ്നേഹഹൃദയത്തിലേക്കു ആഴത്തിൽ കൊണ്ടുവരികയാണു ചെയ്യുന്നത്. അതുകൊണ്ട് എല്ലാററിനെയും അതിജീവിച്ചുകൊണ്ടും എന്നാൽ എല്ലാം സമാശ്ലേഷിച്ചുകൊണ്ടും തന്റെ മംഗല്യമാല്യവുമായി അവൾ യേശുവിനെ സമീപിക്കുന്നു.

ഈ സ്നേഹത്തിന് ആദ്യമുണ്ടെങ്കിലും അന്ത്യമില്ല, ഈ ലോകത്തിലും പരലോകത്തിലും അവസാനമില്ല. വികലതയുണ്ടെങ്കിലും വിശ്വോത്തരമായി സദാ ഉയരുന്നതാണ്. വികാരതീവ്രതയുണ്ടെങ്കിലും ആത്മാവിന്റെ അടിത്തട്ടിൽ അരക്കിട്ടുറപ്പിച്ചതാണ്. വിശ്വവിശാലമായി വിരിയുന്നുണ്ടെങ്കിലും വിശ്വവിധാതാവിനു സദാ സമർപ്പിതമാണ്.

നീ വരും തൂവെള്ള പൂമേഘത്തേരിന്റെ
ആഗമനേരവും പാർത്തിരിക്കെ
ആഗ്നേയ ദൂതൻമാർ ആഹ്ലാദചിത്തരായ്
വെൺമേഘവ്യൂഹമായി നോക്കിനിൽക്കേ

നീവരും തൂവെള്ള പൂമേഘത്തേരിന്റെ...

അനന്തതയിലേക്ക് കണ്ണുംനട്ട്, അരുമനാഥന്റെ വരവും കാത്തിരിക്കുന്ന യേശുശിഷ്യയുടെ അനുഭവങ്ങളാണ് ഇനിയും നമുക്ക് കാണാനുള്ളത്. യേശുനാഥന്റെ രണ്ടാമത്തെ ആഗമനം അങ്ങ് വിദൂരതയിൽ കണ്ടിരുന്ന ഒരു സ്വപ്നമായിരുന്നു ഇന്നുവരെ. എന്നാൽ അതിപ്പോൾ തീർത്തും മാറി. പ്രതീകങ്ങൾ യഥാർത്ഥ്യങ്ങളായി മാറാനുള്ള സമയം അടുത്തു കഴിഞ്ഞെന്ന് അവൾക്ക് മനസ്സിലാകുന്നു. പണ്ട് നാട്ടിലെ അരുവികളും കാട്ടിലെ തരുനിരകളും ദിവ്യനാഥനെക്കുറിച്ചുള്ള ഓരോരോ കഥകൾ അവളോട് ഉരിയാടിക്കൊണ്ടിരുന്നു. വിണ്ണിൽ വിടരുന്ന മിന്നൽപിണരുകളിൽ അവൾ അവളുടെ അരുമനാഥന്റെ മുഖകമലം കണ്ടിരുന്നു. അതുപോലെ, കാനനവീഥികളിൽ അവിടത്തെ കാലടികളും. കാട്ടുകുരുവികളുടെ കളകൂജനങ്ങളിൽ അവിടുത്തെ പ്രേമനിസ്വനങ്ങളും അവൾ അനുഭവിച്ചുകൊണ്ടിരുന്ന കാലം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് എങ്ങും വിരസത, എവിടെയും മൗനം. പ്രകൃതിയുടെ രൂപലാവണ്യവും സ്നേഹസല്ലാപങ്ങളും മാറിമറഞ്ഞതുപോലെ. ഒരുപക്ഷേ പ്രതീകങ്ങളിലൂടെയുള്ള യേശുവിന്റെ സംസ്സാരം അവൾക്ക് മതിയായിക്കഴിഞ്ഞു. തന്റെ തിരുമുഖം മറയ്ക്കുന്ന സ്വർണതിരശ്ശീല മാറ്റി നേരിട്ട് തന്നോട് സംസാരിക്കണമെന്ന് അവൾ യേശുനാഥനോടു യാചിക്കുന്നു. വിക്കിവിക്കിപ്പറയുന്ന സൃഷ്ടജാലങ്ങളുടെ വർത്തമാനം കേട്ടു ഞാൻ മടുത്തു. ഇനി എന്റെ ദിവ്യനാഥന്റെ സചേതനനാദം നേരിട്ടുകേൾക്കാൻ എന്റെ കാതുകൾ കൊതിക്കുന്നു. സ്വർഗ്ഗീയദ്യുതി പകരുന്ന ആ മുഖകമലം കാണാൻ എന്റെ കണ്ണുകൾ കാംക്ഷിക്കുന്നു. വേണ്ട, ഇനി വൈകരുത്. നേരിട്ട് സംസ്സാരിക്കാനുള്ള സമയം ഇതാ വന്നുകഴിഞ്ഞു. അങ്ങ് അകലെ

നിൽക്കുന്ന യേശുനാഥനാകട്ടെ അവളുടെ നിർമ്മല മനസ്സിൽ നിന്നുയരുന്ന വികാരവീചികൾ കണ്ട് അവളിൽ സന്തുഷ്ടയായി അവളെ സ്വീകരിക്കാൻ ഒരുങ്ങുകയാണ്. വെൺമേഘങ്ങളാൽ നിർമ്മിതമായ സ്വർഗ്ഗീയതേരൊരുക്കി, വിശ്വവിഹായസ്സിലേയ്ക്ക് ഇറങ്ങിവരാൻ അവിടന്ന് തീരുമാനിച്ചുകഴിഞ്ഞു. ആ വരവിന്റെ പ്രതീക്ഷയാണ് യേശുശിഷ്യയുടെ ഈരടികളിൽ മുഴങ്ങുന്നത്; "നീ വരും തൂവെള്ള പൂമേഘത്തേരിന്മേറ..."

പണ്ട് ഈജിപ്തിലെ അടിമത്ത്വത്തിൽ നിന്ന് ഇസ്രായേൽ ജനത്തെ സ്വതന്ത്രരാക്കി കാനാൻ ദേശത്തേക്ക് നയിച്ചപ്പോൾ തീമേഘത്തേരിൽ യഹോവ അവർക്കുമുന്നേ യാത്രചെയ്തിരുന്നു. മനുഷ്യവംശത്തിന്റെ അവസാന വിധിക്കായി യേശുനാഥൻ പള്ളിയെഴുന്നള്ളുമ്പോഴും സ്വർഗ്ഗോജ്വലമായ മേഘത്തേരിലായിരിക്കും വരിക എന്നതും യേശുശിഷ്യയ്ക്കറിയാം. അതുകൊണ്ട് തന്റെ അരുമനാഥൻ അവളെ സ്വീകരിക്കാൻ പൂമേഘത്തേരിൽ ഇറങ്ങിവരുമെന്ന് അവൾ കരുതുന്നു. മേഘത്തേരും വ്യോമയാത്രയും സർവേശ്വരന്റെ അനന്തശക്തിയുടെയും സൃഷ്ടവസ്തുക്കളെയെല്ലാം ആവശ്യാനുസരണം ഉൾക്കൊള്ളാനും പുറംതള്ളാനുമുള്ള തന്റെ കഴിവിന്റെയും പ്രതീകമാണ്. അവിടത്തേക്ക് ഒന്നും അസാധ്യമല്ല. പരിമിതികളുടെയും പാരതന്ത്ര്യത്തിന്റെയും ലോകം അവസാനിക്കുകയാണ്. അമലവും അലോകസുന്ദരവുമായ ഒരു പുതിയ ജീവിതത്തിലേക്ക് അവളെ കൊണ്ടുപോകാനാണ് അവിടന്ന് പള്ളിയെഴുന്നള്ളുന്നത്.

ആഗ്നേയ ദൂതൻമാർ...

വാനവദൂതരാൽ പരിസേവിതനായി അഗ്നിചിറകുകളുള്ള മാലാഖമാരുടെ അകമ്പടിയോടുകൂടെയാണ് അവിടുന്ന് വരുന്നത്. ആകാശവും ഭൂമിയും സൃഷ്ടിച്ചവനും മണ്ണും വിണ്ണും വിളക്കിയവനുമായ മന്നവന് ഈ ലോകത്തിൽ പടയാളികളോ സേവകരോ ഇല്ലായിരുന്നു. തന്റെ സമയം സമാഗതമായപ്പോൾ ഗത്സമേനിയിൽ തന്നെ പിടികൂടിയ പടയാളികൾക്കെതിരേ അടരാടാൻ ഒരു സേനയോ സാരഥിയോ അവിടത്തേക്ക് ഉണ്ടായിരുന്നില്ല. വെറും കൈയോടെ നാടുനീളെ നടന്ന് നന്മ ചെയ്ത യേശുനാഥൻ വെറുംകയ്യോടെ തന്നെ അവർക്ക് അഭിമുഖീഭവിക്കുകയും അവർക്കു സ്വയം വിട്ടുകൊടുക്കുകയും ചെയ്ത

ആ ദുഃഖവേളയിൽ തന്റെ ശിഷ്യനായ പത്രോസ് വാളെടുത്ത് ശത്രുപക്ഷത്തുള്ള ഒരു സേവകന്റെ ചെവി ഛേദിച്ചപ്പോൾ യേശുനാഥൻ അരുൾചെയ്തത് യേശുശിഷ്യ ഓർക്കുന്നു: "പത്രോസേ, വാൾ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാൽ മരിക്കും. വേണമെങ്കിൽ സ്വർഗ്ഗത്തിൽ നിന്നുമുള്ള മാലാഖമാരുടെ മഹാവ്യൂഹം എന്നെ രക്ഷിക്കാൻ വരികയില്ലയോ അങ്ങനെയെങ്കിൽ ഇവ സംഭവിക്കണമെന്ന തിരുവെഴുത്തുകൾ എങ്ങനെ നിറവേറും" (മത്താ. 26:51-54). ഞാങ്ങണ ച്ചെങ്കോലും അപഹാസിത രാജവസ്ത്രവും കൂർമുള്ളുകൾ ചാർത്തിയ മന്നവ മകുടവും നൽകി തന്നെ അവഹേളിച്ചപ്പോഴും തന്നെ സംരക്ഷിക്കാനും തനിക്കായി സംസാരിക്കാനും അവിടന്ന് ആരെയും ഒരുക്കിനിറുത്തിയില്ല. അഗ്നിച്ചിറകുകളുള്ള ദൈവദൂതവൃന്ദങ്ങൾ തനിക്കുചുററും നിൽക്കുമ്പോൾ എന്തിനാണ് വെറും മനുഷ്യ നിർമ്മിതങ്ങളായ ആയുധങ്ങളും അനുവർത്തകരും? വേണ്ടാ, ആരും വേണ്ട; മനുഷ്യകുലസമുദ്ധാരണത്തിന്റെ ബലിവേദിയിൽ, ഏകനായി, പരിത്യക്തനായി, പരിഹാസിതനായി, പാപിയെപ്പോലെ മരണം വരിക്കാൻ അവിടുന്ന് തയ്യാറായിരുന്നു. മരണത്തിൽനിന്ന് ജീവനും സഹനത്തിൽനിന്ന് സന്തോഷവും പരിത്യക്തതയിൽനിന്ന് പരമോന്നതിയും കൊയ്തെടുക്കാൻ കഴിവുള്ള കരദ്വയമാണ് അവളുടെ ആത്മനാഥനുള്ളത്. പിന്നെ എന്തിന് മനുഷ്യസേന, മാനവശക്തി പ്രകടനം!

അതാ അവിടന്നിപ്പോൾ എഴുന്നള്ളിവരുന്നു; മേഘവ്യൂഹം പോലെ തിങ്ങിനിൽക്കുന്ന വ്യോമസേനയുടെ സർവാധിപനായി, രാജാക്കൻമാരുടെ രാജാവായി, സർവരുടെയും വിധിനാഥനായി, സർവോപരി അവളുടെ പ്രണയനാഥനായി, ജീവിതസാഫല്യമായി. പ്രതീക്ഷയുടെ ചിറകുവരിച്ച്, സർവ്വാതിരിക്തയായി, സ്വർഗ്ഗോന്മുഖയായി അവൾ നിലകൊള്ളുന്നു. താൻ വിടപറഞ്ഞ് വിരമിക്കുന്ന സ്വന്തംലോകത്തെ അവൾ അനുസ്മരിക്കുന്നു.

അഗ്നിച്ചിറകുകളുള്ള ആണവബോംബുകൾ ഉണ്ടാക്കുന്ന മാനുഷികലോകത്തിലാണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. യേശു ശിഷ്യയും അതിന് അപവാദമല്ല. പക്ഷേ, അവളിപ്പോൾ ആ ലോകത്തോടു വിടപറയുകയാണ്. ദിനംതോറും ദുഷ്ടതയിലേക്കും കഷ്ടതയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ആ ലോകത്തെ സമർപ്പിച്ചുകൊണ്ട് അവൾ പലപ്പോഴും പ്രാർത്ഥിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിൽ

നിന്ന് അഗ്നി പെയ്യിക്കുന്ന നാട്ടിലാണ് നമ്മളിപ്പോൾ മനുഷ്യ നിർമ്മിതമായ മാരകാഗ്നികൾ, മനുഷ്യവേദന വർദ്ധിപ്പിക്കുന്ന മാരകായുധങ്ങളാൽ മാനവാന്തരീക്ഷം മുഖരിതമായിരിക്കുന്നു. എവിടെ നോക്കിയാലും സഹനം, അക്രമം, അകാലമരണങ്ങൾ, നീതി ധ്വംസനങ്ങൾ. അങ്ങനെ എവിടെയും മനുഷ്യനിർമ്മിതമായ കഷ്ടപ്പാടുകൾ. മനുഷ്യനെ മനുഷ്യനായി കാണാതെ, സഹോദരനെ സഹോദരനായി കാണാതെ എതിരാളിയും പ്രതിപക്ഷവ്യക്തികളുമായി കാണുന്ന ഈ ലോകത്തിൽനിന്ന് പരസ്പര വൈരുദ്ധ്യം വർദ്ധിപ്പിച്ച് മാരകായുധങ്ങളിൽ അഭയം തേടുന്ന ഈ ലോകത്തിൽനിന്നും, തന്റെ സമകാലീനരെ സംരക്ഷിക്കണമെന്ന് തന്റെ പ്രാണനാഥനോട് അവൾ സദാ പ്രാർത്ഥിക്കുന്നുണ്ട്. കാരണം, തന്റെ ആത്മനാഥൻ ദിവ്യാവതാരം ചെയ്ത് ഈ ലോകത്തിലേക്കു വന്നത് പാപികളെ തേടിയാണ്, അവരുടെ മാനസാന്തരം ആഗ്രഹിച്ചാണ്. ആഗ്നേയച്ചിറകുകളുള്ള വാനവ ദൂതൻമാരുടെ അകമ്പടിയോടുകൂടെ തന്നെ സ്വീകരിക്കാൻ വരുന്ന ദിവ്യനാഥനോട് അവൾ വീണ്ടും പറയുന്നു: "ഈ മാരകാഗ്നിയിൽ നിന്നു ഞങ്ങളെ സംരക്ഷിക്കണമേ."

സ്വർഗ്ഗീയ വ്യോമസേനയും ലോകത്തിലെ സായുധസേനയും രണ്ടു തരത്തിലുള്ള ലോകങ്ങൾക്കും കാഴ്ചപ്പാടുകൾക്കും പ്രതിനിധീഭവിക്കുന്നു. സ്വർഗ്ഗസേനയ്ക്കു മാരകായുധങ്ങൾ ഇല്ല. എവിടെയും സഹായ ഹസ്തങ്ങൾ നീട്ടാൻ സദാ സന്നദ്ധരായി, രാജന്റെ സ്നേഹദായകരായി, സ്വർഗ്ഗീയഗാനത്തിന്റെ കാഹളവാഹികളായാണ് അവർ ഈ ലോകത്തിലേക്കിറങ്ങി വരുന്നത്. വിദ്വേഷത്തിൽ സ്നേഹവും സഹനത്തിൽ സാന്ത്വനവും ഭീതിയിൽ ധൈര്യവും നൈരാശ്യത്തിൽ പ്രതീക്ഷയും നൽകി അവർ മനുഷ്യരാശിയെ സ്വർഗ്ഗോന്മുഖമായി ഉയർത്തുന്നു. യേശുനാഥന്റെ സ്വർഗ്ഗീയ മൂല്യങ്ങൾക്കുവേണ്ടി നിലകൊണ്ട യേശുശിഷ്യ സ്വർഗ്ഗത്തിലേക്ക് കരകയറുമ്പോൾ ഈ ലോകത്തിലെ തന്റെ സ്നേഹഭാജനങ്ങളായ മനുഷ്യരെ എല്ലാവരെയും ഓർക്കുകയും നാഥന്റെ അനുഗ്രഹങ്ങൾ അവരുടെമേൽ വർഷിക്കാൻ ആഗ്രഹിക്കുകയും അതിനായി യാചിക്കുകയും ചെയ്യുന്നു. അവളുടെ അവസാന വിടപറയൽ ലോകത്തെ ഉപേക്ഷിക്കലല്ല, മറിച്ച് യേശുനാഥന്റെ രക്ഷാകര പദ്ധതിയിലേക്കുള്ള ഒരു ക്ഷണവും പ്രാർത്ഥനയുമാണ്. ദൈവൈക്യം പ്രാപിച്ച ആത്മാക്കളാണ് ഈ ലോകത്തെ ദൈവവുമായി ബന്ധിക്കുന്നതെന്നും തന്റെ ആത്മനാഥന്റെ രക്ഷാകരപ്രവൃത്തിയോട് ഒന്നുചേർന്ന് സംരക്ഷിക്കുന്ന

തെന്നും അവൾക്കറിയാം. ഇവിടെ ജീവിച്ചിരുന്നപ്പോൾ ദിനം തോറും ത്യാഗസുമങ്ങൾ ഓരോന്നു കോർത്ത് അവളുടെ വരണമാല്യം കൊരുത്തെടുത്തപ്പോഴും ഈ ലോകത്തിലെ സഹോദരീസഹോദര ന്മാർക്കുവേണ്ടിയാണ് അവയെല്ലാം കാഴ്ചവച്ചത്. അതുകൊണ്ട് യേശുവിനു സമർപ്പിക്കുന്ന അവളുടെ സ്വയംവരഹാരത്തിൽ വെൺമേഘവ്യൂഹത്തിൽ തിങ്ങിനിൽക്കുന്ന മാലാഖമാരെപ്പോലെ മനുഷ്യരാശിയിലെ എല്ലാ വ്യക്തികളെയും അവൾ കോർത്തിണക്കി യിട്ടുണ്ട്. യേശുനാഥന്റെ ആഗമനവും അവളുടെ സ്വീകരണവും അതേ സമയം ലോകത്തിനുള്ള അനുഗ്രഹവർഷവും ആകണമെന്ന് അവൾ ആഗ്രഹിക്കുന്നു. അത് വിശ്വസിക്കുകയും ചെയ്യുന്നു.

ആകാശ വീഥിയിൽ നീ വന്നണയുമ്പോൾ
നിൻ വഴിത്താരയിൽ പൂവിരിച്ച്
നിൻപദം വന്ദിച്ചു നിന്നെ വരിക്കുവാൻ
എന്നെ ഒരുക്കൂ നീ ജീവേശ്വരാ

യേശുശിഷ്യയുടെ കഥ ഒരു കാത്തിരിപ്പിന്റെ കഥപോലെ ഒരു യാത്രയുടെ കഥകൂടിയാണ്. അനശ്വര ദൈവത്തിന്റെ അവികല പ്രതിരൂപമായ അരുമനാഥനെ വിശ്വാസത്തിലൂടെ അറിഞ്ഞനാൾ മുതൽ തുടങ്ങിയതാണ് ഈ യാത്ര. ഈ ലോകത്തിൽനിന്ന് സ്വർഗ്ഗലോക ത്തിലേക്കുള്ള വലിയ യാത്ര. വിശ്വാസത്തിലും പ്രതീക്ഷയിലും നിറഞ്ഞുനിൽക്കുന്ന ആ മുഖകമലം ഒരു ദിവസം നേരിട്ട് കാണുമെന്ന് അവൾക്കറിയാം. എന്നാൽ ആ ദിവസമോ സമയമോ അറിവില്ലെന്നു മാത്രം. ഹൃദയങ്ങളുടെ കർത്താവായ ദൈവം മനുഷ്യഹൃദയങ്ങളിലേക്ക് ഇറങ്ങിവരുന്ന സമയം നേരത്തേ അറിയിക്കുകയില്ല. അവിടത്തേക്ക് ഇഷ്ടമുള്ളപ്പോൾ വരുന്നു. ഇഷ്ടമുള്ളപ്പോൾ കൂടെകൊണ്ടുപോകുന്നു. എന്നാൽ ചിലപ്പോൾ മിന്നൽപ്പിണരുപോലെ മിന്നിമറയുന്നു. കള്ളൻ വരുന്ന സമയം വീട്ടുടമസ്ഥന് അറിയാമായിരുന്നെങ്കിൽ അയാൾ ജാഗരൂകനായിരിക്കില്ലേ എന്ന് യേശുക്രിസ്തു ചോദിച്ചത് അവൾ ഓർക്കുന്നുണ്ട്. പക്ഷേ, അറിവില്ലാത്ത സമയത്തായിരിക്കും കള്ളൻ സാധാരണ വരിക. അതുകൊണ്ട് നിങ്ങൾ ഒരുങ്ങിഇരിക്കാത്ത സമയത്ത് ജീവന്റെയും മരണത്തിന്റെയും നാഥൻ കൊണ്ടുപോകാൻ വരാതിരിക്കുന്നതിനുവേണ്ടി എപ്പോഴും ജാഗരണത്തിൽ ഇരിക്കണമെന്ന് അവിടന്ന് ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അവൾ എപ്പോഴും ജാഗരൂകയാണ്, സദാ സന്നദ്ധയാണ്. ആകാശമോക്ഷത്തിന്റെ

അധിത്യകയിൽനിന്ന് ആലംബഹീനയായ അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് അവിടന്ന് പലവുരു ഇറങ്ങിവന്നിട്ടുണ്ട്. ഹൃദയത്തിൽ സന്തോഷം നൽകിക്കൊണ്ടും മനസ്സിൽ മധുരിമ പകർന്നുകൊണ്ടും നയനങ്ങളിൽ പ്രകാശം വീശിക്കൊണ്ടും അവിടന്ന് കടന്നുപോയിട്ടുണ്ട്. എന്നാൽ വിരഹത്തിന്റെ വീർപ്പുമുട്ടലിൽ തന്നെ ഇട്ടെറിഞ്ഞ്, ഏതോ ഒരു അജ്ഞാതലോകത്തിലേക്ക് മറഞ്ഞുയർന്നിട്ടുമുണ്ട്. പിന്നെ അവശേഷിക്കുന്നത് ഈ സ്നേഹസന്ദർശനത്തിന്റെ ഓർമ്മ മാത്രമാണ്. ഈ സായുജ്യത്തിന്റെ സന്തോഷവും വിരഹത്തിന്റെ ദുഃഖവും കലർന്ന ഒരുതരം ശോകരസത്തിൽ അഥവാ മധുരവേദനയിൽ (delicious pain) ആത്മാവ് അരുമനാഥന്റെ വരവിനായി കാത്തിരിക്കുന്നു.

മധുരവേദന ജീവിതയാത്രയുടെ അവസാനത്തോട് അടുക്കുംതോറും കൂടിക്കൂടി വന്നുകൊണ്ടിരിക്കും. കാരണം, ആത്മാവ് ആദ്ധ്യാത്മികതയിലും ദിവ്യനാഥനോടുള്ള അനുരൂപണത്തിലും അനുദിനം അടുത്തുകൊണ്ടിരിക്കുകയാണ്. ഒരു നേരിയ തിരശ്ശീലയുടെ മറവിൻ അപ്പുറത്ത് അവിടന്ന് നിലകൊള്ളുന്നുണ്ടെന്ന് അവൾക്കുറപ്പാണ്. ഈ തിരശ്ശീല ഭേദിച്ച്, അവിടത്തെ ദിവ്യമുഖം അനാവരണം ചെയ്യുന്ന നിമിഷം നോക്കി അവൾ കാത്തിരിക്കുകയാണ്. അവിടുന്ന് വീണ്ടും വരും; വീണ്ടും തിരോധാനം ചെയ്യും. അവിടുന്ന് വരുന്നതും പോകുന്നതും അവിടത്തെ ഇഷ്ടാനുസരണം മതിയെന്നുകൂടി അവൾക്ക് നിർബന്ധമാണ്. കാരണം സന്നിധാനത്തിന്റെ സ്വാന്തനത്തിനോ ആന്തിരകാനന്ദത്തിനോ വേണ്ടിയല്ല അവളിപ്പോൾ ആത്മനാഥനെ സ്നേഹിക്കുന്നത്. അത് സ്നേഹത്തിനു പ്രത്യുത്തരമായ പകരം സ്നേഹമാണ്. എന്നെ അകമഴിഞ്ഞ് സ്നേഹിക്കുകയും എന്റെ സ്വർഗ്ഗസാക്ഷാൽകാരത്തിനു വേണ്ടി സ്വയം സമർപ്പിക്കുകയും അവസാനം മരക്കുരിശിൽ എനിക്കുവേണ്ടി സ്വയം ആഹുതിചെയ്യുകയും ചെയ്ത കർത്താവിനു വേണ്ടിയുള്ള കറതീർന്ന സമർപ്പണമാണിത്. അവളുടെ വേദനയിലും വ്യഥയിലും, സഹനത്തിലും സങ്കടത്തിലും അവൾക്ക് ആകുലചിന്തകളൊന്നുമില്ല. കാരണം; "നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെ എന്നും ഉണ്ടായിരിക്കും" (ഏശ. 41:10) എന്നു പറഞ്ഞ തിരുവാക്യത്തിന് മാറ്റമില്ലെന്ന് അവൾക്കറിയാം. അവിടത്തെ സന്നിധാനം അനുഭവവേദ്യമാണെങ്കിലും അല്ലെങ്കിലും, ആസ്വാദ്യമാണെങ്കിലും അല്ലെങ്കിലും, വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട്, ഇരുണ്ടരാവിലെ ഒരു അരണ്ട വെളിച്ചത്തിൽ അവൾ അവിടത്തെ കണ്ടുകൊണ്ടാണിരിക്കുന്നത്. അവൾക്കതിൽ ആവലാതി ഇല്ല, അപകർഷബോധവും ഇല്ല.

സ്നേഹത്തിന്റെ പാത സ്നേഹിതൻ നിശ്ചയിക്കുന്നതുപോലെയെന്ന് അവൾ വിശ്വസിക്കുന്നു.

ഇപ്പോൾ അവൾ കാത്തിരിക്കുന്നത് അവിടത്തെ അവസാനത്തെ ആഗമനത്തിനുവേണ്ടിയാണ്. "എന്റെ പിതാവിന്റെ ഭവനത്തിൽ ധാരാളം വസതികൾ ഉണ്ട്" (യോഹ. 14:2). നിങ്ങളുടെ കണ്ണുകളിൽ നിന്നു കണ്ണീർകണങ്ങൾ ഒപ്പിയെടുത്ത് (വെളി. 21:34) ഞാൻ തന്നെ നിങ്ങളെ കൂട്ടിക്കൊണ്ടുപോകും (യോഹ. 14:4) എന്ന തിരുവെഴുത്തുകൾ നിറവേറുന്ന നിമിഷം നോക്കി അവൾ നിൽക്കുകയാണ്. ആ അനുഗൃഹീത നിമിഷത്തിലേക്കു നടന്നടുക്കുകയാണ്.

രണ്ടു വഴികൾ ഒന്നുചേരുന്ന സംഗമസ്ഥാനത്ത് അവൾ നാഥനെ കണ്ടുമുട്ടും. ഇവ ഭൂമിയിൽനിന്നും സ്വർഗ്ഗത്തിലേക്കുള്ളതും സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കുള്ളതുമായ ഇരുപാതകളാണ്. ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കുള്ള പാത ഇടുങ്ങിയതും തടസ്സങ്ങൾ നിറഞ്ഞതുമാണ്; ദുർഘടവും ദുരൂഹവുമാണ്. യാത്ര ക്ലേശകരവും ത്യാഗപൂർണ്ണവുമാണെന്നു സാരം. സ്നേഹം ത്യാഗത്തിൽ പൂവണിയുന്നു. റോസാപുഷ്പങ്ങളാൽ ആവൃതമായ യേശുനാഥന്റെ തിരുക്കുരിശ് കൈയിലേന്തി, പുഞ്ചിരിതൂകി നിൽക്കുന്ന കൊച്ചുത്രേസ്യായാണതിന് അവളുടെ മഹനീയ മാതൃക. ആദ്ധ്യാത്മിക സ്നേഹജീവിതത്തിൽ നിസ്സീമ സ്നേഹത്തിന്റെ സാന്ദ്രത നിറഞ്ഞ ഉജ്ജ്വലനിമിഷങ്ങൾ ഉണ്ടെങ്കിലും ഈ സ്നേഹ ജീവിതം ഐന്ദ്രികതീവ്രതയിൽ ജ്വലിച്ചു നിൽക്കുന്ന ഒരു പ്രണയപ്രവാഹമായി ആരും തെറ്റിദ്ധരിക്കരുത്. വിരസതയുടെ, വേദനയുടെ തിക്തനിമിഷങ്ങളിൽ മറഞ്ഞുനിൽക്കുന്ന യേശുനാഥനെ എന്നും സ്വന്തംസഹോദരങ്ങളിൽ കണ്ടുകൊണ്ട്, ഇഷ്ടാനിഷ്ടഭേദമെന്യേ എല്ലാവർക്കും ത്യാഗസമ്പന്നമായ സേവനം പകരുന്നതിൽ അവൾ ആനന്ദം കൊള്ളുന്നു. ഇടുങ്ങിയ പാതയിലൂടെയുള്ള ആ ആനന്ദയാത്ര ഇതാ അവസാനിക്കുവാൻപോവുകയാണ്. സ്വർഗ്ഗത്തിൽനിന്നു ദിവ്യമണവാളൻ പള്ളിയെഴുന്നള്ളുന്ന വിശാല വീഥിയിൽ ആ ഇടുങ്ങിയ പാത വന്നുചേരുകയാണ്. അതുകൊണ്ട് അവൾ പാടുന്നു "ആകാശവീഥിയിൽ നീ വന്നണയുമ്പോൾ, നിൻവഴിത്താരയിൽ പൂവിരിച്ച്..." എന്ന്.

ഇരുപാതകളും ആകാശത്തിന്റെ വിശാലതയിൽ സമന്വയിക്കപ്പെടുന്നു. ആകാശം വിശാലതയുടെ പ്രതീകവും പ്രതിബിംബനവുമാണ്. ഗുഹയും ആകാശവും സമഞ്ജസമായി സമന്വയിപ്പിക്കുന്ന ഒരു ജീവിതശൈലിയായിരുന്നു അവളുടെത്. അവിടെ, ബ്രഹ്മപുരിയിൽ ഒരു വെള്ളിത്താമരയുണ്ട്. അതിനുള്ളിൽ വസിക്കുന്നവൻ മഹാനും മരണമില്ലാത്തവനും അണുവിനെക്കാൾ സൂക്ഷ്മനും ആകാശത്തെക്കാൾ വിശാലനുമാണ്. ആ നിരാമയനെ, അനന്തസ്നേഹകനെ അറിയാനും അനുഭവിക്കാനുമുള്ള യാത്രയായിരുന്നു ഇന്നുവരെ. ഹൃദയഗുഹയിൽ വസിക്കുന്നവൻ വിശ്വത്തിന്റെ വിശാലതയും കവിഞ്ഞ് നിറഞ്ഞുനിൽക്കുന്നവൻ കൂടിയാണ്. ഗുഹയും ആകാശവും ഒന്നിപ്പിക്കുന്ന ഒരു അനുഗൃഹീതനിമിഷത്തിലാണ് യേശുപ്രിയയും യേശുനാഥനും തമ്മിലുള്ള ഈ കൂടിക്കാഴ്ച സംഭവിക്കുന്നത്. "വെളിപ്പെടുത്തപ്പെട്ടവനും എന്നാൽ ഗുഹയിൽ മറഞ്ഞിരിക്കുന്നവനുമായവനെ നീ അറിയു" (മുണ്ഡക. ഉപ. 2.1.1) എന്ന ഉപനിഷത്തിലെ വാക്യം എത്ര മനോഹരമാണ്! അതിപ്പോൾ അവൾക്ക് അനുഭവവേദ്യമാവുകയാണ്.

ആകാശവീഥിയിൽ യേശുനാഥനെ കണ്ടുമുട്ടുന്ന യേശുശിഷ്യയ്ക്ക് അവസാനമായി ഒരാഗ്രഹം കൂടിയുണ്ട്. ഹൃദയഗുഹയിൽ വച്ചു സൂക്ഷിക്കുന്നവനെ ആകാശത്തിന്റെ വിശാലതയിൽ കണ്ടുമുട്ടുമ്പോൾ ആ വഴിത്താരയിൽ കുറച്ചു പൂക്കൾകൂടി വിതറി അവിടത്തെ സ്വീകരിക്കണമെന്ന്. ഇത് അവൾ വിതറുന്ന അവസാന മലരുകളാണ്. ഇതുവരെ പൂക്കൾ വിതറിയിരുന്നത് മനുഷ്യമക്കളുടെ പാദത്തിങ്കലാണ്. "ഈ ചെറിയവരിൽ ആർക്കും നിങ്ങൾ ചെയ്യുന്നതെന്തും എന്നോടു ചെയ്തതായി ഞാൻ കരുതും" (മത്താ. 25:40) എന്ന യേശുവാക്യം വിശ്വവിശാലമായ സഹോദരസ്നേഹത്തിന്റെ ഏറ്റവും ശക്തമായ കുറുക്കുവഴിയായി അവൾ സദാ കരുതുന്നുണ്ടായിരുന്നു. ആ കുറുക്കുവഴിയും ഇന്നിവിടെ അവസാനിക്കുന്നു. സ്നേഹവായ്പോടെ താൻ സേവിച്ച പാദങ്ങൾ എല്ലാം ഈ പ്രാണനാഥന്റെ തന്നെയാണെന്ന് മംഗല്യമാല്യം ചാർത്തി അവളെ സ്വീകരിക്കാനെത്തുന്ന നാഥൻ ഏറ്റുപറയുന്ന ശുഭമുഹൂർത്തം കൂടിയാണിത്. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ." ത്യാഗത്തിന്റെ ഇടുങ്ങിയ വഴിയും സ്നേഹത്തിന്റെ കുറുക്കുവഴിയും ഒന്നുചേരുന്നത് അനുഗ്രഹത്തിന്റെ ഈ ആകാശവീഥിയിലാണ്. സ്വർഗ്ഗോന്മുഖമായ ഈ ലോകജീവിതത്തിന്റെ അവസാനഘട്ടമാണിത്.

മനുഷ്യജീവിതം മരണത്തിലേക്കുള്ള ഒരു ജൈത്രയാത്രയാണെന്നു പറയാം. പക്ഷേ, മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. മരണം അനശ്വരമായ അടുത്ത ജീവിതത്തിലേക്കുള്ള ഒരു വാതിൽ മാത്രമാണ്. മരണം മനുഷ്യർക്കാർക്കും മാറ്റിവയ്ക്കാൻ പാടില്ലാത്ത ഒരു അനിഷേധ്യയാഥാർത്ഥ്യവുമാണ്. ജനിച്ചാൽ മരിക്കണം എന്നാണ് നിയമം. മർത്യൻ എന്ന പദത്തിന്റെ അർത്ഥം തന്നെ മരണമുള്ളവൻ എന്നാണ്. ഒരിക്കലും ഒഴിച്ചുകൂടാൻ പാടില്ലാത്ത മരണമെന്ന ഈ പ്രതിഭാസത്തെ പലരും ഭീതിയോടും ഉത്കണ്ഠയോടും കൂടെയാണ് നേരിടുന്നത്. മരണത്തെ വിധിയാളന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നതിന്റെ മുന്നോടി മാത്രമായി കാണുന്നതു കൊണ്ടാണ് മനുഷ്യർ ഉൽകണ്ഠാകുലരാകുന്നത്. എന്നാൽ വിധിയാളൻ ആയി വരുന്നവൻ ആത്മാവിന്റെ സ്നേഹഭാജനമാണെങ്കിൽ ഈ ഉൽകണ്ഠയ്ക്ക് സ്ഥാനമില്ല. യേശുശിഷ്യ മരണത്തെ കാണുന്നത് വരാനിരിക്കുന്ന വിധിയുടെ ഭീതിസ്വപ്നത്തിലല്ല; മറിച്ച് അവളുടെ ജീവിതത്തിന്റെ അന്തിമ തീരുമാനമായാണ്. താൻ സ്നേഹിക്കുന്ന പ്രാണനാഥനുവേണ്ടി, ദിവ്യനാഥനുമായി ഒന്നുചേരുന്നതിനുവേണ്ടി, മരണമെന്ന മർത്യധർമ്മം അവൾ സുധീരം സസന്തോഷം, സ്വീകരിക്കുന്നു. മരണത്തിൽനിന്ന് ഒളിച്ചോടാനോ മരണത്തെ ഇനിയും ഏതാനും ദിവസങ്ങൾകൂടി മാറ്റിവയ്ക്കാനോ അവൾ ആഗ്രഹിക്കുന്നില്ല. "മർത്യമായത് അമർതൃത സ്വീകരിക്കും" (1കൊറി. 15:53) എന്നുപറഞ്ഞ വി. പൗലോശ്ലീഹായുടെ വാക്കുകൾ അവൾ അനുസ്മരിക്കുന്നു. ജീവദായകനായ യേശുനാഥനോട് ഒന്നുചേരാനുള്ള അനുഗൃഹീതനിമിഷമായാണ് അവൾ മരണത്തെ കാണുന്നത്. മരണമോ അവളുടെ അവസാന സമർപ്പണവും. ശരിയായ അർത്ഥത്തിൽ മനുഷ്യനു മാത്രമേ മരിക്കാൻ കഴിയുകയുള്ളൂ. മാലാഖമാർക്ക് ശരീരമില്ലാത്തതുകൊണ്ട് മരണമില്ല. മൃഗങ്ങൾക്ക് ബുദ്ധിയും മനസ്സും ഇല്ലാത്തതുകൊണ്ട് മരണം ജീവിതത്തിന്റെ അന്തിമ തീരുമാനമായി സ്വീകരിക്കാനും കഴിയില്ല. യഥാർത്ഥത്തിൽ മനുഷ്യൻ മാത്രമേ മരിക്കുന്നുള്ളൂ. എന്നുവച്ചാൽ, മരണത്തെ ഒരു ധർമ്മസാധനയായി സ്വീകരിച്ച്, മരണത്തിലൂടെ തന്റെ ജീവിതത്തിന്റെ അവസാന നിമിഷവും ദൈവത്തിനു സമർപ്പിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ദൈവത്തിനുവേണ്ടി, സ്നേഹത്തിനുവേണ്ടി, മരിക്കുക എന്ന ദൈവിക തീരുമാനം, അവിടുന്ന് നിശ്ചയിച്ച സ്ഥലത്തും സമയത്തും വച്ചു സ്വീകരിച്ച്, തന്റെ അന്തിമ നൈവേദ്യമായി, സ്വയം ദൈവസ്നേഹത്തിന്റെ ഹോമാഗ്നിയിൽ ഒഴിക്കപ്പെടുവാൻ സമ്മതിക്കുന്നു.

വിശുദ്ധ പൗലോസ്ശ്ലീഹാ ഇക്കാര്യം നമ്മെ അനുസ്മരിപ്പിക്കുന്നത് ഇപ്രകാരമാണ്: "എന്റെ ഓട്ടം തീരാറായി. ഞാൻ നൈവേദ്യമായി ഒഴിക്കപ്പെടുവാൻ പോവുകയാണ്" (2 തിമോ. 4:7). യേശുശിഷ്യയുടെ മരണവും അപ്രകാരമായിരിക്കും. ബലിവേദിയിലെ ദിവ്യസ്നേഹാഗ്നികുണ്ഠത്തിൽ നൈവേദ്യമായി ഒഴിക്കപ്പെടുക. തന്റെ ദിവ്യനാഥന്റെ പാദാരവിന്ദത്തിൽ അർപ്പിക്കപ്പെടുന്ന അവസാന കുസുമമാണ് സ്വന്തംമരണം. മരണത്തിലൂടെ ആത്മാവ് ത്യാഗത്തിന്റെ ഇടുങ്ങിയ വഴിയിൽനിന്ന് സ്നേഹസായൂജ്യത്തിന്റെ രാജവീഥിയിലേക്കു പ്രവേശിക്കുന്നു. ഇത് അവളുടെ ആത്മനാഥനായ യേശുവിന്റെ മരണത്തിന്റെ ഒരു പ്രതിബിംബനം കൂടിയാണ്. പിതാവിനോടുള്ള സ്നേഹത്താൽ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന സ്നേഹവായ്പ്പോടെ അവിടന്ന് സദാ ജീവിച്ചു. പിതാവ് നിമന്ത്രിക്കുന്നത് പറയുകയും ആഗ്രഹിക്കുന്നത് ചെയ്യുകയും ചെയ്തു. അവസാനം പിതാവു തന്നെ മുൻകൂട്ടി നിശ്ചയിച്ച കുരിശുമരണം അപ്പാടെ സ്വീകരിക്കുകയും അതിനായി സ്വയം സമർപ്പിക്കുകയും ചെയ്തു. യേശു സാക്ഷാൽകാരത്തിനായി ഇറങ്ങിയ യേശുശിഷ്യ മരണംവരെ അവിടത്തെ കാൽപ്പാടുകൾ പിൻതുടരുന്നു.

വിശുദ്ധ കൊച്ചുത്രേസ്യ തന്റെ മരണവേദനയുടെ സമയത്ത്, "അമ്മേ ഇതാണോ മരണയാതന" (agony of death) എന്ന് സമീപത്തു നിന്നിരുന്ന ശ്രേഷ്ഠത്തിയമ്മയോടു ചോദിക്കുകയുണ്ടായി. വലിയ വിശുദ്ധർക്കും മരണയാതന അനുഭവപ്പെടാറുണ്ട്. പക്ഷേ ഇതു ലോകത്തോട് വിടപറയാനുള്ള ഭീതിയോ വിഷമമോ അല്ല. മനുഷ്യജീവിതത്തിന്റെ നൈമിഷികത എടുത്തുകാണിക്കുന്ന ഒരു സ്വാഭാവിക പ്രതിഭാസം മാത്രമാണ്. യേശുനാഥൻ തീവ്രവേദനയിൽ മരിക്കുമ്പോൾ "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ കൈവിട്ടു" (മർക്കോ. 15:34) എന്നു പറയുന്നതായി നാം കാണുന്നുണ്ട്. മനുഷ്യപാപങ്ങൾക്കുവേണ്ടി മരിക്കുന്ന ദൈവപുത്രന്റെ മരണം സഹനത്തിന്റെയും തിരസ്കരണത്തിന്റെയും സമ്മേളനത്തോടെയായിരുന്നു. എന്നാൽ അതിനെ അതിജീവിച്ച് അവിടന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ശാന്തിയുടെയും സമാധാനത്തിന്റെയും വക്താവും ദാതാവുമായ മഹേശ്വരനായ അവിടന്ന് സ്വർഗാരോഹണം ചെയ്യുകയും ചെയ്തു.

സ്വർഗ്ഗത്തിൽനിന്ന് അവിടന്ന് ഇറങ്ങിവരും. നമ്മെ കൊണ്ടു പോകാനും നമ്മുടെ പുതിയ മിഷൻ സ്വർഗ്ഗത്തിൽ ആരംഭിക്കാനു മായാണ് അവിടന്നിറങ്ങിവരുന്നത്. തന്റെ മരണദിവസം അടുക്കാറായി എന്നു തോന്നിയപ്പോൾ വിശുദ്ധ കൊച്ചുത്രേസ്യ പറഞ്ഞതിപ്രകാരമാണ്: "എന്റെ സ്വർഗ്ഗീയ മിഷൻ ആരംഭിക്കാൻ പോവുകയാണെന്നെനിക്ക് തോന്നുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നതുപോലെ എല്ലാവരും അവിടത്തെ സ്നേഹിക്കാനും സ്നേഹത്തിന്റെ കുറുക്കുവഴി എല്ലാ വരെയും പഠിപ്പിക്കാനുമുള്ള ദൗത്യം"* ഈ വാക്കുകൾ 1897 ജൂലൈ 17-ാം തീയതി വിശുദ്ധ കൊച്ചുത്രേസ്യ പറഞ്ഞു. 1897 സെപ്റ്റംബർ 30-ാം തീയതി അവൾ മരിക്കുകയും ചെയ്തു. മരണത്തെക്കുറിച്ചുള്ള എത്ര അനുഗൃഹീതമായ ഒരു ചിന്താരീതിയാണിത്. മരണത്തോടെ എന്തോ നഷ്ടപ്പെടുന്നു എന്ന ചിന്തയല്ല; മറിച്ച് എന്തോ വലിയതു സാധിക്കാൻ പോകുന്നു എന്ന ഒരു വിശുദ്ധവിചാരമാണവിടെ കാണുന്നത്. ഞാൻ എന്തിനായി ജനിച്ചുവോ എന്തിനായി നല്ലവനായ ദൈവം എന്നെ യൊരുക്കിയോ അതാ അതിപ്പോൾ സാധിതമാകാൻ പോവുകയാണ്. അങ്ങനെയാണ് യേശുശിഷ്യയും തന്റെ മരണത്തെ കാണാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ആകാശവീഥിയിൽ ആത്മനാഥൻ വന്നണയുമ്പോൾ മരണമെന്നകവാടത്തിലൂടെ കടന്നുചെന്ന് അവൾ ആ ദിവ്യനാഥനെ വരിക്കുന്നു.

നിൻപദം ചുംബിച്ചു നിന്നെ വരിക്കുവാൻ
എന്നെയൊരുക്കൂ നീ ജീവേശ്വരാ.....

ഗുരുപാദവന്ദനത്തെക്കുറിച്ച് ഈ പുസ്തകത്തിന്റെ ആരംഭത്തിൽ നാം കണ്ടുകഴിഞ്ഞു. ഉയിർത്തെഴുന്നേറ്റ അമർത്യഗാത്രധാരിയായ ഗുരുനാഥന്റെ തിരുപ്പാദം ആദ്യമായി അവൾ നേരിട്ടുകാണുകയാണ്. ആണികളാൽ വിദാരിതമായതും അക്ഷയജീവന്റെ അതുല്യപ്രഭയാൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതുമായ പാദപത്മങ്ങൾ. മാനുഷികതയുടെ വേദനയും ദൈവികതയുടെ മഹിമപ്രാതാപവും ഒന്നിപ്പിക്കുന്ന തൃച്ചേവടികൾ. അതു സഹനത്തിന്റെയും സഹനാതീതമായി ഉയർന്ന

---

* *Her Last Conversations*, Carmel Publication Centre, TVM, 1996, p. 102

നവജീവന്റെയും പ്രഖ്യാപനമാണ്. ഏതു ചേവടിപ്പാടുകൾ തേടി, അഴലിലും ആനന്ദത്തിലും വന്ദനത്തിലും നിന്ദനത്തിലും ആശിഷങ്ങളിലും ആക്ഷേപങ്ങളിലും സ്ഥിതപ്രജ്ഞയായി അവൾ നടന്നുവോ ആ അചുംബിത പാദങ്ങൾ, കനകതേജസ്സിനെ വെല്ലുന്ന കാന്തിയോടെ ഇതാ അവളുടെ മുമ്പിൽ. അവൾ താണുവീണ് ആരാധിച്ചു. "ഇതാ അങ്ങയുടെ ചരണദാസി" എന്നു പറഞ്ഞുകൊണ്ട് അവൾ ആ പാദപത്മങ്ങൾ സ്നേഹപൂർവം ചുംബിക്കുന്നു. അവളുടെ ആത്മനാഥന്റെ അമ്മ പാടിയ അതേ ഗാനത്തിന്റെ ഈരടികൾ അവൾ ഏറ്റുപാടി.

സ്വർഗ്ഗീയരാജകുമാരന്റെ മണവാട്ടിയായി സ്വർഗ്ഗത്തിലേക്ക് കയറിച്ചെല്ലാൻ കേവലം ഏഴകളിൽ ഏഴയായ തനിക്ക് എന്തു യോഗ്യതയാണുള്ളത്! ഈ മഹാസൗഭാഗ്യം വെറും ദാനം മാത്രമാണ്. അവിടത്തെ ഇഷ്ടദാനം മാത്രമാണ്. അതിനായാണവൾ തീവ്രമായി ആഗ്രഹിച്ചുകൊണ്ട് സദാ ഇരിക്കുന്നത്. ആ ആഗ്രഹം പൂവണിഞ്ഞു, ആ പ്രാർത്ഥന സഫലമായി. അണയാപ്രഭയുടെ തീരത്ത്, അലോക സുന്ദരദേശത്ത് അവൾ അവളുടെ നാഥനെ പ്രാപിക്കുകയും അവളുടെ വരണമാല്യം അർപ്പിക്കുകയും ചെയ്തു. തീരാത്ത സ്നേഹത്തെ ത്യാഗത്തിൽ ബന്ധിച്ച് വാടാമലരുകളാക്കിമാറ്റുന്ന സ്വർഗ്ഗീയ സ്നേഹത്തിന്റെ അവസാനഘട്ടമാണിത്. സ്നേഹത്തിന്റെ യഥാർത്ഥ ആധാരം രണ്ട് മനസ്സുകളുടെ ഒന്നുചേരലാണ്. ഇതോടുകൂടി വിചാരങ്ങളുടെയും വികാരങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഒന്നുചേരൽ സാവധാനം നടക്കുന്നു. അങ്ങനെ ദൈവവും മനുഷ്യനുമായുള്ള ഒരുതരം ഏകീകതയിലേക്ക് എല്ലാ മനുഷ്യരും വിളിക്കപ്പെടുന്നു. സ്നേഹത്തിനു അവസാനമില്ലാത്തതുപോലെ ഈ ഒന്നുചേരലിനും അവസാനമില്ല. എന്നും പുരാതനവും എന്നും നവീനവുമായ ഈ ഒന്നുചേരലിൽ ആത്മാവ് ആനന്ദതുന്ദിലയാകുന്നു. ഇവിടെ വാസ്ഥവത്തിൽ സംഭവിക്കുന്നത് നമ്മുടെ പരിമിതിയാർന്ന ബുദ്ധിക്ക് അതീതമാണ്. ദൈവഭാവത്തിൽ പ്രകാശിതവും പ്രചോദിതയുമായ ആത്മാവ് വിരഹദുഃഖം വെടിഞ്ഞ്, ഇനിയും വീഴുമോയെന്ന ഭീതിയിൽനിന്നകന്ന്, സ്ഥായീഭാവമുള്ള ദൈവസായൂജ്യത്തിലേക്ക് പ്രവേശിക്കുന്നു. ഇത് ആത്മാവിന്റെ തിരോധാനമല്ല, മറിച്ച് സാക്ഷാത്കാരമാണ്. ഈ സാക്ഷാത്കാരഭാവത്തിൽ രണ്ട് മനസ്സുകൾ എന്നും ഒന്നായിരിക്കും. ഒരു മുന്തിരിയിലെ വള്ളികൾപോലെ ആത്മാവ് എന്നും ദൈവനിമന്ത്രിതവും നിയന്ത്രിതവുമായിരിക്കും. ഒരേ ഒരു സത്തയിൽ എല്ലാം പ്രകാശിക്കുന്നു, പ്രവർത്തിക്കുന്നു. അങ്ങനെ

പറുദീസായിൽ നഷ്ടപ്പെട്ട ദൈവീകഋതം പൂർണ്ണമായും പുനഃസ്ഥാപിതമാകുന്നു.

അവസാനമായി, കത്തിയെരിയുന്ന സ്നേഹത്തികവോടും കറതീർന്ന വികാരതീവ്രതയോടും കൂടെ അവളേറ്റുപാടുന്നു, അവളുടെ പ്രേമഗീതയിലെ അവസാന പാദം:

ആരാധ്യനാഥൻ നീ ആദ്യന്തഹീനൻ നീ
ആത്മാവിന്നാധാര ജീവസാരം
ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും
ശാന്തി ശുഭാപ്തിയും അങ്ങുമാത്രം.

ആരാധ്യനാഥൻ നീ...

നീ മാത്രമാണു സർവ്വസമാരാധ്യൻ, നീ സർവ്വഭൂതസ്ഥനും എന്നാൽ അതേസമയം സർവ്വാതിരിക്തനുമാണ്. നിന്റെ അറിവിന്റെ അഗാധതയ്ക്കോ, അലിവിന്റെ വിശാലതയ്ക്കോ അതിരുകളില്ല. നീ അദൃശ്യനായ ദൈവത്തിന്റെ ദർശനീയരൂപമാണ്. കാണപ്പെടാത്ത ദൈവപിതാവിന്റെ കാണപ്പെട്ട മുഖകമലമാണു നീ (കൊളോ. 1:15).

നിന്നിലൂടെ ഞാൻ എല്ലാം കാണുന്നു. നിന്നിൽ എല്ലാം സമ്മേളിച്ചിരിക്കുന്നു. എല്ലാം സംരക്ഷിതമായിരിക്കുന്നു. നീ ഞങ്ങളുടെ ജീവന്റെറയും മരണത്തിന്റെറയും മരണമില്ലാത്ത സ്വർഗ്ഗീയ ജീവന്റെറയും കേന്ദ്രബിന്ദുവാണ്. നിന്നിൽ നിന്നകന്ന ഒരു ജീവൻ എനിക്കില്ല, രക്ഷ എനിക്കില്ല, ആനന്ദവുമെനിക്കില്ല. എന്റെ സന്തോഷം നിന്റെ തൃപ്പാദപൂജയാണ്. നിന്റെ പാദാരവിന്ദത്തിൽ ഞാൻ എന്നെ സമർപ്പിക്കുന്നു. നിന്നെ ആരാധിക്കുന്നു. നീയാണെന്റെ ആരാധ്യനാഥൻ.

ആദ്യന്തഹീനൻ നീ...

ഞങ്ങളെല്ലാവരും പരിമിതിവിധേയരാണ്. അങ്ങൾ അതിർവരമ്പുകൾക്കുള്ളിൽ ജനിക്കുന്നു, അതിർത്തി മതിലുകളാൽ ചുറ്റപ്പെട്ടു ജീവിക്കുന്നു. അവിടെത്തന്നെ മരിക്കുന്നു. അതിർത്തികൾക്കതീതമായ ജീവൻ അങ്ങൾക്കു നൽകുന്നതു നീയാണ്. നീയാണ് അപരിമേയമായ ജീവന്റെ സ്രോതസ്സ്. കാരണം നീ മാത്രം ആദ്യന്തഹീനനാണ്. നീ എന്നും എവിടെയും നിറഞ്ഞുനിൽക്കുന്ന നിത്യതയാർന്ന സത്താ

വിശേഷമാണ്. യഥാർത്ഥത്തിൽ "ആയിരിക്കുന്നവൻ" നീ മാത്രമാണ് (പുറ. 3:14). ലോകാരംഭത്തിലേക്കോ അവസാനത്തിലേക്കോ തിരിഞ്ഞു നോക്കുമ്പോൾ ഞങ്ങൾക്കെന്തു കാണാൻ കഴിയും? കാണപ്പെടുന്നതിനപ്പുറത്തു ഞങ്ങൾ കാണുന്നതു ശൂന്യതമാത്രമാണ്. എന്നാൽ സമയാതീതമായ നിന്റെ സന്നിധാനം ശൂന്യതയെ സൗവർണ്ണ മനോഹരമാക്കുന്നു. മാറിമറയുന്ന ലോകാകാശങ്ങൾക്കു മുമ്പേ നീയുണ്ടായിരുന്നു. നിന്നിൽ സ്നേഹമുണ്ടായിരുന്നു. ആ സ്നേഹം സ്വയം ദാനത്തിനു സന്നദ്ധമായിരുന്നു. അതുകൊണ്ട് സൂര്യചന്ദ്രൻമാർ ഉദിക്കുന്നതിനുമുമ്പ്, ആകാശഗോളങ്ങളുരുവാകുന്നതിനുമുമ്പ്, നീ അരുൾചെയ്തു; "ഉണ്ടാകട്ടെ"യെന്ന്. അതോടെ എല്ലാം സൃഷ്ടിക്കപ്പെട്ടു. ആദ്യന്തഹീനനായി നീ മാത്രം നിലകൊണ്ടു. അതുകൊണ്ടു സങ്കീർത്തകൻ പറയുന്നതുപോലെ എല്ലാം നിന്നിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു.

ആത്മാവിനാധാര ജീവസാരം...

യേശുനാഥനെ ആരാധ്യനാഥനുംആദ്യന്തഹീനനുമായി അനുഭവിച്ചറിഞ്ഞ ആത്മാവ് ആശ്രയംതേടി മറെറങ്ങും പോയിട്ടാവശ്യമില്ല. അതുകൊണ്ട് തികച്ചും സ്വതഃസിദ്ധമായി അവൾ പറയുന്നു: നീയാണെന്റെ അചഞ്ചലമായ ആധാരം, അനിഷേധ്യ അഭയകേന്ദ്രം. കുരുടനു കാഴ്ചകൊടുത്തതും കുഷ്ഠരോഗിക്കു സൗഖ്യം നൽകിയതും ആ ദിവ്യകരങ്ങളാണ്. യേശുശിഷ്യയെ പാപച്ചേറിൽ നിന്നു കഴുകിയെടുത്തതും അവളുടെ വിശ്വാസത്തിനു പ്രകാശം വീശിയതും ആ കരപല്ലവങ്ങൾ തന്നെ യേശുശിഷ്യ അതനുസ്മരിക്കുന്നു. അതുകൊണ്ട് യേശുനാഥന്റെ പ്രേഷ്ഠശിഷ്യനായ പൗലോസിന്റെ വാക്കുകൾ സ്വായത്തമാക്കിക്കൊണ്ടവൾ പറയുന്നു: നീ അത്യുന്നതന്റെ പുത്രനും ദൈവസമനുമായിരുന്നെങ്കിലും നീ ആ മഹോന്നതസ്ഥാനം നിലനിർത്തുവാൻ ആഗ്രഹിച്ചില്ല. മറിച്ച്, എനിക്കുവേണ്ടി, എന്നോടുള്ള സ്നേഹത്താൽ പ്രേരിതനായി, നീയെല്ലാം ത്യജിച്ച്, സ്വയം ശൂന്യമാക്കി, ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യനായി അവതരിച്ചു. നിന്റെ പിതാവിന്റെ തിരുവുള്ളമായ എന്റെ രക്ഷ നീ നിന്റെ കുരിശുമരണത്തിലൂടെ സാധിക്കുകയും ചെയ്തു. പക്ഷേ പിതാവ് നിന്നെ കൈവിട്ടില്ല. അവിടുന്നു നിന്നെ ഉയിർപ്പിക്കുകയും ഞങ്ങൾക്കെല്ലാം ലഭിക്കേണ്ട നവജീവന്റെ അക്ഷയശ്രേയസ്സായി നിന്നെ നിയമിക്കുകയും

ചെയ്തു (ഫിലി. 2:511). അതുകൊണ്ട് നിന്നെവിട്ട് ഞാനൊന്നും തേടുകയില്ല; ഒരിടത്തും പോവുകയില്ല. നീയാണെന്റെ ജീവിതസാരം, ആത്മാവിന്റെ അനശ്വരാധാരം. ലോകത്തിൽ ജീവിച്ചിരുന്ന കാലത്ത്, ഓരോ ദിനവും ത്യാഗസുമങ്ങൾ കോർത്ത് അവളൊരുക്കിയ ആ സ്വയംവരഹാരം ആരുടെ കണ്ഠത്തിൽ അവസാനമായി അണിയിച്ചുവോ, ആ ദിവ്യനാഥന്റെ പാദാരവിന്ദത്തിൽ അവൾ സ്വയം അടിയറ വയ്ക്കുന്നു. എന്നാൽ ഇന്നത്തെ അർപ്പണത്തിന്റെ പ്രത്യേകത അത് ഒരിക്കലും അസ്തമിക്കാത്ത നവജീവന്റെ പൊൻപുലരിയിലാണു നടക്കുന്നതെന്നതാണ്. വീണ്ടും വീഴുമെന്ന പേടിയോ നാഥനെ നഷ്ടപ്പെടുമെന്ന ഭയമോ ഉൽകണ്ഠയോ ഇനിയില്ല. എവിടെയും സമാധാനത്തിന്റെ പൊന്നലകൾ, സന്തോഷത്തിന്റെ സംഗീത ധ്വനി. അവാച്യവും അചുംബിതവുമായ ഒരു ദൈവികഭൂതത്തിൽ എല്ലാം വിരിയുന്നു, അനശ്വരമായി വാഴുന്നു. അവിടെ, ആ കൃപാവരപ്രഭാപൂരത്തിൽ യേശുനാഥന്റെ പ്രിയതമയായി ഞാൻ നിലകൊള്ളുന്നു. യേശുവാണ് എന്റെ ആത്മാവിന് ആധാരവും ജീവസാരവും.

ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും

എല്ലാ മനുഷ്യനും സ്വാഭാവികമായി ആഗ്രഹിക്കുന്ന ഒന്നാണ് ശക്തി. ശക്തിയില്ലെങ്കിൽ എന്തുചെയ്യാൻ സാധിക്കും അത്യാവശ്യശക്തി ജീവിതത്തിന്റെ ഒരു അവശ്യഘടകമാണ്. പക്ഷേ, ഇവിടെ വിവക്ഷിക്കപ്പെടുന്നത് ലൗകികവും ശാരീരികവും ആയ ശക്തിയാണ്. യേശുശിഷ്യ ആഗ്രഹിച്ചതും ചിന്തിച്ചതും ആദ്ധ്യാത്മിക ശക്തിയെക്കുറിച്ചാണ്.

സാമ്പത്തികശക്തി, സായുധശക്തി, മാനസശക്തി, ആത്മീയശക്തി ഇങ്ങനെ ശ്കതികൾ പലതരമുണ്ട്. പ്രധാനമായ ഈ നാലു വിഭാഗങ്ങൾക്കും പല ഉപവിഭാഗങ്ങളും ഉണ്ടാകാം. ഇവയിൽ ആദ്യത്തെ മൂന്നും മാനുഷികശക്തികളാണ്. ലോകമാണ് ഇവയുടെ പ്രവർത്തന രംഗം. ഇതിൽ ആദ്യത്തെതാണ് സാമ്പത്തിക ശക്തി. ഏതു കാര്യത്തിനും മനുഷ്യനു പണം വേണം. പണമുള്ളവൻ പ്രതാപവാനായി വാഴുന്നു. പണം സുഖസൗകര്യങ്ങളെയും സമൂഹത്തിന്റെ സ്ഥാനമാനങ്ങളെയും നൽകുന്നതുകൊണ്ട് പലരും പണത്തിനു പുറകെ പോകുന്നു. കാലക്രമത്തിൽ ചിലരിൽ പണം ദൈവത്തിന്റെ സ്ഥാനം പിടിച്ചുപററുന്നു. സുവിശേഷത്തിൽ കാണുന്ന ധനികന്റെയും

ലാസറിന്റെയും ഉപമയിൽ ഈ അബദ്ധമാണ് ആ ധനികനു പറ്റിയത്. ധനം ജീവിതത്തിന് ആവശ്യമെങ്കിലും മനുഷ്യനെ വഴിപിഴപ്പിക്കാൻ പറ്റിയ ഒരു ഉപാധികൂടിയാണ്. സാമ്പത്തികശക്തി ഈ ലോകത്തിന്റെ ശക്തിയാണ്. ഈ ലോകത്തിനപ്പുറത്ത് അതിനു പ്രവേശനമോ പ്രവർത്തനങ്ങളോ ഇല്ല. എന്നാൽ ഈ ലോക ജീവിതത്തിനതീതമായ സ്വർഗ്ഗിയ ജീവിതത്തിലേക്കുള്ള പ്രവേശനദ്വാരമായി ധനം ഉപയോഗിക്കുന്നതിനു മനുഷ്യനു കഴിയും. ഇത് ആർഭാടവും ആവശ്യത്തിലധികമുള്ള സുഖസൗകര്യങ്ങളും മാറ്റിവച്ച് സ്വന്തം ധനം മറ്റുള്ളവരുടെ അത്യാവശ്യങ്ങൾക്കും ഉന്നമനത്തിനും വേണ്ടി ഉപയോഗിച്ചുകൊണ്ടാണ്. അങ്ങനെ ചെയ്യുമ്പോൾ അവസാനവിധിയിൽ കാണുന്നതുപോലെ "എന്റെ പിതാവിനാൽ ആശിർവദിക്കപ്പെട്ടവരേ വരുവിൻ....." (മത്താ. 25:34) എന്ന സ്വർഗ്ഗസൂക്തം അവർക്കു കേൾക്കാൻ കഴിയും. അതുകൊണ്ടാണ് പണത്തിന്റെ പ്രൗഢിയും അതു നൽകുന്ന സുഖവാഗ്ദാനങ്ങളും വലിച്ചെറിഞ്ഞ്, എല്ലാമുപേക്ഷിച്ച് യേശുശിഷ്യ അവളുടെ നാഥന്റെ പുറകെപോയി ദരിദ്രയായി, സ്വന്തം സത്തമാത്രം സ്വത്തായി കരുതി ജീവിച്ചത്. ആ നാഥന്റെ കാലടിപ്പാടുകൾ അനുപദം അനുഗമിക്കാൻ അവൾ നിശ്ചയിച്ചിറങ്ങിയതാണ്. ഇതു സാധിക്കണമെങ്കിൽ ഈ നാഥനിൽ നിന്ന് ആത്മീയ ശക്തി അവളിലേക്ക് പ്രവഹിക്കണം, അവളിലൂടെ ഒഴുകണം. വറ്റാത്ത ഈ നീരുറവ ഒരിക്കലും തളരാത്ത അവളുടെ ആദ്ധ്യാത്മികതയുടെ ഏക ശക്തികേന്ദ്രം ആയിരുന്നു.

ധനശക്തിക്ക് ഈ ലോകത്തിൽ വേറെയും പ്രവർത്തന രംഗങ്ങളുണ്ട്. അതിൽ വളരെ നാശോന്മുഖവും ദുരിതസമ്പൂർണ്ണമായ ഒന്നാണ് സാമ്രാജ്യത്തിനുവേണ്ടിയുള്ള ആയുധശക്തി. ധനശക്തി ആയുധശക്തിയായി മാറുന്നു. നാം നാടോടിഭാഷയിൽ "ഉന്നതശക്തികൾ" (super power) എന്നു പറയുന്ന രാഷ്ട്രങ്ങൾ ദുരൂഹങ്ങളും ദുരിതദായകങ്ങളുമായ മാരകായുധങ്ങളുടെ സംഭരണമുള്ള രാഷ്ട്രങ്ങളാണ്. സമ്പത്തും സമരസന്നദ്ധതയുമാണ് ഇവരുടെ പ്രധാന കൈമുതൽ. ഇത്തരം ദാരുണവും ദയാരഹിതവുമായ മാരകശക്തികളുള്ള ഒരു ലോകത്തിലാണു യേശുശിഷ്യയും ജീവിച്ചത്. എന്നാൽ അഹം കേന്ദ്രീകൃതമായ ഈദൃശ ലോകശക്തികളുടെ മുമ്പിൽ അവൾ ഒരിക്കലും തലകുനിച്ചിട്ടില്ല. അവയെ അംഗീകരിച്ചിട്ടുമില്ല. ആത്മാവിന്റെ ശക്തിയിൽ വളരെ താഴെ കിടക്കുന്ന ഈദൃശ ശക്തികളെ സ്വന്തം ജീവിതംകൊണ്ട് നിരാകരിക്കുകയും അതിന്റെ

ഉടമകളുടെ മാനസാന്തരത്തിനും ബലിയാടുകളുടെ സാന്ത്വനത്തിനും വേണ്ടി പ്രാർത്ഥിക്കുകയാണവൾ ചെയ്തിട്ടുള്ളത്.

ഇനിയും അവശേഷിച്ചിട്ടുള്ള ഒരു മാനുഷിക ശക്തിയാണു മാനസശക്തി (mental power). ഇത് ആശയങ്ങളുടെയും ചിന്താ മണ്ഡലത്തിന്റെയും ശക്തിയാണ്. ആശയത്തിനു അപാരശക്തി യാണുള്ളത്. മനുഷ്യമനസ്സിനെ ഇളക്കിമറിക്കാനും വിപ്ലവത്തി ലേക്കു നയിക്കാനും ആശയത്തിന് കഴിവുണ്ട്. ഒരുവിധ മാരകായുധത്തിനും കീഴ്വഴങ്ങാതെ വളരെയേറെ ത്യാഗങ്ങൾ വരിച്ചുകൊണ്ട് ആശയശക്തിക്ക് മുന്നേറാൻ കഴിയും. സോഷ്യലിസം, കമ്യൂണിസം എന്നിങ്ങനെയുള്ള തീവ്രതയാർന്ന രാഷ്ട്രീയചലനങ്ങളിൽ നാം കാണു ന്നത് ആശയശക്തിയാണ്. തലമുറ തലമുറതോറും കൈമാറുന്നതിന് ആശയശക്തിക്കു സാധിക്കും. എന്നാൽ ബുദ്ധിയുടെ പരിമിതിയിൽ ഒതുങ്ങി നിൽക്കുന്നതുകൊണ്ട് മനുഷ്യമനസ്സിന്റെ ന്യായാന്യായ വാദങ്ങൾക്കതീതമായി ഉയരാൻ ഈ ശക്തിക്കു സാധിക്കുകയില്ല. അതുകൊണ്ടാണ് വിപ്ലവമുന്നേറ്റങ്ങളിൽ ക്രൂരവും അതിദാരുണവുമായ കൂട്ടക്കൊലകളിൽ ഈ ശക്തി ചെന്നവസാനിക്കുന്നത്. ന്യായം മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമാണെങ്കിലും തനി ന്യായ ന്യായങ്ങൾക്കതീതമായ കരുണ, സ്നേഹം എന്നിവ കൂടി ശ്രേയസ്ക രമായ മനുഷ്യജീവിതത്തിനാവശ്യമുണ്ട്. കരുണ, മൈത്രി എന്നീ സദാത്മകമൂല്യങ്ങൾക്ക് നിലകൊണ്ട ശ്രീ ബുദ്ധനും തന്നെ കുരിശിൽ തറച്ചുകൊല്ലുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു മരിക്കുന്ന യേശുനാഥനും വ്യത്യസ്തരീതിയിൽ ഇതിനുദാഹരണങ്ങളാണ്.

സ്വന്തം മനോമണ്ഡലത്തിൽ ഉദിച്ചുയരുന്ന ആശയങ്ങൾ അനുഭാവപൂർവം വീക്ഷിക്കുന്ന വ്യക്തിയാണ് യേശുശിഷ്യ. എന്നാൽ അവൾ അവളുടെ തന്നെ ആശയത്തിന്റെ അടിമയായിത്തീരാൻ ആഗ്രഹിക്കുന്നില്ല. ആത്മാവിന്റെ ഉൾതലങ്ങൾക്കുള്ളിൽനിന്നുയരുന്ന പ്രകാശകിരണങ്ങൾ ബൗദ്ധികമണ്ഡലത്തിലെ ആശയങ്ങൾക്കുമതീത മാണെന്ന് അവൾക്കറിയാം. ഉദാഹരണമായി, നമ്മെ പല പ്രാവശ്യം വേദനിപ്പിക്കുകയും ചിലപ്പോൾ വഞ്ചിക്കുകയും ചെയ്തിട്ടുള്ള ഒരു വ്യക്തി നമ്മെ സമീപിക്കുന്നതായി കരുതുക. നമ്മുടെ ബുദ്ധി സാധാരണ രീതിയിൽ "അവനെ സൂക്ഷിക്കണമെന്നും അവനുമായി ഒരുവിധപങ്കും ഇനി മേലിൽവേണ്ടെ"ന്നും പറയുന്നു. "അവനെ ശകാരിച്ചു പറഞ്ഞയയ്ക്കാ"നും ബുദ്ധി ആവശ്യപ്പെടാൻ പാടുണ്ട്.

പക്ഷേ യേശുശിഷ്യ ഈ പ്രലോഭനത്തിനു വിധേയയാകുന്നില്ല. ബുദ്ധിയുടെ ന്യായത്തിനതീതമായ ഒരുൾക്കാഴ്ചയുടെ ഉടമ കൂടിയാണ് യേശുശിഷ്യ. "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ" (മത്താ. 6:12) എന്നു യേശുനാഥൻ തന്നെ പഠിപ്പിച്ചിട്ടുള്ള പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന പ്രമാണമാണ് ഈ ചൈതന്യത്തിനു കാരണം. യേശുഅനുഭവത്തിൽ നിന്ന് ഉരിത്തിരിയുന്ന ഒരു ചൈതന്യവിശേഷമുണ്ട്.. അതു സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, സർവ്വോപരി ക്ഷമയുടെ ചൈതന്യമാണ്. ക്ഷമാശക്തി വലിയ ശക്തിയാണ്. ബുദ്ധിയുടെ ന്യായാന്യായ വിചാരണയ്ക്കതീതമായുയരുന്ന ഈ ശക്തി ആത്മാവിന്റെ ഒരു ദിവ്യശക്തിയാണ്. ആത്മീയ ശക്തിയുടെ ഒരു പ്രകാശനം കൂടിയാണിത്.

ശക്തികളിൽ ഏറ്റവും പ്രധാനമായതും സ്വർഗ്ഗീയമൂല്യങ്ങളെ കൊണ്ട് നമ്മെ പരിവേഷിതമാക്കുന്നതും ആത്മീയശക്തിയാണ്. നമ്മിൽ അധിവസിക്കുന്നതും പ്രവർത്തിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ ശക്തിയാണിത്. ആത്മീയശക്തിയുടെ അണയാസ്രോതസ്സും പരിശുദ്ധാത്മാവാണ്. അപ്പസ്തോലപ്രവർത്തനത്തിൽ പറയുന്നതു പോലെ, പരിശുദ്ധാത്മാവിന്റെ ആഗമനംതന്നെ പ്രകാശത്തോടും പ്രതാപത്തോടും കൂടെയാണ് (നട. 2:24). ശക്തിമത്തായ ഒരു പുത്തൻ ചൈതന്യം നൽകിക്കൊണ്ട് കേവലം ഭീരുക്കളായിരുന്ന ശ്ലീഹന്മാരെ ആദ്ധ്യാത്മികശക്തിയുള്ള പ്രേഷിതരായി ഈ ആത്മാവ് രൂപാന്തരപ്പെടുത്തുന്നതു നമുക്കുകാണാം (നട. 4:33).

അങ്ങനെ അഭൂതപൂർവമായ ആവേശത്തോടും അദ്ഭുതകരമായ ശക്തിയോടുംകൂടെ ശ്ലീഹന്മാർ യേശുവിന് സാക്ഷ്യംവഹിച്ചു. ഇത് അവളുടെ നാഥൻ നേരത്തേ പറഞ്ഞതനുസരിച്ചായിരുന്നു. "നിങ്ങളുടെ മേൽ പരിശുദ്ധാത്മാവ് വരുമ്പോൾ, നിങ്ങൾ ദിവ്യശക്തിയാൽ നിറയപ്പെടുകയും യൂദയായിലും സമരിയായിലും ലോകത്തിന്റെ അതിർത്തികൾ വരെയും എനിക്കു സാക്ഷികളാവുകയും ചെയ്യും" (നട. 1:8). ദിവ്യമായ ശക്തി ദിവ്യമായ സ്രോതസ്സിൽനിന്നു വരുന്നതാണ്. മനുഷ്യന് ഈ ശക്തി ഉൾക്കൊള്ളാനും എല്ലാ ശക്തികളുടെയും ഉൾക്കാമ്പായി സൂക്ഷിക്കാനും സാധിക്കും. യേശുശിഷ്യ അബലയായ സാധാരണ വനിതയാണെന്നവൾക്കറിയാമെങ്കിലും യേശുനാഥൻ അവളിലേക്ക് നിശ്വസിച്ച ആത്മാവിന്റെ ശക്തിയാൽ പ്രചോദിതയും പ്രകാശിതയുമാണ്. അവളുടെ ആത്മീയശക്തി യേശുനാഥന്റെ

ദാനമാണ്. ബലഹീനതയിലും വിനയത്തിലുമാണ് അവളുടെ ശക്തി പൂർത്തീകരിക്കപ്പെടുന്നതെന്ന് അവൾ വിശ്വസിക്കുന്നു (2 കോറി. 12:9). ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ മൃദുലവും ബലഹീനവും വേദനയ്ക്ക് വിധേയവുമായ ഒരു ശരീരത്തിന്റെ ഉടമയായിരുന്നു അവൾ. എന്നാൽ ഇന്നതല്ലൊം മാറി. വിനയത്തിൽ സ്വീകരിച്ച ബലഹീനത ആത്മവീര്യത്തിന്റെ, ആദ്ധ്യാത്മികശക്തിയുടെ മകുടമണിഞ്ഞിരിക്കുന്നു. ക്ഷയോന്മുഖതയും ക്ഷീണപരിഭ്രാന്തിയും അതു തീർത്തും കൈവെടിഞ്ഞിരിക്കുന്നു. സംസ്കരിക്കപ്പെടുമ്പോൾ അതു വെറും 'മർത്യ' ശരീരമായിരുന്നു. എന്നാൽ ഉയിർപ്പിക്കപ്പെട്ടപ്പോൾ അതു 'അമർത്യ' ശരീരമാണ്. സംസ്കരിക്കപ്പെട്ടപ്പോൾ അതു വൃത്തിഹീനവും ബലഹീനവുമായിരുന്നു. എന്നാൽ ഉയിർപ്പിക്കപ്പെട്ടപ്പോൾ അത് സുന്ദരവും സുശക്തവുമാണ് (1 കോറി. 15:42-43). പരിശുദ്ധാത്മാവിലൂടെ യേശുശിഷ്യ ആർജ്ജിച്ച ശക്തി ശരീരത്തിലും ആത്മാവിലും ഒരുപോലെ ദൃശ്യമാണ്. അനർഘവും അനവദ്യവുമായ ഈ ദിവ്യശക്തിയുടെ സചേതന പ്രബോധനത്താലാണ് അലംഘനീയമായ ആദ്ധ്യാത്മികതയുടെ പടവുകൾ ഓരോന്നായി അവൾ കയറിയത്, താമസരാത്രികളിൽ താളം പിഴയ്ക്കാതെ ശ്രീയേശുനാഥന്റെ കാലടിപ്പാടുകളിലൂടെ കടന്നുപോയത്. എല്ലാം ഇന്നു ഓർമ്മകൾ മാത്രം. കൃതജ്ഞത നിറഞ്ഞു തുളുമ്പുന്ന ഓർമ്മകളുടെ വേലിയേറ്റങ്ങൾ. ശക്തിദാതാവായ യേശുനാഥൻ, മനുഷ്യപുത്രൻ, വലിയ ശക്തിയോടും പ്രതാപത്തോടും കൂടെ വാനമേഘങ്ങളിലൂടെ ഇറങ്ങിവരുമെന്ന വാഗ്ദാനത്തിൽ കണ്ണും നട്ടുകൊണ്ടാണിന്നുവരെ അവൾ ജീവിച്ചത്. ഇന്നിതാ വാഗ്ദാനം യാഥാർത്ഥ്യത്തിലേക്കു നീങ്ങിക്കഴിഞ്ഞു. അതുകൊണ്ട് ആഹ്ലാദചിത്തയായി, നമ്രശിരസ്കയായി, കൃതജ്ഞതയുടെ കൈക്കുമ്പിളുകൾ ഉയർത്തി വിനയപൂർവം അവൾ പാടുന്നു: "ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും..."

മുക്തി

യേശുനാഥന്റെ സന്നിധാനം ശക്തിയുടെ മാത്രം ഇരിപ്പിടവും ഈടുറപ്പുമല്ല. അതു മുക്തിയുടെ വിശാലതലവും വിമോചനങ്ങളുടെ പൂർത്തീകരണവുമാണ്. മനുഷ്യജീവിതം സ്വർഗ്ഗോന്മുഖവും ലോകോന്മുഖവുമാണ്. ദൈവകേന്ദ്രീകൃതവും സ്വർഗ്ഗോന്മുഖവുമായ ജീവിതം അതിനെ സർവാതിരക്തതയിലേക്കും സത്യസ്വാതന്ത്ര്യ

ത്തിലേക്കും നയിക്കുന്നു. എന്നാൽ മനുഷ്യജീവിതം അഹം കേന്ദ്രീകൃതവും ഭൗമിക സുഖപ്രേരിതവുമാണെങ്കിൽ അതു സ്വാതന്ത്ര്യധ്വംസനത്തിലേക്കും നിരവധി ബന്ധനങ്ങളിലേക്കും ആത്മാവിനെ നയിക്കും. ബന്ധനങ്ങൾ പലവിധമാണ്. എല്ലാ ബന്ധനങ്ങളുടെയും അടിയിൽ കിടക്കുന്നത് മനുഷ്യമനസ്സിന്റെ ആഗ്രഹങ്ങളാണ്. സമ്പത്തിനോടുള്ള ആഗ്രഹം, സുഖഭോഗങ്ങളോടുള്ള ആസക്തി, അൽപംകൂടി ഉയർന്നുചിന്തിക്കുകയാണെങ്കിൽ സ്വന്തം ആശയങ്ങളോടും വീക്ഷണങ്ങളോടുമുള്ള അതിരുകടന്ന അഭിവാഞ്ഛ ഇതെല്ലാം ബന്ധനങ്ങളായിമാറാം. ഭൗമികതലത്തിൽ, ശാരീരികതലത്തിൽ, ബൗദ്ധികതലത്തിൽ ഉണ്ടാകാവുന്ന ബന്ധനങ്ങൾ. ആദ്ധ്യാത്മികതലത്തിൽ പോലും ബന്ധനങ്ങൾ ഉണ്ടാകാൻ പാടുണ്ട്. ദൈവസ്നേഹത്തിന്റെ സാന്ത്വനവും പരിലാളനയും ആസ്വദിക്കുന്നതിനുള്ള നിർമ്മലമെന്നു തോന്നാവുന്ന ആഗ്രഹവും ആത്മാവിൻ ബന്ധനാവസ്ഥ നിർമ്മിക്കാൻ പാടുണ്ട്. സാക്ഷാൽ സ്നേഹം സദാ നിസ്വാർത്ഥവും നിസ്സംഗവുമായിരിക്കണം. സർവ്വാതിരിക്തമായുയരാൻ കഴിവുള്ളതായിരിക്കണം. അതുകൊണ്ട് സർവ്വബന്ധനങ്ങളിൽ നിന്നും വിമുക്തയാകാൻ യേശുശിഷ്യ തീവ്രമായി ആഗ്രഹിച്ചിരുന്നു.

ഇന്ത്യയിൽ പൂവണിഞ്ഞ ചിന്താധാരകളായ ശ്രീബുദ്ധന്റെ നിരാഗ്രഹ സംതുലനാവസ്ഥയും ഗീതയിലെ നിഷ്കാമകർമ്മവും അവൾക്കു സുപരിചിതങ്ങളാണ്. ഈ ആദർശങ്ങളിലെ ഉൾക്കാമ്പ് ഉൾക്കൊള്ളാൻ ആവുന്നത്ര പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ സ്വാതന്ത്ര്യം, എന്നുവച്ചാൽ സകല ബന്ധനവിമോചനം, ദൈവത്തിന്റെ ദാനമാണ്. ഉള്ളിൽ അധിവസിക്കുന്ന ദൈവാത്മാവു തന്നെയാണ് അതു നമുക്കു നേടിത്തരുന്നത്. കാരണം, നമ്മുടെ തന്നെ അബോധമനസ്സിൽ ഉറങ്ങി ക്കിടക്കുന്ന ചില ആഗ്രഹങ്ങൾ നമുക്കു തന്നെ അറിവില്ലാത്തതാണ്. അന്തിമ ദൈവസായുജ്യത്തിനുമുന്നേ വലുതും ചെറുതുമായ, അറിഞ്ഞതും അറിയാത്തതുമായ എല്ലാ ബന്ധനങ്ങളിൽ നിന്നും ദൈവാത്മാവ് നമ്മെ സ്വതന്ത്രമാക്കുന്നു. ഇതിനെക്കുറിച്ച് കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതിപ്രകാരമാണ്:ചില ആത്മാക്കൾ ലോക ശരീരതലങ്ങളിലുള്ള കനത്ത ഇരുമ്പു ചങ്ങലകൾ ഭേദിച്ച്, ഉൾത്തലത്തിലേക്കിറങ്ങി സന്ന്യാസം വരിച്ചെങ്കിലും, അതിനുശേഷം നല്ല സ്വർണ്ണനൂലുകൾ കൊണ്ട് സ്വയം ബന്ധിതരാകാൻ അനുവദിക്കുന്നു. ചില ചില്ലറ സാധനങ്ങളാലും അഥവാ സ്വന്തമായ ഒരു ആശയത്തോടുള്ള അമിതാഗ്രഹത്താലും ബന്ധനസ്ഥരാകുന്നു.

ഫലത്തിൽ. എല്ലാം സമമാണ്. ഉന്നതതലത്തിലുള്ള സായൂജ്യ സ്വാതന്ത്ര്യത്തിലേക്ക് ഉയരുന്നതിന് ആത്മാവിനു കഴിയുന്നില്ല. ഒരു പക്ഷി ചെറിയചങ്ങലകൊണ്ടോ ചരടുകൊണ്ടോ കെട്ടപ്പെട്ടാലും അതിനു പറന്നുയരാൻ കഴിയുകയില്ലല്ലോ. അതുകൊണ്ട് യേശുശിഷ്യ സദാ ശ്രദ്ധാലുവായിരുന്നു. ഭൗമികവും ആത്മീയവുമായ എല്ലാ ബന്ധനങ്ങളിൽ നിന്നു പൂർണ്ണവിമുക്തി നേടാൻ. എന്നാൽ ഇന്നത് സാധിതമായിരിക്കുന്നു. തീക്കുണ്ഠത്തിൽ വയ്ക്കപ്പെട്ട ഉള്ളുണങ്ങാത്ത മരക്കഷണം അഗ്നി നാളം വീണ്ടും വീണ്ടും ആവസിച്ച്, നല്ലപോലെ ഉണക്കി പിന്നെ തീക്കനലാക്കി മാറുന്നതുപോലെ, യേശുനാഥന്റെ ദിവ്യാത്മാവ് സ്വയം കനിഞ്ഞ്, വീണ്ടും വീണ്ടും സ്നേഹസഹനങ്ങളുടെ അഗ്നിനാളങ്ങൾ അയച്ച്, തന്നെ വിശുദ്ധീകരിച്ചിരിക്കുന്നു. പരിപൂർണ്ണ വിമുക്തിയുടെ, പൂർണ്ണസ്വാതന്ത്ര്യത്തിന്റെ സന്തോഷത്തോടെ അവൾ പാടുന്നു: "ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും" എന്ന്.

ശാശ്വത തൃപ്തി

ശക്തിയും മുക്തിയുംപോലെ വിമുക്താത്മാവിനു സംലഭ്യമായ മറെറാരു സവിശേഷതയാണ് ശാശ്വതതൃപ്തി. മനുഷ്യൻ സുഖ കാംക്ഷിയാണെങ്കിലും എല്ലാ സുഖങ്ങളും ഒരുപോലെ തൃപ്തി സംദായകമല്ലെന്ന് അവനറിയാം. ക്ഷണികങ്ങളായ സുഖങ്ങൾ പലപ്പോഴും മനസ്സിനെ ഭാരപ്പെടുത്തുകയും ചിലപ്പോൾ നൈരാശ്യ ത്തിലേക്ക് നയിക്കുകകൂടി ചെയ്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾക്ക് സുഖം ഒരു മാനദണ്ഡമായി കരുതരുതെന്നു യേശുശിഷ്യയ്ക്ക് നന്നായറിയാം. തന്റെ നാഥൻ നടന്നുനീങ്ങിയ വഴി സഹനത്തിന്റെയും സഹാനുഭൂതിയുടെയും ത്യാഗത്തിന്റെയു മായിരുന്നു. ഈ വഴികൾ വേദനാജകമെങ്കിലും തൃപ്തിസംദായങ്ങളാണ്. സാക്ഷാൽ തൃപ്തി സത്യബദ്ധമാണ്. സത്യത്തിനു കൂട്ടുനിൽക്കുന്ന തിലും സത്യം അനാവരണം ചെയ്യുന്നതിലുമാണ് നാം സംതൃപ്തി കണ്ടെത്തേണ്ടത്. സത്യമാകട്ടെ, സത്തയുടെ പ്രകാശനമാണ്. അതു കൊണ്ടുതന്നെ, നമ്മുടെ സത്യാന്വേഷണം നിഷ്പക്ഷവും നിസ്വാർത്ഥവുമായി തുടരുകയാണെങ്കിൽ അന്തഃസത്തയായ ദൈവത്തിൽത്തന്നെ ചെന്നവസാനിക്കുന്നു. ദൈവബദ്ധമായ സത്യനിർവഹണത്തിൽനിന്നു നമുക്കു സംതൃപ്തി ലഭിക്കുകയും ചെയ്യുന്നു. സത്യം സനാതനവും സമയാതീതവുമായതുകൊണ്ട്

സത്യബദ്ധമായ തൃപ്തി ശാശ്വതമാകുന്നു. "പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരിക; ഞങ്ങൾക്ക് അതുമതി" എന്നു പറഞ്ഞ പീലിപ്പോസിനോട് "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14:9) എന്നാണ് യേശുനാഥൻ അരുൾചെയ്തത്. സത്യാധിഷ്ഠിതമായ യഥാർത്ഥ സംതൃപ്തി സത്യത്തിന്റെ അവതാരരൂപമായ യേശുവിനെ നേരിട്ടുകാണുന്നതിലും അനുഭവിക്കുന്നതിലുമാണെന്ന് തന്റെ ശിഷ്യന്മാരോടരുൾചെയ്തത് യേശുശിഷ്യ അനുസ്മരിക്കുന്നു. പിതാവിന്റെ തനി ദർശനീയതയായ യേശുനാഥനെയാണ് യേശുശിഷ്യ ഇപ്പോൾ നേരിട്ടുകാണുന്നത്. അത് തൃപ്തിയുടെ സനാതന സൗഭാഗ്യത്തിലേക്ക് അവളെ ആനയിക്കുന്നു.

ക്ഷണികവും ക്ഷയോന്മുഖവുമായ തൃപ്തിയുണ്ട്. എന്നാൽ യേശുശിഷ്യ ഇപ്പോൾ പ്രാപിച്ചിരിക്കുന്നത് അപ്രതിഹതമായൊഴുകുന്ന തൃപ്തിയുടെ ദിവ്യനിർഝരിയാണ്; അത് അപരിമേയവും ശാശ്വതവുമാണ്. "നിങ്ങൾ ഭക്ഷിക്കും; എന്നാൽ തൃപ്തരാവുകയില്ല, നിങ്ങൾ ചോദിക്കുന്നത് നിങ്ങൾക്ക് ലഭിക്കും, എന്നാൽ നിങ്ങൾക്ക് തൃപ്തിയുണ്ടാവുകയില്ല" (മിഖാ. 6:14). ദൈവത്തെ നിരാകരിച്ച് അധാർമ്മികസമ്പത്തിൽ തൃപ്തിതേടുന്ന സുഖലോലുപരെക്കുറിച്ചാണിവിടെ പ്രവാചകൻ സംസാരിക്കുന്നത്. നീർപ്പോളകൾപോലെ തകർന്നു തരിപ്പണമാകുന്ന നിരവധി സന്തോഷങ്ങൾ ലോകം നൽകുന്നുണ്ട്. എന്തു ഫലം! എല്ലാം ശൂന്യം. മൂല്യബദ്ധമോ സത്യസന്ധമോ അല്ലാത്തതുകൊണ്ട് ശാശ്വതമായ തൃപ്തി നൽകാൻ അവയിലൊന്നിനുപോലും സാധിക്കുകയില്ല. പിന്നെ എവിടെയാണു തൃപ്തി. ഏശയ്യാ ദീർഘദർശി മറുപടി പറയുന്നു: "ദൈവം എന്നും നിന്നെ നയിക്കും. കറതീർന്ന നന്മകൾ കൊണ്ട് നിന്റെ ആഗ്രഹങ്ങൾക്ക് തൃപ്തി നൽകും" (ഏശ. 58:11). ഈ തൃപ്തിയുടെ അലോകസുന്ദരമായ അണയാലോകത്തിലേക്ക് യേശുശിഷ്യ പ്രവേശിക്കുന്നു. അതുകൊണ്ടവൾ പാടുന്നു: "ശക്തിയും മുക്തിയും ശാശ്വത തൃപ്തിയും ശാന്തി ശുഭാപ്തിയും അങ്ങുമാത്രം" എന്ന്.

ശാന്തി ശുഭാപ്തിയും അങ്ങുമാത്രം

സ്വർഗ്ഗീയസന്തോഷത്തിന്റെ ആന്തരികസത്തയാണ് ശാന്തി. യേശുശിഷ്യയുടെ അരുമനാഥന്റെ അവസാന ദാനവും ശാന്തി തന്നെ.

അതിരും എതിരുമില്ലാത്ത അനന്തസത്തയാണ് സ്വർഗ്ഗീയ ശാന്തിയുടെ ശാശ്വതസ്രോതസ്സ്. ആദിമ പറുദീസ സ്വർഗ്ഗീയശാന്തിയുടെ ഒരു സാഗരപ്പരപ്പായിരുന്നു. ദൈവഋതപ്രവാഹത്തിൽ മുങ്ങിക്കുളിച്ചു കൊണ്ടിരുന്ന ജീവജാലങ്ങൾ അലതല്ലിയൊഴുകുന്ന ശാന്തിസുധയുടെ സജീവ പ്രതീകങ്ങളായിരുന്നു. എങ്ങും നവോന്മേഷത്തിന്റെ നറും മലരുകൾ, മലിനതയേശാത്ത മലഞ്ചെരിവുകളും മയിലാടും കുന്നുകളും. വൈരുദ്ധ്യമോ വിരോധാഭാസമോ എന്തെന്നറിയാത്ത നിഷ്കളങ്കത എവിടെയും തളംകെട്ടിനിന്നിരുന്നു, ശാന്തമായി, ശാലീനമായി ഒഴുകുകയും ചെയ്തിരുന്നു.

പക്ഷേ, സമാധാനത്തിന്റെ നിലപാട് പെട്ടെന്നു തകിടംമറിഞ്ഞു. മനുഷ്യൻ പാപം ചെയ്തു. പാപം അമലതയുടെ ലോകത്തിൽ വികലതകൊണ്ടുവന്നു. ദൈവിക ഋതപ്രവാഹത്തിൽ വിലങ്ങുതടികൾ സൃഷ്ടിച്ചു; ഋതുഭംഗം വരുത്തിവച്ചു. സമാധാനം ലംഘിച്ചു. ശാന്തി സുധയുടെ അപ്രതിഹതപ്രവാഹം നിലച്ചു. അന്നുമുതൽ മനുഷ്യ ഹൃദയം ശാന്തിക്കായി ദാഹിച്ചു. തപസ്സിരുന്നു പ്രാർത്ഥിച്ചു. ഹോമബലികളും പരിഹാരയജ്ഞങ്ങളും നടത്തി. ഋതപുനഃസ്ഥാപനത്തിനു പരിശ്രമിച്ചു. മനുഷ്യഹൃദയങ്ങളിൽ നിന്നുയർന്ന പ്രാർത്ഥന കേട്ടുകൊണ്ടോ കരുണാസാഗരനായ അവിടത്തെ ഹൃദയം അലിഞ്ഞതുകൊണ്ടോ എന്തോ, സകലഗുണസമ്പന്നനും സർവ്വജീവസംരക്ഷകനുമായ അവിടന്ന് ഋതപുനഃസ്ഥാപനത്തിന് തീരുമാനമെടുത്ത് ഇങ്ങു താഴോട്ടിറങ്ങി വന്നു. ആ വരവിൻ നേരത്ത് വാനവദൂതരേറ്റുപാടി: "ഉന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" (ലൂക്കാ 2:14). ഉന്നതങ്ങളിലെ ദൈവിക മഹത്ത്വവും ഭൂമിയിലെ മനുഷ്യമനസ്സിലെ സമാധാനവും ഒന്നിച്ചൊഴുകുമെന്നു സാരം. അതാ ആ സമാധാനം യേശുശിഷ്യക്കു ലഭ്യമാവുകയാണ്; പക്ഷേ തടസ്സങ്ങൾ സൃഷ്ടിക്കാത്ത മനുഷ്യമനസ്സുകളിലൂടെ മാത്രമേ അതു പ്രവഹിക്കുകയുള്ളൂ. ദൈവം തന്റെ ഇഷ്ടദാനമായി മനുഷ്യനു വീണ്ടും തരുന്ന സമാധാനം ഉൾക്കൊള്ളാനും പുറംതള്ളാനും മനുഷ്യനു കഴിയും. കറതീർന്ന മനുഷ്യമനസ്സുകളിൽ, കളങ്കമില്ലാത്ത ശുദ്ധഹൃദയങ്ങളിൽ അതിനിയും തളംകെട്ടിനിൽക്കുകയും ഒരു അലൗകിക താളത്തിലൂടെ ഇതരഹൃദയങ്ങളിലേക്കു പ്രവേശിക്കുകയും ചെയ്യും. "സമാധാനമാണ് നിങ്ങൾക്കായുള്ള എന്റെ ദാനം; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 14:27). പാപം മൂലം നഷ്ടപ്പെട്ട സമാധാനം അവിടുന്നു

പുനഃസ്ഥാപിച്ചു. അതിൽ പങ്കുപറ്റാൻ നമ്മെ ക്ഷണിക്കുകയും ചെയ്തു. ലോകം തരുന്നതുപോലെയല്ല അവിടന്നു നമുക്കു സമാധാനം തരുന്നത്. ഇന്നു നാം കാണുന്നതു സമാധാനത്തിനുവേണ്ടി യുദ്ധം ചെയ്യുന്നവരെയാണ്; ലോകരാഷ്ട്രങ്ങളെ ആക്രമിക്കുന്നവരെയാണ്. യേശുനാഥൻ വാഗ്ദാനം ചെയ്യുന്നതും നേരിട്ടുതരുന്നതുമായ സമാധാനം ലോകനിർമ്മിതമായ, ആയുധസംരക്ഷിതമായ ഈദൃശ സമാധാനമല്ല. മറിച്ച്, തിന്മയെ നന്മകൊണ്ട് ചെറുത്ത്, പാപത്തെ വെറുത്ത്, പാപിക്കുവേണ്ടി മരിച്ച്, അധാർമ്മിക ശക്തികളെ അഹിസംയിലൂടെയും ത്യാഗോജ്വലമായ സ്വന്തംമരണത്തിലൂടെയും കീഴ്പ്പെടുത്തി, നേടിയെടുത്ത സനാതന സമാധാനമാണ് അവിടന്നു നമുക്കു നൽകുന്നത്. അതുകൊണ്ട് ശാശ്വതസമാധാനത്തിനുവേണ്ടി യേശുശിഷ്യ നോക്കിയതു ലോകത്തിലേക്കല്ല പ്രത്യുത, ഉള്ളിൻെറയുള്ളിൽ വസിക്കുന്ന സ്നേഹനാഥനിലേക്കായിരുന്നു. അവിടന്നാണ് ശാശ്വതസമാധാനത്തിൻെറ അണയാദീപം, അടിപതറാത്ത സുരക്ഷിതതീരം. അതുകൊണ്ടവൾ പാടുന്നു: "ശക്തിയും മുക്തിയും ശാശ്വതതൃപ്തിയും ശാന്തി ശുഭാപ്തിയും അങ്ങുമാത്രം."

അങ്ങുമാത്രം.... അങ്ങുമാത്രം. അതെ അനന്യഭക്തി അലരണിയുന്നു. അവികലമോദം വന്നണയുന്നു.

OTHER BOOKS BY THE SAME AUTHOR

1. Discovery of Being
2. Call to Integration
3. Justice and Reconciliation
4. Foundation of World Vision
5. Yoga of Spirituality
6. Self and Salvation in Hinduism and Christianity
7. Prayer and Power
8. Meditation
9. Song of Solitude
10. Maunaniswanam (Malayalam)
11. Sannyasayoga (Malayalam)
12. Asian Vision of God